# മെമ്മറീസ്
## ഓഫ് ദ
# ബിലവഡ് ഡിസൈപ്പിൾ

ഫാ. ടോം ഓലിക്കരോട്ട്

**മെമ്മറീസ് ഓഫ് ദ ബിലവഡ് ഡിസൈപ്പിൾ**

| | | |
|---|---|---|
| **Author** | **:** | Dr. Fr. Tom Olikkarottu |
| **Published by** | : | Alpha Institute of Theology and Science, SandesaBhavan,<br>Tellicherry, 670101, Kannur, Kerala, India<br>Ph: 0490 - 2344727, 2343707 |
| **Published on** | : | 01st June 2018 |
| **Printed at** | : | Vimala Offset Press, Thalassery |
| **ISBN No** | : | 9788-190851-415/6 |
| **Price** | : | ₹ 230 |

**Copy Right** : © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher.

## ഉള്ളടക്കം


| | | |
|---|---|---|
| | മുഖമൊഴി | |
| | അവതാരിക | |
| 1. | ആദിയിൽ വചനമുണ്ടായിരുന്നു | 15 |
| 2. | എല്ലാമനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചം | 29 |
| 3. | മാംസകൂടാരം തേടിയ വചനം | 37 |
| 4. | നിങ്ങൾ എന്ത് അന്വേഷിക്കുന്നു? | 45 |
| 5. | ദൈവത്തിന്റെ കുഞ്ഞാട് | 54 |
| 6. | സമയത്തിന്റെ മേൽ നടന്ന അത്ഭുതം | 62 |
| 7. | ദേവാലയങ്ങൾക്കുപരിയായ ദൈവസാന്നിദ്ധ്യം | 76 |
| 8. | ഉന്നതത്തിൽനിന്നുള്ള ജനനം | 89 |
| 9. | ആത്മാവിൽ ആരാധിക്കുന്ന സമയം | 101 |
| 10. | ദൈവം സദാ പ്രവർത്തനനിരതനാണ് | 116 |
| 11. | നിത്യജീവന്റെ ആഹാരം | 125 |
| 12. | ജീവജലത്തിന്റെ അരുവി | 136 |
| 13. | കരുണയുടെ പുതിയ ലിപികൾ | 145 |
| 14. | വചനം പ്രകാശമായി മാറുമ്പോൾ | 155 |
| 15. | ഇടയധർമ്മം അപനിർമ്മിക്കപ്പെടുന്നു | 167 |
| 16. | വെളിച്ചത്തിന് സാക്ഷ്യം നൽകാൻ വന്നവൻ | 180 |
| 17. | ജീവൻ മരണത്തിന്റെമേൽ വിജയമാഘോഷിക്കുന്നു | 190 |
| 18. | ബഥാനിയായിൽനിന്ന് പടരുന്ന പരിമളം | 200 |
| 19. | സീയോൻ അവളുടെ രാജാവിനെ വരവേൽക്കുന്നു | 210 |
| 20. | പാദക്ഷാളനത്തിന് ഒരു കൗദാശിക ഭാഷ്യം | 220 |
| 21. | സേവകന്മാർ ആത്മമിത്രങ്ങളാകുന്ന കാലം | 233 |
| 22. | സഹായകൻ, സമാശ്വാസകൻ, സദാകൂടെ വസിക്കുന്നവൻ | 243 |
| 23. | ബലിപീഠം പുണരുന്ന കുഞ്ഞാട് | 256 |
| 24 | ഉത്ഥാനത്തിന്റെ പുതിയ പുലരി | 286 |
| 25. | യോനായുടെ പുത്രനായ ശിമയോൻ | 306 |
| 26. | യേശുവിന്റെ അമ്മ | 318 |
| 27. | ഓർമ്മകളുടെ മനുഷ്യൻ | 326 |
| | ഗ്രന്ഥസൂചിക | |

*ഗ്രന്ഥകാരൻ: ഫാ. ടോം ഓലിക്കരോട്ട്: തലശ്ശേരി അതിരൂപതയിലെ വൈദികൻ; കണ്ണൂർ ജില്ലയിലെ അരിവിളഞ്ഞപൊയിൽ ഇടവകാംഗം. തലശ്ശേരി മൈനർസെമിനാരി, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, മംഗലപ്പുഴ സെന്റ് ജോസഫ് സെമിനാരി എന്നിവിടങ്ങളിൽ വൈദികപരിശീലനം പൂർത്തിയാക്കി 2006 ഡിസംബർ 30 ന് പൗരോഹിത്യം സ്വീകരിച്ചു. റോമിലെ പൊന്തിഫിക്കൽ ഉർബൻ യൂണിവേഴ്സിറ്റിയിൽനിന്നും ബൈബിൾ വിജ്ഞാനീയത്തിൽ ലൈസൻഷ്യേറ്റ് നേടിയശേഷം റോമിലെ പൊന്തിഫിക്കൽ സെന്റ് തോമസ് യൂണിവേഴ്സിറ്റിയിൽ വി. യോഹന്നാന്റെ സുവിശേഷത്തിൽ ഡോക്ടറൽ റിസേർച്ച് നടത്തുന്നു. മതാന്തര ദൈവശാസ്ത്രത്തെ വിശകലനം ചെയ്തുകൊണ്ട് എഴുതിയ "ഇതരമത ദൈവശാസ്ത്രം ഒരാമുഖം" എന്ന ഗ്രന്ഥത്തിന്റെ സഹഎഴുത്തുകാരനുമാണ്.*

## മുഖമൊഴി

പുരാതന എഫേസോസിൽ എ.ഡി. 100-ാം ആണ്ടിനോടടുത്ത് ഒരു ജ്ഞാനവൃദ്ധൻ ജീവിച്ചിരുന്നു. സത്യത്തിന് സാക്ഷ്യം നൽകാൻ വേണ്ടിയുള്ള ഒരുപിടി ആത്മബലികൾക്ക് മൂകസാക്ഷിയായിരുന്നു ജീവിത സായാഹ്നത്തിലെത്തിയ ആ മനുഷ്യൻ. അയാളുടെ കൺമുന്നിലാണ് ലോകത്തിലെ ഏറ്റവും ഉദാത്തമായ ആത്മബലി - നസ്രായന്റെ കുരിശുമരണം അരങ്ങേറിയത്. സഹചരനും സ്വന്തം സഹോദരനുമായ യാക്കോബിന്റെ ഗളച്ഛേദം നടക്കുന്നത് അയാളുടെ കൺമുൻപിലായിരുന്നിരിക്കണം. ആത്മമിത്രം ശിമയോൻ പത്രോസ്, സന്തത സഹചാരിയായിരുന്ന തോമസ്, അന്ത്രയോസ്, ഫിലിപ്പ്, അപ്പസ്തോലിക കൂട്ടായ്മയിലെ അകാലജാതൻ പൗലോസ്, അങ്ങനെ താനൊഴികെ അപ്പസ്തോലന്മാർ ഓരോരുത്തരും വധിക്കപ്പെടുന്നത് അയാളറിയുന്നുണ്ട്. മരണ വക്ത്രങ്ങളെ, ഭീകര പീഡനങ്ങളെ, തടവറയുടെ കടുത്ത ഏകാന്തതയെ അതിജീവിച്ച് ഏതോ മഹത്തായ ഒരു നിയോഗ പൂർത്തിക്കായി അയാൾ മാത്രം അവശേഷിച്ചു. ഏകാകിയായ ആ മനുഷ്യന്റെ പേര് യോഹന്നാൻ എന്നായിരുന്നു; സെബദിയുടെയും സലോമിയുടെയും പുത്രൻ യോഹന്നാൻ.

അയാൾ ജീവിച്ചത് ഒരു യുഗസന്ധിയിലായിരുന്നു; മനുഷ്യചരിത്രത്തിലെ ഏറ്റവും വിസ്മയാവഹവും നിർണ്ണായകവുമായൊരു കാലത്ത്. അയാളുടെ തലമുറയിലാണ് ദൈവത്തിന്റെ പുത്രൻ ഭൂമിയുടെ നശ്വരതകളിലേക്ക് പാദമൂന്നിയ മനുഷ്യാവതാരം എന്ന മഹാത്ഭുതം സംഭവിച്ചത്, ആ ദൈവപുത്രൻ ജോർദാൻ നദിയിൽ സ്നാനമേറ്റത്, മരുഭൂമിയുടെ വിജനതയിൽ പരീക്ഷിക്കപ്പെട്ട് ദോഷരഹിതനാണെന്ന് തെളിയിക്കപ്പെട്ടത്, രോഗികളെ സുഖപ്പെടുത്തിയത്, മരിച്ചവരെ ഉയിർപ്പിച്ചത്, ദൈവരാജ്യത്തിന്റെ രഹസ്യം കരുണാർദ്രസ്നേഹത്തിൽ അലിയിച്ച് വെളിപ്പെടുത്തിയത്. അയാളുടെ കൺമുൻപിൽതന്നെയാണ് ഇതേ ദൈവം ഒറ്റിക്കൊടുക്കപ്പെട്ടതും ഭീകര ദണ്ഡനങ്ങൾക്കിരയായതും അപമാനിക്കപ്പെട്ടതും ക്രൂശിക്കപ്പെട്ടതും. കല്ലറയുടെ ഇരുളിനെ ഭേദിച്ച് ഉയിർത്ത മഹത്വത്തിന്റെ കർത്താവിനെ കണ്ടതും അയാളുടെ ഇതേ നഗ്നനേത്രങ്ങൾതന്നെയായിരുന്നു.

ഒരുപാട് നിർണ്ണായക സംഭവങ്ങളും മാറ്റങ്ങളും അയാളുടെ കൺമുൻപിൽ അരങ്ങേറിയിട്ടുണ്ട്. അത്യന്തം രക്തരൂഷിതവും ഭീകരവുമായ യഹൂദ യുദ്ധം, അതിവിശുദ്ധ സ്ഥലത്തിന്റെയും ദേവാലയത്തിന്റെയും തകർച്ച, ജറുസലേമിന്റെ നാശം, ലോകചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ പ്രവാസത്തിന്റെ തുടക്കം, ലോകം കണ്ടതിലുംവച്ച് ഏറ്റവും വലിയ സ്നേഹകൂട്ടായ്മയുടെ (സഭയുടെ) വിപ്ലവകരമായ ആരംഭം, പെന്തക്കുസ്തായിലേറ്റുവാങ്ങിയ അഗ്നിസ്നാനം, വരദാനങ്ങളൊഴുകിയ അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും കൃപാകാലം; എല്ലാം സത്യമായും അയാളുടെ കൺമുൻപിൽ നടന്നവയാണ്, അയാളുടെ ഭാഗധേയം ഉൾക്കൊണ്ടവയാണ്.

തിരുസഭയാകുന്ന അത്ഭുത തരുവിന്റെ വളർച്ച മറ്റേത് അപ്പസ്തോലനേക്കാളും അടുത്തറിഞ്ഞയാളാണ് യോഹന്നാൻ. സഭാതരു നാമ്പെടുത്ത് തളിരില നീട്ടിയത്, ശിഖരങ്ങൾ പടർത്തി ലോകത്തിന്റെ അതിരുകളെ തൊട്ടത് (പന്ത്രണ്ടിൽ നിന്ന് നൂറ്റിയിരുപത്, അതിൽനിന്നും മൂവായിരം അങ്ങനെ...), എല്ലാറ്റിനും ഈ മനുഷ്യൻ സാക്ഷിയായിരുന്നു. അതുകൊണ്ടുതന്നെ അയാളുടെ കാലത്ത് ജീവിച്ചിരുന്ന മറ്റാരെക്കാളും ആധികാരികമായും അവധാനതയോടെയും ചരിത്രത്തിലിറങ്ങിവന്ന ദൈവത്തെ വിവരിക്കാനും വ്യാഖ്യാനിക്കാനും അയാൾക്ക് കഴിയുമായിരുന്നു.

അയാളുടെ കാലത്ത് പുതിയ നിയമത്തിലെ 26 പുസ്തകങ്ങളും രചിക്കപ്പെട്ടു കഴിഞ്ഞിരുന്നു. മൂന്ന് സുവിശേഷങ്ങൾ, നടപടി, പൗലോസിന്റെ ലേഖനങ്ങൾ, കാതോലിക ലേഖനങ്ങൾ, ഹെബ്രായരുടെ ലേഖനം, വെളിപാട് എല്ലാം അയാൾക്ക് പരിചിതവും പരിഗ്രാഹ്യവുമായിരുന്നു. എന്നിട്ടും എന്തിനാണ് അയാൾ നാലാമതൊരു സുവിശേഷമെഴുതിയത്? തികഞ്ഞ വാർദ്ധക്യത്തിൽ ആത്മാവ് എന്തിനാണിതിന് അയാളെ പ്രചോദിപ്പിച്ചത്? സമാന്തരസുവിശേഷങ്ങൾ ഗലീലിയും പരിസരങ്ങളും കേന്ദ്രീകരിച്ചു നടന്ന യേശുവിന്റെ ജീവിതത്തെയാണ് കൂടുതലായി വിവരിച്ചത്. അവർക്ക് ജറുസലേമും യൂദയായും യേശുവിന്റെ പ്രവർത്തനവേദികളായിരുന്നില്ല, പൂർത്തീകരണ വേദികളായിരുന്നു. പക്ഷെ, അപ്പോൾ യൂദയായിലും ജറുസലേമിലും നസ്രായൻ പ്രവർത്തിച്ച അടയാളങ്ങളോ? ഇതര സുവിശേഷകന്മാർ ജനങ്ങളെ ദൈവരാജ്യത്തിനായി ഒരുക്കി; പക്ഷെ യേശു പഠിപ്പിച്ച ദൈവരാജ്യത്തിന്റെ ആഴമേറിയ രഹസ്യങ്ങളോ (ഉദാ. നിക്കോദേമൂസിനോടും, സമരിയക്കാരിയോടുമുള്ള സംഭാഷണം, ദിവ്യകാരുണ്യ പ്രബോധനം,

സഹായകനെക്കുറിച്ചുള്ള വെളിപ്പെടുത്തൽ)? മത്തായി യൂദയായിലെ സഭയ്ക്കും മർക്കോസ് റോമിലെ സമൂഹത്തിനും ലൂക്കാ ഗ്രീക്കുഭാഷ സംസാരിക്കുന്ന, ഈജിപ്തുൾപ്പെടെയുള്ള സമൂഹത്തിനുമെഴുതി; എന്നാൽ ആഗോള സഭയ്ക്ക് മുഴുവനായി ഒരു സുവിശേഷം ആവശ്യമായിരുന്നില്ലേ?

സുവിശേഷപ്രഘോഷണത്തിന്റെയും സ്വീകരണത്തിന്റെയും മൂന്നാം തലമുറ കണ്ടയാളായിരുന്നു യോഹന്നാൻ. മൂന്നാം തലമുറ ഏത് മുന്നേറ്റത്തിലും ആശയപരമായ പ്രതിസന്ധിയും സത്താപരമായ ശോഷണവും നേരിടുന്ന കാലമാണ്. ഒന്നാം തലമുറയ്ക്ക് (അപ്പസ്തോല സമൂഹത്തിന്) സത്യം (നസ്രത്തിലെ യേശു) കൂടെ നടന്ന അനുഭവമാണ്; രണ്ടാം തലമുറയ്ക്ക് യേശു പങ്കുവയ്ക്കപ്പെട്ട, പ്രഘോഷിക്കപ്പെട്ട, വിശ്വാസമായി മാറി. മൂന്നാം തലമുറയ്ക്ക് അത് സ്ഥാപിക്കപ്പെടേണ്ട ആശയമോ അഭിപ്രായമോ ആണ്. ഈ പ്രതിസന്ധിയെയാണ്, വിശ്വാസത്തിന്റെ ഗരിമനഷ്ടത്തെയാണ് ഒന്നാം തലമുറയുടെ ജീവനുള്ള അനുഭവം പേറിയ യോഹന്നാനെന്ന ജ്ഞാനവൃദ്ധൻ അഭിമുഖീകരിച്ചത്. അയാൾക്ക് മനുഷ്യനായി അവതരിച്ച, കുരിശിൽ മരിച്ച് ഉത്ഥാനം ചെയ്ത ദൈവപുത്രൻ, നസ്രത്തിലെ യേശു, പകർന്നുകിട്ടിയ വിശ്വാസമോ ആശയമോ ആയിരുന്നില്ല. മറിച്ച് തികച്ചും വൈയക്തികവും ഊഷ്മളവുമായ ഒരു അനുഭവമായിരുന്നു. ആശയമായി നസ്രത്തിലെ യേശുവിനെ കണ്ടുതുടങ്ങിയ തലമുറയോട് അവൻ ഒരു അനുഭവമാണെന്ന് അയാൾ പറയേണ്ടതല്ലേ? അയാൾക്കല്ലാതെ ആർക്ക് അത് പറയാൻ കഴിയും?

അജഗണത്തെ കടിച്ചുകീറുന്ന ക്രൂരന്മാരായ ചെന്നായ്ക്കളുടെ വരവ് വി. പത്രോസും വി. യൂദായും പ്രവചിച്ചത് (2പത്രോസ് 2:1-22; യൂദാ 4-13) നിവർത്തിയായത് അയാളുടെ കാലത്താണ്. വ്യാജപ്രവാചകന്മാരും അബദ്ധപ്രബോധകരും നവീന സിദ്ധാന്തങ്ങളും (ഗ്നോസ്റ്റിസിസം, ഡോസെറ്റിസം, മാർസിയനിസം, എബൊനിസം, നെയോപ്ലേറ്റോണിസം... അങ്ങനെ നിരവധി) അജഗണത്തെ ചിതറിക്കുന്നത് വേദനയോടെ അയാൾക്ക് കാണേണ്ടിവന്നിരിക്കണം. ഇവിടെ നസ്രത്തിലെ യേശുവിനെക്കുറിച്ചും അവന്റെ തുടർച്ചയായ സഭയെക്കുറിച്ചുമുള്ള സത്യം അയാൾക്കെങ്ങനെ പറയാതിരിക്കാനാകും? അയാളുടെ കാലത്താണ് ചരിത്രത്തിലെ ഏറ്റവും ഭീകര മതമർദ്ദനങ്ങൾ, വിശ്വാസ പീഢനങ്ങൾ അരങ്ങേറിയത്. കലിഗുള (എ.ഡി. 37-41), ക്ലാവുദിയൂസ് (41 -54), നീറോ (54-61), ഡൊമീഷ്യൻ (81-96) തുടങ്ങിയ ഭീകര മതമർദ്ദകരുടെ കിരാത ഭരണം, യഹൂദ സമൂഹത്തിന്റെ ശത്രുത, സമുദായഭ്രഷ്ട്

കൽപിക്കപ്പെട്ട, സിനഗോഗും ആരാധന സ്ഥലവുമില്ലാതെ ഒറ്റപ്പെട്ട ആദിമ സഭയുടെ സങ്കടദിനങ്ങൾ; അയാൾക്കെങ്ങനെ ക്രൂശിതന്റെ ധീര മായ സഹനത്തെ വിവരിച്ച്, അവന്റെ മഹത്വപൂർണ്ണമായ പ്രത്യാഗമന ത്തിന്റെ ഉറപ്പ് കൊടുത്ത് അവരെ ധൈര്യപ്പെടുത്താതിരിക്കാനാകും? വിശ്വാസത്തിൽ നിലനിർത്താതിരിക്കാനാകും?

അതുകൊണ്ട്, നാലാമത്തെ സുവിശേഷം ഒരു അനിവാര്യതയാ യിരുന്നു. അതിന് സത്യത്തെക്കുറിച്ചുള്ള യാഥാർത്ഥ അറിവും വ്യക്തി പരമായ അനുഭവവും അപ്പസ്തോലിക സ്ഥാനവുമുള്ളവനായി അവ ശേഷിച്ചത് യോഹന്നാൻ മാത്രമായിരുന്നു. സ്വന്തം അനുഭവത്തിന്റെ അമൂല്യമായ മഷിക്കൂട്ടിൽ ജ്വലിക്കുന്ന ഓർമ്മയുടെ തൂലികമുക്കി നസ്രാ യന്റെ ജീവിതത്തെയും അവിടുന്ന് വെളിപ്പെടുത്തിയ സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങളെയും അയാൾ പകർത്തിയെഴുതി; അതാണ് വി. യോഹ ന്നാന്റെ സുവിശേഷം.

*മെമ്മറീസ് ഓഫ് ദ ബിലവഡ് ഡിസൈപ്പിൾ*: വി. യോഹന്നാന്റെ സുവിശേഷത്തിലെ തിരഞ്ഞെടുത്ത 27 ഭാഗങ്ങളുടെ ഈ ദൈവശാസ്ത്ര വ്യാഖ്യാനം തയ്യാറാക്കിയപ്പോൾ അതിന്റെ തലക്കെട്ടായി മനസിൽ വന്നത് വായനക്കിടയിൽ മനസിലുടക്കിയ സുപ്രസിദ്ധ ബൈബിൾ വ്യാഖ്യാതാവ് റെയ്മണ്ട് ബ്രൗണിന്റെ പദാവലിയിലെ ഈ വാക്കുക ളാണ്. എന്താണ് യാഥാർത്ഥത്തിൽ സുവിശേഷങ്ങൾ? അവ ഓർമ്മ ക്കുറിപ്പുകളാണ്; ദൈവം മനുഷ്യരുടെ കൂടെ വസിച്ചതിന്റെ സ്മൃതിവിവ രണങ്ങൾ, നസ്രായനെകുറിച്ചുള്ള ഓർമ്മകൾ മരിക്കാതിരിക്കാൻ ഭാവി ലോകത്തിന് കരുതിവച്ച ഓർമ്മയുടെ പുസ്തകങ്ങൾ. യോഹന്നാന്റെ സുവിശേഷത്തിന്റെ പ്രത്യേകതയും വ്യതിരിക്തതയും ഈ ഓർമ്മകൾ വിവരിക്കുന്നത് 'യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ' എന്നതിലാണ്. അപ്പോൾ യോഹന്നാന്റെ തൂലികയിൽ നിന്നുതിർന്ന മഷിക്ക് സ്നേഹ ത്തിന്റെ ഒരു സ്നിഗ്ധത കൂടുതലായുണ്ട് എന്ന് കരുതണം. നസ്ര ത്തിലെ യേശുവുമായുള്ള ഈ ഒരു അഗാധ സ്നേഹത്തിന്റെ ഇഴയ ടുപ്പം വത്സലശിഷ്യന്റെ രചനയിൽ കൃത്യമായും സ്പഷ്ടമായും പ്രക ടമാണുതാനും. *ദ ബിലവഡ് ഡിസൈപ്പിൾ* അഥവാ വത്സലശിഷ്യൻ എന്ന അഭിധാനം, അയാൾക്ക് മറ്റൊരാൾ നൽകിയതല്ല; അഭിമാന ത്തോടെ ആ പേര് അയാൾ സ്വയം സ്വീകരിച്ചതാണ്. യോഹന്നാൻ എന്ന തന്റെ പേര് ഒരിടത്തും അയാൾ പറയുന്നില്ല. സെബദിപുത്ര നെന്ന തന്റെ വേരിനെയും പരാമർശിക്കുന്നില്ല. തന്റെ അസ്തിത്വത്തേ ക്കാളും വേരുകളെക്കാളും അയാൾ ഇഷ്ടപ്പെട്ടത് 'യേശു സ്നേഹിച്ച ശിഷ്യൻ' എന്ന പുതിയ പേരാണെന്ന് തോന്നുന്നു.

ഇനി അയാൾ സ്വയം വിശേഷിപ്പിച്ചിരുന്നതുപോലെ യേശു അയാളെ പ്രത്യേകമായി സ്നേഹിച്ചിരുന്നോ? സമവീക്ഷണ സുവിശേഷങ്ങൾ പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നീ യേശുവിന്റെ ശിഷ്യത്രയങ്ങൾ അവന്റെ അത്ഭുതങ്ങൾക്കും ആത്മസംഘർഷങ്ങൾക്കും പ്രത്യേകം സാക്ഷ്യം വഹിക്കുന്നതിന്റെ ഓർമ്മകൾ വിവരിക്കുന്നുണ്ട്. എന്നാൽ അന്ത്യ അത്താഴ വേളയിൽ യേശുവിന്റെ വക്ഷസ്സിൽ ചാരിക്കിടക്കാനുള്ള കൃപ ലഭിച്ചു എന്നും (യോഹ. 13:23) കുരിശിൽ കിടന്ന് സ്വന്തം അമ്മയെ തന്റെ സൂക്ഷത്തിനേൽപ്പിച്ചു എന്നുമുള്ള (യോഹ. 19:25-27), രണ്ട് വിവരണങ്ങളിൽ കവിഞ്ഞ് യേശുവിന് അയാളോടുള്ള പ്രത്യേക സ്നേഹം പ്രകടമായതിന്റെ സൂചനകളൊന്നും യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നുമില്ല. എന്നിട്ടും ഏതാണ്ട് ആറിലധികം തവണയാണ് ഉറപ്പോടെ അയാൾ സ്വയം വിശേഷിപ്പിക്കുന്നത് 'യേശു സ്നേഹിച്ച ശിഷ്യൻ'. ഒരു പക്ഷെ ഓരോ ശിഷ്യനും ലഭിക്കേണ്ട വിശ്വാസത്തിന്റെ ഉറപ്പാണ് 'യേശു സ്നേഹിക്കുന്ന ശിഷ്യൻ' എന്ന ചിന്ത, ഞാൻ അവന്റെ വത്സല ശിഷ്യനാണ് എന്ന ബോധ്യം. നസ്രായനുവേണ്ടി കഷ്ടതകളും കണ്ണീരും ക്ലേശവും അഭിമൂഖീകരിക്കാൻ എനിക്ക് തോന്നുന്നു മറ്റൊന്നും വേണ്ട ആഴമായ ഈ ബോധ്യമൊഴിച്ച് - 'യേശു എന്നെ സ്നേഹിക്കുന്നു' ഞാൻ അവന്റെ വത്സല ശിഷ്യനാണ്. ആറ് തവണ സ്വന്തം പേരുപോലും പറയാതെ 'യേശു സ്നേഹിച്ച ശിഷ്യൻ' എന്ന യോഹന്നാന്റെ പരാമർശം അങ്ങനെ ഭാവി തലമുറയിലെ ക്രിസ്തു ശിഷ്യർക്കുള്ള സന്ദേശമായി മാറുന്നു.

യേശു സ്നേഹിച്ചിരുന്നു എന്ന് അയാൾ സ്വയം അഭിമാനത്തോടെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നാൽ അയാൾ തിരിച്ചെങ്ങനെയായിരുന്നു. യേശുവിനെ അയാൾ സ്നേഹിച്ചിരുന്നോ? വത്സല ശിഷ്യന്റെ ഓർമ്മകുറിപ്പുകളിൽ കണ്ടെത്തുന്ന, 'യേശുവിന്റെ കുരിശിനരികിൽ അയാൾ നിൽപ്പുണ്ടായിരുന്നു' (19:26) എന്ന സുന്ദരമായ വാങ്മയചിത്രം ഈ ചോദ്യത്തിനുള്ള ഉത്തരമാണ്. ഉള്ള് നിറയെ സ്നേഹത്തിന്റെ നിറവറിയാത്തവന് കാൽവരിയുടെ സഹനത്തിൽ കൂടെ നിൽക്കാനാവില്ല, പ്രാണഭയത്തെ അതിജീവിക്കാനുമാവില്ല. സഹശിഷ്യന്മാർ ഓടിപോയത് പ്രാണഭയം നിമിത്തമായിരുന്നെങ്കിൽ ഉള്ളിലെ അഗാധ സ്നേഹം കൊണ്ട് പ്രാണഭയത്തെപ്പോലും അതിജീവിച്ച് കുരിശിന്റെ ചുവട്ടിൽ ക്രൂശിതന്റെ കൂടെ നിന്നവനാണ് വത്സല ശിഷ്യൻ. അതുകൊണ്ടാണ് അയാൾ പറയുന്നത് 'സ്നേഹത്തിൽ ഭയത്തിന് ഇടമില്ല,

പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു; ഭയപ്പെടുന്നവൻ സ്നേഹത്തിൽ പൂർണ്ണനായിട്ടില്ല' (1യോഹ. 4:18).

വർത്തമാനകാലത്തെ ശിഷ്യസമൂഹത്തിന് ഇതൊരു വലിയ മാതൃകയാണ്. കാരണം ശിഷ്യർ വിമർശിക്കപ്പെടുന്നത് അവരെ കാൽവരിയിൽ കാണാനില്ല എന്നതിലാണല്ലോ. ലാളിത്യത്തിന്റെ കാൽവരിയിൽ ശിഷ്യരെ കാണാനില്ല, ആത്മദാനത്തിന്റെ കാൽവരിയിൽ അവരുടെ സാന്നിധ്യം വിരളമാണ്, പകരം മഹത്വത്തിന്റെ താബോറുകളെ മാത്രം പ്രണയിച്ച് പോരുന്നു. കുരിശിൻ ചുവട്ടിലെ തന്റെ സാന്നിധ്യത്തെ ഓർമ്മിച്ചെഴുതി അയാൾ തരുന്ന സന്ദേശമെന്താണ്? കാൽവരിയിലേക്ക്, ക്രൂശിതന്റെ അരികിലേക്ക്, ആഡംബരവും പ്രൗഢിയുമില്ലാത്ത സാധാരണക്കാരുടെ വിയർപ്പും കണ്ണീരും മണക്കുന്ന ഇടങ്ങളിലേക്ക് ഇറങ്ങിചെല്ലാനാണ്. പക്ഷെ അതിനാദ്യം 'ആഴമായൊരു സ്നേഹാനുഭവം വേണം', സ്വയം സ്നേഹത്തിന്റെയും ആത്മസുഖത്തിന്റെയും സുരക്ഷാകവചം ഭേദിക്കാനുള്ള ഭയത്തെ ബഹിഷ്കരിക്കുന്ന സ്നേഹാനുഭവം. ഒരുപക്ഷെ ധ്യാനപൂർവ്വം 'വത്സലശിഷ്യന്റെ ഓർമ്മകുറിപ്പുകൾ' – യോഹന്നാന്റെ സുവിശേഷം വായിക്കുന്നത് ഈയൊരു സ്നേഹാനുഭവത്തിലേക്ക് നയിക്കും എന്നാണ് തോന്നിയിട്ടുള്ളത്.

ഈ പുസ്തകം ബൈബിൾ പഠനത്തിന്റെ ഇടയിൽ ധ്യാനപൂർവം യോഹന്നാന്റെ സുവിശേഷം വായിച്ചതിന്റെ പ്രചോദനത്തിൽ രൂപം കൊണ്ടതാണ്. യോഹന്നാന്റെ ഓർമ്മകുറിപ്പിലെ 27 വിഷയങ്ങളാണ് ഇവിടെ വ്യാഖ്യാനിച്ചിട്ടുള്ളത്. തികച്ചും ദൈവശാസ്ത്രപരവും ചരിത്രപരവും ആയ വ്യാഖ്യാനമാണ് ഇതിൽ ചേർത്തിട്ടുള്ളത്. ഗ്രന്ഥകർത്താവിന്റെ വ്യക്തിപരമായ ചിന്തകൾ വിരളമാണ്, അങ്ങനെയുള്ളവ അനുബന്ധമായാണ് നൽകിയിട്ടുള്ളത്. വ്യാഖ്യാന ഭാഗങ്ങളും അവയിലെ ആശയങ്ങളും യോഹന്നാന്റെ സുവിശേഷത്തിന്റെ അംഗീകരിക്കപ്പെട്ട പണ്ഡിതരായ റുഡോൾഫ് ബുൾട്ട്മാൻ, റുഡോൾഫ് ഷ്നാക്കൻസർഗ്, സി. എച്ച്. ഡോഡ്, ജെ. എച്ച്. ബെർണാർഡ്, റെയ്മണ്ട് ബ്രൗൺ, ഡി. എ. കാർഡൺ, എഫ്. ജെ. മൊളോണി, സി. എസ്. കിനർ എന്നിവരുടെ വ്യാഖ്യാനങ്ങളിൽ നിന്നും സ്വാംശീകരിച്ചിരിക്കുന്നവയാണ്. അതുകൊണ്ട്തന്നെ വചനം പഠിക്കാനാഗ്രഹിക്കുന്നവർക്ക് ഉപകരിക്കും എന്ന് വിചാരിക്കുന്നു.

ഈ രചന പുസ്തകരൂപത്തിലാകുമ്പോൾ നന്ദിയോടെ ഓർമിക്കപ്പെടേണ്ടവർ നിരവധിയാണ്: തലശ്ശേരി അതിരൂപതയുടെ അഭിവന്ദ്യ പിതാക്കൻമാർ മാർ ജോർജ് വലിയമറ്റം, മാർ ജോർജ് ഞറളക്കാട്ട്,

ഇതിനെ വായിച്ച് വിലയിരുത്തുകയും മനോഹരമായ അവതാരിക എഴുതി നൽകുകയും ചെയ്ത മാർ ജോസഫ് പാംപ്ലാനി, പ്രൂഫ് റീഡിംഗ് നടത്തിയ ഫാ. മാർട്ടിൻ എടയന്ത്രത്ത്, ബ്ര. മെൽബിൻ തെങ്ങുംപള്ളിൽ, കവർപേജ് ഡിസൈൻ ചെയ്ത ഫാ. ജെസ്റ്റിൻ ഡൊമിനിക്ക്, വായിച്ചു വിലയിരുത്തിയ വൈദികർ, സ്നേഹത്തോടെ പ്രോത്സാഹിപ്പിച്ച പ്രിയ സുഹൃത്തുക്കൾ, പിന്നെ അകലെയിരുന്നാണെങ്കിലും അഗാധമായൊരു സ്നേഹവെളിച്ചംകൊണ്ട് എന്നെ ശക്തിപ്പെടുത്തിയ, തൂലികയെ പ്രകാശിപ്പിച്ച പ്രിയ സുഹൃത്തിന്, സർവ്വോപരി 'ഇതര മത ദൈവശാസ്ത്രം ഒരാമുഖം' എന്ന ഗ്രന്ഥ രചനയിൽ എന്നെ സഹകാരിയാക്കി എഴുത്തിന്റെ ആദ്യപാഠങ്ങൾ പഠിപ്പിച്ച വന്ദ്യഗുരുനാഥൻ ഡോ. വിൻസന്റ് കുണ്ടുകുളം അച്ചന്; ഹൃദ്യമായ നന്ദി എല്ലാവർക്കും.

"ചിറകിൽ നിന്നൊരു തൂവലെൻ മുൻപിലിട്ട് പക്ഷി
ഇത് നീ എടുത്തുകൊള്ളുക.
കദളിപ്പുംചെടി അതിൽ കായ്മണികൾ നീട്ടി
ഇതിലെഴും ചായമെടുത്തുകൊള്ളുക.
ഒരു പൂർജ്ജത്ര തരുവോതി എൻ സ്നിഗ്ദ ചർമ്മത്തിൻ
ചിന്തിതാ നീ എടുത്തുകൊള്ളുക.
കുറിച്ച് വയ്ക്കുക ഞങ്ങൾക്കായി ഇത്തിരി സ്നേഹത്തിൻ
അക്ഷരങ്ങൾ." (ഒ.എൻ.വി)

# അവതാരിക

അയത്ന ലാളിത്യംകൊണ്ട് വായനയെ ആയാസരഹിതമാക്കുകയും അർത്ഥഗരിമയുടെ സാന്ദ്രതയാൽ വായനക്കാരന്റെ ചിന്തകൾക്കു ചിറകുമുളപ്പിക്കുകയും ചെയ്യുന്ന നാലാം സുവിശേഷകൻ ബൈബിൾ വ്യാഖ്യാതാക്കൾക്ക് എന്നും സമസ്യയാണ്. അരയന്നങ്ങൾക്ക് ശാന്തമായി നീന്താനുള്ള ശാലീനതയും ഗജവീരന്മാർക്ക് ആർത്തു ല്ലസിക്കാനുള്ള ആഴപ്പരപ്പുമുള്ള ഈ സുവിശേഷം ആവർത്തന വായനയിൽ ആദ്യവായനയെ അതിശയിപ്പിക്കുന്ന അർത്ഥതലങ്ങളുടെ അനന്തചക്രവാളങ്ങൾ തുറക്കാൻ നാലാം സുവിശേഷകനോളം നൈപുണ്യമുള്ള മറ്റേതെങ്കിലും എഴുത്തുകാരൻ ലോകസാഹിത്യ ത്തിലുണ്ടോ എന്നത് സംശയാസ്പദമാണ്. പറയുംതോറും പരപ്പു വർദ്ധിക്കുന്ന, കേൾക്കുംതോറും കാതരമാക്കുന്ന, ധ്യാനിക്കുന്തോറും ആഴപ്പെടുന്ന എന്തോ ഒരു രഹസ്യം നാലാം സുവിശേഷകൻ വരികൾക്കി ടയിൽ ഒളിപ്പിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്.

വത്സലശിഷ്യന്റെ ഓർമ്മക്കുറിപ്പുകളായി നാലാം സുവിശേഷ ത്തിലെ സവിശേഷ ചിന്തകളെ ആഖ്യാനം ചെയ്യാനുള്ള ആഗ്രഹമാണ് ഈ ഗ്രന്ഥത്തിന്റെ അന്തസത്ത. പരിണിതപ്രജ്ഞമായ തന്റെ തൂലികയിലൂടെ നാലാം സുവിശേഷകന്റെ ആത്മ സ്പന്ദനങ്ങൾ ആവാഹിക്കാൻ ബഹുമാനപ്പെട്ട ടോം ഓലിക്കരോട്ട് അച്ചനു കഴിഞ്ഞു എന്നതിന്റെ സാക്ഷ്യമാണ് ഇതിലെ ഓരോ രചനയും. വത്സല ശിഷ്യന്റെ ആഖ്യാനവേദിയിൽനിന്നും 27 രംഗങ്ങളെ പുനരാഖ്യാനം ചെയ്യുന്ന ഈ ഗ്രന്ഥത്തിൽ ആത്മീയതയുടെ പ്രകാശവും വിജ്ഞാനത്തിന്റെ പ്രശോഭയും തമ്മിലുള്ള ഇഴയടുപ്പമാണ് ഏറെ ശ്രദ്ധേയമായിട്ടുള്ളത്. കാവ്യഭംഗിയുള്ള ഭാഷാശൈലിയും ചിന്തകളുടെ അനന്യചാരുതയും വിശുദ്ധഗ്രന്ഥ പരിസരങ്ങളോടുള്ള അപാരമായ പരിചയവും ഇതിലെ രചനകളെ നക്ഷത്രശോഭയുള്ളതാക്കുന്നുണ്ട്.

ക്രിസ്തു സ്നേഹിച്ചിരുന്ന ശിഷ്യൻ എന്നത് നാലാം സുവിശേഷ കന്റെ ആത്മബോധത്തിൽനിന്നുളവായ സംജ്ഞയാണെങ്കിലും, ആദ്യന്തം കർത്താവിന്റെ നിഴലായി അനുധാവനം ചെയ്തവനും മരണം

പെരുമ്പറ മുഴക്കിയ മണിക്കൂറിൽ ഗുരുവിന്റെ തിരുമാറിൽ ചേർന്നിരുന്നവനുമായ ശിഷ്യന്, "വത്സലശിഷ്യൻ" എന്ന വിശേഷണത്തിൽ കുറഞ്ഞതൊന്നും ഭൂഷണമാകില്ല. പിതാവിന്റെ മാറിൽ ചേർന്നിരുന്ന പുത്രന്റെ (1:18) മാറിൽ ചേർന്നിരുന്ന (13:23) വത്സലശിഷ്യന്റെ ഹൃദയത്തോടുചേർന്നു നിന്നതിന്റെ തീക്ഷ്ണതയും തീവ്രതയും ഗ്രന്ഥകാരന്റെ വാക്കുകൾക്കുണ്ടെന്ന് വായനക്കാരൻ വേഗത്തിൽ തിരിച്ചറിയും.

വിശുദ്ധഗ്രന്ഥ ചിന്തകൾക്ക് ദൈവശാസ്ത്രത്തിന്റെ തീക്ഷ്ണ പ്രകാശ ത്തിൽ സ്ഫുടത നൽകാൻ ഗ്രന്ഥകാരൻ നടത്തുന്ന ശ്രദ്ധയും ശ്ലാഘനീയമാണ്. ഓരോ ആഖ്യാനത്തിനും കാലിക വായനകൾ നൽകിയിരിക്കുന്നു എന്നതും ശ്രദ്ധേയമാണ്. സുവിശേഷത്തെ അമൂർത്തമായ ആശയങ്ങളിൽനിന്നും പ്രായോഗിക കല്പനകളായി പരിവർത്തനപ്പെടുത്താൻ കാലികവായനയിലൂടെ കഴിയുന്നുണ്ട്. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള താത്വിക വിശകലനങ്ങൾക്കപ്പുറവും "വിശക്കുന്ന ഈ ജനത്തിനുള്ള ഭക്ഷണം നാം എവിടെനിന്നു കണ്ടെത്തും?" എന്ന ഗുരുമൊഴിക്കു ചുറ്റും ഗ്രന്ഥകാരന്റെ വ്യാകുലം പരക്കുന്നത് ഇതിനു മകുടോദാഹരണമാണ്. ഗുരുമൊഴിയുടെ ആഴമേറിയ അർത്ഥാന്തരങ്ങൾ തേടുമ്പോഴും പരിസരങ്ങളിലെ സങ്കടക്കാഴ്ചകൾ കാണാനും അവയെ ഗുരുവചന പ്രകാശത്തിൽ വായിച്ചെടുക്കാനും കഴിയുന്നു എന്നതാണ് ഈ ഗ്രന്ഥത്തിന്റെ ഏകാന്തവൈശിഷ്ട്യം.

വിശുദ്ധഗ്രന്ഥ ഗവേഷണത്തിനിടയിലും തന്റെ ചിന്തകൾക്ക് അക്ഷരങ്ങളുടെ ജീവൻ നൽകാൻ ഗ്രന്ഥകാരൻ നടത്തിയ നിസ്തുലമായ പ്രതിബദ്ധത അഭിനന്ദനാർഹമാണ്. വായനക്കാരുടെ ഹൃദയങ്ങളെ "ഉന്നതത്തിലുള്ളവയെ"ക്കുറിച്ചു ചിന്തിക്കാൻ പ്രേരിപ്പിക്കട്ടെ എന്ന പ്രാർത്ഥനയോടെ അനുവാചകസമക്ഷം ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

**മാർ ജോസഫ് പാംപ്ലാനി**
തലശ്ശേരി അതിരൂപതാ സഹായമെത്രാൻ

1

# ആദിയിൽ വചനമുണ്ടായിരുന്നു...

## (യോഹ. 1:1)

"*ഏൻ ആർക്കേ ഏൻ ഹൊ ലോഗോസ്*" (ആദിയിൽ വചനമുണ്ടായിരുന്നു). വത്സലശിഷ്യന്റെ ഓർമ്മകളുടെ പുസ്തകം തുടങ്ങുന്നത് ഈ വാചകത്തോടെയാണ്. 'സ്വന്തം കണ്ണുകൊണ്ട് കണ്ടതും, സൂക്ഷിച്ച് വീക്ഷിച്ചതും കൈകൾകൊണ്ട് സ്പർശിച്ചതുമായ വചനത്തിന്റെ' (1യോഹ. 1:1) ചരിത്രാതീതമായ അസ്തിത്വത്തെ വത്സലശിഷ്യൻ അവതരിപ്പിക്കുന്നത് എത്ര മനോഹരമായാണെന്ന് ശ്രദ്ധിക്കുക. സമവീക്ഷണസുവിശേഷകന്മാരിൽ ലൂക്ക സുവിശേഷകൻ വംശാവലി വിവരണംകൊണ്ട് ആദത്തിന്റെ കാലത്തോളം അഥവാ മനുഷ്യവംശത്തിന്റെ ആരംഭത്തോളം പിറകോട്ട് സഞ്ചരിച്ച് വചനത്തിന്റെ ചരിത്രത്തിലെ അസ്തിത്വത്തെ തൊടാൻ ശ്രമിക്കുമ്പോൾ (ലൂക്ക 3:38), മത്തായി സുവിശേഷകൻ രക്ഷാകരചരിത്രത്തിന്റെ തുടക്കക്കാരനായ അബ്രാഹത്തിന്റെ കാലം വരെ പിറകോട്ട് നടന്നാണ് വചനത്തിന്റെ കാലത്തിലെ സാന്നിധ്യത്തെ സ്പർശിക്കുന്നത് (മത്താ. 1:1). എന്നാൽ വത്സലശിഷ്യൻ യോഹന്നാൻ അബ്രാഹത്തിനും രക്ഷാകരചരിത്രത്തിനും പിറകിലേക്ക്, ആദത്തിനും മനുഷ്യവംശത്തിനും അപ്പുറം പുരാതനമായ വചനത്തിന്റെ സാന്നിധ്യത്തെ അവതരിപ്പിച്ചുകൊണ്ടാണ് സുവിശേഷം ആരംഭിക്കുന്നത്. കാലത്തിനും സമയത്തിനും പ്രപഞ്ചത്തിനും സൃഷ്ടവസ്തുക്കൾക്കും രൂപം കൈവരുന്നതിന് മുമ്പുള്ള ആ കാലത്തെ രണ്ട് വാക്കുകളിലൂടെ അവതരിപ്പിക്കുന്നതിന് പ്രത്യേകമായൊരു കാവ്യഭംഗി ഉണ്ടെന്നതാണ് സത്യം. സമാന്തര സുവിശേഷകന്മാർ യേശുവിന്റെ മനുഷ്യത്വത്തിന് പ്രാധാന്യം നൽകികൊണ്ട്

നിത്യവചനത്തിന്റെ ജൈവവേരുകൾ തിരഞ്ഞ് അവിടുത്തെ മനുഷ്യ ത്വത്തിന്റെ രഹസ്യം അനാവരണം ചെയ്യാൻ ശ്രമിക്കുമ്പോൾ യോഹ ന്നാൻ വചനത്തിന്റെ ദൈവികാസ്തിത്വത്തെ സ്ഥാപിക്കാൻ ശ്രമിക്കു ന്നതിന് തികച്ചും ചരിത്രപരമായ പശ്ചാത്തലമുണ്ടെന്ന് സമർത്ഥിക്കുന്ന വ്യാഖ്യാതാക്കളുണ്ട്. ഇതര സുവിശേഷങ്ങൾ രചിക്കപ്പെട്ടതിനുശേഷം ആവിർഭവിക്കുകയും യേശുവിന്റെ ദൈവികതയെ നിഷേധിച്ചുകൊണ്ട് അവിടുന്ന് തികച്ചും സാധാരണ മനുഷ്യൻ മാത്രമായിരുന്നു എന്നു പഠിപ്പിക്കുകയും ചെയ്ത പാഷാണ്ഡതയെ (എബിയോനിസം & സെറിന്തിയനിസം) പ്രതിരോധിക്കുന്നതിനാണ് യോഹന്നാൻ തന്റെ സുവിശേഷം യേശുവിന്റെ ദൈവികാസ്തിത്വത്തെ സ്ഥാപിച്ചുകൊണ്ട് ആരംഭിക്കുന്നത്. വി. തോമസ് അക്വീസനാസ് പറയുന്നു: "യോഹന്നാൻ ആദ്യവാചകങ്ങളിൽതന്നെ ക്രിസ്തുവിന്റെ ദൈവികത എന്ന വിശ്വാസസത്യം നമുക്ക് വെളിപ്പെടുത്തുന്നു."

സുപ്രസിദ്ധ ജർമ്മൻ നോവലിസ്റ്റ് ഗൊയ്ഥെയുടെ വിഖ്യാതമായ 'ഫൗസ്റ്റ്' എന്ന നോവലിന്റെ ആദ്യഭാഗത്ത് ഇങ്ങനെ ഒരു വിവരണമു ണ്ട്. കഥയിലെ നായകൻ, ഫൗസ്റ്റ്, തന്റെ ഇരുട്ട് മൂടിയ ജീവിതത്തിൽ വെളിപാടിന്റെ ജ്ഞാനോദയം ലഭിക്കാൻ അതിതീവ്രമായി ആഗ്രഹി ക്കുന്നു. നീണ്ട അന്വേഷണങ്ങൾക്കൊടുവിൽ സുവിശേഷങ്ങളിലാണ് ഏറ്റവും പ്രോജ്ജ്വലമായി വെളിപാടിന്റെ പ്രകാശം പ്രതിഫലിക്കുന്നതെന്ന് ഫൗസ്റ്റ് തിരിച്ചറിയുന്നു. അങ്ങനെ ജ്ഞാനോദയത്തിനായി അയാൾ വി. യോഹന്നാന്റെ സുവിശേഷം മൂലഭാഷയിൽനിന്ന് വിവർത്തനം ചെയ്യാൻ ആരംഭിക്കുന്നു. പക്ഷെ, *ഏൻ ആർക്കെ ഏൻ ഹോലോഗോസ്* എന്ന ആദ്യ വാചകത്തിൽ തന്നെ അയാൾ പ്രതിസന്ധിയിലാവുകയാ ണ്. ഈ വാക്കുകൾ എങ്ങനെ പരിഭാഷപ്പെടുത്തും? ആദിയിൽ ഉണ്ടാ യിരുന്നത് വചനമായിരുന്നോ (word) അതോ പ്രവർത്തിയായിരുന്നോ (action)? ലോഗോസ് എന്ന ഉന്നതമായ യാഥാർത്ഥ്യത്തിന് എങ്ങനെ യാണ് നിസാരമായ ഈ പദാർത്ഥ ലോകത്തിലേക്ക് ഇറങ്ങി വരാനും നശ്വരമായ ഭൂമിയോട് സ്വയം അനുരൂപപ്പെടാനും കഴിയുന്നത്? ഇങ്ങനെ ഒരുപിടി ചോദ്യങ്ങളുടെ സങ്കീർണ്ണതയിലേക്ക് ഫൗസ്റ്റ് വലിച്ചിഴക്കപ്പെ ടുന്നു. യോഹന്നാന്റെ സുവിശേഷത്തെ പഠിക്കാനും വ്യാഖ്യാനിക്കാനും ശ്രമിക്കുന്ന ഏതൊരാളും ഫൗസ്റ്റ് എത്തിയ സങ്കീർണ്ണതയുടെ ഈ ചുഴി യിലേക്ക് ആദ്യ വാചകത്തിൽ തന്നെ എത്തിപ്പെടാം എന്നതാണ് സത്യം.

*ഏൻ ആർക്കേ* - ഗ്രീക്ക് ഭാഷയിൽ definite article ഇല്ലാതെ എഴു തിയതിനാൽ - in beginning - അഥവാ ആദിയിൽ എന്ന് ഈ വാക്കു

കളെ പരിഭാഷപ്പെടുത്താം. In beginning/ആദിയിൽ എന്നാൽ ഏതെങ്കിലും ഒരു പ്രത്യേക കാര്യത്തിന്റെ ആരംഭത്തിലേക്കുള്ള സ്പഷ്ടമായ സൂചനയല്ല, മറിച്ച് വളരെ വിശാലമായ അർത്ഥത്തിൽ സകലത്തിന്റെയും ആരംഭം (total beginning) ആണ് ഗ്രന്ഥകാരൻ വിവക്ഷിക്കുന്നത് എന്ന് വ്യക്തം. വേദപുസ്തകത്തിൽ പലതരത്തിലുള്ള ആരംഭങ്ങളെ കുറിച്ച് പരാമർശിക്കുന്നുണ്ട്; ലോകത്തിന്റെ ആരംഭം (മത്താ. 24:21), യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം (മർക്കോ. 1:1), വേദനകളുടെ ആരംഭം (മർക്കോ. 13:8), അടയാളങ്ങളുടെ ആരംഭം (യോഹ. 2:11) എന്നിങ്ങനെ. എന്നാൽ യോഹന്നാൻ 'ആദിയിൽ' എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്ന തുടക്കം എന്തായിരിക്കും? എല്ലാ തുടക്കങ്ങളുടെയും മുൻപുള്ള തുടക്കത്തെക്കുറിച്ചാണ്, സമയത്തിന്റെ ഉത്ഭവത്തിനും മുമ്പുള്ള ആരംഭത്തെക്കുറിച്ചാണ് ഇവിടെ വിവക്ഷിക്കുന്നത്. ആ സമയാതീത കാലത്തിന്റെ സൂചനയാണ് *ഏൻ ആർക്കേ* എന്ന പരാമർശത്തിലൂടെ യോഹന്നാൻ നൽകുന്നത്. ആ ആരംഭത്തിൽ അസ്തിത്വമുള്ളത് ദൈവത്തിനും അവിടുത്തെ വചനത്തിനും മാത്രമാണുതാനും. അങ്ങനെ നിത്യത വചനത്തിന്റെയും ദൈത്തിന്റെയും വിശേഷണമായി മാറുന്നു. ദൈവം ഈ പ്രപഞ്ചത്തിന്റെ താളബോധത്തെ നിയതമായി രൂപപ്പെടുത്തുന്നതിനും, സമയത്തിനും കാലത്തിനും രേഖ വരയ്ക്കുന്നതിനും മുൻപുള്ള കാലത്തിലേക്ക് വായനക്കാരെ ക്ഷണിക്കുന്നതിലൂടെ അവതരിച്ച വചനമായ യേശുവിന്റെ നിത്യതയെയും ചരിത്രാതീതമായ അസ്തിത്വത്തേയുമാണ് വത്സല ശിഷ്യൻ സ്ഥാപിക്കുന്നത് എന്ന് ചുരുക്കം.

യോഹന്നാന്റെ രചനാശൈലിയിൽ പൊതുവായി കാണുന്ന ക്ലാസിക് യവന തത്വചിന്തയുടെയും യഹൂദ റബ്ബിനിക് സാഹിത്യ ചിന്തയുടെയും പ്രതിഫലനങ്ങൾ *ഏൻ ആർക്കേ* എന്ന പ്രയോഗത്തിൽ സുവിദിതമാണ്. യവന തത്വചിന്തയുടെ ക്ലാസിക് കാലഘട്ടത്തിലെ ഏറ്റവും വലിയ സവിശേഷതകളിൽ ഒന്നായിരുന്നു പ്രപഞ്ചത്തിന്റെ ആദികാരണങ്ങളിലേക്കുള്ള താത്വികമായ അന്വേഷണം. അങ്ങനെ ചിന്തിക്കുമ്പോൾ 'ആദിയിൽ വചനമുണ്ടായിരുന്നു' എന്ന പരാമർശത്തിലൂടെ സൃഷ്ടപ്രപഞ്ചത്തിന്റെ ആദികാരണം (the first cause) വചനമാണെന്നുള്ള താത്വികമായ സ്ഥാപിക്കലായി ഈ പരാമർശത്തെ വ്യാഖ്യാനിക്കാൻ കഴിയും. 'ഉണ്ടായിട്ടുള്ളതൊന്നും അവനെ കൂടാതെ ഉണ്ടായിട്ടില്ല' (1:3) എന്ന വാക്യം ഈ വ്യാഖ്യാനസാധ്യതയിലേക്കുള്ള അക്ഷരസാക്ഷ്യമാണ്. ആദിയിൽ ഉണ്ടായിരുന്ന വചനം എല്ലാറ്റിന്റെയും കാരണവും ആരംഭവും ഊർജ്ജവുമാണ്. എത്ര കാവ്യാത്മകവും യുക്തി

ഭദ്രവുമായാണ് വത്സലശിഷ്യൻ പദാർത്ഥ ലോകത്തിന്റെ അസ്തിത്വ ത്തിന്റെ ആദികാരണവും അടിസ്ഥാനവും അവതരിപ്പിക്കുന്നത്. പ്രപ ഞ്ചോൽപത്തിയേക്കുറിച്ചും പദാർത്ഥലോകത്തിന്റെ പിറവിയെക്കുറിച്ചും ബൗദ്ധിക വികാസം സംഭവിച്ചനാൾമുതലുള്ള മനുഷ്യന്റെ നിരന്തര മായ അന്വേഷണങ്ങൾക്ക് അയത്ന ലളിതവും വിശ്വാസത്തിന്റെ സാന്ദ്ര തയുള്ളതുമായ ഉത്തരം ലഭിക്കുന്നുണ്ടിവിടെ; സകലതും ഉണ്ടായത് ആദിയിൽ അസ്ഥിത്വമുണ്ടായിരുന്ന വചനത്താലാണ്. ആ വചനം മാംസം ധരിച്ചതാണ് നസ്രത്തിലെ യേശു. യഥാർത്ഥത്തിൽ വത്സല ശിഷ്യന്റെ സുവിശേഷം ഈ നിത്യവചനത്തിന്റെ വ്യാഖ്യാനമാണെന്ന് ചിന്തിക്കാം.

ക്ലാസിക് യവനചിന്തയുടെ സ്വാധീനത്തിനുപരിയായി 'ആദിയിൽ' എന്ന പരാമർശത്തിന് യഹൂദചിന്താധാരയുടെ സ്വാധീനവും ബൈബിൾ വ്യാഖ്യാതാക്കൾ നൽകുന്നുണ്ട്. അതുകൊണ്ട് താത്വിക മായ അർത്ഥത്തിനൊപ്പം *ഏൻ ആർക്കെ* എന്ന വാക്കുകൾക്ക് സമ യബദ്ധിയായ ഒരു സാംഗത്യംകൂടി നൽകാനാകും. ഈ വ്യാഖ്യാനമാ വട്ടെ ഉൽപത്തിപുസ്തകത്തിന്റെ ആദ്യവാചകത്തിലേക്കാണ് വിരൾചൂ ണ്ടുന്നത്. ഉൽപത്തിപുസ്തകം ആരംഭിക്കുന്നത് ഇങ്ങനെയാണ്: "*ബറേ ഷിത്ത് ബാറാ എലോഹിം എത് ഹഷമയിം വയെത് ഹയേറത്സ്*" (ആദി യിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു, ഉൽപ്പ. 1:1). ഈ അർത്ഥ ത്തിൽ വത്സലശിഷ്യന്റെ ആദിയിൽ അഥവാ *ഏൻ ആർക്കെ* എന്ന വാക്കുകൾ വേദപുസ്തകത്തിന്റെ ആദ്യവാചകത്തിലേക്ക് വായനക്കാ രന്റെ ചിന്തയേയും മനസിനെയും എത്തിക്കുന്ന 'ടെമ്പറൽ മെക്കനിസ 'മാണെന്ന് മനസിലാക്കാം. ഇതിലൂടെ ഉൽപത്തിപുസ്തകത്തിന്റെ ആദ്യ വാചകങ്ങളിൽ അവതരിപ്പിച്ച ദൈവശാസ്ത്ര യുക്തികളിലേക്കും അവ യിൽ അന്തർലീനമായിരിക്കുന്ന ക്രിസ്തുവിജ്ഞാനീയത്തിലേക്കും വായനക്കാരന്റെ ശ്രദ്ധ ക്ഷണിക്കാൻ ഗ്രന്ഥകാരൻ ആഗ്രഹിക്കുന്നു. ഉൽപത്തി പുസ്തത്തിന്റെ ആദ്യ അദ്ധ്യായങ്ങളിൽ കാണുന്ന ജീവൻ, പ്രകാശം, സൃഷ്ടി, അന്ധകാരം തുടങ്ങിയ പദാവലികളെല്ലാം യോഹ ന്നാന്റെ സുവിശേഷത്തിന്റെ ആദ്യവാചകങ്ങളിൽ (prologue) കാണുന്നു എന്നത് മേൽപറഞ്ഞ വാദത്തിന്റെ യുക്തിഭദ്രതയ്ക്കുള്ള നല്ലൊരു അക്ഷരസാക്ഷ്യമാണ്.

ഉൽപത്തി പുസ്തകത്തിന്റെ ആദ്യവാചകങ്ങളുമായുള്ള ഈ സാധർമ്മ്യത്തിലൂടെ എന്തായിരിക്കും സുവിശേഷകൻ വിവക്ഷിക്കു ന്നത്? ബൈബിൾ വ്യാഖ്യാതാക്കൾ ഇതിന് രണ്ട് രീതിയിലുള്ള അർത്ഥങ്ങൾ നൽകുന്നുണ്ടെന്നത് ശ്രദ്ധേയമാണ്. ഒന്നാമതായി, വച

നത്താലുള്ള സൃഷ്ടിയിൽ നിന്ന് അതേ വചനത്താൽ നടക്കുന്ന പുനഃസൃഷ്ടിയിലേക്ക് വിരൽചൂണ്ടുന്ന ആഖ്യാനപാടവമായി ഈ സാധർമ്മ്യത്തെ വ്യാഖ്യാനിക്കുന്നവരുണ്ട്. ആദ്യസൃഷ്ടി ഭൗതികവും ആത്മീകവുമായിരുന്നതുപോലെ പുനഃസൃഷ്ടിയും ഭൗതികവും ആത്മീകവുമായിരിക്കണം. 'വചനം മാംസം ധരിച്ചു' (യോഹ. 1:14). വാക്കുകളുടെ അർത്ഥവ്യാപ്തിയും പ്രസക്തിയും ഇവിടെയാണ് കൂടുതൽ വ്യക്തമാകുന്നത്. അതായത് സൃഷ്ടപ്രപഞ്ചത്തിന്റെയും മനുഷ്യവംശത്തിന്റെയും പുനഃസൃഷ്ടിക്കായാണ് (ആത്മികവും ഭൗതികവുമായ) നിത്യവചനം പദാർത്ഥ ലോകത്തിന്റെ ഭാഗമായതും മാംസത്തിന്റെ ഭൗതികകൂടാരത്തിലേക്ക് പ്രവേശിച്ചതും. മനുഷ്യാവതാരത്തിന്റെ ലക്ഷ്യത്തെ എത്ര സുന്ദരമായാണ് വത്സലശിഷ്യൻ അവതരിപ്പിക്കുന്നത്!

ഉൽപത്തി പുസ്തകത്തിന്റെ ആദ്യവാചകങ്ങളോടുള്ള യോഹന്നാന്റെ രചനാസാധർമ്മ്യത്തിന് രണ്ടാമതായി കണ്ടെത്താവുന്ന വ്യാഖ്യാനം സുവിശേഷരചനയുടെ ലക്ഷ്യത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ചില ബൈബിൾ വ്യാഖ്യാതക്കളുടെ അഭിപ്രായത്തിൽ ഉൽപ്പ. 3:15 പ്രാഗ് സുവിശേഷം (the proto Gospel) എന്നറിയപ്പെടുന്ന 'നിന്റെ സന്തതി സർപ്പത്തിന്റെ തല തകർക്കും' എന്ന രക്ഷാവാഗ്ദാനം യേശുക്രിസ്തുവിൽ പൂർത്തിയായി എന്ന് സ്ഥാപിക്കുകയാണ് യോഹന്നാന്റെ സുവിശേഷരചനയുടെ ലക്ഷ്യം. ഉൽപത്തി പുസ്തകത്തിൽ രക്ഷയുടെ ആദ്യവാഗ്ദാനം നൽകികൊണ്ട് സ്ത്രീയോടാണ് ദൈവം ഇത് പറയുന്നത്: 'സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും.' യോഹന്നാന്റെ സുവിശേഷത്തിൽ രണ്ട് സന്ദർഭങ്ങളിൽ നാം ഈ സ്ത്രീയേയും സന്തതിയേയും കണ്ടെത്തുന്നുണ്ട്; ആദ്യം യേശു തന്റെ സമയത്തിലേക്ക് (രക്ഷാകര പ്രവർത്തനങ്ങളിലേക്ക്) പ്രവേശിക്കുന്നതിന് തൊട്ട് മുമ്പ് കാനായിൽ, 'സ്ത്രീയേ എനിക്കും നിനക്കുമെന്ത്?' (2:4); രണ്ടാമത് രക്ഷാകരപ്രവർത്തനങ്ങൾ പൂർത്തിയാകുന്നതിനുമുമ്പ് കാൽവരിയിൽ, 'സ്ത്രീയെ ഇതാ നിന്റെ മകൻ' (19:26). യേശുവിന്റെ ജീവിതത്തിലെ ഈ രണ്ട് നിർണ്ണായക സമയങ്ങളിലെ 'സ്ത്രീയേ' എന്ന അഭിസംബോധന രേഖപ്പെടുത്തുന്നതിലൂടെ സുവിശേഷകൻ വായനക്കാരനെ ക്ഷണിക്കുന്നത് പറുദീസയിലെ ആദ്യ രക്ഷാവാഗ്ദാനത്തിന്റെ മുഹൂർത്തത്തിലേക്കാണ്. അവിടെ വാഗ്ദാനം ചെയ്യപ്പെട്ട സ്ത്രീയും അവളുടെ സന്തതിയും യേശുവിന്റെയും മറിയത്തിന്റെയും ആദിരൂപങ്ങളാണ്. ദൈവീകവാഗ്ദാനത്തിന്റെ പൂർത്തീകരണം യേശുവിൽ നട

ക്കുന്നു എന്ന് തിരിച്ചറിഞ്ഞ് അവനിൽ വിശ്വസിച്ച് പുതിയ സൃഷ്ടിയാകുന്നതിലേക്കാണ് സുവിശേഷം ക്ഷണിക്കുന്നത്. ചുരുക്കത്തിൽ *ഏൻ, ആർക്കെ* എന്നീ രണ്ട് വാക്കുകളിലൂടെ വത്സല ശിഷ്യൻ തന്റെ ഓർമ്മകളുടെ വിവരണത്തിന് മുഴുവനും താത്വികവും വചനബന്ധിതവുമായ ശക്തമായ അടിത്തറയും യുക്തിഭദ്രമായ ആമുഖവും രചിക്കുകയായിരുന്നു എന്നാണ് മനസിലാക്കേണ്ടത്.

**ആദിയിൽ പ്രവർത്തനനിരതനായിരുന്ന വചനം**

പ്രപഞ്ചത്തിന്റെ താളബോധവും ജീവന്റെ സ്പന്ദനവും ഉണരുന്നതിനുംമുമ്പ്, കാലത്തിനും സമയത്തിനും പിറകിലുള്ള ആദിയിൽ, അസ്തിത്വമുണ്ടായിരുന്നത് ആർക്കാണ്? വത്സല ശിഷ്യൻ തുടർന്ന് പറയുന്നു, *ഏൻ ഹൊ ലോഗോസ്* - വചനമുണ്ടായിരുന്നു (യോഹ. 1:1). ലോഗോസ് എന്ന ഗ്രീക്ക് പദത്തെയാണ് മലയാളത്തിൽ 'വചനം' എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. സത്യത്തിൽ വചനം എന്ന ലളിതമായ ഈ പരിഭാഷയിൽ ഒതുങ്ങുന്നതായിരുന്നില്ല ലോഗോസ് എന്ന പദത്തിന്റെ അർത്ഥവ്യാപ്തി. ബി. സി 500 മുതൽ യവന തത്വചിന്തകരായ ഹിരാക്ലീറ്റസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ മുതലായവർ പദാർത്ഥലോകത്തിന് അസ്തിത്വം നൽകുന്ന, രൂപവും ജീവനും നൽകുന്ന യാഥാർത്ഥ്യത്തെ വ്യക്തമാക്കാനാണ് logos എന്ന വാക്ക് ഉപയോഗിച്ചിരുന്നത്; എന്നാൽ ഗ്രീക്ക് സോഫിസ്റ്റ് ചിന്തകരായ ഗോർജിയാസിനെപോലെയുള്ളവരാകട്ടെ മനുഷ്യനിൽ നിമഗ്നമായിരുന്ന ചിന്താശക്തി, യുക്തിശക്തി, സംസാരശേഷി ഇവയെയാണ് logos എന്ന വാക്കിലൂടെ വിവക്ഷിച്ചിരുന്നത്. പിന്നീട് പ്രബലമായ സ്റ്റോയിക് ചിന്തകരാകട്ടെ - യഥാർത്ഥ്യത്തിന്റെ ഏറ്റവും ക്രിയാത്മകഘടകവും (basic creative unit of reality) ദൈവത്തോടും പ്രപഞ്ചത്തോടും തുല്യമായ വസ്തുതയുമായിട്ടാണ് ലോഗോസിനെ വ്യാഖ്യാനിച്ചിരുന്നത്. അതായത്, ലോഗോസ് എന്ന പദത്തിലൂടെ വത്സലശിഷ്യൻ വചനമെന്ന പരിഭാഷയ്ക്കപ്പുറം പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും താളബോധങ്ങളുടെ പുറകിലെ ശക്തിയെന്ന ഒരർത്ഥംകൂടി കരുതുന്നുണ്ട്. പുതിയ നിയമത്തിൽ 128 തവണയാണ് ലോഗോസ് എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്; ഇതിൽ 40 തവണയും യോഹന്നാന്റെ രചനയിലാണ് താനും. ഗ്രീക്ക് ചിന്തയിലെ ലോഗോസ് എന്ന ഈ വാക്ക് അതിന്റെ അതിസമ്പന്നമായ അർത്ഥവ്യാപ്തികൊണ്ട് രക്തസാക്ഷിയായ വി. ജസ്റ്റിൻ മാർട്ടിയറെപ്പോലുള്ള ചിന്തകർക്ക് യവന തത്വശാസ്ത്രത്തെ ക്രൈസ്തവ ചിന്തയുമായി ബന്ധപ്പെടുത്തുന്നതിനുള്ള പാലമായി (bridging word) വർത്തിച്ചു എന്നതാണ് യഥാർത്ഥ്യം.

എന്നാൽ യോഹന്നാന്റെ ലോഗോസ് എന്ന സംജ്ഞയുടെ യഥാർത്ഥ പശ്ചാത്തലം യവന തത്വചിന്തയെക്കാൾ യഹൂദ ചിന്തയിലും പഴയനിയമത്തിലുമാണ് കണ്ടെത്താനാകുന്നത്. യോഹന്നാന്റെ അതിശക്തമായ ഈ പഴയനിയമ അടിത്തറകൊണ്ടുതന്നെ, ഭാഷയിൽ തികഞ്ഞ യവനനും ചിന്തയിൽ ഹെബ്രായനും എന്ന് ചില വ്യാഖ്യാതാക്കൾ അദ്ദേഹത്തെ വിശേഷിപ്പിക്കാറുണ്ട്. പഴയനിയമത്തിൽ ദൈവത്തിന്റെ വചനം സൂചിപ്പിക്കുന്നത് സൃഷ്ടിയിലും വീണ്ടെടുപ്പിലും (creation and redemption) പ്രവർത്തനനിരതനായിരുന്ന ദൈവത്തെയാണ്. ഗ്രീക്ക് ഭാഷയിലെ *ലോഗോസ്* എന്ന വാക്കിന് തത്തുല്യമായി ഹെബ്രായഭാഷയിൽ *ദവാർ, അമർ, മില്ലാർ,* തുടങ്ങിയ പദങ്ങൾ കാണാമെങ്കിലും ഏറ്റവും കൃത്യമായ പരിഭാഷ *ദവാർ* എന്നതാണ്. പഴയനിയമത്തിന്റെ, ആദ്യ ഗ്രീക്ക് പരിഭാഷയായ സെപ്ത്വജിന്ത് (LXX) 241 തവണയാണ് *ദവാർ* എന്ന പദത്തെ logos എന്ന് തർജ്ജമ ചെയ്തിരിക്കുന്നത്. യഥാർത്ഥത്തിൽ യവന തത്വചിന്തകർ logos ന് നൽകിയതിനൊപ്പമോ, അതിൽ കൂടുതലോ ആയ അർത്ഥ സമ്പുഷ്ടതയാണ് യഹൂദ ആത്മീയ ചിന്തകർ *ദാവാർ* എന്ന വാക്കിന് കൽപിച്ചിരുന്നത്. യഹൂദ ചിന്തകർ *ദാവാർ* എന്ന വാക്കിന് രണ്ട് തലത്തിലുള്ള (താത്വികവും ആത്മീകവും) അർത്ഥമാണ് കൽപിച്ചിരുന്നത്. താത്വികമായി (philosophical) *ദവാർ* എന്നതുകൊണ്ട് the foundation or basis or the background of matter - പദാർത്ഥത്തിന്റെ പശ്ചാത്തലം, അടിസ്ഥാനം എന്നാണ് വിവക്ഷിച്ചിരുന്നത്. എല്ലാ പദാർത്ഥങ്ങൾക്കും ഒരു *ദവാർ* - background ഉണ്ട് എന്ന് അവർ വിശ്വസിച്ചിരുന്നു. *ദവാർ* ഇല്ലാതെ ഒന്നിനും അസ്തിത്വത്തിലേക്ക് വരാനോ നിലനിൽക്കാനോ കഴിയില്ല. "അവനെ കൂടാതെ ഒന്നും ഉണ്ടായിട്ടില്ല" (യോഹ 1:3) എന്ന യോഹന്നാന്റെ വാക്കുകളെ ഈ ചിന്ത നിശ്ചയമായും സ്വാധീനിച്ചിരിക്കണം.

യഹൂദ ആത്മീയ ചിന്തകരാകട്ടെ *ദവാർ യാഹ്വേ* - എന്ന പ്രയോഗത്തിലൂടെ ഈ പദത്തിന് ദൈവവചനം എന്ന അർത്ഥമാണ് നൽകിയിരുന്നത്. *ദവാർ യാഹ്വേ* രണ്ട് രീതിയിലാണ് അവർ മനസിലാക്കിയിരുന്നത്. ഒന്നാമത് യഹോവയുടെ വെളിപ്പെടുത്തുന്ന വചനമായും രണ്ടാമത് സൃഷ്ടിക്കുന്ന യഹോവയുടെ വചനമായും. വത്സലശിഷ്യൻ യേശുവിനെ *ലോഗോസ്* എന്ന് വിളിക്കുമ്പോൾ ഈ രണ്ട് അർത്ഥവും അതിലുൾകൊള്ളുന്നുണ്ട്. നസ്രത്തിലെ യേശു യഹോവയുടെ *ദവാർ* ആണ്. സൃഷ്ടിക്കുകയം വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവികവ്യക്തി. "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല, ദൈവം തന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്"

(യോഹ. 1:18). "ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത് ലോകത്തെ ശിക്ഷയ്ക്ക് വിധിക്കാനല്ല, പ്രത്യുത അവൻ വഴി രക്ഷ പ്രാപിക്കാനാണ്" (യോഹ. 3:17) എന്ന വത്സല ശിഷ്യന്റെ സാക്ഷ്യത്തിൽ നിഴലിക്കുന്നത് ഇതേ യഹൂദ ആത്മീയ വീക്ഷണമാണ്.

ഇനി പുതിയ നിയമകാലത്ത് പാലസ്തീനായിൽ പ്രബലമായിരുന്ന അറമായ ഭാഷയിലും റബ്ബിനിക് സാഹിത്യത്തിലുമാകട്ടെ *ലോഗോസ്* എന്നതിന് തതുല്യമായി ഉപയോഗിച്ചിരുന്നത് *മെമ്രാ* - (Memra) എന്ന വാക്കായിരുന്നു. ദൈവത്തിന്റെ അരുളപ്പാട് (Utterence of God) എന്നാണ് *മെമ്രാ* എന്ന വാക്കിന്റെ വാച്യാർത്ഥം. അരമായ ഭാഷയിൽ *മെമ്രാ* എന്ന വാക്ക് - ദൈവത്തിന്റെ പേരിന് പകരമായും ഉപയോഗിച്ചിരുന്നു (Euphemism: ഹെബ്രായഭാഷയിൽ YHWH എന്ന് എഴുതി *Adonay* എന്ന് ഉച്ചരിച്ചിരുന്നതുപോലെ). വത്സലശിഷ്യൻ *ലോഗോസ്* എന്ന വാക്കിന് അറമായ ഭാഷയിലെ *മെമ്രാ* എന്ന പദത്തിന്റെ (ദൈവനാമത്തിന്റെ പകരമായ ഉച്ചാരണം) അർത്ഥം നൽകുന്നു എന്ന് വ്യാഖ്യാനിക്കുന്ന ചിന്തകരുണ്ട്. അതായത് യോഹന്നാന്റെ ലോഗോസ് എന്ന വാക്കിന് അറമായ ഭാഷയിലെ '*മെമ്രാ*', ഹെബ്രായ ഭാഷയിലെ '*യാഹ്വേ*' എന്നിവയ്ക്ക് തുല്യമായ അർത്ഥമാണുള്ളത്. ആദിയിൽ ഉണ്ടായിരുന്ന വചനവും (*ലോഗോസ്*) 'ഞാൻ ആയിരിക്കുന്നവൻ ആകുന്നു' (YHWH - പുറ. 3:14) എന്ന് മോശയ്ക്ക് സ്വയം വെളിപ്പെടുത്തിയവനും ഒരാൾതന്നെയാണെന്ന് ചുരുക്കം. 'എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു' (യോഹ. 14:9) 'ഞാനും പിതാവും ഒന്നാണ്' എന്നീ ഗുരുമൊഴികൾ പകർത്തുമ്പോൾ യോഹന്നാന്റെ മനസിൽ ഈ ചിന്ത ഉണ്ടാവണം. ഹോറബിലും സീനായ് മലമുകളിലുംവച്ച് ഞാനായിരിക്കുന്നവൻ ആകുന്നു (*യാഹ്വേ*) എന്ന് സ്വയം വെളിപ്പെടുത്തിയ ദൈവം ഇസ്രായേൽ ജനതയ്ക്കും മോശയ്ക്കും അമൂർത്തമായ ഒരാശയമോ അജ്ഞാതമായ ശക്തിയോ ആയിരുന്നില്ല, മറിച്ച് അവിടുന്ന് കൂടെ നടന്ന, അവരുടെ ചരിത്രത്തിലും ജീവിതത്തിലും ഭാഗധേയമുള്ള ജീവിക്കുന്ന ദൈവമായിരുന്നു. ഇവിടെ വത്സല ശിഷ്യൻ *ലോഗോസ്* എന്ന് നസ്രത്തിലെ യേശുവിനെ വിളിക്കുമ്പോൾ വിവക്ഷിക്കുന്നതും ഇതുതന്നെയാണ്. മനുഷ്യന്റെ ചരിത്രത്തിൽ കരുണയോടെ ഇടപെടുകയും ആർദ്രതയോടെ അവരോട് ഇടപഴകുകയും ചെയ്യുന്ന ചരിത്രത്തിലെ അതേ ദൈവം തന്നെയാണ് നസ്രത്തിലെ യേശു. ആ ദൈവം മനുഷ്യന്റെ ചരിത്രത്തിൽ നടത്തിയ ആവിഷ്കാരത്തിന്റെ വ്യാഖ്യാനമായി മാറുകയാണ് വത്സലശിഷ്യന്റെ ഓർമ്മകുറിപ്പുകൾ - യോഹന്നാന്റെ സുവിശേഷം.

'ആദിയിൽ വചനമുണ്ടായിരുന്നു' എന്ന വത്സലശിഷ്യന്റെ ആദ്യ വാചകത്തെക്കുറിച്ചുള്ള ചിന്ത ഈ ഒരു ചോദ്യത്തോട് കൂടി ഉപസംഹ രിക്കാമെന്ന് കരുതുന്നു. 'എന്തുകൊണ്ടാണ് വത്സലശിഷ്യൻ യേശു വിനെ വചനമായി (*ലോഗോസ്, ദവാർ, മെമ്രാ*) അവതരിപ്പിക്കുന്നത്'? യോഹന്നാന്റെ വെളിപാട് 1:8 ൽ നാം ഇങ്ങനെ വായിക്കുന്നു: 'ഞാൻ ആൽഫയും ഒമേഗയുമാണ്'. ആൽഫ (A) ഗ്രീക്ക് അക്ഷരമാലയിലെ ആദ്യ അക്ഷരമാണ്. ഒമേഗയാകട്ടെ (W) അവസാനത്തതും. ഞാൻ ആൽഫയും ഒമേഗയുമാണ് എന്ന വെളിപാടിന്റെ ധ്വനിയെന്താണ്? ഞാൻ ദൈവത്തിന്റെ അക്ഷരമാണ് (I am the alphabet of God) എ ന്നല്ലേ?

ആശയ വിനിമയത്തിന്റെ ഏറ്റവും അടിസ്ഥാന രൂപങ്ങൾ അക്ഷര ങ്ങളാണ്. അക്ഷരങ്ങൾ ചേർന്ന് വാക്ക്. വാക്കുകൾ ചേർന്ന് വാചകം. വാചകത്തിലൂടെ ആശയവിനിമയം. വത്സലശിഷ്യൻ നസ്രത്തിലെ യേശുവിനെ ആൽഫയും ഒമേഗയും എന്ന അഭിധാനത്തിലൂടെ വ്യാഖ്യാ നിക്കാൻ ശ്രമിക്കുമ്പോൾ എന്താണ് മനസിലാക്കേണ്ടത്? മാംസം ധരിച്ച വചനം - നസ്രത്തിലെ യേശു - ദൈവത്തിന് ലോകത്തോട് ആശയ വിനിമയത്തിനുള്ള അടിസ്ഥാന മാർഗമാണെന്നല്ലേ. അക്ഷരങ്ങൾ ആശ യവിനിമയത്തിന്റെ അടിസ്ഥാനമായതുപോലെ ദൈവവും മനുഷ്യനും തമ്മിലുള്ള ആശയവിനിമയത്തിന്റെ അടിസ്ഥാന അക്ഷരമായി യേശു മാറുന്നു. യേശുവാകുന്ന ആൽഫയിലൂടെയും ഒമേഗയിലൂടെയും ദൈവിക വെളിപാടിന് വ്യക്തതയും രൂപവും കൈവരുന്നു എന്നുതന്നെ. ദൈവത്തിന്റെ ജീവനും സ്നേഹവും വിനിമയം ചെയ്യപ്പെടുന്നത് മാസം ധരിച്ച വചനമായ നസ്രത്തിലെ യേശുവിലൂടെയാണ്.

ദൈവത്തിന് മണ്ണിനോടും മനുഷ്യനോടും ആശയവിനിമയം നട ത്താനുള്ള മാധ്യമമായിട്ട് യേശു മാറുന്നു എന്ന അഗാധമായൊരു ദർശ നമുണ്ട് അവനെ വചനം അഥവാ *ലോഗോസ്* എന്ന് വിളിക്കുമ്പോൾ. ആശയവിനിമയം (Communication) എന്നാൽ മാനസിക ഭൂപടങ്ങൾക്കി ടയിലെ വിടവുകൾക്ക് പാലം തീർക്കുന്ന പ്രക്രിയ എന്ന വിഖ്യാത മായ നിർവചനം ഓർമ്മയിൽ വരുന്നു. വാക്കും സംസാരവുമാണ് ആശ യവിനിമയത്തിന്റെ മുഖ്യ ഉപാധി. അങ്ങനെയാണെങ്കിൽ ദൈവവും മനുഷ്യനും തമ്മിൽ പറുദീസയിൽ സംഭവിച്ച മാനസിക വിടവുകൾക്ക് വചനമായ യേശു പാലമായി മാറുന്നു. ഇനി മുതൽ അവതരിച്ച വചന മായ യേശുവിലൂടെ മനുഷ്യന് ദൈവത്തോട് ആശയവിനിമയം നട ത്താനും ഹൃദയബന്ധത്തിലേർപ്പെടാനും സാധിക്കുന്നു. അവൻ ദൈവ ത്തിനും മനുഷ്യർക്കുമിടയിലെ ആശയവിനിമയത്തിന്റെ വാക്കും അക്ഷ

രവുമാണ്. നിത്യ വചനം മാംസത്തിന്റെ ഭൗതികകൂടാരം തേടിയത് ദൈവമനുഷ്യസമാഗമത്തിന്റെയും ആശയവിനിമയത്തിന്റെയും ചാല കമാകാൻ തന്നെ. ആധുനിക തത്വചിന്തകരിൽ പ്രസിദ്ധനായ വിറ്റിംഗ്സ്റ്റൈന്റെ വിഖ്യാതമായ ഒരു വീക്ഷണം ഇങ്ങനെയാണ്: "The solution to the riddle of life in space and time lies outside space and time." അതായത്, മനുഷ്യജീവിതത്തിന്റെ പൂരിപ്പിക്കാനാവാത്ത സ്ഥല കാലബന്ധമായ സമസ്യകളെ പൂരിപ്പിക്കാൻ, സ്ഥലത്തിനും കാല ത്തിനും അപ്പുറത്തു നിന്നും ദൈവം ചരിത്രത്തിലേക്ക് കടന്നുവരുന്നു. ജനനം, സഹനം, മരണം തുടങ്ങിയ മനുഷ്യജീവിതത്തിലെ ഉത്തരമി ല്ലാത്ത സമസ്യകളെ പൂരിപ്പിക്കലാണ് അവതരിച്ച ദൈവവചനത്തിന്റെ ജീവിതം എന്ന് ചുരുക്കം.

**വചനം ദൈവമായിരുന്നു**

വചനത്തിന്റെ ചരിത്രാതീതമായ അസ്തിത്വത്തെ, 'ആദിയിൽ വച നമുണ്ടായിരുന്നു' എന്ന വാചകത്തിലൂടെയും വചനത്തിന്റെ ദൈവീക സഹവാസത്തെ, 'വചനം ദൈവത്തോട് കൂടെയായിരുന്നു' എന്ന വാക്യ ത്തിലൂടെയും അവതരിപ്പിക്കുന്ന വത്സല ശിഷ്യൻ ആദിയിൽ ദൈവ ത്തോട് കൂടെയുണ്ടായിരുന്ന വചനത്തിന്റെ അസ്തിത്വത്തിന്റെ വ്യതി രിക്തതയെയാണ് തുടർന്ന് വിശദീകരിക്കുന്നത് (Revealing the identity of Word). വചനം ദൈവമായിരുന്നു (*തെയോസ് ഏൻ ഹൊ ലോഗോസ്*). വചനവും (*ലോഗോസ്*) ദൈവവും (*തെയോസ്*) ഒരു ആർട്ടിക്കിൾ (*ഹൊ*) ഉപയോഗിച്ച് ബന്ധിപ്പിക്കുന്നതിൽ നിന്ന് അർത്ഥ മാക്കുന്നത് വചനവും ദൈവവും ഒന്നാണ് എന്നതാണ്. അതായത്, ആദിയിൽ ഉണ്ടായിരുന്ന വചനം ദൈവത്തോട് സത്തയിൽ സമനാണ്, വചനം ദൈവത്തിൽ അതേ സ്വഭാവത്തിലും അസ്തിത്വത്തിലും പങ്കു ചേർന്നു എന്നുതന്നെ. ആധുനിക മനഃശാസ്ത്ര ഭാഷയുടെ സങ്കേതം ഉപയോഗിച്ചാൽ, വചനം ദൈവത്തിന്റെ അതേ വ്യക്തിത്വത്തിന്റെ ആവി ഷ്കാരമാണ് എന്ന് പറയാം. ആധുനിക ബൈബിൾ പരിഭാഷകളിൽ NEB (New English Bible) ഈ ആശയം സുന്ദരമായി പ്രതിഫലിപ്പിച്ച് പരിഭാഷപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്, "What God was, the Word was."

വ്യാഖ്യാതാക്കളുടെ വീക്ഷണത്തിൽ യോഹന്നാന്റെ സുവിശേഷം മുഴുവൻ ഈ വാക്യത്തിന്റെ വെളിച്ചത്തിൽ വായിക്കുകയും മനസിലാ ക്കുകയും വേണം. അതായത്, യേശുവിന്റെ വാക്കും പ്രവർത്തിയും ദൈവത്തിന്റെതന്നെ വാക്കും പ്രവൃത്തിയുമാണ് എന്നതുതന്നെ. സത്യ ത്തിൽ ആദിമസഭ ഏറ്റവുമധികം ക്ലേശിച്ചത് ഈ ഒരു വാചകത്തെ,

ഏകദൈവ വിശ്വാസത്തിന്റെ അച്ചിൽ വാർത്തെടുക്കപ്പെട്ട യഹൂദ സമൂഹത്തിന്റെ മുമ്പിൽ യുക്തിഭദ്രമായി അവതരിപ്പിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനുമായിരുന്നു എന്ന ചരിത്രം മനസിലാക്കുമ്പോഴാണ് എത്ര വിപ്ലവകരമായ ദൈവീക വെളിപാടാണ് വചനവും ദൈവവും സമൻമാരായിരുന്നു എന്ന പ്രഖ്യാപനം വഴി യോഹന്നാൻ നടത്തുന്നത് എന്ന് തിരിച്ചറിയുന്നത്. 1+1+1=3 എന്ന കണക്കിനെ 1+1+1=1 എന്ന് മാറ്റി സ്ഥാപിക്കുന്നതുപോലെ ആയാസകരമായിരുന്നു ദൈവം ഏകനാണെന്ന് വിശ്വസിച്ച (നിയമ. 6:4) ജനതയോട് ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമാണെന്ന് പ്രഘോഷിക്കുന്നത്. ഇവിടെ തുടങ്ങിയ, അവതരിച്ച വചനമായ യേശുവിന്റെ ദൈവികത വെളിപ്പെടുത്തുന്നതിന്റെ പരമകോടിയിലാണ് തോമസിന്റെ വിശ്വാസപ്രഖ്യാപനത്തിലൂടെ വായനക്കാരൻ എത്തിച്ചേരുന്നത് (20:29): എന്റെ കർത്താവെ എന്റെ ദൈവമേ (*ഹൊ ക്യൂരിയുസ് മു കായി ഹൊ തെയോസ് മു*).

## വചനം ദൈവത്തോടൊപ്പമായിരുന്നു

എന്താണ് തന്റെ സുവിശേഷത്തിന്റെ ഈ രണ്ടാമത്തെ വാക്യം കൊണ്ട് വത്സല ശിഷ്യൻ വിവക്ഷിക്കുന്നത്? വചനത്തിന്റെ അനാദിയിലേ ദൈവത്തോടൊപ്പമുള്ള സഹവാസത്തിലേക്ക് വിരൽ ചൂണ്ടുന്നതിനപ്പുറം സുവിശേഷ രചനയുടെ ചരിത്ര പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ ഈ വചനത്തിന് വലിയ പ്രാധാന്യമുണ്ട്. വി. ജോൺ ക്രിസോസ്തോം പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയ്ക്കെതിരായി പ്രചരിച്ച 'സെബല്യണിസം' എന്ന പാഷണ്ഡതയെ ഖണ്ഡിച്ചതും ത്രിത്വത്തിലെ ദൈവീക ആളുകളുടെ ഐക്യത്തെ സ്ഥാപിച്ചതും 'വചനം ദൈവത്തോടൊപ്പമായിരുന്നു' എന്ന ഈ വചനം വ്യാഖ്യാനിച്ചുകൊണ്ടാണ്. സെബല്യസിന്റെ അബദ്ധ പഠനമനുസരിച്ച്, പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരു ദൈവീക വ്യക്തിയുടെ വ്യത്യസ്ത ഭാവങ്ങൾ മാത്രമാണ്. ചില സമയത്ത് പിതാവായും ചിലപ്പോൾ പുത്രനായും ചിലപ്പോൾ പരിശുദ്ധാത്മാവായും പ്രത്യക്ഷപ്പെടുകയാണ് ചെയ്യുന്നത്. ഈ പാഷണ്ഡതയ്ക്കുള്ള ഉത്തരമായി "അവൻ ആദിയിൽ ദൈവത്തോടൊപ്പമായിരുന്നു" എന്ന വാക്യത്തെ സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുകയും പരിശുദ്ധ ത്രിത്വത്തിന്റെ ഏകത്വവും വ്യതിരക്തതയും സ്ഥാപിക്കുകയും ചെയ്തിരുന്നു.

## സൃഷ്ടിക്കുന്ന ദൈവവചനം

"ഉണ്ടായിട്ടുള്ളതൊന്നും അവനെ കൂടാതെ ഉണ്ടായിട്ടില്ല" എന്ന വാക്യത്തിലൂടെ പ്രപഞ്ചസൃഷ്ടിയിലുള്ള വചനത്തിന്റെ പങ്കിനെയാണ്

സുവിശേഷകൻ പ്രഥമമായി അവതരിപ്പിക്കുന്നത്. ദൈവത്തിന്റെ സൃഷ്ടികർമ്മത്തിന്റെ മാദ്ധ്യമം (agent) വചനമായിരുന്നു എന്നാണ് ഈ വാചകത്തിന്റെ ആന്തരികാർത്ഥം. യോഹന്നാന്റെ സുവിശേഷ രചനാ കാലത്ത് പ്രബലമായിരുന്ന ഗ്നോസ്റ്റിക് ചിന്തയ്ക്കുള്ള മറുപടിയായാണ് ചരിത്രപരമായി ഇതിനെ മനസിലാക്കേണ്ടത്. ഗ്നോസ്റ്റിക് ചിന്തയനുസരിച്ച് പദാർത്ഥലോകം സൃഷ്ടിക്കപ്പെട്ടത് ദൈവത്തിലെ രണ്ടാം സ്ഥാനത്തുള്ള ഇയാൾഡാബോത്തിനാലാണ്. പരമമായ ദൈവശക്തി (the Supreme God head) പ്രപഞ്ചസൃഷ്ടിയിൽ ഇടപെട്ടിട്ടില്ല എന്നത് സൃഷ്ടപ്രപഞ്ചത്തിന്റെ അപൂർണ്ണതകളിൽനിന്ന് സ്പഷ്ടമാകുന്നുണ്ട് എന്നാണ് അവർ വാദിക്കുന്നത്. കൂടാതെ മനുഷ്യർ രക്ഷപ്രാപിക്കുന്നത് അറിവ് നേടുന്നതിലൂടെയാണ് (Gnosis)എന്നാണിക്കൂട്ടർ സമർത്ഥിക്കുന്നത്. “വചനം ദൈവമായിരുന്നു”, “വചനം ദൈവത്തോടൊപ്പമായിരുന്നു” എന്നീ വാചകങ്ങളുടെ തുടർച്ചയായിട്ടാണ് “ഉണ്ടായിട്ടുള്ളതൊന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല” എന്ന വചനത്തെ മനസ്സിലാക്കേണ്ടത്. അതുകൊണ്ട് ഈ മൂന്ന് വചനഭാഗങ്ങളും അവയുടെ സമഗ്രതയിൽ ഗ്നോസ്റ്റിക് ചിന്തകർക്കുള്ള മറുപടിയും വചനത്തിന്റെ നിത്യതയ്ക്കും ദൈവത്വത്തിനുമുള്ള സാക്ഷ്യവുമാണ്. യോഹന്നാൻ അവതരിപ്പിക്കുന്ന ഈ ആശയം സുഭാ. 8:30; യോഹ. 1:10; 1കോറി. 8:6; കൊളോ. 1:16; ഹെബ്രാ. 1:2,11:3; വെളി. 3:14 എന്നീ വചനങ്ങളിൽ ആവർത്തിക്കപ്പെട്ടിട്ടുള്ളതുമാണ്. ചുരുക്കത്തിൽ “ദൈവത്തിന്റെ വചനത്താൽ എല്ലാം സൃഷ്ടിക്കപ്പെട്ടു” (സങ്കീ. 36:5) എന്ന വിശ്വാസത്തെ സ്വീകരിക്കുകയും ദൈവത്തിന്റെ സൃഷ്ടികർമ്മത്തിന്റെ മാദ്ധ്യമമായിരുന്ന വചനം മനുഷ്യന്റെ ചരിത്രത്തിലേക്ക് നസ്രത്തിലെ യേശുവിലൂടെ ഇറങ്ങിവന്നിരിക്കുന്നു എന്ന അറിവിലൂടെയും യേശുവിലുള്ള വിശ്വാസത്തിലൂടെയുമാണ് രക്ഷപ്രാപിക്കുന്നത് എന്ന് പ്രഖ്യാപിക്കുകയുമാണ് ഇവിടെ വത്സല ശിഷ്യൻ.

*ലോഗോസ്* അഥവാ വചനം എന്ന അഭിധാനത്തിലൂടെ യോഹന്നാൻ യേശുവിനെ അവസാനമായി വിശേഷിപ്പിക്കുന്നത് 1:14-ൽ വചനം മാംസം ധരിച്ചു എന്ന വാക്യത്തിലാണ് (*ഹോ ലോഗോസ് സാർക്സ് എഗനെത്തോ*). പിന്നീട് ഒരിടത്തും തന്റെ രചനയിൽ യോഹന്നാൻ *ലോഗോസ്* എന്ന വാക്ക് ഉപയോഗിച്ചിട്ടില്ല. അപ്പോൾ, ദൈവത്തിന്റെ ചരിത്രാതീതകാലത്തെ പേരാണ് *ലോഗോസ്*. വചനം മനുഷ്യന്റെ ചരിത്രത്തിലേക്ക് പ്രവേശിച്ചപ്പോൾമുതൽ, മാംസത്തിന്റെ കൂടാരം സ്വീകരിക്കുന്നതുമുതൽ അവിടുന്ന് നസ്രത്തിലെ യേശു എന്നാണ് അറിയപ്പെടുന്നത്.

## ഒരു കാലിക വായന

### ആശയ വിനിമയം എന്ന അനിവാര്യത

*ലോഗോസ്* അഥവാ വാക്ക് എന്ന അഭിധാനം ചാർത്തിക്കൊണ്ട് വത്സല ശിഷ്യൻ നസ്രത്തിലെ യേശുവിനെ ആശയ വിനിമയത്തിന്റെ പ്രാഥമിക ഘടകമായി അവതരിപ്പിക്കുകയായിരുന്നു എന്നാണ് നാം പറഞ്ഞുവച്ചത്. മനുഷ്യരോടും പ്രപഞ്ചത്തോടുമുള്ള ദൈവത്തിന്റെ അഗാധമായ സ്നേഹവും കരുണയും വിനിമയം ചെയ്യപ്പെട്ടത് നസ്രത്തിലെ യേശുവിലത്രേ. അപ്പോൾ സ്രഷ്ടാവിന് സൃഷ്ടികളോട് തന്റെ സ്നേഹം പറയാനുള്ള മാധ്യമമായിരുന്നു അവതരിച്ച വചനം. അവതരിച്ച വചനം (the logos incarnated) ആശയവിനിമയത്തിന്റെ (communication) സമ്പൂർണ്ണ മാതൃകയായിരുന്നു. അങ്ങനെയെങ്കിൽ, ദൈവത്തിന്റെ മനസിലും അവിടുത്തെ പദ്ധതിയിലും ആശയവിനിമയം ഒരനിവാര്യതയായി കണക്കാക്കപ്പെട്ടു എന്ന് മനസ്സിലാക്കണം.

എന്താണ് ഈ ആശയവിനിമയം? "മാനസിക ഭൂപടങ്ങൾക്കിടയിലെ വിടവുകൾക്ക് പാലം തീർക്കുന്ന പ്രക്രിയ" എന്നതാണ് ആശയവിനിമയത്തിന് വായിച്ചവയിൽ ക്ലാസ്സിക് ആയി തോന്നിയ വ്യാഖ്യാനം (Communication is the bridging of the mental gaps). മനുഷ്യർ തമ്മിൽ, സമൂഹങ്ങൾ തമ്മിൽ, സംസ്കാരങ്ങൾ തമ്മിൽ വിടവുകളുണ്ടത്രേ. "രണ്ടുപേർക്കിടയിലൊരു പുഴയുണ്ട്; നമ്മെ രണ്ടുപേരാക്കുന്ന ഭേദധാര" എന്ന് കവി പാടിയതുപോലെ, അഭിരുചികളുടെ, അനുഭവങ്ങളുടെ, ഭാഷകളുടെ, അങ്ങനെ പലതിന്റെയും പുഴ ഒഴുകുന്നുണ്ട് നമുക്കിടയിലൂടെ; നമ്മെ വേർതിരിച്ചുകൊണ്ട്. വൈജാത്യത്തിന്റെ ഈ പുഴ മനുഷ്യനും ദൈവത്തിനുമിടയിലൂടെ പറുദീസയിലെ അനുസരണക്കേടിനുശേഷം നിശ്ചയമായും ഒഴുകുന്നുണ്ട്. പറുദീസായെ പകുത്ത് ഒഴുകിയിരുന്ന ആ നാല് നദികൾ ദൈവത്തേയും മനുഷ്യനെയും ആദ്യം പകുത്തും പിന്നെ ബാബേൽ മുതൽ മനുഷ്യരെ വിഭജിച്ചും ഒഴുകിത്തുടങ്ങി. അതുകൊണ്ടാണ് പറഞ്ഞത് ആശയവിനിമയം അഥവാ വൈജാത്യങ്ങളുടെ ഈ പുഴയ്ക്ക് പാലം പണിയൽ ഒരനിവാര്യതയാണെന്ന്. ദൈവംതന്നെ തന്റെ അനന്തജ്ഞാനത്തിൽ ഈ അനിവാര്യത തിരിച്ചറിഞ്ഞുകൊണ്ടാണ് തന്റെ ഏകജാതനിലൂടെ മനുഷ്യവംശവുമായി നവ്യവും കേവലവുമായ ആശയവിനിമയം നടത്തിയത്. മനുഷ്യാവതാരം വിനിമയം ചെയ്ത ആ മഹത്തായ ആശയം വത്സല ശിഷ്യന്റെ തൂലിക ഇങ്ങനെയാണ് പകർത്തിയത്: "തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ഈ ലോകത്തെ അത്ര മാത്രം സ്നേഹിച്ചു."

ഇനി പറയുന്നത്, നമുക്കിന്ന് നഷ്ടമാകുന്ന അല്ലെങ്കിൽ നാം അവഗണിക്കുന്ന 'ആശയവിനിമയം' എന്ന അനിവാര്യതയെക്കുറിച്ചാണ്. ഈ ഭൂമിയിൽ ആശയവിനിമയത്തിലൂടെയല്ലാതെ ബന്ധങ്ങൾ ഉടലെടുക്കുകയോ നിലനിൽക്കുകയോ ചെയ്യുന്നില്ല. പല സമകാലിക വിപത്തുകളുടെയും അടിസ്ഥാന കാരണം ചിലർ ആശയവിനിമയം നടത്തുന്നതിൽ ലുബ്ധ് കാണിച്ചതോ യഥാസമയം ചെയ്യാതിരുന്നതോ, അല്ലെങ്കിൽ മനസിലാകുംവിധം പറയാതിരുന്നതോ ആയിരുന്നു എന്നതല്ലേ? 'Communication gap' എത്ര ഭീകരമാണെന്ന് അറിയുന്നത് ആശയവിനിമയത്തിൽ ചിലർ പരാജയപ്പെട്ടതുവഴിയോ അതിനെ അവഗണിച്ചതുവഴിയോ വന്ന ഇത്തരം വീഴ്ചകൾ വായിക്കുമ്പോഴാണ്. ദൈവം തന്റെ വചനമായ യേശുവിലൂടെ വാചാലനായത് സ്വയം വെളിപ്പെടുത്താനായിരുന്നു. എന്നാൽ വർത്തമാനകാലത്തെ ആശയവിനിമയത്തിലെ വലിയൊരു അപകടം, മനുഷ്യർ ഇന്ന് വാചാലരാകുന്നത് മറച്ചുവയ്ക്കാനും മൂടിവയ്ക്കാനും വേണ്ടിയാണ് എന്നുള്ളതാണ്. വാഗ്വിലാസത്തിന്റെ മാസ്മരികകൊണ്ട് സത്യത്തെ സമർത്ഥമായി മറയ്ക്കുകയും നുണയെ ആദർശവൽക്കരിക്കുകയും ചെയ്യുന്ന ആശയവിനിമയത്തിന്റെ ശക്തിയിലാണ് സാമ്രാജ്യത്വശക്തികൾ ദരിദ്ര രാജ്യങ്ങളെ ചൂഷണം ചെയ്യുന്നതും നശിപ്പിക്കുന്നതും, സ്വേച്ഛാതിപധികൾ പൗരന്മാരെ ചങ്ങലയ്ക്കിടുന്നതും അടിമകളാക്കുന്നതും. സമ്പർക്കമാദ്ധ്യമങ്ങളും ആശയവിനിമയ ഉപാധികളും അഭൂതപൂർവ്വകമായൊരു വികാസം പ്രാപിച്ച കാലത്താണ് നാം ജീവിക്കുന്നത്. സാമൂഹിക മാധ്യമങ്ങളിൽ സുഹൃത്തുക്കളുടെ എണ്ണം കൂട്ടാൻ വല്ലാതെ ക്ലേശിക്കുന്നതിനിടയിൽ അരികിലുള്ളവർ അപരിചിതരാകുകയും വ്യക്തിബന്ധങ്ങൾ അയഥാർത്ഥ്യമാവുകയും ചെയ്യുന്ന കൃത്രിമത്വങ്ങളെ പ്രണയിക്കുന്ന കാലമാണിത്. ബന്ധങ്ങളുടെ ഇടയിൽ മനസിലാക്കാൻ പറ്റാത്ത സമസ്യകളുടെ എണ്ണം പെരുകുകയും ഒറ്റപ്പെടലിനു മനുഷ്യർ അതിഭീകരമാംവിധം അടിമകളായിരിക്കുകയും ചെയ്യുന്ന ഇക്കാലത്ത് ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണ് ആശയവിനിമയവും അതിൽ വന്ന അപചയങ്ങളും.

എന്താണ് പരിഹാരം? നമുക്ക് ലളിതമായ ആശയവിനിമയത്തെക്കുറിച്ച് വീണ്ടുവിചാരപ്പെടാം. ഹൃദ്യവും സരളവുമായ വാക്കുകൾ, ആർദ്രമായ നോട്ടം, സൗഖ്യപ്പെടുത്തുന്ന സ്നേഹസ്പർശം അങ്ങനെ നമുക്കിടയിലെ വൈജാത്യത്തിന്റെ പുഴകൾക്കുമീതെ ഒരുമയുടെ പാലം തീർക്കാനാകട്ടെ – നിന്റെ ഹൃദയത്തെ എനിക്ക് തൊടാൻ!

2

# എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചം

(യോഹ. 1:9)

വചനത്തിന്റെ പദാർത്ഥലോകത്തിലേക്കുള്ള ആഗമനത്തെ വത്സലശിഷ്യൻ അവതരിപ്പിക്കുന്നത് എത്ര സൂക്ഷ്മതയോടെയാണെന്ന് ശ്രദ്ധിക്കുക. ലോകത്തിലേക്ക് മാംസകൂടാരം തേടി എത്തുന്ന വചനത്തെ യോഹന്നാൻ വിശേഷിപ്പിക്കുന്നത് *ഫോസ് തോൻ അലത്തിനോൻ* – യഥാർത്ഥ വെളിച്ചം (സത്യവെളിച്ചം) എന്നാണ്. യോഹന്നാന്റെ ഭാഷ്യത്തിൽ ഈ സത്യവെളിച്ചം ലോകത്തിലേക്ക് വരുന്നതാകട്ടെ (*ഹൊ ഫൊത്തിസെയ് പാൻതാ അന്ത്രാപ്പോൻ*) എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്നതിനാണുതാനും. എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചമാണ് വചനം എന്ന യോഹന്നാന്റെ വാക്കുകൾ ഏശയ്യായുടെ സഹനദാസനെക്കുറിച്ചുള്ള പ്രവചനഭാഗത്തിന്റെ മാറ്റൊലിയായി മനസിലാക്കാം. ഏശയ്യാ പറയുന്നു: "എന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന് പ്രകാശമായി നൽകും" (ഏശ. 49:6).

പ്രകാശത്തോട് വചനത്തെ താദാത്മ്യപ്പെടുത്തിക്കൊണ്ടുള്ള യോഹന്നാന്റെ ഈ വിവരണത്തിന് ഉൽപത്തി പുസ്തകത്തിന്റെ ആദ്യവാചകങ്ങളുമായുള്ള, പ്രത്യേകിച്ച് ദൈവം പ്രകാശത്തെ സൃഷ്ടിക്കുന്ന ഭാഗവുമായുള്ള ശക്തമായ സാധർമ്മ്യം ഇവിടെ പ്രത്യേകം പരാമർശിക്കേണ്ടതാണ്. വിശുദ്ധഗ്രന്ഥകാരൻ പ്രപഞ്ചത്തിന്റെ ഉത്ഭവത്തെ അവതരിപ്പിച്ചിട്ട് തുടർന്ന് പറയുന്നതിങ്ങനെയാണ്: "*വ ഹയേറത്ത് ഹയ്ത്താ തൊഹുവ ബഹു, വഹോഷത്ത് അൽപനെ തെഹോം*" – "ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു, ശൂന്യ

തക്ക് മുകളിൽ അന്ധകാരം വ്യാപിച്ച് കിടന്നു". ആദിയിലെ ഈ മഹാ ശൂന്യതയുടെയും അന്ധകാരത്തിന്റെയുംമേൽ മുഴങ്ങുന്ന ദൈവശ ബ്ദത്തെ വിശുദ്ധ ഗ്രന്ഥകാരൻ തുടർന്ന് അവതരിപ്പിക്കുന്നതിങ്ങനെ യാണ്: "*വയോമർ എലോഹിം, യഹി ഓർ വൈഹി ഓർ*" (ഉൽപ്പ. 1:2) – "ദൈവം പറഞ്ഞു വെളിച്ചമുണ്ടാകട്ടെ; വെളിച്ചം ഉണ്ടായി." ആ പ്രകാ ശത്തിലാണ് തുടർന്നുള്ള എല്ലാ സൃഷ്ടികർമ്മങ്ങളും നടക്കുന്നത്; ക്രമ രഹിതമായ ലോകത്തിന് നിയതമായ ക്രമം ഉണ്ടാകുന്നത് (rythm of nature); ഭൂമിയുടെ ശൂന്യതകൾ ജീവസ്പന്ദനത്താലും ജീവസാന്നിധ്യ ത്താലും നികത്തപ്പെടുന്നത്. വി. ഗ്രന്ഥകാരൻ അവതരിപ്പിക്കുന്ന ഈ വാങ്മയ ചിത്രത്തിൽ പ്രകാശം ഉണ്ടായതെങ്ങനെയെന്നും എന്താണ് പ്രകാശമെന്നും വളരെ വ്യക്തമാണ്. ദൈവം അരുളിചെയ്തപ്പോൾ പ്രകാശമുണ്ടായി; അതിലുപരി, അരുൾചെയ്ത ദൈവത്തിന്റെ വാക്ക് പ്രകാശമായി. ശൂന്യതകൾക്കും ആഴത്തിനും മുകളിൽ മുഴങ്ങിയ ദൈവ ത്തിന്റെ വാക്കുതന്നെയാണ് പ്രകാശമായി മാറിയത്. ഈ വ്യാഖ്യാനം എത്ര സുന്ദരമായാണ് യോഹന്നാന്റെ ആദ്യവാചകങ്ങളോട് ചേർന്ന് പോകുന്നത്. ആദിയിൽ പ്രകാശമായി മാറിയ *ലോഗോസ്* ഇതാ മാംസം ധരിക്കാൻ വരുന്നു. ആ വചനം എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചമാണ്.

പഴയനിയമ പ്രതീക്ഷയുടെയും പ്രവചനങ്ങളുടെയും പൂർത്തീക രണമായി യോഹന്നാൻ യേശുവിനെ അവതരിപ്പിക്കാനാഗ്രഹി ക്കുന്നുവെന്ന് സുവിശേഷകൻ പഴയനിയമത്തോട് കാണിക്കുന്ന അഗാ ധമായ സാധർമ്മ്യത്തിൽനിന്ന് വ്യക്തമാകും. ഈ അർത്ഥത്തിൽ ദൈവ ത്തിന്റെ രക്ഷയുടെ വെളിച്ചത്തിലേക്ക് മനുഷ്യനെ ക്ഷണിക്കുന്ന പഴ യനിയമ ഭാഗങ്ങളുമായി യോഹ. 1:9 ന് ബന്ധമുണ്ട്.

ഏശയ്യാ 9:2 "അന്ധകാരത്തിൽ നടക്കുന്ന ജനങ്ങൾ വലിയ പ്രകാശം കാണും. ഇരുട്ടിന്റെ നിഴലിൽ കഴിയുന്നവരുടെമേൽ പ്രകാശം ജ്വലിക്കും."

ഏശയ്യ 60:1-2 "എഴുന്നേറ്റ് പ്രശോഭിക്കുക, നിന്റെ പ്രകാശം വന്നിരിക്കു ന്നു, കർത്താവിന്റെ മഹത്വം നിന്റെ മേൽ ഉദിച്ചിരിക്കുന്നു."

മലാക്കി 4:2 "എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കായി ഒരു നീതി സൂര്യൻ ഉദിച്ചിരിക്കും."

പ്രകാശം (*ഫോസ്*) എന്ന സംജ്ഞ യോഹന്നാന്റെ പദാവലിയിലെ ഏറ്റം പ്രിയപ്പെട്ട വാക്കുകളിലൊന്നായി മനസിലാക്കാം. ഏതാണ്ട് പത്തി ലധികം ഭാഗങ്ങളിൽ യോഹന്നാൻ പ്രകാശത്തെ അവതരിച്ച വചന ത്തോട് ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നുണ്ട് (യോഹ. 1:4-5, 7-9, 3:19-21, 8:12, 9:5, 11:9-10, 12:35-36, 1യോഹ. 2:8-10).

ഉൽപത്തി പുസ്തകത്തിന്റെ വിവരണമനുസരിച്ച് പ്രകാശത്തിന്റെ സാന്നിധ്യത്തിലാണ് ദൈവത്തിന്റെ തുടർന്നുള്ള എല്ലാ സൃഷ്ടി കർമ്മവും നടക്കുന്നത്. എന്താണ് പ്രകാശം? ദൈവത്തിന്റെ വാക്കാണ് പ്രകാശമായി മാറിയത്. ആദിയിൽ സൃഷ്ടിയുടെ കാരണവും സാക്ഷി യുമായിരുന്നത് പ്രകാശമായി മാറിയ ദൈവത്തിന്റെ വാക്കാണെങ്കിൽ, അതെ ദൈവത്തിന്റെ വചനം പുനഃസൃഷ്ടിയിലും വെളിച്ചമായി നിൽക്ക ുന്നു. വചനത്തിന്റെ ഈ വെളിച്ചത്തിലാണ്, അതിൽ മാത്രമാണ് സൃഷ്ടിയും പുനഃസൃഷ്ടിയും നടക്കുക. പ്രകാശിപ്പിക്കുക (*ഫോത്തി സെയ്*) എന്ന വാക്കിനെ ഇവിടെ പുനഃസൃഷ്ടി എന്ന് വിവക്ഷിക്കാനാ വും. വചനത്തിന്റെ വെളിച്ചത്തിലാകുന്നവൻ ശൂന്യതയുടെ ക്രമരഹി തമായ ഇരുട്ടിൽ നിന്ന് വെളിച്ചത്തിന്റെ കൃപയിലേക്ക് പുനഃസൃഷ്ടി ക്കപ്പെട്ടവനാണ് എന്നർത്ഥം. വചനത്തിന്റെ വെളിച്ചത്തിൽ പുതിയ സൃഷ്ടിയാകാനാണ് പുതിയ ആകാശവും പുതിയ ഭൂമിയും ദർശന ത്തിൽ കണ്ട വത്സല ശിഷ്യൻ ക്ഷണിക്കുന്നത്.

*ഫോസ് അലത്തേയിനോൻ* (യഥാർത്ഥ പ്രകാശം) എന്ന് യേശു വിന് നൽകിയ വിശേഷണത്തെ "കത്തിജ്വലിക്കുന്ന വിളക്കായിരുന്നു അവൻ" എന്ന യോഹന്നാൻ സ്നാപകനെകുറിച്ചുള്ള യേശുവിന്റെ വാക്കുകളുടെ (യോഹ. 5:35) പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കുന്ന പണ്ഡിതരുണ്ട്. *അലത്തേയിനോൻ* - യഥാർത്ഥ എന്ന വാക്ക് യേശു വിന്റെയും സ്നാപകന്റെയും പ്രകാശങ്ങൾ തമ്മിലുള്ള വ്യതിരിക്തത യുടെ അടയാളമാണ്. യേശുവിലാണ് യഥാർത്ഥ വെളിച്ചം ഉള്ളത്. സ്നാപകനാകട്ടെ ആ വെളിച്ചത്താൽ കൊളുത്തപ്പെട്ട വിളക്കും. യോഹ ന്നാന്റെ സുവിശേഷരചനാകാലഘട്ടത്തിൽ നിലനിന്നിരുന്ന, സ്നാപ കയോഹന്നാനെ ക്രിസ്തുവായി കരുതിയ സെക്റ്റിന് എതിരെ ആദിമ സഭയുടെ ക്രിസ്തു വിജ്ഞാനീയം അവതരിപ്പിക്കുകയും യേശുവാണ് വാഗ്ദാനം ചെയ്യപ്പെട്ട ക്രിസ്തു എന്ന് സ്ഥാപിക്കുകയും ചെയ്യുക എന്നത് യോഹന്നാന്റെ സുവിശേഷ രചനയുടെ ലക്ഷ്യങ്ങളിൽ പ്രധാ നപ്പെട്ടതായി സി. എസ്. കീനർ, റെയ്മണ്ട് ബ്രൗൺ മുതലായ വ്യാഖ്യാ താക്കൾ കണ്ടെത്തിയിട്ടുണ്ട്. ഈ അർത്ഥത്തിൽ, യഥാർത്ഥ വെളിച്ചം എന്ന വാക്ക് ക്രിസ്തുവിന് മുൻപും പിൻപുമുള്ള അയഥാർത്ഥ്യങ്ങളോ ക്ഷണികങ്ങളോ ആയ ഇതര വെളിച്ചങ്ങളിൽനിന്നും (മതങ്ങളിലെ ഇതര ദേവന്മാരോ, മഹത്‌വ്യക്തികളോ) നിത്യവെളിച്ചമായ ക്രിസ്തു വിന്റെ അനന്യതയിലുള്ള ആദിമസഭയുടെ അഗാധവിശ്വാസത്തിന്റെ അക്ഷരസാക്ഷ്യമായാണ് നിലകൊള്ളുന്നത്.

ലോകത്തെയും മനുഷ്യരെയും പുനഃസൃഷ്ടിയിലേക്ക് നയിക്കാൻ കഴിവുള്ള ഏക വെളിച്ചം അവതരിച്ച ദൈവത്തിന്റെ വചനമായ നസ്രത്തിലെ യേശുവാണ്. വത്സല ശിഷ്യന്റെ ഓർമ്മയുടെ പച്ചപ്പ് നിറഞ്ഞ സാക്ഷ്യമാണിത്. ഈ വെളിച്ചത്തിന്റെ നിറസാന്നിധ്യത്തിൽ 'വീണ്ടും ജനിക്കുക', 'പുനഃസൃഷ്ടിയാകുക', 'പ്രകാശിക്കുക' – ഇതാണ് ഇന്ന് നമ്മുടെ മുമ്പിലുള്ള ക്ഷണം. യേശുവിന്റെ വെളിച്ചത്തിലേക്ക് ജീവിതത്തെ തിരിച്ച് നിർത്തുക എന്നുകൂടി ഈ ക്ഷണത്തിന് അർത്ഥമുണ്ട്. അന്ധകാരത്തിന്റെ അടിമത്ത്വത്തിൽ നിന്ന് പ്രകാശത്തിന്റെ സ്വാതന്ത്ര്യത്തിലേക്ക് വരാനുള്ള ക്ഷണമാണിത്. മനുഷ്യന്റെ ആത്മീയ അന്വേഷണങ്ങൾ ആരംഭിച്ച നാൾ മുതൽ അവന്റെ ഉള്ളിൽ നടക്കുന്ന ആത്മീയ സംഘട്ടനമാണ് പ്രകാശത്തിലേക്കു വരാനുള്ള ക്ഷണവും ഇരുട്ടിന്റെ സുഖകരമായ അടിമത്തതിന് വിധേയപ്പെടാനുള്ള പ്രലോഭനവും. "പ്രകാശം ലോകത്തിലേക്കുവന്നിട്ടും മനുഷ്യൻ പ്രകാശത്തേക്കാളധികമായി അന്ധകാരത്തെ സ്നേഹിച്ചു" എന്ന യോഹന്നാന്റെ വാക്കുകൾ ഇതിനെ സാധൂകരിക്കുന്നുണ്ട്. നസ്രത്തിലെ യേശുവിൽ വചനം പ്രകാശമായി മനുഷ്യനു വീണ്ടും സ്വയം ദാനം ചെയ്യുമ്പോൾ ഇരുളിൽ നിന്ന് വെളിച്ചത്തിന്റെ വിരുന്നിലേക്ക് വരാനുള്ള അസുലഭ അവസരമാണ് ദൈവം മനുഷ്യന് മുമ്പിൽ ഒരുക്കുന്നത്.

എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന വെളിച്ചം എന്ന വാചകത്തെ ജ്ഞാനോദയത്തിന്റെ (illumination) യഥാർത്ഥ ഉറവിടം എന്ന് വ്യഖ്യാനിക്കുന്ന പണ്ഡിതരുണ്ട്. അതായത്, ദൈവത്തിന്റെ വചനമാണ് എല്ലാ ജ്ഞാനോദയത്തിന്റെയും കാരണം. ബൗദ്ധിക, ആത്മീയ പ്രകാശത്തിന്റെ ഉറവിടം. സഭാപിതാവായ വി. ജസ്റ്റിൻ മാർട്ട്യർ അഭിപ്രായപ്പെടുന്നത്, ക്രിസ്തുവിനു മുമ്പ് ജീവിച്ചിരുന്ന സോക്രട്ടീസ് ഉൾപ്പെടെയുള്ള ചിന്തകരും ശരിയായ ചിന്തയാൽ (right reason) നയിക്കപ്പെട്ട എല്ലാവരും അവരറിയാതെതന്നെ അനാദിയിലെ നിലനിന്ന വചനമായ ക്രിസ്തുവിനാൽ പ്രകാശിതരായി നയിക്കപ്പെട്ടു എന്നാണ്. അതായത് ലോകത്തെയും മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ ആത്മീയ പ്രകാശമാണ് അവതരിച്ച വചനമായ നസ്രത്തിലെ യേശു. ഈ വ്യാഖ്യാനത്തിന്റെ പിൻബലത്തിലാണ് യേശുവിന് മുമ്പ് ജീവിച്ചിരുന്ന നീതിനിഷ്ഠരായ മനുഷ്യർ നിത്യരക്ഷ പ്രാപിക്കും എന്ന് നാം പറയുന്നത്.

രണ്ടാമതായി, 'പ്രകാശിക്കുക' എന്ന വാക്കിന് 'നിത്യജീവൻ' എന്ന വാക്കിന്റെ തുല്യ അർത്ഥം കൽപ്പിക്കുന്ന വ്യാഖ്യാന സാധ്യതയുമുണ്ട്. മരണത്തെ ഇരുളായും ജീവിതത്തെ പ്രകാശമായും ചിത്രീകരി

ക്കുന്ന യഹൂദ പശ്ചാത്തലത്തിൽ വേണം ഈ വാചകത്തെ മനസ്സിലാക്കാൻ. പ്രകാശിപ്പിക്കുക എന്നത് ഈ അർത്ഥത്തിൽ ജീവിപ്പിക്കുക, മരണത്തിന്റെ ഇരുളിൽ നിന്ന് മോചിക്കുക എന്ന് സൂചിപ്പിക്കുന്നു.

മൂന്നാമതായി, യഥാർത്ഥ വെളിച്ചം എന്ന അഭിധാനം നസ്രത്തിലെ യേശുവിന് ചാർത്തുമ്പോൾ, വത്സല ശിഷ്യൻ യേശുവിന്റെ ദൈവത്വത്തിന് സാക്ഷ്യം നൽകുകയാണ് എന്ന് വ്യാഖ്യാനിക്കുന്ന വ്യാഖ്യാതാക്കളുണ്ട്. 104-ാം സങ്കീർത്തനത്തിന്റെ രണ്ടാം വാകൃത്തിന്റെ അനുരണനങ്ങൾ ഇവിടെ വ്യക്തമാണുതാനും. "അവിടുന്ന് മഹത്വവും തേജസും ധരിച്ചിരിക്കുന്നു, വസ്ത്രമെന്നതുപോലെ അങ്ങ് പ്രകാശമണിഞ്ഞിരിക്കുന്നു" (സങ്കീ. 104:2). പ്രപഞ്ചോല്പത്തിയിൽ അന്ധകാരത്തിൽ ജ്വലിച്ച വചനം സകലതും ദൈവം പുതുതാക്കുന്ന നവസൃഷ്ടിയുടെ കാലത്ത് ലോകത്തിലേക്ക് വരുന്നതിനെ പറ്റിയുള്ള വത്സല ശിഷ്യന്റെ ഈ സാക്ഷ്യമൊഴികളോട് ചേർന്ന് ധ്യാനിക്കേണ്ട മറ്റ് രണ്ട് വചനഭാഗങ്ങൾ കൂടെ യോഹന്നാന്റെ സുവിശേഷത്തിലുണ്ട്.

> "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല." (യോഹ. 8:12)
>
> "ലോകത്തിലായിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ പ്രകാശമാണ്." (യോഹ. 9:5)

യേശു തന്റെ സത്താപരമായ വ്യതിരിക്തതയെ വെളിപ്പെടുത്തുന്ന ഈ രണ്ട് വചനഭാഗങ്ങളുടെയും പശ്ചാത്തലം യഹൂദരുടെ കൂടാരതിരുനാളാണ്. വത്സലശിഷ്യന്റെ രചനയുടെ മനോഹരമായ സവിശേഷതകളിൽ ഒന്നാണ്, യേശുവിലൂടെ നടക്കുന്ന ദൈവാവിഷ്കാരങ്ങളെ പഴയനിയമജനതയുടെ ദൈവാനുഭവത്തിന്റെ ഓർമ്മ ആഘോഷങ്ങളുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുകയെന്നത്. പെസഹാതിരുനാളും പെന്തകുസ്തയും കൂടാരതിരുനാളും ദേവാലയപ്രതിഷ്ഠതിരുനാളും യോഹന്നാന്റെ സുവിശേഷത്തിൽ വെളിപാടിന്റെ നിമിഷങ്ങളായി മാറുന്നു. ഇസ്രായേൽ ജനം വാഗ്ദാനദേശത്തേക്കുള്ള സുദീർഘമായ 40 വർഷത്തെ യാത്രയിൽ കൂടാരങ്ങളിൽ പാർത്തതിനെയും ജനത്തിന്റെ കൂടെ വസിച്ച യഹോവയുടെ പരിപാലനയെയും വാഴ്ത്തുന്ന കൂടാരതിരുനാളിന്റെ ദിവസങ്ങളിൽ ഒന്നിലാണ് യേശു സ്വയം വെളിപ്പെടുത്തുന്നത്: 'ഞാൻ ലോകത്തിന്റെ പ്രകാശമാണ്'. ജറുസലേമിൽ എത്തിയിരുന്ന തീർത്ഥാടകർ കൂടാരതിരുനാൾ ദിവസം മരക്കമ്പുകളും ചില്ലകളും കൊണ്ട് കെട്ടിയുണ്ടാക്കിയിരുന്ന താല്കാലിക കൂടാരങ്ങളിലാണ് വസിച്ചിരുന്നത്. തങ്ങളുടെ പൂർവ്വികർ വാഗ്ദാന

ദേശത്തേക്കുള്ള 40 വർഷം നീണ്ട യാത്രയിൽ കൂടാരങ്ങളിൽ വസിച്ച തിന്റെ ഓർമ്മ പുതുക്കലായിരുന്നു ഇതിന്റെ ലക്ഷ്യം (ലേവ്യർ 23:43 -44). തിരുനാൾ ദിവസങ്ങളിൽ സീയോൻ കുന്നും ജറുസലേം മുഴു വനും ദീപങ്ങൾ കൊണ്ട് അലങ്കരിക്കുക പതിവായിരുന്നു. കൊളുത്തി നിർത്തിയ പന്തങ്ങളായിരുന്നു നഗരത്തെ പ്രകാശിപ്പിച്ചതും ജനത്തെ രാത്രിയിൽ വഴികാണിച്ചിരുന്നതും. നഗരത്തിന് ചുറ്റും അലങ്കരിച്ച് തെളിയിച്ച് നിർത്തിയ ബഹുശതം ദീപസ്തംഭങ്ങളുടെ നടുവിൽ അണ യാത്ത യഥാർത്ഥ പ്രകാശം താനാണെന്ന ബോധ്യമുണ്ടായിരുന്ന നസ്രായേൻ വിളിച്ച് പറയുകയാണ് 'ഞാൻ ലോകത്തിന്റെ പ്രകാശ മാണ്'; സീയോൺ കുന്നിനെ അല്പനേരത്തേക്ക് പ്രകാശിപ്പിക്കാൻ കഴിയുന്ന ഈ വിളക്കുകളെയോ അവയുടെ ക്ഷണിക പ്രകാശ ങ്ങളെയോ അല്ല നിത്യമായ അന്ധകാരത്തെ ജയിക്കാൻ കഴിയുന്ന യഥാർത്ഥപ്രകാശമായ തന്നെയാണ് അനുഗമിക്കേണ്ടത്. ലോകത്തിന്റെ ക്ഷണികവെളിച്ചങ്ങളെ ഉപേക്ഷിച്ച് യേശുവിനെ അനുഗമിക്കുന്നവന ാണ് ഒരിക്കലും അണയാത്ത ജീവന്റെ പ്രകാശമുണ്ടാകുന്നത്. കർത്താവേ അങ്ങയുടെ വചനം എന്റെ പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശ വുമാണെന്ന സങ്കീർത്തനമൊഴികൾ (119:5) നസ്രത്തിലെ യേശുവിൽ - അവതരിച്ച വചനത്തിൽ - പൂർണ്ണതയും സാകല്യവും തേടുന്നു.

## ഒരു കാലിക വായന

പ്രകാശത്തിന്റെ പിറവിയെപ്പറ്റി വേദപുസ്തകം പറയുന്നത് ഇങ്ങനെയാണ്, "ആഴത്തിനു മുകളിൽ അന്ധകാരം വ്യാപിച്ചിരുന്നു... ദൈവം പറഞ്ഞു: "വെളിച്ചം ഉണ്ടാകട്ടെ, വെളിച്ചം ഉണ്ടായി." (*വെഹോഷക്ക് അൽപനെ തെഹോം... വയ്യോമർ എലോഹീം, യഹി ഓർ വൈഹി ഓർ*, ഉൽപ. 1:3). പ്രകാശത്തിന്റെ ഉത്ഭവം അന്ധകാരത്തിന്റെ മുകളിൽ മുഴങ്ങിയ ദൈവശബ്ദത്തിൽ നിന്നാണ്. ദൈവത്തിന്റെ വചനം തന്നെയാണ് ഭൂമിയുടെ ശൂന്യതകൾക്കും അന്ധകാരത്തിനും മീതെ പ്രകാശമായി മാറിയത് എന്ന് ചുരുക്കം. ഈ ചിന്തയിൽ നിന്നുവേണം 'യഥാർത്ഥ വെളിച്ചം' എന്ന് വത്സല ശിഷ്യൻ യേശുവിനെ വിശേഷിപ്പിക്കുന്നതിന്റെ സാംഗത്യം മനസിലാക്കാൻ. വചനവും പ്രകാശവും രണ്ടല്ല. മറിച്ച് ആദിയിൽ ദൈവത്തോടൊപ്പമായിരുന്ന വചനം തന്നെയാണ് പ്രകാശമായി മാറിയത്.

ഇനി ഇതേ വചനത്തിന്റെ വെളിച്ചത്തിൽ അന്ധകാരത്തെപ്പറ്റി ചിന്തിക്കുക. എന്താണ് അന്ധകാരം? ദൈവവചനം മുഴങ്ങുന്നതിനു മുമ്പുള്ള അവസ്ഥയാണത്. വചനം മുഴങ്ങുമ്പോൾ അന്ധകാരം വഴിമാറുന്നു. ഈ ചിന്തയുടെ മനോഹരമായ ഒരാവിഷ്കാരമുണ്ട് വത്സല ശിഷ്യന്റെ രചനയിൽ. അന്ത്യഅത്താഴ കൂട്ടായ്മയിൽനിന്ന്, വചനത്തിന്റെ മാംസരൂപമായ യേശുവിന്റെ സാമിപ്യത്തിൽനിന്ന് ഒരു മനുഷ്യൻ ഇറങ്ങിപ്പോകുന്നത് വിവരിക്കുന്നുണ്ടിവിടെ. യൂദാസെന്ന ആ പന്ത്രണ്ടുപേരിൽ ഒരുവൻ യേശുവിനെ തിരസ്കരിച്ച് ഇറങ്ങിപ്പോയത് വിവരിക്കുമ്പോൾ യോഹന്നാൻ ഇങ്ങനെ കൂട്ടിച്ചേർക്കുന്നുണ്ട്; 'അപ്പോൾ രാത്രിയായിരുന്നു' (യോഹ. 13:30). ദൈവവചനത്തെ, മാംസം ധരിച്ച വചനമായ യേശുവിനെ തിരസ്കരിക്കുന്നതാണ് അന്ധകാരം; എന്റെ മേൽ വചനം മുഴങ്ങാൻ അനുവദിക്കാത്തതാണ് ഇരുട്ട്.

വേദപുസ്തകത്തിന്റെ വിവരണത്തിൽ മാത്രമല്ല, മനുഷ്യവംശത്തിന്റെ പരിണാമഗതിയിലും സംഭവിച്ച സത്യമാണിത്. വചനം മുഴങ്ങിയിടത്തൊക്കെ അന്ധകാരം വഴിമാറി; നസ്രത്തിലെ യേശു പ്രഘോഷിക്കപ്പെട്ടിടത്തെല്ലാം മനുഷ്യർ വെളിച്ചത്തിന്റെ ഉണ്മയിലേക്ക് ഉണർന്നു. പറഞ്ഞുവരുന്നത്, അന്ധകാരത്തിന്റെ മാറാപ്പുകൾ മാറ്റി പ്രകാശത്തിന്റെ ഉത്സവത്തിലേക്ക് മാനവസംസ്കാരങ്ങളെ കൈപിടിച്ചുയർത്തിയതിൽ സുവിശേഷത്തിനുള്ള പങ്കിനെപ്പറ്റിയാണ്. ലോകത്തെവിടെയും പുരോഗമന സമൂഹങ്ങൾ അഭിമാനത്തോടെ ഉയർത്തപ്പിടിക്കുന്ന ആശയങ്ങൾ, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, വിശ്വമാനവികത ഇവയൊക്കെ വേദപുസ്തകം

സമ്മാനിച്ച ആശയങ്ങളാണല്ലോ. ഭാരതത്തിന്റെ കഥയും മറ്റൊന്ന ല്ലല്ലോ. ഇന്ത്യയുടെ ആത്മാവിനെ ഗ്രസിച്ച ഇരുട്ട് ഓടിയൊളിച്ചത് ഇവിടെ വചനം മുഴങ്ങിയപ്പോഴല്ലേ. ഭാരതം കണ്ട എല്ലാ നവോ ത്ഥാന പ്രസ്ഥാനങ്ങളുടെയും രാസത്വരകമായി വർത്തിച്ചത് ക്രൈസ്തവ മിഷനറിമാരും സുവിശേഷ മൂല്യങ്ങളുമായിരുന്നു. സാമൂഹിക വ്യവസ്ഥയുടെ മാറ്റത്തിൽ, ഭാഷയുടെ വളർച്ചയിൽ, അന്ധവിശ്വാസങ്ങളിൽനിന്നുള്ള മോചനത്തിൽ, മിഷനറിമാരും സുവിശേഷവും വഹിച്ച നിസ്തുലമായ പങ്ക് തമസ്കരിക്കാവുന്ന തല്ല.

"*സ്നാതനശ്വം ഗജം മത്തം; ഋഷഭം കാമമോഹിതം; ഷൂദ്രന ക്ഷരസംയുക്തയ; ധൂരത പരിവർജയേത്*"

കൗടില്യന്റെ ഈ നീതിസാര സൂക്തം അക്ഷരശ്ശഃ പാലിച്ച നാ ട്ടിൽ 'എല്ലാ പള്ളികളോടും ചേർന്ന് പള്ളിക്കൂടങ്ങൾ തുടങ്ങണമെ ന്നും പള്ളിക്കൂടങ്ങൾ ഇല്ലാത്ത പള്ളികൾ താഴിട്ട് പൂട്ടണമെന്നും' കൽപന പുറപ്പെടുവിക്കാനുള്ള ആർജ്ജവത്വവും ദീർഘവീക്ഷ ണവുമുണ്ടായിരുന്ന വി. ചാവറപ്പിതാവിനു തുല്യനായി മറ്റാരാണ് ഭാരത ചരിത്രത്തിലുള്ളത്? വിവേചനങ്ങളില്ലാതെ നാം കൊടുത്ത വിദ്യയുടെ ബലത്തിലല്ലേ റാം മോഹൻ റോയി സാമൂഹിക പരി ഷ്കർത്താവായത്? അംബേദ്കർ ഡോ. B.R. അംബേദ്കർ എന്ന ഭരണഘടനാ ശിൽപിയായത്? പൽപു ഡോ. പൽപുവായത്? K.R. നാരായണൻ രാഷ്ട്രപതി പദം വരെ ഉയർന്നത്? അതായത്, സുവി ശേഷം അത് ചെന്നെത്തിയ ഇടങ്ങളിലെല്ലാം പൗരാവകാശത്തിന്റെ പ്രകടനപത്രികയും മാനവികതയുടെ പടഹധ്വനിയുമായി മാറി; വചനം മുഴങ്ങിയിടത്തെല്ലാം ഇരുട്ട് വഴിമാറി.

ഇരുപത്തിഒന്നാം നൂറ്റാണ്ടിനെ 'ദൈവഗ്രഹണത്തിന്റെ നൂറ്റാണ്ട്' എന്ന് വിളിച്ചത് ബനഡിക്റ്റ് പതിനാറാമൻ പാപ്പായാണ്. നസ്രത്തിലെ യേശുവിനെയും അവന്റെ സുവിശേഷ വെളിച്ച ത്തെയും തമസ്കരിക്കാൻ വ്യഗ്രതപ്പെടുന്ന കാലം. വെളിച്ചത്തിന്റെ ശുശ്രൂഷകൾക്ക് അതിനാൽ ഇനിയും പ്രസക്തിയുണ്ട്. അതു പോലെ മരണം മണക്കുന്ന വർത്തമാനകാലത്തിന്റെ ഇരുൾ സംസ്കാരത്തോട് യഥാർത്ഥ പ്രകാശത്തിന്റെ, നസ്രത്തിലെ യേശു വിന്റെ സൗമ്യ വെളിച്ചത്തിന്റെ സൗന്ദര്യത്തെക്കുറിച്ച് പറയുന്ന ജീവന്റെ പ്രകാശത്തിലേക്ക് മനുഷ്യരെ ക്ഷണിക്കുന്ന, പ്രകാശ ത്തിന്റെ ശുശ്രൂഷകർക്ക് - മിഷണറിമാർക്ക് - പ്രണാമം.

3

# മാംസകൂടാരം തേടിയ വചനം
## (യോഹ. 1:14)

വത്സലശിഷ്യൻ തന്റെ ഓർമ്മകുറിപ്പുകളിലെ ആദ്യത്തെ പതിമൂന്ന് വാക്യങ്ങളിലൂടെ എല്ലാറ്റിന്റെയും ആദികാരണ മായ വചനത്തിന്റെ ചരിത്രാതീതമായ അസ്തിത്വത്തെയും ആ വചനം മനുഷ്യനെ തേടി മനുഷ്യന്റെ ചരിത്രത്തിലേക്ക് നടത്തുന്ന യാത്രയെയുമാണ് അവതരിപ്പിക്കുന്നത്. വചന ത്തിന്റെ ഈ യാത്രയുടെ ലക്ഷ്യപൂർത്തീകരണമാണ് 1:14 വാക്യത്തിൽ പിന്നീട് കുറിക്കുന്നത്. "*ഹൊ ലോഗോസ് സാർക്സ് എഗനെത്തോ കായി എസ്കെനോസിൻ ഹെമിൻ*" – "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു". വത്സല ശിഷ്യന്റെ ഭാഷയിൽ മനുഷ്യരുടെ കൂടെ വസിക്കുന്ന തിനുവേണ്ടി മാംസകൂടാരം തേടിയുള്ള വചനത്തിന്റെ യാത്ര യുടെ സഫലീകരണമാണ് മനുഷ്യാവതാരം. വചനം മാംസം ധരിച്ചത് മനുഷ്യ ചരിത്രത്തിലെ മാത്രമല്ല ലോക സൃഷ്ടി യുടെ മുഴുവൻ ചരിത്രത്തിലെയും ഏറ്റവും നിർണ്ണായകവും ഉദ്വേഗജനകവുമായ മുഹൂർത്തമായിരുന്നു എന്നതാണ് സത്യം. കാരണം, മനുഷ്യാവതാരം മനുഷ്യവംശത്തിന് ദൈവത്തോടും ദൈവത്തിന് മനുഷ്യവംശത്തോടും അതുവരെ ഉണ്ടായിരുന്ന ബന്ധത്തെ തകിടം മറിക്കുകയും പുതിയ അർത്ഥവും രൂപവും നൽകുകയും ചെയ്തതായിരു ന്നു. 'വചനം മാംസം ധരിച്ചു' എന്ന മൂന്ന് വാക്കുകളിൽ (*ലോഗോസ് സാർക്സ് എഗനെത്തോ*) 2500 പദങ്ങളിലായി ലൂക്കാ നടത്തിയ മനുഷ്യാവതാര വിവരണത്തിനു തുല്ല്യ മായ ദൈവശാസ്ത്ര ദർശനമാണ് വത്സല ശിഷ്യൻ അവത രിപ്പിച്ചത്.

മാംസം ധരിക്കുക എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത് യോഹന്നാന്റെ തൂലികയിൽ വിരിഞ്ഞ *സാർക്സ് എഗനെത്തോ* - എന്ന പ്രയോഗത്തെയാണ്. സാർക്സ് എന്ന പദം ഗ്രീക്ക് - ഹെബ്രായ സാഹിത്യത്തിൽ വ്യാപകമായി ഉപയോഗിച്ചിരുന്ന Metonymy Synecdoche എന്ന സാഹിത്യശൈലിയാണ്. ഇതിലൂടെ സാർക്സ് (മാംസം - Flesh) എന്ന ഒരു വാക്കിലൂടെ സമ്പൂർണ്ണ വ്യക്തിയെ വിവക്ഷിക്കുകയാണ് ഗ്രന്ഥകാരൻ ചെയ്യുന്നത്. *സാർക്സ് എഗനെത്തോ* എന്ന് Metonymy എന്ന സാഹിത്യരൂപത്തിൽ പറയുമ്പോൾ വചനം പൂർണ്ണ മനുഷ്യവ്യക്തിയായി തീർന്നു എന്നാണ് വത്സലശിഷ്യൻ വിവക്ഷിക്കുന്നത് എന്ന് ചുരുക്കം. മാംസവും വചനവും (*സാർക്സ് ലോഗോസ്*) രണ്ട് വിരുദ്ധ ധ്രുവങ്ങളെയാണ് ആശയപരമായി പ്രതിനിധാനം ചെയ്യുന്നത്. മാംസം ഭൂമിയുടെ സകല ബലഹീനതകളുടെയും നശ്വരതയുടെയും നിസ്സാരതയുടെയും പ്രതീകമാണെങ്കിൽ വചനം സ്വർഗ്ഗത്തിന്റെ എല്ലാ ശക്തിയുടെയും മഹത്വത്തിന്റെയും അനശ്വരതയുടെയും പ്രതീകമാണ്. മനുഷ്യാവതാരം - വചനം മാംസമായത് - രണ്ട് ധ്രുവങ്ങളുടെ കൂടിച്ചേരൽ എന്ന മഹാത്ഭുതമാണ്. വിരുദ്ധ ധ്രുവങ്ങൾ കൂട്ടിമുട്ടുക എന്ന അസാധ്യതയും അത്ഭുതവുമാണ് വചനം മാംസമായപ്പോൾ സംഭവിച്ചത്. സ്വർഗ്ഗം മണ്ണിനെ പുണരുന്നു; അനശ്വരത നശ്വരത സ്വീകരിക്കുന്നു; മഹത്വം ബലഹീനതകളുടെ മേലങ്കി അണിയുന്നു. വചനം ഭൂമിയുടെ ഭാഗമായതിന്റെ ചരിത്രാഖ്യാനമാണ് തുടർന്നുള്ള യോഹന്നാന്റെ സുവിശേഷത്തിൽ മുഴുവൻ നാം കാണുന്നത്.

'മാംസം ധരിച്ചു' (to become) എന്നതിലെ 'ധരിച്ചു' എന്ന വാക്ക് *എഗനെത്തോ* (past tense of the verb *ഗിനോമായി*) എന്ന ഗ്രീക്ക് പദത്തിന്റെ പരിഭാഷയാണ്. വചനം മാംസത്തിൽ കാണപ്പെടുകയല്ല സത്യമായും ആയിത്തീർന്നു എന്നാണ് ഈ വാക്കുകളുടെ അർത്ഥം. യഥാർത്ഥത്തിൽ, *സാർക്സ് എഗനെത്തോ* (മാംസം ധരിച്ചു) എന്ന രണ്ട് വാക്കുകളിലൂടെ യോഹന്നാൻ അവതരിപ്പിക്കുന്നത്, നസ്രത്തിലെ യേശു മനുഷ്യരൂപത്തിൽ കാണപ്പെട്ട ദൈവികവ്യക്തിയോ സ്നാന സമയത്ത് ദൈവിക ചൈതന്യം സ്വീകരിച്ച മനുഷ്യവ്യക്തിയോ അല്ല മറിച്ച് അവിടുന്ന് യഥാർത്ഥത്തിൽ മാംസം ധരിച്ച ദൈവമാണ് എന്നാണ്. ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും പൂർണ്ണത അവനിൽ സമഞ്ജസമായി സമ്മേളിക്കുന്നു. ഈ അഗാധമായ ക്രിസ്തുവിജ്ഞാനീയമാണ് ഈ വാക്കുകളുടെ ആന്തരികതയിൽ കണ്ടെത്താൻ കഴിയുന്നത്.

'വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു' എന്ന ഈ വാചകത്തിലൂടെ അവതരിപ്പിക്കുന്ന ക്രിസ്തുവിജ്ഞാനീയം മാനുഷികബുദ്ധിയുടെ അപഗ്രഥനങ്ങൾക്കും അപ്പുറത്താണെന്നാണ് തോന്നുന്നത്. ഈ ഒരു വെളിപ്പെടുത്തലിന്റെ അടിത്തറയിൽ നിന്നാണ് വത്സല ശിഷ്യൻ പ്രിയ ഗുരുവിന്റെ ജീവിതത്തെയും പ്രവർത്തികളെയും നോക്കിക്കാണുന്നതും വ്യാഖ്യാനിക്കുന്നതും. അതായത് വചനമായ ദൈവം മാംസം ധരിക്കുകയും വചനത്താൽ സകലതും ആദിയിലെപ്പോലെ നിവൃത്തിയാകുകയും ചെയ്യുന്നു. സങ്കീർത്തനം 33:6 ഇതേ ആശയം ആവർത്തിക്കുന്നത് ശ്രദ്ധിക്കുക: "കർത്താവിന്റെ വചനത്താൽ ആകാശം നിർമ്മിക്കപ്പെട്ടു; അവിടുത്തെ കൽപനയാൽ ആകാശ ഗോളങ്ങളും."

യോഹന്നാൻ അടയാളങ്ങൾ (*സെമെയിയാ*) എന്ന് വിളിക്കുന്ന യേശു പ്രവർത്തിച്ച അത്ഭുതങ്ങളെകുറിച്ച് ചിന്തിക്കുക; യേശു കാനായിൽ വെള്ളം വീഞ്ഞാക്കി തന്റെ മഹത്വം വെളിപ്പെടുത്തുന്നു. ഇവിടെ യേശു എന്താണ് ചെയ്യുന്നത്. അവൻ പറയുക മാത്രം ചെയ്യുന്നു. വചനത്തിന്റെ ശക്തിയിൽ അത്ഭുതം സംഭവിക്കുന്നു. രാജസേവകന്റെ മകനെ സുഖപ്പെടുത്തുന്ന രംഗം ഓർക്കുക; മകന്റെ സൗഖ്യത്തിനായി അയാൾ കേണപേക്ഷിക്കുമ്പോൾ യേശു ഒന്നും പ്രവർത്തിക്കുന്നില്ല, മറിച്ച് 'നിന്റെ മകൻ സുഖം പ്രാപിക്കും' എന്ന് പറയുക മാത്രം ചെയ്യുന്നു (യോഹ. 4:50). വചനത്തിന്റെ ശക്തി സൗഖ്യം നൽകുന്നു. ബഥ്സയ്ഥാ കുളക്കടവിലെ തളർവാതരോഗിയെ സുഖപ്പെടുത്തിയ രംഗത്തിലും ഇതുതന്നെയാണ് നാം കാണുന്നത്. യേശു അയാളോട് പറയുന്നു: 'എഴുന്നേൽക്കുക'. വചനത്തിന്റെ ശക്തിയാൽ അയാൾ തത്ക്ഷണം എഴുന്നേൽക്കുന്നു. അവസാനമായി, ലാസറിനെ ഉയർപ്പിക്കുന്ന വിവരണം ശ്രദ്ധിക്കുക. ലാസറിനെ സംസ്കരിച്ച കല്ലറയുടെ മുൻപിൽ നിന്ന് യേശു പറയുന്നു: 'ലാസറേ പുറത്തു വരിക'; തത്ക്ഷണം മൃതനായിരുന്ന ലാസർ ജീവനുള്ളവനായി മാറുന്നു. ഇവിടെയെല്ലാം പ്രവർത്തനനിരതമാകുന്നത് വചനമാണ്. യേശുവിന്റെ വാക്കും വ്യക്തിത്വവും തമ്മിൽ വ്യതിരിക്തതകളില്ലാത്ത വിധം ഐക്യപ്പെട്ടിരിക്കുന്നു. അഥവാ സർവ്വശക്തന്റെ വചനമാണ് മാംസമായി തീർന്നതും പ്രവർത്തിക്കുന്നതും. ദൈവവചനത്തെ പ്രവർത്തനനിരതനായ വ്യക്തിയോടുപമിക്കുന്ന (as an agent or messenger of God) നിരവധി ഭാഗങ്ങൾ വേദപുസ്തകത്തിൽ പ്രത്യേകിച്ച് പഴയ നിയമത്തിൽ കണ്ടെത്താൻ കഴിയും. ഉദാഹരണം, ഏശയ്യ 38:4 'ദൈവവചനം ഏശയ്യയെ സമീപിച്ചു.' ഏശയ്യ 7:3 ൽ 'ദൈവമായ കർത്താവ് ഏശയ്യായോട് അരുളിച്ചെയ്തു' എന്ന അതേ

ആശയമാണ് 38:4 നൽകുന്നതെങ്കിലും ഒരു വ്യക്തി എന്നതിന് തുല്യമായ പ്രയോഗമാണ് 'വചനം സമീപിച്ചു' എന്നതിൽ കാണുന്നത്. ഇതിനേക്കാളും മനോഹരമായ ആവിഷ്കാരമാണ് 107-ാം സങ്കീർത്തനം 20-ാം വാക്യത്തിൽ നാം കാണുന്നത്. "അവിടുന്ന് തന്റെ വചനമയച്ച് അവരെ സുഖപ്പെടുത്തി നാശത്തിൽനിന്ന് വിടുവിച്ചു." പഴയനിയമ ചിന്തയിൽ ദൈവവചനത്തിനുണ്ടായിരുന്ന ഇതേ വ്യക്തിപരമായ അസ്തിത്വം ആണ് യോഹന്നാന്റെ രചനയിൽ *ലോഗോസ്* എന്ന സംജ്ഞക്ക് നൽകിയിരിക്കുന്നത് എന്ന് ചുരുക്കം.

വചനത്താലുള്ള യേശുവിന്റെ പ്രവർത്തനത്തിന് ഉൽപത്തി പുസ്തത്തിലെ സൃഷ്ടിയുടെ വിവരണവുമായി വളരെ സാധർമ്മ്യമുണ്ട്. പ്രപഞ്ചസൃഷ്ടിയുടെ വിവരണം (ഉൽപ്പ. 1:3-31) ശ്രദ്ധിക്കുക. ദൈവം ഇവിടെ പ്രവർത്തിക്കുകയല്ല പറയുകയാണ്. ദൈവത്തിന്റെ വാക്ക് സകലതും പൂർത്തിയാകുന്നു. ദൈവം അരുളിചെയ്തു - (*വയ്യോമർ*) അങ്ങനെ സംഭവിച്ചു (*വൈഹി*) എന്നാണ് വിവരണം. '*വയോംമർ അദോനായ് എലോഹിം യഹി ഓർ വൈഹി ഓർ.*' 'ദൈവം അരുളിചെയ്തു വെളിച്ചം ഉണ്ടാകട്ടെ; വെളിച്ചം ഉണ്ടായി' (1:3). പ്രപഞ്ച സൃഷ്ടിമുതൽ വചനത്താൽ പ്രവർത്തനനിരതനായിരുന്ന ദൈവം പുനഃസൃഷ്ടി നടത്തുന്നതും ഈ വചനത്താലാണ് എന്നാണ് ഇതിൽ നിന്നും മനസിലാക്കേണ്ടത്. വചനത്തെ സ്വീകരിക്കുകയും വചനത്തോട് സഹവസിക്കുകയും വഴിയല്ലാതെ ആർക്കും പുനസൃഷ്ടിയാകാനോ നവീകരിക്കപ്പെടാനോ അതുകൊണ്ടുതന്നെ സാധ്യമല്ലതാനും.

മാംസമായി തീർന്ന വചനം 'നമ്മുടെ ഇടയിൽ വസിച്ചു' (*എസ്കെനോസൻ ഹെമിൻ*) എന്നാണ് യോഹന്നാൻ വിവരിക്കുന്നത്. *എസ്കനോസൻ* എന്നത് *സ്കേനയോ* എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് രൂപം കൊണ്ടിട്ടുള്ളത്. വാച്യാർത്ഥത്തിൽ കൂടാരമടിക്കുക എന്ന് മനസിലാക്കാം. യോഹന്നാന്റെ പദാവലിയിൽ വളരെ പ്രാധാന്യമുള്ള പദമാണ് *സ്കേനയോ* (വസിക്കുക). ഹെബ്രായ ഭാഷയിൽ *ഷക്കാൻ* എന്നും അറമായ ഭാഷയിൽ *ഷക്കീനാഹ്* എന്നുമാണ് ഇതിന് തത്തുല്യമായ വാക്കുകൾ. ഇവയെല്ലാം വാച്യാർത്ഥത്തിൽ കൂടാരമടിക്കുക എന്നാണ് വിവക്ഷിക്കുന്നതും.

വചനം മാംസം ധരിച്ച് നമ്മുടെ ഇടയിൽ വസിച്ചു എന്ന വത്സല ശിഷ്യന്റെ സാക്ഷ്യം മനസിലാക്കണമെങ്കിൽ പഴയനിയമത്തിൽ കൂടാരമടിക്കുക എന്ന പദം (ഷക്കാൻ) ഉപയോഗിച്ചിരുന്ന സന്ദർഭങ്ങൾ പരിശോധിക്കേണ്ടതുണ്ട്. പുറപ്പാട് 25:8 ലാണ് ദൈവം തന്റെ ജനത്തിന്റെ

കൂടെ വസിക്കും എന്ന് ആദ്യമായി പറയുന്നത്. മോശയോട് ദൈവം സമാഗമകൂടാരം നിർമ്മിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് വാഗ്ദാനം ചെയ്യുന്നതിപ്രകാരമാണ്: "*വെഷക്കാൻതി ബെതെക്കോം*" (and I shall dwelt among you). പുറപ്പാട് 29:45 സമാഗമകൂടാരം സമർപ്പിച്ചപ്പോൾ അതിൽ ദൈവസാന്നിധ്യം ഇറങ്ങി വന്നു വസിച്ചു എന്ന് വിവരിക്കുന്നിടത്ത് *ഷക്കാൻ* എന്ന വാക്കാണ് 'ദൈവമഹത്വം വസിക്കുന്നു' എന്നതിന് തതുല്യമായി ഉപയോഗിച്ചിരുന്നത്. സോളമൻ ദേവാലയ പ്രതിഷ്ഠ നടത്തുമ്പോൾ ആലയത്തിൽ നിറഞ്ഞ് ദൈവമഹത്വം വസിക്കുന്നതിനും (1രാജാ. 6:13) പ്രവാസത്തിനുശേഷം പുനർനിർമ്മിച്ച ദേവാലയത്തിലേക്ക് കർത്താവിന്റെ മഹത്വം തിരികെവന്ന് വസിക്കുന്നതായി പറയുന്നിടത്തും (എസക്കി. 45:7), 'ഞാൻ വന്ന് നിങ്ങളുടെ ഇടയിൽ വസിക്കും' എന്ന് ദൈവം പ്രവാചകനിലൂടെ പറയുന്നതിനും (സഖ. 2:10) വസിക്കുക എന്ന അർത്ഥത്തിൽ *ഷക്കാൻ* എന്ന പദമാണ് ഉപയോഗിച്ചിരുന്നത്. വി. ജറോം ലത്തീനിൽ സഖ. 2:10 ഇങ്ങനെയാണ് പരിഭാഷപ്പെടുത്തിയത്: '*et tabernaclavit in nobis*' (*എത്ത് തബർണാക്ലാവിസ് ഇൻ നോബിസ്*) അക്ഷരാർത്ഥത്തിൽ 'കൂടാരമടിക്കുക' (to tabernacle) എന്നർത്ഥം.

വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു എന്ന വത്സല ശിഷ്യന്റെ വാക്കുകളെ മുകളിൽ പരാമർശിച്ച പഴയ നിയമഭാഗങ്ങളുടെ വെളിച്ചത്തിൽ മനസിലാക്കുമ്പോൾ ചരിത്രത്തിൽ ഇസ്രായേൽ ജനതയിലേക്ക് ഇറങ്ങിവന്ന അതേ മഹത്വമാണ് യേശുവിൽ കാണപ്പെട്ടതെന്നും കൂടെ വസിക്കും എന്ന ദൈവത്തിന്റെ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് മനുഷ്യാവതാരമെന്നുമാണ് അവയുടെ ആന്തരികാർത്ഥം എന്നും വ്യക്തമാണ്. ഇസ്രായേൽ ജനതയ്ക്ക് സമാഗമ കൂടാരത്തിലും ജറുസലേം ദേവാലയത്തിലും നിറഞ്ഞ് വസിച്ച് സ്വയം സംലഭ്യനാക്കിയ അതേ ദൈവം മനുഷ്യരുടെ കൂടെ നവ്യമായും നിത്യമായും വസിക്കുന്നതാണ് നസ്രത്തിലെ യേശു എന്നാണ് യോഹന്നാൻ വിവക്ഷിക്കുന്നത് എന്ന് ചുരുക്കം. യേശുവിൽ വത്സല ശിഷ്യൻ കണ്ടത് ഈ ദൈവമഹത്വം കൂടാരമടിച്ചതിനെയാണ്. 'വചനം മാംസം ധരിച്ച് നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നാം ദർശിച്ചു' എന്ന യോഹന്നാന്റെ വാക്കുകൾ അങ്ങനെ സാക്ഷിമൊഴിയായി മാറുന്നു. നസ്രത്തിലെ യേശു വത്സല ശിഷ്യന് ചരിത്രത്തിൽ പഴയനിയമ ജനതയ്ക്ക് അപൂർണ്ണമായി പ്രത്യക്ഷപ്പെട്ട, ദൈവസാന്നിധ്യം പൂർണ്ണമായും നിത്യമായും മനുഷ്യചരിത്രത്തിലേക്ക് ഇറങ്ങിവന്നിരുന്നു. വത്സല

ശിഷ്യന്റെ അഗാധമായ ഈ വിശ്വാസമാണ് വെളിപാട് പുസ്തകത്തിൽ വീണ്ടും ആവർത്തിക്കുന്നത്.

> "ഇതാ ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ, അവിടുന്ന് അവരോടൊത്ത് വസിക്കും. അവർ അവിടുത്തെ ജനമായിരിക്കും. അവിടുന്ന് അവരോടുകൂടെ ആയിരിക്കുകയും ചെയ്യും." (വെളിപാട് 21:3)

മനുഷ്യാവതാരം കൂടെ വസിക്കാൻ വേണ്ടിയുള്ള ദൈവത്തിന്റെ സ്വയം ശൂന്യവത്ക്കരണമായിരുന്നു എന്നാണ് ഈ വാചകത്തിൽ നിന്ന് ഉരുത്തിരിയുന്ന സന്ദേശം. ദൈവത്തിന്റെ മഹത്വമാർന്ന വചനം മാംസത്തിന്റെ നശ്വരതയും നിസാരതയും പുൽകിയത് കൂടെ വസിക്കാനാണ്, കൂടാരമടിക്കാനാണ്. ഈ സാക്ഷിമൊഴിലൂടെ അപ്പോൾ വത്സല ശിഷ്യൻ തന്റെ വായനക്കാരെ ക്ഷണിക്കുന്നത് സഹവാസത്തിന്റെ പുതിയ ആത്മീയശീതളിമയിലേക്കാണ് (A new spirituality of tabernacling with God). ഈ കൃപനിറഞ്ഞ സഹവാസത്തിന്റെ ഫലമോ? സകലതും പുതുതായി തോന്നുന്ന ആത്മീയ അനുഭൂതി തന്നെ.

> "അവിടുന്ന് അവരുടെ മിഴികളിൽ നിന്ന് കണ്ണീർ തുടച്ച് നീക്കും. ഇനി മരണം ഉണ്ടായിരിക്കുകയില്ല, ഇനിമേൽ ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവുകയില്ല. പഴയതെല്ലാം കടന്നുപോയി" (വെളിപാട് 21:4).

## ഒരു കാലിക വായന

ദൈവസാന്നിധ്യത്തിന്റെ ഭൂമിയിലെ ഏറ്റവും ഉദാത്തവും പരിപൂർണ്ണവുമായ കൂടാരത്തെപ്പറ്റിയാണ് കഴിഞ്ഞ പേജുകളിൽ ചിന്തിച്ചത്. അത് മറ്റൊന്നുമല്ല നസ്രത്തിലെ യേശുവിന്റെ ശരീരമാണ്. ഗരിസിം മലയിലോ സിയോൻ കുന്നിലോ കണ്ടെത്താൻ കഴിയാത്ത പൂർണ്ണതയുള്ള ദൈവസാന്നിധ്യത്തിന്റെ കൂടാരം. ഈ ഒരു ചിന്തയുടെ വെളിച്ചത്തിൽ വർത്തമാന കാലത്തെ ദൈവസാന്നിധ്യത്തിന്റെ കൂടാരങ്ങളെപ്പറ്റി ചിന്തിക്കുക. നമ്മുടെ ദേവാലയങ്ങളെപ്പറ്റിതന്നെ. ഞാനീ കുറിപ്പ് എഴുതുന്നത് ഒരുപക്ഷെ ലോകത്തിലെ തന്നെ ഏറ്റവും അധികം ദേവാലയങ്ങൾ ഉള്ള റോമാ നഗരത്തിൽ നിന്നാണ്. മനുഷ്യവംശത്തിന്റെ സാംസ്കാരിക പുരോഗതിയിൽ ദേവാലയങ്ങൾക്കും ബലിപീഠങ്ങൾക്കും നിർണ്ണായകമായ ഒരു സ്ഥാനം ഉണ്ടായിരുന്നു എന്നതും വർത്തമാനകാലത്തിൽ ഉണ്ടെന്നുള്ളതും വിസ്മരിക്കാനാവില്ല. കേരളത്തിന്റെ വികസന ചരിത്രത്തിൽ, പ്രത്യേകിച്ച് മലബാറിന്റെയും ഹൈറേഞ്ചിന്റെയും വികസന വഴിയിൽ, പള്ളികളും അവയോട് ചേർന്ന് രൂപം കൊണ്ട കൂട്ടായ്മകളും വഹിച്ച നിസ്തുലമായ പങ്കിനെ ആർക്കാണ് തമസ്കരിക്കാനാവുന്നത്. അത്താഴപട്ടിണിക്കാരും നിരക്ഷരരും അസംഘടിതരുമായ കുടിയേറ്റ ജനതയുടെ ആശ്രയവും അഭയവുമായിരുന്നു ദേവാലയങ്ങൾ. ദേവാലയം അഭയശിലയായിരുന്നു, ആകണം. എന്നുപറഞ്ഞാൽ ദേവാലത്തിൽ അന്തർലീനമായ ആശയം വർത്തമാനകാലത്തിലുടെ കടന്ന് ഭാവിയെ തൊടേണ്ടതാണ് എന്നതുതന്നെ. അതുകൊണ്ട് തന്നെ ദേവാലയങ്ങൾക്കും ബലിപീഠങ്ങൾക്കും ഒരിക്കലും പ്രസക്തി അവസാനിക്കുന്നില്ലതാനും.

ദേവാലയങ്ങൾ പ്രതിനിധാനം ചെയ്യുന്ന, അവയിൽ അന്തർലീനമായിരിക്കുന്ന ആശയം ആണല്ലോ അവയുടെ പ്രസക്തിയുടെ കാരണം. അതാണല്ലോ വിശ്വാസം വളർത്തുന്നത്. പക്ഷെ ദേവാലയം പണിയുന്നവർ അവ പ്രതിനിധാനം ചെയ്യുന്ന മഹത്തായ ആശയത്തെ ഉയർത്തിക്കാട്ടാൻ വിസ്മരിച്ച്, അതിന്റെ ബാഹ്യഘടനയിൽ ഭ്രമിച്ച് പോയാലോ? അവിടെ ആരംഭിക്കുന്ന വിശ്വാസത്തകർച്ച എന്ന മഹാവിപത്തിനെ നാം ഭയക്കണം. കാലത്തിന്റെ ചുവരെഴുത്തുകളെ വായിക്കണം എന്ന് പൊതുവേ പറയാറുണ്ടല്ലോ. പരിമിതികളുടെയും പരാധീനതകളുടെയും നടുവിൽ ദൈവത്തിന് ഒരു ഭവനവും ദൈവജനത്തിന് ഒരു കൂട്ടായ്മയുടെ ഇടവും എന്ന മഹാത്ഭുതം സൃഷ്ടിച്ച മഹത് വ്യക്തികളുടെ

മുമ്പിൽ, അവരുടെ തുലനം ചെയ്യാനാവാത്ത ത്യാഗത്തിന്റെ മുമ്പിൽ വിനയപൂർവ്വം പ്രണമിച്ച്കൊണ്ടുതന്നെ പറയട്ടെ; ദേവാലയങ്ങളെ മനുഷ്യമഹത്വത്തിന്റെ പ്രതിഫലനങ്ങളായ ബാബേൽ ഗോപുരങ്ങളായി, ആഢംബരത്തിന്റെയും ആർഭാടത്തിന്റെയും അഹങ്കാരപർവ്വതങ്ങളാക്കി ഉയർത്തുന്നവർ ബാബേലിൽ നടന്ന ചിതറിപ്പോകലിലേക്കാണ് സഭയെ നയിക്കുന്നത്. ഒരു ദേശത്തെ ജനതയെ ഒരുമിപ്പിക്കാൻ നിർമ്മിക്കപ്പെട്ട എത്ര ദേവാലയങ്ങളാണ് സമീപഭാവിയിൽ ഇടർച്ചയുടെ കല്ലും വിഭജനത്തിന്റെ കാരണവും ആയി മാറിയിട്ടുള്ളത്!

ദൈവമഹത്വം ചരിത്രത്തിൽ ആദ്യം ഇറങ്ങിവന്നത് അഭയാർത്ഥികളും പ്രവാസികളുമായ ഇസ്രായേൽ ജനതയുടെ മധ്യേ വസിക്കാനാണ്. അവരുടെ കണ്ണീരിനെയും കഷ്ടതയേയും പ്രണയിച്ചവനായിരുന്നു ആ ദൈവം. അവിടുന്ന് അലയുന്നവന്റെ അഭയശിലയായിരുന്നു; മേഘത്തൂണും അഗ്നിസ്തംഭവുമായിമാറി കൂടെ നടന്നവനായിരുന്നു. ഈ ദൈവസാന്നിധ്യത്തിന്റെ പൂർണ്ണതയാണ് നസ്രത്തിലെ യേശുവിൽ സംഭവിച്ചത്. അതുകൊണ്ടുതന്നെ അവൻ എന്നും സന്തപ്തഹൃദയർക്കൊപ്പമായിരുന്നു, മുക്കുവരുടെയും ചുങ്കക്കാരുടെയും കൂടെ; പാപിയുടെ സഖിത്വവും വ്യഭിചാരികളെന്ന് സമൂഹം വിധിച്ചവരുടെ പന്തിഭോജനവും ഇഷ്ടപ്പെട്ടവനായി. ഇന്ന് നാം പുനഃസൃഷ്ടിക്കേണ്ടത് ആ ദേവാലയത്തെയാണ്, പുനർനിർമ്മിക്കേണ്ടത് മഹത്തായ ഈ ആശയത്തെയാണ്.

4

# നിങ്ങൾ എന്ത് അന്വേഷിക്കുന്നു
## (യോഹ. 1:38)

"യേശു തിരിഞ്ഞ് അവർ തന്റെ പിന്നാലെ വരുന്നത് കണ്ട് ചോദിച്ചു: നിങ്ങൾ എന്ത് അന്വേഷിക്കുന്നു? അവർ ചോദിച്ചു: റബ്ബി അങ്ങ് എവിടെ വസിക്കുന്നു? അവൻ പറഞ്ഞു, വന്ന് കാണുക. അവർ ചെന്ന് അവർ വസിക്കുന്നിടം കാണുകയും അന്ന് അവന്റെ കൂടെ താമസിക്കുകയും ചെയ്തു: അപ്പോൾ ഏകദേശം പത്താം മണിക്കൂറായിരുന്നു." (1:38)

മാംസം ധരിച്ച നിത്യവചനം വെളിപ്പെടുത്തിയ പുതിയ ആത്മീയതയുടെ മനോഹരമായ അക്ഷരസാക്ഷ്യമായി ഓർമ്മകളുടെ പച്ചപ്പും സ്നേഹാനുഭവത്തിന്റെ സ്നിഗ്ധതയുമുള്ള ഈ വാക്കുകളെ മനസിലാക്കാം. ഒരർത്ഥത്തിൽ പറഞ്ഞാൽ മനുഷ്യജീവിതം ജനനം മുതൽ മരണം വരെ നീളുന്ന നീണ്ട ഒരന്വേഷണമാണ്. ഇതിൽ ഓരോരുത്തരും തിരയുന്നത് വ്യത്യസ്തമായവയെ ആയിരിക്കും എന്ന് മാത്രം. മനുഷ്യന്റെ അന്വേഷണങ്ങളെ മുഴുവൻ പിടിച്ച് കുലുക്കുന്ന, പുനഃപരിശോധിക്കാൻ നിർബന്ധിക്കുന്ന ചോദ്യമാണ് ഇവിടെ യേശു ചോദിക്കുന്നത്. നിങ്ങൾ എന്ത് അന്വേഷിക്കുന്നു? - *തീ സേതെയ്ത്തെ?* പ്രശസ്ത ബൈബിൾ പണ്ഡിതനായ റുഡോൾഫ് ബൂൾട്ട്മാൻ വേദപുസ്തകത്തിലെ ഏറ്റവും അസ്തിത്വപരമായ ചോദ്യങ്ങളിലൊന്ന് എന്നാണ് ഇതിനെ വിശേഷിപ്പിച്ചത് (the existential question in the Bible). തന്റെ പിന്നാലെ വന്ന ആദ്യശിഷ്യന്മാരോട് മാത്രമല്ല എല്ലാ തലമുറകളിലും സംസ്കാരങ്ങളിലും നിന്ന് നസ്രത്തിൽ യേശുവിൽ എന്തെങ്കിലും വ്യതിരിക്തത കണ്ടെത്തിയ, സ്നേഹയോഗ്യത തിരയുന്ന സകല ആത്മീയ അന്വേഷകരോടുമുള്ള പഴമ മണക്കാത്ത ചോദ്യമാണിത്.

'യേശു തിരിഞ്ഞ്' (*സ്ത്രാഫെയ്സ് ഹൊ യേശൂസ്*) എന്ന പരാമർശത്തോടെയാണ് ഗുരു ശിഷ്യസഹവാസത്തിന്റെയും ആത്മീയ അന്വേഷണങ്ങളുടെയും സുഗന്ധമുള്ള ഈ വിവരണം വത്സലശിഷ്യൻ ആരംഭിക്കുന്നത്. ഇവിടെ തിരിയുക എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത് *സ്ത്രാഫെയോ* എന്ന പദമാണ്. യോഹന്നാന്റെ സുവിശേഷത്തിന്റെ ആഴമായ പഴയനിയമ പശ്ചാത്തലത്തിൽ നിന്ന് വേണം ഈ വാക്കിനെ മനസ്സിലാക്കുവാൻ. യോഹന്നാൻ അവതരിപ്പിക്കുന്ന യേശു ആരാണ് ഇവിടെ? പഴയനിയമ ജനതയ്ക്ക് ദൈവം നൽകിയ വാഗ്ദാനത്തിന്റെ – *വെഷ്ക്കാൻ തി ബെതെകോം* (and I shall dwell among you) – പൂർത്തീകരണമാണ്, ദൈവസാന്നിധ്യത്തിന്റെ സമ്പൂർണ്ണതയും കൂടാരവുമാണവൻ. ഈ ചിന്തയോടെ, 'യേശു തിരിഞ്ഞു' – എന്ന വാചകത്തെ വായിക്കുമ്പോൾ ലളിതമായ ഒരു ക്രിയാപദത്തിൽ അന്തർലീനമായിരുന്ന തലമുറകളുടെ പ്രാർത്ഥനയേയും പ്രതീക്ഷയേയും മനസിലാക്കാനാകും. യഹൂദജനതയുടെ, അടിമത്തതിനും അലച്ചിലുകൾക്കും വിധേയരായ മനുഷ്യരുടെ കഷ്ടതകളുടെ കാരണം, അവരുടെ അകൃത്യങ്ങൾ നിമിത്തം യഹോവ അവരിൽ നിന്ന് മുഖം തിരിച്ചതും അവിടുത്തെ മഹത്വം അവരെ വിട്ടുപോയതുമാണ്. അതുകൊണ്ടുതന്നെ തലമുറകൾ നീണ്ട യഹൂദരുടെ പ്രാർഥനയാണ്, "കർത്താവേ ഞങ്ങളുടെ നേരെ തിരിയണമേ, ഇസ്രായേലിന്റെ ദൈവമേ തിരികെ വരണമേ" എന്നത് (സങ്കീ. 90:13; 80:4, ജറ. 12:15, ഏശ. 63:17). ദൈവം മടങ്ങിവരും എന്ന വാഗ്ദാനത്തോടെയാണ് സഖറിയയുടെയും (സഖ. 1:3) മലാക്കിയയുടെയും (3:7) പഴയനിയമപ്രവചനങ്ങൾ അവസാനിക്കുന്നത്. ദൈവം തന്റെ ജനത്തിന്റെ നേരെ തിരിയും. അവിടുന്ന് മടങ്ങിവരും എന്ന പ്രതീക്ഷയുടെ തുറന്നിട്ട വാതിലിലൂടെയാണ് പുതിയ നിയമപ്രഘോഷകർ കടന്നുചെല്ലുന്നതെങ്കിൽ, 'യേശു തിരിഞ്ഞു' എന്ന വാക്കുകളെ പ്രവചനങ്ങളുടെയും പ്രതീക്ഷകളുടെയും പൂർത്തീകരണം എന്നാണ് വ്യാഖ്യാനിക്കേണ്ടത്. ദൈവവചനം ഒരിക്കൽ കൂടി ജനത്തിന്റെ നേരെ തിരിഞ്ഞു. യേശുവിനെ അനുഗമിച്ച ആദ്യ ശിഷ്യന്മാർ ഇസ്രായേലിന്റെ മുഴുവൻ പ്രതിനിധികളാണ്. അതുകൊണ്ട് ഇസ്രായേലിന്റെ നേരെ പ്രാർത്ഥനയ്ക്കുത്തരമായി ദൈവം തിരിഞ്ഞു. തന്റെ ജനത്തിന്റെ അരികിലേക്ക് ദൈവമഹത്വം തിരികെ വരുന്നു. എന്താണ് ഈ പദം വിവക്ഷിക്കുന്നത്? 'തിരിഞ്ഞു' എന്ന അർത്ഥം വരുന്ന *സ്ത്രാഫെയോ* എന്ന ഈ വാക്ക് യോഹന്നാൻ പിന്നീട് ഒരിക്കലും ഉപയോഗിച്ചിട്ടില്ല എന്നത് കൂടി മനസിലാക്കുമ്പോഴാണ് ഈ വ്യാഖ്യാനത്തിന്റെ അർത്ഥം പൂർണ്ണമായി വ്യക്തമാകുന്നത്. അതായത് ദൈവമഹത്വം നിത്യമായി ജനത്തിന്റെ അരികിലേക്ക് വന്നിരിക്കുന്നു എന്നും ഇനി ഒരിക്കലും അവിടുന്ന് പുറംതിരിയുക

യില്ല എന്നുമുള്ള പ്രത്യാശയുടെ സന്ദേശമാണ് ഇവിടെ പ്രഘോഷിക്കപ്പെടുന്നത്.

യോഹന്നാന്റെ സുവിശേഷത്തിൽ പഴയനിയമത്തിന്റെ അതിശക്തമായ പിൻബലം നാം കാണുന്നുണ്ടല്ലോ. അതുകൊണ്ടുതന്നെ ശിഷ്യർ വാസസ്ഥലം അന്വേഷിക്കുന്ന ഈ രംഗത്തും പഴയനിയമത്തിന്റെ പ്രത്യേകിച്ച് ജ്ഞാനപുസ്തകങ്ങളുടെ സ്വാധീനമുണ്ടെന്ന് പറയുന്ന പണ്ഡിതരുണ്ട്. ജ്ഞാനപുസ്തകങ്ങളിലേക്കുള്ള ഈ സൂചനവഴി യേശുവിനെ ദൈവീക ജ്ഞാനത്തിന്റെ സമ്പൂർണ്ണത എന്ന് വിശേഷിപ്പിക്കാനാണ് സുവിശേഷകന്മാർ ശ്രമിക്കുന്നത്. “റബ്ബി അങ്ങ് എവിടെ വസിക്കുന്നു?” എന്ന ചോദ്യത്തിൽ ജോബ് 28:12 “ജ്ഞാനത്തിന്റെ വാസസ്ഥലം എവിടെയാണ്?” എന്ന ചോദ്യത്തിന്റെ അനുരണനങ്ങൾ കണ്ടെത്താൻ കഴിയും. വന്ന് കാണുക എന്ന യേശുവിന്റെ ക്ഷണത്തിലാകട്ടെ സുഭാഷിതം 9:5-6 വാക്യങ്ങളുടെ സാധർമ്മ്യവും. റബ്ബി - ഗുരു എന്ന അഭിസംബോധനയിലൂടെ യേശുവിൽ ജ്ഞാനത്തിന്റെ ഉറവിടം തേടുന്ന ശിഷ്യന്മാരെ ഇവിടെ കാണാൻ കഴിയും. “അവനിൽ ദൈവത്തിന്റെ സർവ്വജ്ഞാനത്തിന്റെയും സമ്പന്നത നിവസിക്കുന്നു എന്നാണല്ലോ വി. പൗലോസ് അപ്പസ്തോലൻ പറയുന്നത്.” നാല് സുവിശേഷകന്മാരിൽ യോഹന്നാനാണ് കൂടുതലായി യേശുവിനെ ശിഷ്യർ ‘റബ്ബി’ എന്ന അഭിസംബോധന ചെയ്യുന്നതായി രേഖപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ യോഹന്നാൻ രചനയിലെ ഈ പ്രയോഗം ജ്ഞാനഗ്രന്ഥങ്ങളുടെ പശ്ചാത്തലത്തിൽ യേശുവിനെ ദൈവികജ്ഞാനത്തിന്റെ മാംസവതാരമായിട്ടും വ്യാഖ്യാനിക്കാനുള്ള പരിശ്രമമാണെന്ന് പറയാൻ കഴിയും. ജ്ഞാനം 6:12-13; 6:16 എന്നീ വാക്യങ്ങളും ഇവിടെ പ്രതിഫലിക്കുന്നതായി ബൈബിൾ വ്യാഖ്യാതാവായ ബോയിസ്മാർഡ് മുതലായവർ സമർത്ഥിക്കുന്നുണ്ട്. ജ്ഞാനം 6:12-13 - “തേജസുറ്റതാണ് ജ്ഞാനം, അതു മങ്ങിപ്പോവുകയില്ല... അവളെ തേടുന്നവർ കണ്ടെത്തുന്നു. തന്നെ അഭിലഷിക്കുന്നവർക്കു വെളിപ്പെടുത്താൻ അവൾ തിടുക്കം കൂട്ടുന്നു.” ജ്ഞാനം 6:16 - “യോഗ്യതയുള്ളവരെ ജ്ഞാനം അന്വേഷിച്ച് ചെല്ലുന്നു. അവരുടെ ചിന്തയിലും പാതയിലും അവൾ കനിവോടെ പ്രത്യക്ഷപ്പെടുന്നു.”

**വന്നു കാണുക**

ശിഷ്യരുടെ നേരെ തിരിഞ്ഞ് യേശു ചോദിക്കുന്ന ചോദ്യത്തിന് അവരുടെ മറുപടി മറുചോദ്യമായിരുന്നു ‘അങ്ങ് എവിടെ വസിക്കുന്നു?’ അസ്ഥിത്വപരമായ യേശുവിന്റെ ചോദ്യത്തിന് ആദ്യശിഷ്യന്മാർ കൃത്യമായ ഉത്തരം നൽകുന്നുണ്ട്. അവർ തേടിയത് വാസസ്ഥലമാണ്. ഗുരു

വിന്റെ സഹവാസവും സഖിത്വവുമാണ് ശിഷ്യർ അന്വേഷിക്കുന്നത് എന്ന് വ്യക്തം. പുതിയനിയമം പ്രത്യേകിച്ച് യോഹന്നാന്റെ സുവിശേഷം അവതരിപ്പിക്കുന്ന നൂതന ശിഷ്യത്വത്തിന്റെ ആത്മാവിനെയാണ് ഈ ഉത്തരം അനാവരണം ചെയ്യുന്നത്. ആദ്യശിഷ്യന്മാരുടെ മാത്രമല്ല എല്ലാ ആത്മീയ സാധകരുടെയും അന്വേഷണം ഗുരുവിനോടൊപ്പമുള്ള സഹ വാസമായിരിക്കണം. യഥാർത്ഥ ക്രൈസ്തവ ജീവിതവും ശിഷ്യത്വവും നൂതനമായി ഇവിടെ നിർവചിക്കപ്പെടുകയാണ് - മാംസം ധരിച്ച വച നത്തിന്റെ കൂടെ വസിക്കാനുള്ള ക്ഷണമാണത്. റബ്ബി അങ്ങ് എവിടെ വസിക്കുന്നു എന്ന ചോദ്യത്തിന് 'വന്നു കാണുക' എന്ന യേശുവിന്റെ ക്ഷണവും വ്യക്തമാക്കുന്നത് ഇതുതന്നെയാണ്. വചനം മാംസത്തിന്റെ ഭൗതികകൂടാരം പുൽകിയത് കൂടെ വസിക്കാനാണ്: സഹവാസത്തിന്റെ പുതിയ ആത്മീയ ശാദ്വലങ്ങൾ ഒരുക്കാനാണ്.

വന്ന് കാണുക - ഗ്രീക്ക് ഭാഷയിൽ *എർഗേസ്തേ, ഒഫേസ്തേ* എന്നീ വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ഇവയിൽ *എർഗേസ്തേ* (വരിക) എന്ന വാക്ക് വർത്തമാന കാലത്തിലും *ഒഫേസ്തേ* (കാണുക) എന്ന പദം ഭാവികാലത്തിലും ഉപയോഗിച്ചിരിക്കുന്ന ഭാഷാശൈലി ശ്രദ്ധേയമാണ്. 'വരിക നിങ്ങൾ കണ്ടെത്തും' എന്ന് കൃത്യമായി പരി ഭാഷപ്പെടുത്താം എന്ന് തോന്നുന്നു. എന്തായിരിക്കും ഈ ഒരു വാഗ്പ്രയോഗത്തിൽ വത്സല ശിഷ്യൻ വിവക്ഷിക്കുന്നത്? അനുധാവനം വർത്തമാനകാലത്തിൽ നടക്കേണ്ടതും അതിന്റെ ലക്ഷ്യം ഭാവിയിൽ പൂർത്തീകരിക്കേണ്ടതുമാണ് എന്നാണല്ലോ. അതായത് ശിഷ്യത്വത്തിന്റെ യുഗാന്ത്യോന്മുഖതയാണ് സുവിശേഷകൻ ഈ വാഗ്പ്രയോഗത്തിലൂടെ (word play) ലക്ഷ്യമാക്കുന്നത്. വാസസ്ഥലം അന്വേഷിക്കുന്നതും കൂടെ വസിക്കുന്നതും യഥാർത്ഥത്തിൽ ശിഷ്യത്വത്തിന്റെ യുഗാന്ത്യോന്മുഖ മായ ഭാവമാണ് (the eschatological face of discipleship) വെളിപ്പെടു ത്തുന്നത്.

'വരിക നിങ്ങൾ കാണും' എന്ന യേശുവിന്റെ വാക്കുകളിൽ വിശ്വാ സത്തിൽ അന്തർലീനമായിരിക്കുന്ന 'വെല്ലുവിളി'യുടെ അനുരണനങ്ങൾ പ്രകടമാണെന്ന് റെയ്മണ്ട് ബ്രൗൺ അഭിപ്രായപ്പെടുന്നുണ്ട്. 'എവിടെ വസിക്കുന്നു?' എന്ന ചോദ്യത്തിലൂടെ ശിഷ്യത്വം കാംക്ഷിച്ച ആദ്യ ശിഷ്യരുടെ മുമ്പിൽ നസ്രത്തിലെ ഗുരു തന്നെ അനുധാവനം ചെയ്യു ന്നതിലെ വെല്ലുവിളികളാണ് ആദ്യം ഉയർത്തിക്കാട്ടുന്നത് എന്ന് സാരം. അതുപോലെ 'വരിക', 'കാണുക' എന്നീ വാക്കുകൾ യോഹന്നാന്റെ രചനയിലുടനീളം യേശുവിൽ വിശ്വസിക്കുന്നതിനെ സൂചിപ്പിക്കാൻ പ്രതീകാത്മകമായി ഉപയോഗിക്കുന്ന പദമാണ് (യോഹ. 3:21; 5:40;

6:35,37,45; 7:37 etc.). യോഹന്നാൻ 5:40; 6:40,47 എന്നീ ഭാഗങ്ങളിൽ നിത്യജീവൻ വാഗ്ദാനം ചെയ്യുന്നത് യഥാക്രമം യേശുവിലേക്ക് വരുന്നവർക്കും അവനെ ദർശിക്കുന്നവർക്കും അവനിൽ വിശ്വസിക്കുന്നവർക്കുമാണെന്ന വാക്കുകൾ ശ്രദ്ധേയമാണ്. അതിനാൽ *എർഗേസ്തേ കായി ഒഫേസ്തേ* (വരിക നിങ്ങൾ കാണും) എന്ന ക്ഷണത്തെ 'എന്നിൽ വിശ്വസിക്കുക' എന്ന് യേശു പറയുന്നതായി വ്യാഖ്യാനിക്കാം.

**പത്താം മണിക്കൂറിന്റെ കൃപ**

ഗുരുവിന്റെ ക്ഷണം സ്വീകരിച്ച് അവന്റെ ഒപ്പം വസിച്ച ശിഷ്യൻ പിന്നീട് പറയുന്നത് വളരെ ഹൃദ്യമായിതോന്നാം. 'അപ്പോൾ ഏകദേശം പത്താം മണിക്കൂറായിരുന്നു' (*ഹോറാ ഏൻ ഹോസ് ദേക്കാത്തേ*) (1:39). യോഹന്നാന്റെ സുവിശേഷ രചന കാലഘട്ടം ഏ.ഡി. 96–100 ഇടയ്ക്ക് എന്നാണ് പൊതുവായ പണ്ഡിതമതം. അപ്പോൾ എഴുപതിൽ പരം വർഷങ്ങൾക്കിപ്പുറവും പച്ചപ്പുമായാത്ത ഓർമ്മയോടെ വത്സലശിഷ്യൻ പറയുന്ന വാക്കുകളാണിത്. പാത്മോസ് ദ്വീപിന്റെ ഭീകരമായ ഏകാന്തതയ്ക്കോ നീറോയുടെയും ഡൊമീഷ്യന്റെയും ഭീകര മർദ്ദനങ്ങൾക്കോ കാരാഗൃഹത്തിനോ വാർദ്ധക്യത്തിന്റെ അവശതകൾക്കോ മങ്ങലേൽപ്പിക്കാൻ കഴിയാതിരുന്ന തെളിഞ്ഞ ഓർമ്മയിൽ നിന്നാണ് കൃത്യമായ സമയ സൂചന നൽകുന്നത്. സർവ്വശക്തന്റെ മഹത്വത്തോട് സഹവസിച്ച അപാരമായ ആത്മീയാനുഭവത്തിന്റെ നിമിഷങ്ങളെ എങ്ങനെയാണ് മനുഷ്യാത്മാവിന് വിസ്മരിക്കാനാകുന്നത്. അവാച്യമായ ആ ഒരു സഹവാസത്തിന്റെ സ്നേഹാനുഭവമായിരിക്കണം സുവിശേഷത്തെ പ്രതിയുള്ള അപാര സഹനങ്ങളുടെ നടുവിലും തടവറകളുടെ കടുത്ത ഏകാന്തതയിലും തണുത്തുറഞ്ഞ ഇരുട്ടിലും മഹത്വപൂർണ്ണമായ പുതിയ ആകാശത്തെയും ഭൂമിയേയും, ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ നിത്യമായി വസിക്കുന്ന, എല്ലാ കണ്ണുനീരും ദുഖവും ഇല്ലാതാകുന്ന പുതിയ പ്രഭാതങ്ങളെയും സ്വപ്നം കാണാൻ വത്സല ശിഷ്യനെ പ്രേരിപ്പിച്ചത്. ഇന്നും കാലഹരണപ്പെടാത്ത സന്ദേശമാണത്. നസ്രായനോടൊത്തുള്ള സഹവാസത്തിന്റെ സ്നേഹാനുഭവമാണ് ഇന്നും അനേകർക്ക് സഹനത്തിന്റെ ഇരുണ്ട രാത്രികളിൽ പുതിയ പുലരികളെ സ്വപ്നം കാണാൻ, പ്രത്യാശിക്കാൻ ബലം കൊടുക്കുന്നത്.

ഗുരുവിന്റെ വാസസ്ഥലം തേടുന്നവർക്കും അവനോടൊപ്പമുള്ള സഹവാസം അഭിലഷിക്കുന്നവർക്കുമുള്ള കൃപയായിരിക്കണം 'പത്താം മണിക്കൂറിന്റെ അനുഭവം' എന്നുപറയുന്നത്. പീഡനങ്ങളുടെ നടുവിലും

പതറാത്ത ചുവടുകളും ഇടറാത്ത വാക്കുകളും ഈ പത്താം മണിക്കൂറിന്റെ അനുഭവത്തിൽ നിന്നാവണം ശിഷ്യർ സ്വന്തമാക്കിയതും വർത്തമാനകാലത്തിലും ഭാവിയിലും സ്വന്തമാക്കേണ്ടതും. പത്താം മണിക്കൂറിന്റെ വ്യാഖ്യാനത്തിലേക്ക് വരാം. എന്തുകൊണ്ടായിരിക്കണം 'പത്താം' മണിക്കൂർ എന്ന് യോഹന്നാൻ എടുത്ത് പറയുന്നത്? എന്താണ് ആ മണിക്കൂറിന് ഒരു യഹൂദന്റെ ജീവിതത്തിൽ ഉള്ള പ്രത്യേകത? ബൈബിൾ വ്യാഖ്യാതാക്കളുടെ അഭിപ്രായത്തിൽ യഹൂദർ യേശുവിന്റെ കാലത്ത് ദിവസത്തിലെ പ്രധാന ഭക്ഷണം കഴിച്ചിരുന്ന സമയമായിരുന്നു പത്താം മണിക്കൂർ. ദിവസത്തിലെ പ്രധാനപ്പെട്ടതും സാധാരണക്കാരെ സംബന്ധിച്ച് ഏക ഭക്ഷണവും അത്താഴം എന്ന് കരുതാവുന്ന പത്താം മണിക്കൂറിലെ ഭക്ഷണമായിരുന്നു. ഭക്ഷണത്തെകുറിച്ച് നേരിട്ട് പരാമർശിക്കുന്നില്ലെങ്കിലും പ്രധാന ഭക്ഷണത്തിന്റെ സമയം പരാമർശിക്കുക വഴി ഒരുമിച്ച് അത്താഴം കഴിച്ചതിന്റെ മധുരസ്മരണയാണ് വത്സല ശിഷ്യൻ പങ്കുവയ്ക്കുന്നത്. "ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്ന് തന്നാൽ ഞാൻ അവന്റെ അടുത്തേക്ക് വരും, ഞങ്ങൾ ഒരുമിച്ച് ഭക്ഷിക്കുകയും ചെയ്യും" (വെളി. 3:20).

ഇതിനപ്പുറം ശ്രദ്ധേയമായ കാര്യം, യോഹന്നാൻ നൽകുന്ന സൂചനയനുസരിച്ച് യേശുവിന്റെ പരസ്യജീവിതത്തിന്റെ ആദ്യദിവസത്തെ സംഭവമാണ് ഈ സഹവാസത്തിന്റെ ക്ഷണം. ആ ആദ്യദിവസം അവസാനിക്കുന്നത് അത്താഴത്തോടുകൂടിയാണ്. ഭൂമിയിലെ വചനത്തിന്റെ പ്രവർത്തനങ്ങളുടെ ആദ്യദിവസം അത്താഴത്തോടെ അവസാനിക്കുന്നു. ഇനി ഓർക്കുക യേശുവിന്റെ ഭൂമിയിലെ പ്രവർത്തന നിരതമായ അന്ത്യദിനവും അവസാനിക്കുന്നത് അത്താഴത്തോടെ. രണ്ടിലും അതിഥിയും സാക്ഷിയും പന്തിഭോജനം നടത്തുന്നവനുമായി വത്സല ശിഷ്യൻ. അയാൾ നസ്രത്തിലെ യേശു എന്ന ചരിത്രത്തിലെ ഏറ്റവും ഉദാരനായ വിളമ്പുകാരനെ വിവരിക്കുന്നതും വ്യാഖ്യാനിക്കുന്നതും രണ്ട് അത്താഴ മേശകൾക്കിടയിലാണ്. ഈ രണ്ട് അത്താഴ മേശകൾക്കിടയിലെ ജീവിതത്തിൽ യേശു വിളമ്പി നൽകിയതാകട്ടെ അവനെതന്നെ – "ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്" (യോഹ. 6:50).

യേശുവിന്റെ കാലത്ത് യൂദയായിൽ രണ്ട് സമയക്രമങ്ങൾ നിലനിന്നിരുന്നു. യഹൂദ സമയക്രമവും റോമൻ അധിനിവേശത്തിൽ ആയിരുന്നതിനാൽ ദിവസത്തെ അർദ്ധരാത്രി മുതൽ കണക്കാക്കിയിരുന്ന റോമൻ സമയക്രമവും. റോമൻ സമയക്രമമനുസരിച്ച് പത്താം മണിക്കൂർ രാവിലെ 10 മണിയ്ക്ക് തുല്യമായിരുന്നു (Solar Calendar). എന്നാൽ യഹൂദ സമയക്രമം അനുസരിച്ച് ദിവസം വൈകിട്ട് 6 മുതൽ

രാവിലെ 6 മണി വരെ; തുടർന്ന് രാവിലെ ആറ് മുതൽ വൈകിട്ട് ആറ് വരെ (Lunar Calendar). ഇതനുസരിച്ച് പത്താം മണിക്കൂർ വൈകിട്ട് 4 മണിക്ക് തുല്യവും. ഇവിടെ പ്രസക്തമായ ചോദ്യം, യൂദയായിൽ അന്ന് നിലനിന്നിരുന്ന ഈ സമയക്രമങ്ങളിൽ ഏതായിരിക്കും യോഹന്നാൻ ഉപയോഗിച്ചിരുന്നത്? സുവിശേഷത്തിലെ ഇതര സമയസൂചനകൾ (യോഹ. 19:42 – യേശുവിന്റെ പീഡാനുഭവ വിവരണങ്ങൾ), ഉദാഹരണത്തിന്, 'ആറാം മണിക്കൂർ' പരാമർശിക്കുന്നത് പെസഹായുടെ മധ്യാഹ്നം എന്ന രീതിയിലാണ്. ഇതാകട്ടെ നിശ്ചയമായും യഹൂദസമയക്രമത്തോട് മാത്രം ചേർന്ന് പോകുന്നതുമാണ്. പ്രായോഗികമായി ചിന്തിക്കുമ്പോൾ പത്താം മണിക്കൂർ യഹൂദ സമയക്രമമാണെന്നതിനുള്ള മറ്റൊരു വ്യക്തമായ തെളിവ് ശിഷ്യർ അന്ന് അവനോടൊപ്പം താമസിച്ചു എന്ന വിവരണമാണ്. വൈകിട്ട് നാല് മണി – ദിവസത്തിന്റെ അവസാന മണിക്കൂർ – സ്വാഭാവികമായും തുടർയാത്രയ്ക്ക് അനുകൂലമല്ലാത്ത സാഹചര്യമാണല്ലോ. അതിനാൽ യോഹന്നാൻ പറയുന്ന പത്താം മണിക്കൂർ വൈകിട്ട് 4 മണി എന്ന് നിശ്ചയിക്കാം.

എന്നാൽ വത്സല ശിഷ്യൻ 'പത്താം മണിക്കൂറായിരുന്നു' എന്നുപറയുന്നത് സമയത്തിന്റെ കൃത്യത വായിക്കുന്നവർക്ക് നൽകാനായിരുന്നു എന്ന് പറയുന്നതിനേക്കാൾ പത്താം മണിക്കൂറിന്റെ പ്രതീകാത്മകതക്കാണ് പ്രാധാന്യം നൽകിയത് എന്ന് ചിന്തിക്കുന്നതാണ് കൂടുതൽ സാംഗത്യമുള്ളത്. പഴയനിയമചിന്തയിൽ പത്ത് എന്ന സംഖ്യ പൂർണ്ണതയുടെ സംഖ്യയാണ്. (ഉദാ: പത്ത് കൽപനകൾ) റൂഡോൾഫ് ബുൾട്ട്മാൻ പത്താം മണിക്കൂറിനെ വ്യാഖ്യാനിക്കുന്നത് "hour of fulfillment" (പൂർത്തീകരണത്തിന്റെ മണിക്കൂർ) എന്നാണ്.

പത്ത് എന്ന സംഖ്യ മാത്രമല്ല ഇവിടെ പ്രതീകാത്മകമായി ഉപയോഗിച്ചിരിക്കുന്നത്. യോഹന്നാന്റെ വിവരണത്തിൽ 'മണിക്കൂർ' (hour) എന്നതും തികച്ചും പ്രതീകാത്മകമാണ്. സമയത്തിന്റെ ഒരു യൂണിറ്റ് എന്നതിനപ്പുറം വത്സല ശിഷ്യരും യേശുവും തമ്മിലുള്ള ആത്മബന്ധത്തെ, യേശുവും പിതാവുമായുള്ള ബന്ധത്തെ, യേശുവിന്റെ സഹന നിമിഷങ്ങളെ, അവന്റെ മഹത്വത്തിന്റെ വെളിപാടിനെ എല്ലാം പ്രതീകാത്മകമായി ചിത്രീകരിക്കുന്ന പദമാണ്. അതിൽ പത്താം മണിക്കൂർ പൂർണ്ണതയാർന്ന ദൈവാനുഭവത്തിന്റെ, ഗുരുശിഷ്യബന്ധത്തിന്റെ, ദൈവമഹത്വം വെളിപ്പെട്ടതിന്റെ മനോഹരമായ മുഹൂർത്തം എന്ന് പ്രതീകാത്മകമായി അർത്ഥമാക്കുന്നു എന്നുവേണം മനസിലാക്കാൻ.

## ഒരു കാലിക വായന

### സഹവാസത്തിനു ക്ഷണിക്കുന്ന നസ്രായൻ

'നിങ്ങൾ എന്ത് അന്വേഷിക്കുന്നു?' എന്ന ആദ്യ ശിഷ്യന്മാരോടുള്ള നസ്രായന്റെ ചോദ്യം ഏത് കാലത്തും അവനെ തിരയുന്ന ആത്മീയ സാധകരോടുള്ള ചോദ്യംകൂടിയാണ്. മനുഷ്യരുടെ ദൈവാന്വേഷണങ്ങളുടെ തീവ്രതയും ഉദ്ദേശ്യശുദ്ധിയുമളക്കുന്ന നിത്യനൂതനമായ ചോദ്യം. ആദ്യ ശിഷ്യന്മാർ യേശുവിന്റെ ഈ ചോദ്യത്തിന് ഉത്തരം നൽകിയത് ഒരു മറുചോദ്യത്തിൽ പൊതിഞ്ഞായിരുന്നു, 'റബ്ബി, അങ്ങ് എവിടെ വസിക്കുന്നു?' എല്ലാ ആത്മീയ തിരച്ചിലുകളുടെയും ആത്യന്തിക ലക്ഷ്യം ഗുരുവിന്റെ വാസസ്ഥലവും അവനോടൊപ്പമുള്ള സഹവാസവുമാണെന്ന ഗുണപാഠമുണ്ട് ഈ ഒരു വിവരണത്തിൽ. വെളിപാട് പുസ്തകത്തിൽ വത്സല ശിഷ്യൻ എത്ര സുന്ദരമായാണ് സഹവാസത്തിന്റെ ഈ വാഗ്മയ ചിത്രം വരച്ചിരിക്കുന്നതെന്ന് നോക്കുക: "... ഞാൻ അവന്റെ അടുക്കലേക്ക് വരും. ഞങ്ങൾ ഒരുമിച്ച് ഭക്ഷിക്കുകയും ചെയ്യും" (വെളി. 3:20).

ഇനി പറയുന്നത്, സഹവാസത്തിന്റെയും പന്തിഭോജനത്തിന്റെയും 'യുഗാന്ത്യോന്മുഖ അടയാളത്തെക്കുറിച്ചാണ്' (the eschatological sign). അത് മറ്റൊന്നുമല്ല, ക്രൈസ്തവ സന്യാസം തന്നെയാണ്. മരുഭൂമിയിലെ വി. അന്തോണിയും വി. പക്കോമിയൂസും തുടങ്ങിയ ആദ്യകാല പരിത്യാഗികൾ രക്തസാക്ഷിത്വത്തിന് കണ്ടെത്തിയ ആത്മീയ ബലമായിരുന്നല്ലോ സന്യാസം. ലോകത്തിൽ നിന്നുള്ള ഈ റാഡിക്കൽ വേർതിരിയലും ദൈവീക സഹവാസവും അതിനാൽതന്നെ ധവള രക്തസാക്ഷിത്വമെന്ന് വിളിക്കപ്പെട്ടുതുടങ്ങി. സന്യാസമുയർത്തിയ സാഹസികതയും വെല്ലുവിളിയുമായിരിക്കണം അതിന്റെ ആവൃതികളെ പ്രണയിക്കാൻ ചെറുപ്പക്കാരെ പ്രേരിപ്പിച്ച ശക്തി. അപ്പോൾ ഇന്ന് സന്യാസ വിളികൾ അപകടകരമായി കുറയുന്നതിന്റെ പൊരുളും ഇതുതന്നെ. വർത്തമാനകാലത്തെ വ്യതിരിക്തതയുടെ വെളിച്ചംകൊണ്ട് പ്രചോദിപ്പിക്കാനോ ആദർശത്തിന്റെ ഗരിമ കാട്ടി മോഹിപ്പിക്കാനോ ആകുന്നില്ല എന്നതുതന്നെ. പണ്ടെങ്ങോ, ഏതാണ്ട് ഒരു വ്യാഴവട്ടത്തിനപ്പുറമായിരിക്കണം, വായിച്ച കവിതയായിരുന്നു "സന്യാസി". ഏതോ താപസനായിരിക്കണം എഴുതിയത്. പക്ഷെ, വരികളിൽ അയാളുൾപ്പെടുന്ന ഒരേ തൂവൽപക്ഷികളിൽ വന്നുചേർന്ന സ്വത്വനഷ്ടത്തിന്റെ വ്യാകുലതയും തിരിച്ച് നടപ്പിന്റെ ത്വരയുമുണ്ടെന്ന് പറയാതെ വയ്യ.

"വീട്ടിൽ പടിപ്പുരയ്ക്കുള്ളിലായി ഞാനന്നുപേക്ഷിച്ചുപോന്നതെല്ലാം
ഇരുളിൻ മറവിലിഴഞ്ഞുകേറിയിന്നെൻ ഭാണ്ഡത്തിനുള്ളിൽ ഒളിച്ചിരിപ്പൂ.
എന്നെ വെടിഞ്ഞെന്ന് ഞാൻ നിനച്ചതെല്ലാം അകത്തു കുടിയിരിക്കെ
ഈശ്വര ദർശനമെങ്ങുകിട്ടാൻ; മുക്തിയും മോഷവുമെങ്ങു കിട്ടാൻ."

അപ്പോൾ അതാണ് കാര്യം; ഉപേക്ഷിച്ചതെല്ലാം പൂർവ്വാധികം ശക്തിയോടെ തിരികെ വന്നു. അമിത സ്ഥാപനവത്കരണത്തിന്റെ, സുഖലോലുപതയുടെ, ആത്മീയ മന്ദതയുടെ ദുർമ്മേദസ്സുമുറ്റി വിളിയുടെ ആകർഷകത്വം നഷ്ടപ്പെട്ടതാണ് കഥ. ഈ ബാഹ്യ ആരവങ്ങൾക്കിടയിൽ നസ്രായനോടൊത്ത് സഹവസിക്കാൻ സമയമില്ലാതെപോയി. ഒരു ആത്മശോധനയും തിരിച്ചു നടപ്പുമാണ് ആവശ്യം. കലപ്പയിൽ കൈവച്ചിട്ട് പിൻതിരിഞ്ഞ് നിൽക്കുന്ന, ആലസ്യം ബാധിച്ചതും ആത്മബലമില്ലാത്തതുമായ സന്യാസമല്ല; ആത്മദാനത്തിന് ലോകത്തെ പ്രചോദിപ്പിച്ച, പഴയ ധവള രക്തസാക്ഷിത്വത്തിന്റെ പുനരുജ്ജീവനമാണ് ആവശ്യം. അതുകൊണ്ടാണല്ലോ ഏതാണ്ട് 800-ൽ പരം വർഷങ്ങൾ കഴിഞ്ഞിട്ടും ഒഴുക്കിനെതിരെ നീന്തി മദ്ധ്യകാലത്തെ സന്യാസത്തിന് പുതുജന്മം നൽകിയ അസീസ്സിയിലെ ചെറുപ്പക്കാരന്റെ ഫ്രാൻസിസ് എന്ന പേര് ഇന്നും ജനഹൃദയങ്ങളെ ത്രസിപ്പിക്കുന്ന ആവേശമായി നിലനിൽക്കുന്നത്. തിരുസഭയുടെ സുകൃത ഭണ്ഡാരമായി നിലനിൽക്കാനും കാലത്തെ പ്രചോദിപ്പിക്കാനും പ്രപഞ്ചവും മനുഷ്യരുമുള്ള കാലത്തോളം ക്രൈസ്തവ സന്യാസത്തിന് കഴിയട്ടെ.

5

# ദൈവത്തിന്റെ കുഞ്ഞാട്
## (യോഹ. 1:29)

"അടുത്ത ദിവസം യോഹന്നാൻ തന്റെ ശിഷ്യരിൽ രണ്ടുപേരുടെകൂടെ നിൽക്കുമ്പോൾ യേശു വരുന്നതുകണ്ട് പറഞ്ഞു ഇതാ ദൈവത്തിന്റെ കുഞ്ഞാട്, ലോകത്തിന്റെ പാപങ്ങൾ നീക്കുന്നവൻ." (1:29)

യേശുവിനെ ദൈവത്തിന്റെ കുഞ്ഞാട് എന്ന് സംബോധന ചെയ്യുന്നത് വത്സല ശിഷ്യന്റെ രചനയുടെ മനോഹരമായ സവിശേഷതകളിലൊന്നാണ്. സുവിശേഷത്തിൽ മാത്രമല്ല വെളിപാടിലും, സഹിക്കുന്ന, കൊല്ലപ്പെട്ട, വിജയം വരിച്ച ക്രിസ്തുവിനെ ചിത്രീകരിക്കുന്ന ഏറ്റവും ശക്തമായ പ്രതീകമായി കുഞ്ഞാട് നിലകൊള്ളുന്നു (യോഹ. 1:29, 36; വെളി. 13:8, 7:9, 14:1, 15:3, 17:14, 21:22). പത്ത് തവണയാണ് യോഹന്നാൻ സുവിശേഷങ്ങളിലും വെളിപാടിലുമായി യേശുവിനെ കുഞ്ഞാടായി ചിത്രീകരിക്കുന്നത് എന്നതുതന്നെ യോഹന്നാന്റെ ദൈവശാസ്ത്രവീക്ഷണത്തിൽ ഈ പ്രമേയം എത്ര ശക്തമാണ് എന്നതിന്റെ സൂചനയാണ്.

*ആംനോസ് തു തെവൂസ്* എന്നാണ് യോഹന്നാൻ യേശുവിനെ വിളിക്കുന്നത്. *ആംനോസ്* (Amnos) എന്ന ഗ്രീക്ക് വാക്കിന് കുഞ്ഞാട് എന്ന് അർത്ഥം. കുഞ്ഞാട് എന്ന സംജ്ഞയിലൂടെ വത്സല ശിഷ്യൻ എന്തായിരിക്കും വിവക്ഷിച്ചിരിക്കുന്നത്? ബൈബിൾ വ്യാഖ്യാനത്തിന്റെ പാരമ്പര്യത്തിൽ ഈ വിശേഷണത്തെ രണ്ട് രീതിയിൽ വ്യാഖ്യാനിക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. പൗരസത്യ സഭാപിതാക്കന്മാരും വ്യാഖ്യാതക്കളും ദൈവത്തിന്റെ കുഞ്ഞാട് എന്ന സംജ്ഞയെ സഹനദാസനെകുറിച്ചുള്ള ഏശയ്യയുടെ പ്രവ

ചനങ്ങളുടെ ഓർമ്മപ്പെടുത്തലായാണ് സ്ഥാപിക്കുന്നതും വ്യാഖ്യാനിക്കുന്നതും. ഇതനുസരിച്ച് കുഞ്ഞാട് സഹനദാസന്റെ പ്രതീകമാണ് (The lamb as suffering servent). ഏശയ്യാ സഹനദാസനെ നിസ്സഹായനായ ആട്ടിൻകുഞ്ഞിനോട് ഉപമിക്കുന്നത് ശ്രദ്ധിക്കുക: "അവൻ മർദ്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും അവൻ ഉരിയാടിയില്ല. കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പിൽ നിൽക്കുന്ന ചെമ്മരിയാടിനെപ്പോലെയും അവൻ മൗനം അവലംബിച്ചു" (ഏശ. 53:7).

ഏശയ്യായുടെ ഈ പ്രവചനഭാഗം അപ്പസ്തോലപ്രവർത്തനങ്ങളിൽ യേശുവുമായി ബന്ധപ്പെടുത്തി ഉപയോഗിച്ചിട്ടുണ്ട് (അപ്പ. 8:17). സഭാപിതാക്കന്മാരിൽ റോമിലെ വി. ക്ലമന്റാണ് ആദ്യമായി യേശുവിനെ സഹിക്കുന്ന കർത്താവിന്റെ ദാസനെകുറിച്ചുള്ള ഏശയ്യായുടെ പ്രവചനത്തിന്റെ പൂർത്തീകരണമായും പ്രതീകമായും വ്യാഖ്യാനിച്ചത്. ഇവിടെ സഹനദാസനും ദൈവത്തിന്റെ കുഞ്ഞാടിനും പൊതുവായ സാധർമ്മ്യം രണ്ട് പേരും അനേകരുടെ പാപത്തിന് പരിഹാരമായി സ്വയം സഹിക്കുന്നു എന്നതാണ്. ഏശയ്യ പ്രവചനത്തിൽ സഹനദാസനെക്കുറിച്ച് പ്രതിപാദക്കുന്ന ഈ പ്രവചന ഭാഗങ്ങൾ ശ്രദ്ധിക്കുക: "എന്റെ ദാസന് ശ്രേയസ്സുണ്ടാകും. അവൻ അത്യുന്നതങ്ങളിലേക്ക് ഉയർത്തപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യും". ഇവിടെ, ഏശയ്യ പ്രവചനത്തിൽ ഉപയോഗിച്ചിരിക്കുന്ന *ഹിപ്സോതെസെന്തായി* (*hypsotesetai*) എന്ന വാക്കാണ് ഉയർത്തപ്പെടും എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. യോഹന്നാൻ ക്രൂശീകരണത്തിന് പ്രതീകാത്മകമായി ഉപയോഗിക്കുന്ന പ്രത്യേക പദമാണ് *ഹിപ്സോതെസെതായി* എന്നത്. സഹനദാസനെ യേശുവിന്റെ പ്രതിരൂപമായി സുവിശേഷകൻ ചിത്രീകരിക്കുന്നു എന്ന വ്യാഖ്യാനത്തിന്റെ തെളിവാണിത്. യോഹന്നാന്റെ രചനയിൽ നാല് തവണ യേശുവിന്റെ കുരിശുമരണത്തെ 'ഉയർത്തപ്പെടുക' എന്ന വാക്കിലൂടെ പ്രതീകാത്മകമായി അവതരിപ്പിക്കുന്നുണ്ട് (യോഹ. 3:14; 8:28; 12:32,34).

ഇരയാക്കപ്പെട്ടവന്റെ നിഷ്കളങ്കതയും നിസ്സാഹയതയും ചിത്രീകരിക്കുന്നതിന് ജറമിയ പ്രവാചകനും കുഞ്ഞാട് എന്ന പ്രതീകം ഉപയോഗിക്കുന്നുണ്ട്. ജറമിയ 11:19: "എന്നാൽ കൊല്ലാൻ കൊണ്ടുപോകുന്ന ശാന്തനായ കുഞ്ഞാടിനെ പോലെയായിരുന്നു ഞാൻ". സഭാപിതാവായ ഒരിജൻ ഈ രണ്ട് പ്രവചനങ്ങളെയും (ഏശ. 53:7, ജറമിയ 11:19) ഒരുമിപ്പിച്ച് യേശുവിന്റെ ബലിവസ്തു എന്ന നിലയിലുള്ള നിഷ്കളങ്കതയെയും, നിരപരാധിത്വത്തെയും സൂചിപ്പിക്കുന്ന പ്രവചനമായി

വ്യാഖ്യാനിച്ചിരുന്നത് ശ്രദ്ധേയമാണ്. ഈ അർത്ഥത്തിൽ പൗരസ്ത്യ ചിന്തകൻമാർ 'ദൈവത്തിന്റെ കുഞ്ഞാട്' എന്ന വാചകത്തെ ഏശയ്യാ യുടെ മിശിഹാ പ്രവചനഭാഗത്തോട് ബന്ധപ്പെടുത്തി, യേശുവിന്റെ പീഡാസഹനത്തിന്റെയും ആത്മബലിയുടെയും വെളിപാടായി വ്യാഖ്യാ നിച്ചത് വളരെ അർത്ഥപൂർണ്ണമാണ്. സഹനദാസനിൽ മനുഷ്യരൂപം പൂണ്ട കുഞ്ഞാടിനെയാണ് ഏശയ്യായും ജറെമിയായും അവതരിപ്പി ക്കുന്നത്.

*ആംനോസ് തു തേവൂസ്* എന്ന വിശേഷണത്തിന് പാശ്ചാത്യ സഭാ പിതാക്കന്മാർ സഹനദാസന്റെ പ്രതീകത്തേക്കാൾ സാധർമ്മ്യം കൽപിച്ച് വ്യാഖ്യാനിക്കുന്നത് പെസഹാകുഞ്ഞാട് എന്ന രൂപകത്തിനാണ്. ഇവിടെ വാച്യാർത്ഥത്തിൽ അറക്കപ്പെടുന്ന ആടിനെയാണ് വിവക്ഷി ക്കുന്നത്. യേശുവിനെ ദൈവത്തിന്റെ കുഞ്ഞാട് എന്ന് വിളിക്കുന്ന രംഗം വിവരിക്കുമ്പോൾ വത്സല ശിഷ്യന്റെ മനസിൽ തെളിഞ്ഞ കുഞ്ഞാ ടിന്റെ രൂപങ്ങൾ ഏതെല്ലാമായിരിക്കും. തീർച്ചയായും യോഹന്നാന്റെ രചനയുടെ ക്യാൻവാസ് പഴയനിയമമായതിനാൽ പഴയനിയമത്തിലെ ആട്ടിൻ കുഞ്ഞുങ്ങളും ബലിപീഠത്തിൽ ഒഴുകിപ്പടർന്ന അവയുടെ ചോര യുടെ ഗന്ധവും ബലിപീഠങ്ങൾക്കും ആകാശങ്ങൾക്കും മധ്യേ അവ സാനിച്ച അവയുടെ നിലവിളിയും വത്സല ശിഷ്യനെ സ്വാധീനിച്ചിട്ടു ണ്ടാകണം. നസ്രത്തിലെ യേശുവിനെ, മാംസം ധരിച്ച വചനത്തെ 'കുഞ്ഞാട്' എന്ന് വിശേഷിപ്പിക്കുമ്പോൾ, ബലിപീഠത്തിൽ എത്തേണ്ട ഒരു ജീവിതത്തിന്റെ, ചൊരിയപ്പെടേണ്ട അവന്റെ രക്തത്തിന്റെ സൂച നയാണോ യോഹന്നാൻ നൽകുന്നത്?

വേദപുസ്തകം അവതരിപ്പിച്ച കുഞ്ഞാടുകളെപ്പറ്റി ചിന്തിക്കുക. ഭൂമി യിലാദ്യം കുഞ്ഞാടിന്റെ കഥ പറയുന്നത് ഉൽപത്തി 4-ാം അദ്ധ്യായ ത്തിലാണ്. ആബേലിന്റെ കറയില്ലാത്ത കുഞ്ഞാട് ബലിപീഠങ്ങൾ കണ്ടെ ത്തിയ ഏറ്റവും ആദ്യത്തെ പവിത്രബലിയായി മാറി (ഉൽപ്പ. 4:). പഴയ നിയമം അവതരിപ്പിക്കുന്ന രണ്ടാമത്തെ കുഞ്ഞാടിന്റെ ചിത്രം ഉൽപ്പ. 22:8 ലാണ്. അബ്രാഹം മകനുപകരം മോറിയാമലയിലെ ബലിപീഠ ത്തിലർപ്പിച്ച കുഞ്ഞാടാണിത്. മൂന്നാമതായി കുഞ്ഞാടിനെ അവതരി പ്പിക്കുന്നത് പുറപ്പാട് 12-ാം അദ്ധ്യായത്തിലാണ്. ഇസ്രായേൽക്കാരുടെ ഭവനങ്ങളെ സംഹാരദൂതനിൽ നിന്ന് സംരക്ഷിച്ച, സംരക്ഷണത്തിന്റെ മുദ്രയായും ജീവന്റെ അടയാളമായുംമാറിയ, രക്തം ചിന്തിയ കുഞ്ഞാട്. നാലാമത്, *യോംകിപൂർ* ദിവസത്തിൽ പ്രധാനപുരോഹിതൻ ജനത്തി നുവേണ്ടി മുഴുവൻ അർപ്പിക്കുന്ന കുഞ്ഞാട്. അഞ്ചാമത്, യോഹന്നാൻ 1:29-ൽ പരാമർശിക്കുന്ന 'തിരിച്ചറിയപ്പെട്ട കുഞ്ഞാട്' (lamb identified).

ആറാമത്, വെളിപാട് പുസ്തകത്തിലെ വിജയം വരിച്ച കുഞ്ഞാട് (22:1). ഏഴാമത്, ദൈവത്തിന്റെ വാസസ്ഥലമായ കുഞ്ഞാട് (വെളി. 21:22). "നഗരത്തിൽ ദേവാലയം ഞാൻ കണ്ടില്ല. എന്തുകൊണ്ടെന്നാൽ സർവ്വ ശക്തനും ദൈവവുമായ കർത്താവും കുഞ്ഞാടുമാണ് അതിലെ ദേവാ ലയം".

വേദപുസ്തകത്തിൽ ഇതൾ വിരിയുന്ന ഈ കുഞ്ഞാടിന്റെ ചിത്ര ങ്ങൾ ഒരിക്കൽകൂടി ശ്രദ്ധിക്കുക. ആബേലിന്റെ കുഞ്ഞാട് ബലിയർപ്പി ക്കപ്പെട്ടത് ഒരു വ്യക്തിക്കുവേണ്ടി മാത്രമായിരുന്നു. അത് ആബേലിന് ദൈവപ്രീതിക്ക് കാരണമായി. മോറിയ മലയിലെ കുഞ്ഞാട് അബ്രാ ഹത്തിനും കുടുംബത്തിനും പകരമായിരുന്നു. പെസഹാ കുഞ്ഞാട് ഈജിപ്തിൽ അടിമകളായിരുന്ന യാക്കോബിന്റെ മക്കൾക്ക് വിമോച നത്തിന്റെ അടയാളമായി. പാപപരിഹാരദിനത്തിൽ ബലിയായ കുഞ്ഞാട് തന്റെ രക്തം വഴി ഇസ്രായേൽ വംശത്തിന് മുഴുവൻ, ലോകം മുഴുവനുമുള്ള യഹൂദജനതയ്ക്ക് പരിഹാരവസ്തുവായി. എന്നാൽ യോഹന്നാൻ ചൂണ്ടികാട്ടിയ കൂഞ്ഞാട് പ്രപഞ്ചത്തിന്റെ പാപപരിഹാ രബലിയാണ്. സകലജനപദങ്ങൾക്കുംവേണ്ടി അർപ്പിക്കപ്പെടേണ്ട യാഗ വസ്തു. അതുകൊണ്ടാണ് യോഹന്നാൻ കൂട്ടിചേർക്കുന്നത്: "ലോക ത്തിന്റെ പാപം നീക്കുന്നവൻ" (1:36). ഈ വ്യാഖ്യാനത്തിന് യോഹ ന്നാൻ 11:52-മായിട്ടുള്ള ബന്ധം പരാമർശയോഗ്യമാണ്. പ്രധാനപു രോഹിതൻ പറയുന്നു: "ജനത്തിനുവേണ്ടി ഒരുവൻ മരിക്കുന്നത് ഉചി തമാണ്." ഇതിനോട് യോഹന്നാൻ കൂട്ടിചേർക്കുന്നു, "ജനത്തിനുവേണ്ടി മാത്രമല്ല ചിതറികിടക്കുന്ന ദൈവമക്കളെ ഒരുമിപ്പിക്കുന്നതിനായി കൂടി" (11:52). ഈ വചനങ്ങളിലൂടെ സുവിശേഷകൻ വെളിപ്പെടുത്താനാഗ്ര ഹിക്കുന്ന മിശിഹാരഹസ്യം വളരെ അർത്ഥസമ്പുഷ്ടമാണ്. യേശുവാകുന്ന പുതിയ നിയമത്തിലെ പെസഹാകുഞ്ഞാട്, ചിതറി ക്കിടക്കുന്ന സകല ദൈവമക്കളെയും ഒരുമിപ്പിച്ച് കൂട്ടുന്നതിനാണ്. കുഞ്ഞാട് കൂട്ടായ്മയുടെ അടിസ്ഥാന കാരണമാകുന്നു. ഇന്നും ലോക മെമ്പാടുമുള്ള ദൈവമക്കളെ ഒരുമിപ്പിക്കുന്നത് കുഞ്ഞാടിന്റെ ബലി മേശയാണല്ലോ.

### *അസസേലിന്* മാറ്റിനിർത്തപ്പെട്ട കുഞ്ഞാട്

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന കുഞ്ഞാട് എന്ന സ്നാപകന്റെ സാക്ഷ്യത്തിന് പശ്ചാത്തലമാകുന്ന മറ്റൊരു ശ്രദ്ധേയമായ പഴയനിയമ ഭാഗം ലേവ്യർ 16:20-22 വാക്യങ്ങളാണ്. ഇവിടെ പരാമർശിക്കുന്ന കോലാ ട്ടിൻ കുട്ടി, ഇസ്രായേലിന്റെ മുഴുവൻ അകൃത്യഭാരങ്ങളുമേറി മരുഭൂമി

യിൽ അലയാൻ വിധിക്കപ്പെട്ടതാണ്, അസസേലിന് മാറ്റിനിർത്തപ്പെട്ട വനാണ്. “ജീവനുള്ള ഒരു കോലാടിനെ കൊണ്ടുവരണം, അതിന്റെ തലയിൽ കൈവച്ച് അഹറോൻ ഇസ്രായേൽ ജനത്തിന്റെ അകൃത്യ ങ്ങളും അതിക്രമങ്ങളും ഏറ്റുപറയണം. അവയെല്ലാം അതിന്റെ ശിര സിൽ ചുമത്തി ഒരുങ്ങി നിൽക്കുന്ന ഒരാളുടെ വശം അതിനെ മരുഭൂമി യിലേക്ക് വിടണം. കോലാട് അവരുടെ കുറ്റങ്ങൾ വഹിച്ചുകൊണ്ട് വിടുന്ന പ്രദേശത്തേക്ക് പോകട്ടെ” (ലേവ്യർ 16:20-22).

‘*അസസേലിനായി* കുറിവീണത്’ എന്നാണ് പാപഭാരം പേറി മരു ഭൂമിയിൽ ഉപേക്ഷിക്കാൻ വിധിക്കപ്പെട്ട ഈ ആടിനെ വി. ഗ്രന്ഥകാരൻ വിളിക്കുന്നത്. (ലേവ്യർ 16:10) ഇനി ആരെയാണ് അഥവാ എന്തിനെ യാണ് ‘അസസേൽ’ എന്ന പേര് അർത്ഥമാക്കുന്നത്? മൂന്ന് വ്യാഖ്യാന ങ്ങളാണ് ‘അസസേൽ’ എന്ന പേരിന് ബൈബിൾ വ്യാഖ്യതാക്കൾ നൽകുന്നത്. ഒന്നാമത്തെ വ്യാഖ്യാനം: ‘അസസേൽ’ എന്ന പേര് കോലാ ടിന്റെ നിയോഗത്തെ ധ്വനിപ്പിക്കുന്നു എന്നതാണ്. ‘അസസേൽ’ എന്ന വാക്കിന്റെ ‘പുറപ്പെടുന്ന ആട്’ എന്ന വാച്യാർത്ഥം (the goat that de-part) ഈ വ്യാഖ്യാനത്തെ സാധൂകരിക്കുന്നുണ്ട്. പഴയനിയമത്തിന്റെ ഗ്രീക്ക് പരിഭാഷയായ *സെപ്തജിന്ത്* (LXX), ലാറ്റിൻ പരിഭാഷയായ *വൾഗേറ്റ്* എന്നിവ ഈ അർത്ഥത്തിലാണ് ‘അസസേൽ’ എന്ന വാക്കിനെ പരിഭാഷപ്പെടുത്തിയിരിക്കുന്നത്. *തോ അപ്പോപൊം പായിയോ* (for the one carrying away the evil) എന്ന് ഗ്രീക്കിലും *എമിസാരിയൂസ്* എന്ന് ലത്തീനിലും. രണ്ടാമത്തെ വ്യാഖ്യാനം, കോലാടിന്റെ യാത്രയുടെ ലക്ഷ്യസ്ഥാനത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. മരുഭൂമിയുടെ വിജ നതയിലേക്കാണല്ലോ പാപഭാരം ചുമത്തി കോലാടിനെ അയക്കുന്ന ത്. ഈ അർത്ഥത്തിൽ ‘അസസേൽ’ എന്നത് കഠിനവും ദുർഘടവു മായ വിജനത എന്നാണ് അർത്ഥമാക്കുന്നത്. മൂന്നാമത്തെ വ്യാഖ്യാന മാകട്ടെ, പുരാതന യഹൂദ-സെമിറ്റിക്ക് വിശ്വാസത്തെ അടിസ്ഥാനപ്പെടു ത്തിയാണ്. വിജനതകളും മരുഭൂമിയും പിശാചുക്കളുടെ ആവാസസ്ഥ ലമാണെന്ന പുരാതന സെമിറ്റിക്ക് വിശ്വാസമനുസരിച്ച് അസസേൽ മരുഭൂമിയിലോ വിജനതയിലോ വസിക്കുന്ന ‘പൈശാചികശക്തി’ എന്ന് വിവക്ഷിക്കാൻ കഴിയും. പാപഭാരം വഹിക്കുന്ന ആടിനെ പാപകാര ണമായവന് - പിശാചിന് - തന്നെ വിട്ടുകൊടുക്കുക എന്ന അർത്ഥ മാണ് ഇവിടെ കണ്ടെത്താനാകുന്നത്.

ആധുനിക ബൈബിൾ വ്യാഖ്യാതക്കൾ പൊതുവായി അസസേൽ എന്നതിന് ബലിയാട് (scape goat) എന്ന വ്യാഖ്യാനമാണ് കൽപ്പിക്കു ന്നത്. നിഷ്കളങ്കനായിരുന്നിട്ടും മറ്റുള്ളവരുടെ അകൃത്യഭാരം പേറി

മരുഭൂമിയുടെ വിജനതയിൽ അലയാനും അപമൃത്യു വരിക്കാനുമാണല്ലോ ഈ ആടിന്റെ നിയോഗം. ജനത്തിന്റെ അകൃത്യഭാരം പേറി വിജനതയിലേക്കും മരണത്തിലേക്കും അയക്കപ്പെടുന്ന കുഞ്ഞാടിന്റെ ചിത്രമാകും ഒരുപക്ഷെ യേശുവിനെ ചൂണ്ടി "ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്ന് പറയുമ്പോൾ സ്നാപകന്റെ മനസിലുണ്ടായിരിക്കുക. നസ്രത്തിലെ യേശുവും ബലിയാടായിരുന്നല്ലോ; ജറുസലേമിന്റെ പുറത്തെ വിജനതയിലേക്കായിരുന്നു (*ഗോൽഗോത്താ*) അവൻ അയക്കപ്പെട്ടത്. ലോകത്തിന്റെ മുഴുവൻ അകൃത്യഭാരമായിരുന്നു ദോഷരഹിതനായ അവൻ ചുമന്നത്. "അവൻ ചുമന്നത് നമ്മുടെ അകൃത്യങ്ങളായിരുന്നു" എന്ന ഏശയ്യായുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ജീവനുള്ളവരുടെ ഇടയിൽ നിന്നുള്ള സമ്പൂർണ്ണ വിച്ഛേദനത്തിന് വിധിക്കപ്പെട്ട നിഷ്കളങ്കനായ ബലിയാടും ക്രിസ്തുവും തമ്മിലുള്ള വ്യത്യാസം: പഴയനിയമത്തിലെ ബലിയാട് വിച്ഛേദത്തിനും മരണത്തിനും നിർബന്ധിക്കപ്പെടുകയായിരുന്നെങ്കിൽ പുതിയ നിയമത്തിലെ ബലിയാടായ യേശു അവ സ്വയം ഏറ്റെടുക്കുകയയായിരുന്നു എന്നതാണ്. അഥവാ പാപഭാരം ഏറ്റെടുത്ത് സ്വയം ബലിയാടായിത്തീർന്നത് അവൻ സ്വമേധയാ ആയിരുന്നു. "തിരിച്ചെടുക്കുന്നതിനുവേണ്ടി ഞാൻ ജീവൻ സമർപ്പിക്കുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും എന്നിൽനിന്നത് പിടിച്ചെടുക്കുകയല്ല, ഞാനത് സ്വമനസാ സമർപ്പിക്കുകയാണ്."

വേദപുസ്തകത്തിലെ ഏറ്റവും കരളലിയിക്കുന്നതെന്ന് വിശേഷിപ്പിക്കാവുന്ന ചോദ്യം മുഴങ്ങിയത് മോറിയാ മലയിലായിരുന്നു. ബലിപീഠമൊരുക്കാനും വിറകടുക്കാനും അപ്പനോടൊപ്പം ഓടിനടന്ന, താനാണ് ബലിവസ്തു എന്ന് തിരിച്ചറിയാത്ത പുഞ്ചുബാലൻ ഇസഹാക്കിന്റെ ചോദ്യമാണത്: "പിതാവെ, തീയും വിറകുമുണ്ടല്ലോ, എന്നാൽ, ബലിക്കുള്ള കുഞ്ഞാടെവിടെ?" (ഉൽപ. 22:7). ഇസഹാക്കിന്റെ ഈ ചോദ്യത്തിന് അബ്രാഹത്തിന്റെ മറുപടി, "ബലിയ്ക്കുള്ള കുഞ്ഞാടിനെ ദൈവം തന്നെ തരും" എന്നതായിരുന്നു. "കുഞ്ഞാടെവിടെ?" എന്ന് മോറിയാ മലയിൽ മുഴങ്ങിയ പഴയനിയമത്തിലെ ചോദ്യവും "ദൈവംതന്നെ കുഞ്ഞാടിനെ തരു"മെന്ന മറുപടിയും "ഇതാ ദൈവത്തിന്റെ കുഞ്ഞാട്" എന്ന സ്നാപകന്റെ വാക്കുകളിൽ സാകല്യമടയുന്നു. ദൈവം യാഗവസ്തുവിനെ, കറയറ്റ കുഞ്ഞാടിനെ സമ്മാനിച്ചു കഴിഞ്ഞു. ഈ മോറിയാമല തന്നെയാണ് പിന്നീട് സിയോൻ കുന്നായി അറിയപ്പെടുന്നതും. അബ്രാഹം ബലിപീഠമാക്കിയ മോറിയായിലെ പാറയുടെ മുകളിലാണ് ജറുസലേം ദേവാലയത്തിന്റെ ബലിപീഠം സ്ഥിതി

ചെയ്തിരുന്നതെന്നും ശക്തമായ യഹൂദ പാരമ്പര്യമുണ്ട്. അങ്ങനെയെങ്കിൽ, കുഞ്ഞാടെവിടെ എന്ന ചോദ്യം മുഴങ്ങിയ അതേ മോറിയായുടെ ചെരുവുകളിലൊന്നിലാണ് നസ്രായന്റെ കുരിശ് നാട്ടപ്പെട്ട, ദൈവത്തിന്റെ കുഞ്ഞാട് ബലിയർപ്പിക്കപ്പെട്ട കാൽവരി.

സ്നാപകൻ പ്രവാചക പരമ്പരയിലെ അവസാന കണ്ണിയായിരുന്നല്ലോ. ഇസ്രായേലിൽ പ്രവാചകൻമാരുടെ അപരനാമമായിരുന്നു 'ദീർഘദർശി' എന്നത്. അതായത് അകലെ കാഴ്ചയുള്ളവൻ, കാലത്തിനപ്പുറം നടക്കാനിരിക്കുന്നത് കാണാൻ കഴിവുള്ളവൻ എന്ന് സാരം. സ്നാപകൻ ഒരുപക്ഷെ കാലത്തിനപ്പുറം ഗത്സമനിയിലാരംഭിച്ച് ഗാഗുൽത്തായുടെ വിജനതയിൽ അരങ്ങേറിയ യേശുവിന്റെ സഹനത്തിന്റെയും ആത്മബലിയുടെയും ദർശനം ലഭിച്ചിട്ടാവും അസസേലിന് മാറ്റി നിർത്തപ്പെട്ടവൻ (ജനത്തിൽ നിന്നുള്ള വിച്ഛേദനത്തിനും വിജനതയിലെ അലച്ചിലിനും അപമൃത്യുവിനും) എന്ന് പ്രവചനാത്മകമായി വിവക്ഷിച്ചുകൊണ്ട് ഇതാ ലോകത്തിന്റെ പാപം നീക്കുന്ന കുഞ്ഞാട് എന്ന് പറയുന്നത്.

# ഒരു കാലിക വായന

## വർത്തമാനകാല പൗരോഹിത്യം: ഇടയനോ കുഞ്ഞാടോ?

ഏതൊരു വൈദികനിലെയും പൗരോഹിത്യ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായകമായൊരു പങ്കാണ് സെമിനാരികൾ വഹിച്ചിട്ടുള്ളത്. മംഗലപ്പുഴ സെമിനാരിയെ കൃതജ്ഞതയോടെ ഓർക്കുന്നു. ഒപ്പം, സെമിനാരി കോംമ്പൗണ്ടിൽ നിറയെ ഇലച്ചാർത്തോടെ ഏത് കനത്ത വെയിലിലും തണൽ തരുന്ന വാകമരങ്ങളെപ്പോലെ പരിശീലന കാലത്ത് തണലുതന്ന ഗുരുനാഥന്മാരെയും. ഞാറക്കുന്നേലച്ചൻ, തലോടിയച്ചൻ, കക്കാട്ട്തടത്തിലച്ചൻ, തൊണ്ടിപ്പറമ്പിലച്ചൻ, കുണ്ടുകുളമച്ചൻ... മംഗലപ്പുഴയുടെ തണൽ മരങ്ങൾക്ക് പ്രണാമം. യാദൃശ്ചികമായി ഓർത്തതല്ല മംഗലപ്പുഴയെ... ആരാണ് പുരോഹിതൻ - ഇടയനോ കുഞ്ഞാടോ എന്ന ചോദ്യം മനസിൽ തികട്ടിവന്നപ്പോൾ ആദ്യം ഓർമ്മ വന്നത്, മംഗലപ്പുഴ സെമിനാരിയുടെ അൾത്താരയുടെ മുകളിൽ മിഴിവോടെ കാണുന്ന വാചകങ്ങളാണ്, '*Pasce oves meas*' - എന്റെ ആടുകളെ മേയിക്കുക (യോഹ. 21:15). പരിശീലന കാലമെല്ലാം മനസ്സിനെ പാകപ്പെടുത്തിയതും ഇടയനാകാനായിരുന്നു. പക്ഷേ തിരുപ്പട്ട സ്വീകരണത്തിന്റെ ഒരു വ്യാഴവട്ടത്തിനിപ്പുറം നിൽക്കുമ്പോൾ എനിക്കു തോന്നുന്നത് ഇടയനും കുഞ്ഞാടും പുരോഹിതൻ തന്നെയാണ് എന്നാണ്. നിശബ്ദമായി അനുസരിക്കുന്ന, ഇടയനെ അനുഗമിക്കുന്ന കുഞ്ഞാടുകൾ ഏതാണ്ട് വംശനാശത്തിന്റെ വക്കിലാണെന്നതാണ് യാഥാർത്ഥ്യം. പുതിയ കാലത്തിന്റെ ആട്ടിൻകൂട്ടം ഇടയന് ബലിപീഠം പണിയാൻ, തിരിഞ്ഞാക്രമിക്കാൻ വലിയ മടിയില്ലാത്തവരാണ്. അവരുടെ പുതിയ മേച്ചിൽപുറങ്ങളായ WhatsApp, Facebook, ഓൺലൈൻ മാധ്യമങ്ങൾ... ഇടയന്മാരുടെ ബലിക്കല്ലുകളായി മാറുന്നതിന്റെ എത്ര വർത്തമാനകാല ചിത്രങ്ങളാണ് മുൻപിലുള്ളത്. ശരിയോ തെറ്റോ എന്ന് ദൈവത്തിനല്ലാതെ മറ്റാർക്കുമറിയാത്ത ഇടയന്റെ വീഴ്ചകളെ ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് പങ്കുവയ്ക്കുന്നതിന്റെ ആവേഗവും ആവേശവും ആശ്ചര്യപ്പെടുത്തുന്നതും വിധിപറയുന്നതിലെ മൂർച്ച വിസ്മയിപ്പിക്കുന്നതുമാണ്.

അതുകൊണ്ട്, പുതിയ കാലത്ത് പൗരോഹിത്യ സങ്കൽപത്തിനൊരൽപം മാറ്റം, അൽപമല്ല ഒരുപക്ഷേ ഒരു radical shift ആവശ്യമാണെന്ന് തോന്നുന്നു. ഇടയനാകുന്നതിനൊപ്പം ബലിവസ്തുവാകേണ്ട കുഞ്ഞാടും താൻതന്നെയാണെന്ന് മനസിനെ ബോധ്യപ്പെടുത്തുകയും എനിക്കായി ബലിപീഠം ഒരുങ്ങുന്നുണ്ടെന്നും ബലിക്കത്തി രാകി മിനുക്കപ്പെടുത്തുന്നുണ്ടെന്നും മനസ്സിനോട് പറയേണ്ടിയുമിരിക്കുന്നു. അതുകൊണ്ട് പുരോഹിതാ നീയാണ് ബലിക്കുള്ള കുഞ്ഞാട്; നാളത്തെ യജ്ഞത്തിന്റെ ഹവിസ്സ് നീ തന്നെ.

6

# സമയത്തിന്റെമേൽ നടന്ന അത്ഭുതം
## (യോഹ. 2:1 – 11)

"കർത്താവ് അരുളിചെയ്യുന്നു; ആ ദിവസങ്ങൾ ആസന്നമായി. അന്ന് പർവ്വതങ്ങൾ പുതുവീഞ്ഞ് പൊഴിക്കും, മലകളിൽ അത് കവിഞ്ഞൊഴുകും." (ആമോസ് 9:13)

വേദപുസ്തക വ്യാഖ്യാതാക്കളുടെ ഇടയിൽ ഏറെ പരിചിന്തനങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും വിഷയീഭവിച്ച സുവിശേഷവിവരണങ്ങളിലൊന്നാണ് ഗലീലിയിലെ കാനായിൽ യേശു പ്രവർത്തിച്ച അത്ഭുതം. വത്സലശിഷ്യൻ യോഹന്നാൻ സമവീക്ഷണ സുവിശേഷകന്മാരിൽനിന്നും വ്യത്യസ്ഥമായി യേശു പ്രവർത്തിച്ച അത്ഭുതങ്ങളെ വിളിക്കുന്നത് 'അടയാളം' (*സെമെയിയാ*) എന്നാണ്. യേശു പ്രവർത്തിച്ച അനേകകാര്യങ്ങളിൽ ഏഴ് അടയാളങ്ങൾ മാത്രമാണ് യോഹന്നാൻ വിവരിക്കുന്നത്. അവയിൽ ആദ്യത്തേതാണ് കാനായിലെ അത്ഭുതം. സമവീക്ഷണ സുവിശേഷകൻമാർ അത്ഭുതങ്ങൾ (*ദുനാമയോസ്*) എന്ന് വിളിക്കുന്നവ യോഹന്നാന് അടയാളങ്ങൾ (*സെമെയിയാ*) ആണ്. എന്താണ് വത്സല ശിഷ്യൻ അത്ഭുതങ്ങൾക്കും അടയാളങ്ങൾക്കും തമ്മിൽ കൽപ്പിക്കുന്ന അർത്ഥാന്തരം? പുതിയ നിയമ വ്യാഖ്യാതാക്കളുടെ ഭാഷ്യത്തിൽ എല്ലാ അടയാളങ്ങളും അത്ഭുതങ്ങളാണ്. എന്നാൽ എല്ലാ അത്ഭുതങ്ങളും അടയാളങ്ങളാവണമെന്നില്ല. പ്രത്യക്ഷത്തിൽ കാണുന്നതിനപ്പുറം കൈമാറാൻ ഒരു സന്ദേശവും വാചികവിവരണത്തിനപ്പുറം ഒരു ദൈവശാസ്ത്ര അർത്ഥവും ഉണ്ടായിരിക്കും എന്നതാണ് അടയാളത്തെ അത്ഭുതത്തിൽനിന്ന് വ്യതിരിക്തമാകുന്നത്. വത്സല ശിഷ്യന്റെ ഭാഷ്യത്തിൽ കാനായിൽ നടന്ന അത്ഭുതം അടയാളമാണ്. അപ്പോൾ നിശ്ചയമായും ഇതിൽ പ്രത്യക്ഷത്തിൽ കാണുന്ന

വീഞ്ഞിന്റെ സമൃദ്ധിക്കപ്പുറം ആഴയമായ ചില ദൈവശാസ്ത്ര പാഠങ്ങൾ കരുതിയിട്ടുണ്ടാവണം.

### മൂന്നാം ദിവസം ഗലീലിയിലെ കാനായിൽ

വത്സല ശിഷ്യന്റെ രചനാരീതിയിൽ കാനായിലെ ഈ അടയാളത്തെ സവിശേഷമാക്കുന്നതിൽ പ്രധാനപ്പെട്ടതാണ് സൂക്ഷ്മതയോടെയുള്ള സമയ-സ്ഥല സൂചനകൾ. മൂന്നാം ദിവസം (*തെ ഹെമേറാ തെ ത്രീത്തേ*) എന്നാണ് അടയാളത്തിന്റെ സമയത്തെകുറിച്ച് വത്സല ശിഷ്യൻ പരാമർശിക്കുന്നത്. ഇവിടെ പരാമർശിച്ചിരിക്കുന്ന ഈ മൂന്നാം ദിവസം ഏതാണ് അഥവാ എന്തിനെയാണ് സൂചിപ്പിക്കുന്നത്? യോഹന്നാന്റെ വിവരണത്തിൽ സ്നാപകന്റെ സാക്ഷ്യത്തിനു (1:19-28) ശേഷം പരാമർശിക്കുന്നത്, 'അടുത്ത ദിവസം' എന്നാണ്. അതായത് സ്നാപകന്റെ സാക്ഷ്യം - ഒന്നാം ദിവസം, യേശുവിനെ ദൈവത്തിന്റെ കുഞ്ഞാടായി ചൂണ്ടികാണിക്കുന്നത് - രണ്ടാം ദിവസം (1:29-34), ആദ്യശിഷ്യന്മാർ യേശുവിന്റെ വാസസ്ഥലം തേടുന്നത് - മൂന്നാം ദിവസം (1:35 -42), നഥാനയേലുമായുള്ള കൂടിക്കാഴ്ച - നാലാം ദിവസം (1:43-49). ഇതിനുശേഷമാണ് വീണ്ടും മൂന്നാം ദിവസം എന്ന പരാമർശം നാം കാണുന്നത്. അപ്പോൾ ആഴ്ചയുടെ മൂന്നാം ദിവസമെന്ന വാച്യാർത്ഥത്തിനപ്പുറം ഈ മൂന്നാം ദിവസം എന്തായിരിക്കും അർത്ഥമാക്കുന്നത്?

നിശ്ചയമായും കാനായിൽ നടന്ന അത്ഭുതം അടയാളമാണ്. അങ്ങനെയെങ്കിൽ മൂന്നാം ദിവസം എന്ന ഈ പരാമർശം വാച്യാർത്ഥത്തിനപ്പുറം പ്രതീകാത്മകമായ ചില അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. മൂന്നാം ദിവസം (*ഹെമേറാ ത്രീത്തേ*) എന്ന ഭാഷാശൈലി രണ്ട് തവണയാണ് യോഹന്നാന്റെ രചനയിൽ നാം കാണുന്നത്. അതിൽ ആദ്യത്തെതാണ് 2:1-ൽ കാണുന്നത്. രണ്ടാമത്തേത് 2:19 "നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക മൂന്നാം ദിവസം ഞാനത് പുനരുദ്ധരിക്കും" എന്നതുമാണ്. പരമ്പരാഗതമായി മൂന്നാം ദിവസം എന്ന പരാമർശത്തെ യേശുവിന്റെ പുനരുത്ഥാനവുമായി ബന്ധപ്പെട്ട് വ്യാഖ്യാനിക്കുന്ന പതിവാണ് ഉള്ളത്. എന്നാൽ ഇവിടെ പ്രത്യക്ഷത്തിൽ പുനരുത്ഥാനത്തിന്റെ സൂചനകൾ ഇല്ലതാനും. അതുകൊണ്ട് ഭൂരിപക്ഷം ബൈബിൾ വ്യാഖ്യാതാക്കളും മൂന്നാം ദിവസം എന്ന ഈ പരാമർശത്തിന് പുനരുത്ഥാന ദിവസവുമായി പ്രതീകാത്മക ബന്ധം ഇല്ലാ എന്നാണ് അഭിപ്രായപ്പെടുന്നത്. എന്നാൽ എനിക്ക് തോന്നുന്നത് മൂന്നാം ദിവസം എന്ന ഈ പരാമർശം അതിശക്തമായ പുനരുത്ഥാനദിവസത്തിന്റെ അനുരണനങ്ങൾ പേറുകയും പ്രതീകാത്മകമായി യേശുവിന്റെ മൂന്നാം ദിവ

സത്തെ പുനരുത്ഥാനത്തിലേക്ക് വിരൽ ചൂണ്ടുകയോ അല്ലെങ്കിൽ പുനരുത്ഥാനത്തിന്റെ വെളിച്ചത്തിൽ കാനായിലെ അത്ഭുതത്തെ - അടയാളത്തെ പുനർവ്യാഖ്യാനിക്കുകയോ ആണ്. കാരണം, കാനായിൽ നടന്ന അത്ഭുതം എന്താണ്? വെള്ളം വീഞ്ഞായി മാറിയതാണോ? വെള്ളത്തിന്റെ മേൽ യേശു അത്ഭുതം പ്രവർത്തിച്ചു എന്നാണ് നാം ചിന്തിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതെങ്കിൽ അതൊരു അബദ്ധമായിരിക്കും. കാരണം വെള്ളം വീഞ്ഞായി മാറുന്നത് അത്ഭുതമേയല്ല മറിച്ച് അത് പ്രകൃതിയുടെ നിയമവും താളവുമാണ്. വി. അഗസ്റ്റിന്റെ വ്യഖ്യാനം ഈ പ്രസ്താവനയെ സാധൂകരിക്കുന്നുണ്ട്.

"വെള്ളം വീഞ്ഞാക്കുന്ന പ്രക്രിയ ദൈവം പ്രപഞ്ചത്തിൽ നിരന്തരം നടക്കാൻ അനുവദിക്കുന്നതും നടന്നുകൊണ്ടിരിക്കുന്നതുമാണ്. ലോകാരംഭംമുതൽ, മുന്തിരിച്ചെടികൾ പൂവിട്ട് കായ്ക്കൽ തുടങ്ങിയ നാൾ മുതൽ മാറ്റമില്ലാത്ത പതിവാണ് വെള്ളം വീഞ്ഞായി മാറുന്നത്. ആകാശത്തുനിന്ന് മഴയായി ജലം ഭൂമിയിൽ പതിക്കുന്നു. മുന്തിരിച്ചെടിയുടെ വേരുകൾ ആ ജലം വലിച്ചെടുക്കുന്നു. ഇലകളത് സ്വീകരിക്കുന്നു, പൂക്കളും കാഴ്ച്ചകളുമായി ചെടി ഫലം പുറപ്പെടുവിക്കുന്നു. നിശ്ചിത സമയക്രത്തിൽ പാകമായ മുന്തിരിപ്പഴം കർഷകർ ശേഖരിക്കുന്നു. അത് സംസ്കരിച്ച് അതിൽ നിന്ന് വീഞ്ഞ് ഉണ്ടാക്കുന്നു" (വി. അഗസ്റ്റിൻ, യോഹന്നാന്റെ സുവിശേഷ വ്യാഖ്യാനം).

അപ്പോൾ കാനായിൽ നടന്ന അത്ഭുതം എന്താണ്? കാനായിൽ യേശു അത്ഭുതം പ്രവർത്തിച്ചത് വെള്ളത്തിന്റെ മേലല്ല, മറിച്ച് സമയത്തിന്റെ മേലാണ്. ജലം വീഞ്ഞായി മാറാൻ പ്രകൃതി നിശ്ചയിച്ച നിശ്ചിത സമയക്രമത്തെയും കാലദൈർഘ്യത്തെയും സർവ്വശക്തൻ തന്റെ ശക്തിയാൽ നിമിഷാർദ്ധമാക്കി കുറയ്ക്കുന്നു. സമയത്തിന്റെമേൽ ചരിത്രത്തിന്റെയും സമയത്തിന്റെയും തമ്പുരാൻ, സമയാതീതകാലത്തേ ഉണ്ടായിരുന്നവൻ, പ്രവർത്തിക്കുന്ന അത്ഭുതം. അതുകൊണ്ടാണ് മൂന്നാം ദിവസം എന്ന പരാമർശത്തിൽ ഉത്ഥാനത്തിന്റെ മൂന്നാം ദിവസത്തിന്റെ സൂചനകൾ സുവിദിതമാണ് എന്ന് പറഞ്ഞത്. കാനായിലെ അത്ഭുതം, മൂന്നാം ദിവസം നടന്ന ദൈവമഹത്വത്തിന്റെ വെളിപ്പെടൽ, മൂന്നാം ദിവസം നടക്കാനിരിക്കുന്ന മഹാത്ഭുതത്തിന്റെ - പുനരുത്ഥാനത്തിന്റെ നാന്ദിയും വിളംബരവുമാണ്. കാനായിലെ അത്ഭുതം സമയത്തിന്റെമേൽ നടന്നതാണ് എന്നതിന്റെ ശക്തമായ തെളിവാണ് യേശുതന്നെ സമയത്തെ പരാമർശിക്കുന്നത്. "എന്റെ സമയം ഇനിയും ആയിട്ടില്ല" അപ്പോൾ പറഞ്ഞുവന്നത് കാനായിലെ അടയാളം വെള്ളത്തിന്റെ മേലല്ല, സമയത്തിന്റെ മേലാണ്, അതു വിരൽ ചൂണ്ടുന്നത്

സമയത്തിന്റെമേൽ യേശു പ്രവർത്തിക്കാൻ പോകുന്ന മഹാത്ഭുതത്തിലേക്ക്, മൂന്നാം ദിവസത്തെ പുനരുത്ഥാനത്തിലേക്കാണ്. പ്രപഞ്ചമുണ്ടായ കാലം മുതൽ മൃതർ മണ്ണറകൾക്കുള്ളിൽ മോചനം കാത്തുകിടക്കുകയായിരുന്നു പുനരുത്ഥാനത്തിന്റെ സമയം കാത്ത്. ആ സമയക്രമത്തിന്റെമേൽ സർവ്വശക്തൻ അത്ഭുതം പ്രവർത്തിക്കുന്നു; മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുന്നു. അങ്ങനെ ഉത്ഥാനം സമയത്തിന്റെമേലുള്ള മഹാത്ഭുതമാകുന്നു.

ഇതിനൊപ്പംതന്നെ പരിഗണിക്കേണ്ട മറ്റൊരു വശമാണ് മൂന്നാം ദിവസം എന്ന സമയസൂചനയുടെ പിറകിൽ കണ്ടെത്താവുന്ന ശക്തമായ പഴയനിയമ സൂചനകൾ. കാനായിൽ യേശു പ്രവർത്തിച്ച അത്ഭുതത്തെ വത്സലശിഷ്യൻ വ്യാഖ്യാനിക്കുന്നത് 'തന്റെ മഹത്വം പ്രകടമാക്കിയ പ്രവർത്തി' എന്നാണ്. അപ്പോൾ മൂന്നാം ദിവസം എന്ന പരാമർശത്തിലൂടെ ദൈവമഹത്വം വെളിപ്പെട്ട ചില പഴയനിയമ മുഹൂർത്തങ്ങളുടെ ധ്വനി വത്സലശിഷ്യൻ പങ്കുവയ്ക്കുന്നുണ്ടാവണം. പഴയനിയമത്തിൽ ദൈവമഹത്വം മൂന്നാം ദിവസം വെളിപ്പെട്ട രണ്ട് മുഹൂർത്തങ്ങളുടെ പരാമർശങ്ങൾ പുറപ്പാട് 19:16-25 ലും നിയമാവർത്തനം 4:10-11 ലും നാം കാണുന്നുണ്ട്. "മൂന്നാം ദിവസം പ്രഭാതത്തിൽ ഇടിമുഴക്കവും മിന്നൽ പിണരുകളും ഉണ്ടായി. മലമുകളിൽ കനത്ത മേഘം പ്രത്യക്ഷപ്പെട്ടു. ദൈവത്തെ കാണുന്നതിനായി മോശ ജനത്തെ പാളയത്തിനു പുറത്ത് കൊണ്ടുവന്നു. കർത്താവ് അഗ്നിയിൽ ഇറങ്ങിവന്നതിനാൽ സീനായ്മല മുഴുവൻ ധൂമാവൃതമായി. മോശ സംസാരിക്കുകയും ദൈവം ഇടിമുഴക്കത്തിൽ ഉത്തരം നൽകുകയും ചെയ്തു" (പുറ. 19:16).

മോശയും പഴയനിയമജനതയും ദൈവത്തിന്റെ മഹത്വം മുഖാമുഖം കണ്ടത് ഈജിപ്തിൽനിന്ന് പുറപ്പെട്ടതിന്റെ മൂന്നാം മാസം മൂന്നാം ദിവസമായിരുന്നു. ദൈവം വിരൽകൊണ്ട് എഴുതി നൽകിയ ഫലകങ്ങളിലെ നിയമത്തിൽ അടിത്തറയിട്ട യഹോവയും ഇസ്രായേൽ ജനതയും തമ്മിലുള്ള ഉടമ്പടി ബന്ധത്തിന്റെ ദിവസമാണ് മൂന്നാം ദിവസം. പഴയ ഉടമ്പടി നടന്ന ദിവസം, ദൈവമഹത്വം വെളിപ്പെടുകയും സ്വയം വെളിപ്പെടുത്തിയ ദൈവവുമായി ഇസ്രായേൽ ഉടമ്പടി ബന്ധത്തിലേർപ്പെടുകയും ചെയ്ത മൂന്നാം ദിവസം. ഈ മൂന്നാം ദിവസത്തിലേക്ക് വായനക്കാരന്റെ ശ്രദ്ധയെ ക്ഷണിക്കാനും കാനായിലെ അത്ഭുതപ്രവർത്തിയിലൂടെ യേശുവിൽ വെളിവായ മഹത്വം ഇസ്രായേലിന് സീനായ് മലയിൽ വെളിപ്പെട്ട അതേ ദൈവമഹത്വം തന്നെയാണെന്ന് ബോധ്യപ്പെടുത്താനുമായിരിക്കണം മൂന്നാം ദിവസം എന്ന് സമയ സൂചന വത്സലശിഷ്യൻ നൽകുന്നത്. പഴയ ഉടമ്പടിയുടെ മൂന്നാം

ദിവസം യേശുവിൽ പൂർത്തിയാക്കേണ്ട പുതിയ ഉടമ്പടിയെ ഓർമ്മിപ്പിക്കുന്ന Literal Mechanism ആണ് എന്ന് പറയാം. പഴയ നിയമജനതയ്ക്ക് വെളിപ്പെട്ട ദൈവമഹത്വത്തിന്റെ സ്മാരകം കൽഫലകങ്ങളിലെഴുതിയ പത്ത് പ്രമാണങ്ങളായിരുന്നെങ്കിൽ പുതിയ നിയമ ജനതയ്ക്ക് പുതുവീഞ്ഞിന്റെ സമൃദ്ധിയാണ്, ദൈവമഹത്വം വെളിപ്പെട്ടതിന്റെ അടയാളമായി അവശേഷിച്ചത്. എത്ര മനോഹരമായാണ് വത്സലശിഷ്യൻ നസ്രത്തിലെ യേശുവിനെ യഹോവയുടെ മഹത്വത്തിന്റെ വെളിപാടായും കൂടാരമായും വ്യാഖ്യാനിക്കുന്നത്.

**ഗലീലിയിലെ കാനാ**

ഗലീലിയിലെ കാനാ എന്നാണ് യേശുവിന്റെ മഹത്വം വെളിപ്പെട്ട ആദ്യഅത്ഭുതത്തിന്റെ സ്ഥലസൂചന യോഹന്നാൻ നൽകുന്നത്. ഗലീലിയിലെ കാനാ എന്ന് പരാമർശിക്കുന്നതിൽ നിന്ന് (കാനാ എന്ന് മാത്രം പറയാതെ) ഇതിൽ നിന്ന് വ്യത്യസ്ഥമായി വേറെ ഒരു കാനാ ഉണ്ടെന്ന് സൂചന നൽകുന്നു. ഗലീലിയിലെ കാനാ യേശുവിന്റെ ജന്മദേശമായ നസ്രത്തിൽ നിന്നും ഏതാണ്ട് 5 കിലോമീറ്റർ വടക്കുകിഴക്കായി സ്ഥിതി ചെയ്തിരുന്ന ഒരു ചെറുപട്ടണമാണ്. ഗലീലി പ്രവശ്യയിലുൾപ്പെട്ട സ്ഥലമായതിനാലാണ് ഇതിനെ ഗലീലിയിലെ കാനാ എന്ന് സൂചിപ്പിക്കുന്നത്. എന്നാൽ ഗലീലിയിലെ കാനായിൽനിന്ന് വ്യത്യസ്ഥമായ മറ്റൊരു കാനായെകുറിച്ച് ജോഷ്വായുടെ പുസ്തകം പരാമർശിക്കുന്നുണ്ട്. അഷേർ ഗോത്രത്തിന്റെ ഓഹരിയിൽ ഉൾപ്പെട്ട ഫൊണിഷ്യായിലെ കാനായെകുറിച്ച്. സിദോൻ പട്ടണത്തിന്റെ അടുത്തും നസ്രത്തിൽ നിന്ന് 40 കിലോമീറ്റർ അകലെയുമായി സ്ഥിതി ചെയ്തിരുന്ന ഈ കാനാ ജോഷ്വാ 9:28-ൽ പരമാർശിക്കപ്പെടുന്നുണ്ട്.

**വിവാഹവിരുന്ന്**

യേശുവിന്റെ കാലത്തെ യഹൂദ വിവാഹ സമ്പ്രദായത്തിൽ, രണ്ട് പ്രധാന ചടങ്ങുകളാണ് നടന്നിരുന്നത്. വധൂവരന്മാർ തമ്മിൽത്തമ്മിൽ നടത്തുന്ന ആഘോഷമായ പ്രതിജ്ഞ ഉൾക്കൊള്ളുന്ന വിവാഹനിശ്ചയമാണ് ഇതിൽ ആദ്യത്തേത്. ചില ബൈബിൾ വ്യാഖ്യാതാക്കളുടെ അഭിപ്രായത്തിൽ വിവാഹ ഉടമ്പടിയുടെ ഈ ദിവസം വിവാഹ ദിവസത്തേക്കാളും ആഘോഷമായിരുന്നു എന്നാണ്. വിവാഹ നിശ്ചയത്തിന്റെ ദിവസങ്ങളുടെ അവസാനം വിവാഹം നടത്തപ്പെടുന്നതാണ് യഹൂദ രീതി. സാധാരണയായി, വധു കന്യകയാണെങ്കിൽ ബുധനാഴ്ചയും വിധവയാണെങ്കിൽ വ്യാഴാഴ്ചയുമായിരുന്നു യഹൂദർ വിവാഹങ്ങൾ നടത്തിയിരുന്നത്. വധൂഗൃഹത്തിലാണ് വിവാഹവും വിരുന്നും

നടത്തിയിരുന്നത്. രാത്രി ദീപങ്ങൾ ഏന്തി ഗാനാലാപനത്തിന്റെ അകമ്പടിയോടെ ആഘോഷമായ പ്രദക്ഷിണമായാണ് വരനും സുഹൃത്തുക്കളും വധൂഗൃഹത്തിലെത്തിയിരുന്നത്. വിവാഹ രാത്രി തുടങ്ങുന്ന ആഘോഷങ്ങൾ ഏതാണ്ട് ഒരാഴ്ച്ച നീണ്ടു നിന്നിരുന്നു.

**യേശുവിന്റെ അമ്മ**

യോഹന്നാന്റെ സുവിശേഷ വിവരണത്തിൽ കാണുന്ന ഏറ്റവും വലിയ ഒരു സവിശേഷതയാണ്, യേശുവിന്റെ അമ്മ (*മാത്തേർ മു യേശുസ്*) എന്ന് മറിയത്തിന് നൽകുന്ന അഭിധാനം. മറിയം എന്ന പേര് ഒരിക്കലും യോഹന്നാൻ ഉപയോഗിച്ചിട്ടില്ല. രണ്ട് തവണയാണ് യേശുവിന്റെ അമ്മയെ യോഹന്നാൻ അവതരിപ്പിക്കുന്നത്. കാനായിലും (2:2-3) കാൽവരിയിലും (19:25-26). ഈ രണ്ട് സന്ദർഭങ്ങളിലും യേശു മറിയത്തെ അഭിസംബോധന ചെയ്യുന്നത് സ്ത്രീയേ എന്നാണ്. *ഈഷാ* എന്ന് ഹീബ്രുവിലും ഗുണായി എന്ന് ഗ്രീക്കിലും. സ്ത്രീയേ എന്ന അഭിസംബോധനയെ മറിയത്തിന്റെ ദൈവമാതൃത്വത്തിന് എതിരായുള്ള തെളിവായി ഉയർത്തുന്ന പ്രൊട്ടസ്റ്റന്റ്, പെന്തക്കുസ്താ ഗ്രൂപ്പുകളുടെ ബാലിശമായ വാദങ്ങൾ ശ്രദ്ധിക്കുക. മധ്യപൂർവ്വ ദേശത്തിലെ പാരമ്പര്യമനുസരിച്ച്, *ഈഷാ* എന്ന വാക്ക് മക്കൾ അമ്മമാരെ വളരെ ആദരവോടെ പൊതുസ്ഥലങ്ങളിൽ അഭിസംബോധന ചെയ്യാൻ ഉപയോഗിച്ചിരുന്നതാണ്. *ഗുണായ്* എന്ന അഭിസംബോധനയും ഗ്രീക്ക് സംസ്കാരത്തിൽ സ്ത്രീകളോടുള്ള ആദരവിന്റെ അടയാളമായിട്ടാണ് പരിഗണിക്കപ്പെട്ടിരുന്നത്. അതായത്, ഉത്തമ ശിക്ഷണം ലഭിച്ച മക്കളുടെ ലക്ഷണമായാണ് ഈ അഭിസംബോധനയെ പുരാതന യഹൂദ-യവന ലോകം പരിഗണിച്ചിരുന്നത് എന്ന് സാരം. മാതാവിനോടുള്ള സ്നേഹവും ആദരവുമാണ് ഈ അഭിസംബോധനയിൽ നിഴലിക്കുന്നത്. സുപ്രസിദ്ധ ബൈബിൾ വ്യാഖ്യാതാവായ റുഡോൾഫ് ബുൾട്ട്മാന്റെ അഭിപ്രായത്തിൽ കാനായിലെ അത്ഭുത വിവരണത്തിൽ നിഴലിക്കുന്ന മറിയത്തിന്റെ ഈ സവിശേഷ സ്ഥാനം സുവിശേഷരചനാ കാലത്ത്തന്നെ മറിയത്തെ രക്ഷകന്റെ അമ്മയായി ആദരിച്ചിരുന്ന ആദിമസഭയുടെ വിശ്വാസ പാരമ്പര്യത്തെയാണ് വ്യക്തമാക്കുന്നത്. യേശു മറിയത്തെ സ്ത്രീയേ എന്ന് അഭിസംബോധന ചെയ്യുന്നതിനെ വി. അഗസ്റ്റിൻ വ്യാഖ്യാനിക്കുന്നത് ഇങ്ങനെയാണ്.

“സ്ത്രീയേ എന്ന അഭിസംബോധനവഴി മറിയത്തെ യേശു ഓർമ്മിപ്പിച്ചത്, അവന്റെ അമ്മ എന്ന സ്ഥാനത്തിനും ഒരുപാട് ഉയരത്തിലാണ് ശിഷ്യ അഥവാ അവനിൽ വിശ്വസിക്കുന്നവൾ എന്ന നിലയിൽ

അവൾക്ക് ലഭിക്കാനിരിക്കുന്ന പദവി എന്നാണ്." വി. അഗസ്റ്റിന്റെ വ്യാഖ്യാനത്തിന്റെ വെളിച്ചത്തിൽ യേശുവിൽ വിശ്വസിക്കുന്ന ആദ്യ വ്യക്തിയും ശിഷ്യത്വത്തിന്റെ മാതൃകയുമായ മറിയത്തിന് രക്ഷാകര ചരിത്രത്തിലെ സ്ഥാനം അവളുടെ ജൈവപരമായ മാതൃസ്ഥാനത്തിലും ഉപരിയാണെന്നുള്ള വെളിപ്പെടുത്തലാണ് '*ഇഷാ*' എന്ന അഭിസംബോധനയുടെ ആത്മാവ് എന്നാണ് മനസിലാക്കേണ്ടത്.

മറ്റൊരു വ്യാഖ്യാനം ഇതാണ്: *ഇഷാ* – സ്ത്രീ എന്ന വാക്ക് നിശ്ചയമായും വായനക്കാരനെ കൊണ്ടെത്തിക്കുന്നത് പഴയനിയമ ഭാഗം ഉൽപത്തി 2–3 അദ്ധ്യായത്തിൽ ആവർത്തിക്കപ്പെട്ടിരിക്കുന്ന *ഇഷാ* – സ്ത്രീ എന്ന പരാമർശത്തിലേക്കാണ്. അതുവഴി പുതിയ ഹവ്വായായി – സ്ത്രീയായി – മറിയത്തെ ചിത്രീകരിക്കാൻ യോഹന്നാൻ പരിശ്രമിക്കുന്നു. സ്ത്രീയിൽ നിന്നും പുറപ്പെടുന്ന സന്തതി (ഉൽപ്പ 3:15) സർപ്പത്തിന്റെ തല തകർക്കും എന്ന രക്ഷാ വാഗ്ദാനത്തിലെ സ്ത്രീയായി മറിയത്തെ യോഹന്നാൻ പരിചയപ്പെടുത്തുന്നു. അപ്പോൾ സ്ത്രീയേ എന്ന അഭിസംബോധനവഴി അവൾ പുതിയ നിയമത്തിലെ ഹവ്വായായും പുതിയ ഇസ്രായേലിന്റെ – സഭയുടെ – മാതൃകയായും സാത്താന്റെ തല തകർക്കുന്ന രക്ഷകന്റെ അമ്മയായും അവതരിപ്പിക്കപ്പെടുന്നു.

കാനായിലെ ദൈവമഹത്വത്തിന്റെ ഈ ആവിഷ്കാരത്തിൽ മറിയത്തിന്റെ സ്ഥാനം എന്താണ്? യോഹന്നാന്റെ സുവിശേഷത്തെ വ്യാഖ്യാനിക്കുന്നവരുടെ വീക്ഷണത്തിൽ കാനായിലെ അത്ഭുതത്തിന്റെ രാസത്വരകം (catelyst of the miracle) മറിയത്തിന്റെ വിശ്വാസമാണ്. ആ വിശ്വാസമാണ് "അവർക്ക് വീഞ്ഞില്ല" എന്ന ഓർമ്മപ്പെടുത്തൽ കൊണ്ടും "അവൻ പറയുന്നതുപോലെ ചെയ്യുവിൻ" എന്ന നിർദ്ദേശം വഴിയും പ്രതിസന്ധിയുടെ മുഹൂർത്തത്തിൽ ഇടപെടാനും അത്ഭുതത്തിന്റെ രാസത്വരകമാകാനും മറിയത്തെ സഹായിച്ചത്.

എന്നാൽ ഇതിൽ നിന്നും വ്യത്യസ്ഥമായി കണ്ടെത്താവുന്ന ഒരു വ്യാഖ്യാനമുണ്ട്. വത്സലശിഷ്യൻ മൂന്നാം ദിവസം എന്ന സമയസൂചനകൊണ്ട് പുറപ്പാട് ജനത സീനായ്മലയിൽവച്ച് സാക്ഷ്യം വഹിച്ച ദൈവാവിഷ്കാരത്തിലേക്കും (theopheny) മഹത്വത്തിന്റെ വെളിപാടിലേക്കും (പുറ. 19:16–25) വായനക്കാരന്റെ ശ്രദ്ധയെ ക്ഷണിക്കുന്നതുകൊണ്ടും സീനായ് മലയടിവാരത്തെ മഹത്വത്തിന്റെ വെളിപാടും കാനായിലെ മഹത്വത്തിന്റെ വെളിപാടും തമ്മിൽ ബന്ധിപ്പിക്കുന്നതുകൊണ്ടും മോശയും മറിയവും തമ്മിൽ ഒരു സാധർമ്മ്യം ഇവിടെ അന്തർലീനമാ

യിട്ടുണ്ട്. അതായത്, പഴയനിയമ ജനതയെ സീനായ്മലയിൽ നടന്ന ദൈവാവിഷ്കാരത്തിനും മഹത്വത്തിന്റെ വെളിപാടിനും സാക്ഷികളാകാനും യഹോവയ്ക്ക് തങ്ങളെ സമർപ്പിക്കാനും ഒരുക്കിയ മോശയുടെ സ്ഥാനമാണ് കാനായിൽ മറിയത്തിന്. യേശുവിനെ തന്റെ മഹത്വം വെളിപ്പെടുത്തുന്ന സമയത്തിൽ പ്രവേശിക്കാൻ നിർബന്ധിക്കുക വഴി, ദൈവമഹത്വത്തിന്റെ പുതിയ വെളിപാടിന് മറിയം വഴിയൊരുക്കുന്നവളായി മാറുന്നു. 'അവൻ പറയുന്നതുപോലെ ചെയ്യുവിൻ' എന്ന മറിയത്തിന്റെ വാക്കുകൾ ആകസ്മികമാണെന്നോ യാദൃശ്ചികമാണെന്നോ തെറ്റിദ്ധരിക്കരുത്. പുറപ്പാട് പുസ്തകത്തിൽ മോശയുടെ അധരങ്ങളിൽ നിന്നുവീണ 'കർത്താവ് കൽപിക്കുന്നതുപോലെ നിങ്ങൾ ചെയ്യുവിൻ' എന്ന വാക്കുകളുടെ പ്രതിഫലനങ്ങളാണ് മറിയത്തിന്റെ ഈ വാക്കുകളിലുള്ളത്. മോശ ഇസ്രായേൽ ജനത്തെ പാളയത്തിന് വെളിയിലിറക്കി യഹോവയുടെ സ്വരം കേൾക്കുന്നതിനും സീനായ് മലയിലിറങ്ങി വന്ന സ്വർഗ്ഗീയ മഹത്വം കാണുന്നതിനും ഒരുക്കിയതുപോലെ. ഇതാ കാനയിൽ യേശുവിന്റെ വാക്ക് കേൾക്കുന്നതിനും അവന്റെ മഹത്വത്തിന്റെ വെളിപാടിന് സാക്ഷികളാകുന്നതിനും വേദിയൊരുക്കുന്ന മറിയം ദൈവമഹത്വം വെളിപ്പെടുന്നതിന് മോശയെ പോലെ ഒരു മധ്യവർത്തിയാണ്. അപ്പോൾ കാനായിലെ അത്ഭുതത്തിന്റെ വിവരണത്തിൽ ആരാണ് മറിയം? അവൾ ദൈവാവിഷ്കാരത്തിന്റെയും മഹത്വത്തിന്റെ വെളിപാടിന്റെയും മധ്യവർത്തിയാണ്. ദൈവസ്വരം കേൾക്കാനും മഹത്വം കാണാനും ശിഷ്യസമൂഹത്തിന് വഴിയൊരുക്കുന്നവളാണ്.

### എന്റെ സമയം

വത്സല ശിഷ്യൻ തന്റെ രചനയിൽ 26 തവണയാണ് മണിക്കൂർ/സമയം (*ഹോറാ*) എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. സമാന്തര സുവിശേഷകന്മാർ *ഹോറാ* എന്ന വാക്ക് ദിവസത്തിന്റെ യൂണിറ്റിനെ ഉദ്ദേശിച്ചാണ് ഉപയോഗിച്ചിരിക്കുന്നതെങ്കിൽ യോഹന്നാൻ സമയം/മണിക്കൂർ എന്നതിന് തികച്ചും പ്രതീകാത്മകമായ അർത്ഥമാണ് കൽപിച്ചിരിക്കുന്നത്. *ഹോറ* എന്ന വാക്കിലൂടെ യോഹന്നാൻ യേശുവിന്റെ ജീവിതത്തിലെ ഒരു 'നിർണ്ണായക മുഹൂർത്തം' എന്ന അർത്ഥമാണ് കൽപിക്കുന്നത്. യോഹന്നാന്റെ സുവിശേഷം 2:4 ("എന്റെ സമയം ഇനിയുമായിട്ടില്ല") മുതൽ 17:1 വരെയുള്ള ("പിതാവെ സമയമായിരിക്കുന്നു പുത്രനെ മഹത്വപ്പെടുത്തിയാലും") 26 പരാമർശങ്ങളിലും മണിക്കൂർ അഥവാ സമയം എന്ന വാക്ക് ഈ പ്രതീകാത്മക അർത്ഥമുൾക്കൊള്ളുന്നുണ്ട്. മണിക്കൂർ/സമയം എന്ന പദത്തിലൂടെ യോഹന്നാൻ യേശുവിന്റെ ജീവിതത്തിലെ ഏറ്റവും നിർണ്ണായക മുഹൂർത്തങ്ങളെയാണ്

(പീഢാസഹനം, മരണം, ഉത്ഥാനം, സ്വർഗാരോഹണം) വിവക്ഷിക്കുന്നത് എന്നാണ് റെയ്മണ്ട് ബ്രൗൺ മുതലായ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നത്. വി. അഗസ്റ്റിന്റെ ഭാഷ്യത്തിൽ, ഇവിടെ പരാമർശിക്കുന്ന 'സമയം' യേശുവിന്റെ പീഢാനുഭവ സമയത്തെയാണ് സൂചിപ്പിക്കുന്നത്. ഗ്രീക്ക് സഭാപിതാക്കന്മാരാകട്ടെ, യേശുവിന്റെ ആദ്യ അത്ഭുത പ്രവർത്തനത്തിന്റെ മുഹൂർത്തം എന്ന വ്യാഖ്യാനമാണ് 'സമയ'ത്തിന് നൽകുന്നത്.

## വക്കോളം നിറച്ച പരിചാരകർ

യേശുവിന്റെ അമ്മ തന്റെ വിശ്വാസം വഴി കാനായിലെ അടയാളത്തിന്റെയും ദൈവാവിഷ്കാരത്തിന്റെയും രാസത്വരകമോ മധ്യവർത്തിയോ ആയതുപോലെ നിർണ്ണായകമാണ് പരിചാരകരുടെ പ്രവൃത്തിയും. നസ്രത്തിലെ യേശുവിന് കിണറ്റിൽ കിടക്കുന്ന ജലത്തിന്റെ മേൽ അധികാരമുണ്ടെന്നും അത്ഭുതം പ്രവർത്തിക്കാൻ ശക്തിയുണ്ടെന്നും അവരും വിശ്വസിച്ചു എന്ന വിവരണത്തിലെ സൂചനകളിൽനിന്നും വ്യക്തമാണ്. വിരുന്നുശാലകളുടെ ആരവങ്ങൾക്കും ആഘോഷത്തിനും പിറകിൽ കഴിയാൻ വിധിക്കപ്പെട്ട പരിചാരകരുടെ മങ്ങിയ ജീവിതങ്ങളുടെ തിളക്കം കാണാതെ പോകാനാവില്ല. അവരുടെ കഥയിലെ സ്ഥാനം മനസിലാക്കണമെങ്കിൽ ആദ്യം യേശു അവരോട് നൽകുന്ന നിർദ്ദേശം പുനർവായിക്കണം. പന്തലിൽ വിളമ്പാൻ വീഞ്ഞില്ല എന്ന പ്രതിസന്ധിയിൽ നസ്രത്തിലെ യേശു നിർദ്ദേശിക്കുന്ന പരിഹാരം "ഭരണികളിൽ വെള്ളം നിറക്കുവിൻ" എന്നാണ്. ഏത് ഭരണികളിൽ - കലവറയിലിരിക്കുന്ന കാലിയായ വീഞ്ഞ് ഭരണികളിലാണോ? അല്ല "യഹൂദരുടെ ശുദ്ധീകരണകർമ്മത്തിനുള്ള വെള്ളം നിറക്കുന്ന കൽഭരണികളിൽ", കലവറയിലുള്ളവയിലല്ല, കുളിപ്പുരയിലോ, കിണറ്റിൻകരയിലോ, ക്ഷാളനകർമ്മത്തിനുപയോഗിക്കുന്ന ഭരണികളിലാണ് വെള്ളം നിറക്കാൻ യേശു പരിചാരകരോട് പറയുന്നത്. പ്രഥമദൃഷ്ട്യാ പ്രശ്നത്തിന്റെ പരിഹാരവുമായി യാതൊരു ബന്ധവും കാണാതെ മാനുഷികയുക്തിക്ക് മണ്ടൻ നിർദ്ദേശം എന്നു തോന്നിക്കുന്ന ഈ കൽപ്പന "വക്കോളം നിറക്കുന്നതുവരെ" അനുസരിച്ചു എന്നതാണ് കാനായിലെ പരിചാരകരുടെ മഹത്വം. അവർ അവയെല്ലാം വക്കോളം നിറച്ചു എന്ന യോഹന്നാന്റെ ദൃക്സാക്ഷി വിവരണം, പരിചാരകരുടെ അനുസരണം ഹൃദയപൂർവ്വമായിരുന്നു എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ്. പാതിമനസോടെയോ, നിവൃത്തികേടുകൊണ്ടോ അനുസരിക്കാൻ വിധിക്കപ്പെടുന്നവർ വക്കോളം നിറക്കാൻ മിനക്കെടില്ല എന്ന് സാമാന്യമായി മനസിലാക്കാം. അപ്പോൾ, തിരശ്ശീലകൾക്കു പിറകിലെ

തിളക്കമില്ലാത്ത ചില ജീവതങ്ങളുടെ ഹൃദയ സമർപ്പണം തമ്പുരാന്റെ മഹത്വം വെളിപ്പെടാനും മനുഷ്യജീവിതത്തിന്റെ കുറവുകളിൽ സമൃദ്ധിയുടെ വിരുന്നുണ്ടാകാനും ഇടയാക്കുന്നു.

വേദപുസ്തകം അവതരിപ്പിക്കുന്ന ദൈവം പലപ്പോഴും തന്റെ പ്രവർത്തിക്ക് മുന്നോടിയായി നിസ്സാരമെന്നോ, ബുദ്ധിശൂന്യമെന്നോ പ്രത്യക്ഷത്തിൽ തോന്നാവുന്ന നിർദ്ദേശങ്ങൾ നൽകുന്നതായി കാണാം. ദൈവത്തിന്റെ ജ്ഞാനം മാനുഷികബുദ്ധിയെ കീഴ്മേൽ മറിക്കുന്ന വിസ്മയം തന്നെ, മഴയുടെയോ പ്രളയത്തിന്റെയോ വിദൂര ലാഞ്ചനപോലുമില്ലാത്ത സമയത്ത് പ്രളയജലത്തിൽ നിന്ന് രക്ഷനേടാൻ പെട്ടകം പണിയാൻ നോഹയ്ക്ക് ലഭിച്ച കൽപനയും (ഉൽപ്പ. 6:13 –15) 75 വയസുവരെ കാത്തിരുന്ന് കിട്ടിയ ഇസഹാക്കിനെ ബലിയർപ്പിക്കാൻ മോറിയ മലയിലേക്ക് പോകാൻ അബ്രാഹത്തിന് ലഭിച്ച നിർദ്ദേശവും മരിച്ച് സംസ്കരിച്ചിട്ട് മൂന്ന് ദിവസം പിന്നിട്ട ലാസറിന്റെ കല്ലറയുടെ മൂടി നീക്കാനാവശ്യപ്പെടുന്നതും (യോഹ. 11:39) ഇത്തരം യുക്തിയെ വെല്ലുവിളിക്കുകയും പ്രകോപിപ്പിക്കുകയും ചെയ്യുന്ന ദൈവിക നിർദേശങ്ങൾക്കുദാഹരണമാണ്. എന്നാൽ കാനായിലെ പരിചാരകരുൾപ്പെടെ ദൈവിക സ്വരത്തെ സ്വന്തം ബുദ്ധിയുടെ ത്രാസിൽ തൂക്കിനോക്കാതെ അനുസരിച്ചവരെല്ലാം, "വക്കോളം നിറയ്ക്കുന്നവരെല്ലാം" ദൈവമഹത്വം ദർശിച്ചു എന്നത് വചന സാക്ഷ്യം.

### പുതുയുഗത്തിലെ പുതുവീഞ്ഞിന്റെ സമൃദ്ധി

കാനായിൽ നടന്ന അത്ഭുതത്തിൽ, ആറ് കൽഭരണികൾ നിറയെ വീഞ്ഞ് ലഭിച്ചു എന്ന സൂചനയാണ് സുവിശേഷകൻ നൽകുന്നത്. "ഓരോ കൽഭരണിയിലും രണ്ടോ മൂന്നോ അളവ് കൊള്ളുമായിരുന്നു" എന്നാണ് ഭരണികളുടെ വലുപ്പത്തെകുറിച്ച് നൽകുന്ന സൂചന. (രണ്ടോ, മൂന്നോ – *മെത്രെത്താസ് ദുവോ ഹെ ത്രേയിസ്*) അളവ് (*മെത്രെത്താസ്*) എന്നത് അക്കാലത്ത് ദ്രാവകങ്ങളുടെ അളവ് കണക്കാക്കിയിരുന്ന രീതിയായിരുന്നു. ഇതനുസരിച്ച് ഒരളവ് എന്നത് 9 ഗാലൺ അഥവാ 40 ലിറ്ററിന് തുല്യമായിരുന്നു. അപ്പോൾ ഒരു കൽഭരണിയിൽ വക്കോളം നിറയ്ക്കുമ്പോൾ 27 ഗാലൺ അഥവാ 120 ലിറ്റർ വീഞ്ഞ് കാണണം. അപ്പോൾ ആറ് ഭരണികളിലുംകൂടി 162 ഗാലൺ അല്ലെങ്കിൽ 720 ലിറ്റർ വീഞ്ഞ്. കാനായിൽ നടന്ന ആ ഒരു വിവാഹത്തിന് മാത്രമല്ല ഇനിയുമെത്രയോ വിവാഹങ്ങൾക്ക് തികയുന്ന വീഞ്ഞിന്റെ സമൃദ്ധിയാണ് ഉണ്ടായത്. ചില ബൈബിൾ വ്യാഖ്യാതക്കളുടെ (C. S. Keener, F. J Mokny ) അഭിപ്രായമനുസരിച്ച് 162 ഗാലൺ എന്നാൽ ഒരാൾക്ക് നീന്തി

കുളിക്കാവുന്നതിനും മാത്രം ഒരു കുളത്തിൽ ഉള്ള വെള്ളത്തിന്റെ അത്രയും സമൃദ്ധി എന്നാണ്. ദൈവത്തിന്റെ ഉദാരതയിലേക്കുള്ള നല്ലൊരു സാക്ഷ്യപത്രമായി വീഞ്ഞിന്റെ സമൃദ്ധിയെ വ്യാഖ്യാനിക്കാം "ദൈവം അളന്നല്ല തന്റെ ആത്മാവിനെ നൽകുന്നത്" എന്ന് സാക്ഷ്യപ്പെടുത്തുന്നതും വത്സലശിഷ്യൻ തന്നെയാണല്ലോ.

കാനായിൽ സംഭവിച്ച ഈ അത്ഭുതവും വീഞ്ഞിന്റെ സമൃദ്ധിയും ദൈവത്തിന്റെ ഉദാരതയിലേക്ക് മാത്രമല്ല വിരൽ ചൂണ്ടുന്നത്. അതിലപ്പുറം മിശിഹായുടെ കാലഘട്ടത്തെകുറിച്ചുള്ള പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണത്തിലേക്ക് കൂടിയാണ് ഇവിടെ സൂചന. യഹോവയുടെ ദിവസത്തിന്റെ, മിശിഹായുടെ വരവിന്റെ, യുഗാന്തത്തിന്റെ സൂചനയും അടയാളവുമായാണ് പഴയനിയമം വീഞ്ഞിന്റെ സമൃദ്ധിയെ അവതരിപ്പിക്കുന്നത്. യഹോവയുടെ രക്ഷാദിനത്തിൽ വീഞ്ഞ് പതഞ്ഞൊഴുകുമെന്ന് നിരവധി പ്രവചന ഭാഗങ്ങളുണ്ട് (ഹോസിയ 14:7, ആമോസ് 9:13–14, ജറമിയ 31:12, സഖറിയ 10:7, ജോയേൽ 2:21–24). യൂദായുടെ വംശമുറയിൽ വരാനിരിക്കുന്ന ഭാവിരാജാവിനെ ഉൾകണ്ണുകൊണ്ട് കണ്ട ഇസ്രായേൽ മരണക്കിടക്കയിൽ കിടന്ന് പ്രവചിക്കുന്നത്, അവൻ തന്റെ കഴുതയെ മുന്തിരി വള്ളിയിൽ കെട്ടും; തന്റെ ഉടുപ്പ് വീഞ്ഞിലും മേലങ്കി മുന്തിരിച്ചാറിലും കഴുകും എന്നാണ് (ഉൽപ്പ. 49:11).

അപ്പോൾ കാനായിലെ വീഞ്ഞിന്റെ സമൃദ്ധി അടയാളമാണ്. കർത്താവിന്റെ മഹത്വം ജനത്തെ സമീപിച്ചിരിക്കുന്നു, ദൈവത്തിന്റെ രക്ഷയുടെ ദിനങ്ങൾ – വിസ്മയകരമായ പ്രവർത്തികളുടെ ദിനം – ആരംഭിച്ചിരിക്കന്നു, യൂദായുടെ ചെങ്കോലിന്റെ യഥാർത്ഥ അവകാശി – മിശിഹായുടെ കാലം സമീപസ്ഥമായി എന്നെല്ലാം ഉറക്കെപ്പറയുന്ന അടയാളം. മിശിഹായുടെ കാലത്തെ പുതുവീഞ്ഞിന്റെ സമൃദ്ധിയെപ്പറ്റി പഴയനിയമത്തിലെ അപ്പോക്രിഫൽ ഗ്രന്ഥങ്ങളായ ഏനോക്കിന്റെ പുസ്തകം (ഏനോക്ക് 10:19), ബാറൂക്കിന്റെ രണ്ടാം പുസ്തകം (2ബാറൂക്ക് 29:5) എന്നിവ നടത്തുന്ന പ്രവചനങ്ങളും കാനായിലെ വീഞ്ഞിന്റെ അളവിനെ കാണിക്കാൻ യോഹന്നാൻ പരാമർശിക്കുന്ന രണ്ടോ മൂന്നോ അളവ് കൊള്ളുന്ന ആറ് കൽഭരണികളുടെ വിവരണവും തമ്മിൽ ആഴമായൊരു സാധർമ്മ്യമുണ്ട്. ഏനോക്ക് 10:19, 2ബാറൂക്ക് 29:5 – വിവരിക്കുന്നതു പ്രകാരം, മിശിഹായുടെ കാലത്ത് (Messianic age) ഓരോ മുന്തിരിച്ചെടിയിലും ആയിരം ശാഖകളുണ്ടാകും. ഓരോ ശാഖയിലും ആയിരം മുന്തിരിക്കുലകൾ കായ്ക്കും. ഓരോ മുന്തിരിക്കുലയിലും

ആയിരം മുന്തിരിപ്പഴങ്ങൾ ഉണ്ടാവും. ഓരോ മുന്തിരി മണിയിലും 120 ഗാലൺ മുന്തിരിച്ചാറുണ്ടാകും. കാനായിൽ വത്സല ശിഷ്യൻ യോഹന്നാൻ ആറ് കൽഭരണികളെന്നും രണ്ടോ മൂന്നോ അളവെന്നും പറയുന്നത് അർത്ഥമില്ലാതെയോ ചിലർ വ്യാഖ്യാനിക്കുന്നതുപോലെ പഴയ നിയമത്തിന്റെയോ യഹൂദ മതത്തിന്റെയോ അപൂർണ്ണത കാണിക്കാനോ അല്ല. മറിച്ച് രണ്ടോ മൂന്നോ അളവ് കൊള്ളുന്ന ഒരു കൽഭരണിയിൽ മൂന്ന് അളവ് പ്രകാരം 162 ഗാലൺ, രണ്ട് അളവ് പ്രകാരം 120 ഗാലൺ; ഇനി ശ്രദ്ധിക്കണം, മിശിഹായുടെ കാലത്ത് ഒരു മുന്തിരിപ്പഴത്തിൽ 2ബാറൂക്കിന്റെയും ഈനോക്കിന്റെയും പുസ്തകങ്ങൾ പ്രവചിക്കുന്നതും 120 ഗാലൺ വീഞ്ഞാണ്. അപ്പോൾ, രണ്ടോ മൂന്നോ അളവ് കൊള്ളുന്ന ആറ് കൽഭരണികൾ എന്ന വത്സലശിഷ്യന്റെ വിവരണം, പഴയനിയമം പ്രവചിച്ച പുതുവീഞ്ഞിന്റെ സമൃദ്ധി നൽകുന്ന മിശിഹായാണ് നസ്രത്തിലെ യേശു എന്ന വ്യക്തമാക്കാനാണ് എന്ന് മനസിലാക്കാം.

## ഒരു കാലിക വായന

### ബലികളെക്കാൾ ശ്രേഷ്ഠമായ പുണ്യം

കാനായിലെ കല്യാണ വിരുന്നും അവിടെ യേശു നടത്തിയ മഹത്വത്തിന്റെ വെളിപാടും ഒരുപാട് വ്യാഖ്യാനങ്ങൾക്ക് വിഷയമായ സുവിശേഷഭാഗങ്ങളിലൊന്നാണ്. കാനായിലെ മഹത്വത്തിന്റ വെളിപാടിന് രാസത്വരകമായത് എന്താണ്? മറിയത്തിന്റെ വിശ്വാസത്തോടൊപ്പം പരിചാരകരുടെ അനുസരണവുംകൂടിയായിരിക്കാം എന്നാണ് എനിക്ക് തോന്നുന്നത്. വെറുതെ പറഞ്ഞതല്ല, വേദപുസ്തകത്തിന്റെ താളുകളിൽ ഏറ്റവും പ്രാധാന്യത്തോടെ ആവശ്യപ്പെട്ടിട്ടുള്ള പുണ്യങ്ങളിൽ ഒട്ടും ചെറുതല്ലാത്തതാണ് 'അനുസരണം'. മനുഷ്യനെ മാത്രം ബാധിക്കുന്ന സംജ്ഞയല്ല വേദപുസ്തകം വിഭാവനം ചെയ്യുന്ന അനുസരണം. പ്രപഞ്ചം സ്രഷ്ടാവിനെ അനുസരിക്കുന്നതിന്റെ എത്ര സുന്ദര വിവരണങ്ങളാണ് വേദപുസ്തകത്തിൽ കണ്ടെത്തുന്നത്. ജ്ഞാനം 11:20; സങ്കീ. 89:12–13; 104:4; സിറാക്ക് 42:23 തുടങ്ങിയവ ഉദാഹരണങ്ങളാണ്. ബാറൂക്കിന്റെ പുസ്തകം 3:34–35 എങ്ങനെയാണ് പ്രപഞ്ചം സ്രഷ്ടാവിനെ അനുസരിക്കുന്നത് എന്ന് വിവരിക്കുന്നുണ്ട്. "... അവിടുന്ന് പ്രകാശമയക്കുന്നു, അത് പോകുന്നു. അവിടുന്ന് വിളിച്ചു, ഭയത്തോടുകൂടി അത് അനുസരിച്ചു... നക്ഷത്രങ്ങൾ തങ്ങളുടെ യാമങ്ങളിൽ പ്രകാശിക്കുന്നു. അവിടുന്ന് അവയെ വിളിച്ചു. 'ഇതാ ഞങ്ങൾ' എന്ന് അവ പറഞ്ഞു." വേദപുസ്തകത്തിന്റെ വിവരണത്തിൽ ഒരു കൗതുകമുണ്ട്; ദൈവത്തിന്റെ സൃഷ്ടികളിൽ അനുസരണക്കേടുകാട്ടുന്ന ഏക സൃഷ്ടി മനുഷ്യനാണ് എന്നതാണത്. ആദ്യ മനുഷ്യനായ ആദം മുതൽ അനുസരണക്കേടിന്റെ തിക്ത ഫലങ്ങൾ മനുഷ്യവംശത്തെ പിൻതുടർന്നുകൊണ്ടിരിക്കുന്നു. അത് മഹാരഥന്മാരെ പൂഴിയിൽ കിടത്തുകയും ചക്രവർത്തിമാരെ സ്ഥാനഭ്രഷ്ടരാക്കുകയും പ്രവാചകന്മാരെ മൂകരാക്കുകയും സാമ്രാജ്യങ്ങളെ ശൂന്യമാക്കുകയും ചെയ്തിട്ടുണ്ട്. അനുസരണത്തിന്റെ മഹത്വം വെളിവാക്കുന്ന സുന്ദരമായ വാക്കുകളാണ് ഇസ്രായേലിന്റെ ആദ്യ രാജാവായ സാവൂളിനോട് സാമുവൽ പ്രവാചകൻ പറയുന്നത്: "അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം (1സാമുവൽ 15:22)."

ഇനി ലളിതമായി, എന്താണ് അനുസരണം? അത് സ്വന്തം യുക്തിയെ, ഇച്ഛകളെ, സമർപ്പിക്കുന്നതാണ്. അനുസരണത്തിന്റെ പുണ്യമെന്ന് പറയുന്നത് അതിലടങ്ങിയിരിക്കുന്ന സമർപ്പണത്തിന്റെ വേദനയാണ്. തന്റെ മാനുഷിക ചിന്തയ്ക്ക് ദുർഗ്രഹവും ഇച്ഛയ്ക്ക്

വിരുദ്ധവുമായിരുന്ന കാൽവരിയിലെ കുരിശിൽ പിതാവിന്റെ ഇഷ്ട ത്തിന് സമ്മതം പറഞ്ഞ് സഹനത്തിന് സ്വയം സമർപ്പിച്ച നസ്രത്തിലെ യേശുവല്ലാതെ മറ്റാരാണ് മനുഷ്യന് അനുകരിക്കാൻ ഉദാത്തമായ മാതൃകയായുള്ളത്? അപ്പോൾ, കാനായിലെ കൽഭരണികളിൽ - കലവറയിലുപയോഗിക്കുന്നതല്ല, ശുദ്ധീകരണ കർമ്മത്തിന് ശുചിമുറിയിലോ കിണറ്റിൻ കരയിലോ ഉപയോഗിക്കുന്നവയിൽ - നസ്രത്തിലെ തച്ചന്റെ മകന്റെ വാക്കുകേട്ട് വക്കോളം നിറച്ച പരിചാരകരുടെ മഹത്വം മനസ്സിലായില്ലേ? അവർ നടത്തിയ യുക്തിയുടെയും ഇച്ഛയുടെയും സമർപ്പണമാണ് കാനായിലെ അത്ഭുതത്തിന്റെ രാസത്വരകം.

വർത്തമാനകാലത്ത് സഭയും കുടുംബങ്ങളും നേരിടുന്ന വലിയ പ്രതിസന്ധികളെന്തെല്ലാമായിരിക്കും? ഒരെണ്ണം നിശ്ചയമായും അനുസരിക്കാനറിയാത്ത മനുഷ്യരായിരിക്കും എന്നാണ് എനിക്കു തോന്നുന്നത്. അനുസരണത്തിന്റെ കൃപ അത് വ്രതമായി സ്വീകരിക്കുന്നവരിൽതൊട്ട് വറ്റിക്കൊണ്ടിരിക്കുമ്പോൾ സാക്ഷ്യത്തെക്കാൾ എതിർസാക്ഷ്യവും ഇടർച്ചയും പതിവായിക്കൊണ്ടിരിക്കും. കാനായിലെ പരിചാരകർ അനുസരിക്കാൻ മടിക്കുന്ന ഈ തലമുറയ്ക്ക് നല്ലൊരു പാഠമാണ്. നമ്മുടെ അനുസരണം, അത് മഹത്വത്തിന്റെ വെളിപാടുകൾക്ക് കാരണമാകില്ലെന്ന് ആരു കണ്ടു. യോഹന്നാന്റെ രചനയിൽ യേശുവിന്റെ അമ്മയുടെ ആദ്യമൊഴിയും ഏകമൊഴിയും "അവൻ പറയുന്നതുപോലെ ചെയ്യുവിൻ" എന്ന അനുസരണത്തിനുള്ള ആഹ്വാനമാണല്ലോ!

7

# ദൈവാലയങ്ങൾക്കുപരിയായ ദൈവസാന്നിധ്യം
## (യോഹ. 2:13–22)

സുവിശേഷകന്മാർ നാലുപേരും ഒരുപോലെ വിവരിക്കുന്ന ശ്രദ്ധേയമായ രംഗമാണ് യേശു ജറുസലേം ദേവാലയത്തിൽ പ്രവേശിച്ച് അവിടെ ക്രയവിക്രയം ചെയ്തിരുന്നവരെ പുറത്താക്കുന്നത് (മത്താ. 21:12–13, മർക്കോ. 11:15–17, ലൂക്ക 19:45–46, യോഹ. 2:13–22). നാല് സുവിശേഷകന്മാരും ഒരേ ചരിത്രസംഭവത്തെയാണ് വിവരിക്കുന്നതെങ്കിലും അവരുടെ പുനരവതരണത്തിൽ വത്സലശിഷ്യന്റെ വിവരണം ആഖ്യാനശൈലികൊണ്ടും വിവരണത്തിന്റെ സൂക്ഷ്മത കൊണ്ടും ശക്തമായ ദൈവശാസ്ത്ര പ്രതിഫലനം കൊണ്ടും തീർത്തും വ്യതിരിക്തത പുലർത്തുന്നുണ്ട്. സമാന്തരസുവിശേഷങ്ങളിൽനിന്നും വ്യത്യസ്തമായി യോഹന്നാൻ ദേവാലയ ശുദ്ധീകരണരംഗവും രാജകീയ ജറുസലേം പ്രവേശനവും രണ്ട് വ്യത്യസ്ഥ ഭാഗങ്ങളായാണ് നൽകിയിരിക്കുന്നത് (ദേവാലയശുദ്ധീകരണം (2:13–22) രാജകീയപ്രവേശനം (12:12–19)). സമാന്തരസുവിശേഷകന്മാർ ദേവാലയശുദ്ധീകരണത്തെ യേശുവിന്റെ കുരിശുമരണത്തിനുള്ള ഏറ്റവും അടുത്ത കാരണമായി ചിത്രീകരിക്കുമ്പോൾ യോഹന്നാൻ സുവിശേഷത്തിൽ കുരിശുമരണത്തിന്റെ ത്വരിതകാരണം ലാസറിനെ ഉയിർപ്പിക്കുന്നതായിട്ടാണ് അവതരിപ്പിക്കുന്നത്. സമവീക്ഷണസുവിശേഷങ്ങളിൽ ജറുസലേമിലേക്കുള്ള യേശുവിന്റെ രാജകീയ പ്രവേശനത്തോട് അനുബന്ധിച്ചാണ് ദേവാലയ ശുദ്ധീകരണത്തെ പരാമർശിക്കുന്നത്. അതായത്, പരസ്യജീവിതത്തിന്റെ സമാപനഘട്ടത്തിൽ യേശു പ്രവർത്തിച്ച അവസാനത്തെ പരസ്യപ്രവർത്തനമായി. എന്നാൽ യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ ആരംഭഭാഗത്ത് പരസ്യജീവിതത്തിന്റെ തുടക്കത്തിൽ നടന്ന രണ്ടാ

മത്തെ പരസ്യപ്രവർത്തനവും പ്രഘോഷണവുമായാണ് ദേവാലയ ശുദ്ധീകരണത്തെ വിവരിക്കുന്നത്. ഈ വ്യത്യാസത്തിൽ യോഹന്നാന്റെ തനതായ ദൈവശാസ്ത്ര ആഭിമുഖ്യങ്ങൾ പ്രകടമാകുന്നു എന്ന് ബൈബിൾ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നുണ്ട്. സുവിശേഷക ന്മാർ യേശുവിലൂടെ നടന്ന ദൈവീക വെളിപാടുകൾ അവതരിപ്പിക്കു ന്നതിലാണ് ശ്രദ്ധിച്ചിരുന്നത്. സമയക്രമത്തിന്റെ ക്ലിപ്തത അവരുടെ പ്രഥമ പരിഗണനാ വിഷയമായിരുന്നില്ല. അതുകൊണ്ട് ഈ ഒരു വ്യത്യാസം സുവിശേഷത്തിന്റെ അന്തഃസത്തയ്ക്കോ വിശ്വാസ്യ തയ്ക്കോ യാതൊരു കോട്ടവും വരുത്തുന്നില്ലതാനും. വിവരണരീതി കൊണ്ടും അവതരണത്തിലെ വിശദാംശങ്ങൾകൊണ്ടും സമാന്തരസു വിശേഷങ്ങളിൽ നിന്ന് വ്യത്യസ്ഥമാണ് യോഹന്നാന്റെ ദേവാലയശു ദ്ധീകരണരംഗമെങ്കിലും സത്താപരമായി അവ തമ്മിൽ നിരവധി പൊരു ത്തങ്ങൾ ഉണ്ടുതാനും. എല്ലാ സുവിശേഷകന്മാരും ഈ സംഭവത്തെ പെസഹാകാലത്ത് നടന്നതായിട്ടാണ് ചിത്രീകരിക്കുന്നത്, പെസഹാ യുടെ സമയക്രമത്തിൽ ഈ സംഭവം അവതരിപ്പിക്കുന്നു (Chronological framework of passover). യേശു ശുദ്ധീകരിക്കുന്നത് ദേവാലയ ത്തിലെ വിജാതീയരുടെ മണ്ഡപം (*ഹിയറോൺ*) ആണെന്ന് നാല് സുവിശേഷകൻമാരും പരാമർശിക്കുന്നുണ്ട്. ദേവാലയത്തിൽ ക്രയവി ക്രയം നടന്നിരുന്നതായി നാല് സുവിശേഷങ്ങളും വിവരിക്കുന്നു.

ദേവാലയം ശുദ്ധീകരിക്കുക എന്ന പ്രവാചകതുല്യമായ പ്രവർത്തി യിലേക്ക് യേശുവിനെ നയിക്കുന്ന സാഹചര്യത്തിന്റെ വിവരണത്തോ ടെയാണ് (contextual intimation) യോഹന്നാൻ രംഗം ആരംഭിക്കുന്ന ത്. 'പെസഹാതിരുനാൾ അടുത്തിരുന്നതിനാൽ യേശു ജറുസലേക്ക് പോയി' എന്നതിന് പകരം 'യഹൂദരുടെ പെസഹാ തിരുനാളിന്' എന്ന തിലെ 'യഹൂദരുടെ' (*തോൻ യൂദായിയോൻ*) എന്ന പരാമർശത്തിന് വ്യാഖ്യാതാക്കൾ പല അർത്ഥങ്ങൾ കൽപിക്കുന്നുണ്ട്.

ഒന്നാമതായി യോഹന്നാന്റെ കാലഘട്ടത്തിൽ യഹൂദ രുടേതിൽനിന്ന് വ്യത്യസ്ഥമായ ഒരു പെസഹാ ആചരണം നിലനി ന്നിരുന്നുവെന്നും ആ ക്രൈസ്തവ പെസഹാ ആചരണവും യഹൂദ രുടെ പെസഹായും ഒന്നാണെന്ന് വായനക്കാർ തെറ്റിദ്ധരിക്കാതിരി ക്കാനാണ് 'യഹൂദരുടെ പെസഹ' എന്ന് കൃത്യമായി പരാമർശിക്കു ന്നത് എന്ന് വ്യാഖ്യാനിക്കുന്ന പണ്ഡിതരുണ്ട്.

യഹൂദരുടെ പെസഹ എന്ന പരാമർശം, യോഹന്നാന്റെ സുവിശേ ഷരചനയുടെ കാലഘട്ടത്തിൽ (എ.ഡി. 96-100) യഹൂദമതവുമായി ക്രൈസ്തവ സമൂഹത്തിന് തമ്മിൽ സംഭവിച്ച സമ്പൂർണ്ണമായ വിഭജ നത്തെയും യഹൂദരുടെ ആചരണങ്ങളിൽ ക്രൈസ്തവർക്കുണ്ടായിരുന്ന

വൈകാരികബന്ധങ്ങൾ നഷ്ടമായതിനെയും സൂചിപ്പിക്കുന്നതിനുവേണ്ടി യാണെന്ന വ്യാഖ്യാനസാധ്യതയുമാണ് രണ്ടാമതുള്ളത്.

മൂന്നാമത്, യഹൂദരുടെ പെസഹ എന്നത്, യോഹന്നാന്റെ സവി ശേഷമായ ആഖ്യാന ശൈലി (സാഹിത്യശൈലി) ആണെന്നുള്ള വ്യാഖ്യാനമുണ്ട്. കാരണം യോഹന്നാൻ തിരുനാളുകളെപ്പറ്റി പരാമർശി ക്കുന്ന സമയത്തെല്ലാം ആവർത്തിച്ച് ഉപയോഗിക്കുന്ന ഒരു വിവരണ ശൈലിയാണിതെന്ന് കാണാം (യോഹ. 5:1, യഹൂദരുടെ തിരുനാളിന്, 6:4 – യഹൂദരുടെ പെസഹാതിരുനാളിന്, 7:2 – യഹൂദരുടെ കൂടാരതി രുനാൾ, 11:55 – യഹൂദരുടെ പെസഹാതിരുനാൾ).

നാലാമത് യഹൂദരുടെ എന്ന വിശേഷണം സുവിശേഷരചനയുടെ പൊതുലക്ഷ്യത്തെ മുൻനിർത്തിയാണെന്ന വാദമാണ്. യോഹന്നാൻ സുവിശേഷം രചിച്ചത് വിജാതീയരെ ലക്ഷ്യം വച്ചുകൊണ്ടാണെന്നും വിജാതീയർക്ക് യഹൂദരുടെ ആചാരങ്ങളെപ്പറ്റി ധാരണയില്ലാത്തതി നാലാണ് ഈ പരാമർശം എന്നും വ്യാഖ്യാനിക്കുന്നവരുണ്ട്.

യോഹന്നാന്റെ സുവിശേഷവിവരണത്തിൽ മാത്രം കാണുന്ന ഒരു സവിശേഷതയാണ്, സമാന്തര സുവിശേഷകന്മാരിൽനിന്ന് വ്യത്യസ്ഥ മായി മൂന്ന് തവണ പെസഹാതിരുന്നാളിൽ യേശു സംബന്ധിക്കുന്ന തായിട്ടുള്ള വിവരണം (2:13, 6:4, 11:55). യോഹന്നാന്റെ സുവിശേഷ ത്തിൽ സവിശേഷമായി കാണുന്ന ഈ പെസഹാതിരുനാളിനെ കുറി ച്ചുള്ള പരാമർശത്തിൽ സുവിശേഷകൻ വെളിപ്പെടുത്താനാഗ്രഹിക്കുന്ന തനതായ ക്രിസ്തു വിജ്ഞാനീയത്തിന്റെ അനുരണനങ്ങളുണ്ട്.

പെസഹാതിരുനാളിനെക്കുറിച്ച് ആവർത്തിച്ചുള്ള പരാമർശത്തിൽ യോഹന്നാൻ ക്രിസ്തുവിജ്ഞാനീയം പിൻതുടരുന്ന പെസഹാസമയ ക്രമം (Passover chronology) പ്രത്യേകം ശ്രദ്ധാർഹമാണ്. യോഹന്നാൻ യേശുവിനെ ദൈവത്തിന്റെ കുഞ്ഞാടായി (the Paschal lamb) ചിത്രീക രിച്ചതിനാൽ (1:29) ഈ പെസഹാ സമയക്രമം വളരെ പ്രധാനപ്പെട്ടതാ ണ്. യോഹന്നാൻ പരാമർശിക്കുന്ന മൂന്ന് പെസഹാതിരുനാളുകളിൽ അവസാനത്തെ പെസഹായുടെ (11:55) വിവരണത്തിൽ ഈ പെസ ഹാസമയക്രമം വളരെ വ്യക്തവും ശക്തവുമായി പ്രതിഫലിക്കുന്നു ണ്ട്. ബഥാനിയായിലെ തൈലാഭിഷേകം വത്സലശിഷ്യൻ കൃത്യമായി വിവരിക്കുന്നു: അത് പെസഹായ്ക്ക് ആറ് ദിവസം മുമ്പ് (12:1) ആയിരു ന്നു. അതായത്, യഹൂദ കലണ്ടറിലെ നിസാൻ മാസം 9–ാം തീയതി. പെസഹായ്ക്ക് കൊല്ലപ്പെടേണ്ട കുഞ്ഞാടിനെ തിരഞ്ഞെടുക്കുന്ന ദിവസം (പുറ. 12:3). യേശുവിനെ യഹൂദർ ബന്ധിക്കുന്നതും വിചാ രണ ചെയ്യുന്നതും പെസഹാ ഭക്ഷണത്തിനുള്ള ഒരുക്കത്തിന്റെ ദിവ

സത്തിലാണ് (നിസാൻ മാസം 13 തീയതി–പുറ. 12:4). പെസഹാകുഞ്ഞാടിനെ വധിക്കേണ്ട നിസാൻ മാസം 14–ാം തീയതിയാണ് (പുറ. 12:6 "ഇസ്രായേൽ സമൂഹം മുഴുവൻ തങ്ങളുടെ ആട്ടിൻകുട്ടിയെ അന്ന് സന്ധ്യയ്ക്ക് കൊല്ലണം") പുതിയ പെസഹാകുഞ്ഞാടായ യേശു കൊല്ലപ്പെട്ടതായി വത്സല ശിഷ്യൻ ചിത്രീകരിക്കുന്നത് (യോഹ. 19:31–42). സുവിശേഷത്തിന്റെ ആരംഭത്തിൽ പെസഹാകുഞ്ഞാടായി (*ആംനോസ് തു തേവൂസ്*) യേശുവിനെ ചിത്രീകരിക്കുന്നതിന്റെ സാംഗത്യം മനസിലാക്കുന്നത് ഈ സമയക്രമത്തെകുറിച്ച് അറിയുമ്പോളാണ്.

**ജറുസലേം: വെളിപാടിന്റെ ഭൂമി**

ആമുഖവിവരണത്തിൽ മൂന്നാമത് ശ്രദ്ധേയമായത് യേശു ജറുസലേമിലേക്ക് പോയി എന്ന പരാമർശമാണ്. സമാന്തരസുവിശേഷങ്ങളിൽനിന്ന് വളരെ വ്യത്യസ്ഥമായി യോഹന്നാന്റെ രചനയിൽ യേശുവിന്റെ ജീവിതത്തിൽ ജറുസലേമിന് കൂടുതൽ സ്ഥാനമുണ്ട്. സമാന്തര സുവിശേഷങ്ങളിലെ വിവരണം അനുസരിച്ച് ജറുസലേമിൽ പൂർത്തിയാകുന്ന ഒരു യാത്രയാണ് യേശുവിന്റെ പരസ്യജീവിതകാലം. ഈ യാത്രയിലെ ലക്ഷ്യസ്ഥാനവും അവസാന സ്ഥലവുമാണ് ജറുസലേം. എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിന്റെ പരസ്യജീവിതം മൂന്ന് തവണ ജറുസലേമിലേക്ക് നടത്തുന്ന യാത്രയായാണ് ചിത്രീകരിക്കുന്നത്. ഈ യാത്രയിൽ മൂന്നാമത്തെ യാത്രയുടെ ഒടുവിലാണ് മരണവും ഉത്ഥാനവും നടക്കുന്നത്.

യോഹന്നാന് ജറുസലേം യേശുവിന്റെ ദൈവിക വെളിപാടുകൾക്കുള്ള സ്ഥലമാണ്. യേശുവിന് സ്വയം വെളിപ്പെടുത്താനുള്ള വേദി. അവിടെ അവൻ വിമർശിക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നുണ്ട്. എന്തുകൊണ്ടായിരിക്കാം വത്സലശിഷ്യൻ യേശുവിനെ ജറുസലേമുമായി കൂടുതൽ ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നത്? ഒരുപക്ഷെ ഇത് മനസിലാക്കുന്നതിന് ജറുസലേം എന്ന വാക്കിന്റെ അർത്ഥത്തിലേക്ക് കടക്കുന്നത് ഉചിതമായിരിക്കും. ജറുസലേം എന്ന വാക്ക് രണ്ട് ഹിബ്രൂ പദങ്ങൾ ലോപിച്ചുണ്ടായതാണ്: *യാറാഷ്* (ഇരിപ്പിടം) *ഷാലോം* (സമാധാനം). അപ്പോൾ, ജറുസലേം എന്നാൽ 'സമാധാനത്തിന്റെ ഇരിപ്പിടം' എന്നർത്ഥം. ജബൂസ്യർ എന്ന ജനവിഭാഗത്തിന്റെ പട്ടണമായിരുന്ന ജറുസലേമിനെ ദാവീദാണ് ഇസ്രായേലിന്റെ രാജ്യതലസ്ഥാനമാക്കി മാറ്റിയത്. ഷെക്കമിൽ നിന്ന് ദാവീദ് ഭരണവും ഷീലോയിൽ നിന്ന് സോളമൻ ആരാധനാകേന്ദ്രവും ജറുസലേമിലേക്ക് മാറ്റി സ്ഥാപിച്ചു. ഇതിലൂടെ യഹൂദരുടെ രാഷ്ട്രീയ–മത കേന്ദ്രം എന്ന സുപ്രധാന സ്ഥാനമാണ് ജറുസലേമിന് കൈവന്നത്. എ.ഡി. 70–ൽ റോമൻ സൈന്യാധിപനായ ടൈറ്റസ് നശിപ്പിക്കുന്നതു

വരെ ബാബിലോൺ പ്രവാസത്തിന്റെ ചെറിയ ഇടവേള ഒഴിച്ച് (ബി. സി. 587–539) ജറുസലേം ഈ നിർണ്ണായക സ്ഥാനത്ത് തുടർന്നുപോന്നു. തന്റെ നിയതമായ ക്രിസ്തുവിജ്ഞാനീയം വെളിപ്പെടുത്തുന്നതിന് പഴയനിയമത്തെ ക്യാൻവാസായി ഉപയോഗിക്കുന്ന യോഹന്നാൻ ഇവിടെയും പഴയനിയമ പ്രവചനങ്ങളുടെ ബലത്തിലായിരിക്കുമോ യേശുവിന്റെ പ്രവർത്തനങ്ങളുടെയും വെളിപ്പെടുത്തലുകളുടെയും കേന്ദ്രമായി ജറുസലേമിനെ (സമാധാനത്തിന്റെ ഇരിപ്പിടത്തെ) അവതരിപ്പിക്കുന്നത്? ഏശയ്യായുടെ സഹനദാസനെകുറിച്ചുള്ള പ്രവചനങ്ങളുടെ മാറ്റൊലികൾ യോഹന്നാന്റെ രചനയിൽ പ്രത്യേകിച്ച് ദൈവത്തിന്റെ കുഞ്ഞാട് എന്ന പരാമർശത്തിൽ നാം കണ്ടു കഴിഞ്ഞു. അതുപോലെ തന്നെ ഏശയ്യയുടെ എമ്മാനുവേൽ പ്രവചനത്തിന്റെ സ്വാധീനവും ഇവിടെ നിഴലിക്കുന്നുണ്ട്. എമ്മാനുവേൽ പ്രവചനത്തിൽ, കൂടെ വസിക്കുന്നവനായ വരാനിരിക്കുന്ന ഭാവി രാജാവിന് നൽകുന്ന നിരവധി അഭിധാനങ്ങളിൽ (ഏശയ്യാ 7:6–7) ശ്രദ്ധേയമായതാണ് 'അവൻ സമാധാനത്തിന്റെ രാജാവ് എന്നു വിളിക്കപ്പെടും' എന്ന പ്രവചനഭാഗം. സമാധാനത്തിന്റെ രാജാവിന്റെ പ്രവർത്തനങ്ങളുടെയും വെളിപാടുകളുടെയും ഭൂമികയാകുന്നത് സമാധാനത്തിന്റെ ഇരിപ്പിടമെന്നർത്ഥമുള്ള ജറുസലേം. ഈ ഒരു ശക്തമായ ദൈവശാസ്ത്ര വീക്ഷണമായിരിക്കാം സമാന്തര സുവിശേഷങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ജറുസലേമിനെ (സമാധാനത്തിന്റെ ഇരിപ്പിടം) യേശുവിന്റെ (സമാധാനത്തിന്റെ രാജാവ്) പ്രവർത്തനങ്ങളുടെ കേന്ദ്രമായി വത്സലശിഷ്യൻ അവതരിപ്പിക്കുന്നതിന് നിദാനമായത്.

യോഹന്നാന്റെ ദേവാലയ ശുദ്ധീകരണത്തെകുറിച്ചുള്ള ഈ വിവരണത്തെ രണ്ട് ഭാഗങ്ങളായി വ്യാഖ്യാതാക്കൾ വിഭജിക്കാറുണ്ട്. ഒന്നാമത്, യേശുവിന്റെ പ്രവാചക തുല്യമായ പ്രവർത്തി (2:14–17); രണ്ടാമത്, പ്രവാചക ധ്വനി മുഴങ്ങുന്ന വാക്കുകളും അതിനോടുള്ള പ്രതീകങ്ങളും (2:19–22). ഈ വിവരണത്തിൽ വത്സലശിഷ്യൻ വായനക്കാരുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്ന ശക്തവും സ്പഷ്ടവുമായ ദൈവശാസ്ത്ര പരിചിന്തനങ്ങൾ താഴെപ്പറയുംവിധം സംഗ്രഹിക്കാമെന്ന് കരുതുന്നു.

## ദേവാലയത്തോട് അനുബന്ധിച്ചു നടന്ന സാമ്പത്തിക ചൂഷണങ്ങൾക്കെതിരെയുള്ള പ്രതിഷേധം

ബി. ലിൻഡാസ്, ഇസ്രായേൽ അബ്രഹാം തുടങ്ങിയ വ്യാഖ്യാതാക്കളുടെ വീക്ഷണത്തിൽ, ദൈവാലയ ശുദ്ധീകരണത്തിലൂടെ ജറുസലേം ദേവാലയത്തോടും അതിലെ അനുഷ്ഠാന വിധികളോടും ചേർന്നു

നടത്തിയ വലിയ സാമ്പത്തിക ചൂഷണങ്ങൾക്ക് എതിരെ യേശു പ്രതികരിക്കുകയായിരുന്നു എന്നാണ്. ദേവാലയത്തോടും തിരുന്നാളുകളോടും അനുബന്ധിച്ച് എല്ലാറ്റിൽനിന്നും ജറുസലേമിലെ വരേണ്യവർഗ്ഗം അമിത ലാഭമുണ്ടാക്കിയിരുന്നു എന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ദരിദ്രരായ തീർത്ഥാടകരെ പോലും ബലിവസ്തുക്കളുടെ പേരിലും നാണയം മാറ്റുന്നതിന്റെ പേരിലും ചൂഷണം ചെയ്യാൻ മടി കാട്ടിയിരുന്നില്ല. ഈ അർത്ഥത്തിൽ, ദേവാലയം ചൂഷണത്തിന്റെ ഇടമായി മാറി. സമാന്തര സുവിശേഷകന്മാർ "എന്റെ പിതാവിന്റെ ഭവനത്തെ നിങ്ങൾ കച്ചവടക്കാരുടെ ഗുഹയാക്കിമാറ്റി" എന്ന യേശുവിന്റെ രോഷപ്രകടനത്തെ രേഖപ്പെടുത്തിയിരിക്കുന്നത് ഈ വ്യാഖ്യാനത്തിന്റെ ആധികാരികതയ്ക്ക് തെളിവാണ്. അപ്പോൾ, ദേവാലയത്തിന്റെയും അനുഷ്ടാനങ്ങളുടെയും മറവിൽ, ഭക്തിയുടെയും മതാത്മകതയുടെയും തണലിൽ വരേണ്യവർഗ്ഗം ദരിദ്രനോടും പരദേശിയോടും പോലും ദയവില്ലാതെ ചെയ്തുവന്ന സാമ്പത്തിക ചൂഷണങ്ങൾക്കെതിരെയാണ് നസ്രത്തിലെ യേശു കലഹിച്ചത്.

അതിവിശുദ്ധ സ്ഥലങ്ങളുടെയും തീർത്ഥാടന കേന്ദ്രങ്ങളുടെയും അനുഷ്ടാന മുറകളുടെയും തണലിലും മറവിലും ആത്മീയ ചൂഷണങ്ങൾ കുറവില്ലാതെ നടക്കുന്ന എല്ലാക്കാലത്തും വത്സല ശിഷ്യൻ വിവരിക്കുന്ന ഈ ഭാഗത്തിന് പ്രസക്തിയുണ്ട്. ദരിദ്രരും അഗതിയും ചൂഷണം ചെയ്യപ്പെടുന്ന, വരേണ്യവർഗ്ഗം പാവപ്പെട്ടവന്റെ രക്തമൂറ്റിക്കുടിച്ച് കൊഴുക്കുന്ന, ഏത് ദേശത്തും പ്രസക്തിയോടെ വ്യാഖ്യാനിക്കേണ്ടതാണ് ദേവാലയം ശുദ്ധീകരിക്കുന്ന ഈ സുവിശേഷ ഭാഗത്തെ.

### സാർവ്വത്രിക രക്ഷയുടെ വിളംബരം

യേശു കച്ചവടക്കാരെ പുറത്താക്കുന്ന ദേവാലയഭാഗത്തെ സുവിശേഷകർ *ഹിയറോൺ* എന്നാണ് വിളിക്കുന്നത്. *ഹിയറോൺ* എന്ന ഗ്രീക്ക് വാക്കിന് ദേവാലയം എന്ന് അർത്ഥമുണ്ടെങ്കിലും ദേവാലയത്തിന്റെ മദ്ബഹാ ഉൾപ്പെടുന്ന അതിവിശുദ്ധ സ്ഥലത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്ന വാക്ക് *നാവോസ്* എന്നതാണ്. യോഹന്നാന്റെ വിവരണത്തിൽ ദേവാലയശുദ്ധീകരണത്തിന്റെ ആദ്യഭാഗത്ത് (2:13-17) *ഹിയറോൺ* എന്ന പദവും രണ്ടാം ഭാഗത്ത് (2:18-22) *നാവോസ്* എന്ന പദവുമാണ് ഉപയോഗിച്ചിരിക്കുന്നത്. ജോസഫ് ഫ്ളാവിയൂസിനെപ്പോലെയുള്ള യഹൂദ ചരിത്രകാരൻമാരുടെയും റെയ്മണ്ട് ബ്രൗൺ തുടങ്ങിയ ബൈബിൾ പണ്ഡിതരുടെയും അഭിപ്രായത്തിൽ *ഹിയറോൺ* ജറുസലേം ദേവാലയത്തിലെ നാല് ഭാഗങ്ങളിൽ ഏറ്റവും

പുറമെയുള്ള വിജാതീയരുടെ മണ്ഡപത്തെയാണ് (Court of the Gentiles) അർത്ഥമാക്കുന്നത്.

യഹൂദചരിത്രത്തിൽ സോളമനാണ് ബി.സി. 966-ൽ ആദ്യത്തെ ദേവാലയം നിർമ്മിക്കുന്നത്. (1രാജാ. 8:1 ff) പിന്നീട് ബാബിലോൺ രാജാവ് നബുക്കദ്നേസറിന്റെ ആക്രമണത്തിൽ ബി. സി. 586-ൽ ഈ ദേവാലയം തകർക്കപ്പെട്ടു. പ്രവാസത്തിനുശേഷം, ബി. സി. 520-515 കാലഘട്ടത്തിൽ പേർഷ്യൻ ഗവർണ്ണറായ സെറുബാബേലിന്റെയും പ്രധാനപുരോഹിതൻ ജോഷ്വായുടെയും കീഴിൽ പുനർനിർമ്മിച്ചതാണ് രണ്ടാമത്തെ ദേവാലയം (എസ്രാ 3:1-8; 4:1-14; 6:1-22). പ്രവാചകന്മാരായ ഹഗ്ഗായി, സഖറിയാ എന്നിവരുടെ പ്രവചനങ്ങളിൽ ഈ ദേവാലയ നിർമ്മാണത്തെ ശക്തമായി പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഭാഗങ്ങൾ വ്യക്തമാണ്. മഹാനായ ഹേറോദേസ്, ബി. സി. 20-ൽ തുടങ്ങിയ പുനരുദ്ധാരണ പ്രവർത്തികൾ എ. ഡി. 63 വരെ നീണ്ടു നിന്നിരുന്നതായി ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഈ ദേവാലയമാണ് യേശുവിന്റെ കാലത്ത് ഉണ്ടായിരുന്നതും സുവിശേഷകന്മാർ പരാമർശിക്കുന്നതും. നിർമ്മാണം പൂർത്തിയായി ഏഴ് വർഷങ്ങൾക്കു ശേഷം എ. ഡി. 70-ൽ റോമൻ സൈന്യാധിപൻ ടൈറ്റസ് ഈ ദേവാലയം നശിപ്പിക്കുന്നു. ജറുസലേം ദേവാലയത്തിന് നാല് ഭാഗങ്ങൾ ഉണ്ടായിരുന്നതായി ചരിത്രകാരൻമാർ പറയുന്നുണ്ട്. വിജാതിയരുടെ മണ്ഡപം, സ്ത്രീകളുടെ മണ്ഡപം, പുരുഷന്മാരുടെ ഭാഗം, പുരോഹിതന്മാരുടെ ഭാഗം ഈ നാല് ഭാഗത്തിൽ നിന്ന് മാറിയാണ് ഹെബ്രായഭാഷയിൽ *കോദേഷ് ഹ കൊദാഷീം* എന്നും ഗ്രീക്ക് ഭാഷയിൽ *നാവോസ്* എന്നും അറിയപ്പെട്ട അതിവിശുദ്ധസ്ഥലം സ്ഥിതി ചെയ്തിരുന്നത്.

ഇതിൽ ഏറ്റവും വലുതും പുറമേയുള്ളതുമായ വിജാതീയരുടെ മണ്ഡപം, യഹൂദരല്ലാത്തവർക്ക് ആരാധിക്കാനുള്ള സ്ഥലമായാണ് കരുതിയിരുന്നത്. എന്നാൽ യേശുവിന്റെ കാലത്ത് ഈ വിജാതീയരുടെ മണ്ഡപത്തിൽ ബലിയർപ്പണത്തിനുള്ള ആടുകളുടെയും പ്രാവുകളുടെയും വിൽപനയും ദേവാലയഭണ്ഡാരത്തിൽ നിക്ഷേപിക്കാൻ അനുവാദമുണ്ടായിരുന്ന ശുദ്ധമായ വെള്ളിയിൽ നിർമ്മിച്ച (രാജാക്കന്മാരുടെ ചിത്രം മുദ്രണം ചെയ്യാത്ത) ടിറേനിയൻ നാണയത്തിന്റെ മാറ്റവും നടന്നുവന്നിരുന്നു. ഈ ക്രയവിക്രയം അതിവിശുദ്ധസ്ഥലത്ത് നടന്നിരുന്ന ബലികൾക്കോ, പ്രാർത്ഥനകൾക്കോ ഒരു തടസ്സവും വരുത്തിയിരുന്നില്ല. അപ്പോൾ ഈ കച്ചവടം ആർക്കാണ് ബുദ്ധിമുട്ട് സൃഷ്ടിച്ചത്? വിജാതീയരുടെ മണ്ഡപത്തിൽ നടന്ന ഈ കച്ചവടകോലാഹലം വിജാതീയർക്ക് ദൈവാനുഭവത്തിനുള്ള അവസര

മാണ് യഥാർത്ഥത്തിൽ ഇല്ലാതാക്കിയത്. "നിങ്ങൾ എന്റെ പിതാവിന്റെ ഭവനം കച്ചവടസ്ഥലമാക്കി" എന്ന യേശുവിന്റെ രോഷം ഈ അർത്ഥത്തിൽ വിജാതീയർക്ക് ദൈവാനുഭവം തടസ്സപ്പെടുത്തിയ കച്ചവടനിലപാടുകൾക്കെതിരെയായിരുന്നു എന്നുപറയാം. അതുവഴി താൻ സർവ്വലോകത്തിന്റെയും സകല മനുഷ്യരുടെയും രക്ഷകനാണ് എന്ന സന്ദേശമാണ്, സാർവത്രിക രക്ഷ എന്ന ദൈവപിതാവിന്റെ സ്വപ്നമാണ് ഏകജാതൻ വെളിപ്പെടുത്തുന്നത്.

യോഹന്നാന്റെ ദേവാലയ ശുദ്ധീകരണ വിവരണത്തെ 'സാർവ്വത്രിക രക്ഷാപദ്ധതിയുടെ വെളിപ്പെടുത്തൽ' എന്ന് വ്യാഖ്യാനിക്കുന്നതിന്റെ സാധുത, "എന്റെ പിതാവിന്റെ ഭവനം നിങ്ങൾ കച്ചവട സ്ഥലമാക്കി" എന്ന യേശുവിന്റെ വാക്കുകളിൽ സുവിദിതമായിരിക്കുന്ന പഴയനിയമ സൂചനയാണ് (allusion). വ്യാഖ്യാതാക്കൾ ഈ വാക്യത്തിൽ (യോഹ. 2:16) സഖറിയാ 14:21-ാം വാക്യത്തിന്റെ ("ഇനിമേൽ സൈന്യങ്ങളുടെ കർത്താവിന്റെ ആലയത്തിൽ ഒരു വ്യാപാരിയും ഉണ്ടാവുകയില്ല.") അനുരണങ്ങൾ ആരോപിക്കുന്നുണ്ട്. ഇവിടെ 'വ്യാപാരി' എന്ന വാക്ക് *ക്നാനയി* എന്ന ഹീബ്രു വാക്കിന്റെ പരിഭാഷയായിട്ടാണ് നൽകിയിരിക്കുന്നത്. *ക്നാനയി* എന്ന വാക്കിന് വ്യാപാരി എന്നതിനേക്കാൾ കൃത്യമായ പരിഭാഷ "കാനാൻകാർ = വിജാതീയർ" എന്നുള്ളതാണെന്നതാണ് സത്യം. അപ്പോൾ സഖറിയ പ്രവചിക്കുന്നത് "ഇനിമേൽ സൈന്യങ്ങളുടെ കർത്താവിന്റെ ആലയത്തിൽ വിജാതീയർ ഉണ്ടാവുകയില്ല" എന്നാണ്. സഖറിയ പ്രവചനം 9-14 അദ്ധ്യായങ്ങളിൽ യഹോവ ലോകം മുഴുവന്റെയും നാഥനും സകല ജനപദങ്ങളുടെയും പിതാവുമാകുന്ന യുഗാന്ത്യോന്മുഖ കാലത്തെക്കുറിച്ചാണെന്നത് മനസ്സിലാക്കുമ്പോഴാണ് സഖറിയായുടെ പ്രവചനത്തിന്റെ സർവ്വാശ്ലേഷിയായ ധ്വനി വ്യക്തമാകുന്നത്. അതായത്, യുഗാന്ത്യോന്മുഖ കാലത്ത് വിജാതീയർ എന്നോ അശുദ്ധരെന്നോ ആരും വിളിക്കപ്പെടുകയില്ല. എല്ലാവരും തുല്ല്യമായി ദൈവത്തിന്റെ പിതൃത്വത്തിൽ അവകാശികളാകും എന്ന് സാരം. അപ്പോൾ നസ്രത്തിലെ യേശു ദേവാലയത്തിലെ വിജാതീയരുടെ മണ്ഡപം ശുദ്ധീകരിച്ചുകൊണ്ട് വിളംബരം ചെയ്യുന്നത് എന്താണ്? രക്ഷ സർവ്വാശ്ലേഷിയാകുന്ന, സകല ജനപദങ്ങളും ഒന്നുപോലെ ദൈവത്തിന്റെ മക്കളുടെ പദവിയിലേക്കുയരുന്ന കൃപാകാലം സമാഗതമായി എന്നല്ലേ!

## നസ്രത്തിലെ യേശു ദൈവസാന്നിധ്യത്തിന്റെ സമ്പൂർണ്ണ കൂടാരം

ദേവാലയ ശുദ്ധീകരണത്തിന്റെ രണ്ടാം ഭാഗത്ത് ദേവാലയം ശുദ്ധീകരിക്കാനുള്ള യേശുവിന്റെ ആധികാരികതയ്ക്ക് തെളിവായി അടയാളം

ചോദിച്ച യഹൂദരോട് യേശു പറയുന്ന വാക്കുകളാണ് കേന്ദ്രസ്ഥാനത്ത് നിൽക്കുന്നത്. "നിങ്ങൾ ഈ ആലയം നശിപ്പിക്കുക, മൂന്നാം ദിവസം ഞാനത് പുനരുദ്ധരിക്കും". ഇവിടെ യോഹന്നാൻ ദേവാലയം എന്ന പദത്തിന് ഉപയോഗിച്ചിരിക്കുന്നത് *നാവോസ്* എന്ന വാക്കാണ്. ശ്രീകോവിൽ, മദ്ബഹ, എന്നർത്ഥം. ഈ പദം ജറുസലേം ദേവാലയത്തിന്റെ അതിവിശുദ്ധസ്ഥലത്തെ ആണ് സൂചിപ്പിക്കുന്നത്. അവിടെയാണ് കെരൂബുകളുടെ നടുവിൽ കൃപാസനത്തിൽ ദൈവമഹത്വം വസിക്കുന്നത്. ദേവാലയശുദ്ധീകരണരംഗത്തിന്റെ ഈ രണ്ടാം ഭാഗത്തിലെ വത്സല ശിഷ്യന്റെ അഗാധമായ ദൈവശാസ്ത്രബോധം പൂർണ്ണമായി മനസിലാകണമെങ്കിൽ യോഹന്നാന്റെ രചനകാലഘട്ടത്തെ കൂടി ആഴത്തിൽ മനസിലാക്കേണ്ടതുണ്ട്. എ.ഡി. 70 നുശേഷമാണ് യോഹന്നാന്റെ സുവിശേഷ രചന നടക്കുന്നത്. എന്ന് പറഞ്ഞാൽ, റോമൻ ഭരണാധികാരിയായ ടൈറ്റസ് ജറുസലേം ദേവാലയം നശിപ്പിച്ച് കഴിഞ്ഞ്, യഹൂദമതമായും സിനഗോഗുകളുമായും ആദിമക്രൈസ്തവർക്ക് ഉണ്ടായിരുന്ന ബന്ധത്തിന്റെ ചരടുകൾ മുറിഞ്ഞ് കഴിഞ്ഞ്; സ്വന്തമായി ദേവാലയമോ ആരാധനാ സ്ഥലമോ ഇല്ലാത്ത ആദിമസഭയുടെ പ്രതിസന്ധിയുടെ കാലത്താണ് വത്സല ശിഷ്യൻ തന്റെ ഓർമ്മക്കുറിപ്പുകൾ രചിക്കുന്നത്. ഇവിടെ യേശുവിന്റെ ശരീരത്തെ ദേവാലയമായി അവതരിപ്പിക്കുന്നതുവഴി വത്സലശിഷ്യന്റെ വായനക്കാരനോട് പങ്കുവയ്ക്കുന്ന സന്ദേശം എന്തായിരിക്കും?

ദേവാലയങ്ങൾ നഷ്ടപ്പെട്ടുപോയ ജനതയെ ആശ്വസിപ്പിച്ചുകൊണ്ട് അവരെ ദേവാലയങ്ങൾ ഉണ്ടാകുന്നതിനും അപ്പുറത്തുള്ള ഒരു കാലത്തേക്ക് ക്ഷണിക്കുകയാണിവിടെ. ദൈവാവിഷ്കാരത്തിന്റെയും ദൈവസാമീപ്യത്തിന്റെയും പുതിയ കാലത്തിന്റെ സൂചനയാണിത്. തന്റെ സുവിശേഷത്തിന്റെ ആദ്യവാചകത്തിൽ തന്നെ സമയത്തിന് മുമ്പുള്ള വചനത്തിന്റെ അസ്ഥിത്വത്തെ പറഞ്ഞ് തുടങ്ങുന്ന വത്സലശിഷ്യൻ ഇവിടെ പറയാനാഗ്രഹിക്കുന്നത് ദേവാലയങ്ങൾക്ക് മുമ്പുള്ള കാലത്തെ പറ്റിയാണ്; സമാഗമകൂടാരത്തിനും ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകമായിരുന്ന വാഗ്ദാനപേടകത്തിനും മേഘതൂണിനും അഗ്നിസ്തംഭത്തിനും മുമ്പുള്ള കാലത്തെ കുറിച്ചാണ്; ദൈവം മനുഷ്യനോട് മുഖാമുഖം സംസാരിച്ചിരുന്ന, അവന്റെ കൂടെ സായാഹ്നങ്ങളിൽ നടന്നിരുന്ന, ദൈവസാന്നിദ്ധ്യം തൊടാവുന്നത്ര സമീപസ്ഥമായിരുന്ന കാലത്തെകുറിച്ച് - പറുദീസയെ കുറിച്ചാണ്. കൂടെ നടക്കുന്ന, സമീപസ്ഥമായ ദൈവസാന്നിദ്ധ്യം (*ഷെക്കേനാ*) നസ്രത്തിലെ യേശുവിന്റെ മാനുഷിക ശരീരമാണെന്ന വെളിപ്പെടുത്തലാണ് ഈ വരികളിൽ തെളിയു

ന്നത്. യേശു ദൈവിക വെളിപാടിന്റെ പൂർണ്ണരൂപമാകുന്നു. ദൈവം ഇനി വസിക്കുന്നത് തകർക്കപ്പെടാനുള്ള ദേവാലയങ്ങളിൽ അല്ല ഉയിർപ്പിക്കപ്പെടുന്ന യേശുവിന്റെ ശരീരത്തിലാണ്. ദൈവം മനുഷ്യന്റെ കൂടെ നടന്ന പറുദീസയുടെ കാലം യേശുവിൽ പുനർനിർമ്മിക്കപ്പെടുന്നതിനെക്കുറിച്ചാണ് യോഹന്നാൻ സൂചന തരുന്നത്.

**മരണോത്ഥാനങ്ങളുടെ സൂചന**

ദേവാലയ ശുദ്ധീകരണ വിവരണത്തിൽ നാലാമതായി കാണുന്ന വ്യാഖ്യാന സാധ്യത, അത് യേശുവിന്റെ മരണോത്ഥാനങ്ങളുടെ സൂചനയാണ് എന്നതാണ് (fore shadowing of the death and resurrection). ദേവാലയ ശുദ്ധീകരണത്തിന്റെ ആദ്യ ഭാഗത്ത് (2:17) "നിന്റെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും എന്ന തിരുവെഴുത്ത് അവന്റെ ശിഷ്യന്മാർ അനുസ്മരിച്ചു" എന്നാണ് യോഹന്നാൻ എഴുതുന്നത്. ഇവിടെ ശിഷ്യന്മാർ യേശുവിന്റെ പ്രവാചക തുല്യമായ പ്രവൃത്തി കണ്ട് സ്മരിച്ചത്, "നിന്റെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും" എന്ന 69-ാം സങ്കീർത്തനം 9-ാം വചനമാണ്. ഇവിടെ ശ്രദ്ധിക്കേണ്ട പ്രധാന കാര്യം, സങ്കീർത്തകൻ 'വിഴുങ്ങിക്കളഞ്ഞു' എന്ന അർത്ഥത്തിൽ *കത്താഫാഗൻ* എന്ന് ഭൂതകാലത്തിൽ ഉപയോഗിച്ചപ്പോൾ, യോഹന്നാൻ *കത്താഫാഗത്തായ്* (വിഴുങ്ങിക്കളയും) എന്ന് ഭാവികാലത്തിലേക്ക് മാറ്റം വരുത്തിയാണ് ഉപയോഗിച്ചിരിക്കുന്നത്. ഇങ്ങനെ, ഭൂതകാല ക്രിയാപദമായി സങ്കീർത്തകൻ ഉപയോഗിച്ചത് ഭാവികാല ക്രിയാപദമായി മാറ്റിയതുവഴി യോഹന്നാൻ എന്തായിരിക്കും വിവക്ഷിക്കുന്നത്? പിതാവിന്റെ ഭവനത്തെക്കുറിച്ചുള്ള യേശുവിന്റെ ഈ ജ്വലിക്കുന്ന തീക്ഷ്ണത അവന്റെ മരണത്തിന്റെ കാരണമാകും എന്ന സൂചനയല്ലാതെ മറ്റെന്താണ് വത്സല ശിഷ്യൻ പങ്കുവയ്ക്കാനാഗ്രഹിക്കുന്നത്? ദൈവഭവനത്തെക്കുറിച്ചുള്ള തീക്ഷ്ണത സങ്കീർത്തകന് മരണകാരണമായതുപോലെ യേശുവിനും മരണകാരണമാകും.

ആലയത്തെപ്രതിയുള്ള യേശുവിന്റെ തീക്ഷ്ണത അവനെ വിഴുങ്ങിക്കളയും എന്നതിനൊപ്പം, ദേവാലയത്തെപ്രതിയുള്ള യഹൂദരുടെ തീക്ഷ്ണതയും യേശുവിന് മരണകാരണമാകും എന്ന ധ്വനികൂടി ഇവിടെ കണ്ടെത്താം. കാരണം യഹൂദർ യേശുവിനെതിരെ ഉയർത്തിയ ആരോപണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് 'അവൻ ദേവാലയം നശിപ്പിച്ച് മൂന്ന് ദിവസം കൊണ്ട് പുനർനിർമ്മിക്കും' എന്നതായിരുന്നല്ലോ. നശിപ്പിക്കപ്പെടാതെ തങ്ങളുടെ ദേവാലയം സംരക്ഷിക്കാനുള്ള യഹൂ

ദരുടെ തീക്ഷ്ണതയാണ് ഒരർത്ഥത്തിൽ യേശുവിന്റെ മരണകാരണ മായത്. ഇവിടം മുതൽ യോഹന്നാൻ യേശുവിന്റെ ജീവിത യാത്രയെ കുരിശിന്റെ നിഴലിലുള്ള യാത്രയായിട്ടാണ് അവതരിപ്പിക്കുന്നത്. മര ണത്തിന്റെ നിഴലിലൂടെ ഉത്ഥാനത്തിന്റെ പ്രകാശത്തിലേക്കുള്ള യാത്ര... ബി. ലിൻഡാസിനെപ്പോലുള്ള വ്യാഖ്യാതാക്കൾ യേശുവിന്റെ പീഢാ നുഭവത്തിന്റെ ശക്തമായ സൂചനകൾ അടങ്ങുന്നതായി കണ്ട് ആദിമ സഭ 69-ാം സങ്കീർത്തനത്തിന് വലിയ പ്രാധാന്യം നൽകിയിരിക്കുന്ന തായും യോഹന്നാൻ യേശുവിന്റെ സഹന വിവരണങ്ങളിൽ 69-ാം സങ്കീർത്തനം ഉപയോഗിച്ചിട്ടുള്ളതായും സമർത്ഥിക്കുന്നുണ്ട്. യോഹ ന്നാൻ 15:25 ൽ സഹിക്കുന്നവന്റെ നിഷ്കളങ്കതയും സഹനത്തിന്റെ തീവ്രതയും യേശുവിന്റെ സഹനത്തെ പ്രവചനങ്ങളുടെ പൂർത്തീകര ണമായി ചിത്രീകരിച്ചിരിക്കുന്നിടത്ത് സങ്കീർത്തനം 69:5 ഉപയോഗിച്ചിട്ടു ണ്ട്. “കാരണം കൂടാതെ എന്നെ വെറുക്കുന്നവരുടെ എണ്ണം എന്റെ തലമുടിയിഴകളെക്കാൾ അധികമാണ്.” “അവർ കാരണം കൂടാതെ എന്നെ വെറുത്തു എന്ന് നിയമത്തിൽ എഴുതിയിരിക്കുന്നത് പൂർത്തി യാകാനാണ് ഇത് സംഭവിച്ചത്” (യോഹ. 15:25). അതുകൊണ്ട് യോഹ ന്നാന്റെ ഭാഷ്യത്തിൽ ദേവാലയ ശുദ്ധീകരണം യേശുവിന്റെ മരണോ ത്ഥാനങ്ങളിലേക്കുള്ള സൂചനയായി വേണം മനസ്സിലാക്കാൻ.

സമാന്തര സുവിശേഷകന്മാർ മൂന്നുപേരും വിവരിച്ചിട്ടുള്ള ദേവാ ലയശുദ്ധീകരണം എന്ന ചരിത്രസംഭവത്തെ തന്റെ തനതായ ദൈവ ശാസ്ത്ര ഭാഷയിലും കാഴ്ച്ചപ്പാടിലും വത്സലശിഷ്യൻ അവതരിപ്പിക്കു മ്പോൾ അതിന് നൂതനമായ ചാരുതയും അർത്ഥവ്യാപ്തിയും കൈവ രുന്നതായി കാണാം. യോഹന്നാന്റെ ഭാഷ്യത്തിൽ യേശു ജറുസലേം ദേവാലയം ശുദ്ധീകരിച്ചത് ഒരു അടയാളമാണ് (*സെമെയിയാ* - sign); അത് വിരൽചൂണ്ടുന്നത് സാർവ്വത്രിക രക്ഷയെന്ന ദൈവീക പദ്ധതി യിലേക്കും. ദേവാലയങ്ങൾക്കുപരിയായി ദൈവസാന്നിധ്യത്തിന്റെ വാസസ്ഥലം യേശുവിന്റെ ഉയിർപ്പിക്കപ്പെടുന്ന ശരീരമാണെന്ന വെളിപാടിലേക്കും മനുഷ്യർ നീതിയും കരുണയും കണ്ടുമുട്ടേണ്ട ദേവാ ലയത്തെ വാണിജ്യവത്ക്കരിച്ച് ചൂഷണത്തിന്റെ ഇടമാക്കി മാറ്റുന്ന മത സാമൂഹിക വ്യവസ്ഥിതികളോടുള്ള നസ്രായന്റെ പ്രതിഷേധത്തിലേക്കും ആത്മീയ-രാഷ്ട്രീയ നേതൃത്വങ്ങൾ വാണിജ്യവത്ക്കരിച്ച ദൈവാനുഭ വത്തിന്റെ വേദികളെ ശുദ്ധീകരിക്കാൻ അവൻ സ്വയം മരണമേറ്റുവാ ങ്ങേണ്ടിവന്നു എന്ന യാഥാർത്ഥ്യത്തിലേക്കുമാണ്.

## ഒരു കാലിക വായന

### വിജാതീയരുടെ മണ്ഡപങ്ങളെ എന്തുചെയ്തു?

യഹോവ ജറുസലേം ദേവാലയത്തിന്റെ ഘടന നിർദ്ദേശിച്ചപ്പോൾ വിജാതീയനും പരദേശിക്കും അടിമയ്ക്കും ദേവാലയത്തിൽ ഒഴിച്ചിട്ട അഭയസ്ഥലമായിരുന്നു വിജാതീയരുടെ മണ്ഡപം. യഹൂദനല്ലാത്തവന് യഹോവയെ അറിയാനും ആരാധിക്കാനുമുള്ള വേദിയായിരുന്നത്. സോളമൻ ആദ്യദേവാലയം നിർമ്മിച്ചപ്പോഴും നാശകൂമ്പാരങ്ങളിൽ നിന്ന് സെറുബാബേൽ രണ്ടാമത്തെ ദേവാലയം പുനർനിർമ്മിച്ചപ്പോഴും ഹേറോദേസ് അതിനെ മോടിപിടിപ്പിക്കുകയും വിസ്തൃതമാക്കുകയും ചെയ്തപ്പോഴും വിജാതീയരുടെ മണ്ഡപം സകലജനപഥങ്ങൾക്കും ദൈവാനുഭവത്തിന്റെ അഭയസ്ഥാനമായും യഥാർത്ഥ ദൈവത്തെ കണ്ടുമുട്ടാനുള്ള ഇടമായും നിലനിർത്തിയിരുന്നു. എന്നാൽ സാക്ഷാൽ വണിക്കുകളുടെ വക്രതയും ലാഭേച്ഛയും കൈമുതലായിരുന്ന കയ്യാഫാസ് പ്രധാന പുരോഹിതനായപ്പോഴാണ് (എ.ഡി. 15–36) അത്രയും കാലം ഒലിവുമലയുടെ ചെരിവിൽ നടന്നിരുന്ന ബലിമൃഗങ്ങളുടെ വിപണനകേന്ദ്രം വിജാതീയരുടെ മണ്ഡപത്തിലേക്ക് മാറ്റിസ്ഥാപിച്ചത്. അന്ന് മുതൽ ആത്മീയ അന്വേഷണങ്ങളുടെ ഭൂമി വിപണനകേന്ദ്രമായി മാറി. ആട്ടിൻ കുഞ്ഞുങ്ങളുടെ നിലവിളികൾക്കും കാളകിടാവുകളുടെ മുക്രയിടലിനും കച്ചവടക്കാരുടെ വാണിജ്യശബ്ദത്തിനുമിടയിൽ പരദേശിയും വിജാതീയനും ദൈവത്തെ തേടാൻ വിധിക്കപ്പെട്ടു. ലളിതമായി പറഞ്ഞാൽ കച്ചവടം ആത്മീയ അന്വേഷണങ്ങളെ വഴിമുട്ടിച്ചു എന്നുതന്നെ.

ജറുസലേം ദേവാലയത്തിലെ നാല് ഭാഗങ്ങളിൽ ഒന്നായിരുന്ന വിജാതീയരുടെ മണ്ഡപം യഥാർത്ഥത്തിൽ വിശ്വാസസാക്ഷ്യത്തിന്റെ വേദിയാണ്. നേരിട്ടല്ലെങ്കിലും വിശ്വാസത്തിന്റെ വലിയ പ്രഘോഷണസ്ഥലമാണത്. ഇതരദൈവത്തെയോ ശക്തിയെയോ പിൻതുടരുന്നവന് സത്യദൈവമായ യഹോവയുടെ കനിവും കരുതലും കണ്ട് മനസ് തിരിയാനുള്ള വേദിയാണത്. അങ്ങനെയുള്ള സാക്ഷ്യത്തിന്റെ വേദിയായ വിജാതീയരുടെ മണ്ഡപത്തെ കച്ചവട സ്ഥലമാക്കുന്നവർ യഥാർത്ഥത്തിൽ വഴിമുടക്കികളാണ്; ദൈവാന്വേഷണത്തിന്റെയും ദൈവാനുഭവത്തിന്റെയും മാനസാന്തരത്തിന്റെയും. "നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല, അതിൽ പ്രവേശിക്കാൻ വരുന്നവരെ അതിനനുവദിക്കുകയില്ലയെന്ന്"ഫരിസേയരെയും നിയമജ്ഞരെയും വിമർശിച്ച് യേശു പറഞ്ഞ വാക്കു

കൾ ഇവരിൽ അന്വർത്ഥമാകുന്നുണ്ട്. വിജാതീയരുടെ മണ്ഡപത്തെ പറ്റി ചിന്തിക്കുന്നതിന്റെ വർത്തമാനകാല പ്രസക്തി എന്താണ്? സാക്ഷ്യത്തിന്റെ ഈ വേദിയുടെ ആധുനികരൂപമാണ് അവയുടെ സമകാലികപ്രസക്തിയിലേക്കുള്ള വഴികാട്ടി. സഭ രണ്ട് രീതിയിൽ ക്രിസ്തുവിനെ പ്രഘോഷിക്കുന്നുണ്ട്. നേരിട്ടുള്ള വചനപ്രഘോഷണം വഴിയും അത് സാധ്യമാകാത്ത ഇടങ്ങളിൽ ജീവിതം കൊണ്ടുള്ള സാക്ഷ്യം വഴിയും. നമ്മുടെ സ്കൂളുകൾ, അഗതി-അനാഥമന്ദിരങ്ങൾ, ആതുരാലയങ്ങൾ തുടങ്ങിയവ സത്യത്തിൽ ജറുസലേം ദേവാലയത്തിലെ വിജാതീയരുടെ മണ്പത്തിന് തുല്യമായ സാക്ഷ്യത്തിന്റെ വേദികളാണ്. യേശുവിനെ അറിയാത്തവന് അവനെ പങ്കുവച്ച് കൊടുക്കാനും അവന്റെ കരുണയും സ്നേഹവും അനുഭവവേദ്യമാക്കാനുള്ള സ്ഥലം. മാനസാന്തരത്തിന്റെയും വിശ്വാസത്തിലേക്കുള്ള കടന്നുവരവിന്റെയും വേദിയാണവ. ഒരുപക്ഷെ നേരിട്ടുള്ള പ്രഘോഷണത്തെക്കാൾ ഫലപ്രദമായി സുവിശേഷം പങ്കുവയ്ക്കപ്പെടാനുള്ള അവസരമാണ് ഇവിടെ ലഭിക്കുന്നത്.

എന്നിട്ട്, ഈ വിജാതീയരുടെ മണ്ഡപങ്ങളെ നാം എന്ത് ചെയ്തു? ത്യാഗസുരഭിലമായ സേവനഗാഥകളെ തമസ്കരിക്കുകയോ വിസ്മരിക്കുകയോ അല്ല. വർത്തമാനകാല പൊതുസമൂഹം ചിന്തിക്കുന്നത്, ഈ സാക്ഷ്യത്തിന്റെ വേദികളെ നാം കച്ചവടവത്കരിച്ചുവോ? വിദ്യാലയങ്ങളെ നാം കോഴയും തലവരിയും ലക്ഷങ്ങളുടെ സംഭാവനകളും മറിയുന്ന വിപണകേന്ദ്രങ്ങളാക്കിയോ? ആതുരാലയങ്ങളിൽ അലിവും ആർദ്രതയും കച്ചവടതാൽപര്യങ്ങൾക്ക് വഴിമാറിയോ? വരേണ്യവർഗത്തിന് മാത്രം പ്രാപ്യമായ പഞ്ചനക്ഷത്ര വിദ്യാഭ്യാസം എന്ന വിപത്ത് വഴി സമൂഹത്തെ വിഭജിച്ചുവോ? എന്നിങ്ങനെയാണ്. സത്യത്തിൽ വണിക്കുകളുടെ വക്രബുദ്ധിയേക്കാൾ ആത്മീയന്റെ ഋജുവായ ജ്ഞാനത്തിനല്ലേ നാം ചെവികൊടുക്കേണ്ടത്?

8

# ഉന്നതത്തിൽനിന്നുള്ള ജനനം
## (യോഹ. 3:1 – 15)

വത്സലശിഷ്യന്റെ വിവരണത്തിലെ പ്രതീകാത്മകമായ അർത്ഥതലങ്ങൾ പേറുന്ന ഏടുകളിലൊന്നാണ് യേശുവും നിക്കോദേമൂസും തമ്മിലുള്ള ഈ സംഭാഷണഭാഗം. ആദിമ സഭയുടെ വിശ്വാസസംഹിതകളുടെയും കൗദാശിക വിജ്ഞാനീയത്തിന്റെയും മനോഹരമായ ആവിഷ്കാരവും പ്രതിഫലനവുമായി ഈ ഭാഗത്തെ മനസ്സിലാക്കാൻ കഴിയും.

**നിക്കോദേമൂസിൽ ആവിഷ്കരിക്കുന്ന ശിഷ്യത്വത്തിന്റെ മാതൃക**

യേശുവിന്റെ സമകാലികനും യഹൂദ ഗുരുവുമായ നിക്കോദേമൂസ് ഒരു രാത്രി യേശുവിനെ തേടിയെത്തുന്ന രംഗത്തോടെയാണ് വത്സല ശിഷ്യൻ തന്റെ വിവരണം ആരംഭിക്കുന്നത്. യോഹന്നാൻ തന്റെ സുവിശേഷത്തിൽ അവതരിപ്പിക്കുന്ന കഥാപാത്രങ്ങളിൽ തികച്ചും ശ്രദ്ധേയമായ ആളാണ് നിക്കോദേമൂസ്. നിക്കോദേമൂസ് എന്നത് ഗ്രീക്കുകാർക്കിടയിൽ പ്രചുര പ്രചാരമുണ്ടായിരുന്ന ഒരു പേരായിരുന്നു. യഹൂദ ചരിത്രകാരനായ ജോസഫ് ഫ്ളാവിയൂസിന്റെ അഭിപ്രായത്തിൽ, യവന ആധിപത്യകാലം മുതലാണ് ഈ പേര് യഹൂദർ സ്വീകരിച്ച് തുടങ്ങിയത്. നിക്കോദേമൂസ് എന്ന പേര് *നിക്കേ* (വിജയം/victory), *ദേമൂസ്* (ജനത/the people) എന്നീ രണ്ട് ഗ്രീക്ക് നാമങ്ങൾ ചേർന്ന് രൂപം കൊണ്ടതാണ്. 'ജനതയുടെ വിജയം' അല്ലെങ്കിൽ 'ജനതയെ കീഴടക്കുന്നവൻ' എന്നാണ് നിക്കോദേമൂസ് എന്ന വാക്കിന്റെ വാച്യാർത്ഥം. നിക്കോദേമൂസിനെക്കുറിച്ച് സുവിശേഷങ്ങൾ നൽകുന്നതിലും കൂടുതൽ വിവരങ്ങൾ 'നിക്കോ

ദേമൂസിന്റെ സുവിശേഷം' എന്ന അപ്രമാണിക ഗ്രന്ഥത്തിൽ ലഭ്യമാണ്. ഇതിൽ വിവരിക്കുന്നത്, പീലാത്തോസിന്റെ മുമ്പാകെ നിക്കോദേമൂസ് യേശുവിനുവേണ്ടി സംസാരിക്കുന്നതായും രോഷാകുലരായ യഹൂദർ അദ്ദേഹത്തെ സാൻഹദ്രിനിൽ നിന്ന് പുറത്താക്കുകയും ജറുസലേമിൽ നിന്ന് പലായനം ചെയ്യിക്കുകയും ചെയ്തു എന്നും പിന്നീട് പത്രോസും യോഹന്നാനും ചേർന്ന് നിക്കോദേമൂസിന് ജ്ഞാനസ്നാനം നൽകി എന്നുമാണ്. യഹൂദ റബ്ബിമാരിൽ ശ്രദ്ധേയനായ ഗമാലിയേലിന്റേയും ആദ്യ രക്തസാക്ഷി എസ്തപാനോസിന്റെയും ശവകുടീരങ്ങൾക്കടു ത്താണ് നിക്കോദേമൂസിന്റെ കബറിടം കണ്ടെത്തിയിരിക്കുന്നത്. വത്സല ശിഷ്യൻ തന്റെ ഓർമ്മക്കുറിപ്പുകളിൽ മൂന്ന് തവണയാണ് നിക്കോദേമൂസിനെ അവതരിപ്പിക്കുന്നത്.

*യോഹ. 3:1-21 യേശുവും നിക്കോദേമൂസും തമ്മിലുള്ള സംഭാഷണ രംഗം.

നിക്കോദേമൂസിനെ പരിചയപ്പെടുത്തുന്ന ആദ്യ വാചകത്തിൽ തന്നെ ("യഹൂദരിൽ നിക്കോദേമൂസ് എന്ന് പേരായ ഒരു ഫരിസേയ പ്രമാണി ഉണ്ടായിരുന്നു") യോഹന്നാൻ അയാളെക്കുറിച്ച് രണ്ട് പ്രധാന സൂചനകളാണ് തരുന്നത്. ഒന്ന്: അയാൾ ഫരിസേയനാണ്. യേശുവിന്റെ കാലത്തെ മൂന്ന് യഹൂദ വിഭാഗത്തിലെ പ്രധാനികൾ. ഫരിസേയർ എന്നത് മാറ്റി നിർത്തപ്പെട്ട, വേർതിരിക്കപ്പെട്ട *പരാഷ്/പെരാഷിൽ* എന്നർത്ഥം വരുന്ന ക്രിയാ പദത്തിൽനിന്ന് രൂപംകൊണ്ട പദമാണ്. ഇവരുടെ ഉത്ഭവം അന്ത്യോകസ് എപ്പിഫാനസിന്റെ (ബി. സി. 175-164) യവനവത്കരണത്തോടുള്ള പ്രതിഷേധം എന്ന നിലയിലായിരുന്നു. മോശവഴി നൽകപ്പെട്ട നിയമത്തോട് അക്ഷരാർത്ഥിൽ കാണിച്ച വിശ്വസ്തതയും പിതാക്കന്മാരുടെ പാരമ്പര്യത്തോടും മതാനുഷ്ടാനങ്ങളോടുമുള്ള കണിശതയുമായിരുന്നു ഫരിസേയരുടെ മുഖമുദ്ര. 'നിയമത്തിനായി സ്വയം സമർപ്പിച്ചവർ എന്നാണ്' ഫരിസേയർ തങ്ങളെ വിശേഷിപ്പിച്ചിരുന്നത്. നിയമത്തിനും യഹൂദ പാരമ്പര്യത്തിനും വേണ്ടിയുള്ള ഇവരുടെ പോരാട്ടങ്ങളും സഹനങ്ങളും മക്കബായരുടെ പുസ്തകങ്ങളിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. രണ്ട്: യഹൂദ പ്രമാണിയാണ്. പ്രമാണി എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത് *ആർക്കോൻ* എന്ന ഗ്രീക്ക് വാക്കാണ്. ഇതിന് ഭരണാധികാരി എന്നു കൂടി അർത്ഥമുണ്ട്. അതായത്, *ആർക്കോൻ* എന്ന വാക്ക് നിക്കോദേമൂസ് സാൻഹദ്രിൻ സംഘത്തിലെ അംഗമാണ് എന്ന സൂചനയാണ് നൽകുന്നത്. യേശുവിന്റെ കാലത്ത് ജറുസലേമിൽ ജീവിച്ചിരുന്ന ഏറ്റവും വലിയ മൂന്ന് ധനികരിൽ ഒരാളായിരുന്നു നിക്കോദേമൂസ് എന്നാണ് യഹൂദ പാരമ്പര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്.

*യേശുവിനുവേണ്ടി സംസാരിക്കുന്ന നിക്കോദേമൂസ്

കൂടാരതിരുനാളിന്റെ പശ്ചാത്തലത്തിൽ, ബലിപീഠത്തിൽനിന്ന് ഒഴുകിയിറങ്ങുന്ന ജലത്തിന് ബദലായി തന്നെത്തന്നെ ജീവജലത്തിന്റെ ഉറവയായി പ്രഖ്യാപിച്ച നസ്രത്തിലെ യേശുവിനെതിരെ കൂടിയാലോചന നടത്തുന്ന യഹൂദരുടെ പരമോന്നത ഭരണ സമിതിയും അധികാര കേന്ദ്രവുമായ സാൻഹദ്രിന്റെ മുമ്പാകെ യേശുവിനു വേണ്ടി സംസാരിക്കുന്നു. (യോഹ. 7:50–52) "ഒരുവനു പറയാനുള്ളത് ആദ്യം കേൾക്കാതെയും അവനെന്താണ് ചെയ്യുന്നതെന്ന് അറിയാതെയും അവനെ വിധിക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ." ഇവിടെ നിക്കോദേമൂസ് പിൻതുടരാൻ ആവശ്യപ്പെടുന്നത് മൂന്ന് യഹൂദ പ്രമാണങ്ങളാണ്.

1. അന്വേഷിച്ചറിയാതെ ആരുടെമേലും കുറ്റം ആരോപിക്കരുത്.

2. വ്യാജ വാർത്ത പ്രചരിപ്പിക്കരുത്; കള്ളസാക്ഷ്യം നൽകി കുറ്റക്കാരന് കൂട്ട് നിൽക്കരുത്; ഭൂരിപക്ഷത്തോട് ചേർന്ന് തിന്മ ചെയ്യരുത് (പുറ. 23:1).

3. ന്യായം വിധിക്കുന്നതിൽ പക്ഷപാതം കാണിക്കാതെ വലിയവന്റെയും ചെറിയവന്റെയും വാദങ്ങൾ ഒന്നുപോലെ കേൾക്കണം (നിയമ. 1:17).

*യേശുവിനെ ഏറ്റുപറയുന്ന നിക്കോദേമൂസ്

അരിമത്തിയാക്കാരൻ ജോസഫിനൊപ്പം യേശുവിന്റെ മൃതശരീരം സംസ്കരിക്കാൻ "മീറയും ചെന്നിനായകവും ചേർത്ത നൂറ് റാത്തലോളം സുഗന്ധക്കൂട്ടുമായി നിക്കോദേമൂസും എത്തുന്നു" (യോഹ. 19:39–41). യഹൂദ സങ്കൽപമനുസരിച്ച് ഭൂമിയിൽ ഒരു വ്യക്തിക്ക് ചെയ്യാവുന്ന ഏറ്റവും വലിയ കാരുണ്യപ്രവൃത്തിയാണ് മരിച്ചവരെ സംസ്കരിക്കുക എന്നത്. റബ്ബിമാർ അതിനെ *ഗമിലൂത്ത് ഹസിദീം* – 'പരമമായ കാരുണ്യപ്രവൃത്തി എന്നാണ്' വിശേഷിപ്പിച്ചിരുന്നത്. അതായത്, ദൈവഭക്തിയുടെയും പരസ്നേഹത്തിന്റെയും പരമമായ ആവിഷ്കാരമായി വ്യഖ്യാനിക്കപ്പെട്ടിരുന്നത് മരിച്ചവരെ സംസ്കരിക്കുന്നതാണെന്ന് സാരം. ഈ ആശയം യോഹന്നാന്റെ സുവിശേഷത്തിൽ 12–ാം അദ്ധ്യായത്തിലെ ബഥാനിയായിലെ തൈലാഭിഷേകത്തിൽ വ്യക്തമായി അവതരിപ്പിക്കപ്പെടുന്നുണ്ട്. പഴയനിയമത്തിൽ തോബിത്തിന്റെ പുസ്തകത്തിൽ ഇതേ ആശയം ശക്തമായി നിഴലിക്കുന്നുണ്ട്. തോബിത്ത് സ്വജാതീയരിൽനിന്നുൾപ്പെടെ പരിഹാസവും പീഢകളും ഏൽക്കേണ്ടി വന്നതും എന്തിന് അന്ധത ഏറ്റുവാങ്ങേണ്ടി വന്നതുംവരെ *ഗമിലൂത്ത് ഹസിദിം* നിർവ്വഹിച്ചതിന്റെ പേരിലായിരുന്നു (തോബി. 2:1–10).

യോഹന്നാന്റെ രചനയിലെ നിക്കോദേമൂസ് ആരാണ്? തുടക്കത്തിൽ അയാൾ സത്യാന്വേഷിയാണ്. പക്ഷെ, ഭയം അയാളുടെ സത്യാന്വേഷണത്തെ തടസ്സപ്പെടുത്തുന്നുണ്ട്. രാത്രിയുടെ മറവിൽ യേശുവിന്റെ അരികിൽ അയാളെത്തുന്നതിന്റെ കാരണവും അതാണ്. സമൂഹത്തെയും മത നേതൃത്വത്തെയും കുറിച്ചുള്ള ഭയം ദൈവാന്വേഷണങ്ങളെ തടസ്സപ്പെടുത്തുന്നു. എന്നാൽ പിന്നീടുള്ള രംഗങ്ങളിൽ തന്നെ പൊതിയുന്ന ഭയത്തിന്റെ പുറംതോടുകൾ അയാൾ ഭേദിക്കുന്നതായി നാം കാണുന്നുണ്ട്. യേശുവിനുവേണ്ടി സംസാരിക്കാൻ, നീതിയുടെ സ്വരമാകാൻ അയാൾക്ക് കഴിയുന്നുണ്ട്. എന്തിന്, അവസാനം സർവ്വരാലും പരിത്യജിക്കപ്പെട്ട, പരാജിതനെന്ന് വിധിയെഴുതപ്പെട്ട നസ്രത്തിലെ യേശുവിന്റെ മൃതശരീരം ഏറ്റുവാങ്ങാനും ആഘോഷമായി സംസ്കരിക്കാനും മാത്രം ആത്മബലം പ്രാപിക്കുന്നുണ്ട് അയാൾ. ലോകത്തിന്റെ കണ്ണിൽ നിന്ദിതനും അങ്ങേയറ്റം പരാജിതനുമായ നസ്രത്തിലെ യേശുവിന്റെ മൃതശരീരം ഏറ്റുവാങ്ങാനും സംസ്കരിക്കാനും ആത്മബലം കാണിച്ച നിക്കോദേമൂസിന്റെ പ്രവൃത്തി ലോകത്തോട് പ്രഘോഷിക്കുന്നത് 'കുരിശിൽ മരിച്ച നസ്രത്തിലെ യേശു എന്റെ കർത്താവും രക്ഷകനുമാണെന്ന സത്യമല്ലാതെ മറ്റെന്താണ്? വത്സല ശിഷ്യന്റെ ഭാഷയിൽ പറഞ്ഞാൽ 'പൂർണ്ണമായ സ്നേഹംകൊണ്ട് ഭയത്തെ ബഹിഷ്കരിച്ച' ശിഷ്യനാണ് നിക്കോദേമൂസ്. "സ്നേഹത്തിൽ ഭയത്തിന് ഇടമില്ല; പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു" എന്ന യോഹന്നാന്റെ വാക്കുകൾ നിക്കോദേമൂസിന്റെ ജീവിതത്തിൽ സ്വാർത്ഥകമാകുന്നുണ്ട് (1യോഹ. 4:18).

### ഉന്നതത്തിൽ നിന്നുള്ള ജനനം

ജലത്താലും ആത്മാവിനാലുമുള്ള ജനനമാണ് യേശുവും നിക്കോദേമൂസും തമ്മിലുള്ള ഈ സംഭാഷണഭാഗത്തിന്റെ കേന്ദ്ര ആശയമായി നിലനിൽക്കുന്നത്. എന്താണ് സുവിശേഷകൻ വീണ്ടും ജനനം എന്ന പദത്തിലൂടെ വിവക്ഷിക്കുന്നത്? വീണ്ടും ജനനം എന്ന ആശയം വ്യക്തമാക്കാൻ രണ്ട് ഗ്രീക്ക് വാക്കുകൾ സുവിശേഷങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. ആദ്യത്തേത് മത്തായി 19:28 ൽ കാണുന്ന *പാലിൻഗനേസിയ* എന്നതും രണ്ടാമത്തേതായി യോഹ. 3:3-7 വചനങ്ങളിൽ ഉപയോഗിച്ചിട്ടുള്ള *ഗെന്നത്തെനായി അനൊത്തൻ* എന്നതുമാണ്. ഇതിൽ ആദ്യത്തെ വാക്കിനെ (*പാലിൻഗനേസിയ*) renewal of all things (എല്ലാം നവീകരിക്കുക) എന്നും രണ്ടാമത്തേത് (*ഗനേത്തനായി അനൊത്തെൻ*) എന്നത് to be born again (വീണ്ടും ജനിക്കുക) എന്നുമാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വേദപുസ്തകപണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ഈ രണ്ട് പദങ്ങളും തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന് ആത്മീ

യജീവൻ പ്രദാനം ചെയ്യുന്ന ദൈവത്തിന്റെ രക്ഷാകരപ്രവൃത്തിയേയും സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ നവീകരിക്കുന്നതിനേയുമാണ് വിവക്ഷിക്കുന്നത്. ദൈവത്തിന്റെ ഈ രക്ഷാകരപ്രവൃത്തിക്ക് വർത്തമാനകാല ബന്ധവും യുഗാന്ത്യോൻമുഖമായ സാംഗത്യവുമാണുള്ളത്. വീണ്ടും ജനിക്കുക എന്ന പദത്തിന് താഴെ പറയുന്ന അർത്ഥങ്ങൾ ബൈബിൾ വ്യഖ്യാതാക്കൾ നൽകാറുണ്ട്.

## പ്രപഞ്ചത്തിന്റെ പുനരുജ്ജീവനം (Cosmic new birth)

മത്തായി 19:28-ൽ വീണ്ടും ജനനത്തെപ്പറ്റി പറയുന്നത് ഈ ഒരു അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. തനിക്കുവേണ്ടി എല്ലാം പരിത്യജിച്ച ശിഷ്യർക്ക് തന്റെ മഹത്വത്തിന്റെ സിംഹാസനത്തിനരികിൽ ഇരിപ്പിടം വാഗ്ദാനം ചെയ്യുന്ന ഭാഗത്താണ് *പാലിൽഗനേസിയ* എന്ന വാക്ക്, പുനരുജ്ജീവനം എന്ന അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ളത്. പുതിയ നിയമത്തിൽ രണ്ടാമത് *പാലിൻഗനേസിയ* എന്ന പദം ഉപയോഗിച്ചിട്ടുള്ളത് തീത്തോസ് 3:15 ലാണ്. "അതു നമ്മുടെ നീതിയുടെ പ്രവർത്തികൾ കൊണ്ടല്ല മറിച്ച് പരിശുദ്ധാത്മാവിൽ അവിടുന്ന് നിർവഹിച്ച പുനരുജ്ജീവനത്തിന്റെയും നവീകരണത്തിന്റെയും സ്നാനത്തൊലത്രേ." Cosmic new birth എന്ന ആശയത്തിന് പുതിയ നിയമത്തിന് വെളിയിലും തെളിവുകളുണ്ട്. യവന തത്വചിന്താധാരകളിൽ ശ്രദ്ധേയരായ സ്റ്റോയിക്ക് ചിന്തകർ *പാലിൽഗനേസിയ* എന്ന പദം മനുഷ്യാത്മാവ് ഉൾപെടെ സൃഷ്ടപ്രപഞ്ചത്തിന്റെ നവീകരണത്തെ അർത്ഥമാക്കി ഉപയോഗിച്ചിട്ടുണ്ട്. യഹൂദ ചരിത്രകാരനായ ഫ്ളാവിയൂസ് ജോസഫൂസ് *പാലിൻഗലേസിയ* എന്ന വാക്ക് ഉപയോഗിച്ചുകൊണ്ട് ഇസ്രായേലിന്റെ പ്രവാസശേഷമുള്ള പുനനിർമ്മിതയാണ് വിവക്ഷിച്ചത്. ഫ്ളാവിയൂസ് ജോസഫൂസ് ലക്ഷ്യമാക്കുന്ന പ്രവാസം ഏ. ഡി. 63-70 ലെ യഹൂദ യുദ്ധത്തിനും ദേവാലയത്തിന്റെ തകർച്ചയ്ക്കും ശേഷമുള്ള, ലോക ചരിത്രത്തിലെ തന്നെ ഏറ്റവും ദൈർഘ്യമേറിയ (ഏതാണ്ട് 19 നൂറ്റാണ്ട്) പ്രവാസത്തെയാണ്. അതുകൊണ്ടുതന്നെ ജോസഫൂസിന്റെ രചനയിൽ *പാലിൻഗനേസിയ* എന്ന വാക്കിന് യുഗാന്ത്യോന്മുഖമായ ഒരു ധ്വനിയുണ്ടെന്ന് സംശയലേശമെന്യേ പറയാനാകും. ഇതിനെല്ലാമുപരി - പഴയനിയമ ചിന്തയിൽ 'cosmic new birth' എന്ന ആശയത്തിന് അതിശക്തമായ വേരുകളുള്ളതായി കണ്ടെത്താൻ കഴിയും. ഏശയ്യ 65:17, "ഇതാ ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു." ഏശയ്യ 66:22, "ഞാൻ സൃഷ്ടിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും എന്റെ മുമ്പിൽ നിലനിൽക്കുന്നതുപോലെ നിങ്ങളുടെ സന്തതികളും നാമവും നിലനിൽക്കും." ഈ വചനങ്ങളിലെല്ലാം സൃഷ്ടപ്ര

പഞ്ചത്തിന്റെ പുനരുജ്ജീവനം എന്ന ആശയം ശക്തമായി പ്രതിഫലിക്കുന്നുണ്ട്. അവസാനമായി, ഈ പരാമർശങ്ങളുടെ വെളിച്ചത്തിൽ ബൈബിൾ വിവരണത്തിൽ കാണുന്ന cosmic new birth എന്ന ആശയത്തെ ദൈവത്തിന്റെ അനന്ത ശക്തിയാലും ജ്ഞാനത്താലും നടക്കുന്ന സൃഷ്ടവസ്തുക്കളുടെ രൂപാന്തരീകരണം (transformation) അഥവാ പുനരുജ്ജീവനം എന്നാണ് സംഗ്രഹിക്കാനാവുന്നത്. സുവിശേഷകന്മാർ ഈ വാക്ക് ഉപയോഗിക്കുമ്പോൾ, മാംസം ധരിച്ച വചനമായ യേശുവിലൂടെ സൃഷ്ടപ്രപഞ്ചം മുഴുവൻ പുനർ നിർമ്മിക്കപ്പെടുകയും നവീകരിക്കപ്പെടുകയും ചെയ്യുന്നു എന്നാണ് ഉദ്ദേശിക്കുന്നത്.

## വ്യക്തിപരമായ വീണ്ടും ജനനം (Personal new birth)

വ്യക്തിപരമായ വീണ്ടും ജനനം എന്ന ആശയവും പരാമർശവും വേദപുസ്തകത്തിൽ യോഹന്നാന്റെ സുവിശേഷത്തിന്റെ മാത്രം സവിശേഷതയാണ് (യോഹ. 3:3). ഇവിടെ സുവിശേഷകൻ ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ *ഗെന്നത്തനായി അനോതെൻ* എന്നാണ്. ഇതിൽ *അനൊത്തെൻ* എന്ന വാക്കിന് ഗ്രീക്ക് ഭാഷയിൽ രണ്ട് അർത്ഥങ്ങൾ കൽപിച്ചിട്ടുണ്ട്. ഒന്നാമതായി, 'വീണ്ടും' (again) എന്ന അർത്ഥവും രണ്ടാമതായി 'മുകളിൽ നിന്ന്' (above) എന്ന അർത്ഥവുമാണുള്ളത്. ഈ രണ്ട് അർത്ഥങ്ങളും വത്സല ശിഷ്യൻ തന്റെ രചനയിൽ ഉപയോഗിച്ചിട്ടുണ്ടുതാനും. ദ്വയാർത്ഥ പ്രയോഗം (double meaning) എന്ന ഭാഷാശൈലിയാണ് യോഹന്നാൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

"*എആൻ മേ തിസ് ഗെന്നെത്തെ അനോത്തെൻ*" - "ഉന്നതത്തിൽ നിന്ന്/വീണ്ടും ജനിക്കാതെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല" എന്ന് യേശു നിക്കോദേമൂസിനോട് പറയുമ്പോൾ 'അനൊത്തെൻ' എന്ന വാക്കിന് (above) ഉന്നതത്തിൽ നിന്ന് എന്ന അർത്ഥവുമായിരിക്കണം കൽപിച്ചിരിക്കുന്നത്. എന്നാൽ നിക്കദേമൂസ് അത്ഭുതപ്പെട്ട് "പ്രായമായ മനുഷ്യന് അത് എങ്ങനെ സാധിക്കും?" എന്ന് ചോദിക്കുമ്പോൾ അയാൾ മനസിലാക്കുന്നത് *അനൊത്തെൻ* - വീണ്ടും (again) എന്ന അർത്ഥത്തിലുമാണ്. നിക്കോദേമൂസിന്റെ വിസ്മയത്തിന്റെ കാരണവും ഇതുതന്നെയാണ്. "മുകളിൽ നിന്ന്/ഉന്നതത്തിൽ നിന്ന് ജനിക്കാതെ ആരും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കില്ല" എന്ന അർത്ഥത്തിൽ യേശുവിന്റെ വാക്കുകൾ മനസ്സിലാക്കുമ്പോൾ അവയ്ക്ക് പുതിയ ചാരുതയും അർത്ഥസമ്പുഷ്ടതയും കൈവരുന്നതായി കാണാം. ഉന്നതത്തിൽ നിന്ന് ജനിക്കുകയെന്നാൽ ജഡത്തിന്റെ നിയമപ്രകാരമുള്ള ജനനമല്ല വ്യക്തമാകുന്നത്, അത് ആത്മാവിന്റെ നവീകരണമാണ്. സ്വർഗ്ഗത്തിന്റെ മൂല്യങ്ങൾക്കനുസരിച്ച് ആത്മാവിനെ, മൂല്യബോധത്തെ, കാഴ്ച്ച

പ്പാടുകളെ പരിവർത്തനവിധേയമാക്കുന്നതിനാണ് ഉന്നതത്തിൽ നിന്ന് ജനിക്കുക എന്ന പ്രയോഗം അർത്ഥമാക്കുന്നത്. കൂടാതെ, ഉന്നതത്തിൽ നിന്നുള്ള ജനനം - മനുഷ്യന്റെ പ്രയത്നത്തെക്കാൾ നവീകരണത്തിൽ ദൈവശക്തിയുടെ ഇടപെടലിനെയാണ് സൂചിപ്പിക്കുന്നത്. അതായത് ദൈവശക്തിയല്ലാതെ ആർക്കും പുതിയ സൃഷ്ടിയാകാൻ കഴിയില്ല എന്നർത്ഥം. ഈ വീക്ഷണത്തിൽ "എന്റെ പിതാവിനാൽ ആകർഷിക്കപ്പെടാതെ ആരും എന്റെ അടുത്ത് വരുന്നില്ല" എന്ന വചനത്തെ കൂടി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ വചനത്തെ സ്വീകരിച്ച് നവീകരിക്കപ്പെടുന്നതിൽ ദൈവകൃപയുടെ സ്വാധീനത്തെയാണ് വ്യക്തമാക്കുന്നത്. അതുപോലെ തന്നെ ഈ ആശയം യോഹന്നാൻ 1:13 വളരെ വ്യക്തമായി അവതരിപ്പിക്കുന്നത് ശ്രദ്ധിക്കുക. "അവർ ജനിച്ചിരിക്കുന്നത് രക്തത്തിൽ നിന്നോ, ശാരീരിക അഭിലാഷത്തിൽ നിന്നോ പുരുഷന്റെ ഇച്ഛയിൽ നിന്നോ അല്ല, ദൈവത്തിൽ നിന്നത്രേ" (യോഹ. 1:13).

എന്നാൽ പുതിയ സൃഷ്ടിയാകുന്നതിനുള്ള യേശുവിന്റെ ആഹ്വാനത്തെ നിക്കോദേമൂസ് മനസ്സിലാക്കുന്ന അർത്ഥത്തിൽ (വീണ്ടും ജനിക്കുക) ചിന്തിക്കുമ്പോൾ പ്രത്യക്ഷത്തിൽ ദുർഗ്രഹമായി തോന്നാമെങ്കിലും നവീകരണപ്രക്രിയയിൽ മനുഷ്യന്റെ വ്യക്തിപരമായ ഉത്തരവാദിത്വത്തെയും, പ്രയത്നത്തെയും, സ്വാതന്ത്ര്യത്തിന്റെ വിനിയോഗത്തെയും സൂചിപ്പിക്കുന്നതായി ഇതിനെ മനസിലാക്കാം. *അനൊത്തെൻ* എന്ന ലളിതമായ ഒരു വാക്കിലൂടെ വത്സലശിഷ്യൻ നൽകുന്ന അർത്ഥസാന്ദ്രത എത്ര വലുതാണ്; പുനസൃഷ്ടി എന്നത് ഒരേ സമയം ഉന്നതത്തിൽ നിന്നുള്ള ഇടപെടലും മനുഷ്യന്റെ ക്രിയാത്മകപ്രതികരണവുമാണ് എന്നാണ് യോഹന്നാൻ ഇവിടെ വിവക്ഷിക്കുന്നത്.

**ജലവും ആത്മാവും**

പുതിയ സൃഷ്ടിയാകുന്നത് എങ്ങനെയാണ്? യേശു പറയുന്നു: "ജലത്താലും ആത്മാവിനാലും വീണ്ടും ജനിക്കണം". അമ്മയുടെ ഉദരത്തിൽ ജനിക്കുന്ന മാനുഷിക രീതിക്ക് ഒരു ആത്മീയ ബദൽ യേശു അവതരിപ്പിക്കുന്നു. ആത്മീയ ജനനം തുടങ്ങുന്നത് സ്ത്രീയുടെ ഗർഭപാത്രത്തിലല്ല ജലത്തിലും ആത്മാവിലുമാണ്. പുനസൃഷ്ടിയുടെ സങ്കേതവും മാദ്ധ്യമവും ജലവും ആത്മാവുമായി മാറിയ ആത്മീയ ബദൽ. 'ജലവും ആത്മാവും' എന്ന പരാമർശം ഇദംപ്രഥമമായി വായനക്കാരെ കൂട്ടിക്കൊണ്ട് പോകുന്നത് വേദപുസ്തകത്തിന്റെ ആദ്യ വാചകങ്ങൾ പരാമർശിക്കുന്ന ജലത്തിലേക്കും ആത്മാവിലേക്കുമാണ്. ജലവും ആത്മാവും തമ്മിലുള്ള പുരാതന ബന്ധം വേദപുസ്തകം വർണ്ണിക്കുന്നതിങ്ങനെയാണ്: "*വറുഹാ എലോഹിം മിറാഹപെത്ത് അൽപനെ*

*ഹമ്മയിം*" – "ജലത്തിനുമീതെ ദൈവത്തിന്റെ ചൈതന്യം ചലിച്ചിരുന്നു." (ഉൽപ. 1:2)

'ജലത്താലും ആത്മാവിനാലും' എന്ന വചനങ്ങളെ മൂന്ന് രീതിയിൽ ബൈബിൾ പണ്ഡിതന്മാർ മനസിലാക്കുന്നുണ്ട്. ഒന്നാമതായി ജലത്താൽ ജനിക്കുക എന്നത് ജ്ഞാനസ്നാനത്തിന്റെ പ്രതീകമാണ്. വ്യക്തിയെ ഉത്ഭവപാപത്തിന്റെയും കർമ്മപാപത്തിന്റെയും കറകളിൽ നിന്ന് ശുദ്ധീകരിക്കുന്ന ജ്ഞാനസ്നാനജലത്താൽ ആദ്യ ജനനം (വിശുദ്ധീകരണം) സംഭവിക്കുമ്പോൾ നടക്കുന്ന രണ്ടാമത്തെ പ്രവർത്തനമാണ്, ഉന്നതത്തിൽ നിന്നുള്ള അഥവാ പരിശുദ്ധാത്മാവിലുള്ള ജനനം. ഈ അർത്ഥത്തിൽ ചിന്തിക്കുമ്പോൾ ആത്മാവിൽ നിറയപ്പെടാനുള്ള ആദ്യപടി ജലത്താലുള്ള വിശുദ്ധീകരണമാണെന്ന് മനസിലാക്കാം. ഈ വാക്കുകളെ ആദിമസഭ മനസിലാക്കിയിരുന്നതും ഇതേ അർത്ഥത്തിൽ തന്നെയായിരുന്നു. ജ്ഞാനസ്നാനം പരിശുദ്ധാത്മാവിനെ സ്വീകരിക്കാനുള്ള അനിവാര്യതയും ആദ്യപടിയുമാണ് എന്നതുതന്നെ.

'ജലത്താലും ആത്മാവിനാലും' എന്ന വാക്കുകൾക്ക് സഭാപിതാവായ ഒരിജന്റെ കാലം മുതൽ നിലനിന്ന രണ്ടാമതൊരു വ്യാഖ്യാനം ഈ വാക്കുകളുടെ പ്രതീകാത്മകമായ വ്യാഖ്യാനമാണ്. ഈ വ്യാഖ്യാനപ്രകാരം പ്രതീകാത്മകമായി ഈ വാക്കുകൾ ദൈവാത്മാവിന്റെ നിർമ്മലീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന പ്രവൃത്തിയെയാണ് വിവക്ഷിക്കുന്നത്. പഴയനിയമചിന്താധാരയോട് ഈ പ്രതീകാത്മക വ്യാഖ്യാനം വളരെ ചേർന്നുപോകുന്നതാണ്. പഴയനിയമ ചിന്തയിൽ ജലവും ആത്മാവും ദൈവത്തിന്റെ, ജീവൻ നൽകുന്ന, നിർമ്മലീകരിക്കുന്ന പ്രവർത്തിയുടെ പ്രതീകമായി നിരവധി ഭാഗങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. (ഏശ. 55:2–3, ജറമ. 2:13, 17:13, എസക്കി. 37:1–14, 47:9, സഖ. 14:8) എസക്കിയേൽ പ്രവചനത്തിലെ മനോഹരമായ അവതരണം ശ്രദ്ധിക്കുക; "ഞാൻ നിങ്ങളുടെ മേൽ ശുദ്ധജലം തളിക്കും. നിങ്ങളുടെ എല്ലാ മാലിന്യങ്ങളിൽ നിന്നും നിങ്ങൾ ശുദ്ധീകരിക്കപ്പെടും എന്റെ ആത്മാവിനെ നിങ്ങളുടെമേൽ നിവേശിപ്പിക്കും" (എസക്കി. 36:25–27). ഈ അർത്ഥത്തിൽ 'ജലത്താലും ആത്മാവിനാലും' എന്ന യേശുവിന്റെ വാക്കുകളെ ദൈവവചനവും ദൈവാത്മാവും വ്യക്തികളിൽ നടത്തുന്ന വിശുദ്ധീകരണത്തിന്റെയും അഭിഷേകത്തിന്റെയും പ്രതീകാത്മകമായ അവതരണമായി വ്യാഖ്യാനിക്കാവുന്നതാണ്.

'ജലവും ആത്മാവും' എന്ന പരാമർശത്തിന് യേശുവിന്റെയും നിക്കോദേമൂസിന്റെയും സമകാലിക ചരിത്രത്തിൽ നിന്ന് മൂന്നാമതൊരു വ്യാഖ്യാനം കൂടി സാധ്യമാണ്. ചരിത്രത്തിൽ ഇവരുടെ സമകാലിക

നായി ഈ വാക്കുകൾ ഉപയോഗിച്ചത് ആരാണ്? ജലത്താൽ സ്നാനം നൽകികൊണ്ട് ആത്മസ്നാനത്തിനൊരുക്കിയ സ്നാപകയോഹന്നാൻ തന്നെ. ജലത്താലുള്ള സ്നാപകന്റെ സ്നാനത്തെ സുവിശേഷകന്മാർ 'അനുതാപത്തിന്റെ ജ്ഞാനസ്നാനം' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഈ ചരിത്ര പശ്ചാത്തലത്തിൽ 'ജലത്താൽ ജനിക്കുക' എന്നാൽ 'അനുതാപത്തിന്റെ സ്നാനമേൽക്കുക' എന്ന് വ്യാഖ്യാനിക്കാം. പുതിയ സൃഷ്ടിയാകുന്നതിന്റെ അനിവാര്യതയായ അനുതാപത്തിലേക്കാണ് ഈ അർത്ഥത്തിൽ 'വീണ്ടും ജനിക്കുക' എന്നത് വിവക്ഷിക്കുന്നത്. രണ്ടാമതായി, 'ആത്മാവിൽ ജനിക്കുക' എന്നതിനെ അനുതാപത്തിലൂടെ സ്നാപകൻ ജനത്തെ ആർക്കുവേണ്ടി ഒരുക്കിയോ അവനെ, നസ്രത്തിലെ യേശുവിനെ, മാംസം ധരിച്ച നിത്യവചനത്തെ സ്വീകരിക്കുക, അവനിൽ വിശ്വസിക്കുക എന്നർത്ഥം. ചുരുക്കത്തിൽ, ആദിമസഭയുടെ പ്രഘോഷണത്തിന്റെ ആത്മാവാണീ വാക്കുകൾ – "അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുക".

പുതിയ സൃഷ്ടിയാകാനുള്ള ക്ഷണത്തെ സമഗ്രമായ അർത്ഥത്തിൽ മനസിലാക്കുമ്പോൾ യേശുവിനെ, വചനത്തെ സ്വീകരിക്കുന്നവരിൽ അവശ്യം നടക്കേണ്ട ഭൂതകാലത്തോടുള്ള വിച്ഛേദനം കൂടി മനസിലാക്കേണ്ടതുണ്ട്. ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിന് ഒരു വ്യക്തിയിൽ നിർബന്ധമായും നടക്കേണ്ട ഭൂതകാലത്തോട്, അതിലെ അഭിനിവേശങ്ങളോടുള്ള വിടപറയൽ വളരെ നിർണ്ണായകമാണ്. സമാന്തരസുവിശേഷങ്ങൾ ഭൂതകാലത്തോടുള്ള ഈ വിച്ഛേദനത്തെ വിളിക്കുന്ന വാക്ക് *മെത്തനോയിയാ* – മാനസാന്തരം എന്നാണ്.

ഇതോടൊപ്പം ചേർത്ത് ചിന്തിക്കേണ്ട മറ്റൊരു വസ്തുത ജലം എന്ന വാക്കിന്റെ ഈ പശ്ചാത്തലത്തിലെ അർത്ഥത്തെകുറിച്ചാണ്. യോഹന്നാൻ സുവിശേഷത്തിൽ ജലം ദൈവിക വെളിപാടിനെ സഹായിക്കുന്ന ശക്തമായ പ്രതീകങ്ങളിലൊന്നാണ്. ജലത്തിന്റെ പ്രതീകാത്മകസാന്നിധ്യത്തെകുറിച്ച് നിരവധി പ്രതിപാദനങ്ങൾ വത്സല ശിഷ്യൻ നടത്തുന്നുണ്ട്. ഒന്നാമത് ജലത്തെ പരിശുദ്ധാത്മാവിന്റെ പ്രതീകമായി ഉപയോഗിക്കുന്നത് ശ്രദ്ധേയമാണ് (യോഹ. 7:39-41). ജീവജലത്തിന്റെ അരുവി എന്നാണ് ഇവിടെ ആത്മാവിനെ വിശേഷിപ്പിക്കുന്നത്. രണ്ടാമത് കാനായിലെ കല്യാണവിരുന്നിൽ ആറ് കൽഭരണികളിലെ ജലമാണ് യേശുവിന്റെ മഹത്വം വെളിപ്പെടുത്തുന്നതിന്റെ ഉപകരണമായി മാറിയത് (യോഹ. 2:1-11). സമരിയാക്കാരിയുമായി ജീവജലത്തെകുറിച്ചുള്ള സംഭാഷണത്തിലും ജലസാന്നിധ്യം പശ്ചാത്തലമായിരുന്നു (യോഹ. 4). ഇനി യേശുവിന്റെ ആത്മബലിയുടെയും അതിന്റെ ഫല

മായി ലഭ്യമാകുന്ന രക്ഷയുടെ അടയാളമായി വത്സലശിഷ്യൻ സാക്ഷ്യപ്പെടുത്തുന്നത് വിലാപ്പുറത്ത് നിന്ന് ഒഴുകിയിറങ്ങിയ ജലവും രക്തവുമാണല്ലോ (യോഹ. 19:34-35).

പ്രതീകാത്മകതയുടെ ഈ സമൃദ്ധിയിൽ നിന്ന് ചിന്തിക്കാം; ജലത്താലും ആത്മാവിനാലും വീണ്ടും/ഉന്നതത്തിൽ നിന്ന്, ജനിക്കണം എന്ന യേശുവിന്റെ വാക്കുകളിലെ ജലത്തിന് ഏത് അർത്ഥമായിരിക്കും വിവക്ഷിക്കപ്പെടുന്നത്. നിശ്ചയമായും ആത്മാവ് എന്ന അർത്ഥം ഇവിടെ ജലത്തിനില്ല കാരണം ആത്മാവിലും ആത്മാവിനാലും ജനിക്കണം എന്നുപറയുന്നതിൽ യുക്തിഭദ്രതയും വ്യാകരണശുദ്ധിയുമില്ലല്ലോ. ഇവിടെ ജലത്തിന് പ്രതീകാത്മക സാധർമ്യം സമരിയാക്കാരിയുമായുള്ള സംഭാഷണത്തിൽ യേശു വാഗ്ദാനം ചെയ്യുന്ന ജലത്തോട് - വചനത്തോടാണ്. അപ്പോൾ ജലത്താലും ആത്മാവിനാലും വീണ്ടും ജനിക്കണം എന്നാൽ വചനത്താലും ആത്മാവിനാലും പുതുസൃഷ്ടിയാക്കണം എന്നാണ് അർത്ഥം. ദൈത്തിന്റെ വചനത്താൽ വീണ്ടും ജനിക്കണം. അത്മാവിലുള്ള ജനനത്തിനുമുമ്പ് വചനത്താൽ ജനിക്കണം. പുതുസൃഷ്ടിയാകാൻ സഹായിക്കുന്ന ജീവന്റെ കേദാരമാണ്, ശക്തിയാണ് ദൈവവചനം എന്ന് സാരം.

"നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നത് നശ്വരമായ ബീജത്താലല്ല അനശ്വരവും സനാതനവുമായ ബീജത്താൽ ദൈവവചനത്താലത്രേ" (1പത്രോ. 1:23). ദൈവവചനത്താൽ ജനിക്കുക എന്നാൽ വചനത്താൽ രൂപാന്തരീകരിക്കപ്പെടുക എന്നാണ് അർത്ഥം.

### മോശയുടെ പിച്ചളസർപ്പവും ഉയർത്തപ്പെടുന്ന മനുഷ്യപുത്രനും

"മോശ മരുഭൂമിയിൽ പിച്ചളസർപ്പത്തെ ഉയർത്തിയതുപോലെ, മനുഷ്യപുത്രനും ഉയർത്തപ്പെടും. അവനെ നോക്കുന്നവർ ജീവൻ പ്രാപിക്കും" (യോഹ. 3:14) എന്ന യോഹന്നാന്റെ വരികൾ ആഴക്കടൽ പോലെ അർത്ഥഗർഭമാണ്. മോശയുടെ പിച്ചളസർപ്പത്തെക്കുറിച്ചുള്ള പരാമർശം വായനക്കാരെ സംഖ്യയുടെ പുസ്തകം 21:8-9 വാക്യങ്ങളിലേക്കാണ് കൂട്ടിക്കൊണ്ടു പോകുന്നത്. ഇവിടെ ഇസ്രായേൽ ജനത്തിന്റെ അവിശ്വാസത്തിനും പിറുപിറുപ്പിനുമുള്ള ശിക്ഷയായിട്ടാണ് (അക്ഷമരായി ദൈവത്തിനും മോശയ്ക്കുമെതിരെ സംസാരിച്ചു) അവർക്ക് സർപ്പദംശനമേൽക്കേണ്ടി വന്നത്. അവിശ്വാസവും ഹൃദയകാഠിന്യവും മരണകാരണമാണ് എന്നതാണ് കഥാ സാരം. ഇനി ഈ തെറ്റിനുള്ള പരിഹാരമാർഗത്തെക്കുറിച്ച് ചിന്തിക്കൂ, പിച്ചളസർപ്പത്തെ നോക്കിയാൽ ദംശനമേറ്റവർ ജീവിക്കും. ഇവിടെ ശ്രദ്ധിക്കേണ്ട വസ്തുത, മരിക്കാതിരിക്കാൻ,

സർപ്പദംശനമെന്ന പാപത്തിന്റെ ശിക്ഷയെ അതിജീവിക്കുവാനുള്ള മാർഗ നിർദ്ദേശമാണ്, പിച്ചളസർപ്പത്തെ മോശ ഉയർത്തിയതുകൊണ്ടാ യില്ല, ദംശനമേറ്റവർ സൗഖ്യം പ്രാപിക്കാൻ അതിലേക്ക് നോക്കണം. പഴയനിയമത്തിന്റെ അറമായ ഭാഷയിലുള്ള പരിഭാഷയായ *താർഗും* (Aramaic Targum) പിച്ചളസർപ്പത്തെ നോക്കുന്നതിനെ, 'ദൈവവചന ത്തിലേക്ക് ഹൃദയം തിരിക്കുക' എന്നാണ് വ്യാഖ്യാനിക്കുന്നത്. അപ്പോൾ, ഹൃദയ കാഠിന്യവും അവിശ്വാസവും വരുത്തുന്ന ക്ഷത ങ്ങൾക്ക് ഹൃദയപൂർവ്വം ദൈവത്തിലേക്ക് തിരിയുന്നതാണ് പരിഹാര മെന്ന് സാരം. ഈ യഥാർത്ഥ അർത്ഥം ഗ്രഹിച്ചില്ലെങ്കിൽ സർപ്പം സൗഖ്യകാരണമായി എന്ന് തെറ്റിധരിക്കാനിടയുണ്ട്. ഇസ്രായേലിന്റെ ചരിത്രത്തിൽ വന്ന ഒരു പിൽകാല അപകടം, സർപ്പമാണ് സൗഖ്യം കൊടുത്തതെന്ന് അവർ തെറ്റിദ്ധരിക്കുകയും തന്മൂലം പിച്ചളസർപ്പത്തിന് ചില അഭൗമികമായ ശക്തിയുണ്ടെന്നു വിശ്വസിച്ച് ഏതാണ്ട് 1000 വർഷ ങ്ങളോളം അതിനെ സംരക്ഷിക്കുകയും വിഗ്രഹതുല്ല്യമായി കരുതി അതിന് ധൂപമർപ്പിച്ചു പോന്നു എന്നതാണ്. പിന്നീട് ഹെസക്കിയാ യൂദയാ രാജാവായിരുന്നപ്പോഴാണ് *നഹുഷ്താൻ* എന്ന് വിളിച്ചിരുന്ന പിത്തളസർപ്പത്തെ നശിപ്പിച്ച് കളഞ്ഞത് (2രാജാ. 18:4). *നഹുഷ്താൻ* എന്ന ഹീബ്രു വാക്കിന്റെ അർത്ഥം 'ചെമ്പുകൊണ്ട് നിർമ്മിച്ച സർപ്പം' എന്നാണ്. ഈ ഒരപകടം വ്യത്യസ്തമായ രൂപത്തിലും ഭാവത്തിലും വർത്തമാനകാല സഭയെയും പിടികൂടിയിട്ടുണ്ടെന്നതല്ലേ സത്യം. തുട ക്കത്തിൽ തികച്ചും സദുദ്ദേശപരമായിരുന്ന വ്യക്തികളും വസ്തുക്കളും ആചാരങ്ങളും പിൽക്കാലത്ത് വിഗ്രഹങ്ങളായും ദൈവത്തിന് ബദ ലായും മാറാം എന്നതാണ് *നഹുഷ്താൻ* തരുന്ന പാഠം.

'നോക്കുക' എന്ന വാക്കിന് വിശ്വസിക്കുക എന്നുകൂടി യഹൂദ പശ്ചാത്തലത്തിൽ അർത്ഥമുണ്ട്. ഉയർത്തപ്പെടുന്ന മനുഷ്യപുത്രനെ നോക്കുന്നവർ ജീവൻ പ്രാപിക്കും എന്ന വാക്കുകളുടെ അർത്ഥം, ക്രൂശി തനായ യേശുവിനെ വിശ്വസിക്കുക, അവന്റെ വചനം അനുസരിക്കുക എന്നാണ്. ഇനി, യേശുവിന്റെ മരണത്തിന്റെ ലക്ഷ്യം കൂടി "അവനെ നോക്കുന്നവർ രക്ഷപ്രാപിക്കും" എന്ന വാക്കുകളിൽ അനാവൃതമാകു ന്നുണ്ട്. യേശു ഉയർത്തപ്പെടുന്നത് അവനിൽ വിശ്വസിക്കുന്നവർക്ക് രക്ഷ പ്രദാനം ചെയ്യാനാണ്, ജീവന്റെ ഉറവിടമാകാനാണ് എന്നതുത ന്നെ. യേശുവും പിച്ചളസർപ്പവും തമ്മിലുള്ള സാദൃശ്യം കൽപിച്ചിരി ക്കുന്നത്, 'ഉയർത്തപ്പെടുക' എന്നതിലും 'നോക്കിയവർ (വിശ്വസിച്ച വർ) ജീവൻ പ്രാപിച്ചു' എന്നതിലുമാണ്.

## ഒരു കാലിക വായന

2015-ൽ വത്തിക്കാനിൽ കുടുംബങ്ങൾക്കുവേണ്ടി നടത്തിയ സിനഡ് വളരെയേറെ മാധ്യമശ്രദ്ധ പിടിച്ച് പറ്റിയതാണല്ലോ. അവിടെ നടത്തിയ വിഷയാവതരണങ്ങളിൽ ഏറ്റവും മികച്ചതായി വിലയിരുത്തപ്പെട്ടത് റുമേനിയൻ കാത്തലിക് ഡോക്ടേർസ് അസോസിയേഷന്റെ മേധാവി ഡോ. അൽകാ മരിയായുടെ പ്രഭാഷണമായിരുന്നു. തികച്ചും കാലികപ്രസക്തവും പ്രവാചക സ്വഭാവമുള്ളതുമായിരുന്ന ഡോ. അൽകാ മരിയയുടെ വാക്കുകൾ ഇങ്ങനെയാണ്: "ഇന്ന് സഭ അനാവശ്യകാര്യങ്ങളിൽ ഇടപ്പെട്ട് ഊർജ്ജം വൃഥാ പാഴാക്കുകയാണ്, കാലാവസ്ഥ വ്യതിയാനം, പ്രകൃതി സംരക്ഷണം, ലിംഗസമത്വം ഇങ്ങനെ പലതും. പക്ഷെ നസ്രത്തിലെ യേശു നടത്തിയതും ലോകത്തിൽ സഭയ്ക്ക് മാത്രം ചെയ്യാൻ കഴിയുന്നതുമായ സുപ്രധാനകാര്യം ഇന്ന് അവഗണിക്കപ്പെട്ടിരിക്കുന്നു. അത് മറ്റൊന്നുമല്ല, മാനസാന്തരപ്പെടാൻ ആഹ്വാനം ചെയ്യാനുള്ള ദൗത്യമാണ്. അതുകൊണ്ട് റോം ലോകത്തോട് ഉറക്കെപ്പറയണമെന്ന് ഞങ്ങളാഗ്രഹിക്കുന്നത്, മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന യേശുവിന്റെ വാക്കുകളാണ് (Now we need Rome to tell the world, repent of your sins and turn to God for the kingdom of heaven is near)."

ഈ വാക്കുകളിൽ നഷ്ടപ്പെട്ടുപോയ ദിശാബോധത്തെ കുറിച്ച് വീണ്ടുവിചാരപ്പെടാനുള്ള ക്ഷണമുണ്ടെന്ന് തോന്നുന്നു. അനാവശ്യകാര്യങ്ങളിൽ ഇടപെട്ട് ഊർജ്ജം കളയുകയാണ് വിളിക്കപ്പെട്ടവരിൽ അനേകർ. ആതുരസേവനം, വിദ്യാഭ്യാസം, പ്രകൃതി സംരക്ഷണം അങ്ങനെ പലതും. ഇതിനൊക്കെ ബന്ധപ്പെട്ട സർക്കാരും ധാരാളം സന്നദ്ധസംഘടനകളുമുണ്ടല്ലോ. പക്ഷെ ലോകത്തോട് മാനസാന്തരപ്പെടാൻ പറയാൻ ചരിത്രത്തിൽ ഒരൊറ്റ സമൂഹമേ അവശേഷിക്കുന്നുള്ളു; അത് പരിശുദ്ധ കത്തോലിക്ക സഭയാണ്. അതുകൊണ്ട് തിരികെ വരണം, മാനസാന്തരത്തിന്റെ സ്വരവും കാഹളമായി. കാരണം, പാപം പൂത്ത് നിൽക്കുന്ന കാലത്തോട്, ദൈവചിന്ത നഷ്ടമായിക്കൊണ്ടിരിക്കുന്ന തലമുറയോട്, ആഹരിക്കാനും ഇണചേരാനുമുള്ളതു മാത്രമാണ് മഹത്തായ നരജന്മമെന്ന ചിന്തയിൽ അഭിരമിക്കുന്ന മനുഷ്യരോട് ദൈവരാജ്യത്തിന്റെ സൗന്ദര്യത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്ന സ്വരമായി മുഴങ്ങാൻ ക്രിസ്തുവിന്റെ സഭയല്ലാതെ മറ്റൊന്നും മറ്റാരും ഈ ഭൂമിയിൽ ഇല്ല എന്നതുതന്നെ.

9

# ആത്മാവിൽ ആരാധിക്കുന്ന സമയം
## (യോഹ. 4:1 – 26)

വത്സല ശിഷ്യന്റെ ഓർമ്മകുറിപ്പുകളിൽ വിവരണ ചാരുതകൊണ്ടും പ്രമേയങ്ങളുടെ നൂതനത്വം കൊണ്ടും വൈവിധ്യം കൊണ്ടും ഏറ്റവും ഹൃദയ സ്പർശിയായ ഭാഗങ്ങളിലൊന്നാണ് നാലാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന യേശുവും സമരിയാക്കാരി സ്ത്രീയുമായുള്ള സംഭാഷണം. ആരാധന സ്ഥലത്തിന്റെ അപ്രമാദിത്വതർക്കത്തിലും അനുഷ്ഠാനമുറകളുടെയും ആരാധനാരീതികളുടെയും ബാഹ്യരൂപഭാവങ്ങളിലുമെല്ലാം ശ്രദ്ധകേന്ദ്രീകരിച്ച് ആത്മാവും ആന്തരികതയും നഷ്ടപ്പെട്ട രണ്ട് ജനസമൂഹത്തെ ദൈവം ആഗ്രഹിക്കുന്ന പുതിയ ആരാധനയുടെ അർത്ഥതലങ്ങളിലേക്ക് കടന്നുവരാനാണ് യേശു ക്ഷണിക്കുന്നത്. അത് അന്നുമാത്രമല്ല എല്ലാ കാലത്തും മതബന്ധമായ ജീവിതം നയിക്കുന്ന മനുഷ്യർക്കുള്ള സ്വർഗ്ഗത്തിന്റെ വെളിപാടാണ്. ബാഹ്യചമയങ്ങളുടെ ചമൽക്കാര ബാഹുല്യമല്ല ആരാധനയുടെ കാതൽ; അത് ആന്തരികതയുടെ ലാളിത്യത്തിലേക്കും ആത്മാവിന്റെ ആവൃതിയിലേക്കുള്ള  കടന്നുവരലാണ്.

**അവന് സമരിയായിലൂടെ കടന്നുപോകേണ്ടിയിരുന്നു**

"*എദയ് ദേ അവ്തോൻ ദിയർഗെസ്തായി ദിയ തേസ് സമരിയ*" – "അവന് സമരിയായിലൂടെ കടന്നുപോകേണ്ടത് അനിവാര്യമായിരുന്നു" എന്നാണ് ഈ വാക്കുകളുടെ ശരിയായ പരിഭാഷ (*എദയ്* എന്ന വാക്കിന് അനിവാര്യത – it is necessary എന്നാണ് അർത്ഥം). ദൈവികമായ അനിവാര്യത (divine necessiaty) യോഹന്നാന്റെ ഭാഷ ശൈലിക്ക് തികച്ചും പരിചിതമായ ഒരു പ്രയോഗമാണ്: "നിങ്ങൾ വീണ്ടും ജനി

ക്കണം" – "*ദെയ് ഹ്യൂമാസ് ഗെന്നത്തെനായ് അനോത്തെൻ*" (യോഹ. 3:7); "മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടിയിരിക്കുന്നു" "*ഹ്യൂഫോത്തെനായ് ദെയ് തോൻ ഉയിയോൺ തു അന്ത്രോപ്പൂ*" (3:14); "അവൻ വളരുകയും ഞാൻ കുറയുകയും ആവശ്യമാണ്" (3:30); കൂടാതെ, 9:4, 10:16, 12:39, 20:9–തുടങ്ങി നിരവധി ഇടങ്ങളിൽ യോഹന്നാൻ *എദെയ്* അല്ലെങ്കിൽ ദേയ് എന്ന വാക്ക് ഉപയോഗിച്ച് divine necessity അവതരിപ്പിക്കുന്നുണ്ട്. അപ്പോൾ യേശു യൂദയായിൽ നിന്ന് സമരിയായിലൂടെ കടന്ന പോകേണ്ടിയിരുന്നു എന്നത് പിതാവ് മുൻകൂട്ടി നിശ്ചയിച്ചതായിരുന്നു, പുത്രനെ പിതാവ് ഭരമേല്പിച്ച ദൈവിക നിയോഗത്തിന്റെ ഭാഗമാണ് സമരിയായിലൂടെ അവന്റെ ഈ കടന്നുപോകലും അതിൽ സംഭവിക്കുന്നവയും എന്ന് സാരം. ദൈവത്തിന്റെ നിഘണ്ടുവിൽ ആകസ്മികത എന്ന വാക്കില്ല എന്നത് ശ്രദ്ധിക്കുക. മറിച്ച് എല്ലാം അവന്റെ അനന്തജ്ഞാനത്തിൽ മുൻകൂട്ടി നിശ്ചയിച്ചവയാണ്. അപ്പോൾ, സിക്കാറെന്ന ചെറുപട്ടണത്തിൽ യാക്കോബിന്റെ കിണറ്റിൻ കരയിൽ നടന്നതെല്ലാം ദൈവിക പദ്ധതിയുടെ നിറവേറലായിരുന്നു എന്നു വേണം മനസ്സിലാക്കാൻ.

യേശുവിന്റെ കാലത്ത് ഇസ്രായേൽ മൂന്ന് ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ഏറ്റവും തെക്ക് യൂദയാ നടുവിൽ സമരിയാ വടക്കേ അറ്റത്ത് ഗലീലി. തെക്ക് യൂദയായിൽ നിന്ന് ഗലീലിയിലേക്ക് സമരിയ വഴി കടന്നുപോകുന്നതാണ് ഏറ്റവും സുഗമവും ഹ്രസ്വവുമായ സഞ്ചാര മാർഗം. യഹൂദ ചരിത്രകാരനായ ജോസഫൂസിന്റെ വിവരണപ്രകാരം മൂന്ന് ദിവസത്തെ യാത്രാ ദൂരമാണിത്. എന്നാൽ വളരെ യാഥാസ്ഥിതികരായ യഹൂദർ സമരിയാ സ്പർശിച്ച് അശുദ്ധരാകാതിരിക്കാൻ കുറെകൂടി ദീർഘമായ വഴി സ്വീകരിച്ച് ജോർദ്ദാൻ നദി മുറിച്ച് കടന്ന് പേരയാ ചുറ്റി കിഴക്ക് ഭാഗത്തുകൂടി ഗലീലിയിലേക്ക് പോയിരുന്നു.

**സമരിയായിലെ സിക്കാർ എന്ന പട്ടണം**

യോഹന്നാൻ വിവരിക്കുന്ന ദൈവിക വെളിപാടിന്റെ ഭൂമികയാകുന്നത് സമരിയൻ പട്ടണമായ സിക്കാർ ആണെന്നത് ദൈവശാസ്ത്രപരമായി സാംഗത്യമുള്ള വസ്തുതയാണ്. സിക്കാർ എന്ന ഈ പട്ടണത്തിന് പൗരാണികമായ ദൈവാനുഭവത്തിന്റെ ചരിത്രമുണ്ട്. ഷെകെം എന്ന പുരാതന സ്ഥലത്തിന്റെ ഭാഗമാണ് സിക്കാർ. പൂർവ്വപിതാക്കന്മാരുടെ പാദസ്പർശമേറ്റ മണ്ണാണത്. അബ്രാഹത്തിന് ദൈവം സ്വയം വെളിപ്പെടുത്തിയ സ്ഥലം, അബ്രാഹം കർത്താവിന് ആദ്യമായി ബലിപീഠം പണിത ഭൂമി (ഉൽപ്പ. 12:7) യാക്കോബ് കൂടാരമടിച്ച് താമസിച്ച സ്ഥലം (ഉൽപ്പ. 33:18), ജോസഫിന്റെ അസ്ഥികൾ സംസ്കരിച്ച ഇടം (ജോഷ്വാ 24:32). ഷെക്കെമിന്റെ ഭാഗമായതിനാൽ സിക്കാറിനും ദൈവ

ശാസ്ത്രപരമായി ഈ പ്രാധാന്യങ്ങളെല്ലാം കൈവരുന്നുണ്ട്. അതായത്, ദൈവത്തിന്റെ വാഗ്ദാനങ്ങൾ പൂർവ്വപിതാക്കന്മാർ സ്വീകരിക്കുകയോ, ആ വാഗ്ദാനപൂർത്തിക്കായി പ്രത്യാശയോടെ പാർക്കുകയോ ദൈവികവാഗ്ദാനം പ്രാപിക്കാമെന്ന പ്രതീക്ഷയിൽ അവരുടെ അസ്ഥികൾ അന്ത്യവിശ്രമം കൊള്ളുകയോ ചെയ്യുന്ന സ്ഥലം, അവിടേക്കാണ് വാഗ്ദാനങ്ങളുടെ പൂർത്തീകരണമായ അവതരിച്ച ദൈവവചനം കടന്നു ചെല്ലുന്നത്. അവന് സമരിയായിലൂടെ കടന്നുപോകേണ്ടിയിരുന്നു എന്ന divine necessity യുടെ അർത്ഥം സിക്കാറിന്റെ ഈ ഒരു ചരിത്ര പ്രാധാന്യം മനസിലാക്കുമ്പോഴാണ് പൂർണ്ണമായും വെളിപ്പെട്ട് കിട്ടുന്നത്. സോളമന്റെ മരണശേഷം രാജ്യം രണ്ടാകുകയും, ജെറോബോവാമിന്റെ നേതൃത്വത്തിൽ വടക്കുള്ള പത്ത് ഗ്രോതങ്ങൾ ഇസ്രായേൽ എന്ന പേരിൽ സ്വതന്ത്ര രാജ്യമായി പിരിയുകയും ചെയ്തിടത്താണ് യഥാർത്ഥത്തിൽ സമരിയാക്കാരുടെ ചരിത്രത്തിന്റെ ആദ്യഘട്ടം ആരംഭിക്കുന്നത് (ബി.സി. 931). ഒരു രാജ്യമെന്ന രീതിയിൽ പത്തു ഗോത്രങ്ങളും ഏകീകരിക്കപ്പെട്ടത് ഓമ്രിയുടെ ഭരണകാലത്തായിരുന്നു. യൂദായും ബഞ്ചമിനും ഒഴികെയുള്ള പത്ത് ഗോത്രങ്ങൾ വടക്ക് ബഥേലും ദാനുമായിരുന്നു ആസ്ഥാനമാക്കിയത്. ബഥേലിലും ദാനിലും സ്വർണ്ണ കാളക്കുട്ടികളെ സ്ഥാപിച്ച് അവ യഹോവയുടെ പാദപീഠങ്ങളാണെന്ന് പഠിപ്പിച്ച് ഇസ്രായേലിനെ കടുത്ത വിഗ്രഹാരാധനയുടെ മ്ലേച്ഛതയിലേക്ക് നയിച്ചത് ജറോബോവാമായിരുന്നു. ബി.സി. 885 മുതൽ 874 വരെ ഇസ്രായേൽ രാജാവായിരുന്ന ഓമ്രിയാണ് സമരിയാ പട്ടണത്തിന്റെ ശിൽപി.

“രണ്ട് താലന്ത് വെള്ളിക്ക് അവൻ ഷെമേറിന്റെ കയ്യിൽ നിന്ന് സമരിയാ മല വാങ്ങി; ചുറ്റും കോട്ടകെട്ടി പട്ടണം നിർമ്മിച്ചു; പട്ടണത്തിന് മലയുടെ ഉടമസ്ഥനായിരുന്ന ഷെമേറിന്റെ പേരിനെ അടിസ്ഥാനമാക്കി സമരിയാ എന്ന് പേരിട്ടു” (1രാജാ. 16:24). ഓമ്രി പിന്നീട് സമരിയായിലേക്ക് രാജ്യ തലസ്ഥാനവും മാറ്റി സ്ഥാപിച്ചു. ബി.സി. 721-22 കാലത്തെ അസ്സീറിയൻ ആക്രമണത്തോടെയാണ് സമരിയായുടെ യഹൂദ തനിമ നഷ്ടപ്പെടുന്നത്. അസ്സീറിയൻ ചക്രവർത്തി സാർഗൺ രണ്ടാമൻ സമരിയാ ആക്രമിച്ച് കീഴ്പ്പെടുത്തുകയും പിടിച്ചെടുക്കുന്ന രാജ്യങ്ങളിൽ അവരുടെ വംശശുദ്ധി നഷ്ടപ്പെടുത്തി ഒരു സങ്കരവർഗ്ഗത്തെ സൃഷ്ടിക്കുക എന്ന അസ്സീറിയൻ യുദ്ധതന്ത്രം നടപ്പാക്കുകയും ചെയ്തു. വിജാതീയരുമായുള്ള മിശ്രണം വഴി തനിമയും വംശശുദ്ധിയും നഷ്ടമായ സമരിയൻ ജനതയുടെ രണ്ടാം ഘട്ടം ഇവിടെയാണ്. ഇനി, സമരിയക്കാർ എന്ന പുതിയ നിയമ പരാമർശത്തെ; ഭൂമിശാസ്ത്രപരമായി ഇസ്രാ

യേലിലെ മൂന്ന് പ്രവശ്യകളിൽ ഒന്നായ സമരിയായിൽ ഉൾപ്പെടുന്ന വർ, എന്നും, വംശീയമായി ഇസ്രായേൽ ഗ്രോത്രങ്ങളിലെ എഫ്രായിം, മനാസ്സെ എന്നീ രണ്ട് ഗോത്രങ്ങളുടെ പിൻമുറക്കാർ എന്നും, അസ്സീറി യൻ ആധിപത്യത്തിലൂടെ വിജാതീയരുമായി ഇടപഴകി രൂപപ്പെട്ട ഒരു സങ്കരവർഗ്ഗം ആളുകൾ എന്നുവേണം മനസിലാക്കാൻ.

സമരിയാക്കാർ ആരാധിച്ചിരുന്നത് ഇസ്രായേലിന്റെ ദൈവമായ യഹോവയെ തന്നെയായിരുന്നു; പക്ഷെ മൂന്ന് പ്രധാന കാര്യങ്ങളിൽ മതപരമായി അവർ യഹൂദരുമായി ഭിന്നനിലപാട് പുലർത്തി. ഒന്ന് യഹൂദരുടെ വിശുദ്ധ സ്ഥലവും ദേവാലയകേന്ദ്രവും സിയോൺ മല യിലും ജറുസലേമിലുമായിരുന്നെങ്കിൽ സമരിയാക്കരുടെ ആരാധനാ സ്ഥലം ഗരീസിം കുന്നിലായിരുന്നു. ബി.സി. 400 മുതൽ അവർ ഗരീസിം മല മുകളിൽ ദേവാലയം പണിത് സമാന്തര ആരാധനയും ബലിയർപ്പ ണവും നടത്തിയിരുന്നു. മക്കാബയൻ വിപ്ലവത്തിനുശേഷം രൂപം കൊണ്ട ഹസമോണയൻ രാജവംശത്തിലെ ജോൺ ഹിർക്കാനുസ് രാജാവും പ്രധാനപുരോഹിതനുമായിരിക്കുമ്പോൾ ബി.സി. 128 ലാണ് ഗരീസിം ആക്രമിച്ച് സമരിയൻ ആരാധന കേന്ദ്രം നശിപ്പിക്കുന്നത്. അപ്പോൾ യാക്കോബിന്റെ കിണറ്റിൻ കരയിൽ നിന്ന് സംസാരിക്കു മ്പോൾ യേശുവിന്റെ കൺമുമ്പിൽ നാശാന്മോഖുമായി കിടന്ന ഗരീസിം മലയിലെ ദേവാലയ അവശിഷ്ടം ഉണ്ടായിരുന്നു. ദേവാലയവും ആരാ ധാന കേന്ദ്രവും നഷ്ടമായ ഒരു ജനതയുടെ മുറിവേറ്റ മനസിലേക്കാ ണ് സ്ഥല ബന്ധമല്ലാത്തതും ആർക്കും നശിപ്പിക്കാൻ കഴിയാത്തതും ദൈവത്തിന് പ്രീതികരവുമായ യഥാർത്ഥ ആരാധനയുടെ രഹസ്യം അവൻ വെളിപ്പെടുത്തുന്നത്.

സമരിയാക്കാർ യഹൂദ ബൈബിളിലെ പഞ്ചഗ്രന്ഥി (തോറ) മാത്ര മാണ് വിശുദ്ധ പുസ്തകമായി സ്വീകരിച്ചിരുന്നത്. *സമരിറ്റൻ പെന്റെറ്റ വുക്ക്* എന്നാണ് അവരുടെ വിശുദ്ധ ഗ്രന്ഥം അറിയപ്പെട്ടിരുന്നതും. യഹൂ ദർ ദാവീദിന്റെ വംശത്തിൽ നിന്നുള്ള രക്ഷകനെയും അഭിഷിക്തനെയു മാണ് (മിശിഹ) പ്രതീക്ഷിച്ചിരുന്നെങ്കിൽ, സമരിയാക്കാരുടെ പ്രതീക്ഷ - *തെഹബ്* എന്ന് അവർ വിളിച്ചിരുന്ന പുനസ്ഥാപകന്റെ വരവിലായി രുന്നു (Restoreror). ചില ബൈബിൾ വ്യാഖ്യാതാക്കൾ അഭിപ്രായ പ്പെടുന്നത്, യഹൂദരേക്കാൾ യഥാസ്ഥിതികവും കൃത്യവുമായിരുന്നു സമരിയാക്കാരുടെ മതാനുഷ്ഠാനം എന്നാണ്. സമരിയായുടെ പ്രതാ പകാലം വീണ്ടും ആരംഭിക്കുന്നത്, മഹാനായ ഹേറോദേസിന്റെ കാലം മുതലാണ് (ബി. സി. 37- എ. ഡി. 4). ഹേറോ ദേസ് റോമൻ ചക്ര വർത്തിയായിരുന്ന അഗസ്റ്റസ് സീസറിന്റെ ബഹുമാനത്തിനായി, സമ

രിയാ പട്ടണം പുനർനിർമ്മിക്കുകയും സെബാസ്തേ എന്ന് അതിന് പുനർനാമകരണം ചെയ്യുകയും ചെയ്തു. ഇന്നും സമരിയ അറിയപ്പെടുന്നത് സെബാസ്തേ അഥവാ സെബുസ്റ്റിയേ എന്ന പേരിലാണ്.

അപ്പോൾ, ഒരേ ഗോത്രത്തിൽ ഉത്ഭവിച്ച ചരിത്രത്തിന്റെ ഗതിവിഗതിയിൽ വ്യത്യസ്ഥ ധ്രുവങ്ങളിലായ രണ്ട് സമൂഹങ്ങളായിരുന്നു യഹൂദരും സമരിയാക്കാരും. വിജാതീയ സംസ്കാരത്തോടും ആരാധനകളോടും സഹിഷ്ണുത കാണിക്കുകയും, വിജാതീയരുമായി ഇടപഴകി വംശീയ ശുദ്ധി നഷ്ടപ്പെടുത്തുകയും ചെയ്തതിനാൽ സമരിയാക്കാരെ, അശുദ്ധരായും താഴ്ന്ന വിഭാഗമായും ആണ് യഹൂദർ പരിഗണിച്ചിരുന്നത്. സമരിയാക്കാരോടുള്ള യഹൂദരുടെ നികൃഷ്ട മനോഭാവം മനസിലാക്കാൻ ഏറ്റവും നല്ല ഉദാഹരണം പ്രഭാഷകന്റെ പുസ്തകത്തിലെ 50:25–26 വാക്യങ്ങളാണ്.

> "രണ്ട് ജനതകൾ നിമിത്തം ഞാൻ ക്ലേശിക്കുന്നു, മൂന്നാമത്തേത് ഒരു ജനതയേ അല്ല; സയിർ മലയിൽ വസിക്കുന്നവരും ഫിലിസ്ത്യരും ഷെക്കേമിലെ മൂഢജനതയും." (പ്രഭാ. 50:25–26)

പ്രഭാഷകൻ സമരിയൻ നിവാസികളെ വിശേഷിപ്പിക്കുന്നത് ശ്രദ്ധിക്കുക: ഒരു ജനതയല്ലാത്തവർ (സങ്കരവർഗ്ഗം, വംശശുദ്ധി, തനിമ, വ്യതിരിക്തത അവകാശപ്പെടാനില്ലാത്തവർ), ഷെക്കെമിലെ മൂഢജനത. തീവ്രമായ, യഹൂദ സമരിറ്റൻ വിദ്വേഷത്തിന് കാരണമായി വ്യാഖ്യാതാക്കൾ പൊതുവിൽ ചൂണ്ടികാണിക്കുന്നത് നാല് കാരണങ്ങളാണ്:

1. സോളമന്റെ മരണശേഷം രാജ്യം വിഭജിക്കപ്പെട്ടതുമുതൽ, ജറബോവാമിന്റെ കീഴിൽ, വടക്കുള്ള പത്തു ഗോത്രങ്ങൾ സമാന്തര രാജ്യവും ആരാധനയും പിൻതുടർന്നതും യഹൂദർ തങ്ങളുടെ ഐഡന്റിറ്റി ആരോപിച്ച ദാവീദിന്റെ ഭവനത്തെ വടക്കുള്ള ഗോത്രങ്ങൾ അംഗീകരിക്കാതിരുന്നതുമാകാം ശത്രുതയുടെ ഏറ്റവും പുരാതനമായ കാരണം.
2. ജറുസലേമിനും സീയോൻ മലയിലെ ദേവാലയത്തിനും ലേവ്യപൗരേഹിത്യത്തിനും ബദലായി, ഗിരിസിം മലയിലെ ആരാധന കേന്ദ്രം സ്ഥാപിച്ച് സമാന്തര ആരാധന നടത്തി യഹൂദരെ പ്രകോപിച്ചതും വേദപുസ്തകം തോറ ഒഴികെ മറ്റൊന്നും (നെബിം, കെത്തുബിം) അവഗണിച്ചതുമാകാം, ആരാധന പരമായ കാരണം.
3. യവന, പേർഷ്യൻ സാംസ്കാരിക സ്വാധീനങ്ങളിൽ നിന്ന് ഇസ്രായേലിന്റെ ശുദ്ധീകരണവും യഹൂദവിശ്വാസത്തിന്റെ അതിജീവനവും

ലക്ഷ്യമിട്ട് നടന്ന മക്കബായൻ വിപ്ലവത്തോട് സഹകരിക്കാതിരുന്ന താകാം സാംസ്കാരിക കാരണം.

4. ബാബിലോണിയൻ പ്രവാസത്തിനുശേഷം, ദേവാലയനഗരം പുനർനിർമ്മിക്കാൻ തിരിച്ചെത്തിയവരെ, പുനർ നിർമ്മാണത്തിന് അനുവദിക്കാതെ തടസ്സപ്പെടുത്തിയതും ഉപചാപങ്ങൾ നടത്തി ഉപ ദ്രവിച്ചതുമാകാം ചരിത്രപരമായ കാരണം (നെഹമിയായുടെ പുസ്തകം ഇത് വിവരിക്കുന്നുണ്ട്).

യഹൂദരും സമരിയാക്കാരും തമ്മിലുള്ള വിദ്വേഷത്തിന്റെ ചരിത്ര പരമായ അടിസ്ഥാനം ഇതിൽ ഏതെങ്കിലുമോ അതോ ഇവ മുഴുവ നുമോ ആകാം. എന്താണെങ്കിലും യേശുവിന്റെ കാലത്തും ഈ വംശീയ വിദ്വേഷവും വിഭജനവും തീവ്രമായിരുന്നു എന്ന് സമരിയാ ക്കാരിയുടെ വാക്കുകൾ തന്നെ വെളിവാക്കുന്നുണ്ട്.

> "നീ യഹൂദനായിരിക്കേ സമരിയാക്കാരിയായ എന്നോട് കുടിക്കാൻ ചോദി ക്കുന്നതെന്ത്, യഹൂദരും സമരിയാക്കാരും തമ്മിൽ സമ്പർക്കമൊന്നും ഇല്ലല്ലോ." (4:9)

തീവ്രമായ ഈ വംശീയവിദ്വേഷത്തിന്റെയും വിഭജനത്തിന്റെയും പശ്ചാത്തലത്തിൽ, വത്സലശിഷ്യൻ യേശുവിനെ അവതരിപ്പിക്കുന്ന തിന്റെ പിറകിലെ ദൈവശാസ്ത്ര ദർശനം എന്തായിരിക്കും? അവത രിച്ച വചനം, മനുഷ്യർ സൃഷ്ടിച്ച ഭിന്നതകൾക്കും വിഭജനത്തിന്റെയും ഗതകാലത്തിന്റെ മുറിപ്പെടുത്തിയ ഓർമ്മകൾക്കും വിദ്വേഷത്തിന്റെ നെരിപ്പോടുകൾക്കും ഉപരിയായി ലോകത്തെ തന്നിലൂടെ ഒരുമിപ്പിക്കാൻ ആഗ്രഹിക്കുന്നു എന്നാണത്. "അവൻ സമാധാനത്തിന്റെ രാജാവ് എന്ന് വിളിക്കപ്പെടും" (എശ. 9:6) എന്ന എമ്മാനുവേൽ പ്രവചനത്തിന്റെ അനു രണനങ്ങൾ കാണാമിവിടെ. നസ്രത്തിലെ യേശു തന്നിലൂടെ ഒരു പുതിയ ജനതയെ രൂപപ്പെടുത്തുന്നു. അവർ ആരാധന വൈവിധ്യത്തി ലോ, വംശീയ ശ്രേഷ്ഠതകളോ, ആരാധന സ്ഥലത്തിന്റെ അപ്രമാദി ത്വത്തിലോ, ഗതകാലത്തിന്റെ തിക്തസ്മരണകളിലോ കുരുങ്ങി ഐക്യവും സ്നേഹവും കൈമോശം വരാത്ത സമൂഹമാണ്. അവർ ആത്മാവിൽ നടക്കുന്ന യഥാർത്ഥ ആരാധനയിലും ആത്മീയ അനുഭ വത്തിലും അടിസ്ഥാനമാക്കിയ പുതിയയുഗത്തിന്റെ ജനതയാണ്. ആത്മ ദാഹം ശമിപ്പിക്കാൻ കഴിയാത്ത യാക്കോബിന്റെ കിണറ്റിൻകരയിൽ കുടങ്ങൾ ഉപേക്ഷിച്ച് ജീവജലത്തിന്റെ നിർജ്ജരിയിൽ നിന്ന് ചരടും തൊട്ടിയുമില്ലാതെ കുടിക്കുന്നവരുടെ യുഗാന്ത്യോന്മുഖസമൂഹമാണത്. ചുരുക്കത്തിൽ ഐക്യത്തിന്റെ അടയാളമായിട്ടും ഒരുമയുടെ കാരണ

മായിട്ടുമാണ് വത്സല ശിഷ്യൻ യേശുവിനെ വംശീയ വിദ്വേഷത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നത്. നസ്രത്തിലെ യേശു സ്വർഗ്ഗത്തെയും ഭൂമിയേയും ബന്ധിക്കുന്ന ദൈവമനുഷ്യസമാഗമം സാധ്യമാക്കുന്ന ബഥേലിൽ യാക്കോബ് ദർശിച്ച ഗോവണി മാത്രമല്ല, പുതിയ കാലത്തിൽ മനുഷ്യരെ പരസ്പരം ഒരുമിപ്പിക്കുന്ന പാരസ്പര്യത്തിന്റെ പാലം കൂടിയാണ്. സത്യമായും ആത്മാവിൽ പിതാവിനെ ആരാധിക്കുന്നതിലൂടെ വിഭജനങ്ങൾക്കും വിദ്വേഷങ്ങൾക്കും ഉപരിയായ വിശ്വസാഹോദര്യം രൂപപ്പെടുന്നു. മനുഷ്യബന്ധത്തിലെ വിള്ളലുകൾ പരിഹരിക്കാൻ കഴിയാത്ത സീയോൺ മലയിലെ ബലികളെയോ, ഗിരിസിം കുന്നിലെ ആരാധനയെയോ അല്ല മറിച്ച് ബഹുസ്വരതകൾക്കും വൈജാത്യങ്ങൾക്കും ഉപരിയായി ഏകതാനതയുടെ പുതിയ ശാദ്വലങ്ങൾ നിർമ്മിക്കുന്ന ആരാധകരെയും ആന്തരികതയ്ക്ക് പ്രാധാന്യം നൽകുന്ന സത്യമായും ആത്മാവിൽ നടക്കുന്ന ആരാധനയുമാണ് പിതാവ് അഭിലഷിക്കുന്നത്. ആ യുഗോന്ത്യോന്മുഖ ആരാധനയുടെ മാധ്യമമാകട്ടെ നസ്രത്തിലെ യേശുവും.

**കിണറ്റിൻ കരയിൽ നടക്കുന്ന വെളിപാട്**

യാക്കോബിന്റെ കിണറ്റിൻ കരയിൽ യേശുവും സമരിയാക്കാരിയും തമ്മിൽ നടത്തുന്ന ഈ ഒരു സംഭാഷണരംഗത്തിന് പഴയ നിയമത്തിലെ ചില സമാനമായ വിവരണ ഭാഗങ്ങളുമായി സാധർമ്മ്യം കണ്ടെത്താനാകും. കിണറ്റിൻ കരയിൽ വച്ച് സ്ത്രീയും പുരുഷനും കണ്ടുമുട്ടുന്ന മൂന്ന് രംഗങ്ങൾ പഴയനിയമത്തിൽ കാണുന്നുണ്ട്. ഉൽപ. 29:1-14 ൽ യാക്കോബ് മാതുലനായ ലാബാന്റെ അടുത്തേക്കുള്ള യാത്രയിൽ ലാബാന്റെ പുത്രിയും ഭാവി വധുവുമായ റാഹേലിനെ കാണുന്നത് കിണറ്റിൻ കരയിൽ വച്ചാണ്. ഉൽപ്പ. 24:11-30 ൽ ഇസഹാക്കിന് വധുവിനെ അന്വേഷിച്ചിറങ്ങിയ അബ്രാഹത്തിന്റെ ഭൃത്യൻ റബേക്കായെ കണ്ടെത്തുന്നതും ഉൽപ. 29:16-22 ൽ മോശ മിദിയാനിലെ പുരോഹിതനായ ജെത്രോയുടെ മകൾ സിപ്പോറയെ കണ്ടെത്തുന്നതും കിണറ്റിൻ കരയിൽ വച്ചാണ്. ഈ പഴയനിയമഭാഗങ്ങളും യോഹന്നാന്റെ വിവരണവും തമ്മിലുള്ള സാധർമ്മ്യങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം: ഇവയിലെല്ലാം പുരുഷൻ തന്റെ യാത്രക്കിടയിൽ സ്ത്രീയെ കണ്ടെത്തുന്നു; ഈ കണ്ടെത്തൽ അവരുടെ ജന്മദേശത്തെ കിണറ്റിൻ കരയിലാണ്. നാല് സംഭവങ്ങളിലും സ്ത്രീകൾ തങ്ങളുടെ വീടുകളിൽ ചെന്ന് അപരിചിതനായ പുരുഷന്റെ ആഗമന വാർത്ത അറിയിക്കുന്നുണ്ട്. സ്ത്രീകളുടെ സാക്ഷ്യം കേട്ട് ആളുകൾ കിണറ്റിൻ കരയിലേക്ക് എതിരേൽക്കാൻ എത്തുന്നുണ്ട്.

ഇസ്രായേൽ ചരിത്രത്തിലെ അതികായന്മാരുടെ (ഇസഹാക്ക്, യാക്കോബ്, മോശ) ജീവിതത്തിലെ നിർണ്ണായക സംഭവങ്ങളുമായിട്ടുള്ള രചനാസാധർമ്മ്യം വഴി വത്സലശിഷ്യൻ എന്താണ് ഇവിടെ വിവക്ഷിക്കുന്നത്? ഇസഹാക്കിനെയും യാക്കോബിനെയും മോശയെയുംകാൾ വലിയവനായി യേശുവിനെ അവതരിപ്പിക്കുകയാണ് സുവിശേഷകന്റെ ലക്ഷ്യം. കാരണം അവർക്കാർക്കും ദാഹം നിത്യമായി ശമിപ്പിക്കുന്ന ജലം വാഗ്ദാനം ചെയ്യാൻ കഴിവില്ല. ദാഹം നിത്യമായി ശമിപ്പിക്കാൻ കഴിയുന്ന ജീവജലം നൽകാൻ കഴിവുള്ളവൻ യേശുവാണ്. വറ്റാത്ത കിണറും ജീവജലത്തിന്റെ ഉറവയും അവൻതന്നെ.

**സ്ഥലബദ്ധം അല്ലാത്ത ആരാധനയുടെ കാലം**

"ഈ മലയിലോ ജറുസലേമിലോ ദൈവത്തെ ആരാധിക്കാത്ത കാലം വരുന്നു". യേശുവിന്റെ ഈ വാക്കുകൾ അതുവരെ നിലനിന്ന മനുഷ്യന്റെ ദൈവാന്വേഷണത്തിന്റെയും ആത്മീയാനുഭവത്തിന്റെയും സങ്കല്പങ്ങൾക്ക് മുമ്പിൽ ശക്തമായ വെല്ലുവിളിയായാണ് മുഴക്കിയത്. ഒരുപക്ഷെ അവന്റെ കേൾവിക്കാരുടെ ആത്മീയ സങ്കല്പങ്ങളെ കീഴ്മേൽ മറിക്കുന്ന വാക്കുകളാണത്. കാരണം യഹൂദരെ സംബന്ധിച്ച് ലോകത്തിലെ ഏറ്റവും ഉത്കൃഷ്ടമായ സ്ഥലം ജറുസലേമും ഏറ്റവും വിശുദ്ധസ്ഥലം ദേവാലയവുമാണ്. ജറുസലേമിനെയും ദേവാലയത്തെയും ഒഴിവാക്കി മറ്റൊരു ആരാധനസ്ഥലം അവർക്ക് സങ്കല്പിക്കാൻ പോലും ആവില്ല. ദൈവാനുഭവത്തിന്റെ, ദൈവസാന്നിധ്യത്തിന്റെ പ്രഭവസ്ഥാനമാണത്. ഇനി സമരിയാക്കാർക്ക് ആകട്ടെ ഗരീസിം മലയാണ് വിശുദ്ധസ്ഥലം; അവിടെയാണ് ദൈവം വസിക്കുന്നത്. മെൽക്കിസെദേക്ക് അബ്രാഹത്തിന് അപ്പവും വീഞ്ഞും കാഴ്ചവെച്ച സ്ഥലമാണത് (ഉൽപ്പ. 14:18). വാഗ്ദാനദേശത്ത് പ്രവേശിച്ച് ഇസ്രായേൽ യഹോവയെ ആദ്യമായി ആരാധിച്ച സ്ഥലമാണത് (നിയമാ. 11:29-30, 27:2-7).

ഇതിൽ നിന്ന് വ്യക്തമാകുന്ന വസ്തുത പുരാതന മനുഷ്യർ ദൈവമനുഷ്യ സമാഗമം സ്ഥലബദ്ധമായിട്ടാണ് മനസ്സിലാക്കിയതെന്നാണ്. ഏതെങ്കിലും ഒരു പ്രത്യേക സ്ഥലത്ത് ദൈവം വസിക്കുന്നു എന്ന് അവർ വിശ്വസിച്ചു. സ്ഥലബദ്ധമല്ലാത്ത ആരാധനയും ദൈവാനുഭവവും അവർക്ക് അചിന്തനീയവും അഗ്രാഹ്യവുമായിരുന്നു. ചരടും തൊട്ടിയുമില്ലാതെ നീ എങ്ങനെ വെള്ളം കോരും? എന്ന സമരിയാക്കാരിയുടെ വാക്കുകളിൽ തെളിയുന്ന സന്ദേശം മറ്റെന്താണ്? ദൈവാനുഭവത്തിന്റെ ചരടും തൊട്ടിയും യഹൂദന് സീയോൻ മലയെന്ന പ്രത്യേകസ്ഥലമായിരുന്നെങ്കിൽ, സമരിയാക്കാരന് അത് ഗരീസിം മലയിലെ ആരാധന സ്ഥലമായിരുന്നു.

എന്നാൽ, സ്ഥലബന്ധമായ ആരാധനയ്ക്ക് പകരം ആത്മാവിൽ നടക്കുന്ന ആരാധനയെ കുറിച്ച് യേശു വെളിപ്പെടുത്തുമ്പോൾ അതിൽ വിടരുന്ന നൂതനമായ ഒരു ആത്മീയ ദർശനമുണ്ട്. ഇനി മുതൽ ദൈവ മഹത്വം കൂടാരമടിച്ച് വസിക്കുന്നത് ഏതെങ്കിലും ഒരു പ്രത്യേക സ്ഥലങ്ങളിലല്ല; ജറുസലേം മലയിലോ ഗരീസിം കുന്നിലോ അല്ല മനുഷ്യൻ ദൈവത്തെ ഇനി കണ്ടെത്തുന്നത്. മറിച്ച് നസ്രത്തിലെ യേശു എന്ന വ്യക്തിയിലാണ്. ദൈവാനുഭവത്തിന്റെയും ദൈവമനുഷ്യസമാഗമത്തിന്റെയും കേന്ദ്രം ഭൗമികസ്ഥലത്തിൽ നിന്ന് വ്യക്തിയിലേക്ക് - അചേതനയിൽ നിന്ന് ഉണ്മയിലേക്ക് വളരുന്നു. നസ്രത്തിലെ യേശുവിന്റെ ശരീരം ദൈവസാന്നിധ്യത്തിന്റെ കൂടാരമാകുന്നു. സ്ഥലകാലങ്ങൾക്ക് അതീതമായി മനുഷ്യർക്ക് നസ്രത്തിലെ യേശുവിനെ സ്വീകരിച്ചുകൊണ്ട് ദൈവത്തെ കാണാൻ കഴിയുന്നു. അവനിൽ വിശ്വസിക്കുന്നവർ ദൈവമഹത്വത്തിന്റെ സാക്ഷികളാകുന്നു. 'യഥാർത്ഥ ആരാധകർ' എന്ന വാക്ക് യേശുവിനെ ദൈവാവിഷ്കാരത്തിന്റെ മൂർത്തരൂപമായി സ്വീകരിക്കുന്ന സകലരെയും പ്രതിനിധാനം ചെയ്യുന്ന പര്യായപദമായി മാറുന്നു.

### സത്യമായും ആത്മാവിൽ ആരാധിക്കുന്ന സമയം വരുന്നു

ദീർഘമായ ഈ വിവരണത്തിന്റെ ഹൃദയഭാഗം എന്ന് വിശേഷിപ്പിക്കാവുന്നത്, "*പ്രോസ്ക്യൂനേസൂസിൻ തോ പാത്രി ഏൻ പെനവുമാത്തി കായി അലെത്തേയിയാ*" (4:24) എന്നതാണ്. ഭൂരിപക്ഷം പരിഭാഷകളും ഇതിനെ "in spirit and truth" - "ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന" എന്നാണ് വിവർത്തനം ചെയ്യുന്നത്. എന്തായിരിക്കും ഈ ആത്മാവിലും സത്യത്തിലുമുള്ള ആരാധന? ദുർഗ്രഹമായ വ്യാഖ്യാനങ്ങളാണ് ഇതിന് കാണുന്നത്. ആത്മാവും സത്യവും പരിശുദ്ധ ത്രിത്വത്തിലെ പുത്രനെയും (യേശുവിനെ മാംസരൂപം പ്രാപിച്ച ദൈവത്തിന്റെ സത്യം അഥവാ ഉടമ്പടിയോടുള്ള വിശ്വസ്തത എന്ന അർത്ഥത്തിലാണ് യോഹന്നാൻ വ്യാഖ്യാനിക്കുന്നത്) പരിശുദ്ധാത്മാവിനെയുമാണ് സൂചിപ്പിക്കുന്നത്. യഥാർത്ഥ ആരാധന ആത്മാവിലും സത്യത്തിലുമാണെന്ന് പറയുന്നതിനെ, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ യേശുവിലൂടെ പിതാവിലേക്കുള്ള പ്രവാഹമാണ് എന്ന് വ്യാഖ്യാനിക്കാം. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായി റ്റി. എൽ. കോൺസ്റ്റബിൾ നൽകിയ പരിഭാഷ കുറെ കൂടി യുക്തിസഹജവും സുഗ്രാഹ്യവുമായ വ്യാഖ്യാനസാധ്യതയാണ് നൽകുന്നത്. "ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന" എന്ന പരിഭാഷ ആരാധനയുടെ രണ്ട് വിശേഷണങ്ങളായാണ് ആത്മാവിൽ/സത്യത്തിൽ എന്നീ പദ

ങ്ങളെ അവതരിപ്പിക്കുന്നത്. എന്നാൽ ഗ്രീക്ക് ഭാഷയിലെ മൂലരൂപം ശ്രദ്ധിക്കുക: ഇവിടെ ഈ രണ്ട് നാമപദങ്ങൾക്കും - *പ്നെവുമാത്തി/ അലെത്തേയിയാ* - പൊതുവായി ഒരു Preposition *ഏൻ*, ഇവയെ തമ്മിൽ ബന്ധിപ്പിക്കുന്ന conjuction *കായി*, ഇതാണ് വാക്യഘടന. അതായത് ഈ രണ്ട് നാമങ്ങളും ഇവിടെ നിർവഹിക്കുന്നത് നാമവിശേഷണത്തിന്റെ ദൗത്യമാണ്. ആരാധനയുടെ വിശേഷണമായി ഈ രണ്ട് വാക്കുകൾ നിലകൊള്ളുന്നു. ഗ്രീക്ക് ഭാഷശൈലിയിൽ ഇങ്ങനെ നാമപദങ്ങൾ ഉപയോഗിച്ചിട്ട് നാമവിശേഷങ്ങൾ നടത്തുന്നതിനെ 'Hendiadys' എന്നാണ് പറയുന്നത്. ഭാഷാപണ്ഡിതനായ ബുള്ളിംഗർ, ഹെൽഡിയാഡിസ് (Hendiadys) എന്ന ഭാഷാ പ്രയോഗത്തെ നിർവ്വചിച്ചിരിക്കുന്നത്, "the expression of one idea through two formally co-ordinate terms joined by 'and' instead of a noun and adjective or a verb and an adverb. One component specifies the other"എന്നാണ്. വി. ഗ്രന്ഥത്തിൽ ഈ ഭാഷാ പ്രയോഗത്തിന് നിരവധി ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിയും. ഉദാഹഹരണമായി, ഉൽപ. 3:16; 4:4; സങ്കീ. 63:5; 113:4. അപ്പോൾ ഈ വാചകത്തെ ശരിയായി പരിഭാഷപ്പെടുത്തേണ്ടത് "സത്യമായും ആത്മാവിൽ (truly spiritual) ആരാധിക്കുന്ന സമയം വരുന്നു" എന്നാണ്. "ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയ"മെന്നതിനേക്കാൾ എത്ര ലളിതവും വ്യക്തവുമാണ് "സത്യമായും ആത്മാവിൽ ആരാധിക്കുന്ന" എന്ന പരിഭാഷ എന്ന് ചിന്തിക്കുക.

ഇനി എന്തായിരിക്കും "സത്യമായും ആത്മാവിൽ നടക്കുന്ന ആരാധന"? ഒന്നാമതായി അത് എല്ലാ അർത്ഥത്തിലും ആത്മീയമായി നടക്കേണ്ടതാണ്. ആരാധകന്റെ ആത്മാവ് ആത്മാവായ ദൈവത്തെ അനുഭവിക്കുന്നതാണത്. അവിടെ ബാഹ്യപരതകൾക്കോ സ്ഥലബന്ധങ്ങൾക്കോ പ്രസക്തിയില്ല എന്ന് മനസിലാക്കാം. രണ്ടാമതായി ഈ ആരാധന പരിശുദ്ധാത്മാവിൽ നവീകരിക്കപ്പെട്ട വ്യക്തിയിൽ നിന്ന് യേശുക്രിസ്തുവെന്ന ചാലകത്തിലൂടെ പിതാവിലേക്കുള്ള അനസ്യൂതമായ പ്രവാഹമാണ് ഈ ആരാധനയുടെ പ്രഥമലക്ഷ്യം ദൈവത്തിന്റെ അസ്ഥിത്വത്തിലുള്ള പങ്കുചേരലാണുതാനും. യഥാർത്ഥ ആരാധനയെ കുറിച്ചുള്ള ഈ വെളിപ്പെടുത്തൽ യേശുവിന്റെ കാലത്ത് മാത്രമല്ല ഇന്ന് നിലനിൽക്കുന്ന അനുഷ്ഠാനപരതയുടെ നൂലാമാലകളിൽ കുടുങ്ങി ആത്മാവും ചൈതന്യവും നഷ്ടപ്പെട്ട, അനുഷ്ടാനമുറകൾക്കും ആരാധനരീതികൾക്കുംവേണ്ടി വാശിപിടിക്കുന്നവർക്ക് നേരെ നസ്രായേൻ ഓങ്ങി അടിക്കുന്ന തിരുത്തലിന്റെ ചാട്ടവാറാണെന്നത് നാം എന്നാണ് തിരിച്ചറിയുന്നത്. കാപട്യങ്ങളും പ്രകടനപരതയും മേന്മയുടെ അവകാശവാദങ്ങളുമില്ലാത്ത ആരാധനയും ആരാധകരെയും ദൈവം കാത്തി

രിക്കുന്നു എന്ന മനോഹരസന്ദേശമാണ് സുന്ദരമായ ഈ ആവിഷ്കാരത്തിലൂടെ വത്സലശിഷ്യൻ പങ്കുവയ്ക്കുന്നത്.

### മിശിഹാ വരുമെന്ന് എനിക്കറിയാം

ഈ പരിഭാഷയിൽ യഥാർത്ഥത്തിൽ വലിയ ഒരു പിശക് കണ്ടെത്താനാകും, അത് ഒരുപക്ഷെ പിൻകാല പകർത്തിയെഴുത്തുകളിൽ വന്നതാകാം, സമരിയാക്കാരി ഒരിക്കലും മിശിഹ വരുമെന്ന് പറയില്ല എന്നതാണ് ഇങ്ങനെപറയാൻ കാരണം. 'മിശിഹാ' എന്നത് തികച്ചും യഹൂദപ്രതീക്ഷയും സങ്കല്പവുമാണ്, സമരിയാക്കാരുടെ യുഗാന്ത്യോന്മുഖ പ്രതീക്ഷ '*തെഹബ്*' വരുമെന്നതിലാണ്. അപ്പോൾ '*തെഹബ്*' വരുമെന്ന് എനിക്കറിയാം എന്നാണ് സമരിയാക്കാരി പറഞ്ഞിട്ടുണ്ടാവുക. യഹൂദരുടെ മിശിഹാ പ്രതീക്ഷയിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ് തെഹബിനെകുറിച്ചുള്ള സമരിയാക്കാരിയുടെ പ്രതീക്ഷ. സമരിയൻ വിശ്വാസപ്രകാരം '*തെഹബ്*' ദാവീദ് വംശത്തിൽ നിന്ന് വരുന്ന അഭിഷിക്തനോ രാജകീയ വ്യക്തിത്വമോ അല്ല മറിച്ച് മോശയെ പോലുള്ള പ്രവാചകവ്യക്തിത്വമാണ്. തെഹബിന്റെ ദൗത്യം പുനസ്ഥാപിക്കലാണ് (restore). യഹൂദർ മിശിഹാ ദാവീദിന്റെ സിംഹാസനം പുനസ്ഥാപിക്കും അവിടെ നിത്യമായി വാഴും എന്ന് പ്രതീക്ഷിച്ചതെങ്കിൽ തെഹബിൽ നിന്ന് സമരിയാക്കാർ പ്രതീക്ഷിക്കുന്നത് 'കർത്താവിന്റെ പ്രസാദകാലം' (*റഹൂത്താ അദോണായ്*) പുനസ്ഥാപിക്കും എന്നാണ്. സമരിയാ വിശ്വാസപ്രകാരം ഏലി, ഇസ്രയേൽ പുരോഹിതനായ കാലം മുതൽ റഹൂത്ത (പ്രസാദകാലം) നഷ്ടമായി കാരണം ഏലിയുടെ കാലം മുതൽ മനുഷ്യന്റെ സ്വാർത്ഥതയും അത്യാഗ്രഹവും മതാനുഷ്ഠാനത്തെയും ബലിപീഠങ്ങളെയും മലിനമാക്കി മാറ്റി. അന്ന് മുതൽ പ്രബലമായത് യഹോവയുടെ അപ്രീതിയുടെ കാലം അഥവാ *പനൂത്താ* ആയിരുന്നു. മോശയെ പോലുള്ള പ്രവാചകനായി വരുന്ന *തഹബ്* പുനസ്ഥാപിക്കുന്നത് റഹൂത്തയാണ്; യഹോവയുടെ പ്രീതികരമായ കാലം. റഹൂത്ത പുനസ്ഥാപിക്കുന്നവൻ എന്നതിലാണ് തെഹബിനെ സമരിയാക്കാർ പുനസ്ഥാപകൻ എന്ന് വിളിച്ചത്. മോശയെ പോലുള്ള പ്രവാചകന്റെ വരവിലുള്ള പ്രതീക്ഷയിലാകാം സമരിറ്റൻ പെന്റ്ററ്റവുക്കിൽ പുറപ്പാട് 20-ാം അധ്യായത്തിലെ പത്ത് കല്പനകൾ കഴിഞ്ഞ്, നിയമാവത്തനം 18:18 ആണ് ചേർത്തിരിക്കുന്നത്. "അവരുടെ സഹോദരന്മാരുടെ ഇടയിൽ നിന്നെന്നപോലെ ഒരു പ്രവാചകനെ ഞാനുയർത്തും". "നിന്നോട് സംസാരിക്കുന്ന ഞാൻ തന്നെയാണവൻ" എന്ന യേശുവിന്റെ വാക്കുകൾ ഒരുപക്ഷെ സമരിയാക്കാരുടെ മോശയെപ്പോലുള്ള പ്രവാചകനു വേണ്ടിയുള്ള പ്രതീക്ഷകളുടെയും കാത്തി

രിപ്പിന്റെയും ഉത്തരമായി വേണം മനസിലാക്കുവാൻ. മോശയെപ്പോലെ അല്ല, മോശയെക്കാളും വലിയവൻ യഹോവയ്ക്ക് പ്രീതികരമായ കാലഘട്ടം (*റഹൂത്ത*) പുനസ്ഥാപിക്കുന്നവൻ ആണ് നസ്രത്തിലെ യേശു.

**അരുതുകളുടെ അതിര് ലംഘിക്കുന്ന രക്ഷകൻ**

ആരാധനയുടെ ആന്തരിക ചൈതന്യം വെളിപ്പെടുത്തുന്ന യാക്കോബിന്റെ കിണറ്റിൻ കരയിലെ ഈ മുഹൂർത്തം മനുഷ്യൻ സൃഷ്ടിച്ച വേർതിരിവുകളുടെ സീമയെ ദൈവം മറികടക്കുന്നതിന്റെ ഉത്തമ ഉദാഹരണം കൂടിയാണ്. ഇവിടെ മൂന്ന് തരത്തിലുള്ള അതിർവരമ്പുകളാണ് രക്ഷയുടെ സദ്വാർത്തയുമായുള്ള യാത്രയിൽ സമരിയായുടെ മണ്ണിനെ സ്പർശിക്കുന്നത് വഴി നസ്രത്തിലെ യേശു ഭേദിക്കുന്നത്. ഒന്ന്, സാമൂഹ്യമായ അതിർവരമ്പ്: നൂറ്റാണ്ടുകളായി സമ്പർക്കമില്ലാത്ത വിധം ശത്രുതയിലാണ് യഹൂദരും സമരിയാക്കാരും കഴിഞ്ഞിരുന്നത്. യഹൂദന് സമരിയായിലൂടെ കടന്നുപോകുന്നത് പോലും അശുദ്ധിയായി കരുതിയിരുന്ന കാലത്ത് സമരിയാക്കാരുടെ പട്ടണത്തിൽ പ്രവേശിക്കുന്ന, അവരിലൊരു സ്ത്രീയോട് ദാഹജലം യാചിക്കുന്ന, അവരുടെ ആതിഥ്യം സ്വീകരിക്കുന്ന യേശു സാമൂഹ്യക്രമത്തിൽ അതിശക്തമായി നിന്ന വിഭജനത്തിന്റെ മതിലുകളാണ് ഭേദിക്കുന്നത്. രണ്ട്, സദാചാരത്തിന്റെ സീമകൾ: യാക്കോബിന്റെ കിണറ്റിൻകരയിൽ കണ്ടെത്തിയ സ്ത്രീ, ആറ് പുരുഷന്മാരുടെ കൂടെ കഴിഞ്ഞവളാണ്. ആറാമത്തേതാകട്ടെ നിയമാനുസൃതമല്ലാത്ത കൂടിത്താമസവും സുവിശേഷവിവരണം തരുന്ന സൂചനകളനുസരിച്ച് അത്ര ഉചിതമല്ലാത്ത ഒരു ധാർമ്മികനിലവാരമാണ് സമൂഹത്തിൽ അവൾക്കുള്ളത്. സമൂഹത്തിന്റെ കപടസദാചാരബോധം കുറ്റം വിധിച്ച് പാർശ്വവത്കരിച്ചവൾ എന്നുപറയാം. സമൂഹം വിളമ്പുകളിലേക്ക് തള്ളിവിട്ടവളെ സദ്വാർത്തയുടെ പ്രഘോഷയാക്കുന്ന വിസ്മനീയമായ ദൈവനീതിയാണ് ഇവിടെ നാം കണ്ടെത്തുന്നത്. ആറ് പുരുഷന്മാരെ ജീവിതത്തിൽ സ്വീകരിക്കേണ്ടിവന്ന സമരിയാക്കാരിയും ഏഴ് ദുരാത്മാക്കൾ ആവസിച്ചിരുന്ന മറിയവും ദൈവത്തിന്റെ രക്ഷയുടെ സന്ദേശവാഹകരിയായി മാറുന്നത് തരുന്ന സന്ദേശമെന്താണ്? ദൈവം ആരെയും മാറ്റി നിർത്തിയിട്ടില്ല. നിസാരർക്കും അവഗണിക്കപ്പെട്ടവർക്കും അവിടുത്തെ പദ്ധതിയിൽ സ്ഥാനമുണ്ട് എന്നതല്ലേ? മൂന്ന്, ലിംഗവിവേചനത്തിന്റെ സീമകൾ: അതിശക്തമായ ലിംഗവിവേചനവും സ്ത്രീപുരുഷ അസമത്വവും നടമാടിയ കാലത്താണ് യേശു തന്റെ പദ്ധതിയിൽ സ്ത്രീകളെ അതും ഒട്ടും മേന്മ അവകാശപ്പെടാനില്ലാത്തവരെപോലും ഭാഗഭാഗാക്കുന്നത്. അവന്റെ വംശാവലിയിൽ വേശ്യയായിരുന്ന റാഹാബിനുവരെ സ്ഥാനം ഉണ്ടായിരുന്നല്ലോ. യഹൂദസംസ്കാരം അനുസരിച്ച് അപചരിതനായ പുരുഷനുമായി തെരു

വിൽ സംസാരിക്കുന്നത് വേശ്യവൃത്തിക്ക് തുല്യമായ കാര്യമായിരുന്നു. 20 മിനിറ്റിലധികം അന്യപുരുഷനുമായി സ്ത്രീ സ്വകാര്യസംഭാഷണം നടത്തിയാൽ അവൻ അവളുമായി വേഴ്ചയിൽ ഏർപ്പെട്ടതിന് തുല്യ മാണെന്നതായിരുന്നു യഹൂദറബ്ബിമാർ പഠിപ്പിച്ചിരുന്നത്. ഉത്തമനും ശ്രേഷ്ഠനുമായ ഒരു യഹൂദപുരുഷൻ ആവശ്യം ഒഴിവാക്കേണ്ട ആറ് കാര്യങ്ങളിലൊന്നാണ് അപരിചിതയായ സ്ത്രീയുമായുള്ള സ്വകാര്യ സംഭാഷണം. യേശുവിന്റെ സമകാലിക ഗ്രേക്കോ-റോമൻ സംസ്കാ രങ്ങളും സ്ത്രീ അന്യപുരുഷനുമായി സംസാരിക്കുന്നത് അനുചിതമാ യാണ് പരിഗണിച്ചിരുന്നത് "അവൻ സ്ത്രീയോട് സംസാരിക്കുന്നത് കണ്ട് ശിഷ്യന്മാർ അത്ഭുതപ്പെട്ടു" എന്ന വിവരണത്തിന്റെ അർത്ഥവും ഇതുതന്നെയാണ്. ഇനി അപരിചിതയായ യഹൂദസ്ത്രീയോട് സംസാ രിക്കുന്നത് തന്നെ നിഷിദ്ധമായിരിക്കുമ്പോൾ സമരിയാക്കാരിയോട് സംസാരിക്കുന്ന യേശു അതിലും വലിയ ഇടർച്ചയാണ് തന്റെ സമകാ ലികർക്ക് വരുത്തിയത്. കാരണം യഹൂദപുരുഷന്മാർ അതിശക്തമായ വർജ്ജിക്കാൻ നിർദ്ദേശിക്കപ്പെട്ടതായിരുന്നു സമരിയാക്കാരി സ്ത്രീകളു മായുള്ള സംസർഗ്ഗം. 'പിള്ളതൊട്ടിലിൽ നിന്നേ അശുദ്ധകൾ' എന്നാണ് യഹൂദറബ്ബിമാർ സമരിയാക്കാരായ സ്ത്രീകളെ വിളിച്ചിരുന്നത്. ഇവി ടെയാണ് നസ്രത്തിലെ യേശു മനുഷ്യൻ നിർമ്മിച്ച ലിംഗവിവേചന ത്തിന്റെ വിലക്കുകളെ ലംഘിക്കുന്നതും അവന്റെ കരുണ കലവറയി ല്ലാതെ പകർന്നുകൊടുക്കുന്നതും രക്ഷയുടെ സന്ദേശവാഹകരായി സ്ത്രീകളെ നിയോഗിക്കുന്നതും.

"ആ സ്ത്രീയാകട്ടെ കുടം അവിടെ തന്നെ വച്ച് പട്ടണത്തിലേക്ക് പോയി." തന്റെ ഓർമ്മകുറിപ്പുകൾ വായിക്കുന്ന വ്യക്തിയിൽ ജീവജ ലത്തിന്റെ ഉറവയായ യേശുവിനെ കണ്ടെത്തുന്നവരിൽ വരേണ്ട മാറ്റ ത്തിന്റെ മാതൃകയെയാണ് സമരിയാക്കാരിയുടെ ഈ പ്രവൃത്തിയിലൂടെ വത്സലശിഷ്യൻ വിവരിക്കുന്നത്. ദാഹം ശമിപ്പിക്കാൻ കഴിയാത്ത യാക്കോബിന്റെ കിണറ്റിലെ ജലം അവൾക്ക് ഇനി ആവശ്യമില്ല. കാരണം അവൾ നിത്യജീവന്റെ ഉറവ കണ്ടെത്തികഴിഞ്ഞു. ആ ഉറവ യിൽ നിന്ന് പാനം ചെയ്യാനാകട്ടെ കുടം ആവശ്യമില്ലതാനും. ദാഹം ശമിപ്പിക്കാൻ കഴിയാത്ത ജലം ശേഖരിക്കുന്ന കുടങ്ങൾ അവൾ അതി നാൽ തന്നെ ഉപേക്ഷിക്കുന്നു. ഉപേക്ഷിക്കപ്പെട്ട കുടം ഒരു പ്രതീകമാ ണ്. ജീവജലം കണ്ടെത്തിയ വ്യക്തിക്ക്, സത്യമായും ആത്മാവിൽ ആരാധിക്കുന്നവർക്ക്, ദൈവാനുഭവത്തിന് ബാഹ്യചമയങ്ങൾ ആവശ്യ മില്ല എന്നതിന്റെ പ്രതീകം.

## ഒരു കാലിക വായന

# ഗരിസീം മലയും സീയോൻകുന്നും പുനർനിർമ്മിക്കുന്ന കാലം!

"സ്ത്രീയേ എന്നെ വിശ്വസിക്കുക, ഈ മലയിലോ ജറുസലേമിലോ പിതാവിനെ ആരാധിക്കാത്ത സമയം വരുന്നു" (യോഹ. 4:21). ഭൂതകാലം സമ്മാനിച്ച നഷ്ടബോധത്തിന്റെ മുറിപ്പാടുകളിൽ നിന്നും യഹൂദരാൽ നശിപ്പിക്കപ്പെട്ട ആരാധന സ്ഥലങ്ങളെക്കുറിച്ചുള്ള തപ്തസ്മരണകളിൽ സമരിയാക്കാരി സ്ത്രീയ്ക്ക് യേശു നൽകുന്ന സൗഖ്യത്തിന്റെ സൂചനയാണ് സ്ഥലബദ്ധമല്ലാത്ത ആരാധനയുടെ കാലം വാഗ്ദാനം ചെയ്യുന്ന ഈ വാക്കുകൾ. സമരിയാക്കാരിക്ക് മാത്രമല്ല വത്സല ശിഷ്യൻ യോഹന്നാനും. കാരണം, അയാളുടെ മുമ്പിലും ഈ വരികളോർത്തെഴുതുമ്പോൾ ഒരു ദേവാലയത്തിന്റെ നാശകൂമ്പാരവും ഉള്ളിൽ നഷ്ടബോധവുമുണ്ട്. എ.ഡി. 70ൽ റോമാക്കാരാൽ തകർക്കപ്പെട്ട ജറുസലേം ദേവാലയത്തിന്റെ തന്നെ. അപ്പോൾ വത്സല ശിഷ്യനും സമരിയാക്കാരിയും ആരാധനാ സ്ഥലം നഷ്ടപ്പെട്ട ആരാധകരുടെ പ്രതിനിധികളാണ്. യഹൂദരാൽ പിതാക്കന്മാരുടെ ആരാധനാ സ്ഥലം, ഗരിസിം മലയിലെ ദേവാലയം നശിപ്പിക്കപ്പെട്ടതിന്റെ ദുഃഖവും അമർഷവും പേറുന്ന സമരിയാക്കാരുടെയും, റോമാക്കാരാൽ ദേവാലയവും വിശുദ്ധ സ്ഥലവും നശിപ്പിക്കപ്പെട്ട യഹൂദരുടെയും ദേവാലയത്തിൽ നിന്നും സിനഗോഗുകളിൽ നിന്നും ഭ്രഷ്ട് കൽപിച്ച് പുറത്താക്കപ്പെട്ട ആദിമ ക്രിസ്ത്യാനികളുടെയും പ്രതിനിധികളാണവർ. അതുകൊണ്ട്തന്നെ "ഈ മലയിലോ ജറുസലേമിലോ പിതാവിനെ ആരാധിക്കാത്ത സമയം വരുന്നു" എന്ന യേശുവിന്റെ വാക്കുകളെ ചരിത്രപരമായി വ്യാഖ്യാനിക്കുമ്പോൾ, അവയിൽ സാന്ത്വനത്തിന്റെയും സൗഖ്യത്തിന്റെയും സനിഗ്ദ്ധതയുണ്ട്. ഒപ്പം, ദൈവാരാധനയെ സ്ഥലബന്ധമായി മനസിലാക്കുന്ന, ആരാധനയുടെ ആത്മാവിനെക്കാൾ അതിന്റെ ബാഹ്യചമയങ്ങൾക്ക് അമിത പ്രാധാന്യം നൽകുന്ന ഏതു തലമുറയിലെയും ഭക്തർക്കുള്ള തിരുത്തും.

ഇനിപ്പറയുന്നത് ആരാധനയെ സ്ഥലബദ്ധമാക്കുന്ന, സീയോൻകുന്നും ഗരിസിം മലയും പുനർനിർമ്മിക്കുന്ന വർത്തമാനകാല വക്രതയെപ്പറ്റിയാണ്. യഥാർത്ഥ ആരാധന സത്യമായും ആത്മാവിലാണെന്നും അങ്ങനെയുള്ള ആരാധകരെയാണ് പിതാവ് അഭിലഷിക്കുന്നതെന്നും ദൈവത്തിന്റെ പുത്രൻതന്നെ വെളിപ്പെടുത്തിയിട്ടും പഴയനിയമ ജനതയുടെ അതേ ദുരവസ്ഥയിലേക്കാണ്, സ്ഥലബദ്ധമായ ആരാധനയുടെ അപകടങ്ങളിലേക്കാണ് വർത്തമാനകാല ക്രൈസ്തവ സമൂഹം എത്തി നിൽക്കുന്നത്. ഈ പറയുന്നത് ദേവാ

ലയങ്ങൾക്കെതിരാണെന്ന് തെറ്റി വായിക്കരുത്; ഇത് വർദ്ധിതമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ അത്ഭുതകേന്ദ്രങ്ങളിലും ആൾദൈവങ്ങളിലും അധിഷ്ടിതമായ ആത്മീയതയുടെ കച്ചടവത്കരണത്തിനെതിരെയാണ്. കാര്യസാധ്യത്തിനും പ്രശ്നപരിഹാരത്തിനും രോഗസൗഖ്യത്തിനും സാമ്പത്തിക പുരോഗതിയ്ക്കും മാത്രം ദൈവത്തെ കൂട്ടുപിടിക്കുന്നതും ഏതെങ്കിലും ചില കേന്ദ്രങ്ങൾക്ക് അത്ഭുത സിദ്ധിയുണ്ടെന്ന് പ്രചരിപ്പിക്കുന്നതും അവ കേന്ദ്രീകരിച്ച് അക്രൈസ്തവ മതങ്ങളിലേതുപോലെ ചില ആൾദൈവങ്ങളെ വളർത്തിയെടുക്കുന്നതും കത്തോലിക്കാസഭയുടെ സത്യവിശ്വാസത്തോട് ചേർന്നു പോകുന്നുണ്ടോ? അനുദിനം 'കാതോലികം' എന്ന വിശേഷണത്തിന്റെ സാന്ദ്രത നഷ്ടപ്പെട്ട് പ്രൊട്ടസ്റ്റന്റിസത്തിന്റെയും പെന്തക്കോസ്റ്റൽ പ്രസ്ഥാനങ്ങളുടെയും ഇരുളുകളിലേക്ക് വഴുതി വീഴുന്ന കേരളസഭ ആകുലപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യമല്ലേ?

നിശ്ചയമായും ഒരു തിരുത്ത് ആവശ്യമുള്ള കാലത്താണ് നാം ജീവിക്കുന്നത്. വിവേകത്തിന്റെ തിരുത്തൽ സ്വരങ്ങളെ സംഘടിത ശേഷിയുടെ പേരിൽ പരിഹസിച്ച് അവസാനിപ്പിക്കുകയോ, നിശബ്ദമാക്കുകയോ അല്ല കാമ്യമായത്. ആരാധനയും ദൈവാന്വേഷണവും സ്ഥലബദ്ധമാണെന്ന് തെറ്റിദ്ധരിച്ച് സീയോൻ കുന്നും ഗരിസിം മലയും പുനർനിർമ്മിക്കാനുള്ള ശ്രമങ്ങളാണ് തിരിച്ചറിയപ്പെടേണ്ടതും തിരുത്തപ്പെടേണ്ടതും. അത്ഭുതസിദ്ധിയുള്ള ആൾദൈവങ്ങളെയും അവർ വളർത്തുന്ന ആത്മീയ കേന്ദ്രങ്ങളെയും തേടിപ്പായുന്ന ഉത്തരാധുനിക ക്രൈസ്തവ ആത്മീയ ശൈലി, വിശ്വാസത്തിന്റെ വികൃതമാക്കപ്പെട്ട മുഖമാണെന്ന് ഓരോ വിശ്വാസിയും തിരിച്ചറിയണം. ഇരുപത് നൂറ്റാണ്ട് സകല വൈതരണികളേയും അതിജീവിച്ച് ഇവിടെ കത്തോലിക്കാ വിശ്വാസം വളർന്നത് ഇത്തരം വിദ്യകളുടെ പിൻബലത്തിലായിരുന്നില്ലല്ലോ! അതുകൊണ്ട് എല്ലാ പള്ളികളുടെയും അൾത്താരയിൽ അർപ്പിക്കപ്പെടുന്നവനും സക്രാരിയിൽ ഓർമ്മയുടെ നിത്യവസന്തമായി വസിക്കുന്നവനും ഒരേയാൾതന്നെ ആണെങ്കിൽ എന്റെ പള്ളിയിൽ നിന്ന് പ്രാർത്ഥിക്കുന്നതിനപ്പുറം അത്ഭുതകേന്ദ്രങ്ങൾ തേടി നടക്കുന്ന അബദ്ധം ഞാൻ എന്തിന് ചെയ്യണം എന്ന് ഓരോ വിശ്വാസിയും സ്വയം സ്വയം ചോദിക്കുകയും ഇടവക കേന്ദ്രീകൃതവും കൂദാശാധിഷ്ഠിതവുമായ ഒരാത്മീയത വളർത്തിയെടുക്കുകയും വേണം. മറ്റ് ആത്മീയ ബദലുകൾ അപകടകരമാണ്. ഇടവകയെന്നാൽ ദേവാലയ കെട്ടിടമോ അനുബന്ധ സ്ഥാപന ശ്രേണിയോ അല്ല, മറിച്ച് വിശ്വാസികളുടെ കൂട്ടായ്മയും സാഹോദര്യത്തിന്റെ ഊഷ്മളതയുമാണ്. ആ കൂട്ടായ്മയിലാണ് ഉത്ഥിതൻ വസിക്കുന്നതും സംപ്രീതനാകുന്നതും. അതുകൊണ്ട് ആൾക്കൂട്ടത്തിന്റെയും ആരവങ്ങളുടെയും ആത്മീയത വിട്ട് കൂട്ടായ്മയുടെ ആത്മീയതയെ സ്നേഹിക്കാം.

10

# ദൈവം സദാ പ്രവർത്തനനിരതനാണ്
## (യോഹ. 5:1 – 18)

വത്സല ശിഷ്യന്റെ ഓർമ്മക്കുറിപ്പിലെ സുന്ദരമായ ഒരേടാണ് ബേത്സഥാ കുളക്കടവിൽ സാബത്ത് ദിവസം തളവാതരോഗിക്ക് സൗഖ്യം കൊടുക്കുന്നതും തുടർന്ന് സാബത്തിലും പ്രവർത്തനനിരതനായ പിതാവിനെക്കുറിച്ച് വെളിപ്പെടുത്തുന്നതുമായ ഈ ഭാഗം. യോഹന്നാൻ തന്റെ സുവിശേഷത്തിലെ നാലാം അദ്ധ്യായം ചിത്രീകരിച്ചത് യാക്കോബിന്റെ കിണറ്റിൻകരയിൽ വച്ചാണെങ്കിൽ – അഞ്ചാം അദ്ധ്യായത്തിലെ ഈ സൗഖ്യവിവരണത്തിന്റെ രംഗപശ്ചാത്തലം ബേത്സയ്ഥ എന്നു വിളിക്കുന്ന കുളക്കടവാണെന്നത് ശ്രദ്ധേയമാണ്. സത്യമായും (truely spiritual) ആത്മാവിൽ നടക്കുന്ന ആരാധനയെക്കുറിച്ചുള്ള വെളിപാടിനും ദൈവം എപ്പോഴും പ്രവർത്തനനിരതനാണെന്നും സദാ പ്രവർത്തിക്കുന്ന പിതാവാണ് സാബത്തിലും പ്രവർത്തനനിരതനാകാൻ തന്നെ അയച്ചതെന്നുമുള്ള വാക്കുകളിലൂടെ തന്റെ ദൈവികസത്തയെ യേശു വെളിപ്പെടുത്തുന്നതിനും സാക്ഷിയായി നിൽക്കുന്നത് ജലമാണ് എന്നത് രസാവഹമാണ്. ഈ സുദീർഘമായ വചനഭാഗത്ത് രണ്ട് പ്രധാന ആശയങ്ങൾ നമ്മുടെ ശ്രദ്ധയാകർഷിക്കുന്നുണ്ട്. ഒന്നാമത് ബത്സയ്ഥാ എന്ന സൗഖ്യത്തിന്റെ തീർത്ഥം, രണ്ടാമത് സാബത്തിലും പ്രവർത്തനനിരതനായിരിക്കുന്ന പിതാവും അവിടുന്ന് ഭൂമിയിലേക്കയച്ച പുത്രനും.

സൗഖ്യത്തിന്റെയും വെളിപാടിന്റെയുമായ ഈ മനോഹരരംഗം ഇതൾ വിരിയുന്നത് ബേത്സഥാ എന്ന യഹൂദരുടെ സൗഖ്യതീർത്ഥത്തിന്റെ കരയിലാണ്. പശ്ചാത്തലമായി

വത്സല ശിഷ്യൻ നൽകുന്ന സൂചന യഹൂദരുടെ ഒരു തിരുനാൾ എന്നു മാത്രമാണ്. ഈ തിരുനാൾ ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ യഹൂദ പുരുഷന്മാർ ജറുസലേമിൽ നിർബന്ധമായും എത്തേണ്ട മൂന്ന് തിരുനാളുകളായ പെസഹ, പെന്തക്കുസ്ത, കൂടാരതിരുനാൾ ഇവയിൽ ഒന്നാകാം എന്നാണ്. ആദിമ ഗ്രീക്ക് സഭയുടെ പാരമ്പര്യത്തിൽ ഇത് 'ആഴ്ചകളുടെ തിരുനാൾ' എന്നുകൂടി അറിയപ്പെട്ടിരുന്ന പെന്തക്കുസ്താ തിരുനാളായാണ് പരിഗണിച്ചിരുന്നത്. ആരംഭത്തിൽ തികച്ചും കാർഷിക ഉത്സവമായി ആചരിച്ചിരുന്ന പെന്തക്കുസ്ത തിരുനാളിനെ പിന്നീട് യഹൂദ റബ്ബിമാർ മോശയ്ക്ക് സീനായ് മലയിൽവച്ച് പത്ത് കല്പനകൾ ലഭിച്ച ദിവസത്തിന്റെ അനുസ്മരണമായി വ്യാഖ്യാനിച്ചു തുടങ്ങി. മോശയുമായും 10 കൽപ്പനകളുമായുള്ള ഈ ബന്ധത്തിന്റെ ഒരു സൂചന യോഹന്നാന്റെ വിവരണത്തിൽ വ്യക്തമാകുന്നുമുണ്ട്. "നിങ്ങൾ മോശയെ വിശ്വസിച്ചിരുന്നെങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു. കാരണം എന്നെക്കുറിച്ച് അവൻ എഴുതിയിരിക്കുന്നു. അവൻ എഴുതിയത് വിശ്വസിക്കുന്നില്ലെങ്കിൽ എന്റെ വാക്കുകൾ എങ്ങനെ വിശ്വസിക്കും" (5:46-47). പത്ത് കൽപനകൾ ലഭിച്ച ഈജിപ്തിൽ നിന്നുള്ള പുറപ്പാടിന്റെ 50-ാം ദിവസവുമായി ബന്ധപ്പെടുത്തിയതുവഴി കൽപ്പനകൾ ലഭിച്ചതുകൊണ്ട് ഈ തിരുനാൾ പെന്തക്കുസ്താ എന്ന് അറിയപ്പെടാൻ തുടങ്ങി.

സീനായ് മലയിൽവച്ച് പത്ത് കൽപ്പനകളിലൂടെ ദൈവത്തിന്റെ മനസ് മനുഷ്യനു വെളിപ്പെട്ടതിന്റെയും ദൈവാവിഷ്കാരത്തിന്റെയും ഓർമ്മയായ പെന്തക്കുസ്താ തിരുനാളിന്റെ പശ്ചാത്തലത്തിൽ നടത്തുന്ന ഈ സൗഖ്യവിവരണത്തിൽ വത്സലശിഷ്യൻ ഒളിപ്പിച്ചിരിക്കുന്ന ദൈവശാസ്ത്ര ദർശനം എന്തായിരിക്കും? വളരെ ലളിതമാണ് അത്: കൽഫലകങ്ങളിൽ മോശ ദൈവഹിതം വെളിപ്പെടുത്തിയതെങ്കിൽ ഇതാ ഇവിടെ മോശയേക്കാൾ വലിയവൻ, മോശ തന്നെ ആരെക്കുറിച്ച് എഴുതിയോ അവൻ ദൈവത്തിന്റെ മനസ് വെളിപ്പെടുത്തുന്നു. ഇനിമുതൽ അചേതനങ്ങളായ കൽഫലകങ്ങളിലല്ല യേശുവിന്റെ ജീവനുള്ള ശരീരത്തിലാണ് (the incarnated body) ദൈവഹിതവും ദൈവമഹത്വവും വെളിപ്പെടുന്നത് എന്നർത്ഥം. "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു, അവന്റെ മഹത്വം നാം ദർശിച്ചു"(1:14) എന്ന് പ്രകീർത്തിച്ച വത്സലശിഷ്യൻ പിന്നീട് ഓർത്തെടുത്ത വചനത്തിന്റെ ആവിഷ്കാരത്തിലെ ഒരു സുന്ദരമുഹൂർത്തമാണ് ബേത്സഥായുടെ പടവുകളിൽ സംഭവിക്കുന്നത്. സൗഖ്യം ഒഴുകിയിറങ്ങിയതിന്റെ പശ്ചാത്തലം പെന്തക്കുസ്താ തിരുനാളാണെങ്കിൽ അതിന്റെ ഭൂമികയായി

വത്സലശിഷ്യൻ - വിവരിക്കുന്നത് ബേത്സഥാ കുളമാണ്. ബേത്സഥാ കുളത്തെകുറിച്ച് സുവിശേഷകൻ നൽകുന്ന സൂചന ശ്രദ്ധിക്കുക. "ജറു സലേമിൽ അജകവാടത്തിനകത്ത് ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളമുണ്ടായിരുന്നു. അതിന് അഞ്ച് മണ്ഡപങ്ങളും, അവിടെ കുരുടരും മുടന്തരും തളർവാതക്കാരുമായ അനേകം രോഗികൾ കിടന്നിരുന്നു" (യോ ഹ. 5: 2-4).

ജറുസലേം ദേവാലയത്തിന്റെ വടകുകിഴക്കുഭാഗത്തുള്ള, ബലി അർപ്പിക്കപ്പെടാനുള്ള ആടുകളെ ദേവാലയത്തിലേക്ക് പ്രവേശിപ്പിച്ചി രുന്ന കവാടമാണ് അജകവാടം. ഇതിന്റെ അടുത്തായിട്ടാണ് ബേത്സഥാ കുളത്തിന്റെ സ്ഥാനം. നെഹമിയായുടെ പുസ്തകത്തിൽ പ്രവാസത്തിൽ നിന്നു തിരിച്ചെത്തിയവർ അജകവാടം പുനർനിർമ്മിക്കുന്നത് വിവരി ക്കുന്നുണ്ട് (നെഹ. 3:1; 12:39). ആധുനിക പുരാവസ്തുഗവേഷകർ ഈ കുളം കണ്ടെത്തിയിട്ടുണ്ട്. ഏതാണ്ട് 165-220 അടി വീതിയും, 315 അടി നീളവുമുള്ള വലിയ നീന്തൽ കുളമായിരുന്നു ഇതെന്ന് മനസ്സിലാക്കാം. നീന്തൽകുളം എന്ന് പറയാൻ കാരണം ഗ്രീക്ക് ഭാഷയിൽ ഇത് 'കൊളും ബെത്രാ' എന്നാണ് എഴുതിയിരുന്നത്. *കൊളുമ്പോ* എന്നാൽ ഗ്രീക്ക് ഭാഷയിൽ നീന്തുക എന്നർത്ഥം. യോഹന്നാൻ 9:7ൽ വീണ്ടും നാം *കൊളുമ്പെത്രാ* എന്ന വാക്ക് കാണുന്നു. ബേത്സഥാ എന്ന വാക്കിന് ബൈബിൾ പണ്ഡിതന്മാർ താഴെപ്പറയുന്ന അർത്ഥങ്ങൾ നൽകുന്നു ണ്ട്; house of out pouring (ചൊരിയപ്പെടലന്റെ ഭവനം) house of flowing (ഒഴുക്കപ്പെടലിന്റെ ഭവനം), house of mercy (കരുണയുടെ ഭവനം). മൂന്ന് അർത്ഥാന്തരങ്ങൾ ബേത്സഥാ എന്ന വാക്കിന് കൽപ്പിക്കുന്നു വെങ്കിലും ആ സൗഖ്യതീർത്ഥത്തെ സംബന്ധിച്ച് ഈ മൂന്ന് വാക്കു കളും സ്വാർത്ഥകമാണ്. അത് ദൈവം സൗഖ്യം ചൊരിയുന്ന ഭവനമാ ണ്, രോഗങ്ങൾ ഒഴുക്കിയിറങ്ങുന്ന ഭവനമാണ്. അത് ദൈവകരുണ യുടെ ആഴം നിസ്സാഹയരായ മനുഷ്യർ കണ്ടെത്തുന്ന ഭവനമാണ്. ഇന്ന് ബേത്സഥാ കുളം അറിയപ്പെടുന്നത് 'വി. അന്നയുടെ കുളം' (pool of St. Anna) എന്നാണ്. കാരണം ആധുനിക ജറുസലേമിൽ വി. അന്നാ യുടെ ദേവാലയത്തിനോട് ചേർന്നാണ് ഇപ്പോൾ ഈ കുളത്തിന്റെ സ്ഥാനം കണ്ടെത്തിയിരിക്കുന്നത്. ഒരുപക്ഷേ ബേത്സഥാ കുളത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനമോ, പേരിന്റെ ക്ലിപ്തതയോ, അർന്താര ങ്ങളിലെ വൈവിധ്യമോ എന്നതിനേക്കാളെല്ലാം നമ്മുടെ ചിന്താവിഷ യമാകേണ്ടത് ഒരു കുളക്കടവിനെ സൗഖ്യാനുഭവത്തിന്റെ വേദിയായി ചിത്രീകരിക്കുന്നതിലൂടെ വത്സലശിഷ്യൻ പറയാനാഗ്രഹിക്കുന്ന ക്രിസ്തുവിജ്ഞാനീയത്തിന്റെ ആഴമാകണം.

യേശുവും സമരിയാക്കാരിയും തമ്മിലുള്ള സംഭാഷണത്തിന്റെ വേദിയായി യോഹന്നാൻ അവതരിപ്പിച്ചത് യാക്കോബിന്റെ കിണറാണ്. അതുവഴി മനുഷ്യന്റെ ആത്മദാഹങ്ങൾ ശമിപ്പിക്കാൻ കഴിയുന്ന യഥാർത്ഥജലവും യഥാർത്ഥ ആരാധനയും യേശുവാണെന്നും യേശുവിലൂടെയാണന്നുമുള്ള ചിന്തയാണ് പങ്കുവച്ചത്. ഇതാ ഇവിടെ ബേത്സഥാ എന്ന സൗഖ്യതീർത്ഥം, അതിന്റെ കരയിൽ രോഗികളായ അനവധി മനുഷ്യർ. 38 വർഷമായി തളർന്നുകിടന്ന മനുഷ്യന് കുളത്തിലെ സ്നാനം കൂടാതെ കുളക്കടവിൽ സൗഖ്യം നൽകുന്ന യേശു വെളിപ്പെടുത്തുന്നത് എന്താണ് - അവിടുന്നാണ് യഥാർത്ഥ സൗഖ്യതീർത്ഥം. അവനിൽ സ്നാനപ്പെടലാണ് യഥാർത്ഥ സൗഖ്യ മാർഗം എന്നതുതന്നെ. യേശു യഥാർത്ഥ ബേത്സഥായാകുന്നു. യോഹന്നാൻ നിരന്തരം ആവർത്തിക്കുന്ന ഒരു മാറ്റം ഇവിടെയും നടക്കുന്നുണ്ട് - ദൈവസാന്നിധ്യത്തിന്റെ കൂടാരം സ്ഥലത്തിൽ നിന്ന് യേശു എന്ന വ്യക്തിയിലേക്ക് മാറിയതുപ്പോലെ (2: 19–21; 4:21–24) ഇവിടെയും സൗഖ്യസ്ഥാനവും കാരണവും വ്യക്തിയിലേക്ക്, നസ്രത്തിലെ യേശുവിലേക്ക് രൂപാന്തരപ്പെടുന്നു, വഴിമാറുന്നു. ഇവിടെ മലാക്കി പ്രവചനം 4:2 ന്റെ അനുരണങ്ങൾ മുഴങ്ങുന്നുണ്ട്. “എന്നാൽ എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കുവേണ്ടി ഒരു നീതിസൂര്യൻ ഉദിക്കും; അതിന്റെ ചിറകുകളിൽ സൗഖ്യമുണ്ട്” (മലാക്കി 4:2). ആരാധന സ്ഥലബന്ധമല്ലാതായതുപോലെ സൗഖ്യവും സ്ഥലകേന്ദ്രീകൃതമല്ലാതാകുന്നു.

അപ്പോൾ, ബേത്സഥാ എന്ന സൗഖ്യതീർത്ഥത്തിന്റെ കരയിലെ സൗഖ്യാനുഭവത്തിന്റെ വിവരണത്തിലൂടെ വത്സലശിഷ്യൻ പറയുന്നത്: വെള്ളം ഇളകാൻ കാത്തുനിൽക്കേണ്ട ഈ കുളമല്ല - എപ്പോഴും പ്രവർത്തന നിരതനായ ദൈവപുത്രനായ നസ്രത്തിലെ യേശുവാണ് യഥാർത്ഥ ബേത്സഥാ - യഥാർത്ഥ കരുണയുടെ ഭവനം, ദൈവകൃപ ചൊരിയപ്പെടുന്ന ഭവനം, മനുഷ്യപാപങ്ങൾ ഒഴുകിയിറങ്ങിപോകുന്ന സ്ഥലം.

**ചലനാത്മകതയുടെ ദൈവം**

സുദീർഘമായ സൗഖ്യവിവരണത്തിന്റെ കേന്ദ്രഭാഗം എന്ന് വിശേഷിപ്പിക്കുന്നത് സാബത്ത് ദിവസം സൗഖ്യം നൽകിയതിന് തന്നെ ദ്വേഷിച്ച യഹൂദരോട് യേശു പറയുന്ന വാക്കുകളാണ്, “എന്റെ പിതാവ് എപ്പോഴും പ്രവർത്തിക്കുന്നു ഞാനും പ്രവർത്തിക്കുന്നു”(5:17). നാല് സുവിശേഷകൻമാരും ഒരുപോലെ വിവരിക്കുന്നതാണ് സാബത്തുദിവസം യേശു നൽകുന്ന സൗഖ്യങ്ങളും അവയോടുള്ള യഹൂദ നേതൃ

ത്വത്തിന്റെ അസഹിഷ്ണുത നിറഞ്ഞ പ്രതികരണങ്ങളും. യോഹന്നാന്റെ രചനയിൽ രണ്ട് തവണയാണ് യേശു സാബത്തുദിവസം രോഗശാന്തി നൽകുന്നതായി ചിത്രീകരിച്ചിരിക്കുന്നത്. 5-ാം അദ്ധ്യായത്തിലെ ബേത്സഥാ കുളക്കടവിലെ തളർവാതരോഗിയുടെ സൗഖ്യവും 9-ാം അധ്യായത്തിൽ വിവരിക്കുന്ന ജന്മനാ അന്ധനായ മനുഷ്യന്റെ സൗഖ്യവും. മനുഷ്യന്റെ നിസ്സാഹയതകൾക്കുമേൽ പെയ്തിറിങ്ങിയ ദൈവകൃപയെ നിഷേധിക്കാൻ യഹൂദരെ പ്രേരിപ്പിച്ചത് അവ നടന്നത് ഒരു വികാരമായി അവർ അനുഷ്ഠിച്ചിരുന്ന സാബത്ത് ദിവസമാണ് എന്നതിനാലാണ്. സാബത്ത് അവർക്ക് നിശ്ചലതയുടെ ദിവസമായിരുന്നു. യേശു സാബത്തിലെ സൗഖ്യത്തിലൂടെ തകിടം മറിക്കാൻ ശ്രമിക്കുന്നത്, നിശ്ചലതയുടെ സാബത്താചരണത്തെയാണ്. അവൻ പകരം വയ്ക്കുന്നതോ, ചലനാത്മകതയുടെ ആത്മീയതയും.

സാബത്ത് വിശ്രമത്തിന്റെ അടിസ്ഥാനമായി കണ്ടെത്താവുന്ന ചില പഴയ നിയമ ഭാഗങ്ങൾ ഇനി പരിശോധിക്കാം. സാബത്തിന്റെ ഏറ്റവും പുരാതന വേദപുസ്തക അടിത്തറയായി റബ്ബിമാർ ഉയർത്തികാട്ടുന്നത് ഉൽപ്പ. 2:2-3 വാക്യങ്ങളാണ്. "ദൈവം തന്റെ ജോലി ഏഴാം ദിവസം പൂർത്തിയാക്കി. താൻ തുടങ്ങിയ പ്രവർത്തിയിൽ നിന്ന് വിരമിച്ച് ഏഴാം ദിവസം അവിടുന്ന് വിശ്രമിച്ചു. സൃഷ്ടികർമ്മം പൂർത്തിയാക്കി തന്റെ പ്രവർത്തികളിൽ നിന്ന് വിരമിച്ചു. വിശ്രമിച്ച ഏഴാം ദിവസത്തെ അവിടുന്ന് അനുഗ്രഹിച്ച് വിശുദ്ധമാക്കി" (ഉൽപ. 2:2-3). ഈ വചനഭാഗത്തിന്റെ വ്യാഖ്യാനത്തിൽ യഹൂദപണ്ഡിതർ രണ്ട് വാചകങ്ങൾക്ക് മാത്രമാണ് വാച്യാർത്ഥത്തിൽ തന്നെ പ്രാധാന്യം കൽപിക്കുന്നത്. താൻ തുടങ്ങിയ പ്രവർത്തികളിൽ നിന്ന് വിരമിച്ച് ഏഴാം ദിവസം ദൈവം വിശ്രമിച്ചു (ഉൽപ്പ. 2:2). രണ്ട്, "താൻ വിശ്രമിച്ച ഏഴാം ദിവസത്തെ അവിടുന്ന് അനുഗ്രഹിച്ച് വിശുദ്ധമാക്കി."

എന്നാൽ വാച്യാർത്ഥത്തിൽ ദൈവം വിശ്രമിച്ച ദിവസം എന്നും തന്റെ വിശ്രമദിവസമായതിനാൽ സാബത്തിനെ അവിടുന്ന് വിശുദ്ധീകരിച്ചു എന്നും മനസ്സിലാക്കുന്നിടത്തും വ്യാഖ്യാനിക്കുന്നിടത്തുമാണ് വലിയ പിശകുകൾ സംഭവിക്കുന്നത്. യഥാർത്ഥത്തിൽ സാബത്ത് എങ്ങനെയാണ് ഈ വചനപ്രകാരം വിശുദ്ധമായത്? ഉൽപത്തി ഗ്രന്ഥകാരൻ പറയുന്നത് ശൂന്യതയിൽ, എല്ലാറ്റിന്റെയും ആരംഭത്തിൽ ദൈവംതുടങ്ങിയ പ്രവർത്തി ആറ് ദിവസം നീണ്ടുനിന്നു അഥവാ സൃഷ്ടികർമ്മം ആറ് ദിവസം കൊണ്ട് നിറവേറി എന്നാണ്. ഏഴാം ദിവസത്തേക്ക് ഒന്നും പൂർത്തിയാക്കാനില്ല എന്നതാണ് ദൈവം വിശ്രമിച്ചു എന്ന പരാമർശത്തിന്റെ യഥാർത്ഥ അർത്ഥം. അപ്പോൾ ഏഴാം ദിവസമോ? അത്

യഥാർത്ഥത്തിൽ പ്രപഞ്ചത്തിന്റെ പുതിയ തുടക്ക ദിവസമാണ്. സൃഷ്ട പ്രപഞ്ചം മനുഷ്യനുൾപ്പെടെ അതിന്റെ പൂർണ്ണതയിൽ ഉണർന്ന ദിവ സമാണത്. പ്രപഞ്ചം അതിന്റെ പൂർണ്ണതയിൽ ചലിച്ച ദിവസം അങ്ങനെ വിശുദ്ധമായി. വി. ഗ്രന്ഥത്തിന്റെ ആലങ്കാരികഭാഷയെ മനസിലാക്കാതെ വരുമ്പോൾ ഉണ്ടാകുന്ന അബദ്ധവ്യാഖ്യാനങ്ങളും അവ ഭാവിതലമുറ യുടെമേൽ ഒരു നുകമായി വീഴുന്നതും എങ്ങനെയെന്ന് നോക്കുക. പ്രപഞ്ചം അതിന്റെ പൂർണ്ണതയിൽ ചലിച്ച ദിവസത്തെ മനുഷ്യൻ മാമൂ ലുകളിൽ കുരുക്കി നിശ്ചലതയുടെ നിശബ്ദതയുടെ ദിവസമാക്കുന്നു.

സാബത്തിനെകുറിച്ചുള്ള മറ്റൊരു പ്രധാന ഭാഗം പുറപ്പാട് 31:12-17 വചനങ്ങളാണ്. ഇവിടെ സാബത്ത് ആചരിക്കാൻ ദൈവം ഇസ്രായേൽ ജനത്തോട് ആവശ്യപ്പെടുന്നത് ഉടമ്പടിയുടെ അടയാളമായിട്ടാണ്. ഈ ഉടമ്പടിയുടെ അടയാളമായ സാബത്ത് ലംഘിക്കുന്നവൻ മരണശിക്ഷക്ക് അർഹനാണെന്നും, അവനെ ജനത്തിൽ നിന്ന് നീക്കി കളയണമെന്നു മാണ് വചനഭാഗം. സാബത്താചരണത്തിൽ കാർക്കശ്യഭാവത്തിന് നിദാനം ഈ വചനഭാഗമാണെന്ന് കരുതുന്ന പണ്ഡിതരുണ്ട്. സാബത്ത് നിയമത്തിന്റെ ഭാഗമാകുന്നത് ഇവിടം മുതലാണ്.

സാബത്ത് സംബന്ധിയായ മൂന്നാമൊതൊരു വചനഭാഗം നെഹ മിയായുടെ പുസ്തകത്തിലാണ്. ബാബിലോൺ പ്രവാസശേഷമാണ് ഈ പുസ്തകരചന എന്നതും ശ്രദ്ധേയമാണ്. "അവിടുന്ന് ദാസനായ മോശവഴി വിശുദ്ധ സാബത്തും പ്രമാണങ്ങളും അവർക്ക് നൽകി" (നെഹ. 9: 13-14). നാലാമത് സാബത്ത് നിയമത്തെ ശക്തമായി പരാ മർശിക്കുന്നത് എസക്കിയേൽ പ്രവാചകനാണ്. "തങ്ങളെ വിശുദ്ധീക രിക്കുന്ന കർത്താവ് ഞാനാണ് അവർ അറിയാൻ വേണ്ടി, അവർക്കും എനിക്കുമിടയിൽ അടയാളമായി സാബത്തുകളും ഞാനവർക്ക് നൽകി" (എസക്കി. 20:12).

ഈ ഭാഗങ്ങളെല്ലാം അർത്ഥമാകുന്നത് സാബത്ത് യഹോവയും ഇസ്രായേലും തമ്മിലുള്ള ഉടമ്പടി ബന്ധത്തിന്റെ അടയാളമായിരുന്നു എന്നതാണ്. തികച്ചും ആത്മീയമായ കാഴ്ചപ്പാടിലാണ് ഇവ അവതരി പ്പിക്കുന്നത് എന്നും വ്യക്തമാണ്. അപ്പോൾ, പിന്നീട് രൂപപ്പെട്ട നിയമ വ്യാഖ്യാനങ്ങളാണ് അനുഷ്ഠാന പരതകളുടെയും അരുതുകളുടെയും വിലക്കുകളുടെയും തടവറയിൽ സാബത്തിന്റെ ആത്മീയ ചൈത ന്യത്തെ ബന്ധനസ്ഥമാക്കിയത് എന്ന് സാരം. യേശു ഇവിടെ സാബത്ത് ലംഘിക്കുകയല്ല അതിന്റെ ആന്തരികചൈതന്യത്തെ നശിപ്പിക്കുന്ന നിയമത്തിന്റെ പുറംതോടുകളെ പൊട്ടിക്കുകയാണ് ചെയ്യുന്നത്. നിയമം നൽകിയവനാണ് അത് ഭേദിക്കാനും അതിൽ തിരുത്തൽ വരുത്താനും

അധികാരമുള്ളത്. സാബത്തിൽ യേശു നടത്തുന്ന അത്ഭുതങ്ങൾ യോഹന്നാന്റെ ഭാഷ്യത്തിൽ അടയാളങ്ങളാണ്. അവിടുന്ന് ദൈവമാണെന്നുള്ളതിന്റെയും സാബത്തിന്റെ കർത്താവാണെന്നുള്ളതിന്റെയും അടയാളം. "എന്റെ പിതാവ് എപ്പോഴും പ്രവർത്തിക്കുന്നു ഞാനും പ്രവർത്തിക്കുന്നു" എന്ന യേശുവിന്റെ വാക്കുകൾ ഇതിന്റെ സ്ഥിരീകരണമാണ്.

ബേത്സഥാ കുളക്കടവിലെ ഈ സൗഖ്യവിവരണത്തിലൂടെ വത്സലശിഷ്യൻ പങ്കുവയ്ക്കുന്ന ക്രിസ്തുവിജ്ഞാനീയത്തെ നമുക്കിങ്ങനെ സംഗ്രഹിക്കാം.

- സൗഖ്യത്തിന്റെ വറ്റാത്ത ഉറവിടം അവതരിച്ച വചനമായ യേശുവാണ്. അവന്റെ ശരീരമാണ് പുതിയ ബത്സയ്ഥാ, യഥാർത്ഥ സൗഖ്യതീർത്ഥം. അവനിൽ സ്നാനപ്പെടുന്നവർ യഥാർത്ഥ സൗഖ്യാനുഭവത്തിന്റെ അവകാശികളാകും. യേശുവിൽ സ്നാനപ്പെടുകയെന്നാൽ അവനിൽ വിശ്വസിക്കുക എന്ന് അർത്ഥം.
- ഈ പുതിയ സൗഖ്യതീർത്ഥമായ യേശു സാക്ഷാൽ ദൈവത്തോട് സത്തയിൽ തുല്യനാണ്. അവൻ പിതാവിന്റെ മനസറിയുകയും അത് ജാഗ്രതയോടെ പ്രവർത്തിക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്ന പുത്രനാണ്.
- തന്റെ കർമ്മം തുടരാൻ പിതാവാണ് പുത്രനെ ലോകത്തിലേക്ക് അയക്കുന്നത്. അവനിൽ വിശ്വസിക്കുന്നവർ രോഗത്തിനോ മരണത്തിനോ നശിപ്പിക്കാൻ കഴിയാത്ത നിത്യതയുടെ അവകാശികളാകും.
- യേശുവിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവം വിശ്രമിക്കുന്ന ദൈവമല്ല, മറിച്ച് അവിടുന്ന് എപ്പോഴും പ്രവർത്തനനിരതനാണ്. യേശുവിൽ വിശ്വസിക്കുന്നവർ വിശ്രമത്തിന്റെ ആവൃതിയിലേക്കല്ല കരുണയുടെ പ്രവർത്തനപരതയിലേക്കാണ് ക്ഷണിക്കപ്പെട്ടിരിക്കുന്നത്. സൗഖ്യത്തിന് വിശ്രമമില്ലാതെ വേദിയൊരുക്കാനോ, കാരണമാകാനോ ഉള്ള വിളിയാണ് ശിഷ്യത്വം.

# ഒരു കാലിക വായന

## സാഹോദര്യം ചോദ്യം ചെയ്യപ്പെടുമ്പോൾ

"കർത്താവേ വെള്ളമിളകുമ്പോൾ എന്നെ കുളത്തിലിറക്കാൻ ആരുമില്ല... ഞാനെത്തുമ്പോഴേക്കും മറ്റൊരുവൻ ഇറങ്ങിയിരിക്കും." (5:7)

സാഹോദര്യത്തിന് നേരെയുള്ള വിരൽ ചൂണ്ടലായി ഈ വാക്കുകളെ വ്യാഖ്യാനിക്കാമെന്ന് തോന്നുന്നു. സൗഖ്യത്തിന്റെ തീർത്ഥത്തിലേക്ക് കൈപിടിച്ച് നടത്താൻ ആരുമില്ലെന്ന് പരിതപിക്കുന്ന, ചുറ്റും പെരുകുന്ന സ്വാർത്ഥതയുടെ മുമ്പിൽ നിസ്സാഹയരായി വിലപിക്കുന്ന എല്ലാകാലത്തെയും മനുഷ്യരുടെ വാക്കുകളാണിത്. ഇന്നും മുഴങ്ങുന്ന നിസ്സഹായന്റെ വിലാപസ്വരം. അശരണരുടെ ഈ വിലാപത്തിലേക്കാണ് നസ്രത്തിലെ യേശു കടന്നുവരുന്നതും സൗഖ്യം നൽകുന്നതും. ബേത്സഥാ കുളവും രോഗികൾ കിടക്കുന്ന പടവുകളും പ്രതീകാത്മകമായി ഇന്നും പുനരവതരിക്കുന്നുണ്ട്. സാഹോദര്യത്തിന്റെ ഒരു കരം തേടിയുള്ള വിലാപങ്ങൾ നമുക്ക് ചുറ്റും മുഴങ്ങുന്നുമുണ്ട്. നസ്രായനായ യേശു ബേത്സഥാ കുളപ്പടവുകളെ അഥവാ നിസ്സഹായന്റെ അഭയസ്ഥാനങ്ങളെ സ്നേഹിച്ചവനായിരുന്നു. അതിലുപരി നിസ്സഹായന് സൗഖ്യത്തിന്റെ ബേത്സഥാ ആയവനായിരുന്നു. ആ ദൗത്യമാണ് അതിന്റെ ആന്തരികതയിൽ പുനരവതരിപ്പിക്കാൻ ഓരോ യേശുശിഷ്യനും വിളിക്കപ്പെട്ടിരിക്കുന്നത്.

എനിക്ക് തോന്നുന്നു, വർത്തമാന ലോകത്തിൽ സഭയുടെയും സഭാതനയരുടെയും വലിയ ഒരു പ്രേഷിതദൗത്യം മറ്റൊരു ബേത്സഥാ കുളത്തിന്റെ പടവുകളാകുക എന്നതാണ്. മനപൂർവ്വമാണ് മറ്റൊരു ബേത്സഥാ കുളമാകണം - സൗഖ്യത്തിന്റെ ഉറവിടമാകണം എന്ന് പറയാത്തത്. കാരണം സുഖപ്പെടുത്തുന്നതും ജീവൻ നൽകുന്നതുമൊക്കെ കർത്താവാണല്ലോ. പക്ഷേ ലളിതമായി പ്രായോഗികവൽക്കരിക്കാവുന്നതാണ്, ആ സൗഖ്യതീർത്ഥത്തിന്റെ പടവുകളാകുക എന്നത്. എല്ലാവർക്കും സൗഖ്യം നൽകാൻ പറ്റിയില്ലെങ്കിലും നിസ്സാഹായന്റെ അഭയസ്ഥാനമെങ്കിലും ആയി തീരാമല്ലോ.

അടുത്ത കാലത്ത് ദിനപത്രങ്ങളിൽ പതിവായി കാണുന്ന ചില വാർത്തകളും ചിത്രങ്ങളും നിശ്ചയമായും വിമർശനാത്മകമായി പുനർവായിക്കേണ്ടവയാണ്. സാമ്പിളായി രണ്ടെണ്ണം പറയാം. ആദ്യത്തേത് ഒരു സാധുവിധവയ്ക്ക് വീട് നൽകുന്നതിന്റെ താക്കോൽദാന

ചടങ്ങിന്റേതാണ്. വാർത്തയ്ക്കൊപ്പമുള്ള ചിത്രത്തിൽ ദാനധർമ്മം നടത്തിയവരുടെ വിജയി തുല്യമായ മുഖഭാവവും ഇവരുടെ സഹായം പറ്റേണ്ടിവന്നതിന്റെ ജാള്യതയും ദൈന്യതയും വിധവയുടെ മുഖത്തും തെളിഞ്ഞ് കാണുന്നുണ്ട്. രണ്ടാമത്തേത് കുറേക്കൂടി ഭീകരമായപ്പോയി എന്ന് പറയാതെ വയ്യ. അത് ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി നടത്തിയ വമ്പിച്ച ജീവകാരുണ്യ പ്രവർത്തനമായിരുന്നു. പാവങ്ങൾക്കുള്ള ഭക്ഷ്യസാധനങ്ങളുടെ കിറ്റ് വിതരണത്തിന്റെ വാർത്തയും ഫോട്ടോയുമായിരുന്നു. തിരഞ്ഞെടുക്കപ്പെട്ട so called 'പാവം' മനുഷ്യന്റെ കയ്യിലേക്ക് ഭാരവാഹികൾ ചേർന്ന് തികച്ച് 5 കിലോ വരാത്ത പ്ലാസ്റ്റിക് കാരിബാഗിലെ ഭക്ഷ്യവസ്തുക്കൾ അഭിമാന വിജൃംഭിത മുഖഭാവത്തോടെ കൈമാറുന്നു. അവരോ പത്രക്കാരോ പേരിട്ട, 'പാവം' ദൈന്യഭാവത്തിൽ അത് കൈപ്പറ്റുന്നു. ഭവനരഹിതന് പാർപ്പിടം നൽകാനും ഭക്ഷണമില്ലാത്തവന്റെ വിശപ്പിനെപ്പറ്റി ചിന്തിക്കാനും കാണിച്ച ഉദാരതയെ ആദരിച്ചുകൊണ്ട്തന്നെ പറയട്ടെ, "നീ ദാനധർമ്മം നടത്തുമ്പോൾ കപടനാട്യക്കാർ ചെയ്യുന്നതുപോലെ നിന്റെ മുമ്പിൽ കാഹളം മുഴക്കരുത്" (മത്താ. 6:2) എന്ന് പറഞ്ഞ നസ്രായന്റെ പിൻതുടർച്ചക്കാര് തന്നെ ഇങ്ങനെയാകുന്നത് ഉചിതമാണോ? ദരിദ്രവിദ്യാർത്ഥിക്ക് കഷ്ടി നൂറ് രൂപ തികച്ച് വരാത്ത നാല് നോട്ട് ബുക്കും രണ്ട് പെൻസിലും കൊടുത്തിട്ട് പത്രത്തിൽ ഫോട്ടോ വരുത്തുന്ന നവീന ക്ലബ് സംസ്കാരം അനുകരിക്കുന്നത് നസ്രാണിക്ക് ചേർന്നതല്ല എന്നു മാത്രമല്ല ലജ്ജാകരവുമാണ്. നിങ്ങളുടെ അൽപത്തരത്തിന്റെ ആഘോഷം കൊണ്ട് ഏതോ ഒരു കൊച്ച് ഗ്രാമത്തിൽ കഴിയുന്ന ചില നിസ്സാഹയരുടെ ദൈന്യത ലോകം മുഴുവൻ അറിയിക്കുന്നത് എന്ത് ക്രിസ്തീയ ധാർമ്മികതയാണ്? ദരിദ്രനും വിധവയ്ക്കും അനാഥ ബാല്യങ്ങൾക്കും ആത്മാഭിമാനം ഉണ്ട്. ദയവായി അത് വാണിഭം നടത്തരുത്. അതുകൊണ്ട് കരുണ ചെയ്തേ അടങ്ങൂ എന്ന് വാശിയുള്ളവർ അതിനേക്കാളും തീവ്രതയോടെ തിരിച്ചറിയേണ്ടത് അവരുടെ കരുണ സ്വീകരിക്കാൻ തങ്ങളുടെ ഗതികേടുകൊണ്ട് നിർബന്ധിക്കപ്പെടുകയോ, വിധിക്കപ്പെടുകയോ ചെയ്യുന്ന മനുഷ്യർക്കും ഉള്ളിൽ ഇത്തിരി ആത്മാഭിമാനവും അന്തസുമുണ്ട് എന്നാണ്. ഭൂമിയിലെ ദരിദ്രനും നിസ്സഹായനും പണത്തിനെ കുറവുള്ളൂ, അവന്റെ ഉള്ളിൽ നിറയെ അഭിമാനബോധവും അന്തസുമുണ്ട്. അതിനെ മാനിക്കുന്നതാണ്, അവരുടെ സ്വകാര്യസങ്കടങ്ങൾ പരസ്യപ്പെടുത്താതിരിക്കുന്നതാണ് പ്രഥമവും പ്രധാനവുമായ ജീവകാരുണ്യ പ്രവൃത്തി.

11

# നിത്യജീവന്റെ ആഹാരം
## (യോഹ. 6:1 – 71)

യോഹന്നാന്റെ സുവിശേഷത്തിന്റെ ആറാം അദ്ധ്യായത്തെ 'ആദിമസഭയുടെ ദിവ്യകാരുണ്യ കൗദാശിക വിജ്ഞാനീയത്തിന്റെ ഹൃദയഭാഗം' എന്നാണ് സഭാപിതാക്കന്മാരായ, വി. ജസ്റ്റിൻ മാർട്ട്യർ, അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്, ജറുസലേമിലെ വി. സിറിൾ, വി. ഇരണേവൂസ്, വി. ജോൺ ക്രിസോസ്തോം തുടങ്ങിയവരും ആധുനിക ബൈബിൾ വ്യാഖ്യാതാക്കളായ റെയ്മണ്ട് ബ്രൗൺ, റുഡോൾഫ് ഷ്നാക്കൽബർഗ്, എഫ്. ജെ മോളോണി തുടങ്ങിയവരും വിശേഷിപ്പിക്കുന്നത്. നാല് സുവിശേഷകന്മാരും വിവരിക്കുന്ന അത്ഭുതങ്ങളായ അപ്പം വർദ്ധിപ്പിക്കുന്നതിനെയും ജലത്തിനുമീതെ നടക്കുന്നതിനെയും വത്സലശിഷ്യൻ പെസഹായുടെ സമയപശ്ചാത്തലത്തിൽ ജീവന്റെ അപ്പത്തേക്കുറിച്ചുള്ള ദീർഘപ്രബോധനത്തിനോട് ചേർത്ത് വിവരിക്കുമ്പോൾ കേവലം ദൈവശക്തി പ്രകടമാകുന്ന അത്ഭുതത്തിനുപരിയായ ചില അർത്ഥവും ആഴവും അവയ്ക്ക് കൈവരുന്നുണ്ട്. യോഹന്നാന്റെ സുവിശേഷത്തിലെ ഏറ്റവും സുദീർഘമായ അധ്യായമാണ് ആറാം അധ്യായം. ദീർഘമായ ഈ വിവരണത്തെ നാല് ഭാഗങ്ങളായി വിഭജിക്കാൻ കഴിയും.

**1. ആമുഖം (6:1–4)**

ആദ്യത്തെ നാല് വാക്യങ്ങളിൽ സുദീർഘമായ ഈ വിവരണത്തിന്റെ ആമുഖമാണ്. ദിവ്യകാരുണ്യ കൗദാശിക വിജ്ഞാനീയത്തിന്റെ പശ്ചാത്തലമാണ് വത്സല ശിഷ്യൻ അവതരിപ്പിക്കുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ,

യേശുവിന്റെ എല്ലാ സുപ്രധാന വെളിപാടുകളും നടക്കുന്നത് പെസഹാത്തിരുനാളിന്റെ സമയ പശ്ചാത്തലത്തിലാണ് (വർഷത്തിന്റെ ഒന്നാം മാസം (നിസാൻ) ഏഴാം ദിവസം). ഇവിടെയും സമയപശ്ചാത്തലം പെസഹാതിരുനാളും സ്ഥലം – വിജനതയുമാണ്. യേശുവിന്റെ വാക്കുകളിലെ ബലിഭാവത്തെ സാധൂകരിക്കുന്നതാണ് പെസഹായുടെ സമയപശ്ചാത്തലം (അറക്കപ്പെടുന്ന പെസഹാകുഞ്ഞാട്) എങ്കിൽ മന്നയ്ക്കും ശ്രേഷ്ഠമായ അവൻ നൽകുന്ന ആഹാരത്തിന്റെ പശ്ചാത്തല സൂചനയാണ് 'വിജനത' നൽകുന്നത്. ഇസ്രായേൽ ജനത സീനായ് മരുഭൂമിയുടെ വിജനതയിലാണല്ലോ 'മന്ന' ഭക്ഷിച്ചിരുന്നത്.

**2. അപ്പം വർദ്ധിപ്പിക്കുന്ന അത്ഭുതം (6:5–15)**

പെസഹായുടെ സമയ സൂചനയും വിജനത എന്ന സ്ഥല സൂചനയും നൽകി അപ്പം വർദ്ധിപ്പിക്കുന്ന അടയാളത്തെ വിവരിക്കുമ്പോൾ വത്സല ശിഷ്യൻ അതിന് പ്രതീകാത്മകമായ ചില ആന്തരികാർത്ഥം കൂടി നൽകുന്നുണ്ട് എന്നാണ് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നത്. അതായത്, യോഹന്നാന്റെ ഭാഷ്യത്തിൽ അപ്പം വർദ്ധിപ്പിക്കുന്ന അടയാളം, യേശു നടത്തുന്ന ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രബോധനത്തിന്റെ അടിത്തറയാണ് നൽകുന്നത്. നശ്വരമായ അപ്പത്തിന്റെ അടിത്തറയിൽ നിന്നാണ് അനശ്വരതയുടെ അപ്പത്തെക്കുറിച്ച് അവൻ പഠിപ്പിക്കുന്നത് എന്ന് ചുരുക്കം. യോഹന്നാന്റെ അപ്പം വർദ്ധിപ്പിക്കുന്ന വിവരണത്തിന് ഇരണേവൂസിനെപ്പോലെയുള്ള ആദിമസഭാപിതാക്കന്മാർ ദിവ്യകാരുണ്യ സാദൃശ്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്. മാത്രവുമല്ല രണ്ടാം നൂറ്റാണ്ടിലെ കോറ്റകൊമ്പുകളിൽ (ഭൂഗർഭ സിമിത്തേരികളിൽ) കുർബ്ബാനയുടെ സാന്നിധ്യത്തിന്റെ പ്രതീകാത്മക സൂചനയായി അഞ്ച് അപ്പവും രണ്ട് മത്സ്യവും ചിത്രീകരിച്ചിരുന്നു.

സമവീക്ഷണ സുവിശേഷകന്മാരും വി. പൗലോസ് അപ്പസ്തോലനും വിവരിക്കുന്ന അന്ത്യ അത്താഴമേശയിൽ കുർബ്ബാന സ്ഥാപനസമയത്ത് യേശുവിന്റെ പ്രവൃത്തികളുമായി യോഹന്നാന്റെ ഈ വിവരണത്തിനുള്ള സാധർമ്മ്യം ഈ ദിശയിൽ ചിന്തിക്കാൻ മറ്റൊരു പ്രേരണയാണ്. (മർക്കോ. 14:22–36; മത്താ. 26: 26–30, ലൂക്കാ 22: 17–19; 1കോറി. 11: 23–25). മൂന്ന് പ്രവൃത്തികളാണ് ഇവിടെ യേശു ചെയ്തതായി വിവരിക്കുന്നത്.

**a) യേശു അപ്പം എടുക്കുന്നു (യോഹ 6: 11)**

അന്ത്യ അത്താഴ മേശയിലും ആദ്യപ്രവൃത്തി 'യേശു അപ്പം എടുത്തു'എന്നതാണ്. (*എല്ലാബേൽ ഉൽ തൂസ് ആർത്തൂസ് ഹൊ യേശൂ*

*സ്*). *എല്ലാബേൽ* എന്നത് - എടുത്തു എന്നും *ആർത്തൂസ്* - അപ്പം എന്നുമാണ് അർത്ഥം. ഇതേ പദങ്ങളാണ് സമവീക്ഷണസുവിശേഷക ന്മാരും വി. പൗലോസും അന്ത്യഅത്താഴ മേശയിൽ യേശുവിന്റെ പ്രവൃത്തി വിവരിക്കാൻ ഉപയോഗിക്കുന്നത്. അന്ത്യ അത്താഴത്തിലെ അതേ പദാ വലി ശ്രദ്ധയോടെ ഉപയോഗിക്കുന്നതു വഴി ഈ വിവരണത്തിന്റെ *എവു ക്കരിസ്റ്റിക് സിംബോളിസം* വത്സല ശിഷ്യൻ പൂർണ്ണമായും പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു എന്നാണ് മനസിലാക്കേണ്ടത്.

## b) കൃതജ്ഞതാ സ്തോത്രം ചെയ്തു

കൃതജ്ഞതാസ്തോത്രം അഥവാ *എവുക്കരിസ്തേസാസ്* എന്ന വാക്ക് പ്രത്യേകം ശ്രദ്ധേയമാണ്. കൃതജ്ഞതാസ്തോത്രം എന്ന അർത്ഥം വരുന്ന ഇതേ വാക്കാണ് സമവീക്ഷണ സുവിശേഷകൻമാരും വി. പൗലോസും അന്ത്യ അത്താഴമേശയിൽ, അപ്പത്തിന്റെയും വീഞ്ഞി ന്റെയുംമേൽ യേശു ചെയ്ത പ്രവർത്തിയെ വിവരിക്കാൻ ഉപയോഗി ച്ചിരിക്കുന്നത്. അപ്പം വർദ്ധിപ്പിക്കുന്ന വിവരണങ്ങളിലാകട്ടെ (മത്താ. 14: 13–21, മർക്കോ. 6:30–44, ലൂക്കാ 9:10–17) സമാന്തര സുവിശേഷക ന്മാർ വാഴ്ത്തി അഥവാ *എവുളോഗയിൽ* എന്ന പദമാണ് ഉപയോഗിച്ചി രിക്കുന്നത്. അതുകൊണ്ട് *എവുക്കരിസ്തയിൻ* എന്ന പദം തിരഞ്ഞെ ടുക്കുന്നതുവഴി യോഹന്നാൻ യേശുവിന്റെ അപ്പത്തിന്റെ മേലുള്ള പ്രവൃ ത്തിക്ക് അന്ത്യ അത്താഴ മേശയിലേതിനു തുല്യമായ ഒരു കൗദാശിക ഭാവം നൽകുന്നു എന്ന് മനസിലാക്കണം.

## c) അവർക്ക് കൊടുത്തു

സമവീക്ഷണസുവിശേഷകന്മാർ അന്ത്യത്താഴവേളയിൽവച്ച് യേശു അപ്പം വാഴ്ത്തി ശിഷ്യർക്കു കൊടുത്തു എന്ന് രേഖപ്പെടുത്തുന്ന *ദിയ ദോക്കെൻ* എന്ന പദം തന്നെയാണ് യോഹന്നാൻ 'അപ്പം ആശീർവദി ച്ചശേഷം വിളമ്പാൻ ശിഷ്യന്മാരെ ഏൽപ്പിച്ചു' എന്ന വിവരണത്തിൽ ഉപയോഗിച്ചിരിക്കുന്നത്. അനന്തരം അവർക്ക് കൊടുത്തു - *കായി ദിയ ദോക്കെൻ* - എന്നത് അന്ത്യത്താഴമേശയിലെ യേശുവിന്റെ മൂന്നാമത്തെ പ്രവർത്തിയാണ്. അപ്പോൾ *കയി ദിയദോക്കൻ* എന്ന് പദം വഴി യോഹ ന്നാൻ ഈ വിവരണത്തിന് സെഹിയോൻശാലയിലെ യേശുവിന്റെ പ്രവൃത്തിക്ക് തുല്യമായ കൗദാശിക ഭാവം നൽകുന്നു എന്ന് മനസി ലാക്കാം.

## d) ഒന്നും നഷ്ടപ്പെടാതെ ശേഖരിക്കുവിൻ (6:12)

അപ്പം വർദ്ധിപ്പിക്കുന്ന അത്ഭുത വിവരണങ്ങളിൽ യോഹന്നാൻ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതാണ് കഷ്ണങ്ങൾ ശേഖരിക്കുവിൻ

(*സുനഗാഗേത്തേ താ ക്ലാസ്മത്താ*) എന്ന് യേശു നൽകുന്ന നിർദ്ദേശം. അതുകൊണ്ട് ഈ വാക്കുകൾക്ക് ശക്തമായ *എവുക്കരിസ്റ്റിക് സിംബോളിസ*മാണ് വ്യാഖ്യാതാക്കൽ നൽകുന്നത്. ആദിമ സഭയുടെ അപ്പസ്തോലിക കാലഘട്ടത്തിൽ രൂപംകൊണ്ട പ്രബോധന ഗ്രന്ഥമായ ഡിഡാക്കെ *സ്യുനഗെയിൽ* - ദിവ്യകാരുണ്യം ശ്രദ്ധയോടെ സൂക്ഷിക്കുന്നതിനും, *ക്ലാസ്മേത്ത* - ദിവ്യകാരുണ്യ അപ്പത്തിന്റെ കഷ്ണങ്ങളെ സൂചിപ്പിക്കുന്നതിനും വേണ്ടിയാണ് ഉപയോഗിച്ചിട്ടുള്ളത് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അപ്പോൾ, ഇതിൽ നിന്ന് മനസിലാക്കേണ്ട വസ്തുത, തിബേരിയാസ് തീരത്ത് വച്ച് യേശു അഞ്ച് അപ്പവും രണ്ട് മീനും വാഴ്ത്തി പുരുഷാരത്തിന്റെ വിശപ്പടക്കുന്ന രംഗം വിവരിക്കുമ്പോൾ, കേവലം യേശുവിന്റെ ദൈവിക അസ്തിത്വം വെളിപ്പെടുത്തുന്ന അത്ഭുതം വിവരിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ എന്നതിലുപരി തന്റെ വായനക്കാർക്ക് അഗാധമായ ദിവ്യകാരുണ്യ കൗദാശിക അർത്ഥം കൂടി വത്സലശിഷ്യൻ കരുതിവച്ചിട്ടുണ്ട്. അതായത് ഭൗതികമായ അപ്പത്തിന്റെ സമൃദ്ധി യോഹന്നാന്റെ ഭാഷ്യത്തിൽ ഒരു അടയാളമാണ് (*സെമയിയോൺ*) യേശു സ്ഥാപിക്കാനും ലോകത്തിന് നൽകാനുമിരിക്കുന്ന ആത്മീയഭക്ഷണത്തിന്റെ - അവന്റെ ശരീരത്തിന്റെ - അടയാളം.

### e) പന്ത്രണ്ട് കുട്ടനിറയെ ശേഖരിച്ചു (6:13)

പന്ത്രണ്ട് കുട്ട നിറയെ ശേഖരിച്ചു എന്ന വിവരണത്തിന് പന്ത്രണ്ട് കുട്ടകൾ 12 അപ്പസ്തോലന്മാരുടെ പ്രതീകവും കുർബ്ബാന അപ്പസ്തോലിക സമൂഹത്തിന്റെ സൂക്ഷത്തിന് ഏൽപ്പിച്ചതിന്റെ പ്രതീകാത്മക വിവരണവുമാണെന്ന് വ്യാഖ്യാനിക്കുന്ന പണ്ഡിതരുണ്ട്.

ഈ വിവരണത്തിൽ ശ്രദ്ധിക്കേണ്ട മറ്റൊരു പ്രധാന വസ്തുത, അപ്പത്തിന് രൂപാന്തരീകരണം വരുത്തുന്ന യേശുവിന്റെ വാക്കുകളാണ്. അവൻ കൃതജ്ഞതാ സ്തോത്രം ചെയ്തു കഴിയുമ്പോൾ അപ്പത്തിന്റെ പരിമിതിയും പരിധിയും ഇല്ലാതാകുന്നു. ഒരാളുടെ മാത്രം കഷ്ടി വിശപ്പടക്കാനുതകുന്ന അഞ്ച് അപ്പവും രണ്ട് മീനും പരിമിതികൾ ഇല്ലാതെ അയ്യായിരം വരുന്ന പുരുഷാരത്തിന് സമൃദ്ധമായ വിരുന്നാകുന്നു; പന്ത്രണ്ട് കുട്ട നിറയെ ബാക്കി വരുന്നു. ഭക്ഷിച്ച് സംതൃപ്തരായ അയ്യായിരത്തിലധികം വരുന്ന പുരുഷാരത്തിന്റെയും നിറഞ്ഞിരിക്കുന്ന പന്ത്രണ്ട് അപ്പക്കുട്ടകളുടെയും പശ്ചാത്തലത്തിൽ വത്സലശിഷ്യൻ അവതരിപ്പിക്കുന്ന യേശു ആരാണ്? അവൻ അപ്പത്തിൻമേൽ അധികാരമുള്ളവനാണ്. അവന്റെ വാക്കിന് അപ്പത്തിന്റെ ഭൗതിക പരിമിതികളെ

എടുത്തുകളയാൻ ശക്തിയുണ്ട്. നസ്രത്തിലെ ഈ യേശു പദാർത്ഥ ലോകത്തിന്റെ തമ്പുരാനാണ്. അപ്പത്തെ അവന്റെ ഇച്ഛയ്ക്കനുസരിച്ച് വർദ്ധിപ്പിക്കാൻ - രൂപാന്തരീകരണം വരുത്താൻ - അവന് അധികാര മുണ്ട്. ഈ ചിന്ത ശ്രദ്ധയോടെ മനസിൽ സൂക്ഷിച്ച് വേണം തുടർന്നുള്ള ഭാഗങ്ങളിലേക്ക് (ജലത്തിനുമീതെ നടക്കുന്നതും, ജീവന്റെ അപ്പത്തേ കുറിച്ചുള്ള പ്രബോധനവും) പ്രവേശിക്കാനും.

### 3. ജലപരപ്പിലെ ദൈവാവിഷ്കാരം (6:16-24)

യോഹന്നാന്റെ സുവിശേഷവിവരണത്തിലെ അഞ്ചാമത്തെ അട യാളമാണ് യേശു തിബേരിയാസ് കടലലകൾക്കുമീതെ നടക്കുന്ന വിവ രണഭാഗം. സമവീക്ഷണ സുവിശേഷകൻമാർ മത്തായിയും (14:22-27) മർക്കോസും (6:45-52) ഈ അത്ഭുതം വിവരിക്കുന്നുണ്ട്. എന്നാൽ അപ്പം വർദ്ധിപ്പിച്ച് താൻ പദാർത്ഥലോകത്തിന്റെ തമ്പുരാനാണ്, അപ്പത്തിന്റെ മേൽ അധികാരമുള്ളവനാണ് എന്ന് വെളിപ്പെടുത്തിയതിനും ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രബോധനത്തിനും മധ്യത്തിൽ യോഹന്നാൻ ഈ അടയാളം ചേർക്കുമ്പോൾ അതിന് സമവീക്ഷണ സുവിശേഷ ങ്ങളിൽ ഉദ്ദേശിക്കാത്ത ചില ആന്തരികാർത്ഥങ്ങൾ കണ്ടെത്താൻ കഴിയും.

തിബേരിയാസ് തടാകം എന്നാണ് ഗലീലി താടകത്തെ യോഹ ന്നാൻ പലപ്പോഴും വിളിക്കുന്നത്. ഏതാണ്ട് 7-9 കിലോമീറ്റർ വീതിയും 11-14 കിലോമീറ്റർ നീളവുമുള്ള ശുദ്ധജലതടാകമാണ് ഗലീലിതടാകം. ജോർദ്ദാൻ നദിയിലെ ജലം ഇതിൽ പതിയുകയും പിന്നീട് ചാവുകട ലിലേക്ക് ഒഴുകിപോവുകയും ചെയ്തിരുന്നു. എ.ഡി. 20 ൽ ഹേറോദ് അന്തിപ്പാസ് ഗലീലിയാ തടാകത്തിന്റെ പടിഞ്ഞാറൻ തീരത്ത്, കഫർണാമിന് ഏതാണ്ട് 10 കിലോമീറ്റർ അകലത്തായി. റോമൻ ചക്ര വർത്തി തിബേരിയാസ് സീസറിന്റെ ബഹുമാനാർത്ഥം ഒരു പട്ടണം പണികഴിപ്പിക്കുകയും അതിന് 'തിബേരിയാസ്' എന്ന് പേരിടുകയും ചെയ്തു. പിന്നീട് പട്ടണത്തിന്റെ പേരിൽ തടാകം തിബേരിയാസ് തടാകം എന്ന് വിളിക്കപ്പെട്ടു തുടങ്ങി. പഴയനിയമത്തിൽ ഗലീലി തടാ കത്തെ വിളിച്ചിരുന്നത് കിന്നരത്ത് തടാകം (സംഖ്യ 34:11) എന്നാണ്. കാരണം, യഹൂദ സംഗീത ഉപകരണമായിരുന്ന കിന്നരത്തിന്റെ ആകൃ തിയാണ് ഈ താടകത്തിന്.

തിബേരിയാസ് തടാകത്തിന് മീതെ യേശു നടക്കുന്ന ഈ അട യാളത്തെ ശിഷ്യന്മാർക്ക് നൽകുന്ന *തെയോഫനി* അഥവാ ദൈവാ വിഷ്കാരമായിട്ടുവേണം മനസ്സിലാക്കാൻ. പുറപ്പാട് പുസ്തകത്തിൽ

(പുറ. 3:14) മോശയ്ക്ക് ലഭിച്ച ദൈവാവിഷ്കാരത്തിന്റെ അതേ രീതിയിലാണ് ഇവിടെയും ദൈവിക വെളിപാട് നടക്കുന്നത്. ഭയവിഹ്വലരായ ശിഷ്യന്മാർക്ക് യേശു സ്വയം വെളിപ്പെടുത്തിക്കൊണ്ട് പറയുന്നത്, "ഭയപ്പെടേണ്ട ഞാനാണ്" (*എഗോ എയ്മി മേ ഫൊബെയ്സ്തെ*) എന്നാണ്. ഹോറബ് മലയിൽ വച്ച് മോശയ്ക്ക് സ്വയം വെളിപ്പെടുത്തിയപ്പോൾ ദൈവം പറയുന്ന വാക്കുകളുടെ, "*യഹ്‌വെഹ് ആഷേർ യഹ്‌വെഹ്*" (ഞാൻ ആയിരിക്കുന്നവൻ ആകുന്നു) ഗ്രീക്ക് പരിഭാഷയും ഇതുതന്നെയാണ് (LXX). ജലത്തിന് മീതെ നടക്കുന്ന പ്രവൃത്തി, യേശു ദൈവമാണെന്നതിന്റെ ഏറ്റവും ശക്തമായ പ്രതീകാത്മക ആവിഷ്കാരമാണ്. കാരണം യഹൂദ പശ്ചാത്തലത്തിലും പഴയനിയമ പുസ്തകങ്ങളിലും യഹോവ മാത്രമാണ് ജലത്തിൻമേൽ അധികാരമുള്ളവൻ. അവിടുന്ന് കടലിനുമേൽ അധികാരമുള്ളവനാണ്. കടലിനെ വിഭജിക്കുന്നവനും (പുറ. 14:15-31, 15: 8-10, യോന 1:12-15), കടലിനെ പ്രക്ഷുബ്ധമാക്കുകയും ശാന്തമാക്കുകയും ചെയ്യുന്നവനുമാണ്. അവിടുന്ന് റാഹാബിന്റെ ഗർവ് ശമിപ്പിക്കുന്നവനാണ്; പഴയനിയമ രചനയിൽ കടലിനു നൽകിയിരുന്ന personification ആണ് *റാഹാബ്* എന്നത്. അടിച്ചുയരുന്ന തിരമാലകളെയാണ് ഗർവ്വ് (*റാഹാബ്* - the proud one) എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. റാഹാബിന്റെ ഗർവ് ശമിപ്പിക്കുന്നു എന്നതിൽ നിന്ന് തിരമാലകളെ ശാന്തമാകുന്നു എന്നാണ് അർത്ഥം (ജോബ് 9:8, 38:16). സങ്കീർത്തകൻ കാവ്യാത്മാകമായി കടലിനുമീതെ യഹോവ നടക്കുന്നത് വർണ്ണിക്കുന്നത് ശ്രദ്ധേയമാണ്.

"അങ്ങയുടെ വഴി സമുദ്രത്തിലൂടെയും, പാത പെരുവെള്ളത്തിലൂടെയുമായിരുന്നു. അങ്ങയുടെ കാൽപാടുകൾ അദൃശ്യമായിരുന്നു" (സങ്കീ. 77:19). "കർത്താവിന്റെ ശബ്ദം ജലരാശിക്കുമീതെ മുഴങ്ങുന്നു" (സങ്കീ. 29:3) എന്ന സങ്കീർത്തന വചനമാണ് ഭയവിഹ്വലരായ ശിഷ്യരോട് തിബേരിയാസ് തടാകത്തിന്റെ ഓളങ്ങൾക്കു മുകളിൽ നിന്ന് "ഭയപ്പെടേണ്ട, ഞാനാകുന്നു" എന്ന് യേശു പറയുമ്പോൾ അന്വർത്ഥമാകുന്നത്. ഗലീലിതടാകത്തിന് മീതെ യേശു നടന്നതിനെ വ്യക്തമായ ഒരു ദൈവാവിഷ്കാരമായിട്ടാണ് യോഹന്നാൻ അവതരിപ്പിക്കുന്നത്.

ജലപരപ്പിലെ ഈ ദൈവാവിഷ്കാരത്തെ അപ്പം വർദ്ധിപ്പിച്ച അടയാളത്തോടും ജീവന്റെ അപ്പത്തെകുറിച്ചുള്ള പ്രബോധനത്തോടും ചേർത്ത് വിവരിക്കുന്നതിന്റെ പുറകിലെ ദൈവശാസ്ത്ര ദർശനത്തെകുറിച്ചാണ് ഇനി ചിന്തിക്കേണ്ടത്. വത്സല ശിഷ്യന്റെ ഭാഷ്യത്തിൽ അപ്പം വർദ്ധിപ്പിച്ചത് അടയാളമാണ്; യേശുവിന് അപ്പത്തിന്റെ മേൽ അധികാ

രമുണ്ടെന്നും അവന്റെ വാക്കുകൾക്ക് അപ്പത്തിന്റെ പരിമിതികളെ ഇല്ലാതാക്കാൻ കഴിയുമെന്നും അവൻ പദാർത്ഥലോകത്തിന്റെ കർത്താവാണെന്നും വ്യക്തമാക്കുന്ന അടയാളം. ഇതേ ദിശയിൽ കടലിനുമീതെ നടക്കുന്ന അടയാളത്തെകുറിച്ചും ചിന്തിക്കുക. പെസഹായുടെ പശ്ചാത്തലത്തിൽ നടന്ന അപ്പം വർദ്ധിപ്പിക്കലിനും ജീവന്റെ അപ്പത്തെ കുറിച്ചുള്ള പ്രബോധനത്തിനും ഇടയിലായി ഈ അടയാളം അവതരിപ്പിക്കുന്നത് ഇതിനു പുറകിൽ നിഴലിക്കുന്ന കൗദാശിക ദർശനത്തിന്റെ കൃത്യമായ സൂചന നൽകുന്നുണ്ട്. ഇവിടെ യോഹന്നാൻ അവതരിപ്പിക്കുന്ന യേശു പദാർത്ഥലോകത്തിന്റെ മേൽ അധികാരവും നിയന്ത്രണമുള്ളവനാണ്. കടലിനുമീതെ നടക്കുമ്പോൾ പ്രപഞ്ചത്തിന്റെ മേൽ അവനുള്ള അധികാരം കൂടിയാണ് വെളിപ്പെടുന്നത്. അപ്പത്തിന്റെ പരിമിതികളെ അതിലംഘിച്ച യേശു ശരീരത്തിന്റെ പരിമിതികളെ അതിലംഘിക്കുന്നതിന് കഴിവുള്ളവനാണ്. ശരീരത്തെ സ്വന്തം ഇച്ഛക്കനുസരിച്ച് പരിവർത്തന വിധേയമാക്കാൻ അവന് ശക്തിയുണ്ട്. ഈ വ്യാഖ്യാനം മനസിൽ സൂക്ഷിച്ച് വേണം ജീവന്റെ അപ്പത്തേകുറിച്ചുള്ള പ്രബോധനം വായിക്കാനും വ്യാഖ്യാനിക്കാനും. അപ്പം വർദ്ധിപ്പിച്ചതും കടലിനുമീതെ നടക്കുന്നതുമായ അടയാളങ്ങൾ ജീവന്റെ അപ്പത്തെകുറിച്ചുള്ള യേശുവിന്റെ പ്രബോധനത്തിന്റെ അടിത്തറയും അവന്റെ വാക്കുകളെ സാധൂകരിക്കുന്നവയുമാണ്. തന്റെ ശരീരം ഭക്ഷണമായിത്തരാൻ ഇവന് എങ്ങനെ കഴിയും എന്ന യഹൂദരുടെ ചോദ്യത്തിന് കർത്താവ് നൽകിയ ഉത്തരമാണ് ഈ രണ്ട് അടയാളങ്ങൾ. ശരീരം ഭക്ഷണമായിത്തരാൻ അവന് അധികാരവും ശക്തിയുമുണ്ട്, കാരണം അപ്പത്തിന്റെമേൽ അധികാരമുള്ള പദാർത്ഥലോകത്തിന്റെ തമ്പുരാനാണെന്ന് അപ്പം വർദ്ധിപ്പിച്ചുകൊണ്ട് അവൻ വ്യക്തമാക്കി. വീണ്ടും കടലിനുമീതെ നടന്നുകൊണ്ടാകട്ടെ പ്രപഞ്ചത്തിന്റെ മേൽ മാത്രമല്ല തന്റെ ശരീരത്തിന്റെ മേലും അവന് അധികാരമുണ്ടെന്നത് തെളിയിക്കുകയും ചെയ്തു. അതുകൊണ്ട് ശരീരം ഭക്ഷണമായി തരാൻ കഴിവുള്ളവനാണ് പറഞ്ഞത് "ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്" (6:51).

### 4. ദിവ്യകാരുണ്യ പ്രബോധനം (6:25–59)

"എന്റെ ശരീരം യഥാർത്ഥ ഭക്ഷണമാണ്. എന്റെ രക്തം യഥാർത്ഥ പാനീയവുമാണ്" (6:55). 'യഥാർത്ഥ ഭക്ഷണം' എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന ഗ്രീക്ക് പദം ഇവിടെ *അലത്തേസ് എസ്തിൽ ബ്രോസിൻ* എന്നതാണ്. യഥാർത്ഥവും അയഥാർത്ഥവും തമ്മിൽ വേർതിരിച്ച് കാട്ടു

ന്നത് യോഹന്നാന്റെ രചനയിലുടനീളം കാണുന്ന പ്രത്യേകതയാണ്. യഥാർത്ഥ പ്രകാശം (6:55), യഥാർത്ഥ ആരാധകർ (4:23), യഥാർത്ഥ ഭക്ഷണം, പാനീയം (6:55), യഥാർത്ഥ മുന്തിരിച്ചെടി (15:1). പ്രഥമമായി, ഈ ഭാഷാശൈലിയിൽ സ്വർഗ്ഗീയമായതിനെയും ഭൗമികമായതിനെയും തമ്മിൽ വേർതിരിക്കുകയാണ് എന്നു മനസിലാക്കാം. അങ്ങനെ ചിന്തി ക്കുമ്പോൾ, യേശു നൽകുന്ന അപ്പത്തെ, അവന്റെ ശരീരത്തെ ഇതര ഭക്ഷണങ്ങളിൽ നിന്ന്, മരുഭൂമിയിൽ ഭക്ഷിച്ച മന്ന ഉൾപ്പെടെ വേർതി രിച്ച് കാണിക്കുകയും അവൻ നൽകുന്ന അപ്പത്തിന്റെ ശ്രേഷ്ഠത വ്യക്ത മാക്കുകയുമാണ് സുവിശേഷകന്റെ ലക്ഷ്യം എന്ന് മനസിലാകും. ഭക്ഷ ണത്തിന്റെ ധർമ്മം ജീവൻ പരിപോഷിപ്പിക്കുക, നിലനിർത്തുക എന്ന താണല്ലോ. അങ്ങനെയെങ്കിൽ പരമമായ അർത്ഥത്തിൽ ജീവൻ നൽകു ന്നതും നിലനിർത്തുന്നതുമായ ഏകഭക്ഷണം യേശുവിന്റെ ശരീരമാണ് എന്നതാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത് എന്ന് വേണം മനസ്സിലാ ക്കാൻ. "നശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കാതെ മനുഷ്യപു ത്രൻ തരുന്ന അനശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കുവിൻ"(6:27) എന്ന യേശുവിന്റെ വാക്കുകളെ ഈ ഭാഗത്തോട് ചേർത്ത് വായിക്കു മ്പോൾ കൂടുതൽ അർത്ഥ സമ്പുഷ്ടി കൈവരുന്നുണ്ട്. മനുഷ്യന്റെ അലച്ചിലുകളും അദ്ധ്വാനവും നശ്വരമായ അപ്പം - അയഥാർത്ഥ ഭക്ഷ ണത്തിനുവേണ്ടിയാണ്. സത്യത്തിൽ അധ്വാനിക്കേണ്ടത് യേശു തരുന്ന അപ്പത്തിനുവേണ്ടിയാണ്. കാരണം അത് യഥാർത്ഥ ഭക്ഷണമാണ്. അതിൽ നിത്യജീവന്റെ സമൃദ്ധിയുണ്ട്.

യഥാർത്ഥ ഭക്ഷണം, യഥാർത്ഥ പാനീയം എന്ന വാക്കുകൾക്ക് കണ്ടെത്താവുന്ന മറ്റൊരു വ്യാഖ്യാനം, വി. കുർബ്ബാനയിലെ യേശു വിന്റെ യഥാർത്ഥ സാന്നിധ്യത്തിലേക്ക് സൂചന തരുന്നതാണീ വാക്കു കൾ എന്നതാണ്. വി. കുർബ്ബാനയിൽ യേശുവിന്റെ സാന്നിധ്യം പ്രതീ കാത്മകമാണ് എന്ന അബദ്ധ പഠനങ്ങളുടെയും പാഷാണ്ഡതകളുടെ യും പശ്ചാത്തലത്തിൽ, എന്റെ ശരീരം യഥാർത്ഥ ഭക്ഷണവും (*മു സാർക്സ് അലത്തേസ് ബ്രോസിൻ*) എന്റെ രക്തം യഥാർത്ഥ പാനീ യവുമാണ് (*മു ഐമ അലത്തേസ് പോസിസ്*) എന്ന യേശുവിന്റെ വച നങ്ങളെ കൃത്യമായി വിവരിക്കുന്നതുവഴി, ദിവ്യകാരുണ്യത്തിൽ യേശു വിന്റെ പ്രതീകാത്മക സാന്നിധ്യമല്ല മറിച്ച്, ജീവനുള്ള യഥാർത്ഥ സാന്നി ധ്യമാണ് ആദിമസഭ ദർശിച്ചിരുന്നത് എന്നും തിരുവത്താഴ മേശയിൽ നിന്ന് പകുത്ത് വാങ്ങുന്ന അപ്പത്തെ കന്യാമറിയത്തിൽനിന്ന് പിറന്ന

നസ്രത്തിലെ യേശുവിന്റെ അതേ പൂജ്യ ശരീരമായാണ് അപ്പസ്തോലസമൂഹം വണങ്ങിയിരുന്നതെന്നുമാണ് മനസിലാക്കേണ്ടത്.

**ആഹാരമായി ആത്മാവിലലിയാൻ**

ക്രൈസ്തവ സമൂഹവും വി. കുർബ്ബാനയും തമ്മിലുള്ള അഗാധ ബന്ധത്തിന്റെ അനന്യസുന്ദരമായ ആവിഷ്കാരമായി വേണം "എന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവർ എന്നിലും ഞാൻ അവനിലും വസിക്കും" (6:56) എന്ന വാക്കുകളെ മനസിലാക്കാൻ. നസ്രത്തിലെ യേശു തന്റെ ശരീരം വിഭജിച്ചും രക്തം ചിന്തിയും നൽകുന്നത് 'സഹവാസത്തിനാണ്' എന്ന അഗാധ ദർശനം ഇതൾ വിരിയുന്നുണ്ടിവിടെ. യേശുവിൽ വിശ്വസിക്കുന്നവർ അവന്റെ ശരീരവും രക്തവും സ്വീകരിക്കുന്നത് സഹവാസത്തിനും അവനോട് ഐക്യപ്പെടാനുമാണ്. യേശുവിന്റെ ശരീരത്തിൽ തുടങ്ങുന്ന ഐക്യം അവന്റെ ആത്മാവിലുള്ള സഹവാസവും സത്തയിലുള്ള പങ്കുചേരലുമായി മാറുന്നു. "അവനിൽ ജീവനുണ്ടായിരുന്നു" എന്ന ആദ്യ അധ്യായത്തിലെ വാക്കുകൾ യേശുവിലെ ദൈവികസത്തയെ 'ജീവനെ' അനാവരണം ചെയ്യുന്നവയാണ്. അപ്പോൾ "എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും"എന്ന വാക്കുകൾ അവന്റെ ദൈവീക സത്തയിലുള്ള ഈ പങ്കുചേരലിനെയാണ് അർത്ഥമാക്കുന്നതും. 'വസിക്കുക' എന്ന് പരിഭാഷപ്പെടുത്തിയ ഗ്രീക്ക് പദം *മേനയോ* യോഹന്നാന്റെ പദാവലിയിൽ ആവർത്തിച്ച് ഉപയോഗിക്കുന്നതാണ്. റബ്ബി "എവിടെ വസിക്കുന്നു" എന്ന ആദ്യ ശിഷ്യന്മാരുടെ ചോദ്യത്തിലും, "ഞാൻ പിതാവിലും പിതാവ് എന്നിലും വസിക്കുന്നു" എന്നു പറയുന്നിടത്തും "എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും ഫലം പുറപ്പെടുവിക്കാനാവില്ല" എന്നിടത്തും *മേനയോ* എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇവിടെ എല്ലാം വിവക്ഷിക്കുന്ന സഹവാസം വഴി സംഭവിക്കുന്ന ഗാഢമായ ഐക്യമാണ് യേശുവിന്റെ ശരീരം സ്വീകരിക്കുന്നതോടെ സംഭവിക്കുന്നത് എന്ന സന്ദേശമാണ് വത്സലശിഷ്യൻ പങ്കുവയ്ക്കുന്നത്.

## ദൈവീകമായ ഉത്കണ്ഠ

തന്റെ ശിഷ്യരുടെ സാമൂഹിക ബോധത്തെയും ചുറ്റുപാടുകളോടുള്ള സംവേദന ക്ഷമതതയേയും പരീക്ഷിച്ചുകൊണ്ടുള്ള "ഇവർക്ക് ഭക്ഷിക്കാൻ നാം എവിടെ നിന്ന് അപ്പം വാങ്ങും?" (6:6) എന്ന നസ്രായന്റെ ഈ ചോദ്യത്തിന് നിത്യതയോളം പ്രസക്തി ഉണ്ടെന്നാണ് തോന്നുന്നത്. സഹജീവികളെക്കുറിച്ചുള്ള ദൈവികമായ ഈ ഉത്കണ്ഠ നിശ്ചയമായും ആദിമസഭയുടെ സാമൂഹികബോധത്തെ രൂപപ്പെടുത്തുന്നതിന് വലിയ ഒരു പങ്കു വഹിച്ചിട്ടുണ്ടാകും. അവരുടെ ഇടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല (അപ്പ. 4:34) എന്ന സാക്ഷ്യം തന്നെ ഈ സാമൂഹിക സംവേദനക്ഷമതയുടെ തെളിവാണ്. നമ്മുടെ പ്രധാനമന്ത്രി വിശക്കുന്നവർ ഏറെ വസിക്കുന്ന സൊമാലിയയോട് നമ്മുടെ കേരളത്തെ ഉപമിച്ചപ്പോൾ അതിലെ രാഷ്ട്രീയ ദുരുദ്ദേശ്യം എന്താണെങ്കിലും അഭിമാനം വൃണപ്പെട്ടവരുടെ നാടാണല്ലോ നമ്മുടേത്. ഇതേ കേരളത്തിന്റെ വടക്കേ ജില്ലകളിലൊന്നിലെ ഒരു ദേവാലയത്തിൽ പ്രാർത്ഥന നിയോഗങ്ങൾ ഇടാൻ ഒരു പെട്ടി വച്ചിരുന്നത്രേ, അടുത്തനാളിലാണ് വ്യത്യസ്തമായ ഒരു പരിദേവനം അതിൽ വീണത്;

"വിശന്നിട്ട് ഒരു നിവൃത്തിയുമില്ലാഞ്ഞിട്ടാണ്, അച്ഛനുമമ്മയും ഡെങ്കിപ്പനി പിടിച്ച് കിടപ്പിലാണ്, മഴക്കാലമായതിനാൽ കുറെ നാളായി അച്ഛന് പണിയുമില്ല, വിശന്നിട്ട് ഉറക്കം പോലും വരുന്നില്ല."

ഇങ്ങനെയുള്ള കുഞ്ഞുങ്ങളെ ചൂണ്ടിയാണ് നസ്രായൻ വർത്തമാനകാലത്തെ ക്രിസ്ത്യാനികളോട് ചോദിക്കുന്നത് "ഇവർക്ക് ഭക്ഷിക്കാൻ എവിടെ നിന്ന് അപ്പം വാങ്ങും?'' അസീസിയിലെ ഫ്രാൻസീസ് എന്ന മഹാ വിശുദ്ധനാണ്, കുർബ്ബാന കഴിഞ്ഞ ഉടൻ സങ്കീർത്തിയിലെത്തി, വൃദ്ധനായ പുരോഹിതന്റെ കരം ചുംബിച്ച് ചോദിച്ചത് 'പിതാവേ, സുവിശേഷം ഒരു ആദർശമാണോ അതോ കൽപനയാണോ? എന്ന്, വൃദ്ധ പുരോഹിതൻ കണ്ഠമിടറിപ്പറഞ്ഞു, കുഞ്ഞേ കൽപ്പനതന്നെ, അവിടുന്ന് എത്രയോ തവണ പറഞ്ഞിട്ടുണ്ട്, ഞാൻ നിങ്ങളോട് കൽപിക്കുന്നു'എന്ന്, പക്ഷേ എനിക്ക് അത് ഒരാദർശമായേ ഇന്നുവരെ ജീവിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

വിശക്കുന്ന വയറുകളെയും പൈതാഹാദികളാൽ വലയുന്ന മനുഷ്യരെയും അനുകമ്പയോടെ നോക്കാനും അവരുടെ ജീവിതപ്ര

ശ്നങ്ങൾക്ക് ഉത്തരമാകാനും ക്രിസ്തു തന്റെ ശിഷ്യരെ നിയോഗിക്കുന്നുണ്ട്. അതുകൊണ്ട് ദരിദ്രനോടുള്ള പക്ഷംചേരലും ആർദ്രമായ പങ്കുവയ്ക്കലും ആദർശത്തിന്റെ വിശുദ്ധ പരിവേഷമല്ല മറിച്ച് കടമയും സാധാരണത്വവുമാണ് ശിഷ്യർക്ക് മുമ്പിൽ വയ്ക്കുന്നത്. വിശക്കുന്നവർക്ക് പൊതിച്ചോറുമായി ഇറങ്ങാനുള്ള ക്രിസ്തുവിന്റെ നിയോഗത്തെ കൽപനയായി ജീവിതത്തിൽ സ്വീകരിച്ച ഒരു സാധാരണ മനുഷ്യനെ ആദരവോടെ ഓർത്തുപോകുന്നു, മറ്റാരുമല്ല ശ്രീ. പി. യു. തോമസ് എന്ന മനുഷ്യസ്നേഹിയെത്തന്നെ. പിറകിൽ നിൽക്കാൻ ആജ്ഞാനുവർത്തികളോ, സംഘടിത വ്യവസ്ഥാപിത സ്ഥാപനവത്ക്കരണത്തിന്റെ ചട്ടകൂടുകളോ ഇല്ലാതെ ഒറ്റയ്ക്ക് വിശപ്പിനെതിരെ തന്റെ പരിമിതിയിൽ നിന്ന് അയാൾ നടത്തിയ പോരാട്ടകഥ വിസ്മയിപ്പിക്കുന്നതാണ്. പ്രൗഢഗംഭീരമായ ദേവാലയങ്ങളെക്കാളും നാലും കൂടിയ കവലകളിൽ കെട്ടിപ്പൊക്കുന്ന ബഹുനില കുരിശുപള്ളികളേക്കാളും വിശ്വാസപ്രഘോഷണറാലി എന്ന് പേരിട്ട് വിളിക്കുന്ന വർണ്ണശബളമായ തിരുനാൾ പ്രദക്ഷിണങ്ങളെക്കാളും വലിയ സാക്ഷ്യമാണ് ദേവാലയമുറ്റത്ത് നിന്ന് നിറച്ചുണ്ട് സംതൃപ്തിയോടെ ഇറങ്ങിപോകുന്ന മനുഷ്യർ നൽകുന്നതെന്ന് എന്നായിരിക്കും നാം തിരിച്ചറിയുക. വിശക്കുന്ന മനുഷ്യർക്ക് അപ്പം എവിടെ നിന്ന് വാങ്ങും എന്ന നസ്രായന്റെ ഉത്കണ്ഠ, ഒരു ആദർശമായല്ല ഒരു കൽപ്പനയായി അവന്റെ അനുയായികളിൽ നിഴലിച്ചിരുന്നെങ്കിൽ...!

12

# ജിവജലത്തിന്റെ അരുവി
## (യോഹ. 7:37 – 39)

"ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജ ലത്തിന്റെ അരുവികൾ ഒഴുകും." (7:38)

വത്സല ശിഷ്യന്റെ തൂലികകൾ അനശ്വരമാക്കിയ ഈ ക്രിസ്തുവചനത്തെ 'ഈറൻ മേഘം പോലത്തെ വാക്കുകൾ' എന്ന് വിശേഷിപ്പിക്കാനാണ് എനിക്കിഷ്ടം. അനുഗ്രഹ വർഷത്തെ ഗർഭം ധരിച്ച് നനുത്ത മേഘം പോലെ വായന ക്കാരന്റെ ഹൃദയത്തിന്റെ ഊഷരതകളിൽ ഒരു കുഞ്ഞരുവി യുടെ കുളിരും പുളകവും സമ്മാനിക്കുന്ന ഈ വരികളുടെ അത്ഭുത സിദ്ധിതന്നെയാണ് അങ്ങനെ ചിന്തിക്കാൻ നിർബ ന്ധിച്ചതും. ദാഹിക്കുന്നവന്റെ ഏറ്റവും വലിയ ഭാഗ്യമെന്താണ്? അത് ജലമല്ലാതെ മറ്റൊന്നുമല്ല. അങ്ങനെയെങ്കിൽ അവന് ജലസമൃദ്ധിയുടെ ഒരരുവി ലഭിച്ചാലോ ആ കൃപയുടെ നിമി ഷങ്ങളിലേക്കാണ് നസ്രത്തിലെ യേശു തന്റെ ശ്രോതാക്ക ളെ (എല്ലാകാലത്തുമുള്ള) ക്ഷണിക്കുന്നത്. ഗുരുമൊഴിയുടെ ആഴമായ അർത്ഥാന്തരങ്ങളിലേക്കു കടക്കും മുമ്പ് യോഹ ന്നാന്റെ തൂലിക ഈ വചനങ്ങൾക്ക് ഒരുക്കിയ പശ്ചാത്തല ത്തെകുറിച്ചുള്ള അന്വേഷണം ആവശ്യമാണ്.

തിരുനാളിന്റെ അവസാനത്തെ മഹാദിനം എന്നാണ് യോഹന്നാൻ യേശുവിന്റെ ഈ പ്രഖ്യാപനത്തിന്റെ സമയ പശ്ചാത്തലം അവതരിപ്പിക്കുന്നത്. ഏഴാം അദ്ധ്യായം മുതൽ ആരംഭിക്കുന്ന ഒരു വിവരണത്തിന്റെ ഹൃദയഭാഗമാണ് ഈ വചനങ്ങൾ. 7:2-ൽ യഹൂദരുടെ കൂടാരതിരുനാൾ സമീപി

ച്ചിരുന്നു എന്നും 7:10-ൽ രഹസ്യമായി യേശുവും തിരുനാളിന് ജറുസലേമിലെത്തി എന്നും വത്സലശിഷ്യൻ വിവരിക്കുന്നുണ്ട്. അപ്പോൾ ദൈവികവെളിപാടിന്റെയും വാഗ്ദാനത്തിന്റെയും അനുപമമായ ഈ നിമിഷം കൂടാരതിരുനാളിന്റെ അവസാനദിവസമാണെന്ന് വ്യക്തമാണ്. യഹൂദരുടെ മൂന്ന് പ്രധാന തിരുനാളായ പെസഹാ, പന്തകുസ്ത, കൂടാരതിരുനാൾ ഇവയിൽ മൂന്നാമത്തേതാണ് കൂടാരതിരുനാൾ. ഹീബ്രൂ ഭാഷയിൽ *സൂക്കോത്ത്* എന്നാണ് ഈ തിരുനാൾ അറിയപ്പെട്ടിരുന്നത്. പെസഹാതിരുനാളിന് ആറ് മാസം മുമ്പാണ് ഈ തിരുനാൾ ആചരിച്ചിരുന്നത്. പെസഹാതിരുനാൾ നിസാൻ മാസത്തിൽ (ആധുനിക കലണ്ടർ പ്രകാരം മാർച്ച്-ഏപ്രിൽ മാസത്തിൽ) ഒന്നാം മാസം ഏഴ് ദിവസം ആചരിച്ചിരുന്നപ്പോൾ കൂടാരത്തിരുന്നാൾ അതിന് ആറ് മാസത്തിന് ശേഷം തിഷ്റെയ് മാസം (ആധുനിക കലണ്ടർ പ്രകാരം സെപ്റ്റംബർ-ഒക്ടോബർ) ഏഴ് ദിവസത്തേക്കാണ് ആചരിച്ചിരുന്നത്. യഹൂദ പഞ്ചാംഗപ്രകാരം ഏഴാം മാസം ഏഴ് ദിവസം നീളുന്ന ഈ ആഘോഷം വാഗ്ദാനദേശത്തേക്കുള്ള ഇസ്രായേൽ ജനത്തിന്റെ യാത്രയിൽ കൂടാരങ്ങളിൽ വസിച്ചതിന്റെയും മരുഭൂമിയുടെ നീണ്ട നാല്പത് വർഷത്തെ അലച്ചിലുകളിൽ കൂടെ നടന്ന ദൈവപരിപാലനയെയും ഓർമ്മിച്ച് നന്ദിപറയുന്നതിനുള്ള അവസരമായിരുന്നു കൂടാരതിരുനാൾ. ലേവ്യരുടെ പുസ്തകത്തിൽ കൂടാരതിരുനാൾ ആചരണത്തിന് ദൈവം നൽകുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക. “ഏഴാം മാസത്തിൽ നിങ്ങൾ ഈ തിരുനാൾ ആചരിക്കണം, എഴുദിവസത്തേക്ക് നിങ്ങൾ കൂടാരങ്ങളിൽ വസിക്കണം. ഈജിപ്ത് ദേശത്തുനിന്ന് ഞാൻ ഇസ്രായേൽ ജനത്തെ കൊണ്ടുവന്നപ്പോൾ അവർ കൂടാരങ്ങളിലാണ് വസിച്ചത് എന്ന് നിങ്ങളുടെ സന്തതിപരമ്പര അറിയാൻ ഇസ്രായേൽക്കാരെല്ലാവരും കൂടാരങ്ങളിൽ വസിക്കണം” (ലേവ്യ. 23:42).

പുറപ്പാട് സംഭവത്തിന്റെയും മരുഭൂമിയാത്രയുടെയും അനുസ്മരണത്തോടൊപ്പം ഏഴ് ദിവസം നീണ്ടുനിൽക്കുന്ന ഒരു കൊയ്ത്തുത്സവവും വിളസമൃദ്ധിക്കുള്ള കൃതജ്ഞതാപ്രകാശനവുമായും ഈ തിരുനാൾ ആചരിച്ചിരുന്നതായി പുറപ്പാട്, നിയമാവർത്തനപുസ്തകങ്ങൾ പരാമർശിക്കുന്നുണ്ട് (പുറ. 23:16, നിയമാ. 16:13-15). ഏഴ് ദിവസം നീണ്ട് നിൽക്കുന്ന കൂടാരതിരുനാളിന്റെ സമാപന ദിവസത്തെയാണ് യോഹന്നാൻ തിരുനാളിന്റെ അവസാനത്തെ മഹാദിനം എന്ന പരാമർശത്തിലൂടെ വിവക്ഷിക്കുന്നത് എന്ന് വ്യക്തമാണല്ലോ. യേശു ജീവജലത്തെ കുറിച്ച് നടത്തുന്ന വെളിപാടിന് ഈ കൂടാരതിരുനാളിന്റെ അവസാനത്തെ ദിവസം പശ്ചാത്തലമായി അവതരിപ്പിക്കുന്നതിന്റെ പിറകിലെ

ആഴമായ ദൈവശാസ്ത്രകാരണമാണ് ഇനി നാം പരിശോധിക്കേണ്ടത്. കൂടാരതിരുനാളിന്റെ അവസാനദിവസത്തിൽ മാത്രം നടന്നിരുന്ന മത പരമായ ആചാരത്തെകുറിച്ച് മനസിലാകുമ്പോളാണ് ഇതേ തിരുനാളിന്റെ പശ്ചാത്തലത്തിൽ തന്നെ ആത്മീയ ജീവന്റെ ഉറവയായ പരിശുദ്ധാത്മാവിനെ ആത്മദാഹങ്ങൾ നിത്യമായി ശമിപ്പിക്കുന്ന ജീവജലമായി യേശു വാഗ്ദാനം ചെയ്യുന്നതായി വത്സലശിഷ്യൻ രേഖപ്പെടുത്തുന്നതിന്റെ അർത്ഥം മനസിലാകുന്നത്.

സീലോഹാ കുളത്തിൽ നിന്നും പ്രധാനപുരോഹിതന്റെ നേതൃത്വത്തിൽ പുരോഹിതർ ഏഴ് സ്വർണ്ണ കുംഭങ്ങളിൽ ജലം ശേഖരിച്ച് പ്രദിക്ഷണമായി ദേവാലയത്തിൽ പ്രവേശിക്കുകയും, പിന്നീട് ബലിപീഠത്തിലേക്ക് രണ്ട് കുഴലുകളിലൂടെ ഏഴ് പ്രാവശ്യം ഈ ജലം നിവേദിക്കുകയും ചെയ്യുന്ന ചടങ്ങ് കൂടാരതിരുനാളിന്റെ സമാപന ദിവസത്തെ മാത്രം പ്രത്യേകതയായിരുന്നു. അങ്ങനെ ബലിപീഠത്തിൽ നിന്നും ഒഴുകിയിറങ്ങുന്ന ജലം - ബലിപീഠത്തിന് ചുറ്റും തളം കെട്ടി നിൽക്കുകയും പിന്നീട് ബലിപീഠത്തിന് പുറത്തേക്ക് ഒഴുകിയിറങ്ങുകയും ചെയ്തിരുന്നു. ദേവാലയത്തിൽ നിന്ന് പുറപ്പെടുന്ന ജീവജലത്തിന്റെ നദിയെകുറിച്ചുള്ള എസക്കിയേൽ പ്രവാചകന്റെ പ്രവചനഭാഗം (എക്കി. 47: 1-7) ഈ ഒരു പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. പ്രപഞ്ചത്തെ ആർദ്രമാക്കുന്ന, ഭൂമിയുടെ ഊഷരതകളെ ജലസമൃദ്ധമാക്കുന്ന അരുവി സൈന്യങ്ങളുടെ കർത്താവിന്റെ ബലിപീഠത്തിൽ നിന്ന് ആരംഭിക്കുന്നു. ബലിപീഠം കൃപയുടെ ഉറവയായി മാറുന്നു. ബലിപീഠത്തിലേക്ക് പുരോഹിതർ ജലം ഏഴ് തവണയായി നിവേദിക്കുമ്പോൾ ജനം മരച്ചില്ലകളും കൈകളിൽ ഏന്തികൊണ്ട്,

> "ദാഹാർത്തരെ ജലാശയത്തിലേക്ക് വരുവിൻ; നിർധനൻ വന്ന് വാങ്ങി ഭക്ഷിക്കട്ടെ." (എശ. 55:1)
>
> "രക്ഷയുടെ കിണറ്റിൽ നിന്ന് നീ സന്തോഷത്തോടെ ജലം കോരിയെടുക്കും; ആ നാളിൽ നീ പറയും കർത്താവിന് നന്ദി പറയുവിൻ..." (ഏശ. 12:3)
>
> "സന്തോഷത്തോടെ കീർത്തനങ്ങൾ ആലപിക്കുവിൻ; ഇസ്രായേലിന്റെ പരിശുദ്ധൻ മഹത്വത്തോടെ നിങ്ങളുടെ ഇടയിലുണ്ട്." (എശ. 12:3-6)

ഈ വചനഭാഗങ്ങൾ പ്രാർത്ഥനാപൂർവ്വം പാടി പ്രാർത്ഥിക്കുകയുമായിരുന്നു ആചാരവിധിപ്രകാരം ചെയ്തിരുന്നത്.

കൂടാരതിരുനാളിന്റെ സമാപനദിവസത്തിൽ നടത്തിയിരുന്ന ബലിപീഠത്തിലേക്ക് ജലം ഒഴുകുന്ന ഈ ചടങ്ങിലൂടെ യഹൂദർ പ്രതീകാത്മ

കമായി ജലത്തിലൂടെ വരുന്ന ഐശ്വര്യത്തെയും ഫലസമൃദ്ധിയേയു മാണ് ഒന്നാമതായി വിവക്ഷിച്ചിരുന്നത്. അതോടൊപ്പം തന്നെ മിശിഹാ കാലഘട്ടത്തിന്റെ സമൃദ്ധിയുടെയും കൃപയുടെയും സൂചനയായി പ്രവാ ചകന്മാരായ എസക്കിയേലും സഖറിയായും അവതരപ്പിക്കുന്നതും ജലസമൃദ്ധിയാണെന്നതും ശ്രദ്ധേയമാണ് (എസ. 47:1-7; സഖ. 13: 1). മരുഭൂമിയിൽ പാറയിൽ നിന്ന് പോലും ജനത്തിന് ദൈവം ജലം കൊടു ത്തതും വാഗ്ദാനദേശത്ത് സമൃദ്ധമായി ലഭിക്കുന്ന മഴയും ഇസ്രായേൽ ദേശത്ത് മിശിഹായുടെ ഭരണകാലത്ത് ലഭിക്കാനിരിക്കുന്ന ജലസമൃ ദ്ധിയുടെ അടയാളങ്ങളായാണ് യഹൂദ റബ്ബിമാർ വ്യാഖ്യാനിച്ചിരുന്നത്. വരാനിരിക്കുന്ന കാലഘട്ടത്തിലെ ജലസമൃദ്ധിയുടെ മുന്നാസ്വാദനമാ യാണ് പുരോഹിതർ ചുറ്റും ചാലുകീറി ഒഴുകും വിധം ബലിപീഠത്തെ സിലോഹാകുളത്തിലെ ജലം കൊണ്ട് അഭിഷേകം ചെയ്തിരുന്നത്. ഭൂസമൃദ്ധിയിൽ ഏറിയപങ്കും മരുഭൂമിയായിരുന്ന ഒരു പ്രദേശത്ത് വസി ച്ചിരുന്ന ജനത ജലസമൃദ്ധിക്ക് നൽകിയിരുന്ന പ്രാധാന്യമാണ് ഇവിടെ വ്യക്തമാകുന്നത്.

**ജീവജലത്തിന്റെ വാഗ്ദാനം**

കൂടാരതിരുനാളിന്റെ പിറകിലെ ചരിത്രവും തലമുറകൾ ഈ ആഘോഷത്തിലൂടെ കൈമാറിയ ദൈവശാസ്ത്ര ദർശനവും മനസി ലാക്കുമ്പോൾ "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ എന്റെ അടുത്ത് വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകും" (7:38) എന്ന യേശുവിന്റെ വാക്കു കൾക്ക് പുതിയ ഒരു അർത്ഥവും ആഴവും കൈവരുന്നതായി മനസി ലാക്കാം. 'യേശു എഴുന്നേറ്റ് നിന്നു'എന്ന് യോഹന്നാൻ എഴുതുമ്പോൾ ജനം പാടിയ ഏശയ്യാ പ്രവചനത്തിന്റെ അവസാനഭാഗത്തെകുറിച്ച് വീണ്ടും വായനക്കാരനെ ഓർമ്മപ്പെടുത്തുന്നതാണെന്ന് വേണം മന സിലാക്കാൻ. "ഇസ്രായേലിന്റെ പരിശുദ്ധൻ മഹത്വത്തോടെ നിങ്ങ ളുടെ ഇടയിലുണ്ട്."കാരണം, ഒരു വ്യക്തി എഴുന്നേറ്റ് നിൽക്കുന്നു എന്ന പരാമർശനം സെമിറ്റിക് പാരമ്പര്യത്തിൽ അയാളുടെ സാന്നി ധ്യത്തിന്റെ ഓർമ്മപ്പെടുത്തലാണ്. ജീവജലം വാഗ്ദാനം ചെയ്യുന്ന നസ്രത്തിലെ യേശു ക്രിസ്തുവാണെന്നും തലമുറകൾ കാത്തിരുന്ന മിശിഹായാണെന്നും നൽകുന്ന ജലസമൃദ്ധിയുടെ പുതിയകാലം ഇപ്പോൾ ആരംഭിക്കുകയാണെന്നും അവതരിപ്പിച്ചുകൊണ്ട് മിശിഹാ രഹസ്യത്തിന്റെ ഏറ്റവും സുന്ദരമായ വെളിപാട് നടത്തുകയാണ് വത്സല ശിഷ്യൻ.

സീലോഹാ കുളത്തിൽ നിന്ന് കൊണ്ടുവന്ന് നേദിച്ച ജലം ഒഴുകി പടരുന്ന ഈ ബലിപീഠം ജലം ഒഴുകിയിറങ്ങുമ്പോൾ വീണ്ടും വറ്റിവരളും അത് നനക്കാൻ വീണ്ടും ജലം ഒഴുക്കണം. പക്ഷേ ഇതാ ഇവിടെ ഒരിക്കലും വറ്റാത്ത യഥാർത്ഥ ജലത്തിന്റെ ഉറവയായ ബലിപീഠം; യേശുവിന്റെ ശരീരം. ലോകത്തിന്റെയും മനുഷ്യന്റെയും ആത്മദാഹങ്ങൾ ശമിപ്പിക്കാൻ കഴിയുന്നത് അൽപസമയത്തേക്ക് മാത്രം നനയുന്ന ജറുസലേം ദേവാലയത്തിലെ ബലിപീഠമല്ല ഒരിക്കലും വറ്റാത്ത ജലത്തിന്റെ യഥാർത്ഥ ഉറവിടമായ യേശുവാണ്. അവനിൽ നിന്ന് പുറപ്പെടുന്ന ആത്മാവാണ് ജീവജലത്തിന്റെ അരുവിയായി അവനിൽ വിശ്വസിക്കുന്നവരിൽ പടരുന്നത് എന്ന വെളിപാടാണ് ഇവിടെ നടക്കുന്നത്. ആത്മാവിനെ ജലം എന്ന് പ്രതീകാത്മകമായി ചിത്രീകരിക്കുന്നത് യോഹന്നാന്റെ സുവിശേഷത്തിൽ മറ്റ് രണ്ട് ഭാഗങ്ങളിൽ കൂടി നാം കാണുന്നുണ്ട്.

> "ഞാൻ നൽകുന്ന ജലം അവനിൽ നിത്യജീവനിലേക്ക് നയിക്കുന്ന അരുവിയാകും." (യോഹ. 4:14)

ജലം എല്ലാ ദാഹങ്ങളും ശമിപ്പിച്ച് ഫലസമൃദ്ധി നൽകുന്നതുപോലെ ആത്മാവ് യേശുവിൽ വിശ്വസിക്കുന്നവരുടെ ആത്മദാഹങ്ങളെ ശമിച്ചു. അവരെ ഫലം പുറപ്പെടുവിക്കാൻ സഹായിക്കുന്നു എതാണ് ആത്മാവിനെ ജലത്തോട് ഉപമിക്കുന്നതിന്റെ പിറകിലെ സുവിശേഷകൻ വിവക്ഷിക്കുന്ന ആന്തരികാർത്ഥം എന്നുവേണം നാം മനസിലാക്കാൻ. ഇനി "വിശുദ്ധഗ്രന്ഥം പ്രസ്താവിക്കുന്നതുപോലെ" എന്ന യേശുവിന്റെ വാക്കുകളെപ്പറ്റി ചിന്തിക്കാം. ഏത് വിശുദ്ധഗ്രന്ഥഭാഗമായിരിക്കും ഇവിടെ യേശു വിവക്ഷിക്കുന്നത്. ബൈബിൾ പണ്ഡിതൻമാരുടെ അഭിപ്രായത്തിൽ, കൂടാരതിരുനാളിൽ മിശിഹായുടെ കാലത്തിലേക്കുള്ള പ്രാർത്ഥനാപൂർവ്വകമായ ഒരു പങ്കുചേരലിന്റെ തലം ഉള്ളതിനാൽ ഇവിടെ പരാമർശിക്കുന്ന വി. ഗ്രന്ഥഭാഗം സഖറിയാ പ്രവചനം 14-ാം അദ്ധ്യായമാണെന്നതാണ്. കർത്താവിന്റെ ദിനത്തിൽ നടക്കുന്ന ജലസമൃദ്ധിയെ കുറിച്ച് പ്രവാചകൻ പറയുന്നത് ശ്രദ്ധിക്കുക.

> "അന്ന് ജീവജലം ജറുസലേമിൽ നിന്ന് പുറപ്പെട്ട് പകുതി കിഴക്കേ കടലിലേക്കും പകുതി പടിഞ്ഞാറേ കടലിലേക്കും ഒഴുകും. അത് വേനൽക്കാലത്തും ശീതകാലത്തും ഒഴുകികൊണ്ടിരിക്കും" (സഖ. 14:8).

സഖറിയായുടെ പ്രവചനത്തോടൊപ്പം തന്നെ ദൈവാത്മാവ് ജലമായി ഒഴുകുന്ന കാലത്തെകുറിച്ച് പരാമർശിക്കുന്ന മറ്റ് ചില വചനഭാഗങ്ങളും പഴയനിയമത്തിൽ കണ്ടെത്താനാകും.

"വരണ്ട ഭൂമിയിൽ ജലവും ഉണങ്ങിയ നിലത്ത് അരുവികളും ഞാൻ ഒഴുകും. നിന്റെ സന്തതികളുടെമേൽ എന്റെ ആത്മാവും മക്കളുടെമേൽ എന്റെ അനുഗ്രഹവും ഞാൻ വർഷിക്കും." (ഏശയ്യ 44:3)

"അന്ന് ഇങ്ങനെ സംഭവിക്കും എല്ലാവരുടെയുമേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും." (ജോയേൽ 2:28)

പ്രാചീനസംസ്കാരങ്ങളെല്ലാം നദീതീരത്ത് ജലസമൃദ്ധിയിൽ രൂപപ്പെട്ടതായിരുന്നതെങ്കിൽ, നദീതടത്തിൽ അല്ലാതെ രൂപപ്പെട്ട ഏകസംസ്കാരം യഹൂദസംസ്കാരമായിരുന്നു. ജലസമൃദ്ധിയുടെ പര്യായമായിരുന്ന നൈലിന്റെയും യുഫ്രട്ടീസിന്റെയും തീരങ്ങളിൽ അടിമകളും പ്രവാസികളുമായി കഴിയാൻ വിധിക്കപ്പെട്ട ജനതയായിരുന്നു അവർ. അടിമത്വത്തിന്റെ ദേശങ്ങളിൽ മാത്രമായിരുന്നു അവർ ജലസമൃദ്ധി അനുഭവിച്ചത്. അതുകൊണ്ടുതന്നെ ജലസമൃദ്ധി അന്യമായിരുന്ന ആ ജനതതങ്ങൾക്കു ലഭിക്കാനിരിക്കുന്ന സ്വാതന്ത്രത്തിന്റെ നാളുകളെക്കുറിച്ചുള്ള അവരുടെ സങ്കല്പത്തിലും പ്രവാചക ദർശനങ്ങളിലും കണ്ടത് കവിഞ്ഞൊഴുകുന്ന ഒരു നദിയായിരുന്നു എന്നോർക്കണം. ആ നദിയുടെ പ്രഭവസ്ഥാനമാകട്ടെ യഹോവയുടെ ബലിപീഠത്തിന്റെ ചുവടും. പ്രാചീന മനുഷ്യൻ ആത്മീയ ദാഹങ്ങളുടെയും ദൈവാനുഭവത്തിന്റെയും ഭൗതിക സമൃദ്ധിയുടെയും ഉറവിടമായി കണ്ടിരുന്നത് ദേവാലയവും ബലിപീഠവുമായിരുന്നു. ബലികളോടും ബലിപീഠങ്ങളോടും ചേർത്തുതന്നെയാണ് വി. ഗ്രന്ഥകാരന്മാർ വേദപുസ്തകത്തിലുടനീളം ദൈവജനത്തിന്റെ ആത്മീയാനുഭവങ്ങളുടെയും അനുഗ്രഹങ്ങളുടെയും കഥ പറയുന്നതും. യഹൂദനെ സംബന്ധിച്ച് ലോകത്തിന്റെ കേന്ദ്രം ജറുസലേമും ജറുസലേമിന്റെ കേന്ദ്രം ദേവാലയവും ദേവാലയത്തിന്റെ കേന്ദ്രം ബലിപീഠവുമായിരുന്നു. ബലിപീഠം ലോകത്തിന്റെ കേന്ദ്രമായി മാറുകയും പ്രതീകാത്മകമായി ലോകത്തെ മുഴുവൻ ഫലപുഷ്ടമാക്കുകയും ചെയ്യുന്നു.

ഇവിടെയാണ് നസ്രത്തിലെ യേശു ബലിപീഠത്തിൽ നിന്ന് ഒഴുകിയിറങ്ങുന്ന ജലത്തെ സാക്ഷിയാക്കി പുതിയൊരു വാഗ്ദാനം അഥവാ പുതിയൊരു ക്ഷണം നടത്തുന്നത്. ലോകത്തിന്റെ ആത്മദാഹങ്ങൾ ശമിപ്പിക്കുന്ന ജീവജലത്തിന്റെ ഉറവ ഈ ബലിപീഠമല്ല, മറിച്ച് അവനിൽ നിന്നാണ് യഥാർത്ഥ ജീവജലം പുറപ്പെടുന്നത്. ലോകത്തിന്റെ കേന്ദ്രം ഇനി മുതൽ ബലിപീഠമല്ല യേശുവിന്റെ ശരീരമാണ്. നിത്യവചനം കൂടാരം തേടിയ, ദൈവമഹത്വം കൂടാരമടിച്ച യേശുവിന്റെ ശരീരമാണ് ജീവജലത്തിന്റെ പുതിയ കാലത്തിന്റെ വറ്റാത്ത ഉറവിടം. ദാഹിക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. സ്വയം ഉറവയായി

പങ്കുവയ്ക്കാൻ ആത്മബലമുണ്ടായിരുന്ന നസ്രത്തിലെ യേശുവിനെ ആധുനിക ലോകത്തിന്റെ ദാഹങ്ങൾക്ക് മുമ്പിൽ കലോചിതമായി അവ തരിപ്പിക്കുക എന്നതാണ് വർത്തമാനകാലത്തിൽ ക്രൈസ്തവസമൂഹ ത്തിന്റെ ഏറ്റവും വലിയ നിയോഗവും വെല്ലുവിളിയും.

വത്സലശിഷ്യന്റെ രചനയിലെ ത്രിത്വരഹസ്യത്തിന്റെ ഇതൾ വിരി യുന്ന സുന്ദരമായ ഒരേട് കൂടിയാണ് ഏഴാം അധ്യായം. പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യാ ത്മകത ഈ അധ്യായത്തിൽ അനാവൃതമാകുന്നത് ശ്രദ്ധേയമാണ്. "ഞാൻ സ്വമേധയാ വന്നവനല്ല. എന്നെ അയച്ചവൻ സത്യവാനാണ് അവിടുത്തെ നിങ്ങൾക്ക് അറിഞ്ഞുകൂടാ, എനിക്ക് അവിടുത്തെ അറി യാം. എന്തെന്നാൽ ഞാൻ അവിടുത്തെ അടുക്കൽ നിന്നു വരുന്നു" (യോഹ. 7:28) എന്ന വചനത്തെ പിതാവും പുത്രനും തമ്മിലുള്ള സത്താ പരമായ (ontological) ഐക്യത്തിന്റെയും യേശു പിതാവിനാൽ അയ ക്കപ്പെട്ടവനാണെന്നതിന്റെയും തെളിവായിട്ടാണ് വ്യാഖ്യാനിക്കുന്നത്. ജീവജലത്തിന്റെ അരുവിയെകുറിച്ചുള്ള പരാമർശമാകട്ടെ പരിശുദ്ധാ ത്മാവിനെകുറിച്ചുള്ള വെളിപാടും. ഇവിടെ ശ്രദ്ധേയമായ വസ്തുത പിതാവിനാൽ അയക്കപ്പെട്ട യേശുവിന്റെ നാമത്തിൽ വിശ്വസിക്കു മ്പോൾ ഒരു വ്യക്തി ത്രിത്വൈക കൂട്ടായ്മയിലേക്ക് പ്രവേശിക്കുന്നു. ദൈവികജീവനിലേക്ക് പ്രവേശിക്കുന്ന വ്യക്തിയിൽ പ്രകടമാകുന്ന കൃപ യുടെ ലക്ഷണമാണ് ആത്മാവ്, ജലമായി, ഉറവയായി അവനിൽ നിറ ഞ്ഞൊഴുകാൻ തുടങ്ങുന്ന അത്ഭുതം. അപ്പോൾ യോഹന്നാന്റെ ഭാഷ്യ ത്തിൽ ആത്മാവ് എല്ലാ ആത്മദാഹങ്ങളെയും ശമിപ്പിക്കുന്ന ജീവജല ത്തിന്റെ ഉറവയായി ഒരുവനിൽ ഒഴുകിപടരാൻ തുടങ്ങുന്നത് നസ്ര ത്തിലെ യേശുവിൽ വെളിപ്പെട്ട ദൈവമഹത്വത്തെ ഏറ്റുപറഞ്ഞ് അവ നിൽ വിശ്വസിക്കുമ്പോഴാണ്. യേശുവിലുള്ള വിശ്വാസം പിതാവിലും പരിശുദ്ധാത്മാവിലുമുള്ള സഹവാസമായി ദൈവികജീവനിലുള്ള സ്നാനമായി മാറുന്നു.

## ഒരു കാലിക വായന

### ആസന്നമായ ഡേ സീറോ

കൂടാരതിരുനാളിലെ അനുഷ്ടാനവിധികൾക്ക് നിശ്ചയമായും ഉള്ള ആത്മീയവും പ്രതീകാത്മകവുമായ അർത്ഥങ്ങൾക്കപ്പുറം തികച്ചും സാമൂഹികവും യാഥാർത്ഥ്യബന്ധിയുമായ ഒരു സന്ദേശംകൂടിയുണ്ട്. സീലോഹാകുളത്തിൽ നിന്ന് സ്വർണ്ണകുംഭങ്ങളിൽ പ്രദക്ഷിണമായി കൊണ്ട് വരുന്ന ജലം ബലിപീഠത്തിൽ നേദിക്കുമ്പോൾ ഭൂവിസ്തൃതിയിൽ ഏറിയപങ്കും മരുഭൂമിയും ജോർദ്ദാൻ നദിയുടെ തീരങ്ങളിലും ഗലീലിതടാകത്തിലും മാത്രം ജലസാന്നിധ്യം ഒതുങ്ങിനിൽക്കുന്നതുമായ ഒരു ദേശത്ത് ജീവിക്കുന്ന മനുഷ്യർ എന്തിനുവേണ്ടിയാകും ദാഹത്തോടെ പ്രാർത്ഥിക്കുന്നത്? ജീവിതഗന്ധിയല്ലാത്ത അനുഷ്ടാനപരതകളുടെ തൊങ്ങലുകൾ പിടിപ്പിച്ച വ്യാഖ്യാന പർവ്വങ്ങളെ മറന്നേക്കൂ. അത് വളരെ ലളിതമായി, ജലസമൃദ്ധിക്ക്, മഴയ്ക്കുവേണ്ടിയുള്ള ഒരു കാർഷികസംസ്കാരത്തിന്റെ പ്രാർത്ഥനയാണ്. വർഷകാല സമൃദ്ധിയിൽ ഹരിതാഭമാകുന്ന പുൽമേടുകൾക്കുവേണ്ടിയുള്ള ഇടയസംസ്കാരത്തിന്റെ നിലവിളിയാണത്.

44 നദികളും അവയുടെ കൈവഴികളും വർഷത്തിൽ 6 മാസത്തോളം മഴയുടെ സമൃദ്ധിയും ഉണ്ടായിരുന്നിട്ടും മരുഭൂമിയുടെ ഉർവരതയിലേക്ക് വഴുതിപ്പോകുന്ന ഒരു നാട്ടിൽ, ജലത്തെ സർവ്വശക്തന്റെ കൃപയായി കണ്ട് അതിന്റെ അമൂല്യത മനസിലാക്കി, ജീവിക്കേണ്ട ഒരു സാമൂഹ്യബാധ്യത ഇന്ന് നമുക്കുണ്ട്. പ്രകൃതിയോട് ചെയ്യുന്ന പാതകങ്ങൾ പ്രതിരോധിക്കപ്പെടേണ്ട മാരകപാപങ്ങളാണെന്ന് തിരിച്ചറിഞ്ഞ് മണ്ണിനും മരങ്ങൾക്കും പ്രപഞ്ചത്തിന്റെ താളത്തിനും വേണ്ടിയുള്ള ഒരു പ്രവാചകമുന്നേറ്റമാണ് ഈ കാലത്ത് ആവശ്യം. ഫ്രാൻസീസ് മാർപ്പാപ്പയുടെ 'ലൗദാത്തെ സി' എന്ന ചാക്രികലേഖനം കാലിക പ്രസക്തമായി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ജലത്തിന്റെ അമൂല്യത തിരിച്ചറിയാൻ നാം ഇനിയും വൈകിയാൽ മഴക്കുവേണ്ടിയുള്ള യാഗങ്ങൾ ഒരുപാട് കാണേണ്ടിവരും ജലസമൃദ്ധിയുടെ ഉദാഹരണമായി വാഴ്ത്തപ്പെട്ട ദൈവത്തിന്റെ ഈ സ്വന്തം നാട്. ഒരു 50 വർഷം മുമ്പ് കേരളത്തിലുണ്ടായിരുന്ന ശുദ്ധജല ശ്രോതസ്സുകളിലും അരുവികളിലും എത്ര ശതമാനം ഇന്ന് അവശേഷിക്കുന്നു എന്ന് പരിശോധിച്ചാൽ ഞെട്ടിപ്പിക്കുന്നതായിരിക്കും ഉത്തരം. അതിലേറെ, അവശേഷിക്കുന്ന ജലസ്രോതസ്സുകളുടെ വർത്തമാനകാല അവസ്ഥ

നമ്മെ ഭയപ്പെടുത്തും. ഡേ സീറോ (day zero) അഥവാ ജല അടിയന്തരാവസ്ഥ അഭിമുഖീകരിക്കുന്ന ദക്ഷിണാഫ്രിക്കൻ നഗരം Cape town നമ്മിൽനിന്ന് ഒരുപാട് അകലെയൊന്നുമല്ല. ബാംഗളൂർ ഉൾപ്പെടെ ലോകത്തെ പ്രധാപ്പെട്ട 11 നഗരങ്ങൾ ഡേ സീറോയുടെ ഭീതിയിലാണെന്ന് ഓർക്കണം. 2030-ഓടെ ലോകത്തിന് കുടിക്കാൻ വേണ്ട ശുദ്ധജലത്തിന്റെ 40 ശതമാനം മാത്രമായിരിക്കും ഉണ്ടായിരിക്കുക എന്നാണ് കണക്കുകൾ പറയുന്നത്. ലോകത്താകെ പ്രതിവർഷം അൻപത് ലക്ഷം ആളുകൾ ജലദൗർലഭ്യം കൊണ്ട് മരിക്കുന്നു എന്ന കണക്ക് ഭീതിതമാണ്. കാരണം യുദ്ധങ്ങൾക്കൊണ്ടുപോലും പ്രതിവർഷം പത്ത്ലക്ഷം ആളുകളേ മരിക്കുന്നുള്ളൂ. ജലദൗർലഭ്യം യുദ്ധത്തേക്കാൾ ഭയാനകമാണെന്നല്ലേ ഈ കണക്കുകൾ പറയുന്നത്.

21-ാം നൂറ്റാണ്ടിൽ സഭ നടത്തേണ്ട നൂതന പ്രേഷിത ആഭിമുഖ്യങ്ങളിൽ ഏറ്റവും പ്രാധാന്യമേറിയതാകും ജലസംരക്ഷണത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ എന്ന് തോന്നുന്നു. കാരണം, അത് നൂറ്റാണ്ടുകൾക്കപ്പുറം ജനിക്കാനിരിക്കുന്ന തലമുറകൾക്കുവേണ്ടിയുള്ള പ്രവാചക തുല്യമായ പ്രവൃത്തിയാണ്. "വായുവും വെള്ളവും വനവും വന്യജീവികളും സംരക്ഷിക്കാനുള്ള പദ്ധതികൾ ഏതുമാകട്ടെ അവ സത്യത്തിൽ മനുഷ്യനെ സംരക്ഷിക്കാനുള്ളവയാണ്" എന്ന് പറഞ്ഞത് പ്രസിദ്ധ ചിന്തകനായ സ്റ്റുവർട്ട് യുറ്റാലിൽ ആണ്. ജലം എവിടെനിന്നാണ് ലഭിക്കുന്നത് എന്ന ചോദ്യത്തിന് ടാപ്പിൽ നിന്ന് എന്ന് ഉത്തരം പറയുന്ന ഭാവിതലമുറയെ, ജലസംരക്ഷണത്തിന്റെയും പ്രകൃതിസ്നേഹത്തിന്റേയും ബാലപാഠങ്ങൾ നെറ്റിയിൽ കുരിശുവരയ്ക്കാൻ പഠിപ്പിക്കുന്നതിനൊപ്പം പറഞ്ഞ് പഠിപ്പിക്കാൻ നമ്മുടെ സൺഡേസ്കൂൾ ക്ലാസ്സുകളെക്കാൾ ഫലപ്രദമായ വേദി മറ്റെന്താണ്? ബലിപീഠത്തിൽ നിന്ന് അരുവി ഒഴുകിയിറങ്ങുന്നത് സ്വപ്നം കണ്ട എസക്കിയേലിന്റെ പ്രവചനം യാഥാർത്ഥ്യമാകട്ടെ. ക്രിസ്തുവിന്റെ ബലിപീഠത്തിന്റെ സൂക്ഷിപ്പുകാരിയായ സഭയുടെ നൂതന പ്രേഷിത ആഭിമുഖ്യങ്ങൾവഴി ഭൂമിയുടെ ഉറവക്കണ്ണുകൾ സമൃദ്ധമാകട്ടെ!

13

# കരുണയുടെ പുതിയ ലിപികൾ
## (യോഹ. 8:1 – 11)

"നമ്മൾ ജീവിക്കുന്ന ഈ ലോകം വ്യക്തികളുടേതും വസ്തുക്കളുടേതും എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു" എന്ന് പറഞ്ഞത് സ്വിസ് ചിന്തകനായ പോൾ ടൂണിയർ ആണ്. വൈയക്തികതകളില്ലാത്ത വസ്തുക്കളുടെ ലോകത്തിലേക്കു വ്യക്തികളോ വസ്തുക്കൾ വ്യക്തിബന്ധങ്ങളുടെ വൈയക്തിക ലോകത്തിലേക്ക് വസ്തുക്കളോ തെറ്റി ചെന്നുപെടുന്നു എന്നതാണ് ആധുനിക ലോകത്തിലെ അപകടം. അതായത് വ്യക്തികൾ വസ്തുക്കളായി പരിഗണിക്കപ്പെടാനും വസ്തുക്കൾ വ്യക്തികളായി സ്വീകരിക്കപ്പെടാനുമുള്ള സാധ്യത. റോബോട്ടിന് പൗരത്വം കൊടുക്കുന്ന വർത്തമാനകാല കാഴ്ചകൾ ഇതിന് ഉദാഹരണമാണല്ലോ.

വസ്തുക്കളുടെ ലോകത്തിലേക്ക് വ്യക്തി വലിച്ചിഴക്കപ്പെട്ടാലുണ്ടാകാവുന്ന ദുരന്ത ദൃശ്യമാണ് വത്സല ശിഷ്യൻ, പിടിക്കപ്പെട്ട വ്യഭിചാരിണിയുടെ വാങ്മയ ചിത്രത്തിലൂടെ അവതരിപ്പിക്കുന്നത് (8:1-12). ഈ സംഭവത്തിന്റെ പശ്ചാത്തലം യഹൂദരുടെ കൂടാരതിരുനാളാണ്. അലച്ചിലുകളുടെ സംവത്സരങ്ങളിൽ പെയ്തിറങ്ങിയ യഹോവയുടെ പരിപാലനയെ കൃതജ്ഞതയോടെ ഓർക്കുന്ന തിരുനാളിന്റെ പശ്ചാത്തലത്തിൽ ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന യേശുവിന്റെ മുമ്പിലേക്കാണ് സ്ത്രീ വലിച്ചിഴക്കപ്പെടുന്നത്. നിയമം നടപ്പിലാക്കാനുള്ള, മതമേധാവിത്വത്തിന്റെ അപ്രമാദിത്വവും ശക്തിയും പ്രകടമാക്കാനുള്ള, ഒരു വസ്തുവായി മനുഷ്യവ്യക്തിയെ ഉപയോഗിക്കുന്ന രംഗമാണിത്. മോശ

യുടെ നിയമത്തിലെ വ്യഭിചാരകുറ്റത്തിന്റെ വിധിതീർപ്പിനായാണ് നിയമപണ്ഡിതരും ഫരിസേയരും യേശുവിന്റെ മുൻപിൽ വരുന്നത്. അവർ പരാമർശിക്കുന്ന നിയമഭാഗം ലേവ്യരുടെ പുസ്തകം രണ്ടാം അധ്യായം പത്താം വചനമാണ്. "ഒരുവൻ അയൽക്കാരന്റെ ഭാര്യയുമായി വ്യഭിചാരം ചെയ്താൽ അവനും അവളും മരണശിക്ഷ അനുഭവിക്കണം." നിയമാവർത്തനം 22:21, എസക്കി. 16:38-40, ലേവ്യർ 20:10 ഭാഗങ്ങളിൽ ഈ നിയമത്തിന്റെ അനുരണനം നാം കാണുന്നുണ്ട്. ഇവിടെ നാം ശ്രദ്ധിക്കേണ്ട വസ്തുത, നിയമത്തിൽ പറയുന്നതും യേശുവിന്റെ മുമ്പിൽ നിയമലംഘനം ഉന്നയിക്കുമ്പോൾ മതപണ്ഡിതർ അതിന് വരുത്തുന്ന വ്യതിയാനവുമാണ്. ഉഭയസമ്മതപ്രകാരമുള്ള ഉടലിന്റെ ഇടർച്ചയ്ക്ക് സ്ത്രീയും പുരുഷനും തുല്യഉത്തരവാദികളായതിനാൽ മോശയുടെ നിയമം ഇരുവർക്കും വിധിച്ചത് വധശിക്ഷയാണെങ്കിൽ പുരുഷമേൽക്കോയ്മയുടെ ഒരു മതസമൂഹം ഇവിടെ നിയമം നടപ്പിലാക്കാൻ മുഴക്കുന്ന ആക്രോശങ്ങളിൽ സ്ത്രീമാത്രമേ പ്രതിയായി മുൻനിർത്തപ്പെടുന്നുള്ളു.

**അപകടകരമായ ചോദ്യം**

ഗുരോ ഈ സ്ത്രീ വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവളാണ്; ഇങ്ങനെയുള്ളവരെ കല്ലെറിയണമെന്നാണ് മോശയുടെ നിയമത്തിൽ പറയുന്നത്, നീ എന്തു പറയുന്നു? മോശയുടെ നിയമം ഉദ്ധരിച്ച് പാപിനിയുടെമേൽ വിധിനിർണ്ണയത്തിന് യേശുവിനെ നിർബന്ധിക്കുന്ന യഹൂദനേതൃത്വത്തിന്റെ കൗശലമാണ് ഈ ചോദ്യത്തിൽ നിഴലിക്കുന്നത്. നിയമം നടപ്പിലാക്കുക എന്നതിലുപുരി യേശുവിനെ വിചാരണചെയ്ത് പ്രതിക്കൂട്ടിലാക്കുക എന്ന യഹൂദരുടെ വ്യഗ്രതയാണ് ഈ ചോദ്യത്തിൽ വെളിപ്പെടുന്നത്. വിഖ്യാതനായ പുതിയനിയമ വ്യാഖ്യാതാവ് ജോവാക്കിം ജറമിയാസ് ഇതിനെ വിശേഷിപ്പിച്ചത് തികച്ചും അപകടകരമായ ചോദ്യമെന്നാണ്. ഈ ചോദ്യത്തിന് അനുകൂലമായോ പ്രതികൂലമായോ എന്തുത്തരം പറഞ്ഞാലും യേശു പ്രതിക്കൂട്ടിലാകും എന്നതാണ് ഇതിനെ തികച്ചും ആപത്കരമാക്കുന്നത്. അതായത്, മോശയുടെ നിയമമനുസരിച്ച് വധശിക്ഷ ശരിവച്ചാൽ റോമൻ നിയമത്തിന്റെ ദൃഷ്ടിയിൽ യേശു രാജ്യദ്രോഹക്കുറ്റത്തിന് വിചാരണ നേരിടേണ്ടിവരും. കാരണം, എ.ഡി. 6-ൽ അഗസ്റ്റസ് സീസർ യൂദയായെ റോമിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കിക്കൊണ്ട് പ്രീഫെക്ട് ഭരണം ഏർപ്പെടുത്തിയപ്പോൾ മുതൽ നിർത്തലാക്കിയ സാൻഹദ്രീന്റെ സവിശേഷ അധികാരങ്ങളിലൊന്നായിരുന്നു വധശിക്ഷ നടപ്പാക്കുക എന്നത്. യേശുവിന്റെ വിചാരണാവേളയിൽ ആരെയും വധിക്കാൻ നിയമം

ഞങ്ങളെ അനുവദിക്കുന്നില്ലല്ലോ എന്ന യഹൂദനേതൃത്വത്തിന്റെ പരിദേവനം ഇതിയാണ് ധ്വനിപ്പിക്കുന്നത്. തികച്ചും ഉദാരവും മാനുഷികവുമായി ചിന്തിച്ചുകൊണ്ടും റോമൻ നിയമത്തോട് വിധേയപ്പെട്ടുകൊണ്ടും വധശിക്ഷ നൽകേണ്ട എന്ന് ഉത്തരം പറഞ്ഞാലോ? അപ്പോൾ മോശവഴി നൽകപ്പെട്ട ദൈവീകനിയമത്തിന് എതിരായി സംസാരിച്ചു എന്ന ദൈവദൂഷണക്കുറ്റമായിരിക്കും യേശുവിൽ ആരോപിക്കുന്നത്. ഉത്തരം ലഭിക്കുന്നതിനേക്കാൾ യേശുവിനെ വിചാരണ ചെയ്യുക ലക്ഷ്യമിട്ടുള്ള കൗശലപൂർണ്ണമായ ഈ ചോദ്യത്തിന് സമവീക്ഷണസുവിശേഷങ്ങളിൽ സീസറിന് നികുതികൊടുക്കുന്നത് ന്യായമോ എന്ന ചോദ്യത്തിന്റെ അതേ ഭാവമാണുള്ളത് (മത്താ. 22:15; ലൂക്കാ 20:20–26; മർക്കോ. 12:13–17). നിഷ്ക്കളങ്കതയുടേയോ നിഷ്പക്ഷതയുടേയോ ബാഹ്യാവരണങ്ങളണിയിച്ച് മനുഷ്യരെ വീഴ്ത്തുന്ന ഇതേ ചോദ്യതന്ത്രം വർത്തമാനകാല മാധ്യമവിചാരണകളിൽ സമൃദ്ധമായി ഉപയോഗിക്കപ്പെടുന്നതാണല്ലോ.

**നിലത്തെഴുത്ത്**

സെമിറ്റിക് പാരമ്പര്യമനുസരിച്ച് ഒരു വ്യക്തി സംസാരിക്കുമ്പോൾ കേൾക്കേണ്ടയാൾ മുഖം കുനിച്ച് ഇരിക്കുന്നു എന്നത് സംസാരിക്കുന്ന വ്യക്തിയോടും അയാൾ പറയുന്ന വിഷയത്തോടുമുള്ള താൽപര്യകുറവിന്റെയും ഉദാസീനതയുടെയോ, വിയോജിപ്പിന്റെയോ ലക്ഷണമാണ്. മുഖത്തുനോക്കി കണ്ണുകൾ ഉയർത്തി ശ്രവിക്കുന്നത് ക്രിയാത്മകമായ ശ്രവണത്തിന്റെ ലക്ഷണവും. നിയമപണ്ഡിതരുടെയും ഫരിസേയരുടെയും കുറ്റാരോപണങ്ങൾക്ക് യേശു കുനിഞ്ഞ് നിലത്തെഴുതികൊണ്ടിരുന്നു എന്ന് ചിത്രീകരിക്കുമ്പോൾ കിട്ടുന്ന സ്വാഭാവിക വ്യാഖ്യാനമെന്തായിരിക്കും? അത് ദുർബലരുടെയും അബലരുടെയും ഇടർച്ചകൾ മാത്രം ആഘോഷിക്കുകയും നിസ്സാഹയർക്കും നിരാലംബർക്കും മാത്രം കഴുമരം തീർത്ത് വിധി നടത്താൻ വ്യഗ്രതപ്പെടുന്ന, ബലമുള്ളവന്റെ, അധികാരവും സമ്പത്തുമുള്ളവന്റെ കനമേറിയ അപരാധങ്ങൾക്കുപോലും പുണ്യത്തിന്റെ പരിമളം പൂശാൻ വ്യഗ്രത കാണിക്കുന്ന, എല്ലാകാലത്തെയും മതസാമൂഹിക വ്യവസ്ഥിതികളോടും അധികാരികളോടുമുള്ള നസ്രായന്റെ, പുച്ഛഭാവത്തിന്റെയും നിസംഗതയുടെയും തെളിവാണെന്നാണ് എന്റെ പക്ഷം. പുരുഷന്റെയും സ്ത്രീയുടെയും ധനികന്റെയും ദരിദ്രന്റെയും അധികാരമുള്ളവന്റെയും പാർശ്വവത്ക്കരിക്കപ്പെട്ടവന്റെയും പാപത്തിന് നസ്രത്തിലെ യേശു കൽപിക്കുന്നത് ഒരേ തൂക്കമാണ്. പുരുഷന്റെ പാപത്തെ മൂടിവയ്ക്കുകയും സ്ത്രീയുടെ പാപത്തെ പൊളിച്ച് കാട്ടുകയും ചെയ്ത ഒരു സമൂഹത്തിന്റെ കപടസ

ദാചാര ബോധത്തെയും ധാർമ്മികതയേയുമാണ് യേശു ഇവിടെ നിസം ഗത കൊണ്ട് നിശബ്ദമാക്കുന്നത്. രണ്ടുപേരുടെയും ഇടർച്ചയ്ക്ക് സ്ത്രീയെ മാത്രം കൊലക്കളത്തിലേക്ക് വലിച്ചിഴക്കുന്ന ഈ കപട ധാർമ്മികതയ്ക്ക് ദാനിയേലിന്റെ പുസ്തകം 13-ാം അധ്യായത്തിൽ വിവ രിക്കുന്ന സൂസന്നയുടെ സംഭവം തെളിവാണ്.

ഈ സുവിശേഷ ചിത്രീകരണത്തിന്റെ പിറകിലെ ദൈവശാസ്ത്ര യുക്തിയുടെ ആഴം ഗ്രഹിക്കണമെങ്കിൽ യോഹന്നാന്റെ സുവിശേഷം എട്ടാം അധ്യായത്തിൽ വായനക്കാരൻ എത്തുമ്പോൾ നസ്രത്തിലെ യേശുവിനെ കുറിച്ച് വത്സലശിഷ്യൻ നമുക്ക് നൽകിയ ദർശനം എവി ടെവരെ വികസിച്ചു എന്ന് ചിന്തിക്കണം. സമയത്തിന്റെയും പ്രപഞ്ച ത്തിന്റെയും ഉത്ഭവത്തിന് മുമ്പേ അസ്തിത്വമുണ്ടായിരുന്ന സർവ്വശ ക്തനായ വചനം മാംസം ധരിച്ചതാണ് (1:14) യോഹന്നാന്റെ സാക്ഷ്യ ത്തിൽ നസ്രത്തിലെ യേശു. അവൻ ഇതുവരെ പ്രവർത്തിച്ച അഞ്ച് അടയാളങ്ങൾ (കാനായിൽ വെള്ളം വീഞ്ഞായി മാറ്റിയത്, ശതാധി പന്റെ ഭൃത്യനെ സുഖപ്പെടുത്തിയത്, ബേത്സഥാ കുളപ്പടവിലെ തളർവാ തരോഗിയെ സുഖപ്പെടുത്തിയത്, അപ്പം വർധിപ്പിച്ചത്, കടലിന് മീതെ നടന്നത്) അവന്റെ ദൈവത്വത്തിന്റെ തെളിവായിരുന്നു. അപ്പോൾ ഇവിടെ നിലത്തെഴുതി കൊണ്ടിരിക്കുന്ന യേശു ദൈവമാണ്. ദൈവം വിരൽകൊണ്ട് എഴുതികൊണ്ടിരിക്കുന്നു. യഹൂദ ചിന്തയിൽ 10 കൽപ നകൾ മോശയ്ക്ക് ലഭിച്ചതെങ്ങനെയാണ്? ദൈവം സീനായ്മലയിൽ വച്ച് തന്റെ വിരൽകൊണ്ട് കൽഫലകങ്ങളിൽ എഴുതി നൽകി എന്ന് വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നു.

വിശുദ്ധ ബൈബിളിൽ ദൈവം എഴുതിയതായി രണ്ടേ രണ്ട് ഭാഗ ങ്ങളെ കാണുന്നുള്ളു. അതിൽ ആദ്യത്തേത് സീനായ് മലയിൽ വച്ച് ദൈവം നിയമം കൽഫലകങ്ങളിൽ എഴുതി മോശയ്ക്ക് നൽകുന്ന വിവ രണമാണ്.

> "നീ ഉടച്ചു കളഞ്ഞ പലകകളിലുണ്ടായിരുന്ന വാക്കുകൾ തന്നെ ഞാനവയിലെഴുതാം." (പുറ. 34:1)
>
> "നീ ഉടച്ച് കളഞ്ഞ ആദ്യത്തെ പലകയിലുണ്ടായിരുന്ന വാക്കുകൾ തന്നെ ഞാനവയിൽ എഴുതും." (നിയമ. 10:2)
>
> രണ്ടാമത് ദൈവം എഴുതുന്നതായി ചിത്രീകരിക്കുന്നത് യോഹ ന്നാന്റെ സുവിശേഷത്തിലാണ്.
>
> "യേശുവാകട്ടെ കുനിഞ്ഞ് വിരൽകൊണ്ട് നിലത്ത് എഴുതികൊണ്ടി രുന്നു." (യോഹ. 8:6)

വിരൽകൊണ്ട് കൽഫലകങ്ങളിൽ സീനായ്മലയിൽ വച്ച് മോശയ്ക്ക് ദൈവം എഴുതി നൽകിയത് പഴയനിയമം, അതിന്റെ ലംഘനത്തിന്റെ വിധിതീർപ്പിനായി മുന്നിൽ ആക്രോശിക്കുന്ന ജനത്തിന് യേശു നിലത്ത് വിരൽകൊണ്ട് എഴുതി നൽകുന്നതെന്തായിരിക്കും? പുതിയ നിയമം അല്ലാതെ മറ്റെന്ത്? കരുണയുടെ മഷിയിൽ ദൈവം നിയമത്തെ പുതുതാക്കുന്നു, പൂർത്തീകരിക്കുന്നു. നസ്രായന്റെ നിലത്തെഴുത്തിൽ വിരിഞ്ഞത് പഴയതിന്റെ പൂർത്തീകരണമായ പുതിയ കരുണയുടെ നിയമമാണ്. ദൈവം എഴുതിയ നിയമത്തെ ദൈവം തന്നെ എഴുതി പൂർത്തിയാക്കുന്നു (എത്ര ആഴമേറിയ ദർശനമാണ് യോഹന്നാൻ തന്റെ രചനയിലൂടെ പങ്കുവെച്ചത്). കരുണയുടെ മഷികൊണ്ട് എഴുതി പൂർത്തീകരിച്ച പുതിയ നിയമത്തിന്റെ വെളിച്ചത്തിലാണ് യേശു നിവർന്ന് പറയുന്നത്. “നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യം കല്ലെറിയട്ടെ”. ഒരു തലമുറയുടെ കാപട്യത്തിന്റെ മൂശയിൽ വാർത്തെടുത്ത സദാചാരബോധത്തെയും ധാർമ്മിക തീക്ഷണതയെയും കരുണയുടെ അഗ്നിവെളിച്ചത്തിൽ അപനിർമ്മിക്കുകയല്ലേ ഇവിടെ? ഇന്നും ജീവനും ചലനാത്മകതയുമില്ലാത്ത നിയമങ്ങളുടെ ചട്ടക്കൂടിൽ വീർപ്പുമുട്ടുന്ന സകലമനുഷ്യരോടുമുള്ള നസ്രായന്റെ പക്ഷംചേരൽകൂടിയായി ഈ വചനഭാഗത്തെ മനസ്സിലാക്കാം.

“വിരൽകൊണ്ട് നിലത്ത് എഴുതി” എന്ന ഈ വാചകത്തിന് മറ്റൊരു പഴയ നിയമ സാധർമ്മ്യം കൂടി നമുക്ക് കണ്ടെത്താനാകും. ഇവിടെ മണ്ണിനെ തൊടുന്ന യേശുവിന്റെ വിരലുകൾ അത് ദൈവത്തിന്റെ വിരലുകൾ തന്നെയാണ്. ദൈവത്തിന്റെ വിരലുകൾ മണ്ണിനെ പൂഴിയെ തൊടുന്നു. ഈ വാക്കുകളിൽ ഉൽപ്പത്തി പുസ്തകത്തിലെ ആദ്യതാളുകളുടെ ഒരു ഗന്ധം അനുഭവപ്പെടന്നുണ്ട്. “ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും ചെയ്തു” (ഉൽപ്പ. 2:7) എന്ന വചനമല്ലാതെ മറ്റെന്താണ് അത്. ദൈവം മണ്ണിനെ സ്പർശിക്കുന്ന രണ്ട് നിമിഷങ്ങൾ: ആദ്യത്തേത് മനുഷ്യനെ പൂഴിയിൽ നിന്ന് മെനഞ്ഞെടുക്കാൻ, രണ്ടാമത്തേത്, മനുഷ്യന്റെ ഹൃദയത്തിൽ കരുണയിൽ പൊതിയപ്പെട്ട പുതിയ ഹൃദയം നിക്ഷേപിക്കുന്നതിന്റെ സൂചനയായിട്ട്. ജറമിയ പ്രവചനം 30:33 വചനത്തിന്റെ സാക്ഷാത്കാരമായിട്ട് കൂടി ഈ വാക്യത്തെ വ്യാഖ്യാനിക്കാൻ കഴിയും.

> “ഞാൻ എന്റെ നിയമം അവരുടെ ഉള്ളിൽ നിക്ഷേപിക്കും; അവരുടെ ഹൃദയത്തിൽ എഴുതും.” (ജറെ. 30:33)

പൂഴിയിൽ നിന്ന് തന്റെ വിരലുകൾകൊണ്ട് രൂപംകൊടുത്ത മനുഷ്യന്റെ ഹൃദയത്തിൽ കരുണയുടെ മണമുള്ള പുതിയ നിയമം നിക്ഷേപിക്കുന്നതിന്റെ, പ്രതീകാത്മകമായ ചിത്രീകരണമായി വത്സല ശിഷ്യന്റെ ഈ വാക്കുകളെ വ്യാഖ്യാനിക്കാം എന്ന് ചുരുക്കം.

വീണ്ടും, ഒരുപാട് ഘനമുള്ള ദൈവശാസ്ത്രചോദ്യമൊന്നുമല്ല, ഇത്തിരി ജിജ്ഞാസ കൂടുതലുള്ള ഒരു ലളിതമനസ്കന്റെ ചോദ്യമായി കരുതിയാൽ മതി എന്നായിരിക്കും യേശു നിലത്ത് എഴുതിയിരിക്കുക. വേദപുസ്തകപണ്ഡിതരിൽ പലരും വിശകലനം ചെയ്ത ഒരു ചോദ്യമാണിത്. നിരവധി നിഗമനങ്ങൾ ഈ ചോദ്യത്തിന് അവർ നിരത്തിയിട്ടുണ്ട്. ഇവിടെ എഴുതുക എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് കത്തെഗ്രാഫെയിൻ എന്നാണ്. ഇതിന് രണ്ട് അർത്ഥങ്ങൾ ഉണ്ട്. എഴുതുക (to write) അല്ലെങ്കിൽ വരയ്ക്കുക (to draw).

: ഒരുപക്ഷെ റോമൻ ജഡ്ജിമാർ വിചാരണ വേളയിൽ ചെയ്തിരുന്നപോലെ, ഉച്ചരിക്കാനുള്ള വിധി വാചകമായിരിക്കും (the verdiet) യേശു നിലത്ത് എഴുതിയിരുന്നത്. അവൻ നിവർന്ന് പറയുന്ന വാക്കുകൾ, "നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം കല്ലറിയട്ടെ", "ഞാനും നിന്നെ വിധിക്കുന്നില്ല, മേലിൽ പാപം ചെയ്യരുത്", ന്യായാധിപന്റെ വിധി പ്രസ്ഥാവത്തിന് തുല്യമാണെന്ന് വ്യാഖ്യാനിക്കുന്നവരുണ്ട്.

: ചിലരുടെ അഭിപ്രായത്തിൽ യേശു നിലത്ത് എഴുതിയത് പുറപ്പാട് പുസ്തകം 23-ാം അദ്ധ്യായം ഒന്നാം വാക്യത്തിന്റെ ആദ്യ ഭാഗമായിരിക്കാം എന്നാണ്. "വ്യാജവാർത്ത പ്രചരിപ്പിക്കരുത്" (പുറ. 23:1). ഇവിടെ സ്ത്രീക്കുമേൽ വിധിതീർപ്പ് കൽപ്പിക്കാൻ വ്യഗ്രത കാണിക്കുന്ന ജനക്കൂട്ടത്തിന് യേശു നൽകുന്ന താക്കീതായി ഈ എഴുത്തിനെ വ്യാഖ്യാനിക്കാൻ കഴിയും.

: വി. ജറോമിന്റെ കാലത്തോളം പഴക്കമുള്ള ഒരു പുരാതന അർമേനിയൻ പാരമ്പര്യം പറയുന്നത്, യേശു നിലത്ത് എഴുതിയത് ചുറ്റും കുറ്റമാരോപിക്കാൻ നിന്ന മതമേധാവികളുടെ, കുറ്റമാരോപിച്ചിരുന്നരുടെ പാപങ്ങളായിരുന്നു എന്നാണ്.

: ഇനി മറ്റൊരു ഭാഷ്യം, യേശു നിലത്തെഴുതുന്നതിലൂടെ ജറമിയ 17:13, നിവൃത്തിയാകുകയാണ് ചെയ്തത് എന്നാണ്. "അങ്ങയിൽ നിന്ന് പിൻതിരിയുന്നവർ പൂഴിയിൽ എഴുതിയ പേര് പോലെ അപ്രത്യക്ഷരാകും, എന്തെന്നാൽ ജീവജലത്തിന്റെ ഉറവയായ കർത്താവിനെ അവർ ഉപേക്ഷിച്ചു." ഇവിടെ കുറ്റമാരോപിക്കാൻ വ്യഗ്രതപൂണ്ട്

നിൽക്കുന്ന ജനം, ദൈവത്തിന് നേരെ മുഖം തിരിച്ച് നിൽക്കുന്നവരായി ചിത്രീകരിക്കുന്നു എന്ന് സാരം.

വ്യാഖ്യാനങ്ങളുടെ വൈജാത്യങ്ങൾ അനേകം ഉണ്ടെങ്കിലും വളരെ സരളവും ഋജുവുമായ ഒരു സന്ദേശം ഈ വാക്കുകൾക്ക് പിന്നിൽ വത്സലശിഷ്യൻ ഒളിപ്പിച്ച് വച്ചിട്ടുണ്ട്. അത് മറ്റൊന്നുമല്ല, നിയമത്തെ കരുണ ജയിക്കുന്നു എന്നത് മാത്രമാണ്. നിയമബദ്ധതയുടെ ഭീകരതയെ കരുണയുടെ സ്പർശനങ്ങളാൽ ജയിക്കാൻ കഴിയട്ടെ എനിക്കും നിങ്ങൾക്കും. ജീവനില്ലാത്ത ലിപികൾകൊണ്ട് രചിക്കപ്പെട്ട നിയമസംഹിതകൾക്കുമേൽ കരുണയുടെ നൂതന ലിപികൾകൊണ്ട് പുതിയ നിയമം രചിക്കാൻ ഇടയാവട്ടെ.

**മനസ്സാക്ഷിയെ വിചാരണചെയ്യുന്ന ഉത്തരം**

"നിങ്ങളിൽ പാപമില്ലാത്തവർ ആദ്യം അവളെ കല്ലെറിയട്ടെ." തന്നെ വാക്കിൽകുടുക്കാനും വിചാരണചെയ്യാനും ശ്രമിച്ച യഹൂദർക്ക് യേശു നൽകിയ ഈ ഉത്തരം ചോദ്യത്തെക്കാൾ പതിന്മടങ്ങ് അപകടകരമായതിന്റെ തെളിവാണ് കല്ലുകൾ ഉപേക്ഷിച്ച് മുതിർന്നവർതുടങ്ങി ഓരോരുത്തരായി പിൻവാങ്ങി എന്ന സൂക്ഷ്മവിവരണം. ഈ ഉത്തരത്തിലൂടെ നിയമാവർത്തവം 13:9,17; ലേവ്യർ 24:14 എന്നീ വചനങ്ങളെയാണ് യേശു സ്പർശിക്കുന്നത്. പാപത്തിൽ പങ്കുചേരാത്ത പവിത്രകരങ്ങളുള്ള വ്യക്തിയാണ് കുറ്റം ആരോപിക്കേണ്ടതും കുറ്റവാളിയുടെമേൽ ആദ്യത്തെ കല്ല് എറിയേണ്ടതുമെന്നാണ് ഈ നിയമഭാഗങ്ങൾ നിഷ്കർഷിക്കുന്നത്. ഈ ഒരു ഉത്തരത്തിലൂടെ ചോദ്യംചോദിച്ച് തന്നെ കുടുക്കാൻവന്ന യഹൂദനേതൃത്വത്തെ യേശു എങ്ങനെയാണ് അപകടത്തിലാക്കുന്നത്? യേശുവിന്റെ വിധിതീർപ്പ് കേട്ട് സ്ത്രീയെ കല്ലെറിയുന്നവൻ റോമൻ നിയമപ്രകാരം രാജ്യദ്രോഹക്കുറ്റത്തിന് ശിക്ഷാർഹരാകും. ഇനി കല്ലെറിഞ്ഞില്ലെങ്കിലോ? പൊതുസമക്ഷം തങ്ങൾ പാപികളാണെന്നുള്ള പരസ്യമായ അംഗീകരിക്കലായി മാറുമത്. അതോടെ നാളിതുവരെ അണിഞ്ഞുനടന്ന വിശുദ്ധ പരിവേഷങ്ങളുടെ പൊയ്മുഖങ്ങൾ അഴിഞ്ഞുവീഴുകയും ചെയ്യും. കുറ്റം വിധിക്കാൻ വന്നവർ പാപസങ്കീർത്തനം നടത്തി തിരിച്ചുപോകുന്ന ദൃശ്യമാണ് ഇവിടെ കാണുന്നത്. എല്ലാക്കാലത്തും സ്വന്തം അകൃത്യങ്ങളുടെമേൽ സദാചാരനിഷ്ഠയുടെ മേലങ്കിയണിഞ്ഞ് അന്യരെ കുറ്റംവിധിക്കാൻ വെമ്പുന്ന എല്ലാക്കാലത്തെയും മനുഷ്യരെ സ്വന്തം അന്തഃകരണത്തിലേക്ക് നോക്കാൻ നിർബന്ധിക്കുന്ന വാക്കുകളാണിത്.

**മനുഷ്യമഹത്വത്തോടുള്ള ആദരവിന്റെ നേർസാക്ഷ്യം**

ജീവിച്ചിരിക്കാൻ അർഹതയില്ലാത്തവിധം നികൃഷ്ടയെന്ന് നിയമപുസ്തകവും യഹൂദമനഃസ്സാക്ഷിയും വിധിയെഴുതിയ പാപിനിയോടുള്ള നസ്രായന്റെ മനോഭാവം നിശ്ചയമായും ആശ്ചര്യപ്പെടുത്തുന്നതാണ്. ഇടറിപ്പോയവരെ വിധിക്കുന്നതിൽ രണ്ടായിരത്തിൽപരം വർഷങ്ങൾ കഴിഞ്ഞിട്ടും നമ്മുടെ പൊതുബോധം യേശുവിന്റെ സമകാലികരുടേതിനേക്കാൾ ഒട്ടും വളർന്നിട്ടില്ലെന്നതുതന്നെ കാരണം. ഇടറിവീണവരോടുള്ള യേശുവിന്റെ ആർദ്രമായ ഇടയഹൃദയം സ്ത്രീയെ എന്ന ആദരവാർന്ന അഭിസംബോധനയിൽ വെളിപ്പെടുന്നുണ്ട്. ഹെബ്രായഭാഷയിൽ *ഈഷാ* എന്നും ഗ്രീക്ക് ഭാഷയിൽ *ഗുണെയ്* എന്നുമുള്ള അഭിസംബോധന യഹൂദ/യവന ലോകം ഏറ്റവും ആദരവോടെ സ്ത്രീയെ അഭിസംബോധനചെയ്യാൻ ഉപയോഗിച്ചിരുന്നവയാണ്. വത്സലശിഷ്യന്റെ തൂലികയിൽ സ്ത്രീയെ എന്ന ഈ അഭിസംബോധന മറ്റ് നാല് ഇടങ്ങളിൽകൂടി ഇതേ ആദരവിന്റെ ഭാവത്തോടെ യേശു ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് (2:4; 4:21; 19:26; 20:13). കഷ്ടിച്ച് ഏതാണ്ട് നൂറ് വർഷം മുൻപുവരെ കേരളത്തിന്റെ പൊതുജീവിതത്തിന്റെ ഭാഗമായിരുന്ന സ്മാർത്തവിചാരങ്ങളിൽ പ്രതിസ്ഥാനത്ത് നിർത്തപ്പെട്ട സ്ത്രീകളെ തികഞ്ഞ അവജ്ഞയോടെ 'സാധനം' എന്ന് വിളിച്ചിരുന്നതോർക്കുമ്പോഴാണ് സുവിശേഷങ്ങളിലെ യേശു എത്ര ആദരവോടെയാണ് മനുഷ്യനെ വീക്ഷിച്ചിരുന്നതെന്ന് വ്യക്തമാകുന്നത്. അവസാനമായി, മുൻവിധികളില്ലാതെ മനുഷ്യമഹത്വത്തെ ആദരിക്കുമ്പോഴും ഉപാദികളില്ലാതെ കരുണ കൊടുക്കുമ്പോഴും പാപത്തോടുള്ള വിട്ടുവീഴ്ച്ചകളില്ലാത്ത അവന്റെ നിലപാട് മേലിൽ പാപം ചെയ്യരുത് എന്ന വാക്കുകളിൽ പ്രതിഫലിക്കുന്നുണ്ട്. ഒപ്പം, "ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കുവിധിക്കാനല്ല; പ്രത്യുത അവൻവഴി ലോകം രക്ഷപ്രാപിക്കാനാണ്" (യോഹ. 12:47) എന്ന വചനത്തിന്റെ സാധൂകരണമായിട്ടും ഇതിനെ മനസ്സിലാക്കാം.

## ഒരു കാലിക വായന

### ശരീരദൈവശാസ്ത്രത്തിന്റെ സമകാലിക പ്രസക്തി

ഉടലിന്റെ ഇടർച്ചകളെ തീക്ഷണമായും ക്രൂരമായും വിചാരണ ചെയ്യുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അരുതിന്റെ ലക്ഷമണരേഖകൾ ചിന്തയില്ലാതെ അതിലംഘിച്ചവർ പരസ്യമായി വലിച്ച് കീറപ്പെടുന്ന കാലം. ഇവിടെ ഗൗരവമായ പരിചിന്തനം ആവശ്യമുള്ള വിഷയമാണെന്ന് തോന്നുന്നു ഉടലിന്റെ ദൈവശാസ്ത്രത്തിന്റെ കാലിക പ്രസക്തി. കാരണം മറ്റൊന്നുമല്ല, ഇടർച്ചയുടെയും സ്വയാവബോധ നഷ്ടത്തിന്റെയും ചുരുക്കം ചില വിനാഴികളിലൊഴികെ അതിശക്തരും അതിനിപൂണരുമായിരുന്ന പലരും സ്വന്തം ശരീരമാകുന്ന ഇടർച്ചയുടെ കല്ലിൽ തട്ടി അതിദയനീയമായി നിലംപൊത്തുകയും കപടസദാചാരബോധത്തിന്റെ മൂടുപടം ധരിച്ച് പൊതുസമൂഹം അവരുടെമേൽ വിമർശന ശരങ്ങളയയ്ക്കുകയും ചെയ്യുന്ന വർത്തമാനകാല സാമൂഹിക പരിതോവസ്ഥ തന്നെ. ഇവിടെയെല്ലാം നിരന്തരം ഓർമ്മിക്കപ്പെടേണ്ടത് ഇതെഴുന്നവരും വായിക്കുന്നവരും ഉടലാകുന്ന ഇടർച്ചയുടെ കല്ല് ചുമക്കുന്നവരാണന്നതുതന്നെയാണ്. അതുകൊണ്ട് പുനർവായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യേണ്ട വസ്തുതയാണ് ഉടൽ ദൈവശാസ്ത്രത്തിന്റെ സമകാലിക പ്രസക്തി.

ശരീരപൂജയുടെ ഈ കാലഘട്ടത്തോട് ഉടലിന്റെ ദൈവശാസ്ത്ര ആഭിമുഖ്യങ്ങൾ ഉറക്കെപ്പറഞ്ഞത് വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയാണെന്ന് തോന്നുന്നു. ഒരു പക്ഷെ വേദപുസ്തകം വിഭാവനം ചെയ്യുന്ന ശരീരസങ്കൽപ്പവും വർത്തമാനകാലത്തിന്റെ ശരീര സങ്കല്പവും നേർരേഖകൾ പോലെ ഒരിക്കലും സന്ധിക്കാതെ അനന്തതയിലേക്ക് നീണ്ടുപോവുകയാണെന്ന് തോന്നുന്നു. ശരീരപൂജയുടെയും മാംസ വിപണനത്തിന്റെയും ഇക്കാലഘട്ടത്തിൽ ഉടലിനെ ഉടുപ്പായി കാണുന്നു എന്ന ഭീകരവിപത്താണ് നമ്മെ പിടികൂടിയിരിക്കുന്നത്. ഉടലിനെ അലങ്കരിക്കാനോ, പൊതിയാനോ ഉള്ളതാണല്ലോ ഉടുപ്പ്. അത് മുഷിയുമ്പോൾ മാറ്റാനും, പഴകുമ്പോൾ കളയാനുമുള്ളതാണ്. അപ്പോൾ യഥാർത്ഥത്തിൽ ശരീരമെന്താണ്? മനുഷ്യശരീരത്തെകുറച്ചുള്ള പുരാതന വ്യാഖ്യാനങ്ങളിൽ ഏറ്റവും സുന്ദരമായത് വി. പൗലോസിന്റെതാണ്, “നിങ്ങളുടെ ശരീരം ദൈവത്തിന്റെ ആലയമാണ്.” ശരീര ദൈവശാസ്ത്രത്തിന്റെ ഹൃദയം ഈ വാക്കുകളിലുണ്ട്. ദേവാലയം പോലെയാണ് ശരീരമെന്നല്ല വേദപുസ്തകം പറയുന്നത് മറിച്ച്

ശരീരം ദേവാലയമാണ് എന്നാണ്. ഭൂമിയിലെ ഏറ്റവും പുരാതന മായ ആദ്യദേവാലയം ആദിമനുഷ്യനായ ആദത്തിന്റെ ശരീരമായിരുന്നു. ദൈവത്തിന്റെ ചൈതന്യം ആദ്യമായി വസിച്ച ഭൂമിയുടെ സന്തതി. ഈ ഒരു ശരീര കാഴ്ചപ്പാടാണ്, സ്വവർഗരതിയെ പ്രണയിക്കുന്ന, കൂടിത്താമസത്തെ (living together) പുരോഗമനത്തിന്റേയോ പരിഷ്കാരത്തിന്റേയോ അടയാളമായി വർണ്ണിക്കുന്ന, വിവാഹമോചനങ്ങളെ സ്വയം പര്യാപ്തതയുടെയും സ്വത്വാന്വേഷണത്തിന്റെയും അടയാളമായി വാഴ്ത്തുന്ന, കാമപൂർത്തിക്ക് പിഞ്ചു പൈതലെന്നോ പടുകിളവിയെന്നോ ഭേദമില്ലാത്തവിധം അധഃപതിച്ച ഈ തലമുറയെ പഠിപ്പിക്കേണ്ടതും ശീലിപ്പിക്കേണ്ടതും. നമ്മുടെ അദ്ധ്യാപന സാധ്യതകളെ ആ രീതിയിൽ അപനിർമ്മിക്കേണ്ടതാണെന്നാണ് തോന്നുന്നത്. മനുഷ്യന്റെ ഉള്ളിലെ ഏറ്റവും വലിയ അഭിനിവേശങ്ങളിൽ ഒന്നായ ലൈംഗികതയെയും ശരീരത്തെയും മനസിലാക്കി കൊടുക്കാനോ ഉചിതമായി അവതരിപ്പിക്കാനോ നമ്മുടെ മതബോധന സംവിധാനങ്ങൾക്കും വിദ്യാഭ്യാസ സമ്പ്രദായത്തിനും സുവിശേഷ വ്യാഖ്യാനങ്ങൾക്കും കഴിഞ്ഞിട്ടുണ്ടോ എന്നത് ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നുണ്ട്. അരുതുകളുടെയും പാപത്തിന്റെയും പട്ടികയിലവതരിപ്പിച്ച് ഒഴിഞ്ഞുമാറേണ്ടതല്ല ശരീരവും അതിന്റെ ദൈവശാസ്ത്രവും. അത് വ്യാഖ്യാനിക്കേണ്ടതും വ്യക്തതവരുത്തേണ്ടതും ബോധവത്കരിക്കേണ്ടതുമായ ഒരനിവാര്യതയാണ്.

അവസാനമായി, വി. പൗലോസ് ശ്ലീഹായാണ് പറഞ്ഞത് ശരീരത്തിന്റെ നിശിതവും സമഗ്രവുമായ ശിക്ഷണത്തിന്റെ യുഗാന്ത്യോന്മുഖതയെപ്പറ്റി. "മറ്റുള്ളവരോട് സുവിശേഷം പ്രസംഗിച്ച ഞാൻ തന്നെ തിരസ്കൃതനാകാതിരിക്കാൻ എന്റെ ശരീരത്തെ കർശനമായി നിയന്ത്രിച്ച് കീഴടക്കുന്നു"(1കോറി. 9:27). മഹാരഥന്മാരുടെ പതനകാരണം ശിക്ഷണ വിധേയമാകാത്ത ഉടലും അതിന്റെ കാമനകളുമായിരുന്നു എന്നാണ് വേദപുസ്തകം പറയുന്നത്. വേദപുസ്തകം അവതരിപ്പിക്കുന്ന മഹാബുദ്ധിമാൻ സോളമനും മഹാബലവാൻ സാംസനും പരമഭക്തൻ ദാവീദും ഇടറിവീണതും പരാജിതരായതും അനിയന്ത്രിതവും അശിക്ഷിതവുമായ അവരുടെ ശരീരവും അതിന്റെ കാമനകളും നിമിത്തമായിരുന്നു. അതുകൊണ്ട് ശരീരമാകുന്ന കല്ലിൽ തട്ടി ഇടറി വീണവരെ വിമർശിക്കുകയല്ല, മറിച്ച് ശരീരത്തിന് ഒരു ദൈവശാസ്ത്രം രൂപപ്പെടുത്തുകയും അത് പകർന്നുകൊടുക്കുകയുമാണ് വർത്തമാനകാലത്തിലെ നിയോഗങ്ങളിൽ പ്രധാനപ്പെട്ടത്.

14

# വചനം പ്രകാശമായി മാറുമ്പോൾ
## (യോഹ. 9:1 – 41)

"എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചം ലോകത്തിലേക്ക് വരുന്നുണ്ടായിരുന്നു"എന്നാണ് യോഹന്നാൻ ലോകത്തിലേക്കുള്ള വചനത്തിന്റെ യാത്രയെ വിശേഷിപ്പിച്ചത്. ആദിയിൽ അന്ധകാരത്തിന്റെമേൽ പ്രകാശമായി മാറിയ വചനം, കാലത്തിന്റെ പൂർണ്ണതയിൽ മാംസം ധരിച്ചതും കൂടെ വസിക്കുന്നതും യോഹന്നാന്റെ ഭാഷയിൽ പ്രകാശിപ്പിക്കാനാണ്. പിറവിമുതലേ വെളിച്ചം പ്രവേശിക്കാത്ത ഒരു അന്ധയാചകന്റെ നേത്രപടലങ്ങളിൽ വചനം പ്രകാശമാകുന്ന, സുന്ദരരംഗമാണ് ഒമ്പതാം അധ്യായത്തിൽ നാം കാണുന്നത്. ഈ സൗഖ്യവിവരണത്തെ ലോകത്തിലേക്ക് വന്ന വചനം എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുക എന്ന തന്റെ നിയോഗത്തെ പൂർത്തികരിച്ചുകൊണ്ട് പ്രകാശത്തിന്റെ വിരുന്നായി മാറിയതിന്റെ സുന്ദരമായ ആവിഷ്കാരമായി നമുക്കീ വിവരണത്തെ മനസിലാക്കാം. ഒപ്പം യോഹന്നാന്റെ തന്നെ രചനയിലെ മറ്റ് രണ്ട് വചനങ്ങളുടെ നിറവേറലായിക്കൂടിവേണം മനസിലാക്കാൻ.

> "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കേണ്ടി വരികയില്ല, ജീവന്റെ പ്രകാശം അവനുണ്ടായിരിക്കും." (യോഹ. 8:12)
>
> "ലോകത്തിലായിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ പ്രകാശമാണ്." (യോഹ. 9:5)

പഴയനിയമ കാലഘട്ടത്തിൽ, ഇസ്രായേലിൽ അന്ധത ഒരു സാധാരണ രോഗാവസ്ഥയായിരുന്നു എന്നാണ് ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായം. പക്ഷെ പഴയ

നിയമ വിവരണത്തിലൊരിടത്തും തോബിത്തിന്റെ പുസ്തകത്തില ല്ലാതെ (തോബി. 11:11) അന്ധത സുഖപ്പെടുന്ന ഭാഗങ്ങൾ പരാമർശി ച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്. ഇസ്രായേലിലെ മഹാരഥന്മാരായ ഏലിയ ഉൾപ്പെടെയുള്ള പ്രവാചകന്മാർ മരിച്ചവർക്ക് ജീവൻ കൊടു ക്കുന്ന രംഗം വരെ വിവരിച്ചിട്ടുണ്ടെങ്കിലും അന്ധരെ സുഖപ്പെടുത്തുന്ന വിവരണങ്ങൾ ഇല്ലതന്നെ. പക്ഷെ മിശിഹായുടെ കാലഘട്ടത്തെ കുറി ച്ചുള്ള പ്രതീക്ഷകളുടെ ഏറ്റവും വലിയ സവിശേഷതയാണ് അന്ന് അന്ധരുടെ കണ്ണുകൾ തുറക്കപ്പെടും എന്ന പ്രവചനം. മിശിഹാ യുഗ ത്തിന്റെ ഐശ്വര്യത്തെകുറിച്ച് ഏശയ്യാ പ്രവചിക്കുന്നു: "ഭയപ്പെടേണ്ട ധൈര്യം അവലംബിക്കുവിൻ, ഇതാ നിങ്ങളുടെ ദൈവം പ്രതികാരം ചെയ്യാൻ വരുന്നു. ദൈവത്തിന്റെ പ്രതിഫലമായി വന്ന് അവിടുന്ന് നിങ്ങളെ രക്ഷിക്കും. അപ്പോൾ അന്ധരുടെ കണ്ണുകൾ തുറക്ക പ്പെടും"(ഏശ. 35:5). ദൈവം രക്ഷയുമായി മഹത്വത്തോടെ വരുന്ന നാളിന്റെ പ്രത്യേകതയാണ് ഏശയ്യാ അന്ന് അന്ധകരുടെ കണ്ണുകൾ തുറക്കപ്പെടും എന്ന ചിന്ത അവതരിപ്പിച്ചിരിക്കുന്നത്. ജന്മനാ അന്ധ നായവന്റെ കണ്ണുകൾ യേശു തുറക്കുന്ന സംഭവത്തിലൂടെ വത്സല ശിഷ്യൻ പങ്കുവയ്ക്കാനാഗ്രഹിക്കുന്ന സന്ദേശവും വേറൊന്നല്ല; ഇതാ നസ്രത്തിലെ യേശുവിന്റെ വരവിൽ പ്രവാചകൻ വാഗ്ദാനം ചെയ്ത കൃപയുടെ കാലം; കാഴ്ചയുടെ ഉത്സവത്തിലേക്ക് ഇരുട്ടിലായ സകല നേത്രങ്ങളും ഉണരുന്ന കാലം.

### രോഗം പാപത്തിന്റെ പരിണിതഫലമോ?

ഏതാണ്ട് അരഡസനിലധികം പഴയനിയമ ഭാഗങ്ങളിൽ ആവർത്തി ക്കപ്പെട്ട ഒരാശയത്തിന്റെ പ്രകമ്പനമാണ് ജന്മനാ അന്ധനായ മനുഷ്യനെ കാണുമ്പോൾ ഉന്നയിക്കപ്പെട്ട ശിഷ്യന്മാരുടെ ചോദ്യം "റബ്ബി ഇവൻ അന്ധ നായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്. ഇവന്റെയോ, ഇവന്റെ മാതാ പിതാക്കന്മാരുടെയോ?"(യോഹ. 9:2). രോഗം വ്യക്തിയുടെയോ പൂർവ്വി കരുടെയോ പാപത്തിന്റെ ഫലമാണെന്ന പ്രാകൃത ചിന്ത വേദപുസ്ത ത്തിൽ, പ്രത്യേകിച്ച് പഴയനിയമപുസ്തകങ്ങളിൽ, കൃത്യമായി പറ ഞ്ഞാൽ ഏഴ് തവണ ആവർത്തിച്ച് പരാമർശിക്കുന്നുണ്ട് (പുറ. 20:5, 34:7, സംഖ്യ 14:18, സങ്കീ. 79:8, 109:14, ഏശ. 65:6, 65:7). ഇവിടെയെല്ലാം നാം കാണുന്നത് മനുഷ്യന്റെ യുക്തിക്ക് പ്രഥമദൃഷ്ട്യാ ഉത്തരം കാണാൻ കഴിയാത്ത സഹനം എന്ന സമസ്യയെ പാപവുമായി ബന്ധി പ്പിച്ച് വ്യാഖ്യാനിക്കുക എന്ന ലളിതമായ യുക്തിയാണ്. സഹനം പാപ ത്തിന്റെ അനന്തരഫലമാണ് എന്ന വ്യാഖ്യാനത്തിലൂടെ പാപം ചെയ്യു

ന്നതിൽ നിന്ന് ഭയപ്പെടുത്തി പിന്തിരിപ്പിക്കുക എന്ന യുക്തിയാണ് (theory of deterence) കാണുന്നത്. എന്നാൽ, ഈ ചിന്തയുടെ പൊള്ളത്തരം തിരിച്ചറിയുന്നത് നീതിമാന്റെ സഹനത്തെ ക്രിസ്തുവിന്റെ സഹനങ്ങളുടെ വെളിച്ചത്തിൽ പുനർവായിക്കുമ്പോഴാണ്. യഥാർത്ഥത്തിൽ, പാപത്തെകുറിച്ച് ഭയം ജനിപ്പക്കുക, പാപം നിരുത്സാഹപ്പെടുത്തുക എന്ന ലളിതമായ ഉദ്ദേശം എന്നതിലപ്പുറം, രോഗത്തിന്റേയോ സഹനത്തിന്റേയോ താത്വിക അടിത്തറ അവതരിപ്പിക്കുക എന്ന യാതൊരു ലക്ഷ്യവും പാപത്തെയും രോഗത്തെയും തമ്മിൽ കൂട്ടിക്കെട്ടുന്ന ഈ ഭാഗങ്ങൾക്കില്ലതന്നെ.

**പാപത്തിന്റെ വ്യക്തിപരമായ ഉത്തരവാദിത്വം**

ഏതാണ്ട് ഏഴിലധികം ഭാഗങ്ങളിൽ (നിയമത്തിലും, പ്രവാചകൻമാരിലും, ലിഖിതങ്ങളിലും) ആവർത്തിച്ച് ഒരു ജനതയുടെ ബോധമണ്ഡലത്തിലും ധാർമ്മിക വിചാരത്തിലും ഇടം പിടിച്ച് പോയ സഹനം പാപത്തിന്റെ പ്രതിഫലമാണെന്ന ചിന്തയെ തിരുത്താൻ ഏറ്റവുമധികം ശ്രമിച്ചത് പ്രവാചകനായ എസക്കിയേലാണ്. അസ്സീറിയൻ, ബാബിലോണിയൻ പ്രവാസങ്ങൾകൊണ്ട് ആത്മബോധവും തനിമയും നഷ്ടപ്പെട്ട യഹൂദ മതത്തിന്റെയും സംസ്കാരത്തിന്റെയും നവോത്ഥാന നായകൻ എന്നതാണ് എസക്കിയേൽ പ്രവാചകന് യഹൂദ ചരിത്രത്തിലെ സ്ഥാനം. കറ കളഞ്ഞ യഹൂദസംസ്കാരത്തിന്റെ വക്താവായിരുന്നു അദ്ദേഹം. ജീർണ്ണതയിൽ നിന്ന്, ആരാധാന രീതികളെയും പൗരോഹിത്യത്തെയും യഹോവയുമായുള്ള ഉടമ്പടി ബന്ധത്തെയും ഏകദൈവവിശ്വാസത്തെയും യഹൂദ സംസ്കാരത്തെയും പുനർനിർമ്മിച്ചതിൽ പ്രവാസാനന്തരമുള്ള എസക്കിയേലിന്റെ ചിന്തകളും പ്രവൃത്തികളും വലിയ ഒരു പങ്കുവഹിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ തലമുറകളിൽ രൂഢമൂലമായ പൂർവ്വിക ശാപം, പാപത്തിന്റെ ഫലമായ സഹനം എന്നീ ചിന്തകളെ പ്രവാചകൻ അതിശക്തമായി തിരുത്തുന്നുണ്ട്. എസക്കിയേൽ പ്രവചനം 18, 33 അധ്യായങ്ങളിൽ പാപത്തിന്റെ വ്യക്തിപരമായ ഉത്തരവാദിത്വത്തെക്കുറിച്ച് പ്രവാചകൻ പഠിപ്പിക്കുന്നത് ഇസ്രായേലിന്റെ സാമൂഹിക-മത ബോധത്തിലലിഞ്ഞുചേർന്ന പാപശാപങ്ങളെക്കുറിച്ചുള്ള തെറ്റിദ്ധാരണയെ തിരുത്തിക്കൊണ്ടാണ്.

> "പിതാക്കന്മാർ പുളിക്കുന്ന മുന്തിരിങ്ങ തിന്നു, മക്കളുടെ പല്ല് പുളിച്ചു എന്ന പഴമൊഴി നിങ്ങൾ ഇപ്പോഴും ആവർത്തിക്കുന്നതെന്തിന്? കർത്താവ് അരുളിച്ചെയ്യുന്നു: ഞാനാണേ ഈ പഴമൊഴി ഇസ്രായേലിൽ ഇനി ഒരിക്കലും നിങ്ങൾ ആവർത്തിക്കുകയില്ല." (എസെ. 18:2-3)

ഭീകരമായ ബാബിലോൺ പ്രവാസത്തിന്റെയും അടിമത്വത്തിന്റെയും വിശുദ്ധ സ്ഥലത്തിന്റെ നാശത്തിന്റെയും കാരണം പൂർവ്വികരുടെ അവിശ്വസ്തതയിൽ ആരോപിച്ച്, പൂർവ്വികരുടെ പാപത്തിന്റെ പരിണിത ഫലങ്ങളെക്കുറിച്ച് പര്യാകുലരായ തന്റെ സമകാലികരെയാണ് എസക്കിയേൽ ഇവിടെ ധൈര്യപ്പെടുത്തുന്നതും ആശ്വസിപ്പിക്കുന്നതും. ഈ പ്രത്യാശയുടെ വചനങ്ങൾക്ക് വർത്തമാനകാലത്തും പ്രസക്തിയുണ്ട്. ശാപത്തിന്റെ പ്രഘോഷണത്തിൽ പ്രത്യേക പ്രാവീണ്യം നേടിയിട്ടുള്ള സമകാലിക പ്രഘോഷകർ എസക്കിയേൽ പ്രവചനം കൂടി നന്നായി പഠിച്ചിട്ട് ഇറങ്ങിയിരുന്നെങ്കിൽ! തങ്ങൾക്ക് താൽപര്യമുള്ളത് സ്ഥാപിക്കാൻ ചില വചനഭാഗം മാത്രം കൂട്ട് പിടിക്കുന്നത് പെന്തക്കുസ്താ പ്രസ്ഥാനങ്ങളിലെ പ്രസംഗങ്ങളുടെ ശൈലിയാണ് എന്നോർക്കുന്നത് നന്ന്. തുടർന്ന് 18-ാം അധ്യായം 20-ാം വചനത്തിൽ പ്രവാചകൻ അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നു,

> "പാപം ചെയ്യുന്നവൻ മാത്രമായിരിക്കും മരിക്കുക, പുത്രൻ പിതാവിന്റെ തിന്മകൾക്കുവേണ്ടിയോ, പിതാവ് പുത്രന്റെ തിന്മകൾക്കുവേണ്ടിയോ ശിക്ഷിക്കപ്പെടുകയില്ല."(18:20)

പൂർവ്വികശാപം എന്ന വലിയൊരു ഭീതിയെയാണ് ഈ വചനത്തിലൂടെ പ്രവാചകൻ തിരുത്താൻ ശ്രമിക്കുന്നത് എന്ന് വ്യക്തമാണല്ലോ. ഇനി അവശേഷിക്കുന്ന പ്രശ്നം വ്യക്തിയുടെ സഹനത്തിന്റെ കാരണം അവന്റെ പാപമാണോ, പാപിയെ ശിക്ഷിക്കാൻ ദൈവം കാത്തിരിക്കുകയാണോ എന്നതാണ്. ഇവിടെ പ്രവാചകന്റെ തിരുത്തൽ സ്വരം ശ്രദ്ധിക്കുക, "ഇസ്രായേൽ ജനമേ നിങ്ങൾ എന്തിന് മരിക്കണം, ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു ആരുടെയും മരണത്തിൽ ഞാൻ സന്തോഷിക്കുന്നില്ല നിങ്ങൾ പശ്ചാത്തപിക്കുകയും ജീവിക്കുകയും ചെയ്യുവിൻ" (18:32). വേദപുസ്തകം ഉയർത്തിക്കാട്ടുന്നത് പാപത്തിന്റെ ഭീകരതയല്ല മറിച്ച് അനുതാപത്തിലൂടെ നവീകൃതമാകുന്ന ജീവിതത്തിന്റെ സൗന്ദര്യത്തെയാണ് എന്ന് ചുരുക്കം.

### സഹനം: ദൈവത്തിന്റെ പ്രവൃത്തികൾ പ്രകടമാകുന്നതിന്

രോഗത്തെയും തകർച്ചയെയും സഹനങ്ങളെയും പൂർവ്വികപാപത്തിന്റെ നുകത്തിൽ കെട്ടി വ്യാഖ്യാനിച്ചും വിധി നിർണ്ണയിച്ചും നൂറ്റാണ്ടുകൾ പിന്നിട്ട യഹൂദമതബോധത്തെ എസക്കിയേലിലൂടെ തിരുത്തിയെങ്കിലും രോഗത്തിനും മരണത്തിനും സഹനത്തിനും ഭാവാത്മകവും രക്ഷാകരമായ ഒരു മാനം ലഭിക്കുന്നത്. വത്സല ശിഷ്യന്റെ തൂലിക പകർത്തിയ യേശുവിന്റെ ഈ വാക്കുകളിലാണ്. "ഇവന്റെയോ

ഇവന്റെ മാതാപിതാക്കളുടെയോ പ്രവൃത്തിമൂലമല്ല പ്രത്യുത ദൈവ ത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്" (യോഹ. 9:3).

ലാസറിന്റെ രോഗാവസ്ഥയെകുറിച്ച് പറയുന്ന വാക്കുകളും ഇതി നോട് വളരെ സാദൃശ്യം പുലർത്തുന്നതാണ്, "ഈ രോഗം മരണത്തിൽ അവസാനിക്കാനുള്ളതല്ല, പ്രത്യുത ദൈവത്തിന്റെ മഹത്വത്തിനും ദൈവപുത്രൻ മഹത്വം പ്രാപിക്കുന്നതിനും വേണ്ടിയുള്ളതാണ്" (യോ ഹ.11:4). നോക്കുക, സഹസ്രാബ്ദങ്ങൾ നീണ്ട ഒരു സമസ്യയെ, ആത്മീയ അന്വേഷണങ്ങൾ ആരംഭിച്ച നാൾ മുതൽ മനുഷ്യന്റെ മുന്നിൽ ഒരു പ്രഹേളിക പോലെ നിന്ന മരണം, രോഗം, സഹനം, എന്നീ യാഥാർത്ഥ്യങ്ങളെ എത്ര ലളിതമായാണ് നസ്രത്തിലെ യേശു പൂരിപ്പി ക്കുന്നത്, ഉദാത്തീകരിക്കുന്നത്. അപ്പോൾ, നസ്രത്തിലെ യേശു വെളി പ്പെടുത്തിയ ദൈവഹിതമനുസരിച്ച് സഹനവും രോഗവും എന്തിന് മര ണംപോലും ദൈവത്തിന്റെ പ്രവൃത്തി പ്രകടമാകാനാണ്; ദൈവമഹ ത്വത്തിനും ദൈവപുത്രൻ മഹത്വപ്പെടാനുമുള്ളതാണ്.

അതുകൊണ്ട് നസ്രത്തിലെ യേശുവിന് ശേഷം ഭൂമിയിൽ ഇനി ഒരു മനുഷ്യനും സഹനത്തെയോ, രോഗത്തെയോ ഭൂതകാല പ്രവൃ ത്തിയുടെ മാറാപ്പിൽ ഒളിപ്പിക്കാൻ ശ്രമിക്കരുത്. മറിച്ച് അവയുടെ സ്ഥാനം രക്ഷയുടെ പാനപാത്രത്തിലാണ്. ഒരു വ്യക്തിയുടെ നിസാ രത സർവ്വശക്തന് തന്റെ മഹത്വം വെളിപ്പെടുത്താനുള്ള വഴിയാണെ ങ്കിൽ, ആ കുറവ്, ആ നിസാരത എത്ര അനുഗ്രഹിതമാണ്. വ്യക്തിക ളുടെ തകർച്ചയും രോഗവും സഹനവും ദൈവത്തിന് മനുഷ്യന്റെ ചരി ത്രത്തിൽ എല്ലാകാലത്തും ഇടപെടാനും പ്രവർത്തിക്കാനും അവി ടുത്തെ മഹത്വം കാണിക്കാനുമുള്ള വഴികളാണ്. അതിനാൽ സഹനം ഇനി മുതൽ പൂരിപ്പിക്കേണ്ട സമസ്യയോ ഉത്തരമില്ലാത്ത പ്രഹേളി കയോ അല്ല. സഹനത്തിന് സരളവും ഋജുവുമായ ഒരുത്തരം യേശു വിനെ സ്വീകരിക്കുന്നതിലൂടെ വ്യക്തികൾക്ക് ലഭിക്കുന്നുണ്ട്.

**കാഴ്ച തരുന്ന സിലോഹാ**

"നീ പോയി സിലോഹകുളത്തിൽ കഴുകുക" എന്ന യേശുവിന്റെ വാക്കുകൾ നമ്മെ പഴയനിയമത്തിലെ രാജാക്കന്മാരുടെ രണ്ടാം പുസ്തകം അഞ്ചാം അധ്യായത്തിലെ സൗഖ്യവിവരണത്തെ ഓർമ്മി പ്പിക്കുന്നുണ്ട്. അവിടെ എലീഷാ പ്രവാചകൻ സൗഖ്യം തേടിയെത്തിയ സിറിയൻ രാജാവിന്റെ സേനാധിപനായിരുന്ന നാമാനോട് പറയുന്നത് "നീ പോയി ജോർദ്ദാൻ നദിയിൽ ഏഴ് തവണ കുളിക്കുക"(2രാജാ. 5:10-13) എന്നാണ്. ലൂക്കാ സുവിശേഷകന്റെ വിവരണത്തിൽ സൗഖ്യ

ത്തിനായി നിലവിളിച്ച പത്ത് കുഷ്ഠരോഗികളോട് യേശു പറയുന്നത് ''പോയി നിങ്ങളെ തന്നെ പുരോഹിതന് കാണിച്ചുകൊടുക്കുക"എന്നാണല്ലോ (ലൂക്ക 17:12-15). ഇവിടെയെല്ലാം സൗഖ്യം ആവശ്യമുള്ളവനിൽ നിന്ന് 'പോവുക' എന്ന ക്രിയയിലൂടെ ദൈവം ആവശ്യപ്പെടുന്ന വിശ്വാസത്തിന്റെ സഹകരണത്തിനാണ് ഊന്നൽ നൽകേണ്ടത്. ദൈവത്തിന്റെ പ്രവർത്തികൾ പ്രകടമാകാൻ മനുഷ്യന്റെ സഹകരണം ആദ്യപടിയായി മാറുന്നു. സത്യത്തിൽ, വേദപുസ്തകം അവതരിപ്പിക്കുന്ന രക്ഷാകരചരിത്രത്തത്തെ ദൈവത്തിന്റെ പദ്ധതികളോട് സഹകരിച്ച മനുഷ്യരുടെയും നിസ്സഹകരിച്ചവരുടെതുമെന്ന് രണ്ടായിതിരിക്കാമെന്ന് തോന്നുന്നു. സിലോഹയിൽ പോയി കഴുകുക എന്ന ആഹ്വാനവും വിവക്ഷിക്കുന്നത് മറ്റൊന്നല്ല. "സൗഖ്യത്തിന്റെ കർത്താവ് നിന്റെ ജീവിതത്തിൽ തന്റെ മഹത്വത്തിന്റെ പ്രവൃത്തികൾ ചെയ്യാനാഗ്രഹിക്കുന്നു"; പക്ഷെ സഹകരണത്തിന്റെയും വിശ്വാസത്തിന്റെയും ആദ്യചുവടുവയ്പ് നടത്തേണ്ടത് നീയാണ്.

**സീലോഹാകുളം:** ഹെബ്രായഭാഷയിലെ *ഷലാഹ്* (അയക്കുക) എന്ന ക്രിയാപദത്തിൽ നിന്നാണ് സീലോഹാ എന്ന പേര് രൂപം കൊണ്ടത്. ഏതാണ്ട് ബി.സി. 750 കാലഘട്ടത്തിൽ യൂദയാ രാജാവായിരുന്ന ഹെസക്കിയാണ് സീലോഹാ കുളം പണി കഴിപ്പിച്ചത്. ജറുസലേം പട്ടണത്തിന് പുറത്തുള്ള ഗിഹോൺ ഉറവയിലെ ജലം നഗരത്തിലേക്ക് സംഭരിക്കുന്നതിനുവേണ്ടിയാണ് സീലോഹാകുളം നിർമ്മിച്ചത് (2രാജാ. 20:20; 2ദിന. 32: 1-5). അസ്സീറിയൻ രാജാവ് സെന്നാക്കരീബ് യൂദയാ ആക്രമിക്കാൻ ശ്രമിച്ചതാണ് ഹെസക്കിയാ രാജാവ് സീലോഹാകുളം പണികഴിപ്പിച്ചതിന്റെ ചരിത്ര പശ്ചാത്തലം. ജറുസലേമിനെ ഉപരോധിച്ച് പാളയമടിച്ചിരുന്ന അസ്സീറിയൻ സൈന്യം ജലം എടുത്തിരുന്നത് ഗിഹോൺ ഉറവയിൽ നിന്നാണ്. ഉറവയിലെ ജലം ഭൂഗർഭ തുരങ്കം വഴി സീലോഹാ കുളത്തിൽ സംഭരിച്ചതുവഴി ഹെസക്കിയ അസ്സീറിയൻ സൈന്യത്തിന് ജലം നിഷേധിച്ചുകൊണ്ട് അവരുടെ ഉപരോധം പരാജയപ്പെടുത്തിയതായി ദിനവൃത്താന്തപ്പുസ്തകം വിവരിക്കുന്നുണ്ട് (2ദിന. 32:3-4). ഗിഹോൺ ഉറവയിലെ ജലം ഏതാണ്ട് ഒരു കിലോമീറ്ററിനടുത്ത് ദൈർഘ്യം വരുന്ന ഭൂഗർഭ തുരങ്കത്തിലൂടെയാണ് സിലോഹാ കുളത്തിൽ എത്തിച്ചത്. ജറുസലേം പട്ടണം സ്ഥിതി ചെയ്യുന്ന സിയോൻ കുന്നിന്റെ ഏറ്റവും താഴ്ന്ന ഭാഗമായ കെദ്രോൺ താഴ്വരയിലാണ് ഹെസക്കിയ രാജാവ് ഷിലോഹാകുളം പണികഴിപ്പിച്ചത്. ഇനി പേര് അർത്ഥമാക്കുന്നതുപോലെ ഗിഹോൺ ഉറവയിലെ ജലം തുരങ്കത്തിലൂടെ അയക്കുന്നതിനാൽ, സീലോഹ

അഥവാ അയക്കുന്നവൻ എന്ന് ഈ കുളം അറിയപ്പെട്ടു. അയക്കപ്പെട്ട ജലം സംഭരിക്കുന്ന ഇടം എന്നും സീലോഹാ എന്ന പദത്തിന് വ്യാഖ്യാതാക്കൾ അർത്ഥം കൽപിച്ചിട്ടുണ്ട്. ഹെസക്കിയായുടെ സമകാലികനായിരുന്ന ഒന്നാം ഏശയ്യാ 'പ്രശാന്തമായി ഒഴുകുന്ന ഷീലോവാ' എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത് (ഏശ. 8:5).

അന്ധനായ മനുഷ്യനെ സീലോഹാ കുളത്തിൽ കഴുകി വരാൻ പറഞ്ഞയക്കുന്ന ഈ സംഭവത്തിന്റെ പശ്ചാത്തലം കൂടി പ്രസക്തമാണ്. കൂടാരതിരുനാളിന്റെ പശ്ചാത്തലത്തിലാണ് ഈ സംഭവം വത്സല ശിഷ്യൻ വിവരിക്കുന്നത്. കൂടാരതിരുനാളിന്റെ അനുഷ്ഠാന വിധികളിൽ ഏറ്റവും ശ്രദ്ധേയമായിരുന്നത് പ്രധാനപുരോഹിതന്റെ നേതൃത്വത്തിൽ സ്വർണ്ണകുടങ്ങളിൽ സീലോഹകുളത്തിൽ നിന്ന് ശേഖരിച്ച ജലം പ്രദക്ഷിണമായി കൊണ്ടുവന്ന് ബലിപീഠത്തിൽ അർപ്പിക്കുന്ന ചടങ്ങായിരുന്നു. സിലോഹാ കുളത്തിനും അതിലെ ജലത്തിനും അതീവപ്രാധാന്യം ലഭിക്കുന്ന അനുഷ്ഠാന പശ്ചാത്തലത്തിലാണ് യേശു അന്ധനെ സീലോഹാകുളത്തിൽ അയക്കുന്നത് എന്ന് സാരം.

തികച്ചും വാച്യാർത്ഥത്തിലുള്ള ഈ വ്യാഖ്യാനത്തിനർത്ഥം സീലോഹാ എന്ന വാക്കിന്റെ അർത്ഥവും വത്സലശിഷ്യൻ വിവരിക്കുന്ന, വ്യാഖ്യാനിക്കാൻ ശ്രമിക്കുന്ന യേശുവിന്റെ ജീവിതവുമായി പ്രതീകാത്മകമായ എന്തെങ്കിലും ബന്ധമുണ്ടോ എന്ന പ്രസക്തമായ ചോദ്യം നമ്മുടെ മുമ്പിൽ അവശേഷിക്കുന്നുണ്ട്. യോഹന്നാന്റെ ഭാഷ്യത്തിൽ യേശുതന്നെകുറിച്ച് നടത്തുന്ന വെളിപ്പെടുത്തലുകളിൽ ഏറ്റവും അധികം ആവർത്തിക്കപ്പെട്ട വിശേഷണമാണ്. "പിതാവിനാൽ അയക്കപ്പെട്ടവൻ" എന്നതോർക്കുക (യോഹ. 7:16, 8:16, 28:42). ഈ അർത്ഥത്തിൽ വത്സലശിഷ്യന്റെ ചിന്തയിൽ യഥാർത്ഥ സീലോഹാ പിതാവ് തന്റെ പ്രവൃത്തികൾ തുടരാൻ ലോകത്തിലേക്കയച്ച പുത്രനാണ്. രക്ഷയുടെ യഥാർത്ഥ അനുഭവത്തിന് യേശുവാകുന്ന സീലോഹാ കുളത്തിലാണ് സ്നാനപ്പെടേണ്ടത്. യഥാർത്ഥ സീലോഹ (അയക്കപ്പെട്ടവൻ) യേശുവാണ് എന്ന യോഹന്നാന്റെ ഈ ഒരു ആവിഷ്കാരത്തിന് സുവിശേഷത്തിലെ തന്നെ ഇതരഭാഗങ്ങളുമായുള്ള സാധർമ്മ്യം ശ്രദ്ധിക്കുക. നാലാം അധ്യായത്തിൽ യാക്കോബിന്റെ കിണറിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നത് - യഥാർത്ഥ ജീവജലത്തിന്റെ ഉറവ യേശുവാണ് എന്നാണ്. ആത്മദാഹങ്ങളെ ശമിക്കാൻ പറ്റുന്ന ജീവജലത്തിന്റെ യഥാർത്ഥ കിണർ. തുടർന്ന് അഞ്ചാം അധ്യായത്തിൽ ബേത്സഥാ കുളപ്പടവിലെ സൗഖ്യത്തിന്റെ പശ്ചാത്തലത്തിൽ പറയുന്നത് യഥാർത്ഥ സൗഖ്യതീർത്ഥം - ബേത്സഥാ - യേശുവാണെന്നാണ്. ഇവിടെയും

ആവർത്തിക്കുന്ന പ്രമേയം ഇതുതന്നെയാണ്. യഥാർത്ഥ സീലോഹ നസ്രത്തിലെ യേശുവാണ്.

അന്ധതയെ അത് ബാഹ്യമോ ആന്തരികമോ ആയി വ്യാഖ്യാനിക്കാമെങ്കിലും, യോഹന്നാന്റെ ഭാഷയിൽ ഈ സൗഖ്യം - അന്ധൻ കാഴ്ചയുള്ളവനാകുന്നത് - ഒരു അടയാളമാണ്. ഒരു മനുഷ്യന്റെ ബാഹ്യമായ അന്ധത പരിഹരിക്കുന്നതുവഴി അനേകരുടെ ആത്മീയ അന്ധതയ്ക്കുള്ള പരിഹാരം അവതരപ്പിക്കുന്ന രചനാ വൈഭവം. നസ്രത്തിലെ യേശുവാണ് യഥാർത്ഥ പ്രകാശത്തിന്റെ ഉറവിടം. യഥാർത്ഥത്തിൽ കാഴ്ചയുണ്ടാകാൻ, ആന്തരിക നേത്രങ്ങൾ പ്രകാശിതമാകാൻ അവനെ സ്വീകരിക്കുകയും അവനിൽ വിശ്വസിക്കുകയുമാണ് ഏക മാർഗ്ഗം എന്നാണ് വത്സല ശിഷ്യൻ പറയാൻ ആഗ്രഹിക്കുന്നത്. "എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചം ലോകത്തിലേക്ക് വരുന്നുണ്ടായിരുന്നു" (1:9) എന്ന വചനത്തിലൂടെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യം അവതരിപ്പിക്കുന്ന വത്സലശിഷ്യൻ, അവതരിച്ച വചനം തന്റെ നിയോഗത്തെ നിവൃത്തിയാക്കുന്നതിന്റെ സുന്ദരസാക്ഷ്യമാണ് ഈ സൗഖ്യവിവരണത്തിലൂടെ നൽകുന്നത്. അതുപോലെ തന്നെ "ഞാൻ ലോകത്തിന്റെ പ്രകാശമാണ്, എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല." (8:12) എന്ന വചനത്തിന്റെ സാധൂകരണവും.

**പ്രകാശത്തിലേക്കുള്ള യാത്രയുടെ നാൾവഴികൾ**

ബാഹ്യനേത്രങ്ങൾ പ്രകാശിക്കപ്പെട്ട കഥ പറഞ്ഞ് ആന്തരികനേത്രങ്ങൾ യേശുവാകുന്ന പ്രകാശത്തിലേക്ക് തുറക്കാൻ വായനക്കാരെ ക്ഷണിക്കുന്ന ഈ സുന്ദരമായ ആഖ്യാനത്തിൽ ഒരു മനുഷ്യൻ ക്രിസ്തുവിന്റെ പ്രകാശത്തിലേക്ക് കടന്നുവരുന്നതിന്റെയും യേശുവിനെ തിരിച്ചറിയുന്നതിന്റെയും ക്രിസ്ത്വാനുഭത്തിൽ ആഴപ്പെടുന്നതിന്റെയും വിവിധ ഘട്ടങ്ങൾ കണ്ടെത്താനാകും. കാഴ്ച ലഭിച്ച ഈ മനുഷ്യൻ യേശുവിനെ മനസ്സിലാക്കുന്നതിൽ വരുന്ന പരിണാമം ഒരു പിടി പ്രതീകാത്മകത ഉൾകൊള്ളുന്നതാണ്. എങ്ങനെയാണ് നിങ്ങളുടെ കണ്ണുകൾ തുറക്കപ്പെട്ടത്? ഈ ചോദ്യത്തിന് അയാൾ നൽകുന്ന മറുപടികളിൽ യേശുവിലേക്കുള്ള അയാളുടെ ആത്മീയ വളർച്ച വ്യക്തമാകുന്നുണ്ട്.

a. ഒന്നാമത് 'എങ്ങനെയാണ് നിന്റെ കണ്ണുകൾ തുറക്കപ്പെട്ടത്?' എന്ന് ചോദിക്കുമ്പോൾ അയാളുടെ ഉത്തരം 'യേശു എന്ന് പേരുള്ള മനുഷ്യൻ...' (9:11) എന്നാണ്; യേശു അയാൾക്ക് ഇവിടെ ഒരു മനുഷ്യൻ മാത്രമാണ്.

b. രണ്ടാമത് 'അവനെ പറ്റി നീ എന്ത് പറയുന്നു?' എന്ന ചോദ്യത്തിന് "അവൻ ഒരു പ്രവാചകനാണ്" (9:17) എന്ന ഉത്തരമാണ് നൽകുന്നത്. യേശു അയാൾക്ക് മനുഷ്യനപ്പുറം ഇപ്പോൾ പ്രവാചകനായി മാറുന്നു.

c. മൂന്നാമതും യഹൂദർ ചോദ്യം ചെയ്യുമ്പോൾ അയാളുടെ മറുപടി ശ്രദ്ധിക്കുക: "ഈ മനുഷ്യൻ ദൈവത്തിൽ നിന്നുള്ളതല്ലെങ്കിൽ ഒന്നും പ്രവൃത്തിക്കാൻ കഴിയുമായിരുന്നില്ല" (9:33). ഇപ്പോൾ അയാൾ യേശുവിനെ ദൈവത്തിൽ നിന്നുള്ളവനായി തിരിച്ചറിയുന്നു.

d. നാലാമത്, "നീ മനുഷ്യപുത്രനിൽ വിശ്വസിക്കുന്നുവോ?" എന്ന യേശുവിന്റെ ചോദ്യത്തിന് "കർത്താവേ ഞാൻ വിശ്വസിക്കുന്നു" എന്ന് പറഞ്ഞ് അയാൾ യേശുവിനെ പ്രണമിക്കുന്നു. ഇവിടെ പ്രണമിക്കുക എന്ന അർത്ഥത്തിൽ സുവിശേഷകൻ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് *proskynein* എന്നതാണ്. ദൈവത്തിന് മാത്രം നൽകുന്ന പരമമായ ആരാധനയെ സൂചിപ്പിക്കാൻ യോഹന്നാൻ മറ്റ് രണ്ട് ഭാഗങ്ങളിൽ ഈ പദം ഉപയോഗിച്ചിട്ടുണ്ട് (4:20-26;12;20). അപ്പോൾ അയാൾ യേശുവിനെ കർത്താവായി സ്വീകരിച്ച് ആരാധിക്കുന്നു എന്നർത്ഥം. ഇവിടെ ശ്രദ്ധേയമായ വസ്തുത യേശുവാകുന്ന സത്യപ്രകാശത്തിലേക്ക് ഒരു മനുഷ്യൻ കടന്നുവരുമ്പോൾ അയാൾക്ക് സംഭവിക്കുന്ന ദൈവാനുഭവത്തിന്റെ വളർച്ചയാണ്. ആദ്യം അയാൾ യേശുവിനെ വിശേഷിപ്പിക്കുന്നത് ഒരു മനുഷ്യൻ, തുടർന്ന് പ്രവാചകൻ, പിന്നീട് ദൈവത്തിൽ നിന്ന് വന്നവൻ, അവസാനമാകട്ടെ കർത്താവായി ഏറ്റുപറഞ്ഞ് അയാൾ യേശുവിനെ ആരാധിക്കുന്നു. നസ്രത്തിലെ യേശുവിൽ വിശ്വസിക്കുന്ന എല്ലാ കാലഘട്ടങ്ങളിലെയും മനുഷ്യൻ എത്തിച്ചേരേണ്ട അവസാനപടിയാണ് ഇത്. യേശു കർത്താവാണെന്ന് ഏറ്റുപറഞ്ഞ് അവനെ ആരാധിക്കുക.

കേവലം ബാഹ്യനേത്രങ്ങൾക്ക് സംഭവിക്കുന്ന സൗഖ്യത്തിന്റെ വിവരണത്തിലൂടെ ഒരു മനുഷ്യന്റെ ആന്തരികത ക്രിസ്തുവിൽ പ്രകാശിപ്പിക്കപ്പെടുന്നതിന്റെ സുന്ദരമായ ഈ ആഖ്യാനത്തിൽ വിശ്വാസത്തിന്റെയും കാഴ്ചയുടെയും വികാസത്തിനൊപ്പം വളരുന്ന അവിശ്വാസത്തിന്റെ വാങ്മയചിത്രം കൂടി നാം കാണുന്നുണ്ട്. യേശുവിനെ ഏറ്റുപറയുന്നതു വഴി സമൂഹത്തിൽ നിന്ന് പുറത്താക്കപ്പെടുന്ന മനുഷ്യനിലൂടെ ദൈവിക വെളിപാടിൽ ആഘോഷനിമിഷത്തിലും പെരുകുന്ന അവിശ്വാസത്തിന്റെയും തിരസ്കരണത്തിന്റെയും ഭീകരതയാണ് യോഹന്നാൻ അവതരിപ്പിക്കുന്നത്. ഈജിപ്തിലെ ഫറവോയ്ക്ക് മുമ്പിൽ മോശ

യിലൂടെ ദൈവശക്തി ഓരോ തവണയും വെളിപ്പെടുമ്പോഴും അയാൾ കൂടുതൽ തന്റെ ഹൃദയം കഠിനമാക്കി എന്ന പുറപ്പാട് പുസ്തകത്തിലെ പരാമർശം ഇവിടെ പ്രസക്തമാണ്. യേശുവിലൂടെ ദൈവം തന്റെ കൃപ യുടെ പ്രവർത്തികൾ ചെയ്യുന്തോറും അവിശ്വാസവും ഹൃദയകാഠി ന്യവും വർദ്ധിക്കുന്നതായാണ് യഹൂദരുടെ പെരുകുന്ന അവിശ്വാസ ത്തിന്റെ വിവരണത്തിലൂടെ വത്സല ശിഷ്യൻ അവതരിപ്പിക്കുന്നത്.

സീലോഹ കുളത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന ഈ സൗഖ്യവിവരണത്തിലെ പെരുകുന്ന അവിശ്വാസത്തിനും തിരസ്കര ണത്തിനും വത്സലശിഷ്യൻ പ്രവചനങ്ങളുടെ ഒരു പൂർത്തീകരണസ്വ ഭാവം നൽകുന്നുണ്ട്. യഹൂദർ യഥാർത്ഥ ജലവും പ്രകാശവും അയ ക്കപ്പെട്ടവനുമായ യേശുവിനെ അവിശ്വസിക്കുന്നതായും ദ്വേഷിക്കുന്ന തായും തിരസ്കരിക്കുന്നതായും ചിത്രീകരിക്കുന്ന ഈ വിവരണത്തിൽ ഏശയ്യാ പ്രവചനം 8 അധ്യായം 5-ാം വാക്യത്തിന്റെ അനുരണനങ്ങൾ സുവിദിതമാണ്. “കർത്താവ് വീണ്ടും അരുളിചെയ്യുന്നു ഈ ജനം പ്രശാ ന്തമായി ഒഴുകുന്ന ഷിലോഹായെ നിരസിച്ച് റസന്റയും റമാലിന്റെ പുത്ര ന്റെയും മുമ്പിൽ വിറക്കുന്നതുകൊണ്ട് കർത്താവ് ശക്തമായി നിറഞ്ഞൊ ഴുകുന്ന നദിയെ അസീറിയാരാജാവിനെ സർവ്വപ്രതാപത്തോടും തിരിച്ച് വിടും” (8:5). “പ്രശാന്തമായ ഒഴുകുന്ന സീലോഹായെ” എന്ന വാക്ക് പ്രതീകാത്മകമായി ദ്യോദിപ്പിക്കുന്നത് ഏശയ്യായിലൂടെ പുറപ്പെട്ട വച നത്തെ, രക്ഷാവാഗ്ദാനത്തെയാണ്. “ഭയപ്പെടേണ്ട. സമാധാനമായി രിക്കുക” (ഏശയ്യ. 7:4) എന്ന യഹോവയുടെ വചനം തിരസ്കരിച്ച പഴയനിയമജനതയെപ്പോലെ ഇവിടെ പിതാവ് ലോകത്തിലേക്ക് അയച്ച മാംസം ധരിച്ച വചനമായ യേശുവും സമകാലികരാൽ, സ്വന്തജനത്താൽ തിരസ്കരിക്കപ്പെടുന്നു. യഹോവയുടെ രക്ഷാവാഗ്ദാനത്തിന്റെ പ്രതീ കമായിരുന്ന പഴയനിയമത്തിലെ സീലോഹാ തിരസ്കരിക്കപ്പെട്ടതു പോലെ ഇതാ പുതിയ സീലോഹയും തിരസ്കരിക്കപ്പെടുന്നു. വളരുന്ന തിരസ്കരണത്തിന്റെ ഈ സൂചന സത്യത്തിൽ യോഹന്നാൻ തന്റെ രചനയുടെ ആദ്യ വാചകങ്ങളിൽ അവതരിപ്പിച്ചതാണ്; “അവൻ സ്വജ നത്തിന്റെ അടുത്തേക്കു വന്നു. എന്നാൽ അവർ അവനെ സ്വീകരി ച്ചില്ല” (യോഹ. 1:11).

# ഒരു കാലിക വായന

## പൂർവ്വികശാപം എന്ന ഡമോക്ലീഷ്യൻ വാൾ

പൂർവ്വിക പാപം, തലമുറകളുടെ ശാപം, എന്നീ രണ്ട് ആശയ ങ്ങൾ സാധാരണക്കാരന്റെ, ലളിതമാനസരായ വിശ്വാസികളുടെ തലയ്ക്ക് മുകളിൽ തൂങ്ങിയാടുന്ന ഡമോക്ലീഷ്യൻ വാളായി മാറി യിട്ട് എത്ര കാലമായിട്ടുണ്ടാകും? എതാണ്ട് തൊള്ളായിരത്തി എൺപതുകളുടെ ആദ്യപാദത്തിൽ കേരളത്തിൽ പടർന്നു പിടിച്ച കരിസ്മാറ്റിക് നവീകരണത്തിന്റെ കാലം മുതലാണ് എന്താണെ ങ്കിലും ഈ ആശയങ്ങൾക്ക് പ്രചുരപ്രചാരം ലഭിച്ചുതുടങ്ങിയതും ആത്മീയ ജീവിതത്തെ ഭയപ്പെടുത്താൻ തുടങ്ങിയതും. പ്രൊട്ട സ്റ്റന്റ്-പെന്തക്കുസ്താ പ്രസ്ഥാനങ്ങളിലെ സുവിശേഷപ്രഘോഷ കരുടെ രണ്ട് പ്രധാന ആയുധങ്ങളായിരുന്നു സമൃദ്ധിയുടെ സുവി ശേഷവും ശാപത്തിന്റെ പ്രഘോഷണവും. അതായത് ദൈവത്തോട് ചേർന്ന് നിന്നാൽ എപ്പോഴും ജീവിതം അനുഗ്രഹപൂർണ്ണമാണ്. ദാരി ദ്ര്യം, തകർച്ചകൾ, രോഗം ഇവയെല്ലാം ദൈവശാപത്തിന്റെയും ദൈവാനുഗ്രഹമില്ലായ്മയുടെയും അടയാളം. സത്യത്തിൽ കത്തോ ലിക്കാ സഭ ട്രന്റ് സൂനഹദോസ് മുതൽ അബദ്ധമെന്ന് പഠിപ്പിച്ച ഈ ആശയങ്ങളാണ് നവീന സുവിശേഷപ്രസംഗകർ പൊടിതട്ടി യെടുത്ത് പ്രയോഗിക്കുന്നതെന്ന് അവർ പോലും അറിയുന്നില്ല. ബൈബിൾ ആദ്യം മുതൽ അവസാനം വരെ മുറിയാത്ത ദൈവിക വെളിപാടിന്റെ പുസ്തകമാണ്. അതിൽ ഏതെങ്കിലും ചില ഭാഗങ്ങ ളിൽ മാത്രം അടർത്തിയെടുത്ത് സ്വന്തം ഭാവനയ്ക്കനുസരിച്ച് തോന്നുന്നതുപോലെ വ്യാഖ്യാനിക്കാൻ ആർക്കും അധികാരമില്ല. സഭയാണ് വേദപുസ്തകത്തിന്റെ സൂക്ഷിപ്പുകാരി; അപ്പോൾ അവ ളുടെ മനസനുസരിച്ച് വേണം വചനം വ്യാഖ്യാനിക്കാൻ. “വിശുദ്ധ ലിഖിതങ്ങളിലെ പ്രവചനങ്ങളൊന്നും ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല” എന്ന പത്രോസ് ശ്ലീഹായുടെ വാക്കു കൾ ഇവിടെ പ്രസക്തമാണ് (2പത്രോസ് 1:20).

തലമുറകളുടെ പാപത്തെകുറിച്ചും പൂർവ്വിക ശാപത്തെ കുറിച്ചും പല പ്രഘോഷകരുടെയും ആയുധം “എന്നെ ഭയപ്പെടാ ത്തവരെ പിതാക്കൻമാരുടെ കുറ്റങ്ങൾക്ക് മക്കളെയും മക്കളുടെ മക്ക ളെയും മൂന്നും നാലും തലമുറകൾ ഞാൻ ശിക്ഷിക്കും എന്നാൽ എന്നെ ഭയപ്പെടുന്നവരുടെ മേൽ ആയിരം വർഷത്തോളം കാരുണ്യം കാണിക്കും” എന്ന പുറപ്പാട് 20:5-6 വചനങ്ങളാണ്. പഴയനിയമഭാഗങ്ങളെ വ്യാഖ്യാനിക്കാനുള്ള അടിസ്ഥാന മാന ദണ്ഢം ഹെബ്രായ ഭാഷയിലെ സാഹിത്യശൈലികൾ മനസിലാ ക്കുക എന്നതാണ്. തികച്ചും കാവ്യാത്മകമാണ് ഹെബ്രായഭാഷ. പുറ. 20:5-6 വാക്യങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത് *മെറിസം* (merism) എന്ന സാഹിത്യശൈലിയാണ്. *മെറിസം* എന്ന ഹെബ്രായ ഭാഷാശൈലിയെ (figure of speech) ക്വിന്റിലിയൻ നിർവ്വചിച്ചിരിക്കുന്നത് ഇങ്ങനെയാണ്, “the use of two opposit

statements to signify the whole”. അതായത്, രണ്ട് വിരുദ്ധ ധ്രുവങ്ങളെ പരാമർശിച്ചുകൊണ്ട് ഒരു പൂർണ്ണ ആശയത്തെ ധ്വനിപ്പിക്കുന്നു. ഉദാഹരണത്തിന്, ദിവസത്തെ സൂചിപ്പിക്കാൻ രാത്രിയും പകലും എന്ന പ്രയോഗം (സങ്കീർത്തനം 139:2). ദൈവം മനുഷ്യന്റെ ജീവിതവ്യാപാരങ്ങളെ പൂർണ്ണമായും അറിയുന്നു എന്ന ആശയം *മെറിസം* എന്ന ഭാഷാശൈലിയിലൂടെ അവതരിപ്പിക്കുന്നത് ശ്രദ്ധിക്കുക, “ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും അവിടുന്ന് അറിയുന്നു”. ‘ഇരിക്കുക’, ‘എഴുന്നേൽക്കുക’ എന്നിവ രണ്ട് വിരുദ്ധ ധ്രുവങ്ങളിലുള്ള വാക്കുകളാണ്. പക്ഷെ അവ സമഗ്രമായി മനുഷ്യന്റെ വ്യാപാരങ്ങളെ അർത്ഥമാക്കുന്നു. ഇതേപോലെ മെറിസം ഉപയോഗിച്ചിരുന്ന ധാരാളം പഴയ നിയമ ഭാഗങ്ങൾ ഉണ്ട് (സങ്കീ. 139:8; 113:3). പുറ. 20:5–6 വാക്യങ്ങളിൽ ഊന്നൽ നൽകപ്പെട്ടിരിക്കുന്ന ആശയം മൂന്നും നാലും തലമുറയും ആയിരം വർഷവുമാണ്. 20 വർഷമാണ് ഹെബ്രായ രീതിയിൽ ഒരു തലമുറയായി കണക്കാക്കിയിരുന്നത്. അപ്പോൾ മൂന്ന്-നാല് തലമുറ എന്നാൽ 60–80 വർഷങ്ങൾ. ദൈവത്തിന്റെ ക്രോധത്തിന്റെ ദൈർഘ്യം ഏറിയാൽ എൺപത് വർഷം, അവിടുത്തെ കാരുണ്യവും വിശ്വസ്തതയുമോ ആയിരം വർഷങ്ങളും. എൺപതും ആയിരവും – ഹ്രസ്വതയും ദൈർഘ്യതയും തമ്മിലുള്ള താരതമ്യമാണ് വി. ഗ്രന്ഥകാരൻ *മെറിസം* എന്ന സാഹിത്യരൂപത്തിലൂടെ നടത്തുന്നത്. എന്തിന്? ദൈവത്തിന്റെ കോപം അവിടുത്തെ അപാരമായ കരുണയുടെ മുമ്പിൽ എത്ര ഹ്രസ്വമാണ് എന്ന് കാണിക്കാൻ. വേദപുസ്തകം വേണ്ടവിധം പഠിക്കാത്തവർ ദൈവത്തിന്റെ കരുണയുടെ അപാരത അവതരിപ്പിക്കുന്ന വി. ഗ്രന്ഥ ഭാഗത്തെ എങ്ങനെയാണ് ദുർവ്യാഖ്യാനിച്ച് മനുഷ്യരെ ഭയപ്പെടുത്താനും തെറ്റിദ്ധരിപ്പിക്കാനും ഉപയോഗിക്കുന്നതെന്ന് ചിന്തിച്ചുനോക്കൂ.

ബൈബിളിൽ അനാവൃതമാകുന്ന ദൈവിക വെളിപാടിനെക്കുറിച്ചാണ് പ്രസക്തമായ മറ്റൊരു വസ്തുത. മനുഷ്യ സംസ്കാരം വികാസ പരിണാമങ്ങൾക്ക് വിധേയമാകുന്നതുപോലെ ദൈവീക വെളിപാടും യേശുവിൽ എത്തുന്നതുവരെ പരിണാമത്തിനും വളർച്ചയ്ക്കും വിധേയമാകുന്നുണ്ട്. ഏതാണ്ട് ബി.സി. 1900–500 കാലത്ത് ജീവിച്ച മനുഷ്യർ തങ്ങളുടെ സാംസ്കാരിക ബൗദ്ധിക പരിമിതികളിൽ സ്വീകരിച്ച് ആവിഷ്കരിച്ച ദൈവീക വെളിപാടുകളെ (പഴയ നിയമഗ്രന്ഥങ്ങളെ) വാച്യാർത്ഥത്തിൽ ഇന്ന് വ്യാഖ്യാനിക്കുന്നത് ഭൂഷണമല്ല. നസ്രത്തിലെ യേശുവിൽ മാത്രമാണ് ദൈവത്തിന്റെ വെളിപാടുകൾക്ക് പൂർണ്ണതയും വ്യക്തതയും കൈവരുന്നത് (ഹെബ്രാ. 1:1–2). അതുകൊണ്ട് പൂർവ്വിക ശാപത്തെ കുറിച്ചും തലമുറകളുടെ പാപത്തെകുറിച്ചും “ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല, ദൈവത്തിന്റെ പ്രവൃത്തികൾ പ്രകടമാകേണ്ടതിനാണ് ഇവൻ അന്ധനായി ജനിച്ചത്” എന്ന യേശുവിന്റെ വാക്കുകളാണ് അന്തിമം. യേശുവിൽ വിശ്വസിക്കുന്നവർക്ക് സഹനം ദൈവത്തിന് മഹത്വം പ്രാപിക്കാനും അവിടുത്തെ പ്രവൃത്തികൾ പ്രകടമാകാനുള്ള വേദിയാണ്. സഹനത്തെയും കഷ്ടതകളെയും നസ്രായന്റെ ഈ മനസോടെയാണ് സ്വീകരിക്കേണ്ടതും വ്യാഖ്യാനിക്കേണ്ടതും.

15

# ഇടയധർമ്മം അപനിർമ്മിക്കപ്പെടുന്നു
## (യോഹ. 10:1 – 18)

നസ്രത്തിലെ യേശു നടത്തുന്ന ആത്മാവിഷ്കാരങ്ങളുടെ ശ്രേണിയിൽ ഒരുപക്ഷെ ഏറ്റവും ഹൃദ്യമായതും ഒരുപാട് ധ്യാനവിഷയമായതുമായ സംജ്ഞയായിരിക്കും നല്ല ഇടയന്റേത്. അജ്ഞാതനായ ഏതോ കലാകാരന്റെ ഭാവനയിൽ വിരിഞ്ഞതാവാമെങ്കിലും നൂറ്റാണ്ടുകളായി ഒരുപാട് മനുഷ്യരെ പ്രകാശിപ്പിച്ച മിഴിവുള്ള ചിത്രങ്ങളിലൊന്നാണല്ലോ; ആട്ടിൻകൂട്ടത്തിൻ നിന്നൊരു കുഞ്ഞാടിനെ തോളിലേറ്റി മറ്റാടുകളെ ജലാശയത്തിന്റെ പ്രശാന്തതയിലേക്കും ശാദ്വലത്തിന്റെ സമൃദ്ധിയിലേക്കും നയിക്കുന്ന നല്ല ഇടയന്റെ ചിത്രം. വത്സല ശിഷ്യൻ തന്റെ സമകാലിക ഇടയന്മാർക്കെല്ലാം വെല്ലുവിളിയായി അന്നുവരെ ഉണ്ടായിരുന്ന ഇടയസങ്കല്പങ്ങളെ അപനിർമ്മിക്കാൻ നിർബന്ധിക്കുംവിധം പുതിയ ഒരു ഇടയസങ്കല്പമാണ് നല്ല ഇടയന്റെ രൂപകത്തിലൂടെ വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. ഇടയസങ്കല്പത്തിന്റെ ഉദാത്ത ഭാവത്തെ അവതരിപ്പിക്കുന്ന ഈ ഭാഗം രണ്ട് തിരുനാളുകളുടെ പശ്ചാത്തലമാണ് യോഹന്നാൻ ഒരുക്കിയിരിക്കുന്നത്. അന്ധനായ മനുഷ്യനെ സൗഖ്യപ്പെടുത്തുന്ന സംഭവത്തിന്റെ പശ്ചാത്തലമായ കൂടാരതിരുനാളും 10–ാം അധ്യായം രണ്ടാം വാക്യത്തിൽ പരാമർശിക്കുന്ന ദേവാലയ പ്രതിഷ്ഠയുടെ തിരുനാളും. ഒമ്പതാം അധ്യായത്തിന്റെ അവസാന വാക്യങ്ങൾ യഥാർത്ഥത്തിൽ നല്ല ഇടയനെകുറിച്ചുള്ള പരാമർശത്തിന്റെ പശ്ചാത്തലവും ആമുഖമായി കണക്കാക്കുന്ന ബൈബിൾ പണ്ഡിതന്മാരുണ്ട്. കാരണം യഥാർത്ഥ ഇടയന്റെ ആർദ്രമായ മനസിന്റെ ആവിഷ്കാരം 9:25–39 വാക്യങ്ങളിൽ യേശുവിൽ വെളിപ്പെടുന്നതായി വിവ

രിച്ച ശേഷമാണ് യേശുവാകുന്ന ആടുകളുടെ യഥാർത്ഥ വാതിലിനെക്കുറിച്ചും നല്ലിടയനെകുറിച്ചും വിവരിക്കുന്നത്.

അന്ധതയിൽനിന്ന് സൗഖ്യം നേടിയ മനുഷ്യൻ യേശുവിനെ ദൈവത്തിൽ നിന്നുള്ളവനായി ഏറ്റുപറയുമ്പോൾ യഹൂദനേതൃത്വം അയാളെ സിനഗോഗിൽ നിന്ന് പുറത്താക്കി എന്നാണ് യോഹന്നാൻ വിവരിക്കുന്നത് (9:34). ഒരു മനുഷ്യന്റെ ആത്മാഭിമാനത്തെ തന്നെ ചോദ്യം ചെയ്തുകൊണ്ട് "പാപത്തിൽ പിറന്നവൻ" എന്ന പേര് ചാർത്തി സമുദായ ഭ്രഷ്ട് കൽപ്പിച്ച അയാളെ തേടി എത്തുന്ന യേശുവിനെയാണ് 9:35-39 വാക്യങ്ങളിലൂടെ വത്സല ശിഷ്യൻ അവതരിപ്പിക്കുന്നത്. കൂട്ടത്തിൽ നിന്ന് പുറന്തള്ളപ്പെട്ട മനുഷ്യനെ തേടി യേശു എത്തുന്ന ഈ രംഗത്തിന് ലൂക്കാ സുവിശേഷകൻ വിവരിക്കുന്ന 99 ആടുകളെയും മരുഭൂമിയിൽ വിട്ട് നഷ്ടപ്പെട്ട ഒരാടിനെ തേടിപോകുന്ന ഇടയന്റെ ചിത്രവുമായി അപാരമായ ഒരു സാധർമ്മ്യം ഉണ്ട്. ഒപ്പം, ആരാണ് യഥാർത്ഥ ഇടയൻ? എന്താണ് ഇടയധർമ്മം? എന്നിവയുടെ വെളിപ്പെടുത്തലും. കൂട്ടം വിട്ട് പോയതിനെയും നഷ്ടപ്പെട്ടതിനെയും തേടിപ്പോയി ചേർത്ത് നിർത്തുന്നവനാണ് ഇടയൻ. പുറന്തള്ളലും ഭ്രഷ്ട് കല്പിക്കലുമല്ല, തേടി ചെല്ലലും ചേർത്ത് നിർത്തലുമാണ് യഥാർത്ഥ ഇടയധർമ്മം. ഇടയൻ അഭയസങ്കേതമാകണം എന്നു സാരം.

ഇവിടെയാണ് നസ്രത്തിലെ യേശു "ഞാൻ നല്ല ഇടയനാണ്" എന്ന് പ്രഖ്യാപിച്ചുകൊണ്ട് അന്ന് നിലവിലുണ്ടായിരുന്ന ഇടയസങ്കല്പങ്ങളെ അപനിർമ്മിക്കുന്നത്. വിമർശനത്തിന്റെയും വിയോജിപ്പിന്റെയും ഭിന്നസ്വരങ്ങളെ അടിച്ചമർത്തുകയും പുറംതള്ളുകയും ചെയ്യുന്നത് എല്ലാക്കാലത്തുമുള്ള ആത്മീയ രാഷ്ട്രീയ നേതൃത്വങ്ങളുടെ സഹജമുദ്രയാണ്. യഹൂദനേതൃത്വത്തിന്റേതിൽ നിന്ന് വേറിട്ടൊരു കാഴ്ചപ്പാട് നസ്രത്തിലെ യേശുവിനെ കുറിച്ച് പ്രകടിപ്പിച്ചതിന്റെപേരിൽ സൗഖ്യം ലഭിച്ച പിറവികുരുടനെ പുറത്താക്കിയപ്പോൾ അനാവൃതമായതും ഇതേ അസഹിഷ്ണുതയാണ്. അപ്പോൾ നല്ല ഇടയൻ പ്രതീകാത്മകമായി നിലവിലുണ്ടായിരുന്ന ഇടയശൈലിയുടെ നേരെയുള്ള വിമർശനവും ഒരു പുതിയ ബദലിന്റെ അവതരണവുമാണ്. തള്ളിക്കളയുകയും പുറത്താക്കുകയും ചെയ്യുന്നതല്ല യഥാർത്ഥ ഇടയധർമ്മം, മറിച്ച് തേടിപ്പോകുന്നതും ചേർത്തുനിർത്തുന്നതുമാണ്. ഊരുവിലക്കും സമുദായഭ്രഷ്ടും പുറത്താക്കലും തരംതാഴ്ത്തലുംകൊണ്ട് ഭരണം നടത്തുന്ന ആധുനിക രാഷ്ട്രീയ-മതനേതൃത്വങ്ങൾ ഇവിടെ വിമർശന വിധേയമാകുന്നു എന്നത് മറക്കരുത്.

യേശുവിനെ നല്ല ഇടയനായി (*പോയിമെൻ കാലോസ്: പോയിമെൻ* - ഇടയൻ; *കാലോസ്* - നല്ലത്) ചിത്രീകരിക്കുമ്പോൾ വത്സല ശിഷ്യന്റെ മനസിലുണ്ടായിരുന്ന പഴയനിയമത്തിലെ ഇടയന്മാർ ആരൊക്കെയായിരിക്കും? ഭൂമിയിലെ ആദ്യത്തെ ഇടയനായ ആബേൽ (ഉൽപ്പ. 4:2), ഇടയവൃത്തി ചെയ്തു ജീവിച്ച യാക്കോബ്, ഹോറബിന്റെ ചെരുവുകളിൽ ആടുമേയ്ക്കവേ ദൈവദർശനം ലഭിച്ച മോശ, ഇടയനായിരുന്ന ദാവീദ് (1സാമൂ. 16:11) തെക്കോവയിലെ ഇടയൻ ആമോസ് (ആമോസ് 7:14) ഇങ്ങനെ നിരവധി ഇടയന്മാരെ പഴയനിയമം പരിചയപ്പെടുത്തുന്നുണ്ട്. എന്നാൽ ഇതിനെല്ലാം ഉപരിയാണ് യഹോവ ഇടയനും ഇസ്രായേൽ ആട്ടിൻപറ്റവും എന്ന ദൈവമനുഷ്യബന്ധത്തിന്റെ ഏറ്റവും സുന്ദരമായ പഴയനിയമ ആവിഷ്കാരം. ദാവീദ് പാടുന്നത് ശ്രദ്ധിക്കുക: "*അദോനായി റോയി ലോ എഹ്സോർ ബിന്നോത്ത് ദേഷേ യറുബിസ്സനി*" - "കർത്താവ് എന്റെ ഇടയനാകുന്നു, എനിക്ക് ഒന്നിനും കുറവുണ്ടാവുകയില്ല. സമൃദ്ധമായ പുൽത്തകിടികളിൽ അവിടുന്നെന്നെ മേയിക്കും." (സങ്കീ. 23:1). കൂടാതെ സങ്കീ. 74:1, 78:52, 79:13, 80:1, 100:3, ഏശയ്യ 49:9, 63:11, ജറമിയ 13:17, 31:10, സഖറി. 9:16, 10:3 തുടങ്ങിയ ഭാഗങ്ങളെല്ലാം യഹോവയെ ഇടയനായും ഇസ്രായേലിനെ ആട്ടിൻപറ്റമായും അവതരിപ്പിക്കുന്നതിന്റെ ഉദാഹരണങ്ങളാണ്. അപ്പോൾ നല്ല ഇടയൻ എന്ന രൂപകത്തിലൂടെ ദൈവാവിഷ്കാരത്തിന്റെ സുന്ദരനിമിഷമാണ് വത്സലശിഷ്യൻ സൃഷ്ടിച്ചത്. നസ്രത്തിലെ യേശു താൻ നല്ല ഇടയനാണെന്ന് പറയുമ്പോൾ അവിടുന്ന് ദൈവമാണെന്നുള്ള വെളിപ്പെടുത്തലാണ് നടത്തുന്നത്. യേശുവിന്റെ സമ്പൂർണ്ണ ദൈവീകതയുടെ ആവിഷ്കാരമാണ് നല്ല ഇടയനെന്ന രൂപകത്തിലൂടെ നടന്നത് എന്ന് ചുരുക്കം.

വത്സല ശിഷ്യൻ നസ്രത്തിലെ യേശുവിൽ അവതരിപ്പിക്കുന്ന ഈ പുതിയ ഇടയസങ്കല്പത്തിന് ഏറ്റവും അധികം സാദൃശ്യമുള്ളത് എസക്കിയേൽ പ്രവാചകൻ ഇസ്രായേലിൽ ഇടയന്മാർക്കെതിരെ നടത്തുന്ന പ്രവചനങ്ങളുമായിട്ടാണ് എന്നത് ശ്രദ്ധേയമാണ് (എസക്കി. 34:1-31). അജഗണത്തെ പോറ്റാതെ തങ്ങളെത്തന്നെ പരിപോഷിപ്പിക്കുന്ന ആത്മീയ-രാഷ്ട്രീയ നേതൃത്വത്തിനെതിരെ അതിശക്തമായ വിമർശനമാണ് എസക്കിയേൽ പ്രവാചകൻ നടത്തുന്നത്. യോഹന്നാന്റെ രചനയിലെ നല്ല ഇടയനെകുറിച്ചുള്ള പരാമർശം (യോഹ. 10:4-18) എസക്കിയേൽ പ്രവചനം 34:11-16; ജറമിയ 23:1-8 എന്നീ പ്രവചന ഭാഗങ്ങളുടെ സാക്ഷാത്കാരമായി വ്യാഖ്യാനിക്കാൻ കഴിയും.

"ദൈവമായ കർത്താവ് അരുളിചെയ്യുന്നു; ഇതാ, ഞാൻ തന്നെ എന്റെ ആടുകളെ അന്വേഷിച്ചുകണ്ട് പിടിക്കും." (എസെ. 34:11)

"ഞാൻ തന്നെ എന്റെ ആടുകളെ മേയിക്കും, ഞാൻ അവയ്ക്ക് വിശ്രമ സ്ഥലം നൽകും. നഷ്ടപ്പെട്ടതിനെ തിരികെ കൊണ്ടുവരും, മുറിവേറ്റ തിനെ ഞാൻ വച്ചുകെട്ടും, ബലഹീനമായതിനെ ഞാൻ ശക്തപ്പെടു ത്തും... നീതിപൂർവ്വം ഞാനവയെ പോറ്റും." (എസെ. 34:15-16)

"ഇസ്രായേലിന്റെ ദൈവമായ കർത്താവ് തന്റെ ജനത്തെ സംരക്ഷിക്കേണ്ട ഇടയന്മാരെക്കുറിച്ച് അരുളിച്ചെയ്യുന്നു... നിങ്ങൾ എന്റെ ആട്ടിൻപറ്റത്തെ ചിതറിച്ചോടിച്ചു... ആട്ടിപ്പായിച്ചു എല്ലാ ദേശങ്ങളിൽ നിന്നും എന്റെ ആട്ടിൻ പറ്റത്തിൽ അവശേഷിച്ചവയെ ഞാൻ ശേഖരിക്കും ആലയിലേക്ക് ഞാൻ അവയെ കൊണ്ടുവരും..." (ജറെ. 23:2-4)

യഹോവതന്നെ തന്റെ ആടുകളെ അന്വേഷിക്കുന്ന രക്ഷയുടെ സമയം സമാഗതമായെന്നും പ്രവചനങ്ങൾ പൂർത്തിയായി എന്നുമുള്ള സൂചനയാണ് ഞാൻ നല്ല ഇടയനാണ് എന്ന് യേശു പ്രഖ്യാപിക്കു മ്പോൾ ലഭിക്കുന്നത്. ഇടയന്മാരുടെ സ്വാർത്ഥതയും അലംഭാവവും സുഖലോലുപതയും കൊണ്ട് ചിതറിക്കപ്പെട്ടുപോയ അജഗണത്തെ ഒരുമിപ്പിക്കാൻ ദൈവം ഇടയനാകുന്ന കൃപാകാലം നസ്രത്തിലെ യേശു വിലൂടെ സംജാതമാകുന്നു. അപ്പോൾ നിലവിലുണ്ടായിരുന്ന ഇടയസ ങ്കല്പങ്ങൾക്ക്, ആടുകളെ സ്നേഹിക്കാത്ത, സ്വാർത്ഥതയുടെയും സ്വയംസ്നേഹത്തിന്റെയും ആഘോഷമാക്കി ഇടയധർമ്മത്തെ കണ്ട ആത്മീയ-രാഷ്ട്രീയ നേതൃത്വങ്ങൾക്ക് നല്ല ഇടയൻ എന്ന സങ്കല്പ ത്തിലൂടെ യേശു ഒരു പുതിയ ബദൽ അവതരിപ്പിക്കുകയാണ്. നിലവി ലുണ്ടായിരുന്ന ഇടയസങ്കല്പങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ഉയർത്തി ക്കാട്ടുന്ന നല്ല ഇടയന്റെ ചില സവിശേഷതകളാണ് ഇടയസങ്കല്പത്തെ യേശു ഇവിടെ അപനിർമ്മിക്കുന്നു എന്ന് കരുതാൻ കാരണം.

### ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്ന ഇടയൻ

'ആടുകളെ പോറ്റാതെ തങ്ങളെത്തന്നെ പോറ്റുന്നു' എന്നും 'കഠി നമായും ക്രൂരമായും ആടുകളോട് പെരുമാറുന്നു' എന്നുമായിരുന്നു എസക്കിയേൽ, ജറമിയാ എന്നീ പ്രവാചകരിലൂടെ ദൈവം ഇടയ ന്മാർക്കെതിരെ വിലപിച്ചത്. ഇതാ ഇവിടെ ആടുകളുടെ മേദസ് ഭക്ഷി ക്കുന്ന ഇടയന്മാർക്ക് ബദലായി ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്ന പുതിയ ഇടയസങ്കല്പം നിർമ്മിക്കപ്പെടുന്നു. "ആടുകൾക്കു വേണ്ടി ഞാൻ ജീവനർപ്പിക്കുന്നു" എന്ന വാക്കുകൾക്ക് ഒരു പ്രവാചകഭാവം കൂടിയുണ്ട്. ചിതറിപ്പോയ ദൈവമക്കളെ ഒരുമിച്ച് കൂട്ടാൻ അവനർപ്പി

ക്കാനിരിക്കുന്ന ആത്മയാഗത്തിന്റെ സൂചനയാണ് ഈ വാക്കുകളിൽ പ്രകടമാകുന്നത്. ചെന്നായും വന്യമൃഗങ്ങളും ആട്ടിൻപറ്റത്തെ ആക്രമിക്കുമ്പോൾ തന്റെ ആടുകളുടെ ജീവനുവേണ്ടി വന്യമൃഗത്തോട് ഏറ്റുമുട്ടുന്ന, ഒരുവേള മാരകമായി മുറിവേൽക്കുകയോ ജീവൻ ബലികൊടുക്കേണ്ടി വരുകയോ ചെയ്യുന്ന ഇടയൻ – മനുഷ്യവംശത്തിന്റെ ആജൻമശത്രുവിൽ നിന്നും അവന്റെ ഭീകരദംഷ്ട്രകളിൽനിന്ന് മനുഷ്യവംശത്തെ വീണ്ടെടുക്കാൻ മുറിവേൽക്കുകയും രക്തം വാർക്കുകയും ആത്മബലിയാകുകയും ചെയ്യുന്ന യേശുവിന്റെ ആത്മബലിയുടെ പ്രതീകാത്മകമായ ചിത്രീകരണമല്ലാതെ മറ്റെന്താണ്? ആത്മദാനത്തിന്റെ ഈ പുതിയ ഇടയസങ്കല്പം നിശ്ചയമായും ഭൂമിയിലെ ആത്മീയ-രാഷ്ട്രീയ നേതൃത്വങ്ങളെ എല്ലാക്കാലത്തും വെല്ലുവിളിക്കുകയും പ്രകോപിപ്പിക്കുകയും ചെയ്യും എന്നത് തീർച്ചയാണ്.

**ആടുകളെ വ്യക്തിപരമായി അറിയുന്ന ഇടയൻ**

ഇടയന്റെ ആടുകളോടുള്ള ആത്മബന്ധത്തിന്റെ തെളിവാണ് അയാൾക്ക് അവയെ ഓരോന്നിനെയും പേര് ചൊല്ലി വിളിക്കാനാവുന്നു എന്നത് (യോഹ. 10:3). ഓരോ ആടിനെയും പേരിട്ട് വിളിക്കുന്നു എന്ന് പറയുന്നതിന്റെ പുറകിലെ അർത്ഥമെന്താണ്? ഓരോന്നിനെയും അയാൾ വ്യക്തിപരമായി അറിയുകയും വിലയുള്ളതായി കരുതുകയും ചെയ്യുന്നു എന്നല്ലേ? ഈ വാക്കുകൾക്ക് ഏശയ്യാ പ്രവചനം 43:2 വചനവുമായുള്ള സാധർമ്മ്യം പരാമർശവ്യമാണ്; "ഭയപ്പെടേണ്ട ഞാൻ നിന്നെ പേര് ചൊല്ലി വിളിച്ചിരിക്കുന്നു, നീ എന്റേതാണ്". പുതിയ ഇടയസങ്കല്പത്തിലെ ഇടയനും ആടുകളും തമ്മിലുള്ള ബന്ധത്തിന്റെ രണ്ട് ഭാവാത്മകമായ സവിശേഷതകളാണ് ഓരോ ആടിനെയും വ്യക്തിപരമായി സ്നേഹിക്കുകയും പേരെടുത്ത് വിളിക്കുകയും ചെയ്യുന്ന ഇടയഭാവത്തിന്റെ ഊഷ്മളതയും ഇടയന്റെ സ്വരം തിരിച്ചറിഞ്ഞ് അവനെ അനുഗമിക്കുന്ന അജഗണത്തിന്റെ വിധേയത്വവും. ആടുകളെ പേര് ചൊല്ലി വിളിക്കുന്ന ഇടയൻ എന്ന വിശേഷണത്തിന് ഇടയനും ആടുകളും തമ്മിലുള്ള ബന്ധത്തിന്റെ പ്രതീകാത്മകമായ ചിത്രീകരണം എന്നതിലുപരി ചില പഴയനിയമപശ്ചാത്തലം കൂടി ബൈബിൾ പണ്ഡിതൻമാർ കൽപിക്കുന്നുണ്ട്. ഉദാഹരണമായി പേർചൊല്ലി വിളിക്കുന്ന ദൈവത്തെ ഉൽപത്തി പുസ്തകത്തിന്റെ ആദ്യതാളുകൾ മുതൽ നാം കണ്ടെത്തുന്നുണ്ട്.

ആദത്തെ പേരെടുത്ത് വിളിക്കുന്ന ദൈവം: "ആദം നീ എവിടെയാണ്" (ഉൽപ. 3:9).

അബ്രാഹത്തെ പേര് ചൊല്ലി വിളിക്കുന്നു: "അബ്രാം ഭയപ്പെടേണ്ട ഞാൻ നിനക്ക് പരിചയാണ്" (ഉൽപ. 15:1).

മുൾപടർപ്പിന്റെ നടുവിൽ നിന്ന് മോശയെ പേരെടുത്തു വിളിക്കുന്ന ദൈവം: "മുൾപടർപ്പിന്റെ നടുവിൽ നിന്ന് ദൈവം അവനെ വിളിച്ചു, മോശേ, മോശേ" (പുറ. 3:4).

വാഗ്ദാനപേടകത്തിനരികിൽ കിടന്നുറങ്ങുകയായിരുന്ന ബാലനായ സാമുവേലിനെ പേര് ചൊല്ലി വിളിക്കുന്നു: "സാമുവേൽ ദേവാലയത്തിൽ ദൈവത്തിന്റെ പേടകം സ്ഥിതിചെയ്യുന്നതിനരികെ കിടക്കുകയായിരുന്നു. അപ്പോൾ കർത്താവ് സാമുവേലിനെ വിളിച്ചു; സാമുവേൽ, സാമുവേൽ" (1സാമു. 3:3-4).

ഹോറോബ് മലയിൽ വച്ച് ഏലിയായെ വിളിക്കുന്ന ദൈവം: "അവിടെ വച്ച് അവൻ കർത്താവിന്റെ സ്വരം ശ്രവിച്ചു, "ഏലിയ നീ ഇവിടെ എന്തു ചെയ്യുന്നു" (1രാജാ. 19:9).

അപ്പോൾ ഈ വേദപുസ്തക ഭാഗങ്ങളുടെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ പേര് ചൊല്ലിവിളിക്കുന്നത് ദൈവത്തിന് മനുഷ്യനോടുള്ള ആത്മബന്ധത്തിന്റെ മാത്രം തെളിവല്ലെന്നും മറിച്ച് അവിടുന്ന് ദൈവമാണെന്നും മനുഷ്യന്റെമേൽ സ്രഷ്ടാവ് എന്ന നിലയിൽ അവിടുത്തേക്ക് അധികാരമുണ്ടെന്നുമുള്ളതിന്റെ തെളിവ് കൂടിയാണ്. ഈ അർത്ഥത്തിൽ ആടുകളെ പേര് ചൊല്ലി വിളിക്കുന്ന, അവയെ അറിയുന്ന ഇടയനായി യേശുവിനെ അവതരിപ്പിക്കുമ്പോൾ വത്സലശിഷ്യൻ പങ്കുവയ്ക്കാനാഗ്രഹിക്കുന്നതെന്തായിരിക്കും? നസ്രത്തിലെ യേശു ദൈവമാണെന്നും ആ ദൈവം മനുഷ്യനോട് ആത്മബന്ധത്തിൽ ഏർപ്പെടാനാഗ്രഹിക്കുന്നുയെന്നും മനുഷ്യരുമായുള്ള ആത്മബന്ധത്തിന് വിലയായി സ്വയം ബലിവസ്തുവാകാൻ വരെ അവിടുന്ന് മനസാണന്നുമല്ലേ. പഴയനിയമകാലത്ത് മനുഷ്യരെ പേര് ചൊല്ലി വിളിച്ച അതേ ദൈവം രക്ഷയുടെ പുതിയ കാലത്ത് വ്യക്തിപരമായി അറിയുന്ന ഇടയനായി മനുഷ്യന്റെ കൂടെ നടക്കുന്നു.

### തന്റെ ആട്ടിൻപറ്റത്തിന്റെ മുൻപേ നടക്കുന്ന ഇടയൻ

പുതിയ സങ്കല്പത്തിലെ ഇടയൻ തന്റെ ആടുകളെ ആലയ്ക്ക് പുറത്തിറക്കിയിട്ട് അവയുടെ മുൻപേ നടക്കുന്നവനാണ്. മുൻപേ നടക്കുന്ന ഇടയൻ വഴിയറിയുന്നവനാകണം, അയാൾക്ക് മേച്ചിൽപുറങ്ങളെപ്പറ്റി ധാരണയുണ്ടാകണം വഴിയിലെ അപകടങ്ങളെ നേരിടാൻ ആത്മബലമുണ്ടാകണം. തന്റെ അജഗണത്തെ പുറത്തിറക്കി അവയ്ക്ക് ദിശ കാണിച്ച് മുൻപേ നടക്കുന്ന ഈ ഇടയസങ്കല്ത്തിന് പഴയനിയമജനത

യുടെ പുറപ്പാട് കാലത്തെ ദൈവാനുഭവവുമായി അത്ഭുതപൂർവ്വമായ ഒരു സാദൃശ്യം കാണുന്നുണ്ട്. അടിമത്തത്തിന്റെ തൊഴുത്തായ ഈജിപ്തിൽ നിന്ന് തന്റെ ജനത്തെ പുറത്തിറക്കിയ യഹോവയെന്ന വലിയ ഇടയൻ വാഗ്ദാനദേശത്തേക്ക് മുൻപിൽ നടന്നു നയിച്ചതിനെപ്പറ്റി പുറപ്പാട് പുസ്തകം തരുന്ന ചിത്രം ശ്രദ്ധിക്കുക.

> "അവർക്ക് രാവും പകലും യാത്രചെയ്യാനാകുംവിധം പകൽ വഴികാട്ടാൻ ഒരു മേഘസ്തംഭത്തിലും രാത്രിയിൽ പ്രകാശം നൽകാൻ ഒരഗ്നിസ്തംഭത്തിലും കർത്താവ് അവയ്ക്ക് മുമ്പേ പോയ്കൊണ്ടിരുന്നു. പകൽ മേഘസ്തംഭമോ, രാത്രി അഗ്നി സ്തംഭമോ അവരുടെ മുൻപിൽ നിന്ന് മാറിയില്ല." (പുറ. 13:21)

പുറപ്പാട് ജനതയുടെ മുമ്പിൽ പകലും രാത്രിയും ദിശകാണിച്ച് നീങ്ങിയ ഇസ്രായേലിന്റെ മഹാ ഇടയനായ യഹോവയുടെ സാന്നിധ്യത്തെയാണ് ആട്ടിൻപറ്റത്തിന്റെ മുമ്പിൽ നടക്കുന്ന ഇടയൻ എന്ന യേശുവിന്റെ പരാമർശം ഓർമ്മിപ്പിക്കുന്നത്. മേഘത്തൂണിലും അഗ്നിസ്തംഭത്തിലുമായാണ് പഴയനിയമ ജനത ദൈവസാന്നിധ്യം കണ്ടതും അനുഭവിച്ചതുമെങ്കിൽ പുതിയ പുറപ്പാടിന്റെ ജനം മുമ്പേ നടക്കുന്ന ദൈവസാന്നിധ്യം കാണുന്നത് ദൈവമഹത്വത്തിന്റെ ചരിത്രത്തിലെ ഏറ്റവും പരിപൂർണ്ണമായ കൂടാരമായ നസ്രത്തിലെ യേശുവിന്റെ ശരീരത്തിലാണ്. അവൻ മുമ്പേ നടക്കുന്ന ദൈവസാന്നിധ്യമാണ്.

### സ്വയം വാതിലാകുന്ന ഇടയൻ

വിയോജിപ്പിന്റെ സ്വരം ഉയർത്തിയ മനുഷ്യനെ പുറത്താക്കി പകവീട്ടിയ അധികാരസ്ഥാനങ്ങളോട് നസ്രത്തിലെ യേശു പരസ്യമായി കലഹിക്കുന്നതാണ് ഇടയനെകുറിച്ചുള്ള പ്രതികാത്മകമായ വാക്കുകളുടെ ചരിത്രപശ്ചാത്തലം. പുറത്താക്കപ്പെടുകയോ പാർശ്വവത്ക്കരിക്കപ്പെടുകയോ ചെയ്യപ്പെട്ട മനുഷ്യനെ തേടി സമൂഹത്തിന്റെ വിളമ്പുകളിലേക്ക് (Periferies) പോകുന്നവർക്കും പുറത്താക്കപ്പെടുന്നവർക്കും യേശു നൽകുന്ന പ്രത്യാശയുടെ വെളിപാടാണ് ഞാൻ ഇടയനും വാതിലുമാണെന്ന പ്രഖ്യാപനം. യഹൂദ നേതൃത്വം വാതിലടച്ച അന്ധതയിൽ നിന്ന് സുഖം പ്രാപിച്ച മനുഷ്യനു മാത്രമല്ല, യേശുവിൽ വിശ്വസിച്ചതിന്റെ പേരിൽ യഹൂദസമൂദായത്തിന്റെ വേദികളിൽനിന്നെല്ലാം സിനഗോഗുകളിൽ നിന്നുൾപ്പെടെ, ഭാവിയിൽ പുറത്താക്കപ്പെടുന്ന ആദിമ ക്രിസ്ത്യാനികൾക്കുള്ള പ്രത്യാശയുടെ ദൂതാണ് ഈ വചനം. അധികാരനേതൃത്വങ്ങൾ വാതിലടച്ച് പുറത്താക്കുന്ന നിസ്സഹായർക്ക് അഭയം നൽകുന്ന വാതിലായി യേശു മാറുന്നു. പുറത്താക്കലുകളുടെയും അട

ക്കപ്പെട്ട വാതിലുകളുടെയും ചരിത്രം ഒരിക്കലും അവസാനിച്ച ചരിത്ര മല്ല. മറിച്ച് ഇന്നും തുടരുന്ന ചരിത്രമാണ്. അതുകൊണ്ട് തന്നെ സ്വയം അഭയത്തിന്റെ വാതിലായി മാറിയ നസ്രത്തിലെ യേശുവെന്ന നല്ല ഇടയന്റെ പ്രസക്തി ചരിത്രത്തിൽ തുടർന്നുകൊണ്ടിരിക്കും.

"ഞാനാണ് ആടുകളുടെ വാതിൽ" എന്നു യേശു പറഞ്ഞപ്പോൾ അവനെ കേട്ടുകൊണ്ടിരുന്ന മനുഷ്യരിൽ ഏതുതരം ചലനമായിരിക്കും ആ വാക്കുകൾ സൃഷ്ടിച്ചിരിക്കുക? ഇടയന്മാരുടെ ഹെബ്രായ പശ്ചാ ത്തലത്തിൽ, പലപ്പോഴും മേച്ചിൽപുറങ്ങൾ തേടി ആട്ടിൻകൂട്ടവുമായുള്ള അവരുടെ അലച്ചിലിനിടയിൽ സുരക്ഷിതമായ ആലകളൊന്നും ഉണ്ടാ യിരുന്നില്ല. ഗുഹകളിലോ മുൾച്ചെടികൾ വളച്ചുവെച്ച് അതിനുള്ളിലോ ആണ് അവർ രാത്രി ആടുകളെ സൂക്ഷിച്ചിരുന്നത്. ഇവയുടെ കവാട ത്തിലാകട്ടെ ഇടയന്മാർ കുറുകെ കിടന്നിരുന്നു. രാത്രി ആടുകളെ അപ ഹരിക്കാനെത്തുന്ന കള്ളന്മാർക്കക്കോ വന്യമൃഗങ്ങൾക്കോ ഇടയനെ ചവിട്ടാതെ ഉള്ളിൽ പ്രവേശിക്കാനാവില്ല. ഇടയൻ തന്റെ ആടുകൾക്ക് വാതിലാവുക എന്ന് പറഞ്ഞാൽ അപ്പോൾ ആടുകൾക്ക് സുരക്ഷിത ത്ത്വമാകുക എന്നാണ് അർത്ഥം. ക്രിസ്തു മനുഷ്യരാശിക്ക് മുമ്പിൽ അഭയത്തിന്റെയും സുരക്ഷിതത്വത്തിന്റെയും വാതിലാകുന്നു എന്ന് സാരം.

ഇനി വാതിലിന് പ്രതീകാത്മകമായി സാധ്യതകളെന്നോ അവസ രങ്ങളെന്നോകൂടി അർത്ഥം കൽപിക്കാറുണ്ടല്ലോ. "ഞാൻ ത്രോവാസിൽ ചെന്നപ്പോൾ കർത്താവിൽ എനിക്കായി ഒരു വാതിൽ തുറക്കപ്പെട്ടു" (1കോറി. 2:12) എന്ന പൗലോസിന്റെ വാക്കുകൾ ഇതിന്റെ സാധൂകര ണമാണ്. ഇടയൻ വാതിലാകുന്നു എന്നത് ഈ അർത്ഥത്തിൽ ചിന്തി ക്കുമ്പോൾ തന്റെ ആട്ടിൻപ്പറ്റത്തിന് അയാൾ സാധ്യതയാകുന്നു എന്നർത്ഥം. ജീവന്റെ സമൃദ്ധിയിലേക്ക് പ്രവേശിക്കാനും മേച്ചിൽപുറ ങ്ങളുടെ ശീതളിമയിലേക്ക് നടക്കാനും ഇടയൻ സാധ്യതയുടെ വാതി ലാകുന്നു. നസ്രത്തിലെ യേശുവും അവനിൽ വിശ്വസിക്കുന്നവർക്ക് വാഗ്ദാനം ചെയ്യുന്നതും ഇതുതന്നെയാണ്. നിത്യതയോളം നീളുന്ന സാധ്യതകളുടെ വാതിലാണ് നസ്രത്തിലെ ഇടയൻ തുറന്നു തരു ന്നത്. അവനിൽ വിശ്വസിക്കുന്നവർക്ക് എല്ലാം തുടക്കങ്ങളും അവ സരങ്ങളുമാണ്. "എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്കെല്ലാം സാധ്യമാണെന്ന്" (ഫിലി. 4:13) പൗലോസ് അപ്പസ്തോലൻ പറയു മ്പോൾ വ്യക്തമാകുന്നത് ഇതേ സാധ്യതകളുടെ ക്രിസ്തു വിജ്ഞാ നീയമാണ്.

വാതിലിന്റെ സ്ഥാനം എവിടെയാണ്? ബോബി ജോസ് അച്ചന്റെ ഭാഷ കടമെടുത്താൽ "അത് എപ്പോഴും രണ്ടിടങ്ങൾക്കിടയിലാണ്". അകത്തേ ലോകത്തിനും പുറത്തേ ലോകത്തിനും സുരക്ഷിതമേഖല ങ്ങൾക്കും അരക്ഷിതാവസ്ഥകൾക്കും ഇടയിലാണ് വാതിൽ. നസ്രത്തിലെ യേശു താൻ വാതിലാണ് എന്ന് പറയുമ്പോൾ എന്താണ് വ്യംഗ്യം? അവൻ സ്വർഗ്ഗത്തിനും ഭൂമിക്കും ഇടയിലുള്ളവനാണ് എന്നല്ലേ. ഏറ്റവും ആഴമേറിയ ഒരു ക്രിസ്തു വിജ്ഞാനീയമാണ് ഇവിടെ അനാവൃതമാകുന്നത്. യേശു ദൈവത്തിനും മനുഷ്യർക്കുമിടയിലുള്ള ഏക മദ്ധ്യസ്ഥൻ എന്ന ദർശനം തന്നെ. സ്വർഗ്ഗം ഭൂമിയെ സ്പർശിച്ചതും ഭൂമി ദൈവത്തെ അനുഭവിച്ചതും യേശുവാകുന്ന വാതിലിലൂടെയാണ്. മനുഷ്യന്റെ എല്ലാ ദൈവാന്വേഷണവും പൂർണ്ണതയിൽ സംഭവിച്ചതും സംഭവിക്കുന്നതും ഈ വാതിലിലൂടെത്തന്നെ. ദൈവ മനുഷ്യ സമാഗമം സാധ്യമാകുന്ന ഇടമായി യേശു മാറുന്നു. "എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് വരുന്നില്ല" (യോഹ. 14:6) എന്ന വാക്കുകൾ ഈ ചിന്തയുമായി ചേർന്ന് പോകുന്നതാണ്.

ഇനി, യോഹന്നാന്റെ രചനയിൽ ക്രിസ്തുവിനെ തുറന്ന വാതിലായി ചിത്രീകരിക്കുന്നതിന് പിറകിൽ ആദിമസഭ നേരിട്ട ബഹിഷ്കരണങ്ങളുടെ ചരിത്രപശ്ചാത്തലം മറന്നുപോകരുത്. നസ്രത്തിലെ യേശു ദൈവമാണെന്ന് വിശ്വസിക്കുന്നവരെ സിനഗോഗുകളിൽ നിന്നും നഗരകവാടങ്ങളിൽ നിന്നും പുറത്താക്കിയിരുന്ന, അവർക്ക് മുമ്പിൽ വാതിലുകളും കവാടങ്ങളും ആക്രോശത്തോടെ കൊട്ടിയടയ്ക്കപ്പെട്ടിരുന്ന കാലത്ത്, (യോഹ. 9:22) ധൈര്യത്തിന്റെയും സമാശ്വാസത്തിന്റെയും സന്ദേശമായിട്ടാണ് വാതിലായ ക്രിസ്തുവിനെ വത്സല ശിഷ്യൻ പ്രഘോഷിച്ചത്. വെളിപാട് ഗ്രന്ഥത്തിൽ യേശുവിനെ വിശേഷിപ്പിക്കുന്നത് ശ്രദ്ധിക്കുക: "ദാവീദ് ഭവനത്തിന്റെ താക്കോൽ കൈവശം ഉള്ളവനും മറ്റാർക്കും അടയ്ക്കാൻ കഴിയാത്തവണ്ണം തുറക്കുന്നവനും മറ്റാർക്കും തുറക്കാൻ കഴിയാത്തവിധം അടയ്ക്കുന്നവനും" (വെളി. 3:7). "ഇതാ നിന്റെ മുമ്പിൽ ആർക്കും പൂട്ടാൻ കഴിയാത്ത വിധം തുറന്നു കിടക്കുന്ന ഒരു വാതിൽ ഞാൻ സ്ഥാപിച്ചിരിക്കുന്നു" (വെളി. 3:8) എന്ന് വെളിപാടുപുസ്തകം വർണ്ണിക്കുന്ന തുറന്ന വാതിൽ ക്രിസ്തുവല്ലാതെ മറ്റാരാണ്? അധികാര കേന്ദ്രങ്ങളും ആത്മീയ മതനേതൃത്വങ്ങളും വാതിലടച്ച് പുറത്താക്കിയ ജനതയ്ക്കുള്ള പ്രത്യാശയുടെ ദൂതായാണ് തുറന്ന വാതിലായി നസ്രത്തിലെ യേശുവിനെ വത്സലശിഷ്യൻ വ്യാഖ്യാനിക്കുന്നത്.

### വാതിലിലൂടെ പ്രവേശിക്കുന്ന ഇടയൻ

നസ്രത്തിലെ യേശു വെളിപ്പെടുത്തിയ ഇടയ ഭാവത്തിൽ ഏറ്റവും ശ്രദ്ധേയമായത്, "അവൻ വാതിലിലൂടെ ആലയിൽ പ്രവേശിക്കുന്ന ഇടയനാണ്" എന്നതാണ്. മറ്റു വഴികളിലൂടെ ആലയിൽ പ്രവേശിക്കുന്ന കൃത്രിമ ഇടയന്മാരിൽനിന്നും വ്യത്യസ്ഥമായി അവൻ പ്രവേശിക്കുന്നത് വാതിലിലൂടെയാണ്. പ്രതീകാത്മകമായി ഈ വചനം അർത്ഥമാക്കുന്നതെന്താണ്? അവൻ വാഗ്ദാനങ്ങളുടെ പൂർത്തീകരണമാണെന്നുള്ള മിശിഹാ രഹസ്യത്തിന്റെ സുന്ദരമായ ആവിഷ്ക്കാരമാണ് ഇവിടെ ഇതൾവിരിയുന്നത്. ഇടയനെ തിരിച്ചറിഞ്ഞ് അവന് വാതിൽ തുറന്നുകൊടുക്കുന്ന കാവൽക്കാരനാകട്ടെ, സ്നാപകയോഹന്നാൻ വരെ എത്തിനിൽക്കുന്ന മിശിഹായുടെ വരവിനെ വിളംബരം ചെയ്ത പ്രവാചകരുടെ പ്രതീകാത്മകമായ ചിത്രീകരണമായി മനസിലാക്കണം. നിയമവും പ്രവാചകൻമാരും ഒരുക്കിയ അഥവാ തുറന്നിട്ട പ്രവചനങ്ങളുടെ വാതിലിലൂടെ പ്രവേശിക്കുന്ന മിശിഹായാണ് യേശുവെന്നതുതന്നെ. ''ദൈവമായ കർത്താവ് എന്നെ പോലെ ഒരു പ്രവാചകനെ നിങ്ങൾക്കായി ഉയർത്തും" (നിയമ. 27:15-17) എന്ന മോശയുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. അതുപോലെതന്നെ മോശയ്ക്ക് ശേഷം ഇസ്രായേലിനെ നയിച്ച ജോഷ്വായുടെ പേരിന്റെ അർത്ഥത്തെ വിശകലനം ചെയ്യുക; *യഹോഷ്വാ* - ദൈവം രക്ഷയാകുന്നു എന്നതിന്റെ വിവിധ ലോപിതരൂപങ്ങളാണ് *ജോഷ്വാ*, *യേശു* എന്നിവ.

അവസാനമായി, യേശുവാകുന്ന വാതിലിലൂടെ പ്രവേശിക്കുന്നവർക്ക് ലഭിക്കുന്ന രക്ഷയുടെ അനുഭവത്തെ കുറിച്ച് വിവരിക്കുന്നത് ശ്രദ്ധിക്കുക: "അവർ അകത്തുവരികയും പുറത്തുപോകുകയും മേച്ചിൽ സ്ഥലം കണ്ടെത്തുകയും ചെയ്യും'' (യോഹ. 10:9). യഹൂദ ഭാഷാശൈലിയിലും സെമിറ്റിക് ചിന്തയിലും 'അകത്തുവരിക' (come in) 'പുറത്തുപോവുക' (go out) എന്ന പ്രയോഗം ഒരു വ്യക്തിയുടെ അനുദിന പ്രവൃത്തികളുടെ സമ്പൂർണ്ണതയാണ് അർത്ഥമാക്കുന്നത്. (to denote the entirity of one's daily activities). ഉദാഹരണമായി, മലയാളത്തിൽ "സകലപ്രവൃത്തികളിലും നീ അനുഗ്രഹീതനായിരിക്കും" എന്ന് പരിഭാഷപ്പെടുത്തിയ നിയമാവർത്തനം 28:6-ൽ ഉപയോഗിച്ചിരിക്കുന്ന ക്രിയകൾ, *ബെസെഎത്തേക്കാ* (to go out) *ബെബെഎത്തേക്കാ* (to come in) ശ്രദ്ധിക്കുക. ഇതേ ഭാഷാശൈലി സങ്കീർത്തനം 121:8ൽ ഉപയോഗിച്ചിട്ടുണ്ട്, "കർത്താവ് നിന്റെ വ്യാപാരങ്ങളെ ഇന്നുമെന്നേക്കും കാത്തുകൊള്ളും." ഇവിടെയെല്ലാം വ്യക്തമാകുന്നത് അകത്തുവരികയും പുറത്തുപോവുകയുമെന്ന ഹെബ്രായ ഭാഷാശൈലി ഒരുവന്റെ ജീവി

ത്തിന്റെ സമഗ്രതയെ കുറിക്കുന്നു എന്നാണ്. *ബെസെഎത്തേക്കാ* (to go out), *ബെബെഎത്തേക്കാ* (to come in) എന്നത് ഹെബ്രായ ഭാഷാ ശൈലിയിലെ *മെറിസം* എന്ന ഭാഷാശൈലിയാണ്. മുൻ അദ്ധ്യായത്തിൽ ഈ ശൈലിയെ വിശദീകരിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. വരുക, പോവുക എന്നീ രണ്ട് വ്യത്യസ്ത ധ്രുവങ്ങളിലുള്ള വാക്കുകൾ ഉപയോഗിച്ചുകൊണ്ട് ഒരാളുടെ ജീവിതത്തിന്റെ സമഗ്രതയെ (the whole life) ആണ് വി. ഗ്രന്ഥകാരൻ വിവക്ഷിക്കുന്നത്. അപ്പോൾ യേശുവാകുന്ന വാതിലിലൂടെ പ്രവേശിക്കുമ്പോൾ എന്താണ് സംഭവിക്കുന്നത്? മാറ്റം അയാളുടെ ജീവിതത്തിന് സമഗ്രമായാണ് സംഭവിക്കുന്നത്. ജീവിതത്തിന്റെ സമഗ്രതയിൽ അയാൾ പുതിയ മേച്ചിൽപ്പുറം കണ്ടെത്തുന്നു. നിക്കോദേമൂസിനോട് “ഉന്നതത്തിൽ നിന്ന് ജനിക്കാതെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല” എന്ന് യേശു പറഞ്ഞതുതന്നെ ഇവിടെയും വ്യഗ്യം. യേശുവിലൂടെ കടക്കുന്ന നിമിഷം അയാൾ പുതുസൃഷ്ടിയാകുന്നു; പുതിയ ഭാഷ, പുതിയ കാഴ്ചപ്പാട്, പുതിയ ചൈതന്യം. സമൃദ്ധമായ മേച്ചിൽപ്പുറം പോലെ ജീവിതം നിത്യഹരിതമാകുന്നു. അനിർവചനീയമായ ആനന്ദാനുഭവത്തിലേക്കും ജീവന്റെ സമൃദ്ധിയിലേക്കും അയാൾ പ്രവേശിക്കുന്നു എന്ന് സാരം. അതുപോലെ യേശുവിൽ പ്രവേശിക്കുന്ന വ്യക്തി അനുഭവിക്കുന്ന ആന്തരിക സ്വാതന്ത്ര്യത്തിന്റെ സൂചനകൂടിയായി ഈ ശൈലിയെ വ്യാഖ്യാനിക്കാൻ കഴിയും. സ്വാതന്ത്ര്യം, അത് ബാഹ്യമോ ആന്തരികമോ ആകട്ടെ യേശുവാകുന്ന വാതിലിലൂടെ പ്രവേശിക്കുന്നവർക്കുള്ള കൃപയാണ്. വാതിലും ഇടയനുമാകുന്ന യേശു ക്ഷണിക്കുന്നത് സ്വാതന്ത്ര്യത്തിന്റെ ഈ ഉത്സവത്തിലേക്കാണ്. നിർബാധം അവനിലൂടെ അകത്തു പ്രവേശിക്കാനും പുറത്തെ മേച്ചിൽ സ്ഥലങ്ങൾ കണ്ടെത്താനുമുള്ള കൃപയിലേക്കുതന്നെ. അതുകൊണ്ടാണ് അവൻ പറഞ്ഞത്: “പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാകും” (യോഹ. 8:36).

## ഒരു കാലിക വായന

– "കാറും കോളും നിറഞ്ഞ രാത്രിയിൽ ഞാൻ തന്നെ എന്റെ ആടുകളെ അന്വേഷിച്ചിറങ്ങും, ചിതറിപ്പോയ ഇടങ്ങളിൽ നിന്ന് ഞാനവയെ ഒരുമിച്ച് കൂട്ടും." (എസെ. 34:12)

സ്വന്തം സുഖം മാത്രം തേടുകയും ആടുകളെ മറന്ന് തങ്ങളെത്തന്നെ പോറ്റുകയും ചെയ്ത ഇടയന്മാരെ വിമർശിച്ചുകൊണ്ട് വരാനിരിക്കുന്ന കാലത്ത് യഹോവ തന്നെ തന്റെ അജഗണത്തെ തേടിയിറങ്ങും എന്ന എസക്കിയേലിന്റെ പ്രവചന ശബ്ദം പൂർത്തിയായത് നസ്രത്തിലെ യേശു എന്ന നല്ല ഇടയനിലാണ്. ബാബിലോൺ പ്രവാസത്തിന്റെ ഇരുണ്ട സന്ധ്യകളിൽ ചിതറിപ്പോയ ഇസ്രായേൽ മക്കളെ ഒരുമിച്ച് കൂട്ടുന്ന ദിവസങ്ങളാണ് ഇവിടെ എസക്കിയേലിന്റെ ചരിത്ര പശ്ചാത്തലമെങ്കിലും എല്ലാക്കാലത്തും പ്രസക്തമായ വാക്കുകളാണിത്.

ചിതറിപ്പോയ ഇടങ്ങളിൽ തന്റെ അജഗണത്തെ തേടിവന്ന് ഒരുമിച്ച് കൂട്ടുന്ന ആർദ്രസ്നേഹത്തിന്റെ മാംസളരൂപമാണ് "നല്ല ഇടയൻ" എന്ന വിശേഷണത്തിലൂടെ ആവിഷ്കരിക്കുന്നത്. കേരളചരിത്രത്തിൽ ഒരു പക്ഷെ പ്രതിസന്ധികളുടെ കാറ്റും കോളും അജഗണത്തെ ചിതറിപ്പിച്ച ഏറ്റവും ശ്രദ്ധേയമായ സംഭവം മലബാർ കുടിയേറ്റമായിരിക്കും എന്ന് തോന്നുന്നു. രണ്ടാം ലോകമഹായുദ്ധവും അതിന്റെ അനന്തരഫലങ്ങളും വരുത്തിയ വറുതിയും ജനസംഖ്യാവർദ്ധനവ് സൃഷ്ടിച്ച പ്രതിസന്ധികളും നിമിത്തം കുടിയേറ്റം ചരിത്രപരമായ അനിവാര്യതയും ഒരു ചിതറിപ്പോകലുമായിരുന്നു. പിറന്ന മണ്ണും പ്രിയപ്പെട്ടവരെയും ജീവിച്ച സംസ്കാരവും വിട്ട് കുടിയേറ്റത്തിന്റെ അരക്ഷിതാവസ്ഥകളിലേക്ക് ഇറങ്ങിപ്പോകാൻ നിർബന്ധിക്കപ്പെട്ട ബഹുസഹസ്രം മനുഷ്യരുടെ അന്ധകാരപൂർണ്ണമായ ജീവിതസാഹചര്യത്തിലേക്ക് ആർദ്രഹൃദയത്തോടെ കടന്നുവന്ന മഹാഇടയനെ ഓർക്കാതിരിക്കാൻ കുടിയേറ്റപൈതൃകം രക്തത്തിൽ കലർന്ന ഒരു തലമുറയ്ക്കുമാകില്ല. പറഞ്ഞു വരുന്നത് പുണ്യചരിതനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി എന്ന മലബാറിന്റെ മോസസിനെപറ്റിയാണ്. മലബാറിന്റെ മലമടക്കുകളിൽ മലമ്പാമ്പിനോടും മലമ്പനിയോടും മരം കോച്ചുന്ന മഞ്ഞിനോടും പേമാരിയോടും മല്ലിട്ട് ജീവിച്ച മനുഷ്യരെ ഒരുമിപ്പിച്ച് കൂട്ടിയതും ചേർത്ത് നിർത്തിയതും ആ ഇടയശ്രേഷ്ഠനും അദ്ദേഹത്തെ അനുഗമിച്ച കുടിയേറ്റത്തിന്റെ ആദ്യകാലത്തെ വൈദികരുമായിരുന്നു.

വികസനത്തിന്റെ വർത്തമാനകാല ശേഷിപ്പുകളെ നിർലജ്ജം വീതം വച്ച് സ്വന്തമാക്കിയ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തമസ്കരിച്ച് കളഞ്ഞ ഇതിഹാസതുല്യമായ ഒരു ചരിത്രം നമുക്കുണ്ട്. നമ്മുടെ വൈദികരുടെ ആത്മസമർപ്പണത്തിന്റെ ചരിത്രമാണത്. ജീവിക്കുന്ന ആ ചരിത്രസ്മാരകങ്ങളിൽ ഒരു ന്യൂനപക്ഷം വാർദ്ധക്യത്തിന്റെ അവശതകൾപേറി മലബാറിലെ രൂപതകളുടെ വൈദികമന്ദിരങ്ങളിൽ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. കൊടിയുടെ നിറവും വോട്ടിന്റെ എണ്ണവും നോക്കി വികസനസൗകര്യങ്ങൾ വീതം വയ്ക്കുന്ന രാഷ്ട്രീയ സംസ്കാരത്തിൽ മലബാറിലെ റോഡുകൾ പാലങ്ങൾ പള്ളികൂടങ്ങൾ ഇതരവികസനങ്ങൾ ഇവയ്ക്കെല്ലാം പിറകിലുണ്ടായിരുന്ന ഇടയന്മാരുടെ അലച്ചിലും ആത്മസമർപ്പണവും തിരിച്ചറിയണം. എനിക്ക് തോന്നുന്നു, അതിജീവനത്തിന്റെ ഈ കുടിയേറ്റ ചരിത്രം അഥവാ കൂടെ നടന്ന ഇടയന്മാരുടെ ത്യാഗപർവ്വങ്ങൾ പുതിയ തലമുറയെ പഠിപ്പിക്കേണ്ടത് കാലത്തിന്റെ ഒരു അനിവാര്യതയാണ്. അതല്ലെങ്കിൽ സോഷ്യൽ മീഡിയകളിലും നവമാധ്യമങ്ങളിലും നടക്കുന്ന പിതൃശൂന്യ വാർത്തയെഴുത്തുകളായിരിക്കും അവരുടെ ബോധമണ്ഡലത്തെ ഭരിക്കുക. അതുകൊണ്ട് ഇടയന്മാരുടെ ചരിത്രം – അവരുടെ ജാഗരണത്തിന്റെ രക്തം കിനിയുന്ന പോരാട്ടത്തിന്റെ ചങ്കുപിളർന്ന തിരസ്കരണങ്ങളുടെ ചരിത്രം – വീണ്ടും നമുക്ക് ആഖ്യാനം ചെയ്യണം. കുടിയേറ്റ ജനതയുടെ കണ്ണീരും കദനങ്ങളും ഇഴപിരിഞ്ഞ് നിന്ന ദിനരാത്രങ്ങളെ സ്നേഹിക്കുകയും അവരുടെ അലച്ചിലുകളെ അനുധാവനം ചെയ്യുകയും ചെയ്ത ആർദ്രഹൃദയരായ ഇടയമനസുകൾക്ക് കോടി പ്രണാമം!

16

# വെളിച്ചത്തിന് സാക്ഷ്യം നൽകാൻ വന്നവൻ

ഭൂമിയിൽ പ്രവാചകന്മാർ പിറവികൊണ്ടുതുടങ്ങിയത് എപ്പോൾ മുതലായിരിക്കും? പല മതങ്ങളിലും പ്രവാചകന്മാർ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് പല വിധത്തിലാകുമെങ്കിലും അവർ പ്രതിനിധാനം ചെയ്യുന്ന ആശയം ഒന്നുതന്നെയാണെന്നാണ് തോന്നുന്നത്. ഭാവിയും ഭൂതവും ഗണിച്ച് പറയുന്ന താന്ത്രിക സ്വഭാവമുള്ള പ്രവാചകന്മാരിൽ നിന്ന് വ്യതിരക്തമായി ആ വ്യക്തിത്വത്തിന് നീതിയുടെ നിറവും ധർമ്മത്തിന്റെ ഗന്ധവുമുണ്ടെന്ന് മനസ്സിലാക്കി തുടങ്ങിയത്, അയാളുടെ ചലനങ്ങൾക്ക് പ്രചണ്ഡ മാരുതന്റെ കരുത്തുണ്ടെന്ന് തിരിച്ചറിഞ്ഞ് തുടങ്ങിയത് വേദപുസ്തകത്തിലെ പ്രവാചകന്മാരെ വായിച്ച് തുടങ്ങിയപ്പോളാണ്. വിശ്വാസത്തിന്റെ ആന്തരികബലംകൊണ്ട് ചെങ്കടലിനുമീതെ ആധികാരത്തോടെ ഇടയദണ്ഡുയർത്തി തിരമാലകളോട് വഴിമാറാൻ പറയുന്ന മോശപ്രവാചകന്റെ പൗരുഷവും, “അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമാണെന്ന്” ചുവടുപിഴച്ച് തുടങ്ങിയ സാവൂൾ രാജാവിനോട് പറഞ്ഞ സാമുവലും ദരിദ്രന്റെ പെണ്ണാടിനെ അപഹരിച്ച ദുരാഗ്രഹി എന്ന് രാജ്യം ഭരിക്കുന്ന ദാവീദിന്റെ മുഖത്ത് നോക്കി വിളിക്കാൻ മാത്രം ഉൾക്കാമ്പുണ്ടായിരുന്ന നാഥാനും ചാരകുമ്പാരങ്ങളുടെയും നഷ്ടപ്രതാപങ്ങളുടെയും നടുവിൽ നിന്നുകൊണ്ട് സൗന്ദര്യപൂർണ്ണമായ പ്രഭാതത്തെക്കുറിച്ച് പ്രവചിക്കാനും മാത്രം പ്രത്യാശയുടെ മനുഷ്യരായിരുന്ന ഏശയ്യയും എസക്കിയേലും എന്തിന് കഠിന വേദനയുടെ നിമിഷത്തിൽ “ദൈവമേ നീ എന്നെ പറ്റിച്ചു” എന്ന് സർവ്വശക്തനോട് കലഹിക്കാൻ മുതിർന്ന ജറമിയായും നീതി ജലം പോലെ ഒഴുകട്ടെ, സത്യം

ഒരിക്കലും വറ്റാത്ത നീർച്ചാലുപോലയുമെന്ന് ഗർജ്ജിച്ച സാമൂഹിക നീതിയുടെ പ്രവാചകൻ തെക്കൊവയിലെ ഇടയൻ ആമോസും ഒരു പാട് വിസ്മയിപ്പിച്ച പ്രവാചക വ്യക്തിത്വങ്ങളായിരുന്നു. അപ്പോൾ നിശ്ച യമായും പ്രവാചക പരമ്പരയിലെ അവസാനത്തെ കണ്ണിയെപ്പറ്റി പരാ മർശിക്കാതെ പോകാനാകില്ലല്ലോ - മറ്റാരുമല്ലത് മരുഭൂമിയുടെ വന്യ തയിൽ വെട്ടുകിളിയും കാട്ടുതേനും ഭക്ഷിച്ചിരുന്ന വാക്കുകളിൽ തീക്ഷ്ണതയുടെ അഗ്നിസ്ഫുലിംഗങ്ങൾ ചിതറിച്ച സഖറിയായ്ക്ക് ബലി പീഠം കൊടുത്ത സമ്മാനത്തെ - സ്നാപക യോഹന്നാനെക്കുറിച്ചാണ് പറഞ്ഞു വരുന്നത്.

ആദ്യത്തെ ചോദ്യത്തിലേക്കു തിരികെ വരാം. ഭൂമിയിൽ പ്രവാച കന്മാർ ഉണ്ടായതെപ്പോഴാണ്? വേദപുസ്തകം അവതരിപ്പിച്ചിരുന്ന ആദ്യ പ്രവാചകൻ മോശയും അവസാനത്തെയാൾ സ്നാപക യോഹ ന്നാനുമാണ്. മോശ പ്രവാചകദൗത്യം ഏറ്റെടുത്തതെപ്പോഴാണെന്ന് ചിന്തിക്കുക. എനിക്ക് തോന്നുന്നത് ഭരണകൂടങ്ങൾ ദുഷിച്ച് തുടങ്ങുക യും അധികാര കേന്ദ്രങ്ങളിൽ അനീതി നിറയുകയും ആത്മീയനേതൃ ത്വത്തിന് ക്ഷയം പിടിക്കുകയും ചെയ്യുന്ന കാലത്ത് പുഷ്പിക്കുന്ന ചെടി യാണ് പ്രവാചകൻ. മോശയെപറ്റി ചിന്തിക്കുക; ഈജിപ്തിലെ ഭരണ കൂട ഭീകരത യാക്കോബിന്റെ മക്കളെ പീഢിപ്പിക്കുകയും അവർക്ക് സ്വാഭാവിക നീതി കൂടി നിഷേധിച്ച് തുടങ്ങുമ്പോഴാണ് വിക്കന്റെ അധ രങ്ങളിൽ ദൈവം വിമോചനത്തിന്റെ വചനം നിക്ഷേപിച്ച് തുടങ്ങുന്ന ത്. മോശയെന്ന ആദ്യപ്രവാചകന്റെ അന്ത്യംതന്നെയാണ് എല്ലാ പ്രവാ ചകന്മാരെയും കാത്തിരിക്കുന്നത്. അയാളുടെ ആന്തരികക്ഷോഭ ങ്ങൾക്കും അലച്ചിലുകൾക്കുംപകരം സ്വാതന്ത്ര്യവും നീതിയും പുല രുന്ന പ്രഭാതങ്ങളും സമൃദ്ധിയുടെ വാഗ്ദാന ദേശവുമുണ്ടാകും. പക്ഷേ അതുകാണാൻ അയാളുണ്ടാവില്ല. മരിക്കാൻ പർവ്വതത്തിലെ വിജനത. നാവിലൊരുതുള്ളി ജലം ഇറ്റിക്കാൻ പോലും ആരുമുണ്ടാവാത്ത വിജ നതയിലെ പെടുമരണമാണയാളുടെ വിധി. മോശ തുടങ്ങി സ്നാപ കൻവരെ എല്ലാ പ്രവാചകന്മാരുടെയും ഭാഗധേയം ഇതൊക്കെതന്നെ യാണ്. എന്നിട്ടും ഈ ജീവിതത്തോട് ഉള്ളിലൊരു വല്ലാത്ത ഇഷ്ടം തോന്നിയിട്ടുണ്ട് എന്നതാണ് പരമാർത്ഥം.

ഇത്രയും ആമുഖമായി പറഞ്ഞ് വത്സലശിഷ്യൻ വരച്ച് കാട്ടുന്ന അവസാനത്തെ പ്രവാചകൻ സ്നാപകനിലേക്കു വരാം. യോഹന്നാന്റെ സുവിശേഷത്തിലെ ദീപ്ത വ്യക്തിത്വങ്ങളിൽ പ്രധാനപ്പെട്ടതാണ് സ്നാപകന്റേത്. ആരാണ് ഇയാൾ? വത്സലശിഷ്യന്റെ ഓർമ്മക്കുറിപ്പു കളിൽ ഇയാളുടെ സ്ഥാനമെന്താണ്? മിശിഹാരഹസ്യം അനാവൃതമാ

ക്കുന്നതിൽ സ്നാപകൻ വഹിക്കുന്ന പങ്കെന്താണ്? ആറ് തവണയാണ് യോഹന്നാന്റെ രചനയിൽ സ്നാപകനെപറ്റി പരാമർശിക്കുന്നത് (1:6–7; 1:19–28; 1:29–34; 1:35–36; 3:22–30 5:35–36). "ദൈവം അയച്ച ഒരു മനുഷ്യനുണ്ടായിരുന്നു, അവന്റെ പേര് യോഹന്നാൻ എന്നാണ്. അവൻ സാക്ഷ്യത്തിനായി വന്നു; വെളിച്ചത്തിന് സാക്ഷ്യം നൽകാൻ അവൻ വഴി എല്ലാവരും വിശ്വസിക്കാൻ" (യോഹ 1:6–7). വത്സല ശിഷ്യൻ സ്നാപകനെ ഓർത്തെടുക്കുന്ന ആദ്യ വാചകം ഇങ്ങനെയാണ്.

"അവൻ വെളിച്ചമായിരുന്നില്ല പ്രത്യുത വെളിച്ചത്തിന് സാക്ഷ്യം നൽകാൻ വന്നവനായിരുന്നു" (1:8, 5:35) എന്ന വാക്കുകളിലൂടെയാണ് വത്സല ശിഷ്യൻ ആരാണ് സ്നാപകൻ എന്ന ചോദ്യത്തിന് ഉത്തരം നൽകുന്നത്. സാക്ഷിയാണ് സ്നാപകൻ. മനുഷ്യന്റെ ചരിത്രത്തിലെ ഏക സത്യമാണ് മാംസം ധരിച്ച വചനം. പക്ഷെ ഈ വചനം മാംസം ധരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുന്നത് സ്നാപകന്റെ ജീവിതത്തിലൂടെയാണ്. പ്രപഞ്ചത്തിന്റെ ആദികാരണമായ, വചനം – നസ്രത്തിലെ യേശുവിൽ മാംസരൂപം പ്രാപിച്ചു എന്ന് ലോകത്തോട് പ്രഘോഷിക്കുക എന്ന സാക്ഷ്യത്തിന്റെ ശിഷ്യധർമ്മം ആദ്യം ചെയ്തതാരാണ്? അത് സ്നാപകയോഹന്നാനാണ്. ഈ അർത്ഥത്തിൽ ബൈബിൾ പണ്ഡിതനായ റുഡോൾഫ് ബൂൾട്ട്മാൻ സ്നാപകനെ വിശേഷിപ്പിക്കുന്നത് യേശുശിഷ്യരുടെ പ്രാഗ്‌രൂപം (the prototype) എന്നാണ്. ക്രിസ്തുവിനെ ചരിത്രത്തിൽ ആദ്യം ഏറ്റുപറഞ്ഞ ആദ്യ പ്രഘോഷകൻ (the first Christian confessor) സ്നാപകനല്ലാതെ മറ്റാരാണ്!

സാക്ഷി എന്ന് അർത്ഥംവരുന്ന *മർതൂസ്* എന്ന ഗ്രീക്ക് പദം ഗ്രേക്കോ-റോമൻ സംസ്ക്കാരങ്ങളിൽ തികച്ചും നൈയ്യാമിക പശ്ചാത്തലത്തിൽ ഉപയോഗിച്ചിരുന്ന വ്യവഹാരഭാഷാപദമായിരുന്നു. വ്യവഹാര വേദികളിലും കോടതികളിലുമായിരുന്നു ഈ പദം പ്രയോഗത്തിലിരുന്നത്. പഴയനിയമത്തിന്റെ ഗ്രീക്ക് പരിഭാഷയായ സെപ്ത്വജിന്ത് (LXX) വസ്തുനിഷ്ടമായ തെളിവ് എന്ന അർത്ഥത്തിലാണ് ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. ചില ബൈബിൾ പണ്ഡിതന്മാരുടെ വീക്ഷണത്തിൽ യോഹന്നാന്റെ സുവിശേഷം മുഴുവൻ നൈയ്യാമിക അർത്ഥത്തിൽ ഒരു വിചാരണയുടെ വിവരണമായി കരുതാമെന്ന പക്ഷമുണ്ട്. ലോകം യേശുവിനെ വിചാരണചെയ്യുന്നു. പക്ഷെ വസ്തുനിഷ്ഠമായ സാക്ഷികളെ (*മർതൂസ്*) ഹാജരാക്കാൻ ലോകത്തിന് കഴിയുന്നില്ല. യേശുവിന്റെ സാക്ഷികളാകട്ടെ (സ്നാപകനുൾപ്പടെ) അവനെ സാധൂകരിക്കുക മാത്രമല്ല അവനെ വിചാരണയ്ക്കു ശ്രമിക്കുന്ന ലോകത്തെ വിധിക്കുകകൂടി ചെയ്യുന്നു. അങ്ങനെ സ്നാപകൻ യേശുവിനെ വിചാ

രണചെയ്യാൻ ശ്രമിക്കുന്ന ലോകത്തിൽ യേശുവിന്റെ സാക്ഷിയാകുന്നു. സ്നാപന്റെ സാക്ഷ്യമാകട്ടെ യേശുവിനെ കുറ്റംവിധിക്കാൻ ശ്രമിക്കുന്ന ലോകത്തിനെതിരെയുള്ള നീതിവിധിയുടെ സാക്ഷ്യമായി മാറുകയും ചെയ്യുന്നു. വത്സല ശിഷ്യന്റെ രചനയിൽ സാക്ഷിയുടെ ദൈവശാസ്ത്രപരമായ പ്രാധാന്യം അവതരിപ്പിക്കുന്നത് നോക്കൂ: സുവിശേഷത്തിന്റെ ആരംഭത്തിൽ 1:6-ൽ അവതരിപ്പിക്കുന്ന സാക്ഷിയുടെ പേര് യോഹന്നാൻ, ഇനി സുവിശേഷത്തിന്റെ അവസാനത്തിൽ പരാമർശിക്കുന്ന സാക്ഷിയുടെ പേരും യോഹന്നാൻ (19:85, 21:24). ഈ രണ്ട് വ്യക്തികളുടെ സാക്ഷ്യങ്ങൾക്കിടയിലാണ് യേശു അവതരിക്കപ്പെടുന്നത്. രണ്ട് പേരുടെ സാക്ഷ്യം സത്യമാണെന്നാണല്ലോ യഹൂദ നിയമം അനുശാസിക്കുന്നത് (സംഖ്യ 35:30; നിയമ. 17:6).

### സാക്ഷി ചോദ്യം ചെയ്യപ്പെടുന്നു (1:19-27)

യോഹന്നാൻ യഥാർത്ഥത്തിൽ സുവിശേഷം ആരംഭിക്കുന്നത് സാക്ഷി വിചാരണ ചെയ്യപ്പെടുന്ന വിവരണത്തോടുകൂടിയാണ്. യോഹന്നാന്റെ സുവിശേഷത്തിലെ ആദ്യ പതിനെട്ട് വാക്യങ്ങൾ (prologue) സുവിശേഷവിവരണത്തിന്റെ ആമുഖമായാണ് കണക്കാക്കപ്പെടുന്നത്. നീ ആരാണ് എന്നു ചോദിക്കാൻ യഹൂദർ ജറുസലേമിൽ നിന്ന് പുരോഹിതരേയും ലേവ്യരേയും അയച്ചു എന്നാണ് യോഹന്നാൻ വിവരിക്കുന്നത്. പ്രവാചകന്റെ അടുത്തേക്ക് അന്വേഷണസംഘത്തെ അയക്കുന്ന രംഗങ്ങൾ വേദപുസ്തകത്തിൽ ഇതര ഭാഗങ്ങളിൽ കണ്ടെത്താനാകും (2രാജാ. 19:2; ഏശാ 37:2). എന്തുകൊണ്ടായിരിക്കും യഹൂദർ യോഹന്നാനെ ചോദ്യം ചെയ്യാൻ പുരോഹിതരേയും ലേവ്യരേയും അയച്ചു എന്ന് വത്സല ശിഷ്യൻ കൃത്യമായി വിവരിക്കുന്നത്? ഇഥംപ്രദമമായി അന്ന് പാലസ്തീനായിൽ പ്രധാനപുരോഹിതന്റെയും ജനപ്രമാണിമാരുടെയും സമാന്തര ഭരണകൂടവും അധികാര സംവിധാനവും നിലനിന്നിരുന്നു എന്ന സാമൂഹക പശ്ചാത്തലം മനസ്സിലാക്കണം. എന്നാൽ അതിലുപരി, അബിയായുടെ ഗണത്തിൽപ്പെട്ട സഖറിയാ എന്ന പുരോഹിതന്റെയും അഹറോന്റെ പുത്രിമാരിൽ പെട്ട എലിസബത്തിന്റെയും മകനായ യോഹന്നാൻ പൗരോഹിത്യ അസ്ഥിത്വത്തിനെതിരെ സംസാരിച്ചു തുടങ്ങിയതോ, അധികാര പ്രമത്തതയിലും സുഖലോലുപതയിലും മുഴുകിയ ജറുസലേമിലെ പൗരോഹിത്യനേതൃത്വത്തെ വിമർശിച്ച് തുടങ്ങിയതോ ആകാം അവർ സ്നാപകനെതിരെ സംശയത്തോടെ തിരിയാനുള്ള കാരണം. മരുഭൂമിയിലെ പ്രവാചകനും സുഖലോലുപതയിലും അധികാര ശീതളിമയിലും ജീവി

ക്കുന്ന പുരോഹിതനും തമ്മിലുള്ള സംഘർഷമാണ് ഈ വാക്കുകളിൽ തെളിയുന്നത്.

പ്രവാചക തേജസ്സോടെ മരുഭൂമിയിൽ പ്രത്യക്ഷപ്പെട്ട സ്നാപകന്റെ അടുത്തേക്ക് 'നീ ആരാണ്?' എന്ന ചോദ്യവുമായി പുരോഹിതരേയും ലേവ്യരെയും അയക്കുന്നതിന്റെ അർത്ഥം പൂർണ്ണമായി വ്യക്തമാകണമെങ്കിൽ യഹൂദ സമൂഹത്തിൽ നിലനിന്ന ശക്തമായ മിശിഹാ പ്രതീക്ഷയുടെ പശ്ചാത്തലംകൂടി മനസിലാക്കേണ്ടതുണ്ട്. പഴയനിയമ ചരിത്രത്തിൽ പ്രവാചകപരമ്പരയിലെ അവസാന കണ്ണിയായിരുന്നു മലാക്കി പ്രവാചകൻ. ബി.സി. 516 ന് ശേഷം പ്രവാചകവിളി സ്വീകരിച്ച പുരോഹിതവംശത്തിൽപ്പെട്ട മലാക്കി, "കർത്താവിന്റെ മഹത്വപൂർണ്ണമായ ദിവസം വരുന്നതിനുമുമ്പ് ഏലിയാ പ്രത്യക്ഷപ്പെടും" (മലാക്കി 4:5-6) എന്ന വെളിപ്പെടുത്തലോടെയാണ് പ്രവചനം അവസാനിപ്പിക്കുന്നത്. പിന്നീട് നീണ്ട അഞ്ഞൂറ് വർഷങ്ങളിൽ ഇസ്രായേലിൽ പ്രവാചകന്മാർ ഉണ്ടായിട്ടില്ല. പ്രവചനങ്ങളോ വി. ഗ്രന്ഥ രചനയോ നടക്കാത്ത ഈ കാലയളവ് 'Intertestamental period' എന്നാണ് അറിയപ്പെടുന്നത്. നീണ്ട ഈ അഞ്ഞൂറ് വർഷങ്ങളിലും മിശിഹായുടെ വരവും അവിടുത്തേക്ക് വഴിയൊരുക്കാൻ വരുന്ന ഏലിയായുടെ ചൈതന്യപൂർണ്ണമായ പ്രത്യക്ഷപ്പെടലും ഇസ്രായേൽ ജനതയുടെ വിമോചന മോഹങ്ങളുടെ ഹൃദയമായിരുന്നു എന്ന് വേണം മനസിലാക്കാൻ. അതുകൊണ്ട് "നീ ആരാണ്?" എന്ന യഹൂദരുടെ ചോദ്യത്തിൽ അക്കാലത്ത് പ്രബലമായി നിന്ന മിശിഹാ പ്രതീക്ഷകളുടെ ശക്തമായ അലയൊലികൾ മുഴങ്ങുന്നുണ്ട് എന്നത് അവിതർക്കമായ വസ്തുതയാണ്. പുരോഹിത തായ്വഴിയിൽനിന്നുള്ള മലാക്കി അവസാനിപ്പിച്ചിടത്തുനിന്ന് അഞ്ഞൂറ് വർഷങ്ങൾക്കുശേഷം അതേ പുരോഹിതവംശത്തിൽനിന്നുള്ള സ്നാപക യോഹന്നാനിലൂടെ പ്രവാചകദൗത്യം പുനഃസ്ഥാപിക്കപ്പെടുന്നു എന്നതും തികച്ചും കൗതുകകരമാണ്.

### സാക്ഷി സ്വത്വം വ്യക്തമാക്കുന്നു

"കർത്താവിന്റെ വഴികൾ നേരേയാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചു പറയുന്ന ശബ്ദമാണ് ഞാൻ" (യോഹ. 1:23; ഏശ. 40:3). നാല് സുവിശേഷകൻമാരും യോഹന്നാന്റെ അസ്ഥിത്വത്തെ ഉപമിക്കുന്നത് ഏശയുടെ ഈ വചനത്തോടാണെങ്കിലും ആ വചനം സ്നാപകന്റെ തന്നെ സ്വന്തം സാക്ഷ്യമാക്കി അവതരിപ്പിക്കുന്നത് വത്സലശിഷ്യന്റെ മാത്രം പ്രത്യേകതയാണ്. ഈ ഏശയ്യാ പ്രവചനത്തെ മൂന്ന് രീതിയിൽ മനസ്സിലാക്കാം. ഇതിൽ ആദ്യത്തെ രണ്ട് വ്യാഖ്യാനങ്ങളും ചരിത്രപര

മായും അവസാനത്തത് യുഗാന്ത്യോന്മുഖവുമാണ്. ചരിത്രപരമായി ഈ വചനത്തിന് നൽകാവുന്ന ആദ്യ വ്യാഖ്യാനം - പ്രവാസത്തിനുശേഷം (ബി.സി. 587-39 കാലഘട്ടത്തിലെ ബാബിലോൺ അടിമത്തം) തിരിച്ച് ജറുസലേമിലേക്ക് മരുഭൂമികൾ താണ്ടി എത്തുന്ന ജനത്തിന് മുമ്പിൽ മുഴങ്ങിയ വരവേൽപ്പിന്റെ സ്വരത്തെയും രണ്ടാമത്, റോമൻ ഭരണാധികാരികൾ കടന്നുപോകുന്നതിനുമുമ്പ് അവർ കടന്നുപോകുന്ന വഴികൾ നേരെയാക്കുന്നതിനും വിജയശ്രീലാളിതരായി വരുന്ന അവരെ എതിരേൽക്കുന്നതിനും ആഹ്വാനംചെയ്ത് അവർക്കു മുമ്പേ പോയിരുന്ന വിളംബരത്തിന്റെ സ്വരത്തേയും പ്രതീകാത്മകമായി യോഹന്നാൻ യേശുവിനു വേണ്ടി വഴിയൊരുക്കുക എന്ന തന്റെ ദൗത്യവുമായി ബന്ധിപ്പിച്ചതാകാം എന്നതാണ്. മൂന്നാമത്തെ യുഗാന്ത്യോൻമുഖമായ (Eschatological) വ്യാഖ്യാനമാകട്ടെ വരാനിരിക്കുന്ന മിശിഹായുടെ ഭരണത്തിലേക്കുള്ള വിരൽചൂണ്ടലായും മനസ്സിലാക്കാവുന്നതാണ്.

യോഹന്നാന്റെ സാക്ഷ്യത്തിനും ആത്മാവിഷ്കാരത്തിനും എന്തുകൊണ്ടായിരിക്കാം മരുഭൂമി വേദിയാകുന്നത്? വേദപുസ്തകം പരിശോധിക്കുമ്പോൾ മനസ്സിലാക്കുന്നത് ഇസ്രായേലിന്റെ ചരിത്രത്തിൽ മരുഭൂമികൾക്കും വിജനതകൾക്കും നിർണ്ണായകമായ സ്ഥാനമുണ്ട് എന്നതാണ്. “ഞാൻ അവളെ വശീകരിച്ച് വിജനപ്രദേശത്തേക്കു കൊണ്ടുവരും, അവളോട് ഹൃദ്യമായി സംസാരിക്കും... കരുണ ലഭിക്കാത്തവളോട് ഞാൻ കരുണകാണിക്കും, എന്റെ ജനമല്ലാത്തവരോട് എന്റെ ജനമാണെന്ന് ഞാൻ പറയും” (ഹോസി. 2:14). അതുപോലെ യഹൂദർ മരുഭൂമികളെ ഒരു പുതിയ പുറപ്പാടിന്റെ ഭൂമികയായും പ്രവാചകന്മാരുടെയും എന്തിന് മിശിഹായുടെവരെ പ്രത്യക്ഷീകരണത്തിന്റെയും വേദിയായും ദൈവാവിഷ്കാരത്തിന്റെ ഭൂമികയായും കണക്കാക്കിയിരുന്നു. ഇസ്രായേൽ ജനതയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ദൈവാനുഭവത്തിനും ദൈവാവിഷ്ക്കാരത്തിനും വേദിയായത് സീനായ് മരുഭൂമിയാണെന്നതും പ്രത്യേക പരാമർശമർഹിക്കുന്നതാണ്. അതിനാൽ മരുഭൂമിയിൽ മുഴങ്ങുന്ന സ്വരമായി സ്നാപകൻ സ്വയം പരിചയപ്പെടുത്തുന്നതും മരുഭൂമിയിൽ സ്നാപകന്റെ പ്രവർത്തനങ്ങൾ നടക്കുന്നതായി വിവരിക്കുന്നതും സംഭവിക്കാനിരിക്കുന്ന സമ്പൂർണ്ണമായ ദൈവവാവിഷ്ക്കാരത്തിന്റെ (theopheny) സൂചനയാണ് നൽകുന്നത്.

### മണവാളന്റെ സ്വരത്തിൽ ആനന്ദിക്കുന്ന സ്നേഹിതൻ (3:29)

യോഹന്നാൻ യേശുവുമായുള്ള തന്റെ ആത്മബന്ധത്തെ വ്യക്തമാക്കാൻ ഉപയോഗിച്ച വാക്കാണ് മണവാളന്റെ ആത്മമിത്രം എന്നർത്ഥമുള്ള *ഷോഷ്ബെൻ* എന്ന ഹെബ്രായപദം. യഹൂദ റബ്ബിമാരുടെ

വ്യാഖ്യാനങ്ങളിൽ (*Talmud & Mishna*) യഹോവയും ഇസ്രായേലും തമ്മിലുള്ള ബന്ധത്തെ പ്രതീകാത്മക വിവാഹബന്ധമായി ചിത്രീകരിക്കുകയും മോശയെ മണവാളനായ യഹോവയുടെ സ്നേഹിതനായി (*ഷോഷ്ബെൻ*) അവതരിപ്പിക്കുന്നതും ശ്രദ്ധേയമാണ്. 2കോറി. 11:2-ൽ വി. പൗലോസ് ക്രിസ്തുവും സഭയുമായുള്ള വിവാഹബന്ധത്തിൽ സ്നേഹിതന്റെ സ്ഥാനമാണ് തനിക്കുള്ളത് എന്ന് പറയുന്നത് ശ്രദ്ധേയമാണ്. യഹൂദ സംസ്കാരമനുസരിച്ച് വധൂവരന്മാരെ വിവാഹത്തിന് ഒരുക്കുന്നതിനും വിവാഹത്തിലടെ അവരെ ഒരുമിപ്പിക്കുന്നതിലും മണവാളന്റെ ആത്മമിത്രത്തിന് (Shoshben) നിർണ്ണായകമായ സ്ഥാനമാണ് ഉണ്ടായിരുന്നത്. ആ നിർണ്ണായകമായ സ്ഥാനമാണ് യേശുവും ദൈവജനവും തമ്മിലുള്ള ബന്ധത്തിൽ സ്നാപകൻ നിർവ്വഹിക്കുന്നത്. പ്രത്യക്ഷത്തിൽ ദുർഗ്രഹം എന്ന് തോന്നാവുന്ന, "മണവാളന്റെ സ്വരത്തിൽ സന്തോഷിക്കുന്ന സ്നേഹിതൻ" എന്ന വിശേഷണത്തിലെ 'മണവാളന്റെ സ്വരത്തെ' രണ്ട് രീതിയിലാണ് യഹൂദ സാംസ്കാരിക പശ്ചാത്തലത്തിൽ നിന്നും വ്യാഖ്യാനിക്കാൻ കഴിയുന്നത്; ഒന്നാമതായി, വിവാഹദിവസം വധൂഗൃഹത്തിന്റെ ചുമതല വഹിക്കുന്ന സ്നേഹിതൻ കേൾക്കുന്ന വധുവിനെ സ്വീകരിക്കാൻ വധുഗൃഹത്തിലെത്തുന്ന മണവാളന്റെയും കൂട്ടാളിയുടെയും വരവ് അറിയിക്കുന്ന ആർപ്പുവിളി സ്വരമായോ വധുവിനെ പേര് ചൊല്ലി വിളിക്കുന്ന മണവാളന്റെ ശബ്ദമായി 'മണവാളന്റെ സ്വരം' എന്ന പരാമർശത്തെ വ്യാഖ്യാനിക്കാം. രണ്ടാമത്, വിവാഹദിവസം സ്നേഹിതൻ വരന്റെ ഗൃഹത്തിൽ സംരക്ഷണചുമതലയുള്ളവനാണ്. വിവാഹശേഷം വധൂവരന്മാർ മണവറയിൽ പ്രവേശിച്ചുകഴിഞ്ഞ് വധുവിനോട് സ്നേഹസംഭാഷണം നടത്തുന്ന വരന്റെ സ്വരമാണ് 'മണവാളന്റെ സ്വരം' എന്ന വ്യാഖ്യാനവും കാണുന്നുണ്ട്. വധൂവരന്മാരുടെ സ്നേഹസല്ലാപമാണ് സ്നേഹിതൻ കേൾക്കുന്ന സ്വരം വിവക്ഷിക്കുന്നത്. ഇവിടെയെല്ലാം പ്രസക്തമായ വസ്തുത സ്നാപകൻ തന്റെ അസ്ഥിത്വത്തെ യേശുവിനോട് ചേർത്ത് അർത്ഥവും സാകല്യവും കണ്ടെത്തുന്നു എന്നാണ്.

## സാക്ഷ്യം പൂർത്തിയാക്കുന്നു

"അവൻ വളരുകയും ഞാൻ കുറയുകയും വേണം". സാക്ഷ്യം നൽകാൻ വന്നവൻ വഴിമാറുന്നതിനു മുമ്പ് നടത്തുന്ന വിടവാങ്ങൽ ഭാഷണത്തിലെ ഹൃദ്യമായ വരികളാണിത്. പ്രകാശം ഉദിച്ച് കഴിയുമ്പോൾ, രാവു മുഴുവൻ പ്രകാശം ചൊരിഞ്ഞു നിന്ന വിളക്കുകൾ അപ്രസക്തമാകുന്നതുപോലെ യേശുവിന്റെ വരവിനു മുമ്പിൽ തന്റെ ദൗത്യം

അപ്രസക്തമാണെന്നു തിരിച്ചറിഞ്ഞ് സ്വയം പിൻവാങ്ങുന്ന ഉദാത്ത മായ ഭാവമാണ് യോഹന്നാനിൽ സുവിശേഷകൻ അവതരിപ്പിക്കുന്ന ത്. വളർച്ചയുണ്ടാകാൻ അത് വ്യക്തികൾക്കോ സമൂഹത്തിനോ ആവട്ടെ ചില ചെറുതാവലുകൾ, ത്യാഗപൂർണ്ണമായ പിൻമാറ്റങ്ങൾ അനിവാര്യ മാണെന്ന സുന്ദരമായ പാഠമാണ് സ്നാപകന്റെ ഈ വാക്കുകൾ അനു വാചകരിലേക്ക് എത്തിക്കുന്നത്. ഈ പാഠം ഇന്നും പ്രസക്തമാണ്. സ്വയം ചെറുതാകാനും മാറിനിൽക്കാനും ആത്മബലമുള്ള മനുഷ്യരാണ് വളർച്ചയ്ക്കും അഭിവൃദ്ധിക്കും വഴിയൊരുക്കുന്നത്. സഭയുടെ വർത്ത മാനകാലചരിത്രം മുൻനിർത്തി ചിന്തിക്കാം; 21-ാം നൂറ്റാണ്ടിൽ ജീവി ച്ചിരിക്കുന്ന മികച്ച പത്ത് ധിക്ഷണാശാലികളിലൊരാൾ എന്ന് പറ യാവുന്ന ബെനഡിക്ട് പാപ്പായുടെ ശൂന്യവത്കരണത്തിന്റെ ആവൃതി യ്ക്കുള്ളിലേക്ക് സ്വയം പിൻമാറാൻ എടുത്ത മഹത്തായ തീരുമാനമ ല്ലേ, ഫ്രാൻസിസ് ഒന്നാമൻ പാപ്പായുടെ കീഴിൽ നവീകരണത്തിന്റെ വസന്തവും ആത്മീയ ഉണർവും സഭയ്ക്ക് പ്രദാനം ചെയ്തത്?

തന്റെ ദൗത്യം പൂർത്തിയായി, താൻ യവനികക്കു പിറകിലേക്കു മാറുന്നു എന്നത് അവതരിപ്പിക്കാൻ സ്നാപകൻ രണ്ട് വാക്കുകളാണ് പ്രതീകാത്മകമായി ഉപയോഗിക്കുന്നത്; വളരുക (*ഔക്ഷാനെയ്ൻ*), കുറ യുക (*എലാത്തുസ്തായി*) എന്നീ ഗ്രീക്ക് വാക്കുകളാണവ. യേശുവിനെ പ്രകാശമായും സ്നാപകനെ പ്രകാശത്തിനു സാക്ഷ്യം നൽകാൻ വന്ന വനും വിളക്കുമായി അവതരിപ്പിക്കുന്നതിനാൽ ഈ രണ്ട് പദങ്ങൾക്കും സൂര്യന്റെ വൃദ്ധിക്ഷയങ്ങളുമായി ബന്ധപ്പെടുത്തിയ ഒരു വ്യാഖ്യാന സാധ്യത കൽപിക്കാറുണ്ട്. യേശുവിന്റെ ജനനദിവസമായി കണക്കാ ക്കുന്ന ഡിസംബർ 25-നു ശേഷം സൂര്യന്റെവൃദ്ധിയുടെ കാലഘട്ടമാ ണ്; സൂര്യന്റെ ഉത്തരായനകാലം. ഭൂമിയിൽനിന്ന് നോക്കുമ്പോൾ ഏറ്റവും വലുപ്പത്തിൽ സൂര്യനെ കാണുന്നത് ഇതിനുശേഷമാണ്. സ്നാപകന്റെ ജനനത്തിരുനാളായി കണക്കാക്കുന്ന ജൂൺ 24 സൂര്യൻ ദക്ഷണായനം നടത്തുന്ന, സൂര്യന്റെ ക്ഷയത്തിന്റെ അഥവാ ചെറുതാ വുന്നതിന്റെ കാലമാണ്. യഥാർത്ഥ പ്രകാശമായ ക്രിസ്തു വളരണമെ ന്നും അവനു സാക്ഷ്യം വഹിക്കാൻ വന്നവൻ ചെറുതാകണമെന്നുമുള്ള വത്സല ശിഷ്യന്റെ വിവരണത്തിന്റെ അടിസ്ഥാനത്തിലാകും യേശുവി ന്റെയും സ്നാപകന്റെയും ജനനദിവസങ്ങൾ പ്രകാശത്തിന്റെ വൃദ്ധി ക്ഷയങ്ങളോട് ബന്ധപ്പെടുത്തി ക്രമപ്പെടുത്തിയത്.

# ഒരു കാലിക വായന

പുരോഹിതനായ സഖറിയായുടെയും അഹറോന്റെ പുത്രിമാരിൽപ്പെട്ട എലിസബത്തിന്റെയും പുത്രനായ യോഹന്നാൻ എങ്ങിനെയാണ് പ്രവാചകനായി മാറിയത്? ധൂപകലശം കൈയിലേന്തേണ്ട, നീണ്ട തൊങ്ങലുള്ള വിശിഷ്ടവസ്ത്രങ്ങൾ അണിയേണ്ട പുരോഹിതപുത്രൻ എങ്ങനെ ഒട്ടകരോമം കൊണ്ടുള്ള പരുക്കൻ വസ്ത്രത്തെ പ്രണയിച്ചു? തിരുസാന്നിധ്യ അപ്പത്തിന്റെ മേശയിൽ നിന്ന് ഭക്ഷിക്കേണ്ടവൻ എന്തുകൊണ്ട് വെട്ടുകിളിയും കാട്ടുതേനും എന്ന പ്രാകൃത ഭക്ഷണം കഴിക്കുന്നു? സദാ പ്രാർത്ഥകളും സങ്കീർത്തനങ്ങളും മുഴങ്ങുന്ന ദേവാലയത്തേക്കാൾ, എന്തുകൊണ്ടാണിയാൾ മരുഭൂമിയുടെ ഊഷരതയെയും വിജനതയെയും പ്രണയിച്ചത്? പൗരോഹിത്യം ഉറപ്പാക്കുന്ന സുരക്ഷിതത്വത്തിൽ നിന്ന് എന്തുകൊണ്ടാണീ മനുഷ്യൻ പ്രവാചക ജീവിതത്തിന്റെ അലച്ചിലിലേക്കും അരക്ഷിതാവസ്ഥയിലേക്കും സ്വയം ഇറങ്ങിപ്പോകുന്നത്? ഉത്തരം ഒന്നേ ഉള്ളൂ: സാക്ഷിയാകുക എന്ന നിയോഗം അയാളെ നിർബന്ധിക്കുകയും ക്രിസ്തു അയാളെ മോഹിപ്പിക്കുകയും ചെയ്തിട്ടുണ്ടാവണം. നിയോഗം ഉള്ളിൽ മുഴങ്ങിയപ്പോൾ ("മരുഭൂമിയിൽ വിളിച്ച് പറയുന്നവന്റെ ശബ്ദം" ആകാനുള്ള വിളി) അനുഷ്ഠാന വിധികളുടെ നിർവികാരതയെ ഉപേക്ഷിക്കാതിരിക്കാൻ പുരോഹിതപുത്രന് സാധിച്ചിട്ടുണ്ടാവില്ല.

ചരിത്രത്തിൽ പുരോഹിതനും പ്രവാചകനും തമ്മിൽ എന്തായിരിക്കും പൊരുത്തം? പുരോഹിത തായ്‌വഴിയിൽ നിന്ന് പ്രവാചകവഴിയിലേക്ക് കൂറുമാറിയ സ്നാപക യോഹന്നാനെ മുൻനിർത്തി ചിന്തിച്ച് നോക്കുക പുരോഹിതന്റെ സ്ഥാനം എവിടെയായിരിക്കും അയാൾ എപ്പോഴും സിംഹാസനങ്ങളുടെ തോഴനും അധികാര കേന്ദ്രങ്ങളുടെ ആശ്രിതവത്സലനുമായിരുന്നു. അധർമ്മം പെറ്റുപെരുകിയ ചരിത്രത്തിലെ അധികാരകേന്ദ്രങ്ങളോട് ചേർന്ന് അയാളുടെ വക്രീകരിക്കപ്പെട്ടതും നിഗൂഢവുമായ മുഖവും സാന്നിധ്യവും എന്നുമുണ്ടായിരുന്നു. ഉള്ളിൽനിന്നുയരുന്ന നീതിയുടെയും ധർമ്മത്തിന്റെയും ചോദനകളെ അയാളെന്നും മന്ത്രതന്ത്രങ്ങളുടെ സ്വരം മുഴക്കി നിശബ്ദമാക്കിയിരുന്നു. എന്നാൽ പ്രവാചകനോ അയാൾ ഒരിക്കലും അധികാര കേന്ദ്രങ്ങളുടെ ഇടവഴികളിലെ ആശ്രിതനായിരുന്നില്ല. സിംഹാസനങ്ങളോട് ചേർന്ന് തന്റെ അസ്ഥിത്വത്തെ അയാളൊരിക്കലും ബന്ധിപ്പിച്ചിരുന്നുമില്ല. മറിച്ച് നിരന്തരം അയാൾ അധികാരത്തോട് കലഹത്തിലായിരുന്നു. അതുകൊണ്ട്തന്നെ സ്വച്ഛന്ദമൃത്യു പ്രവാചകന്റെ ജീവിതത്തിൽ എന്നും അന്യമായിരുന്നു.

ഉള്ളിലുയർന്ന ദൈവശബ്ദത്തിന് വാതുറന്നു കൊടുത്തതു വഴി അയാൾക്ക് ജീവിതം മുഴുവൻ കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും ആഹരിക്കേണ്ടിവന്നു. പെടുമരണം ഏറ്റുവാങ്ങേണ്ടിവന്നു. പേടിതോന്നുന്നു! പ്രവാചകന്മാർ ഈ ലോകത്തിൽ ഇല്ലാതെ പോയിരുന്നെങ്കിലോ? സിംഹാസനങ്ങളുടെ തോഴരായ പുരോഹിതർ മാത്രമേ ഈ ലോകത്തിൽ ഉണ്ടായിരുന്നെങ്കിലോ? എങ്കിൽ ഇവിടെ ഒരിക്കലും ഒരു പുറപ്പാട് സംഭവം നടക്കുകയില്ല. പ്രവാസികളുടെ തിരിച്ചുവരവും നാശകൂമ്പാരങ്ങളുടെ പുനർനിർമ്മാണവും വെറും കിനാക്കളായി അവശേഷിക്കുകയേ ഉണ്ടാകുമായിരുന്നുള്ളൂ. ഓർഡിനറി എന്ന തന്റെ പുസ്തകത്തിൽ ആദരണീയനായ ബോബി ജോസച്ചന്റെ വാക്കുകളോടെ ഈ കുറിപ്പ് അവസാനിപ്പിക്കാം: "വൈദികരിൽ നിന്നും സമർപ്പിതരിൽ നിന്നും മിക്കായേപ്പോലുള്ള ദരിദ്രരുടെ പ്രവാചകരുണ്ടാകട്ടെ, അവർ വിമോചനാഭിമുഖ്യമുള്ള വേദപുസ്തക പുനർവായനയിൽ ഏർപ്പെടട്ടെ..."

17

# ജീവൻ മരണത്തിന്റെമേൽ വിജയമാഘോഷിക്കുന്നു

**(യോഹ. 11:1 – 44)**

"അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; അതിനെ കീഴടക്കാൻ ഇരുളിന് കഴിഞ്ഞില്ല." (യോഹ. 1:4–5)

വത്സല ശിഷ്യന്റെ ഓർമ്മയുടെ പുസ്തകം ലോകത്തിലേക്കു വരുന്ന വചനത്തെക്കുറിച്ചു പ്രകീർത്തിക്കുന്ന വാക്കുകളാണിത്. ഇരുളിന് കീഴടക്കാൻ കഴിയാത്ത ജീവന്റെ വെളിച്ചത്തെക്കുറിച്ചാണ് ഈ വചനങ്ങൾ പറയുന്നതെങ്കിൽ അതിന്റെ സാക്ഷാത്ക്കാരമാണ് മരണത്തിന്റെ ഇരുളിൽ നിന്ന് ജീവന്റെ പ്രകാശത്തിലേക്ക് ബഥാനിയായിലെ ലാസറിനെ തിരികെ കൊണ്ടുവരുന്ന രംഗത്തിലൂടെ യോഹന്നാൻ അവതരിപ്പിക്കുന്നത്. മാംസംധരിച്ച വചനം തന്നിലുള്ള ജീവൻകൊണ്ട് മരണത്തെ കീഴടക്കുന്നു. വളരെ ബോധപൂർവ്വം ചിന്തിക്കേണ്ട വരികളാണിത്. വചനം മരണത്തെ കീഴടക്കിയത് തന്നിലുള്ള ജീവൻകൊണ്ടാണ്. അഥവാ ലാസറിനെ ഗ്രസിച്ച മരണത്തെ തോൽപിക്കാൻ അവൻ നൽകിയത് സ്വജീവൻ തന്നെയാണ്. ലാസറിനെ വിശേഷിപ്പിക്കുന്നത് 'നമ്മുടെ സ്നേഹിതൻ' (*ഫിലോസ്*) എന്നാണ്. സ്നേഹിതനായ ലാസറിനെ ജീവിപ്പിക്കാൻ യേശു ജറുസലേമിലേക്കു പോകേണ്ടിയിരുന്നു. ജറുസലേം ശത്രുതയോടെ യേശുവിനെ അവസാനിപ്പിക്കാൻ ശത്രുതയോടെ കാത്തിരിക്കുന്നവരുടെ സ്ഥലമാണ്, പീഢനങ്ങളുടെയും മരണത്തിന്റെയും വേദിയാണ്. ലാസറിനുവേണ്ടിയുള്ള ജറുസലേമി

ലേക്കുള്ള യേശുവിന്റെ യാത്ര മരണത്തിലേക്കുള്ള യാത്രയാണ്. അതുകൊണ്ട് വളരെ ബോധപൂർവ്വമാണ് അവൻ പറഞ്ഞത്: "സ്നേഹിതനുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല". "സ്നേഹിതനുവേണ്ടി ജീവനർപ്പിക്കുന്നതിലും വലിയ സ്നേഹമില്ലന്നു" പറഞ്ഞവൻ (യോഹ. 15:13) സ്നേഹിതനുവേണ്ടി ജീവനർപ്പിക്കാൻ ജറുസലേമിലേക്ക് മരിച്ചുകൊണ്ട് മരണത്തെ തോൽപ്പിക്കാൻ യാത്രയാകുന്നു. യോഹന്നാൻ തന്റെ മൂന്നാം ലേഖനം 3:15 ൽ യേശുവിൽ വിശ്വസിക്കുന്നവരെ വിളിക്കുന്നതും സ്നേഹിതർ (*ഫിലോയി*) എന്നാണ്. സ്നേഹിതനായ ലാസറിനെ (*ഫിലോസ്*) സ്വന്തം ജീവൻ അപായപ്പെടുത്തി ജീവിപ്പിച്ചവൻ സ്നേഹിതരായ (*ഫിലോയി*) നമുക്കും സ്വന്തം പ്രാണത്യാഗത്തിലൂടെ ജീവൻ നൽകും എന്നാണ് ഈ അത്ഭുത വിവരണത്തിലൂടെ വത്സല ശിഷ്യൻ പറയാനാഗ്രഹിക്കുന്നത്.

ലാസർ എന്ന പേര് *എലയാസർ* എന്ന ഹെബ്രായ നാമത്തിന്റെ ഗ്രീക്ക് രൂപമാണ്. *എലയാസർ* എന്നാൽ 'ദൈവം സഹായമാകുന്നു' എന്ന് അർത്ഥം. ലാസറിന്റെ ജന്മസ്ഥലം സുവിശേഷകൻ പരാമർശിക്കുന്നത് 'ബഥനി' എന്നാണ്. *ബഥാനിയാ* എന്ന വാക്ക് വാച്യാർത്ഥത്തിൽ (house of affliction) 'കഷ്ടതകളുടെ ഭവനം' എന്നാണ് അർത്ഥമാക്കുന്നത്. കഷ്ടതകളുടെ ഭവനത്തിൽ ദൈവം സഹായമാകുന്നതിന്റെ വിവരണം എന്ന് ഈ സംഭവത്തെ ലളിതമായി വ്യാഖ്യാനിക്കാമെന്നു തോന്നുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ രണ്ട് ബഥാനിയാകൾ പരാമർശിക്കപ്പെടുന്നുണ്ട്.

> "ജോർദ്ദാന്റെ അക്കരെ ബഥാനിയായിലാണ് ഇത് സംഭവിച്ചത്." (സ്നാപകൻ സ്നാനം നൽകിയിരുന്ന സ്ഥലം; യോഹ. 1:28)
>
> "ജറുസലേമിന് 15 സ്താദിയോൺ (ആധുനിക രീതിയിൽ 2 മൈൽ ദൂരം) അകല സ്ഥിതി ചെയ്യുന്ന പട്ടണം." (യോഹ. 11:1,18)

ബൈബിൾ പണ്ഡിതന്മാരുടെ ഇടയിൽ പക്ഷേ ജോർദ്ദാന്റെ അക്കരെ ബഥാനിയാ എന്ന സ്ഥലം ഉണ്ടോ എന്നതിൽ ഭിന്നാഭിപ്രായം ഉണ്ട്. സഭാ പിതാവായ ഒരിജൻ (എ.ഡി. 200) ഇതിന് നൽകുന്ന പരിഹാരം പലരും യുക്തിസഹമായി സ്വീകരിച്ചിട്ടുണ്ട്. ഒരിജന്റെ അഭിപ്രായത്തിൽ ബഹുഭൂരിപക്ഷം കൈയെഴുത്ത് പ്രതികളും ജോർദ്ദാന്റെ അക്കരെ ബഥാനിയാ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഭൂമിശാസ്ത്രപരമായി 1:28 ൽ പരാമർശ്യവിഷയമായിരുന്നത് *ബെത്താബറ* (the place of crossing over) എന്ന സ്ഥലമായിരിക്കണം എന്നതാണ്. എന്താണെങ്കിലും, യോഹന്നാൻ 11:1,18 വാക്യങ്ങളിൽ പരാമർശിക്കു

ന്നത് ജറുസലേമിനടുത്ത് 2 മൈൽ കിഴക്കായി സ്ഥിതിചെയ്തിരുന്ന ബഥാനിയ ആണെന്നതിൽ തർക്കമില്ല. അവിടെ നടന്ന പുരാവസ്തു ഗവേഷണങ്ങളിൽ ലാസറിന്റെയും മർത്തായുടെയും മറിയത്തിന്റെയും പേരുകൾ ആലേഖനം ചെയ്ത കല്ലറകൾ കണ്ടെത്തിയിട്ടുണ്ട്. ഇന്ന് ബഥാനിയാ അറിയപ്പെടുന്നത് *ഏൽ അസറിയാ* (El-Azariah) എന്ന പേരിലാണ്. മർത്തായുടെയും മറിയത്തിന്റെയും സഹോദരൻ എന്നാണ് സുവിശേഷകൻ ലാസറിനെ പരിചയപ്പെടുത്തുന്നത്. ഈ രണ്ട് സഹോദരിമാരിൽ മർത്തായെ 11:5,19 വാക്യങ്ങളിലും, ലുക്കാ 10:38 ലും പരാമർശിക്കുന്നുണ്ട്. മറിയത്തെക്കുറിച്ചാകട്ടെ, "സുഗന്ധതൈലംകൊണ്ട് കർത്താവിനെ പൂശുകയും തലമുടികൊണ്ട് തുടക്കുകയും ചെയ്തവൾ" (യോഹ. 12:3; ലൂക്കാ 7:38; മർക്കോ. 14:3) എന്നും പരാമർശിക്കുന്നു.

വത്സലശിഷ്യൻ യേശുവിന്റെ ജീവിതത്തെ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നതിൽ ലാസറിനെ ഉയർപ്പിക്കുന്ന സംഭവത്തിന് അതിപ്രധാനമായൊരു ദൈവശാസ്ത്ര സ്ഥാനം കണ്ടെത്താനാകും. കാരണം സമവീക്ഷണ സുവിശേഷങ്ങൾ ഒന്നും ലാസറിനെ ഉയിർപ്പിക്കുന്ന ഈ സംഭവം വിവരിച്ചിട്ടില്ല. സമവീക്ഷണ സുവിശേഷങ്ങളുടെ വിവരണമനുസരിച്ച് യേശു വിചാരണ ചെയ്യപ്പെടാനും വിധിക്കപ്പെടാനും ഏറ്റവും അടുത്ത കാരണവും യഹൂദരെ ഏറ്റവുമധികം പ്രകോപിപ്പിച്ച സംഭവവും ജറുസലേമിലേക്കുള്ള യേശുവിന്റെ രാജകീയ പ്രവേശനവും ദേവാലയ ശുദ്ധീകരണമാണ്. എന്നാൽ യോഹന്നാന്റെ വീക്ഷണത്തിൽ യേശുവിന്റെ വിചാരണയുടെയും വിധിയുടെയും ത്വരിതകാരണം ലാസറിനെ ഉയിർപ്പിക്കുന്ന സംഭവമാണ്. വത്സല ശിഷ്യന്റെ വീക്ഷണത്തിൽ ലാസറിന് (സ്നേഹിതൻ) സ്വന്തം ജീവൻ ബലികൊടുത്തുകൊണ്ട് ജീവൻ നൽകുകയാണ് യേശു ചെയ്യുന്നത്. അതായത് സ്നേഹിതർക്ക് ജീവനുണ്ടാക്കാൻ നടത്തുന്ന ആത്മബലിയായിട്ടാണ് യോഹന്നാൻ യേശുവിന്റെ മരണത്തെ അവതരിപ്പിക്കുന്നത് എന്ന് വ്യക്തം. 10-ാം അദ്ധ്യായം 10-ാം വാക്യത്തിൽ "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകുവാനും അതു സമൃദ്ധമാകുവാനുമാണെന്ന് പറഞ്ഞ വാക്കുകളുടെ പൂർത്തീകരണമാണ് യേശുവിന്റെ മരണം. യേശുവിന്റെ ആത്മദാനത്തിലൂടെ ജീവന്റെ സമൃദ്ധിയിലേക്ക് നമുക്ക് പ്രവേശിക്കാൻ സാധിക്കുന്നു". യേശു ലാസറിനെ ഉയർപ്പിച്ച വിവരം അറിയുമ്പോളാണ് പ്രധാന പുരോഹിതൻ കയ്യഫാസ് "ജനത്തിനുവേണ്ടി ഒരുവൻ മരിക്കുന്നത് യുക്തമാണ്" (11:5) എന്ന പ്രവചനം നടത്തുന്നത്. വത്സലശിഷ്യൻ കയ്യാഫാസിന്റെ ഈ വാക്കുകൾക്ക് കൽപ്പിക്കുന്നത് ഒരു പ്രവചന

സ്വഭാവമാണ്: 'ജനത്തിനുവേണ്ടി മാത്രമല്ല ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒരുമിച്ച് കൂട്ടുന്നതിനുവേണ്ടിക്കൂടി ബലിയായി യേശു അർപ്പിക്കപ്പെടേണ്ടിയിരിക്കുന്നു (11:52).

### മരണത്തിൽ അവസാനിക്കാൻ പാടില്ലാത്ത രോഗം

രോഗത്തെ യേശു പുതുതായി വ്യാഖ്യാനിക്കുന്നത് ശ്രദ്ധിക്കുക. രോഗത്തെ മാത്രമല്ല മനുഷ്യജീവിതത്തെ ഗ്രസിക്കുന്ന എല്ലാ സഹനങ്ങളെയും അവൻ പുനർവ്യാഖ്യാനം ചെയ്തുകൊണ്ട് സഹനത്തിനും രോഗത്തിനും മരണത്തിനും പുതിയ ഒരു ദൈവശാസ്ത്രം രചിക്കുകയാണ്. മരണത്തിൽ ഒന്നും അവസാനിക്കുന്നില്ല മറിച്ച് ആരംഭിക്കുകയാണ്. എല്ലാം എത്തിനിൽക്കുന്നത് ദൈവമഹത്വത്തിലും ദൈവപുത്രൻ മഹത്വീകൃതനാകുന്നതിനുമാണ്. (യോഹ. 11:4,40). ഇതേ ആശയം ജന്മനാ അന്ധനായ മനുഷ്യനെ ചൂണ്ടി "റബ്ബി ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം മൂലമാണ്" എന്ന ശിഷ്യരുടെ ചോദ്യത്തിന് "ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ വെളിപ്പെടാനായ്" (യോഹ. 9:3) എന്ന യേശുവിന്റെ മറുപടിയിൽ മുൻപേ അനാവൃതമായതാണ്.

സഹനം "ദൈവത്തിന്റെ പ്രവൃത്തികൾ പ്രകടമാക്കാനാണ്" (9:3), "ദൈവം മഹത്വപ്പെടാനാണ്" (11:4) എന്നീ രണ്ട് പ്രഖ്യാപനങ്ങളിലൂടെ വലിയ ഒരു മിശിഹാ രഹസ്യമാണ് വത്സല ശിഷ്യൻ അനാവരണം ചെയ്യാൻ ആഗ്രഹിക്കുന്നത്. അതായത് സഹനത്തിൽ പ്രകടമാകുന്ന ദൈവമഹത്വം യേശുവിന്റെ സഹനത്തിലും മരണത്തിലും പ്രകടമാകാനിരിക്കുന്ന ദൈവശക്തിയുടെയും ദൈവമഹത്വത്തിന്റെയും സൂചനയായി (forshadowing) മനസ്സിലാക്കണം എന്നർത്ഥം. വത്സലശിഷ്യന്റെ ദൈവശാസ്ത്രവീക്ഷണമനുസരിച്ച് ശാരിരിക മരണം ദൈവമഹത്വത്തിന് കാരണമാണ് (യോഹ. 12:23-24; 13:31; 21:19 എന്നീ വചനഭാഗങ്ങൾ ഉദാഹരണം). ഈ അർത്ഥത്തിൽ ലാസറിന്റെ മരണം രണ്ട് സാധ്യതകളിലേക്കുള്ള വാതിലാണ് തുറക്കുന്നത്. ഒന്നാമതായി, മരിച്ച ലാസർ ജീവനിലേക്കു തിരികെ വരുന്നതുവഴി യേശു ജീവന്റെ നാഥനാണെന്നും മരണത്തിന്റെമേൽ അവന് അധികാരമുണ്ടെന്നും ലോകം തിരിച്ചറിയുന്നു. രണ്ടാമതായി, യേശു മഹത്വം പ്രാപിക്കുന്നതിനും (പീഢാനുഭവം കുരിശുമരണം ഉത്ഥാനം) ദൈവമഹത്വം പ്രകടമാകുന്നതിനും ഈ പുനരുജ്ജീവനം നിമിത്തമാകുന്നു. ഇനി, സഹനം വാതിൽ തുറക്കുന്ന ഈ രണ്ട് സാധ്യതകൾ യേശുവിന്റെ ജീവിതത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. ഓരോ സഹനവും ഇതേ സാധ്യതകളാണ് യേശുവിൽ വിശ്വസിക്കുന്നവർക്ക് വാഗ്ദാനം ചെയ്യുന്നത്.

### ലാസർ ഉറങ്ങുകയാണ്

ലാസറിന്റെ മരണത്തെ പ്രതീകാത്മകമായി യേശു ഉറക്കം എന്നാണ് വിശേഷിപ്പിക്കുന്നത്. യോഹന്നാന്റെ രചനയിൽ മാത്രമല്ല സമവീക്ഷണ സുവിശേഷങ്ങളിലും യേശു മരണത്തെ ഉറക്കം എന്ന് വിശേഷിപ്പിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. "ബാലിക മരിച്ചിട്ടില്ല അവൾ ഉറങ്ങുകയാണ്" (മത്താ. 9:24); "നിദ്ര പ്രാപിച്ചിരുന്ന പല വിശുദ്ധരുടെയും ശരീരങ്ങൾ ഉയിർപ്പിക്കപ്പെട്ടു" (മത്താ. 27:52); "എന്തിനാണ് നിങ്ങൾ വിലപിക്കുകയും ബഹളം വക്കുകയും ചെയ്യുന്നത്, കുട്ടി മരിച്ചിട്ടില്ല, ഉറങ്ങുകയാണ്" (മർക്കോസ് 5:39); "അവൻ പറഞ്ഞു കരയേണ്ട, അവൾ മരിച്ചിട്ടില്ല ഉറങ്ങുകയാണ്" (ലൂക്കാ 8:52); "അവൻ തുടർന്നു, നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങുകയാണ്" (യോഹ. 11:11); "ഇതു പറഞ്ഞ് അവൻ (എസ്തപാനോസ്) മരണനിദ്ര പ്രാപിച്ചു" (അപ്പ. പ്രവർ. 7:60); "നിദ്രപ്രാപിച്ചവരെപ്പറ്റി നിങ്ങൾക്ക് അറിവുണ്ടാകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു; യേശുവിൽ നിദ്രപ്രാപിച്ചവരെ ദൈവം അവനോട് കുടെ ഉയിർപ്പിക്കും" (1തെസ. 4:14).

മരണത്തെ നിദ്ര എന്ന് വിശേഷിപ്പിക്കുന്നതിനെ ഹെബ്രായ-ഗ്രീക്ക് ഭാഷകളിൽ പ്രയോഗത്തിലിരുന്ന *Euphemism* എന്ന ഭാഷാപ്രയോഗമായാണ് മനസ്സിലാക്കേണ്ടത്. പഴയനിയമത്തിൽ പല ഭാഗങ്ങളിലും മരണത്തെ ഉറക്കം എന്ന് പ്രതീകാത്മകമായി പരാമർശിക്കുന്നുണ്ട്. ഉദാഹരണങ്ങൾ: ദാനിയേൽ 12:2, "ഭൂമിയിലെ പെടിയിൽ ഉറങ്ങുന്ന അനേകർ ഉണരും"; 1രാജാ. 1:21; 2:10; ദിന. 17:11; ജോബ് 3:13,14,2 തുടങ്ങിയ ഭാഗങ്ങളിലാകട്ടെ "പിതാക്കന്മാരോട് ചേർന്നു നിദ്രപ്രാപിച്ചു" (slept with his fathers) എന്നാണ് മരണത്തെ സൂചിപ്പിക്കുന്നത്. 'ഉറക്കം' എന്ന ലളിതമായ അപരനാമം മനുഷ്യാസ്ഥിത്വത്തിലെ ഏറ്റവും വലിയ ഭീതിയും പ്രഹേളികയുമായി അവശേഷിക്കുന്ന മരണത്തിന് നൽകുന്നതിന്റെ പിറകിലെ ദർശനം എന്തായിരിക്കും? അത് വി. ഗ്രന്ഥകാരന്മാരുടെ ഉത്ഥാനത്തിലുള്ള ദൃഢമായ ഉറപ്പിന്റെയും പ്രത്യാശയുടെയും പ്രതിഫലനമാണ്. ഉറങ്ങുന്നവർ ഉണരും എന്നത് സ്വാഭാവികമാണെന്നതുപോലെ കൃത്യവും സ്വാഭാവികവുമാണ് മരണമടഞ്ഞവർ വീണ്ടും ജീവിക്കും എന്നതും. പുനരുത്ഥാനത്തിന്റെ സ്വാഭാവികതയാണ് മരണത്തിന് ഉറക്കം എന്ന അപരനാമം നൽകുന്നതുവഴി പ്രഖ്യാപിക്കുന്നത് എന്നു ചുരുക്കം.

### മാർത്താ ജീവനെ എതിരേൽക്കുന്നു

യോഹന്നാൻ ജറുസലേമിന് 15 സ്താദിയോൻ (2 മൈൽ) അടു

ത്താണ് ബഥാനിയായുടെ സ്ഥാനം എന്നാണ് വിവരിക്കുന്നത്. 'ജറുസലേമിന് സമീപം' എന്നതിലൂടെ യേശു അവന്റെ മരണത്തോട് സമീപസ്ഥനായിക്കൊണ്ടിരിക്കുന്നു എന്ന സൂചനയാണ് നൽകുന്നത്. അതുപോലെ 'മാർത്തായെയും മറിയത്തെയും ആശ്വസിപ്പിക്കാൻ വന്ന യഹൂദർ' എന്ന പരാമർശം ജറുസലേം നിവാസികളെ പരോക്ഷമായി സൂചിപ്പിക്കുന്നതിന് സമമാണ്. യോഹന്നാൻ ജറുസലേം നിവാസികളെ പൊതുവിൽ 'യഹൂദർ' എന്നാണല്ലോ വിശേഷിപ്പിക്കുന്നത് (7:43, 9:16, 10:19, 11:46–47). അനേകം യഹൂദർ മാർത്തായേയും മറിയത്തേയും അവരുടെ സഹോദരനെ പ്രതി ആശ്വസിപ്പിക്കാൻ വന്നിരുന്നു (11:19) എന്ന വാക്യം യേശുവിന്റെ കാലത്തെ യഹൂദ മരണാനന്തര ആചാരത്തിലേക്കു വെളിച്ചം വീശുന്നുണ്ട്. ലാസർ സംസ്ക്കരിക്കപ്പെട്ടിട്ട് നാല് ദിവസങ്ങൾക്കു ശേഷവും മരിച്ചവന്റെ വീട്ടിൽ ആശ്വാസവാക്കുകളുമായി ആളുകൾ എത്തുന്നു എന്നാണ് ഈ വിവരണത്തിൽ നിന്ന് മനസ്സിലാകുന്നത്. യഹൂദ ആചാരമനുസരിച്ച് ഒരാൾ മരിച്ചാൽ 7 ദിവസത്തേക്ക് തീവ്ര ദുഃഖാചരണത്തിന്റെ ദിവസങ്ങളായിരുന്നു. മരണ ദിവസം തന്നെ യഹൂദർ മൃതസംസ്ക്കാരകർമ്മം നടത്തിയിരുന്നു. പക്ഷെ ശേഷം വരുന്ന ഏഴ് ദിവസങ്ങൾ മരിച്ചവനെ പ്രതിയുള്ള വിലാപദിനങ്ങളായിരുന്നു. ഏഴ് ദിവസങ്ങൾ നീളുന്ന ഈ വിലാപ കാലം ഹെബ്രായ ഭാഷയിൽ *ഷീവാ* എന്നാണ് അറിയപ്പെട്ടിരുന്നത്. ഈ ദിവസങ്ങളിൽ കുടുംബാംഗങ്ങൾ വീടിനുള്ളിൽ തന്നെ കഴിഞ്ഞിരുന്നു. മരിച്ചവരെ സംസ്ക്കരിക്കുന്നതും മരണാനന്തരം കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുന്നതും ഭക്തിയുടെയും ആത്മീയതയുടെയും ഉദാത്ത ഭാവമായി യഹൂദർ കരുതിയിരുന്നതായാണ് ജോവാക്കിം ജറമിയാസിനെ പോലെയുള്ളവർ അഭിപ്രായപ്പെടുന്നത്.

അപ്പോൾ, ലാസറിനെപ്പറ്റിയുള്ള തീവ്ര വിലാപദിവസങ്ങളിലൊന്നിലാണ് (നാലാം ദിവസം) യേശു ബഥാനിയായിലേക്കു വരുന്നത്. മരണം തേരോട്ടം നടത്തിയ വിലാപത്തിന്റെ ഭവനത്തിലേക്ക് ജീവന്റെ നാഥനായി യേശു കടന്നുവരുന്ന ഈ ഭാഗത്തെ ഏശയ്യ പ്രവചനം 61-ാം അദ്ധ്യായം 3-ാം വചനത്തിന്റെ സാക്ഷാത്ക്കാരമായി വ്യാഖ്യാനിക്കാറുണ്ട്. "സീയോനിൽ വിലപിക്കുന്നവർ കർത്താവ് നട്ടുപിടിപ്പിച്ച നീതിയുടെ ഓക്കുമരങ്ങൾ എന്ന് വിളിക്കപ്പെടാനും അവിടുത്തെ മഹത്വം പ്രകീർത്തിക്കപ്പെടാനും വേണ്ടി അവർക്കു വെണ്ണീറിനു പകരം പുഷ്പമാല്യവും വിലാപത്തിനു പകരം ആനന്ദത്തിന്റെ തൈലവും തളർന്ന മനസ്സിനു പകരം സ്തുതിയുടെ മേലങ്കിയും നൽകാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ഏശ. 61:3).

സ്നേഹിതനായ ലാസർ മരിച്ച വിവരമറിഞ്ഞിട്ടും പിന്നീട് മൂന്ന് ദിവസം കൂടി വൈകി, സംസ്കാര ചടങ്ങുകൾപോലും കഴിഞ്ഞ് യേശു ബഥാനിയായിലേക്ക് പോകുന്നതിന്റെ പൊരുളെന്താണ്? ഈ 'വൈകൽ' ബോധപൂർവ്വമാണോ? യേശു ലാസറിന്റെ ഭവനത്തിലേക്കു മരണത്തിന്റെ നാലാം ദിവസം വന്നു എന്ന് കൃത്യമായി കുറിക്കുന്നതിൽ പഴയനിയമകാലത്തെ പ്രബലമായ ഒരു വിശ്വാസം പ്രതിഫലിക്കുന്നുണ്ട്. ബി. ലിൻഡാസിനെ പോലെയുള്ള ബൈബിൾ വ്യാഖ്യാതാക്കളുടെ അഭിപ്രായത്തിൽ, മരിച്ചു മൂന്നു ദിവസം എന്നത് ശരീരം അഴുകലിന് വിധേയമാകാൻ തുടങ്ങുന്നതിന്റെ കാലയളവാണ്. നാലാം ദിവസം ആത്മാവ് പൂർണ്ണമായും ദേഹത്തെ വിട്ടുപോകുമെന്നും യഹൂദർ വിശ്വസിച്ചിരുന്നു എന്നാണ്. 'നാലാം ദിവസം' യേശു ലാസറിനെ ഉയർപ്പിക്കുന്നു എന്നത് മരണത്തിന്റെമേലുള്ള സമ്പൂർണ്ണ വിജയാഘോഷമാണ് അർത്ഥമാക്കുന്നത്. കൂടാതെ യഹൂദ റബ്ബിമാർ പഠിപ്പിച്ചിരുന്നത്, മൂന്ന് ദിവസം വരെ ദേഹം വിട്ടുപിരിഞ്ഞ ദേഹി തിരികെ പ്രവേശിക്കാൻ സാധ്യത തിരഞ്ഞ് ചുറ്റിനടക്കുമെന്നും നാലാം ദിവസം തിരികെ പ്രവേശിക്കുന്നത് അസാധ്യമായിക്കണ്ട് ആത്മാവ് ശരീരത്തെ പൂർണ്ണമായി വിട്ട്പിരിയും എന്നുമായിരുന്നു. അതായത്, മരിച്ചവന് ജീവനിലേക്ക് തിരികെവരാൻ അസാധ്യമെങ്കിലും ആകെയുള്ള വിദൂര പ്രതീക്ഷകൾപോലും മൂന്നാം ദിവസത്തോടെ അവസാനിക്കും എന്ന് സാരം. നാലാം ദിവസം എന്ന പരാമർശം ഈ അർത്ഥത്തിൽ മനുഷ്യന്റെ സകല പ്രതീക്ഷകളും അവസാനിക്കുന്നിടത്തും ദൈവത്തിന് പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന സൂചനയാണ് നൽകുന്നത്. കൂടാതെ നാലാം ദിവസം ഉയിർപ്പിക്കുന്നത് ജീവൻ നൽകാനുള്ള യേശുവിന്റെ അധികാരത്തിന്റെ അനിഷേധ്യതയും യേശു പ്രവൃത്തിച്ച അത്ഭുതത്തിന്റെ വസ്തുനിഷ്ടതയും വ്യക്തമാക്കുന്നതാണ്. ജീവന്റെ നാഥൻ മരണത്തിന്റെ ഭവനത്തിലേക്ക് കടന്നുവരുന്നു. മരണം അവനു മുന്നിൽ വഴിമാറുന്നു.

### പുനരുത്ഥാനവും ജീവനും

ലാസറിനെ ഉയർപ്പിക്കുന്ന ഈ വിവരണത്തിന്റെ ഹൃദയഭാഗം എന്ന് വിശേഷിപ്പിക്കാവുന്നത് 25-26 വാക്യങ്ങളാണ്. ഇവിടെ യേശു മാർത്തായോട് രണ്ട് വെളിപ്പെടുത്തലുകളാണ് നടത്തുന്നത്. "ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും." അതായത്, യേശുവിൽ വിശ്വസിക്കുന്നതിലൂടെ ജീവന്റെ ദാനം സ്വീകരിക്കുന്നവർക്ക് നിത്യമായ മരണം ഉണ്ടാവുകയില്ല. മരണത്തെ മറികടക്കുന്ന ഊർജ്ജമായി യേശുവിലുള്ള വിശ്വാസം വർത്തിക്കുന്നു.

കാരണം അവർ വിശ്വസിക്കുന്ന യേശു – മരണത്തിനു കീഴടക്കാൻ കഴിയാത്ത ജീവന്റെ സമൃദ്ധിയാണ്. വിശ്വാസം അമർത്യതയുടെ കാരണമാണ് എന്ന ദർശനമാണ് ഈ വാക്കുകൾ തെളിയിക്കുന്നത്. വേദപുസ്തകത്തിന്റെ ആദ്യതാളുകൾ മുതൽ മനുഷ്യചരിത്രത്തിൽ വിജയഭേരിമുഴക്കി തേരോട്ടം നടത്തിയ, എല്ലാ കാലത്തും എല്ലാ സംസ്കാരങ്ങളിലും ജീവിച്ച മനുഷ്യന്റെ ഏറ്റവും വലിയ ഭീതിയായിരുന്ന മരണം എന്ന യാഥാർത്ഥ്യത്തെ എത്ര നിസാരമായാണ് നസ്രത്തിലെ യേശു മറികടക്കുന്നത്. യോഹന്നാന്റെ തൂലിക ഇതിനുമുമ്പ് രണ്ടുതവണ മരണത്തെ മറികടക്കുന്ന മഹാ ഊർജ്ജപ്രവാഹമായി മാംസം ധരിച്ച വചനത്തെ അവതരിപ്പിച്ചത് ശ്രദ്ധിക്കുക:

> "എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവൻ നിത്യജീവനുണ്ട്... അവൻ മരണത്തിൽ നിന്ന് ജീവനിലേക്കു കടന്നിരിക്കുന്നു." (5:24-25)
>
> "എന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാന ദിവസം അവനെ ഞാനുയർപ്പിക്കും." (6:54)
>
> നിത്യജീവനെകുറിച്ചുള്ള ഈ പ്രബോധനങ്ങളുടെ മൂർത്തീഭാവമായാണ് മർത്തായോട് യേശു പറയുന്നത്, "ഞാനാണ് പുനരുദ്ധാനവും ജീവനും." (11:25)

ജീവന്റെ ഈ മഹാവെളിപാടിനോടുള്ള മാർത്തായുടെ പ്രതികരണം ശ്രദ്ധിക്കുക; "നീ ലോകത്തിലേക്കു വരാനിരുന്ന ദൈവപുത്രനായ ക്രിസ്തുവാണെന്ന് ഞാൻ വിശ്വസിക്കുന്നു..." ക്രിസ്തുവിജ്ഞാനീയത്തിന്റെ മൂന്ന് പ്രധാന ഭാഗങ്ങളാണ് ഈ വാക്കുകളിൽ അടങ്ങിയിരിക്കുന്നത്. ഒന്ന്, യേശു ലോകത്തിലേക്ക് വരാനിരുന്നവനാണ് (നിയമത്തിലും പ്രവാചകന്മാരിലും വാഗ്ദാനം ചെയ്യപ്പെട്ടവൻ); രണ്ട്, യേശു ദൈവപുത്രനാണ്; മൂന്ന് യേശു മിശിഹായാണ്. നോക്കുക, മാർത്തായെന്ന ഒരു സാധാരണ നാട്ടിൻപുറത്തുകാരി വീട്ടമ്മയുടെ അധരത്തിൽ നിന്നാണ് മിശിഹാ രഹസ്യത്തിന്റെ നിർണ്ണായക ഏറ്റുപറച്ചിലുകൾ നടക്കുന്നത്. വിശ്വാസത്തിന്റെ ഈ ഏറ്റുപറച്ചിലിലേക്കാണ് എല്ലാകാലത്തും ഈ വചനങ്ങൾ വായിക്കുന്നവരെ അത്ഭുതത്തിന്റെ വിവരണത്തിലൂടെ വത്സല ശിഷ്യൻ ക്ഷണിക്കുന്നത്. ആ ഏറ്റുപറച്ചിലാകട്ടെ ജീവന്റെ സമൃദ്ധിയിലേക്ക് പ്രവേശിക്കാനുള്ള വഴിയും (20:30).

ജീവന്റെ ഈ അത്യപൂർവ്വമായ വിജയാഘോഷത്തിലും വിശ്വാസത്തിന്റെ ഏറ്റുപറച്ചിലുകളും നടക്കുമ്പോൾ അതിനൊപ്പമോ ഒരു പക്ഷെ

അതിനെക്കാൾ തീവ്രമായോ പെരുകുന്ന അവിശ്വാസത്തിന്റെയും വള രുന്ന തിരസ്കരണത്തിന്റെയും നേർചിത്രം കൂടി വത്സല ശിഷ്യന്റെ തൂലിക രചിക്കുന്നുണ്ട്. ബഥാനിയായിൽ മുഴുകിയ വിലാപഗാനത്തെ സ്തുതിഗീതമായും കണ്ണീരിനെ ആനന്ദത്തിന്റെ തൈലമായും മാറ്റിയ യേശുവിന് പക്ഷെ ഒരുങ്ങുന്നത് തിരസ്കരണത്തിന്റെ പാനപാത്രമാ ണ്. യോഹന്നാന്റെ തൂലിക ഇവിടെ ഒരു വൈരുദ്ധ്യത്തെ അവതരിപ്പി ക്കുന്നു. മരിച്ചവന് ജീവൻ നൽകിയ യേശുവിന് ജറുസലേമിലെ മത നേതൃത്വം മരണം വിധിക്കുന്ന വിരോധാഭാസം തന്നെ. കയ്യഫാസിന്റെ നേതൃത്വത്തിൽ സെൻഹദ്രനിൽ സമ്മേളിച്ച് "ജനം മുഴുവൻ നശിക്കാ തിരിക്കാൻ മരിക്കേണ്ടവനായി" യേശുവിനെ നിശ്ചയിച്ച് കഴിഞ്ഞു. പെസഹാദിനത്തിൽ പാപപരിഹാര ബലിയായി അറക്കപ്പെടേണ്ട കുഞ്ഞാടിനെ തിരഞ്ഞെടുക്കുന്നത് പ്രധാന പുരോഹിതന്റെ നേതൃത്വ ത്തിലാണ്. ജനത്തിന്റെ മുഴുവൻ പാപപരിഹാരമാണ് ആ കുഞ്ഞാടിന്റെ രക്തം. ഇതാ ഇവിടെ പ്രധാന പുരോഹിതൻ പരിഹാരത്തിന്റെ പുതിയ ബലിവസ്തുവിനെ നിശ്ചയിച്ചുകഴിഞ്ഞു. ജീവന്റെ മധുരം സമ്മാനിച്ച വന് മരണത്തിന്റെ കയ്പുനീർ പ്രതിസമ്മാനിക്കാൻ വിധം വളർന്ന അവിശ്വാസത്തിന്റെ പ്രതികരണങ്ങളാണിവിടെ കാണുന്നത്. അടയാ ളങ്ങളുടെ സമൃദ്ധിയിൽനിന്നും സമൃദ്ധിയിലേക്ക് നയിക്കും തോറും അവിശ്വാസത്തിൽ നിന്ന് അവിശ്വാസത്തിലേക്ക് വഴുതി വീഴുന്ന ആത്മീയ നേതൃത്വം യഹോവയുടെ പ്രവൃത്തികൾ കാണുംതോറും ഹൃദയം കഠിനമാക്കിയ ഫറവോയെപ്പോലെ ഹൃദയം കഠിനമാക്കുന്നു. അതുകൊണ്ട് ജീവന്റെ സമൃദ്ധിയിലേക്ക് നയിക്കപ്പെടുന്നതിന്റെ വിവ രണത്തിനിടയിലും ഹൃദയകാഠിന്യം എന്ന മാരകപാപത്തിനെതിരെ യുള്ള മുന്നറിയിപ്പ് കൂടിയുണ്ട് ഈ അക്ഷരസാക്ഷ്യത്തിൽ. യഹോവ യുടെ മഹാകൃത്യങ്ങൾ കൺമുമ്പിൽ കണ്ടിട്ടും ഹൃദയം കഠിനമാക്കിയ ഫറവയെപ്പോലെയോ ദൈവത്തിന്റെ അനന്ത പരിപാലനയുടെ കൂടെ നടന്നിട്ടും ഹൃദയം കഠിനമാക്കിയ പുറപ്പാട് ജനതയെപ്പോലെയോ ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലുകൾ അനുഭവിച്ചറിഞ്ഞിട്ടും ഹൃദയം ആർദ്രമാകുകയോ വിശ്വാസത്തിന്റെ കൃപയിലേക്കു വളരു കയോ ചെയ്യാത്തവർക്കുള്ള താക്കീത് ഈ വചനങ്ങളിൽ ഒളിഞ്ഞിരി പ്പുണ്ട്.

## ഒരു കാലിക വായന

വത്സല ശിഷ്യന്റെ വിവരണമനുസരിച്ച് യേശു വധിക്കപ്പെടാനുള്ള പ്രധാന കാരണവും യഹൂദ നേതൃത്വം യേശുവിനെ തുടച്ച് മാറ്റേണ്ട ഭീഷണിയുമായി കാണാനുള്ള നിർണ്ണായകസംഭവവും ലാസറിനെ ഉയിർപ്പിക്കുന്ന അടയാളമാണ്. സമവീക്ഷണ സുവിശേഷകൻമാരാകട്ടെ തൽസ്ഥാനത്ത് അവതരിപ്പിക്കുന്നത് ദേവാലയ ശുചീകരണവും. ലാസർ ജീവന്റെ പുലരികളിലേക്ക് മിഴിതുറക്കാൻ യേശു സ്വയം മരണത്തിന്റെ ഇരുട്ടിലേക്ക് നടന്നുപോകുന്നു. ഒരു മനുഷ്യൻ മറ്റൊരാൾക്കുവേണ്ടി ബോധപൂർവ്വം ഏറ്റെടുക്കുന്ന മഹാ പ്രാണത്യാഗം. സ്നേഹിതർക്കുവേണ്ടി ജീവനർപ്പിക്കുന്നതിലും വലിയ സ്നേഹമില്ല എന്ന് പറഞ്ഞവൻ സ്നേഹിതനായ ലാസറിനെ ഉയർപ്പിച്ചതിന്റെ വിലയായി നൽകിയത് സ്വജീവിതം തന്നെ. ലാസറിന്റെ കല്ലറയുടെ മുമ്പിൽ നിന്ന് യേശുവിന്റെ അഗാധ ദുഃഖത്തോടെയുള്ള നെടുവീർപ്പിന്റെ അർത്ഥം എന്താണ്? ലാസറിന്റെ ജീവന്റെ വില സ്വന്തം പ്രാണനാണെന്ന തിരിച്ചറിവ് അല്ലാതെ മറ്റെന്താണ്?

അഗാധ സ്നേഹത്തിന്റെയും നിസ്തുലമായ ആത്മദാനത്തിന്റെയും ഈ ക്രിസ്തുമാതൃക ചരിത്രത്തിൽ അന്നുമുതൽ ഇന്നുവരെ എത്ര ആയിരങ്ങളെയാണ് സത്യത്തിൽ സ്പർശിക്കുകയും ആവേശത്തോടെ അതു പിൻചെല്ലാൻ പ്രേരിപ്പിക്കുകയും ചെയ്തിട്ടുള്ളത്. ഔഷ്വിറ്റ്സ് തടങ്കൽപാളയത്തിലെ സഹതടവുകാരന് പകരമായി സ്വന്തം പ്രാണൻ നൽകാൻ തയ്യാറായ വി. മാക്സിമില്ല്യൻ കോൾബെ, കുഷ്ഠരോഗിയുടെ ആവാസകേന്ദ്രമായ മോളോക്കോ ദ്വീപിലേക്ക് പ്രേഷിതനായി ചെന്ന് അവരെ ശുശ്രൂഷിച്ച് ഒടുവിൽ കുഷ്ഠരോഗിയായി മരണം വരിച്ച ഫാ. ഡാമിയൻ, പാർശ്വവത്ക്കരിക്കപ്പെട്ടവർക്കുവേണ്ടി പ്രവർത്തിച്ചതിന്റെപേരിൽ രക്തസാക്ഷിയായ വാ. റാണിമരിയ... അങ്ങനെ നീളുന്നു ആത്മദാനത്തിന്റെ ക്രിസ്തു മാതൃകയെ പ്രണയിച്ച മനുഷ്യരുടെ ചരിത്രങ്ങൾ.

ആദരവോടും വിസ്മയത്തോടും കൂടി ഓർക്കുകയും ധ്യാനിക്കുകയും ചെയ്യേണ്ട ആത്മദാനത്തിന്റെ ജീവിതസാക്ഷ്യങ്ങളാണ് ഫാ. ഡേവിഡ് ചിറമ്മേലിൽ ആരംഭിച്ച് ഇന്നും തുടരുന്ന ഏതാണ്ട് ഒരു ഡസനിലധികം വരുന്ന കേരളസഭയിലെ സമർപ്പിത നക്ഷത്രങ്ങളുടെ അവയവദാനത്തിന്റെ പുത്തൻ സാക്ഷ്യങ്ങൾ. സമർപ്പിത -പൗരോഹിത്യ സമൂഹത്തിന്റെ ഇടർച്ചകളെ തുറന്നുകാട്ടുന്ന ആവേശം സഭാവിരോധികളോ മാധ്യമ പ്രഭൃതികളോ ഈ മഹാത്യാഗത്തിന് നൽകുന്നില്ലെങ്കിലും വർത്തമാനകാലത്തിലും ക്രിസ്തുവിന്റെ സ്നേഹിതരിലൂടെ ദൈവം മാത്രം സഹായമായുള്ളവർ അഥവാ നിസ്സഹായർ (ലാസർ) ജീവന്റെ പുലരികളിലേക്ക് മടങ്ങിവരുന്നുണ്ട്. മരണത്തിന്റെ തണുത്ത ഇരുളുകളിലേക്ക് വഴുതി വീഴുന്നത് ദുഃസ്വപ്നം കണ്ട് കഴിഞ്ഞവരെ ജീവന്റെ പുലരികളിലേക്ക് മടക്കി വിളിച്ച ആത്മദാനത്തിന്റെ ആൾരൂപങ്ങൾക്ക് പ്രണാമം...

18

# ബഥാനിയായിൽനിന്ന് പടരുന്ന പരിമളം
## (യോഹ. 12:1 – 8)

തീവ്രവും വിശുദ്ധവുമായ സ്നേഹം പരിമളതൈലം പോലെ ആത്മാവിൽ സുഗന്ധം നിറക്കുന്നതാണ്. അതുകൊണ്ടാണ് രണ്ടായിരം വർഷങ്ങൾ എന്ന് അതിബൃഹത്തായ ഒരു കാലത്തിനുശേഷവും ബഥാനിയായിലെ മറിയത്തിന്റെ ഉൽക്കൃഷ്ടമായ സ്നേഹപ്രവൃത്തിയെ അക്ഷയമാക്കിയ വിവരണം വായിക്കുമ്പോൾ ആ വാക്കുകളിൽ ശുദ്ധമായ നാർദിൽ തൈലത്തിന്റെ സുഗന്ധം ഇന്നും അനുഭവവേദ്യമാകുന്നതും ആത്മാവിനെ ആ അക്ഷരങ്ങൾ പ്രകാശിപ്പിക്കുന്നതും. നാല് സുവിശേഷകന്മാരും യേശുവിന്റെ പാദങ്ങൾ ഒരു സ്ത്രീ കഴുകുന്നതും തലമുടികൊണ്ട് തുടക്കുന്നതുമായ സംഭവം രേഖപ്പെടുത്തുന്നുണ്ട്. എങ്കിലും ലൂക്കാ ഒഴികെ ഉള്ള സുവിശേഷകന്മാരുടെ വിവരണത്തിന് പ്രകടമായ സാധർമ്മ്യം കാണുന്നുണ്ട്. മത്തായി, മർക്കോസ്, യോഹന്നാൻ ഇവർ മൂന്നുപേരുടെയും വിവരണത്തിൽ (മത്താ. 26:6–13; മർക്കോ. 14:39) മറിയം നടത്തുന്ന ഈ തൈലാഭിഷേകത്തിന് പ്രതീകാത്മകമായി യേശുവിന്റെ മൃതസംസ്കാരത്തിനുവേണ്ട തൈലാഭിഷേകത്തിന്റെ അർത്ഥവും അതിലേക്കുള്ള സൂചനയുമാണ് കാണുന്നത്. ബഥാനിയായിൽ നടന്ന ഈ തൈലാഭിഷേകത്തെ യേശുവിന്റെ മൃതശരീരത്തിൽ നടത്താനിരിക്കുന്ന തൈലംപൂശലിന്റെ മുന്നാസ്വാദനം (anticipation) എന്ന അർത്ഥത്തിൽ യേശുവിന്റെ അന്ത്യനിമിഷങ്ങൾ ആസന്നമായിരിക്കുന്നു എന്ന് പ്രത്യക്ഷമല്ലാത്ത രീതിയിൽ സുവിശേഷകൻ അവതരിപ്പിക്കാനാഗ്രഹിക്കുന്നു. ഒപ്പം തിരസ്കരണത്തിന്റെയും അവിശ്വാസത്തിന്റെയും പരമകാഷ്ഠയായി വിലയി

രുത്താവുന്ന, യേശുവിനെ വധിക്കാനുള്ള യഹൂദ നേതൃത്വത്തിന്റെ തീരുമാനത്തിന്റെ (11:45-57) അതേ പശ്ചാത്തലത്തിലാണ് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ഉത്തുംഗപ്രവൃത്തിയായി തൈലാഭിഷേകത്തെ (12:1-8) വത്സല ശിഷ്യൻ അവതരിപ്പിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

'പെസഹായ്ക്ക് ആറു ദിവസം മുമ്പ്' എന്ന കാലാനുക്രമതയുടെ വ്യക്തമായ സൂചനയോടെയാണ് യോഹന്നാൻ തന്റെ വിവരണം ആരംഭിക്കുന്നത്. മൂന്ന് സുവിശേഷകൻമാരും (മത്തായി, മർക്കോസ്, യോഹന്നാൻ) പെസഹായുടെ പശ്ചാത്തലത്തിലാണ് (പെസഹായുടെ വിശുദ്ധവാരത്തിൽ - Hexaemeron) തൈലാഭിഷേകത്തെ വിവരിക്കുന്നത്. എങ്കിലും മത്തായിയും മർക്കോസും നൽകുന്ന വിവരണത്തിൽ പെസഹായ്ക്ക് രണ്ട് ദിവസം മുമ്പ് എന്നാണ് പരാമർശിക്കുന്നത്. വത്സല ശിഷ്യന്റെ രചനയിൽ എന്തായിരിക്കും ആറ് ദിവസം മുമ്പ് എന്ന് കൃത്യമായി പരാമർശിക്കുന്നത്. പെസഹായ്ക്ക് ആറു ദിവസം മുമ്പ് എന്നു പറഞ്ഞാൽ, പെസഹായുടെ വിശുദ്ധവാരത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പുള്ള ആറാം ദിവസം അഥവാ വെള്ളിയാഴ്ച്ച സായാഹ്നം അല്ലെങ്കിൽ സാബത്ത് ദിവസമായ ശനിയാഴ്ച്ച. ഇവിടെയാണ് 'ആറ് ദിവസം' എന്ന യോഹന്നാന്റെ പരമാമർശത്തിനു പിറകിലെ തനതായ ദൈവശാസ്ത്ര കഴ്ചപ്പാട് മനസ്സിലാക്കേണ്ടത്. യോഹന്നാന്റെ രചനയിൽ ഉടനീളം തെളിയുന്ന പഴയനിയമ പശ്ചാത്തലത്തെ, പ്രത്യേകിച്ച് ഉൽപത്തിപുസ്തകവുമായുള്ള ശക്തമായ ബന്ധത്തെ മുൻനിർത്തിവേണം 'ആറ് ദിവസം' എന്ന പരാമർശത്തെ നാം മനസ്സിലാക്കാൻ. ഉൽപത്തിപുസ്തകമനുസരിച്ച് ആറാം ദിവസം മനുഷ്യനെ സൃഷ്ടിച്ചുകൊണ്ട് ദൈവം സൃഷ്ടികർമ്മം പൂർത്തിയാക്കിയ ദിവസമാണ്. ഈ പരാമർശംവഴി പഴയ സൃഷ്ടിയുടെ വിവരണത്തിലേക്ക് വായനക്കാരന്റെ ശ്രദ്ധ ക്ഷണിക്കുകയും. പുതിയ സൃഷ്ടിയുടെ ആറ് ദിവസങ്ങൾ അവതരിപ്പിക്കുകയുമാണ് വത്സലശിഷന്റെ ലക്ഷ്യം. യേശുവിൽ സകലതും പുനസൃഷ്ടിക്കപ്പെടാൻ പോകുന്ന വിശുദ്ധ വാരത്തിലേക്ക് (*ഹെക്സാമെറോൺ*) നാം പ്രവേശിക്കാൻ പോകുന്നു. അവിശ്വാസവും അവിശ്വസ്തതയും വികൃതമാക്കിയ പഴയ സൃഷ്ടിയെ പുത്രന്റെ വിശ്വസ്തതകൊണ്ട് പുനർസൃഷ്ടിക്കുന്നു എന്ന ആഴമേറിയ ചിന്തയാണ് 'പെസഹായുടെ ആറ് ദിവസം മുമ്പ്' എന്ന സമയ സൂചനകൊണ്ട് യോഹന്നാൻ പങ്കുവെയ്ക്കാൻ ആഗ്രഹിക്കുന്നത്.

ഇതിനൊപ്പം തന്നെ ചില ബൈബിൾ പണ്ഡിതന്മാർ ബഥാനിയായിലെ ഈ തൈലാഭിഷേകത്തെ യേശുവിന്റെ രാജത്വത്തിന്റെ അടയാ

ളമായി വ്യാഖ്യാനിക്കുന്നുണ്ട്. കാരണം, യോഹന്നാന്റെ സുവിശേഷത്തിലെ 1:49; 6:15 എന്നീ വചന ഭാഗങ്ങൾ യേശുവിന്റെ രാജത്വത്തിന്റെ സൂചന നൽകിയിട്ടുണ്ട്. പഴയനിയമത്തിൽ രാജാവായി തിരഞ്ഞെടുക്കപ്പെട്ട സാവൂളിനെയും ദാവീദിനെയും സാമുവൽ പ്രവാചകൻ തൈലാഭിഷേകം നടത്തിയത് ഓർമ്മിക്കുക (1സാമു. 10:1; 1സാമു. 16:1,12). യേശുവിന്റെ രാജത്വത്തിന്റെ അടയാളമായും അവൻ വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായാണെന്നതിന്റെ തെളിവായും വത്സല ശിഷ്യൻ ഈ തൈലാഭിഷേകത്തെ ചിത്രീകരിക്കാൻ ആഗ്രഹിക്കുന്നു എന്നു ചിന്തിക്കുന്നതിലെ യുക്തി ബഥാനിയായിലെ തൈലാഭിഷേകത്തിനു ശേഷം യോഹന്നാൻ അവതരിപ്പിക്കുന്ന ജറുസലേമിലേക്ക് യേശു നടത്തുന്ന രാജകീയ പ്രവേശനമാണ്. ആർപ്പുവിളികളുടെയും ജയ്ഘോഷങ്ങളുടെയും മദ്ധ്യേ ജറുസലേമിലേക്ക് പ്രവേശിക്കുന്ന യേശു താൻ മിശിഹായാണെന്നതിന്റെ പരസ്യമായ പ്രഖ്യാപനമാണ് നടത്തുന്നത്. അങ്ങനെ ചിന്തിക്കുമ്പോൾ ബഥാനിയായിലെ തൈലാഭിഷേകം യേശുവിന്റെ രാജത്വത്തിന്റെ പ്രതീകമായും വ്യാഖ്യാനിക്കാവുന്നതാണ്. അഭിഷേകം ചെയ്യപ്പെട്ട രാജാവിന്റെ രാജകീയ പ്രവേശനമാണിവിടെ അർത്ഥമാക്കുന്നത്.

ബഥാനിയായിൽ വെച്ചാണ് തൈലാഭിഷേകം നടന്നത് എന്നത് മൂന്ന് സുവിശേഷകന്മാരും ഒരുപോലെ വിവരിക്കുന്നുണ്ട്. പക്ഷെ മത്തായിയുടെയും മർക്കോസിന്റെയും വിവരണമനുസരിച്ച് യേശു അത്താഴം കഴിക്കുന്നത് കുഷ്ഠരോഗിയായ ശിമയോന്റെ ഭവനത്തിലാണ് (മത്താ. 26; മർക്കോ. 14). എന്നാൽ യോഹന്നാന്റെ വിവരണത്തിൽ മർത്താ പരിചരിച്ചു (12:2) എന്ന വിവരണത്തിൽ നിന്ന് മർത്തായുടെയും മറിയത്തിന്റെയും ലാസറിന്റെയും ഭവനത്തിലായിരിക്കാം വിരുന്ന് ഒരുക്കിയത് എന്ന സൂചനയാണ് വായനക്കാരന് ലഭിക്കുന്നത്. ചില ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ കുഷ്ഠരോഗിയായ ശിമയോൻ മർത്തയുടെയും മറിയത്തിന്റെയും ലാസറിന്റെയും പിതാവായിരിക്കാം എന്നതാണ്. ഒരുപക്ഷേ ശിമയോന്റെ സൗഖ്യമാകാം യേശുവും ഈ കുടുംബവും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ തുടക്കകാരണം.

ശുദ്ധമായ നാർദിൻ സുഗന്ധതൈലം എന്നാണ് മറിയം പൂശിയ സുഗന്ധദ്രവ്യത്തെ സുവിശേഷകന്മാർ എല്ലാവരും വിശേഷിപ്പിച്ചിരിക്കുന്നത്. നാർദ്-സുഗന്ധതൈലം ഉത്തരേന്ത്യയുടെ പർവ്വതപ്രദേശങ്ങളിൽ മാത്രം കണ്ടുവരുന്ന നാർദ് ചെടിയുടെ വേരുകൾവാറ്റിയെടുത്ത് ഉൽപ്പാദിപ്പിക്കുന്ന ഒരു സുഗന്ധതൈലമാണ്. നാർദ് ചെടിയിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്നതിനാലാണ് ഈ തൈലം നാർദിൻ തൈലം

എന്ന് വിളിക്കപ്പെടുന്നത്. രണ്ടായിരത്തിലധികം വർഷങ്ങൾക്കപ്പുറം പാലസ്തിനായും യൂദയായുമായി ഇന്ത്യ നടത്തിയിരുന്ന വ്യാപാരബന്ധത്തിന്റെ ഉത്തമ ഉദാഹരണമാണ് നാർദിൻ തൈലം ഇസ്രായേലിൽ വ്യാപകമായി ഉപയോഗിച്ചിരുന്നു എന്നത്. ഒരുപക്ഷേ ഈ വ്യാപാര ബന്ധമാകാം തോമസ് അപ്പസ്തോലന്റെ ഭാരതപ്രവേശനം സുഗമമാക്കിയതും.

"തൈലത്തിന്റെ പരിമളംകൊണ്ട് വീടുമുഴുവൻ നിറഞ്ഞു" (യോഹ. 12:3) എന്നാണ് തൈലാഭിഷേകത്തിനു ശേഷമുള്ള അവസ്ഥയെ വത്സലശിഷ്യൻ വിവരിക്കുന്നത്. ഈ ഒരു പരാമർശം ഒരുപിടി പഴയനിയമ ചിന്തകളിലേക്ക് നമ്മെ കൂട്ടികൊണ്ടു പോകുന്നുണ്ട്. അവയിൽ ഏറ്റവും പ്രധാനമായത് ഈ വാചകത്തിന് പുറ. 40:34–35, 1രാജാ. 8:10–11 വചന ഭാഗങ്ങളുമായുള്ള സാദൃശ്യമാണ്. പുറ. 40:34–35 വചനങ്ങൾ പറയുന്നത് സമാഗമ കൂടാരത്തിൽ നിറഞ്ഞ് നിന്ന ദൈവമഹത്വത്തെക്കുറിച്ചാണ്. "അപ്പോൾ ഒരു മേഘം സമാഗമകൂടാരത്തെ ആവരണം ചെയ്തു, കർത്താവിന്റെ മഹത്വം കൂടാരത്തിൽ നിറഞ്ഞ് നിന്നിരുന്നു." 1രാജാ. 8:10–11 വാക്യങ്ങളും ഇതിനോട് സാമ്യമുള്ളവയാണ്: "അപ്പോൾ ഒരു മേഘം കർത്താവിന്റെ ആലയത്തിൽ നിറഞ്ഞു, കർത്താവിന്റെ തേജസ് ആലയത്തിൽ നിറഞ്ഞ് നിന്നിരുന്നു."

ഇവിടെ സമാഗമ കൂടാരത്തിലും ദേവാലയത്തിലും അവ ആശീർവദിക്കപ്പെട്ടപ്പോൾ നിറഞ്ഞ ദൈവമഹത്വത്തോട്, വത്സല ശിഷ്യൻ യേശുവിനെ ബന്ധിപ്പിക്കാൻ ആഗ്രഹിക്കുന്നു. "പിതാവ് വിശുദ്ധീകരിച്ച് ലോകത്തിലേക്ക് അയച്ച പുത്രൻ" (യോഹ. 10:36) എന്ന യേശുവിന്റെ ആത്മാവബോധം പ്രകടമാകുന്ന വാക്കുകൾ ശ്രദ്ധിക്കണം. ഈ സാഹചര്യത്തിൽ വിശുദ്ധീകരിക്കുക (consecrate) എന്ന വാക്കിന് വലിയ ഒരു പ്രാധാന്യമുണ്ട്. യേശുവിന്റെ ശരീരത്തെ തൈലാഭിഷേകം നടത്തുന്ന സംഭവം പ്രതീകാത്മകമായി യുഗാന്ത്യോന്മുഖ ദേവാലയം കൂദാശചെയ്യപ്പെടുന്നു എന്ന ആഴമായ ചിന്തയാണ് പങ്കുവയ്ക്കുന്നത്. യേശുവിന്റെ മനുഷ്യ ശരീരം വത്സല ശിഷ്യന്റെ ഭാഷ്യത്തിൽ പുതിയ നിയമത്തിലെ സമാഗമ കൂടാരമാണ്, ദേവാലയമാണ് (യോഹ. 2:19), ദൈവസാന്നിധ്യം വസിക്കുന്നിടമാണ് (യോഹ. 1:14). അപ്പോൾ ബഥാനിയായിൽ സംഭവിച്ച തൈലാഭിഷേകം എന്താണ്? ദേവാലയം കൂദാശചെയ്യലാണ്. അതുകൊണ്ട്, പഴയനിയമത്തിൽ സമാഗമകൂടാരവും ദേവാലയവും കൂദാശചെയ്തപ്പോൾ, അവിടെ നിറഞ്ഞുനിന്ന ദൈവമഹത്വത്തെ ഓർമ്മിപ്പിക്കുയാണ് പുതിയ ദൈവസാന്നിധ്യസ്ഥലം തൈലാഭിഷേകം

ചെയ്തപ്പോൾ നിറഞ്ഞുനിന്ന പരിമളത്തെക്കുറിച്ചുള്ള വത്സലശിഷ്യന്റെ പരാമർശം.

മറിയം യേശുവിന്റെ പാദാന്തികത്തിൽ അർപ്പിച്ച തൈലത്തിന്റെ മൂല്യത്തെക്കുറിച്ച് ഒരു ചിന്ത: "മുന്നൂറ് ദനാറായ്ക്ക് വിറ്റ് ദരിദ്രർക്കു കൊടുക്കാമായിരുന്നില്ലേ" (12:4) എന്ന വാക്കുകളിൽ മറിയം അഭിഷേചിച്ച ഒരു കുപ്പി നാർദിൻ തൈലത്തിന് 300 ദനാറയ്ക്കു തുല്യമായ മൂല്യമുണ്ടായിരുന്നു എന്ന് മനസ്സിലാക്കാം. അത്ര നിസാരമല്ല ഈ വില. കാരണം, ഇസ്രായേലിൽ അന്ന് ഒരു ദിവസത്തെ ഏറ്റവും കൂടിയ വേതനം ഒരു ദനാറയായിരുന്നു എന്ന് മനസ്സിലാക്കണം (മത്താ. 20:2). അപ്പോൾ 300 ദനാറ എന്നാൽ ഒരു മനുഷ്യന്റെ ഒരാണ്ടത്തെ അദ്ധ്വാന ഫലം എന്ന സാരം (സാബത്ത് ദിവസങ്ങൾ വിശ്രമ ദിവസങ്ങളാണ്). ഒരു വർഷത്തെ അദ്ധ്വാനത്തിന്റെ തുക എന്നത് ഒരു നിസ്സാര സംഖ്യയല്ല. അത്രയും അമൂല്യമായത് യേശുവിന്റെ പാദങ്ങളിൽ അർപ്പിക്കുന്ന പ്രവൃത്തി പ്രകടമാക്കുന്നതെന്താണ്. മറിയത്തിന്റെ അഗാധസ്നേഹവും വിശ്വാസവുമല്ലേ. വിലയുള്ളതിനെ സന്തോഷത്തോടെ നൽകുന്ന ആത്മദാനവും നിസ്വാർത്ഥ സ്നേഹവുമാണ് യഥാർത്ഥ ശിഷ്യത്വത്തിന്റെ കാതൽ എന്ന സന്ദേശമാണ് ഈ വരികൾ വായനക്കാർക്ക് നൽകുന്നത്.

തന്റെ അഗാധ സ്നേഹത്തിന്റെ പ്രത്യക്ഷ അടയാളമായി, സമർപ്പണത്തിന്റെ പ്രതീകമായി മറിയം നടത്തിയ ഈ പ്രവൃത്തിയുടെ മൂല്യം അറിഞ്ഞുകൊണ്ട്തന്നെയാണ് യേശു അവളുടെ പക്ഷം പിടിക്കുന്നത്. ബഥാനിയായിലെ ഈ മറിയം നസ്രത്തിലെ യേശുവിനെ അഗാധമായി സ്നേഹിക്കുകയും അവനുവേണ്ടി യൗവ്വനത്തിന്റെ സകല സൗഭാഗ്യങ്ങളും ഉപേക്ഷിക്കുകയും സ്വജീവിതം നേദിക്കുകയും ചെയ്യുന്ന കത്തോലിക്കാ സഭയിലെ പുരോഹിതരുടെയും സന്യസ്തരുടെയും പ്രതീകവും മാതൃകയുമാണ് എന്ന് തോന്നിയിട്ടുണ്ട്. മറിയത്തിന്റെ തൈലാഭിഷേകത്തിന്റെ പരിമളംപോലെ ഇവരുടെ ആത്മദാനത്തിന്റെ പരിമളം ലോകം മുഴുവൻ നിറഞ്ഞ് നിൽക്കുന്നുണ്ട്. വിലയേറിയത് നിസാരമായി കരുതി ദൈവത്തിനുകൊടുക്കുന്ന ക്രിസ്ത്രീയ സമർപ്പിത ജീവിതത്തിന് ഏത് യുഗങ്ങളിലാണ് പ്രസക്തി നഷ്ടപ്പെടുന്നത്? ബഥാനിയായിലെ മറിയം ഒരു പ്രചോദനമാകട്ടെ തുടർന്നും ആത്മദാനത്തിന്റെയും ആത്മത്യാഗത്തിന്റെയും ക്രൈസ്തവ വിപ്ലവശൈലി തുടരുന്നവർക്കും അത് ആഗ്രഹിക്കുന്നവർക്കും.

## ഒറ്റുകാരൻ ചൂണ്ടികാണിക്കപ്പെടുന്നു

ഒറ്റുകാരൻ ചൂണ്ടിക്കാണിക്കപ്പെടുന്നു എന്ന ഒരു നാടകീയതകൂടി വത്സല ശിഷ്യന്റെ ഈ വിവരണത്തിലുണ്ട്. സുവിശേഷകൻമാർ നാലു പേരിലും വച്ച് ഏറ്റവും നിശിതമായി യുദാസിനെ വിമർശിക്കുന്നത് യോഹന്നാനാണെന്നു തോന്നുന്നു. "അവൻ കള്ളനായിരുന്നു" എന്ന വാക്കുകൾ തന്നെ ഉദാഹരണമാണ്. ഒരുപക്ഷെ താൻ ഏറ്റവും കൂടുതൽ സ്നേഹിച്ചിരുന്ന ഗുരുവിനെ ഒറ്റിക്കൊടുക്കുന്നതിലുള്ള തീരാത്ത ദു:ഖവും ആത്മരോഷവുമാകാം ഈ മൂർച്ചയേറിയ വിമർശനത്തിനു പിറകിൽ. യോഹന്നാന്റെ യൂദാസിനെക്കുറിച്ചുള്ള വാക്കുകൾ യൂദാസിന് ശിഷ്യരുടെ ഗണത്തിലെ ശ്രദ്ധേയമായ സ്ഥാനം വ്യക്തമാക്കുന്ന ഒരു ചരിത്രപരമായ സൂചനകൂടിയാണ്. "പണസഞ്ചി അവന്റെ കൈയിലായിരുന്നു (12:6). ഇതിൽ നിന്ന് ലഭിക്കുന്ന സൂചന യേശുവിന്റെയും ശിഷ്യരുടെയും സാമ്പത്തിക കാര്യങ്ങൾ നടത്തിയിരുന്നത് യൂദാസായിരുന്നു എന്നാണ്. യോഹന്നാൻ അന്ത്യ അത്താഴവേളയിലും ഈ നിഗമനം സാധൂകരിക്കുന്ന ചില സൂചന നൽകുന്നുമുണ്ട്. "എന്നാൽ പണസഞ്ചി യൂദാസിന്റെ പക്കലായിരുന്നതിനാൽ നമുക്ക് തിരുനാളിനാവശ്യമുള്ളത് വാങ്ങുക എന്നോ..." (യോഹ. 13:28).

യേശുവിനോട് ഇത്രമേൽ ചേർന്ന് നടക്കുകയും ശിഷ്യസമൂഹത്തിൽ പ്രധാനപ്പെട്ട സ്ഥാനം ലഭിക്കുകയും ചെയ്തിട്ടും യൂദാസ് എന്തുകൊണ്ടായിരിക്കും ഗുരുവിനെ ഒറ്റിക്കൊടുക്കുന്നിടം വരെ അധഃപതിച്ചുപോയത്? സുവിശേഷ പാരമ്പര്യങ്ങൾ രണ്ട് ഉത്തരങ്ങളാണ് ഈ ചോദ്യത്തിന് നൽകുന്നത്. ഇതിൽ ആദ്യത്തേയും ഏറ്റവും പുരാതനവുമായ പാരമ്പര്യം, ലൂക്കാ 22:3, യോഹ. 13:2,27 വചനങ്ങളെ ആധാരമാക്കി ഉരുത്തിരിഞ്ഞ യൂദാസ് സാത്താന്റെ കൈയിലെ ഉപകരണമായതിനാൽ അഥവാ യൂദാസിൽ സാത്താൻ പ്രവേശിച്ചതിനാൽ എന്നതാണ്. യോഹന്നാൻ 6:70 ൽ യേശു തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നവനെ സാത്താൻ എന്നു വിളിക്കുന്നുണ്ട്. അപ്പോൾ തിന്മയുടെ സമ്പൂർണ്ണ നിയന്ത്രണത്തിൽ ആയതിനാലാകാം യൂദാസ് യേശുവിനെ ഒറ്റിക്കൊടുക്കാൻ കാരണമായത് എന്നതാണ് ആദ്യ നിഗമനം. ഇതിൽ രണ്ടാമത്തെ ഉത്തരമാകട്ടെ, ആദ്യത്തെ നിഗമനത്തെ നിഷേധിക്കാതെ തന്നെ യൂദാസിന്റെ ധനമോഹമാണ് ഗുരുവിനെ ഒറ്റിക്കൊടുക്കാൻ അയാളെ പ്രേരിപ്പിച്ചത് എന്നതാണ്. മത്തായിയുടെ സുവിശേഷം 26:15-ാം വചനം ഈ നിഗമനത്തെ സാധൂകരിക്കുന്നുമുണ്ട്. ഇവിടെ യേശുവിനെ ഒറ്റിക്കൊടുക്കുന്നതിൽ യൂദാസ് പ്രതിഫലം ആവശ്യപ്പെടുകയാണ്. ഒരു പക്ഷേ ആദിമ ശിഷ്യരുടെ കൂട്ടായ്മ ലൗകീക സമ്പത്തിനോട് കാട്ടിയി

രുന്ന സമ്പൂർണ്ണ നിഷേധ മനോഭാവമായിരിക്കാം, ധനസഞ്ചിയുടെ സൂക്ഷിപ്പുകാരനായിരുന്ന യൂദാസിനെ കൂടുതൽ കൂടുതൽ ഇരുണ്ട വ്യക്തിത്വമായി ചിത്രീകരിക്കാനുള്ള കാരണം. ആത്മീയ കൃപകൾക്ക് ഇടനിലക്കാരാകേണ്ടതിനാൽ പണസഞ്ചിയുടെ സൂക്ഷിപ്പ് സ്ഥാനം വിവേകപൂർവ്വം കൈമാറിയ അപ്പസ്തോലന്മാരുടെ പ്രവൃത്തി ശ്ലീഹന്മാരുടെ നടപടി പുസ്തകത്തിൽ വിവരിക്കുന്നത് ഈ പാഠത്തിന്റെ വ്യക്തമായ തെളിവാണ് (അപ്പ. 6:2-3).

നിരന്തരം പ്രാർത്ഥനയിലും വചനശുശ്രൂഷയും വ്യാപരിക്കേണ്ടവർ പണസഞ്ചിയുടെ സൂക്ഷിപ്പുകാരായാൽ സംഭവിക്കാവുന്ന ഭീകര ദുരന്തമാണ് യൂദാസിനും സംഭവിച്ചത്. ഇരുപത് നൂറ്റാണ്ട് കഴിഞ്ഞിട്ടും ഇന്നും സംഭവിച്ചുകൊണ്ടിരിക്കുന്നതും ഇതല്ലേ? പ്രാർത്ഥനയിലും വചനശുശ്രൂഷയിലും നിരന്തരം വ്യാപരിക്കേണ്ടവർ നിർമ്മാണ വിദഗ്ദരും വിദ്യാഭ്യാസ വിചക്ഷണന്മാരും മാനേജ്മെന്റ് വിദഗ്ദന്മാരുമായിത്തീരുന്നു. നാവിൽ പ്രാർത്ഥനയോ വചനമോ തീരെ വഴങ്ങാത്ത വിധം കച്ചവടഭാഷ തത്തിക്കളിക്കുന്നു. പരിണിത ഫലമോ? ഇതൊക്കെ ചെയ്യേണ്ട അത്മായർ പകരം പ്രാർത്ഥനയും വചനപ്രഘോഷണവും ഏറ്റെടുത്തു നടത്തുന്നു. കൂണുപോലെ പെരുകുന്ന വിഘടിത സമൂഹങ്ങളുടെ ഉത്ഭവകാരണം ചിലർ തങ്ങളാരാണെന്നും എന്തിനാണ് വിളിക്കപ്പെട്ടതെന്നും മറന്ന് ഒന്നാന്തരം വണിക്കുകളുടെ വ്യാപാര ഭാഷയെ പ്രണയിച്ചതാണ്. അവരിൽ യൂദാസ് പുനർജനിച്ചതുകൊണ്ടാണ് യേശുവും സുവിശേഷ മൂല്യങ്ങളും ഇന്ന് ഒറ്റിക്കൊടുക്കപ്പെടുന്നത്. അപ്പോൾ വത്സല ശിഷ്യൻ നിശിതമായി വിമർശിക്കുന്നത് ചരിത്രത്തിലെ യൂദാസിനെ മാത്രമല്ല; വിളി മറന്ന് ജീവിക്കുന്ന സകല അഭിനവ യൂദാസുമാരെയുമാണെന്ന് ഓർക്കാം.

### *ഗെമിലൂത്ത് ഹസിദിം*

"ദരിദ്രൻ എന്നും നിങ്ങളോട് കൂടെയുണ്ട്. ഞാൻ എപ്പോഴും നിങ്ങളോട് കൂടെയുണ്ടാകില്ല" (12:8) യേശുവിന്റെ ഈ വാക്കുകളുടെ ആദ്യഭാഗം യഥാർത്ഥത്തിൽ നിയമാവർത്തന പുസ്തകം 15:11 വാക്യമാണ്. അതായത് യൂദാസിന്റെ വിമർശനത്തെ യേശു വചനംകൊണ്ട് തിരുത്തുകയാണ് എന്നർത്ഥം. "ഭൂമിയിൽ ദരിദ്രൻ എന്നുമുണ്ടായിരിക്കും, എന്നാൽ ഞാൻ എന്നും നിങ്ങളോട് കൂടെയുണ്ടാകില്ല;" ഇവിടെ ആദ്യത്തെ സൂചന ദരിദ്രരെക്കാൾ യേശുവിന്റെ ആസന്നമായ മരണം എന്ന ആശയത്തിലാണ്. കാരണം മരണശിക്ഷയെ മുഖാമുഖം കണ്ടവന്റെ ഭാവമാണ് ഇവിടെയെല്ലാം യേശുവിന്റെ വാക്കുകളിൽ നിഴലിക്കുന്നത്. മരണം ഏറ്റുവാങ്ങാൻ ധീരതയോടെ ജറുസലേമിലേക്ക് വന്ന

താണ് യേശു എന്ന ആശയത്തിനാണ് ഈ വാക്കുകൾ പ്രഥമമായി പ്രാധാന്യം നൽകുന്നത്. രണ്ടാമതായി, ദരിദ്രരെ ഉപേക്ഷിക്കുന്നതോ അവഗണിക്കുന്നതോ അല്ല ഈ വാക്കുകൾ; മറിച്ച് ലോകത്തിലെ ദരിദ്രരെ തന്റെ ശിഷ്യരുടെ സൂക്ഷത്തിനേൽപിക്കുന്ന വാക്കുകളായിട്ടാണ് വ്യാഖ്യാനിക്കേണ്ടത്. ദാരിദ്ര്യം എന്നും നിലനിൽക്കുന്ന സാമൂഹിക പ്രതിഭാസമായതിനാൽ ഒരുപക്ഷെ സഭയെ ക്രിസ്തു വിഭാവനം ചെയ്തതുതന്നെ ഭൂമിയിലെ ദരിദ്രന്റെ അത്താണി എന്ന ആശയത്തിലായിരിക്കാം. അതിനാൽ കൂടെയുള്ള ദരിദ്രരെ നിരന്തരം ഓർമ്മിക്കണം എന്ന ആഹ്വാനമായി വേണം ഈ വാക്കുകൾ വ്യാഖ്യാനിക്കാൻ.

ബൈബിൾ പണ്ഡിതനായ ജോവാക്കിം ജറമിയാസിന്റെ അഭിപ്രായത്തിൽ, ധർമ്മദാനവും കാരുണ്യപ്രവർത്തനവും തമ്മിൽ പാലസ്തിനിയൻ യഹൂദ സംസ്കാരത്തിൽ കൽപിച്ചിരുന്ന വ്യത്യാസം മനസ്സിലാകാത്ത ആർക്കും ഈ വാക്കുകളെ ശരിയായി വ്യാഖ്യാനിക്കാനാവില്ല. യഹൂദരെ സംബന്ധിച്ച് ദരിദ്രന് പണം കൊടുക്കുന്നത് അഥവാ ഭിക്ഷകൊടുക്കുന്നത് ധർമ്മദാനം; എന്നാൽ മരിച്ചവരെ യഥാവിധി സംസ്കരിക്കുന്നത് സവിശേഷമായ കാരുണ്യപ്രവൃത്തിയും. ധർമ്മദാനത്തേക്കാൾ എത്രയോ അധികം ശ്രേഷ്ഠമായയാണ് കാരുണ്യപ്രവർത്തനം - സംസ്കാര കർമ്മം - നടത്തുന്നതിനെ യഹൂദ റബ്ബിമാർ കണക്കാക്കിയിരുന്നതും പഠിപ്പിച്ചിരുന്നതും. ഇനി ഇവിടുത്തെ പ്രശ്നം ധർമ്മദാനവും അതിലേറെ ശ്രേഷ്ഠമായ കാരുണ്യപ്രവൃത്തിയായ ശവസംസ്കാരച്ചടങ്ങും തമ്മിലുള്ള തിരഞ്ഞെടുപ്പാണ്. മറിയം ശ്രേഷ്ഠഭാഗം തിരഞ്ഞെടുക്കുന്നു. കാരണം യേശുവിന്റെ സംസ്കാരത്തിനു തുല്യമായ ലേപനം അവൻ കൂടെയുള്ള ഹ്രസ്വകാലത്തേക്ക് മാത്രമേ സാധ്യമാകു. വേദപുസ്തകം പഠിപ്പിക്കും പ്രകാരം ദരിദ്രരാകട്ടെ എന്നും ഭൂമിയിലുണ്ടാകും (നിയമ. 15:11). മറിയത്തിന്റെ ഈ തിരഞ്ഞെടുപ്പിനെ യേശു പ്രശംസിക്കുന്നു. കാരണം അത് യഹൂദ നിയമപ്രകാരം ദാനധർമ്മത്തിനേക്കാൾ ഒരുപാട് ശ്രേഷ്ഠമായ *ഗെമിലൂത്ത് ഹസിദിം* (*Gemiluth Hasidim*) - കരുണയുടെ പ്രവൃത്തിയായി പരിഗണിക്കപ്പെട്ടിരുന്നു. മരിച്ചവരെ സംസ്കരിക്കുക എന്ന ഏറ്റവും ഉദാത്തമായ കാരുണ്യപ്രവൃത്തിയാണ് *ഗെമിലൂത്ത് ഹസിദിം*. ഭിക്ഷ കൊടുക്കുക എന്നതിനേക്കാൾ പ്രധാനമായി മറിയം തിരഞ്ഞെടുത്തത് ഈ ശ്രേഷ്ടഭാഗം തന്നെയും.

## ഒരു കാലിക വായന

"ദരിദ്രൻ എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്ന യേശുവിന്റെ വാക്കുകളെ, ഒരുപക്ഷേ ഭൂമിയുള്ള കാലത്തോളം പരിഹരിക്കാൻ കഴിയാതെ തുടരുന്ന ദാരിദ്ര്യം എന്ന പ്രതിഭാസത്തെ കുറിച്ചുള്ള പ്രവാചകനാത്മകമായ ഒരോർമ്മപ്പെടുത്തലായി വ്യാഖ്യാനിക്കാമെന്ന് തോന്നുന്നു. അതോടൊപ്പം ഈ വാക്കുകളിൽ യേശുവിന്റെ ചരിത്രത്തിലെ തുടർച്ചയായ സഭയുടെ സൂക്ഷത്തിന് ദരിദ്രനെ ഭരമേൽപ്പിക്കുന്നതായും മനസ്സിലാക്കാം. ഒരുപക്ഷേ സഭയിലിന്നും തുടരുന്ന ജീവകാരുണ്യപ്രവർത്തനങ്ങളുടെ കാരണവും ഊർജ്ജവും ഇതാവാം. എന്തായാലും വളരെ പ്രായോഗികമായി ചിന്തിക്കുമ്പോൾ, ദാരിദ്ര്യം ഭൂമിയിൽ പൂർണ്ണമായും പരിഹരിക്കാൻ കഴിയാത്ത ഒരു പ്രശ്നം തന്നെയാണെന്നതാണ് സത്യമെന്ന് തോന്നുന്നു. ഉദാരമായ പങ്കുവയ്പിന്റെ വേദിയും മാർഗ്ഗവും ഊർജ്ജവുമായി സ്വയം മാറികൊണ്ട് ദാരിദ്ര്യത്തിന്റെ ആഘാതത്തെ ലഘൂകരിക്കാൻ യഥാർത്ഥത്തിൽ സഭയ്ക്ക് കഴിയും. പക്ഷേ ദാരിദ്ര്യം തുടച്ചുമാറ്റാൻ കഴിഞ്ഞില്ലെങ്കിലും ഇവിടെ ചെയ്യാവുന്നതും എന്നാൽ നാം അലംഭാവത്തോടെ അവഗണിക്കുന്നതുമായ ഒരു കാര്യം ദരിദ്രനെ നാം എങ്ങനെ പരിഗണിക്കുന്നു എന്നതുമാത്രമാണ്. ഞാൻ പറഞ്ഞുവരുന്നത് ഇന്നും നമ്മുടെ വിശുദ്ധ ഇടനാഴികളിൽ നടന്നുവരുന്ന ക്രൂരമായ പക്ഷപാതത്തെക്കുറിച്ചാണ്. യാക്കോബ് ശ്ലീഹായുടെ ലേഖനത്തിലെ വാക്കുകളുടെ മൂർച്ചയൊന്നും (യാക്കോ. 2:1-10) ഹൃദയത്തെ തൊടാൻ അറിയാതെപോലും നാം സമ്മതിക്കാറില്ല എന്നതല്ലേ സത്യം? ഈ പാപകരമായ പക്ഷപാതം പക്ഷേ പരിഹരിക്കാൻ കഴിയുന്ന നിശ്ചയമായും പരിഹരിക്കേണ്ട വിഷയമാണ്. ധനികന്റെയും അധികാരമുള്ളവന്റെയും പക്ഷം ചേർന്ന് സ്തുതിപാടിയും ഇളവുകൾ ചെയ്തുകൊടുത്തും സ്വയം അപഹാസ്യമായി മാറുന്ന മാരക വിപത്തിനെ ഭയക്കണം വർത്തമാനകാല സഭ എന്നാണ് എന്റെ പക്ഷം. ധനികന്റെ ആർഭാടങ്ങളിൽ, അത് മരണവും ജനനവും വിവാഹവും എല്ലാം ഉൾപ്പെടും സ്വയം അലങ്കാരവസ്തുക്കളായി പ്രതിഷ്ഠിക്കുന്ന ആളുകൾ ദരിദ്രന്റെ നിസ്സാരമായ വിശേഷങ്ങളിൽ അവർ കാണിക്കുന്ന വിവേചന മനോഭാവം എന്താണെന്ന് ഒന്നിരുത്തി ചിന്തിക്കണം. ഈ ഒരു ഭീകരമായ പക്ഷപാതം അവസാനിപ്പിക്കാനും ധാർമ്മികമായെങ്കിലും ദരിദ്രന്റെ പക്ഷം ചേരാനും നമുക്ക് കഴിയും എന്നാണ് തോന്നുന്നത്.

വർത്തമാന കാലസഭയ്ക്ക് ചെയ്യാവുന്ന മറ്റൊരു കാര്യം (ദാരിദ്ര്യം തുടച്ച് മാറ്റാൻ പരിമിതികളുണ്ടെങ്കിലും) ദരിദ്രന്റെ അങ്കി

കളെ സ്നേഹിക്കാൻ പരിശ്രമിക്കുക എന്നതാണ്. ഇന്ന് ആരെയാണ് നാം അനുകരിക്കാൻ ശ്രമിക്കുന്നത്? സ്വർഗ്ഗത്തിന്റെ സർവ്വസമ്പന്ന തയും വേണ്ടെന്ന് വെച്ച് ഭൂമിയിലെ ദരിദ്രരെ അനുകരിച്ച് ദരിദ്ര രിൽ ദരിദ്രനായിത്തീർന്ന ക്രിസ്തുവിനെയോ? അതോ എന്നെ കുമ്പിട്ടാരാധിച്ചാൽ ലോകവും അതിന്റെ സർവ്വസമ്പന്നതയും നൽകാമെന്ന് വാഗ്ദാനം ചെയ്തുനിൽക്കുന്ന ഈ ലോകത്തിന്റെ അധീശനയോ? സാധാരണ മനുഷ്യന് അസൂയതോന്നും വിധമുള്ള ആഢംബര നിർമ്മിതികൾ, ഹൈബ്രിഡ് ആഢംബര വാഹനങ്ങൾ, സമൂഹത്തിലെ വെണ്ണപ്പാളികളിൽ മാത്രമൊതുങ്ങുന്ന സഹവാ സവും സമ്പർക്കവും... ദരിദ്രരുടെ കണ്ണീരിലേക്കും സ്വപ്നങ്ങളി ലേക്കും അതിസമ്പത്തിന്റേയും ആർഭാടത്തിന്റേയും സുരക്ഷിത ഇടങ്ങളിൽ നിന്നുള്ള പറിച്ച് നടൽ വർത്തമാനകാല സഭയ്ക്ക് നില നിൽപിന്റെയും വളർച്ചയുടെയും ഒരനിവാര്യതയല്ലേ?

19

# സിയോൻ അവളുടെ രാജാവിനെ വരവേൽക്കുന്നു

## (യോഹ. 12:12 – 19)

യേശുവിന്റെ ജനനവും മരണവും ഉത്ഥാനവും കഴിഞ്ഞാൽ ഒരുപക്ഷെ അവന്റെ ജീവിതകഥയിലെ ഏറ്റവും പച്ചപ്പോടെ അനുസ്മരിക്കപ്പെടുന്ന സംഭവം ജറുസലേമിലേക്കുള്ള രാജകീയ പ്രവേശനമായിരിക്കാം എന്നാണ് തോന്നുന്നത്. ലോകത്തിൽ ഏത് രാജ്യത്തുചെന്നാലും ഓശാനഞായറാഴ്ചയിലെ കുരുത്തോലയുടെ പച്ചപ്പും ഒലിവിൻ ചില്ലകളുടെ ഹരിതാഭയും ഹൃദ്യമായ ഒരു ദൃശ്യാനുഭവം തന്നെയാണ്. ജറുസലേമിൽ അന്ന് ഇരമ്പിയാർന്ന ആ ജനക്കൂട്ടത്തിൽ സിയോൻ പുത്രിയുടെ സന്തതികളിലൊരാളായി സ്വയം മാറി രക്ഷകനെ സ്വീകരിക്കുന്നത് ഒരു ആത്മീയ അനുഭവം തന്നെ. ഒരുപക്ഷെ ഉള്ളിൽ തളംകെട്ടികിടക്കുന്ന രക്ഷയ്ക്കുവേണ്ടിയും വിമോചനത്തിനുവേണ്ടിയുമുള്ള ആത്മദാഹങ്ങളുമാകാം എല്ലാ തലമുറയിലും എല്ലാ ദേശങ്ങളിലും ഈ സംഭവത്തിന് ഇത്ര ഈ ഹരിതാഭയും മിഴിവും നൽകുന്നത്. ലോകത്തിൽ മറ്റാർക്കും വാഗ്ദാനം ചെയ്യാനോ നൽകാനോ കഴിയാത്ത രക്ഷയുടെ സമ്പൂർണ്ണ അനുഭവത്തിലേക്ക് നയിക്കാൻ നസ്രത്തിലെ യേശുവിന് സാധിക്കും എന്നുള്ള പ്രതീക്ഷയാവണം ഇന്നും ദാവീദിന്റെ പുത്രന് ഓശാന എന്ന് വിളിച്ച് പറയാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നത്.

വത്സല ശിഷ്യൻ യേശുവിന്റെ രാജകീയ പ്രവേശനം വിവരിക്കുന്നതിനു തൊട്ട്മുമ്പ് വിവരിച്ച സംഭവം ബഥാനിയായിലെ തൈലാഭിഷേകമാണ്. പെസഹാത്തിരുനാളിന്

ആറ് ദിവസം മുമ്പ് എന്നാണ് സമയ സൂചന നൽകുന്നത്. പെസഹാ ഭക്ഷണം കഴിച്ചിരുന്നത് വെള്ളിയാഴ്ച വൈകിട്ടാണ് എന്നതാണ് പൊതുവായ പണ്ഡിതമതം. അപ്പോൾ അതിന് ആറുദിവസം മുമ്പ് എന്നാൽ വെള്ളിയാഴ്ച സായാഹ്നം അല്ലെങ്കിൽ ശനിയാഴ്ച യേശു ബഥാനിയായിൽ എത്തി എന്ന് മനസ്സിലാക്കാം. ഇനി ജറുസലേമിലേക്കുള്ള രാജകീയ പ്രവേശനത്തിന് ലഭിച്ചിരുന്ന സമയ സൂചന അടുത്ത ദിവസം (12:2) എന്നതാണ്. അതായത്, പെസഹായുടെ വിശുദ്ധവാരത്തിലെ ഞായറാഴ്ച നിസാൻ മാസം 9-ാം തിയതി എന്നർത്ഥം. നിസാൻ മാസം 14-ാം തിയതി വൈകിട്ടാണല്ലോ പെസഹാ ആചരിക്കാൻ കൽപിക്കപ്പെട്ടിരിക്കുന്നത്.

യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ ആദ്യ വാചകങ്ങളിൽ തന്നെ വ്യക്തമായി അവതരിപ്പിച്ചതാണ് യേശുവിന്റെ രാജകീയ വ്യക്തിത്വം. നഥാനയേൽ നടത്തിയ പ്രഘോഷണം ശ്രദ്ധിക്കുക: "റബ്ബി അങ്ങ് ദൈവപുത്രനാണ്. ഇസ്രായേലിന്റെ രാജാവാണ്" (യോഹ. 1:49). വത്സല ശിഷ്യന് തന്റെ രചനയുടെ ആദ്യം മുതൽ നസ്രത്തിലെ യേശു ഇസ്രായേലിന്റെ രാജാവാണ്. അതുകൊണ്ട്തന്നെ ജറുസലേമിലേക്കുള്ള പ്രവേശനം, ആ രാജത്വത്തിന്റെ പരസ്യമായ സാക്ഷ്യമായി മാറുന്നു. ഒരർത്ഥത്തിൽ ബഥാനിയായിൽ തലേദിവസം നടന്ന തൈലാഭിഷേകം പോലും രാജാവായി യേശുവിനെ അഭിഷേകം ചെയ്യുന്നതായും വ്യാഖ്യാനിക്കാം. അഭിഷേക തൈലം രാജാവിന്റെ ശിരസിൽ ഒഴിക്കുന്നതിന്റെ പ്രതീകാത്മകതയാണ് മറിയത്തിന്റെ അഭിഷേകത്തിന് കണക്കാക്കാവുന്നത്. യേശുവിനെ എതിരേൽക്കാൻ വന്ന ജനകൂട്ടത്തിന്റെ ആർപ്പ് വിളിയിലും മാറ്റൊലി കൊള്ളുന്നത് ഇതേ ആശയം തന്നെയാണ്: "കർത്താവിന്റെ നാമത്തിൽ വന്നവനും ഇസ്രായേലിന്റെ രാജാവുമായവൻ വാഴ്ത്തപ്പെട്ടവൻ" (യോഹ. 12:13).

### ഈന്തപ്പനയുടെ തളിർ ചില്ലകൾ പറയുന്നത്

"ഈന്തപ്പനയുടെ കൈകൾ എടുത്തുകൊണ്ട് അവനെ എതിരേൽക്കാൻ പുറപ്പെട്ടു" എന്നാണ് ജനക്കൂട്ടത്തിന്റെ വരവേൽപിനെ യോഹന്നാൻ വിശേഷിപ്പിക്കുന്നത്. ഈന്തപ്പനയുടെ കൈകൾ കൂടാരത്തിരുനാളിലും വളരെ പ്രാധാന്യമേറിയതാണ്. ജനം ഈന്തപ്പനയുടെ തളിർ ചില്ലകൾ കൈയിലേന്തി നിൽക്കുമ്പോഴാണ് പ്രധാനപുരോഹിതൻ സിലോഹാ കുളത്തിലെ ജലം ബലിപീഠത്തിൽ നേദിക്കുന്ന സമയം പ്രാർത്ഥിച്ചിരുന്നത്. അപ്പോൾ ഈന്തപ്പന ചില്ലകൾ രക്ഷയുടെ ഒരു അടയാളമായി സങ്കൽപ്പിച്ചിരിക്കാം എന്നർത്ഥം. യഹൂദ സംസ്കാര

ത്തിൽ ഈന്തപ്പന ചില്ലകൾ ഏന്തിയുള്ള വരവേൽപ് രാജകീയ പ്രഖ്യാപനത്തിനുശേഷമോ വിജയശ്രീലാളിതനായ ശേഷമോ നഗരത്തിലേക്കെത്തുന്ന ഭരണാധികാരിയെ സ്വീകരിക്കുന്നതിന്റെ പ്രതീകമായാണ് കണക്കാക്കപ്പെട്ടിരുന്നത് (1മക്ക. 13:51). ശത്രുവിന്റെ മേൽ വിജയമാഘോഷിക്കുന്നതിന്റെ പ്രതീകമായി ഈന്തപ്പനകൊമ്പുകൾ കൈയിലേന്തി യഹൂദർ സ്തുതിഗീതങ്ങളാലപിക്കുന്നതിനെ മക്കബായരുടെ പുസ്തകത്തിൽ ചിത്രീകരിക്കുന്നുണ്ട് (2മക്ക. 10:7). ദേവാലയവും വിശുദ്ധ നഗരവും ശുദ്ധീകരിച്ചശേഷം ഈന്തപ്പനകൊമ്പുകൾ കൈയിലേന്തി യഹൂദർ വിശുദ്ധ മന്ദിരത്തിൽ ശുദ്ധീകരണം വിജയിപ്പിച്ച കർത്താവിന് നന്ദിപറയുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈന്തപ്പനക്കൊമ്പുകൾ മക്കബായ കാലം മുതലെങ്കിലും ഇസ്രായേലിന്റെ ദേശീയതയുടെയും മിശിഹായുടെ ഭരണത്തിൻ കീഴിൽ നടക്കുന്ന വിമോചനത്തിന്റേയും പ്രതീകമായിട്ടാണ് അവതരിപ്പിക്കപ്പെട്ടിരുന്നത്. ഈന്തപ്പനയുടെ കുരുത്തോലകൾ ഭാവിയേക്കുറിച്ചുള്ള ശുഭപ്രതീക്ഷയുടെ അടയാളമായി കണക്കാക്കിയിരുന്നു. അതായത്, മർദ്ദനത്തിനും ചൂഷണങ്ങൾക്കും അടിമത്വത്തിനും വിധേയരാകേണ്ടിവന്ന ഒരു ജനത തങ്ങളുടെ സ്വാതന്ത്ര്യവും ശുഭകരവുമായ ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾ ഈന്തപ്പനയുടെ തളിർകൊമ്പുകളോട് ചേർത്തുവെച്ചു എന്നർത്ഥം. ഈ ശുഭമായ ഭാവിപ്രതീക്ഷകളുടെ പ്രതീകമായി കുരുത്തോല കണക്കാക്കിയിരുന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് വെളിപാട് പുസ്തകം പരാമർശിക്കുന്ന വിജയം വരിച്ച വിശുദ്ധരുടെ സമൂഹം കുഞ്ഞാടിന്റെയും സിംഹാസനത്തിന്റെയും മുമ്പിൽ നിരന്നു നിന്നപ്പോൾ കൈകളിൽ കുരുത്തോല വഹിച്ചിരുന്നു എന്ന വിവരണം. **"അവർ വെള്ളയങ്കിയണിഞ്ഞ് കുരുത്തോലയുമായി സിംഹാസനത്തിന്റെ മുമ്പിലും കുഞ്ഞാടിന്റെ മുമ്പിലും നിന്നിരുന്നു"** (വെളി. 7:9).

ഈ അർത്ഥത്തിൽ ചിന്തിക്കുമ്പോൾ കൈകളിൽ ഈന്തപ്പനയുടെ കൊമ്പുമായി യേശുവിനെ വരവേറ്റ ജനക്കൂട്ടത്തിന്റെ പ്രവൃത്തി പ്രതികാത്മകമായി മൂന്ന് ചിന്തകൾ ഉൾകൊള്ളുന്നുണ്ട്; അടിമത്വത്തിനും മർദ്ദനത്തിനും വിധേയരായിരുന്ന ജനതയുടെ സ്വാതന്ത്ര്യമോഹങ്ങളുടെ പ്രകടനവും ആവിഷ്കാരവും വിജയാഘോഷത്തിന്റെ പ്രതീകവുമായിരുന്നു ഈന്തപ്പനക്കൊമ്പുകളേന്തിയ ഈ വരവേൽപ്. അത് മിശിഹായുടെ വരവിൽ സംഭവിക്കാനിരിക്കുന്ന സമാധാനത്തിന്റെ പുതിയ യുഗത്തെ സ്വീകരിക്കുന്നതിന്റെ പ്രതീകമായിരുന്നു. മിശിഹായുടെ വരവിൽ സംഭവിക്കാനിരിക്കുന്ന വലിയ വിശുദ്ധീകരണത്തിന് തങ്ങളെതന്നെ സമർപ്പിക്കുന്നതിന്റെയും പ്രതീകാത്മക സൂച

നയായിരുന്നത്. അതായത് സ്വാതന്ത്ര്യം, സമാധാനം, വിശുദ്ധി എന്നീ മൂന്ന് ആശയങ്ങളാണ് ഈന്തപ്പനച്ചില്ലകൾ കൈമാറിയിരുന്നത് എന്ന് ചുരുക്കം.

യേശുവിന്റെ ജറുസലേമിലേക്കുള്ള രാജകീയ പ്രവേശത്തിൽ പ്രതീകാത്മകമായി ഈ മൂന്ന് പ്രതീക്ഷകളും നിറവേറുന്നുണ്ട്. അഥവാ അവയുടെ സാകല്യത്തിനാണ് അവൻ ജറുസലേമിലേക്ക് കടന്നുവരുന്നത്. അവൻ സമാധാന രാജാവായി പ്രവേശിക്കുന്നത് മനുഷ്യനെ പറുദീസമുതൽ അടിമയാക്കിയ പാപത്തിന്റെ ഭരണത്തിന്റെ മേൽ കുരിശിൽ വിജയമാഘോഷിക്കാനാണ്; കുരിശിൽ അവനർപ്പിക്കാനിരിക്കുന്ന ആത്മബലിയിലൂടെ സകല ശത്രുതകളും അവസാനിപ്പിച്ച് സമാധാനത്തിന്റെ പുതിയകാലം സൃഷ്ടിക്കാനാണ്; അവന്റെ രക്തം വഴി എന്നേക്കുമായി മനുഷ്യവംശത്തിന്റെ വിശുദ്ധീകരണം സാധ്യമാക്കാനാണ്.

**കഴുതക്കുട്ടിയുടെ പുറത്ത് എഴുന്നള്ളുന്ന രാജാവ്**

ഹോസാന വിളികളുടെയും ആരവങ്ങളുടെയും മദ്ധ്യേ ഇളകിവശായ ജറുസമേലിലേക്ക് യേശു പ്രവേശിക്കുന്നത് കഴുതപ്പുറത്താണ് എന്നത് നാല് സുവിശേഷകന്മാരും ഒരുപോലെ പരാമർശിക്കുന്നതാണ്. യഹൂദ റോമൻ പാരമ്പര്യത്തിൽ കഴുതപ്പുറത്ത് എഴുന്നള്ളുന്ന രാജാവ് സമാധാനത്തിന്റെ, യുദ്ധങ്ങളില്ലാത്ത കാലത്തിന്റെ ശുഭസൂചനയാണ് നൽകുന്നത്. യഹൂദപാരമ്പര്യത്തിൽ കഴുതപ്പുറത്ത് എഴുന്നള്ളുന്നത് രാജാവിന്റെ കിരീടധാരണത്തിന്റെയും സ്ഥാനാരോഹണത്തിന്റെയും സൂചന നൽകുന്നുണ്ട് (സോളമൻ രാജാവായി സ്ഥാനമേറ്റ ശേഷം കഴുതപ്പുറത്താണ് ജറുസലേമിലേക്ക് വരുന്നത്, 1രാജാ. 1:33-34). അപ്പോൾ കഴുതപ്പുറത്തുള്ള വരവ് ചിത്രീകരിക്കുന്നതിലൂടെ വരാനിരിക്കുന്ന രക്ഷകൻ (മിശിഹാ) യേശുവാണെന്നുള്ള ശക്തമായ സന്ദേശമാണ് സുവിശേഷകൻ നൽകുന്നത് എന്ന് മനസ്സിലാക്കാം. ഒരു പക്ഷെ മിശിഹായെക്കുറിച്ചുള്ള ഏറ്റവും വിദൂര പ്രതീക്ഷ നൽകുന്ന യാക്കോബിന്റെ പ്രവചനവുമായുള്ള ഈ വാക്യത്തിന്റെ സാധർമ്മ്യം ഈ ചിന്തയെ സാധൂകരിക്കുന്നതാണ്. "അവൻ തന്റെ കഴുതയെ മുന്തിരിച്ചെടിയിലും കഴുതക്കുട്ടിയെ വിശിഷ്ടമായ മുന്തിരിച്ചെടിയിലും കെട്ടിയിടും" (ഉൽപ. 49:11).

യഹൂദ റബ്ബിമാർ പഠിപ്പിച്ചിരുന്നത് മിശിഹാ വരുമ്പോൾ മാത്രമാണ് ഈ മുന്തിരിത്തണ്ടിൽ കെട്ടിയ കഴുതയെയും കുട്ടിയേയും അഴിക്കൂ എന്നതാണ്. മാത്രവുമല്ല മിശിഹാ വരുന്നത് ജറുസലേമിന് കിഴക്കുവശത്തുള്ള ഒലിവുമലയിൽ നിന്നായിരിക്കും എന്നാണ് അവർ പ്രതീ

ക്ഷിച്ചിരുന്നത്. ഈ ഒരു പ്രതീക്ഷ സമവീക്ഷണ സുവിശേഷങ്ങളുടെ വിവരണത്തിൽ നിഴലിക്കുന്നുണ്ട്; യേശു തന്റെ ജറുസലേം പ്രവേശനം ആരംഭിക്കുന്നത് ഒലിവുമലക്കരികെയുള്ള ബത്ഫഗയിൽ നിന്നാണെന്നാണ് സമാന്തര സുവിശേഷകന്മാർ പരാമർശിക്കുന്നത്. എന്നാൽ യോഹന്നാന്റെ വിവരണമനുസരിച്ച് ബഥാനിയായിൽ നിന്നാണ് യേശു പുറപ്പെടുന്നത്. ഇവിടെ ശ്രദ്ധേയമായ കാര്യം, സുവിശേഷകൻ പ്രത്യേകം പറയുന്നില്ലെങ്കിലും ബഥാനിയായിൽ നിന്ന് ഒലിവുമല കൂടിയായിരുന്നു ജറുസലേമിലേക്കുള്ള പ്രവേശനമാർഗം എന്നതാണ്; ബത്ഫഗേയാകട്ടെ മാർഗമദ്ധ്യേയും.

## ഓശാന വിളികളുടെ മദ്ധ്യേ എഴുന്നള്ളുന്ന രാജാവ്

ജറുസലേമിലേക്കു പ്രവേശിച്ച യേശുവിനെ ഏതിരേൽക്കാൻ വന്ന ജനാവലിയെ 'തിരുനാളിന് വന്ന വലിയ ജനക്കൂട്ടം' (12:12) എന്നാണ് യോഹന്നാൻ വിശേഷിപ്പിക്കുന്നത്. യഹൂദ ചരിത്രകാരനായ ഫ്ളാവിയൂസ് ജോസഫൂസ് അദ്ദേഹത്തിന്റെ "യഹൂദ പൗരാണികത" (Jewish Antiquity) എന്ന ഗ്രന്ഥത്തിൽ ഓരോ പെസഹാതിരുനാളിനും ഏതാണ്ട് 70000 അധികം തീർത്ഥാടകർ ജറുസലേമിൽ എത്തിയിരുന്നതായി രേഖപ്പെടുത്തുന്നുണ്ട്. അപ്പോൾ യേശുവിന്റെ വരവ് അക്ഷരാർത്ഥത്തിൽ ജറുസലേമിനെ ഇളക്കിമറിച്ചിരിക്കാം. യേശു നഗരത്തിൽ പ്രവേശിച്ചപ്പോൾ 'നഗരം ഇളകി വശായി' എന്ന സമവീക്ഷണ സുവിശേഷകന്മാരുടെ പ്രസ്താവ്യം ഈ യുക്തിയെ സാധൂകരിക്കുന്നുണ്ട്. യേശുവിനെ എതിരേറ്റ വലിയ പുരുഷാരത്തിന്റെ അധരങ്ങളിലെ ആർപ്പുവിളി ഹോസാന എന്ന പ്രാർത്ഥനയായിരുന്നു എന്നാണ് സുവിശേഷകന്മാർ രേഖപ്പെടുത്തുന്നത്. *ഹോഷ്നാ* എന്നത് അറമായ പദമാണ്. *ഹൊഷെയ്നാ* എന്ന ഹെബ്രായ പദത്തിൽ നിന്നാണ് *ഹോഷാന* ഉരുത്തിരിഞ്ഞത്. ഇതിനർത്ഥം 'ദയവായി രക്ഷിക്കണമേ' (please save) എന്നാണ്. രാജാക്കന്മാരുടെ മുമ്പിൽ *ഹോഷെയ്നാ* എന്ന നിലവിളി ഉയരുന്നതായി ഇതിനു മുമ്പ് മൂന്ന് പഴയനിയമഭാഗങ്ങളിൽ പരാമർശിക്കുന്നുണ്ട്.

> ദാവിദ് രാജാവിന്റെ മുമ്പിൽ തെക്കോവക്കാരി സ്ത്രീ നിലവിളിക്കുന്നു. "*ഹൊഷെയ്നാ ഹമ്മേലക്ക്*: ഞങ്ങളുടെ രാജാവെ രക്ഷിക്കണമേ." (2സാമു. 14:4)
>
> "*ഹൊഷെയ്നാ അദോനായ്* - കർത്താവെ രക്ഷിക്കണമേ." (2രാജാ. 6-26)

സഹായം അഭ്യർത്ഥിച്ച് ജനം രാജാക്കന്മാരുടെ മുമ്പിൽ ഉയർത്തിയ നിലവിളിയുടെ സ്വരമായിരുന്നു *ഹൊഷ്യ്നാ* എന്ന ചുരുക്കം.

പിന്നീട് ഈ നിലവിളി നാം കാണുന്നത് 118-ാം സങ്കീർത്തനത്തിലാണ്. "കർത്താവെ ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു ഞങ്ങളെ രക്ഷിക്കണമേ. കർത്താവെ ഞങ്ങൾ അപേക്ഷിക്കുന്നു ഞങ്ങൾക്ക് വിജയം നൽകണമേ." (സങ്കി. 118:25)

യഹൂദരുടെ മൂന്ന് പ്രധാന തിരുനാളുകളിലെയും (പെസഹാ, കൂടാരത്തിരുന്നാൾ, പെന്തക്കുസ്താ) പ്രാർത്ഥനകളിൽ 118-ാം സങ്കീർത്തനം ആലപിച്ചിരുന്നു. എന്നാൽ രക്ഷയ്ക്കുവേണ്ടിയുള്ള നിലവിളി ഏറ്റവും പ്രകടമായിരുന്നത് കൂടാരത്തിരുനാളിന്റെ അവസരത്തിൽ ബലിപീഠത്തെ ജലംകൊണ്ട് അഭിഷേകം ചെയ്യുന്ന അവസരത്തിലായിരുന്നു താനും. ബലിപീഠത്തിനു ചുറ്റും നിന്നിരുന്ന ജനവും ഗായകസംഘവും പുരോഹിതരും ഈ സമയം ആലപിച്ചിരുന്നത് രക്ഷക്കു വേണ്ടിയുള്ള ദാഹം വ്യക്തമാകുന്ന 118-ാം സങ്കീർത്തനമായിരുന്നു. *ഹൊഷ്യ്നാ* എന്ന നിലവിളി ഹെബ്രായ പശ്ചാത്തലത്തിൽ നിസ്സഹായനായ മനുഷ്യൻ രക്ഷയ്ക്കുവേണ്ടി ഉയർത്തന്ന ആത്മരോദനമാണ് എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. ജറുസലേമിൽ കൂടിയ പുരുഷാരം നസ്രായനായ യേശുവിൽ കണ്ടത് അവരുടെ വിമോചനകനെയായിരുന്നു എന്നത് ഇതിൽ നിന്ന് വ്യക്തമാണല്ലോ. എന്നാൽ ഈ വരികളിലൂടെ സുവിശേഷകൻ മനോഹരമായ ഒരു വൈരുദ്ധ്യം (irany) എഴുതിചേർക്കുന്നുണ്ട്; രാഷ്ട്രീയ വിമോചകനും ഭൗതിക സുരക്ഷിതത്വം നൽകുന്ന രാജാവുമായവൻ നൽകുന്ന ഭൗതിക സമൃദ്ധിക്കുവേണ്ടിയുമാണ് ജനക്കൂട്ടം നിലവിളിക്കുന്നതെങ്കിൽ നസ്രത്തിലെ യേശു വന്നത് ആത്മീയ വിമോചനവും ജീവന്റെ സമൃദ്ധിയും ഉറപ്പുവരുത്താനാണ്. അതിനാകട്ടെ അവൻ കടന്നു പോകേണ്ടത് ഈ ആരവങ്ങൾക്കപ്പുറം കാത്തിരിക്കുന്ന പ്രധാനപുരോഹിതന്റെ കാരാഗൃഹത്തിനും പീലാത്തോസിന്റെയും ഹേറോദേസിന്റെയും വിചാരണമുറികൾക്കും കൽത്തളത്തിനും ഗാഗുൽത്തായിലേക്കുള്ള ഇടുങ്ങിയ വഴിയ്ക്കും കാൽവരിയിലെ കുരിശിലെ പീഡകൾക്കും ഇടയിലൂടെയാണ്. യേശു വാഗ്ദാനം ചെയ്തതും അവനിൽ നിന്ന് സമൂഹം ആവശ്യപ്പെടുന്നതും തമ്മിലുള്ള ഈ വൈരുദ്ധ്യം ഒരു പക്ഷേ ഇന്നും തുടരുന്നതാണ് എന്നു തോന്നുന്നു.

### സഹിക്കുന്നവരുടെ സുവിശേഷം

ജറുസലേമിലേക്കുള്ള യേശുവിന്റെ രാജകീയ പ്രവേശനം ചിത്രീകരിക്കുന്നതിലൂടെ വത്സല ശിഷ്യൻ എന്തായിരിക്കും വിവക്ഷിച്ചിരിക്കുന്നത്? ഈ വിവരണത്തിനു പിന്നിലെ യോഹന്നാന്റെ തനതായ

ദൈവശാസ്ത്രവീക്ഷണം മനസ്സിലാക്കണമെങ്കിൽ ഇവിടെ പരാമർശിക്കുന്ന സഖറിയായുടെ പ്രവചനഭാഗവും അതിൽ സുവിശേഷകൻ വരുത്തിയ മാറ്റവും പഠിക്കേണ്ടതുണ്ട്.

"സീയോൻ പുത്രീ ആനന്ദിക്കുക. ജറുസലേം പുത്രീ ആർപ്പ് വിളിക്കുക. ഇതാ നിന്റെ രാജാവ് നിന്റെ അടുക്കലേക്ക് വരുന്നു." (സഖ. 9:9)

സഖറിയാ പ്രവചനത്തിന്റെ ഈ ആദ്യവാചകങ്ങളിൽ വത്സല ശിഷ്യൻ ഒരു മാറ്റം വരുത്തിയതായി യോഹന്നാന്റെ രചനയിൽ നാം കാണുന്നുണ്ട്. കാരണം യോഹന്നാൻ ഈ പ്രവചന വാക്യം ഉദ്ധരിച്ചിരിക്കുന്നത് ശ്രദ്ധിക്കുക.

"സീയോൻ പുത്രീ, ഭയപ്പെടേണ്ട; ഇതാ നിന്റെ രാജാവ് കഴുതക്കുട്ടിയുടെ പുറത്ത് എഴുന്നള്ളുന്നു." (12:15)

ഇവിടെ, "സീയോൻ പുത്രി ഭയപ്പെടേണ്ട" എന്ന വചനം യഥാർത്ഥത്തിൽ ഏശ. 40:9, സെഫാ. 3:17 എന്നീ വചനങ്ങളുടെ ആവർത്തനമാണ്. ഏശയ്യായും സ്തെഫാനിയായും അടിമത്വത്തിനും പീഢനങ്ങൾക്കും വിധേയയായ ജറുസലേമിനോട് ഭയപ്പെടേണ്ട എന്നു പറയുന്നത് അവളുടെ മദ്ധ്യേ കർത്താവ് ഇറങ്ങിവന്നിരിക്കുന്നു എന്നതിനാലാണ്. "സീയോനെ ഭയപ്പെടേണ്ട; നിന്റെ ദൈവമായ കർത്താവ്, വിജയം നൽകുന്ന യോദ്ധാവ് നിന്റെ മദ്ധ്യേ ഉണ്ട്" (സെഫാ. 3:17). അപ്പോൾ ഈ പഴയനിയമ പ്രവചനങ്ങളുടെ പിൻബലത്തിൽ യോഹന്നാൻ ഇവിടെ അവതരിപ്പിക്കുന്നതെന്താണ്? നസ്രത്തിലെ യേശു, ഹോസാന വിളികളുടെ മദ്ധ്യേ പ്രവേശിക്കുന്നവൻ, ദൈവമാണെന്നുള്ള സുവിശേഷത്തിന്റെ കേന്ദ്ര ആശയത്തിന്റെ ആവർത്തിച്ചുള്ള പ്രഖ്യാപനം തന്നെയാണ് സുവിശേഷകൻ ഒന്നാമതായി വിവക്ഷിക്കുന്നത്. ജറുസലേം നിവാസികളോട് ദൈവം നിങ്ങളുടെ മദ്ധ്യേയുണ്ടെന്ന് പ്രഘോഷിക്കുകയും നസ്രത്തിലെ യേശുവിൽ "മദ്ധ്യേ വസിക്കാനും ശക്തിപ്പെടുത്താനും ഇറങ്ങിവരും" എന്ന ദൈവത്തിന്റെ വാഗ്ദാനം പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുകയുമാണ് വത്സല ശിഷ്യൻ.

'സീയോൻ പുത്രി ആനന്ദിക്കുക' എന്ന വാക്യത്തെ, 'സീയോൻ പുത്രി ഭയപ്പെടേണ്ട' എന്നു മാറ്റുമ്പോൾ, ഒരു ബലപ്പെടുത്തലിന്റെ സന്ദേശം കൂടി ഈ വാക്കുകൾക്കുണ്ട്. ഇവിടെ ആരെയാണ് ധൈര്യപ്പെടുത്തുന്നത്? ആരോടാണ് ഭയപ്പെടരുത് എന്ന് പറയുന്നത്? ഒന്നാമത് ജറുസലേമിനോടുതന്നെ; സിയോന്റെ സന്തതികളെയാണ് ധൈര്യപ്പെടുത്തുന്നത്. ഇപ്പോൾ ആർപ്പുവിളിച്ച് അവർ എതിരേൽക്കുന്ന നസ്രാ

യനായ യേശു കടന്നുപോകാനിരിക്കുന്ന കണ്ണീരിന്റെയും രക്തത്തിന്റെയും തീവ്ര വേദനയുടെയും കനൽവഴികൾക്ക് സാക്ഷിയാകുമ്പോൾ നിങ്ങൾ ഭയപ്പെടരുത്; അവനിൽ ഇടറരുത്. ഓശാന ഘോഷയാത്ര ജറുസലേം ജനങ്ങൾക്ക് ധൈര്യപ്പെടുത്തലിന്റെ, ശക്തിപ്പെടുത്തലിന്റെ നിമിഷമാകുന്നു. ചരിത്രപരമായി, ജറുസലേം കടന്നുപോകാനിരിക്കുന്ന ക്ലേശകാലത്തെ - ദേവാലയത്തിന്റെയും വിശുദ്ധ സ്ഥലത്തിന്റെയും നാശവും, അതി ഭീകരമായ രക്തച്ചൊരിച്ചിലുകളെയും മുന്നിൽ കണ്ടുകൂടിയാവും ജറുസലേമിനോട് ഭയപ്പെടരുത് എന്ന് പറയുന്നത്. രണ്ടാമത്, ആരോടാണ് ഭയപ്പെടരുതെന്ന് പറയുന്നത്? അത്, കാൽവരിയുടെ സഹനങ്ങളിലേക്ക് സ്വയം നടന്നുനീങ്ങുന്ന യേശുവിനുള്ള പ്രിയ ശിഷ്യന്റെ ആശംസയാണ്. ഗുരുവിന്റെ ഹൃദയസ്പന്ദനം ഏറ്റുവാങ്ങിയവൻ, പ്രിയഗുരുവിന്റെ ആത്മപീഢകളുടെ നിമിഷങ്ങൾക്ക് അരികിൽ മൂകസാക്ഷിയായവൻ, വത്സലശിഷ്യൻ യോഹന്നാൻ പ്രിയ ഗുരുവിന് നേരുന്ന ആശംസയാണത്. മൂന്നാമത്, ഭയപ്പെടരുതെന്ന ആശംസ ലക്ഷ്യം വയ്ക്കുന്നത് മതമർദ്ദനങ്ങളുടെ ഭീകരതയിൽ വെന്തുനീറുന്ന യോഹന്നാന്റെ സഭാസമൂഹത്തെയാണ്. കലിഗുളയുടെയും നീറോയുടെയും ഡൊമിഷ്യന്റെയും ഭീകരപീഢകളിൽ ആത്മബലം ചോർന്നുപോകുമായിരുന്ന തന്റെ സഭാ സമൂഹങ്ങളോട് വിശ്വാസത്തിൽ ഉറച്ച് നിൽക്കാൻ വത്സല ശിഷ്യൻ നടത്തുന്ന ആഹ്വാനമാണ് 'ഭയപ്പെടേണ്ട' എന്ന വാക്കുകൾ. ഈ അർത്ഥത്തിൽ, വത്സല ശിഷ്യൻ താൻ സുവിശേഷം പ്രചരിപ്പിച്ച തന്റെ സഭകളോടാണ് അവർ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നതും ഭാവിയിൽ നേരിടേണ്ടി വരുന്നതുമായ സുവിശേഷത്തെ പ്രതിയുള്ള ക്ലേശങ്ങളിൽ ഭയപ്പെടരുത് എന്ന് ആശംസിക്കുന്നത്.

അതുകൊണ്ട് ജറുസലേമിലേക്കുള്ള യേശുവിന്റെ രാജകീയ പ്രവേശനം യോഹന്നാന്റെ വ്യതിരിക്തമായ ദൈവശാസ്ത്ര വീക്ഷണമനുസരിച്ച് ബലപ്പെടുത്തലിന്റെ അവസരമാണ്. സഹനത്തിന്റെ കണ്ണീരും ചോരയും കിനിയുന്ന കനൽ വഴികളിലൂടെ ഇടറിനീങ്ങിയ, സഹനത്തിന്റെ പാനപത്രം സ്വേച്ഛയാൽ ഏറ്റുവാങ്ങിയ പ്രിയ ഗുരുവിനുള്ള വത്സല ശിഷ്യന്റെ പക്ഷം ചേരലും കരുത്തുപകരലുമാണത്. ഒപ്പം, "ഭയപ്പെടേണ്ട, ഇതാ നിങ്ങളുടെ ദൈവം ശക്തിയോടെ നിങ്ങളുടെ അടുത്തേക്കു വരുന്നു" (ഏശ. 40:10) എന്ന സഹന നിമിഷങ്ങളിൽ നഷ്ടധൈര്യരാകുന്ന എല്ലാ മനുഷ്യർക്കുമുള്ള ആശ്വാസവചനവും. ഈ അർത്ഥത്തിൽ യോഹന്നാൻ വിവരിക്കുന്ന രാജകീയപ്രവേശനം സഹിക്കുന്ന മനുഷ്യർക്കുള്ള സദ്വാർത്തയായി മാറുന്നു.

## ഒരു കാലിക വായന

ഓശാന ഞായറിനെ 'ബലപ്പെടുത്തലിന്റെ തിരുനാൾ' എന്ന് പേരിട്ട് വിളിക്കാനാണ് എനിക്കിഷ്ടം. കാരണം കാൽവരിയുടെ കണ്ണീരിലേക്കും സഹനത്തിലേക്കും കുരിശിന്റെ ഭാരത്തിലേക്കും സ്വയം നടന്നുപോകാൻ എത്തിയവനെ ആർപ്പുവിളിച്ച് പ്രോത്സാഹിപ്പിച്ചിരുന്ന ഒരു ജനക്കൂട്ടത്തെ (അവർ അറിയാതെയാണെങ്കിലും) ജറുസലേമിൽ അന്ന് കാണുന്നുണ്ട്. സഹനവഴികളിലൂടെ കടന്നുപോകുന്നവർക്ക് ഒരു ബലപ്പെടുത്തലും ധൈര്യപ്പെടുത്തലും ആവശ്യമുണ്ട്. കാൽവരിയുടെ സഹനത്തെ തനിച്ചും സംഘാതമായും ജീവിതത്തിൽ ആവിഷ്കരിക്കുന്ന ഒരുപാടാളുകൾ ഇന്നും നമുക്ക് ചുറ്റുമുണ്ട്; അനാഥരാക്കപ്പെടുന്ന ബാല്യങ്ങളും ശരണമേതുമില്ലാത്ത വാർദ്ധക്യങ്ങളും പിറന്ന മണ്ണും വീടും വിട്ട് അഭയാർത്ഥികളുടെ അലച്ചിലിന് വിധിക്കപ്പെടുന്ന മനുഷ്യരും, സത്യം നിർഭയം പറയുന്നതിന്റെ പേരിൽ ചവിട്ടി ഒതുക്കപ്പെടുന്നവരും അങ്ങനെ നീളുന്നു കാൽവരിയുടെ വർത്തമാനകാല ആവിഷ്കാരങ്ങളുടെ പട്ടിക. അവർക്കു ധൈര്യം കൊടുക്കുന്ന, കരുത്തുപകരുന്ന, കരവും സ്വരവുമാകാൻ സുവിശേഷം ഓരോ വിശ്വാസിയെയും വെല്ലുവിളിക്കുന്നുണ്ട്. എന്തിനാണ് സഹനത്തിനു വിധിക്കപ്പെട്ടവരെ ഇങ്ങനെ ധൈര്യപ്പെടുത്തേണ്ടത്? ക്രൂശിതന്റെ സഹനം ലോകത്തെ വീണ്ടെടുത്തതുപോലെ ഇന്നു സഹിക്കുന്ന മനുഷ്യർ രക്ഷകൊണ്ടുവരും എന്ന ഒരു വിശ്വാസബലംകൊണ്ടാണ് അങ്ങനെ പറയുന്നത്. പാപത്തിന്റെയും സ്വാർത്ഥതയുടെയും ഈ കൊടുംവരൾച്ചക്കാലത്തും ഭൂമിയിൽ പച്ചപ്പും തളിരിലകളും അവശേഷിക്കുന്നത് എനിക്കുതോന്നുന്നു, സഹനത്തിനു മാറ്റിവയ്ക്കപ്പെട്ട മനുഷ്യരുടെ കണ്ണീരിന്റെയും വിയർപ്പിന്റെയും നനവുകൊണ്ടാണ്. അതുകൊണ്ട് സഹിക്കുന്നവരെ ധൈര്യപ്പെടുത്താം കൃപയുടെ ശാദ്വലങ്ങൾ ഈ മണ്ണിലിനിയും നിലനിൽക്കാൻവേണ്ടി.

ഓശാനവിളികളുടെയും സ്വീകരണത്തിന്റെയും പിറകിൽ കഠിന വേദനയുടെ മരക്കുരിശും അപമാനത്തിന്റെ മുൾമുടിയും ഒരുക്കിവെച്ചിട്ടുണ്ട് എന്ന് അറിഞ്ഞിട്ടും കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർത്തുനിർത്താനാഗ്രഹിക്കുന്ന ഒരു പിടക്കോഴിയുടെ മനസ്സോടെ ജറുസലേമിനെ സമീപിക്കാൻ നസ്രായനായ യേശുവിന് എങ്ങനെ സാധിച്ചു എന്നത് വിസ്മയിപ്പിക്കുന്ന ഒരു ചോദ്യമാണ്. സഹനത്തെ അവൻ ഭയക്കാത്തതുകൊണ്ടും പീഢകളുടെ കടിഞ്ഞാൺ അവൻ ആർക്കും വിട്ടുകൊടുക്കാത്തതുകൊണ്ടും എന്നാണ് ഇതിന്റെ ഉത്തരമെന്നാണ് എന്റെ പക്ഷം. സഹനത്തി

ന്റെ, വേദനകളുടെ, പീഡകരുടെ മുഖത്ത് നോക്കി ചിരിക്കുന്ന ക്രിസ്തുമാതൃക ലോകത്തെ വിസ്മയിപ്പിക്കുകയും ഒരുപക്ഷേ സഹിക്കുന്ന മനുഷ്യരെ പ്രചോദിപ്പിക്കുകയും ചെയ്തിട്ടുണ്ടാകണം.

രാത്രിമുഴുവൻ സഹനത്തിന്റെ അഗ്നിക്കിടക്കയിൽ വെന്ത് നീറി ക്കിടന്നിട്ടും നീ എന്തുചെയ്യുകയായിരുന്നു? എന്ന് ചോദിച്ചവരോട് ചുണ്ടിലെ മായാത്ത പുഞ്ചിരിയോടെ "ഞാൻ രാത്രിമുഴുവൻ സ്നേഹിക്കുകയായിരുന്നു" എന്ന് പറഞ്ഞ കേരളസഭയുടെ പ്രിയ വിശുദ്ധ, അൽഫോൻസാ അനുകരിച്ചത് ഈ യേശുവിനെയും സഹ നത്തോടുള്ള അവന്റെ മനോഭാവത്തേയുമാണ്. അറിയപ്പെടാത്ത ഇനിയുമെത്രയോ ജീവിതങ്ങൾ ഉണ്ട് സഹനത്തെ ചിരിച്ച് പരാജ യപ്പെടുത്തിയവരായിട്ട്. ഒരമ്മയെ ഓർക്കുന്നു, ഓർമ്മകൾ പച്ചപ്പിന്റെ തളിരില നീട്ടിയ പ്രായം മുതൽ അവരുടെ സഹനക്കിടക്കയെ കണ്ടാണ് എന്റെ പുലരികൾ വിടർന്നിരുന്നത്. ക്യാൻസർ രോഗം സമ്മാനിച്ച കഠിനവേദനയുടെ നിമിഷത്തിൽ അവരുടെ അമർത്തിയ തേങ്ങലുകൾ ചിലവേള എന്റെ ഉറക്കം കെടുത്തിയിട്ടുണ്ട്. പക്ഷേ അവരൊരിക്കലും നിരാശയായോ ദുർബലയായോ ഞാൻ കണ്ടിട്ടി ല്ല. വേദനയുണ്ടോ എന്ന ചോദ്യത്തിന് നിറപുഞ്ചിരിയോടെ സാര മില്ലെന്ന മറുപടിയേ മരിക്കുംവരെ ആ അമ്മ നൽകിയിട്ടുള്ളൂ. അഭി മാനത്തോടെ പറയട്ടെ, വേദനയുടെ ആ ചെങ്കടൽ ധീരമായി നീന്തി ക്കയറിയ ആ സ്ത്രീ - എന്റെ അമ്മയായിരുന്നു. അവളുടെ സഹ നമാണ് എന്റെ വഴികളിലെ നാളിതുവരെയുള്ള പുണ്യത്തിന്റെ വെളിച്ചം.

20

# പാദക്ഷാളനത്തിന് ഒരു കൗദാശിക ഭാഷ്യം

## (യോഹ. 13:1 – 16)

വിശ്വസാഹിത്യത്തിലെ ഒരു രചനയിലും കാണാത്തത്ര ഹൃദ്യമായാണ് സ്നേഹം ഘനീഭവിച്ച ഉദാത്തനിമിഷങ്ങൾ അന്ത്യ അത്താഴത്തിന്റെയും പാദക്ഷാളനത്തിന്റെയും പശ്ചാത്തലത്തിൽ വത്സലശിഷ്യൻ പകർത്തിയെഴുതിയത്. ഒരു പക്ഷെ ഹൃദയത്തെ ഇത്ര മാത്രം സ്നേഹസാന്ദ്രവുമാക്കിയ മറ്റൊരു വിവരണം ലോകം കണ്ടിട്ടുണ്ടോ എന്ന് സംശയിക്കണം. ആ വിവരണത്തിൽ നിന്നൊഴുകുന്ന സനേഹത്തിന്റെ പശിമ വായനക്കാരനെ സെഹിയോനിലെ സ്നേഹം കൂദാശയായ നിമിഷത്തിൽ പങ്കുകാരനാക്കും. നസ്രായന്റെ ഹൃദയതുടിപ്പും ഗദ്ഗദവും നമ്മുടെ ജീവിതാനുഭവം തന്നെയായി മാറുകയും നാമും ആ പന്ത്രണ്ടുപേരിൽ ഒരാളായി അറിയാതെ മാറ്റപ്പെടുന്ന വശ്യമായ ആത്മീയ അനുഭവമാണ് ഈ വരികളിലൂടെയുള്ള യാത്ര നൽകുന്നത്. സെഹിയോൻ മാളികയുടെ പശ്ചാത്തലത്തിലാണ് യോഹന്നാൻ തന്റെ സുവിശേഷത്തിലെ അഞ്ച് അദ്ധ്യായങ്ങൾ (13–17) വിവരിക്കുന്നത്. ചരിത്രത്തിലെ ആദ്യത്തെ അൾത്താരയുടെ മുമ്പിലിരുന്ന് പുരോഹിതനും ബലിവസ്തുവുമായവൻ നടത്തുന്ന ആത്മാവിഷ്കാരമെന്നോ ആദ്യത്തെ കുർബാനമദ്ധ്യേയുള്ള സുവിശേഷ പ്രസംഗം എന്നോ ഈ ഭാഗത്തെ വിശേഷിപ്പിക്കാമെന്നു തോന്നുന്നു. അതിൽ തിരുത്തലിനും മാനസാന്തരത്തിനുമുള്ള ക്ഷണമുണ്ട്; പ്രത്യാശയുടെ, പ്രാർത്ഥനയുടെ, ആശിർവാദത്തിന്റെ പിൻബലമുണ്ട്; സഹായത്തിന്റെ വാഗ്ദാനമുണ്ട്; കൂടെയുണ്ടാവുമെന്ന ഉറപ്പുണ്ട്. യേശുവിന്റെ അവ

സാന മണിക്കൂറുകളിലെ ഈ ആത്മാവിഷ്കാരം ആരംഭിക്കുന്നത് 13 അധ്യായം 1 മുതൽ 35 വരെയുള്ള അന്ത്യ അത്താഴത്തിന്റെയും പാദ ക്ഷാളനത്തിന്റെയും വിവരണത്തോടെയാണ്.

അന്ത്യഅത്താഴത്തെക്കുറിച്ചുള്ള സുവിശേഷകൻമാരുടെ വിവരണ ങ്ങൾ വായിക്കുമ്പോൾ, യേശുവും ശിഷ്യന്മാരും അത്താഴത്തിനി രുന്നതായാണ് (*ഡെയ്പ്നോൻ* - സായാഹ്ന ഭക്ഷണത്തെ അർത്ഥമാ ക്കുന്ന ഗ്രീക്ക് വാക്ക്) സുവിശേഷകൻ വിവരിക്കുന്നത്. മൂന്ന് സുവി ശേഷകൻമാരും വി. പൗലോസും അന്ത്യ അത്താഴത്തിലെ കൗദാശിക ഭാഗം, ("യേശു അപ്പവും വീഞ്ഞുമെടുത്ത് വാഴ്ത്തി മുറിച്ച് ശിഷ്യന്മാർക്ക് നൽകികൊണ്ട്, ഇത് എന്റെ ശരീരമാണെന്നും, രക്തമാണെന്നും, എന്റെ ഓർമ്മയായി ചെയ്യുവിൻ") വിവരിക്കുന്നുണ്ടെങ്കിലും (മത്താ. 26:26-30; മർക്കോ. 14:22-26; 1കോറി. 11:23-25) യോഹന്നാന്റെ വിവരണത്തിൽ മാത്രം ഈ ഭാഗം പരാമർശിക്കുന്നില്ല (യോഹ. 13:1-11). എന്നാൽ സമ വീക്ഷണ സുവിശേഷകൻമാർ പരാമർശിക്കാത്ത പാദക്ഷാളനവും സ്നേഹത്തിന്റെ പുതിയ കല്പനയും വത്സല ശിഷ്യന്റെ രചനയിൽ ഇടം പിടിച്ചിട്ടുണ്ട് താനും. ഈ ഒരു വ്യത്യാസം ബോധപൂർവ്വമാണോ? ഇതിനു പിറകിൽ യോഹന്നാന്റെ തനതായ ദൈവശാസ്ത്ര കാഴ്ച പ്പാട് നിഴലിക്കുന്നുണ്ടോ?

### തിരുവത്താഴമേശയുടെ ആത്മാംശത്തിലേക്കുള്ള ക്ഷണം

ബൈബിൾ പണ്ഡിതന്മാരുടെ പൊതുവായ അഭിപ്രായത്തിൽ എ.ഡി. 96-100 കാലഘട്ടത്തിലായിരിക്കണം വത്സലശിഷ്യൻ തന്റെ ഓർമ്മക്കുറിപ്പുകൾ പൂർത്തിയാക്കുന്നത്. സുവിശേഷരചന നടക്കു മ്പോൾ ആദിമ സഭയ്ക്ക് ഏതാണ്ട് 60-ന് അടുത്ത് പ്രായമെത്തി എന്ന് സാരം. അപ്പോൾ നിശ്ചയമായും ആരാധനയും കുർബാനയർപ്പണവും അനുഷ്ഠാനവിധിയും പൗരോഹിത്യവുമെല്ലാം നിയതമായൊരു രൂപം കൈവരിച്ചുതുടങ്ങിയിട്ടുണ്ടാവണം. കർത്താവിന്റെ ദിവസം ആചരി ക്കുന്ന സമൂഹത്തിലേക്ക് കൂടി പ്രചരിക്കുക എന്ന ലക്ഷ്യത്തോടെ രചിച്ച സുവിശേഷമായതിനാൽ യോഹന്നാൻ മറ്റ് സുവിശേഷകന്മാർ വിട്ടുപോയ കാര്യങ്ങൾ കൂട്ടിചേർത്ത് യേശു സംഭവത്തിന്റെ വിവരണ ത്തിന് ഒരു പൂർണ്ണതവരുത്താൻ ശ്രമിക്കുന്നുണ്ട്. അന്ത്യ അത്താഴ ത്തിന്റെ വിവരണത്തിലും ഈ ഒരു പരിശ്രമം തീർച്ചയായും ഉണ്ട്. അപ്പോൾ യോഹന്നാൻ നിലവിൽ കുർബാന അർപ്പിക്കപ്പെടുന്ന സമൂ ഹത്തിലേക്ക് കുർബാനയുടെ അന്തസത്തയും അതിൽ പങ്കെടുക്കുന്ന വർക്കുണ്ടാകേണ്ട മനോഭാവവും വ്യക്തമാക്കുന്നതിനാണ് അന്ത്യ

അത്താഴ വിവരണവും പാദക്ഷാളനവും വിവരിക്കുന്നത് എന്ന് സാരം. അതിനൊപ്പം, കൂദാശവചനങ്ങൾക്ക് അതിമാന്ത്രിക സ്വഭാവം കൽപിച്ചിരുന്ന പ്രവണതയെ തിരുത്തുകയും യോഹന്നാന്റെ ലക്ഷ്യമായിരുന്നു.

കോറിന്തോസിലെ സഭയ്ക്ക് കുർബാനയുടെ യഥാർത്ഥ സന്ദേശം വ്യക്തമാക്കിക്കൊണ്ട് വി. പൗലോസ് എഴുതിയ വാക്യങ്ങൾ (1കോറി. 11:17-34) ആദിമ സഭയുടെ കുർബാന അർപ്പണത്തിൽ വന്നുപോയ ചൈതന്യനഷ്ടത്തിന്റെ സൂചനയാണ് തരുന്നത്. അപ്പോൾ കർത്താവിന്റെ മേശ ആചരിക്കുന്നതിന് ആത്മാംശവും ചൈതന്യവും ചോർന്നുപോയ ക്രൈസ്തവസമൂഹത്തോടു കുർബാന അർപ്പണത്തിന്റെ ആത്മാവും അന്തസത്തയുമെന്താണെന്ന് പഠിപ്പിക്കുകയും ഓർമ്മിപ്പിക്കുകയും ചെയ്യുകയാണ് ഇവിടെ വത്സല ശിഷ്യന്റെ ലക്ഷ്യം.

ഇനി, ഏതർത്ഥത്തിലാണ് ആദിമസഭയുടെ ബലിയർപ്പണങ്ങൾക്ക് ആത്മാവും ചൈതന്യവും ചോർന്നുപോയിരിക്കാം എന്ന് പറയാൻ ധൈര്യപ്പെടുന്നത്? അത് മറ്റൊന്നുമല്ല, സെഹിയോനിൽ ദിവ്യഗുരു തിരുത്തിയ അപഭ്രംശം എന്നും ശിഷ്യരെ പിൻതുടരുന്നതുകൊണ്ടാണ്. കിടമത്സരത്തിന്റെയും ശീതസമരത്തിന്റെയും മൂപ്പിള തർക്കങ്ങൾ തന്നെ. സ്വയം ശൂന്യമാക്കലിന്റെ പരമകാഷ്ഠയായ കുർബാനയർപ്പണം അധികാരത്തർക്കത്തിന്റെയും കിടമത്സരത്തിന്റെയും വേദിയാകുന്നത് കണ്ട് ഹൃദയം നൊന്താണ് വത്സല ശിഷ്യൻ സ്ഥാപന വിവരണത്തിന്റെ സ്ഥാനത്ത് കുർബാനയുടെ ആത്മാംശം വ്യക്തമാക്കുന്ന പാദക്ഷാളനം എഴുതിച്ചേർത്തതെന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നുണ്ട്. സെഹിയോൻ ഊട്ടുശാലയുടെ തറയോളം സ്വയം താഴാൻ മനസ്സായ നസ്രായന്റെ മനസ്സാണ് അവന്റെ ഓർമ്മയാചരണത്തിന് എത്തുന്നവർ ആദ്യം സ്വന്തമാക്കേണ്ടത് എന്ന് പറയാനാണ് വത്സല ശിഷ്യൻ ആഗ്രഹിക്കുന്നത്. കുർബാന ആത്മദാനത്തിന്റെയും സ്വയം ശൂന്യമാക്കലിന്റെയും ഏറ്റവും മഹത്തായ വേദിയാണ്. ലോക ചരിത്രത്തിൽ ഇതിനു പകരം നിൽക്കുന്ന ഒരു സ്വയം ശൂന്യമാക്കലിന്റെയോ ആത്മദാനത്തിന്റെയോ പാഠം ഇല്ലതന്നെ. അപ്പോൾ, യേശുവിന്റെ സ്നേഹം ഭക്ഷിച്ചിട്ട് വേണം അവന്റെ ശരീരത്തെ ഭക്ഷിക്കാൻ. ഒരുപക്ഷെ ഇന്നും മാറ്റമില്ലാതെ ക്രൈസ്തവ കൂട്ടായ്മയിൽ തുടരുന്നതാണല്ലോ അധികാര സ്ഥാനത്തിനുവേണ്ടി വിജാതിയരേ തോൽപ്പിക്കും വിധമുള്ള ചരടുവലിയും കിടമത്സരങ്ങളും ചവിട്ടിതാഴ്ത്തലുകളും. അതുകൊണ്ട്, യോഹന്നാന്റെ അന്ത്യ അത്താഴ വിവരണത്തെ നിർബന്ധമായും ഈ കാലം പുനർവായന നടത്തണം. നസ്രായന്റെ സ്നേഹം ഭക്ഷിക്കാതെ അവന്റെ ശരീരം

ആഘോഷപൂർവ്വം ഭക്ഷിക്കുന്നതിലെ പൊള്ളത്തരം തിരിച്ചറിയപ്പെട ണം. സെഹിയോൻ ഊട്ടുമുറിയിൽ യൂദാസിൽ സംഭവിച്ച അപചയവും ഇതുതന്നെയാണ്. അയാൾ യേശുവിന്റെ അപ്പം ഭക്ഷിക്കുന്നുണ്ട്, പക്ഷെ യേശുവിന്റെ സ്നേഹം തിരസ്ക്കരിക്കുന്നു. അവന്റെ സ്നേഹം ഭക്ഷി ക്കാതെ അപ്പം ഭക്ഷിക്കുന്നതിനേക്കാൾ ഭീകരമായ ദുരന്തമെന്താണ്.

"ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്ക് പോകാൻ സമ യമായി എന്ന് പെസഹാത്തിരുനാളിന് മുമ്പേ യേശു അറിഞ്ഞു." യേശു വിന്റെ ഈ സ്വയാവബോധത്തിന്റെ സൂചനയോടെയാണ് വത്സല ശിഷ്യൻ അന്ത്യ അത്താഴത്തിന്റെ വിവരണം ആരംഭിക്കുന്നത്. സെഹി യോൻ മാളികയുടെ പടികൾ കയറുന്നവന്റെ, അത്താഴ മേശയിൽ നിന്നെ ഴുന്നേറ്റ് ശിഷ്യരുടെ മുമ്പിൽ മുട്ടുമടക്കി അവരുടെ പാദങ്ങൾ കഴുകു ന്നവന്റെ, അപ്പം പകുത്ത് കൊടുക്കുന്നവന്റെ മനസ്സ് ഈ വാക്കുകൾ പൂർണ്ണമായി പകർത്തുന്നുണ്ട്. എല്ലാം ഒടുവിലത്തേതാണെന്ന് അറിഞ്ഞ് അതു ചെയ്യുന്നവന്റെ മനസ്സാണ് യേശുവിനിവിടെ. ആ അറിവിൽ ചെയ്യുന്ന പ്രവൃത്തികൾക്ക് വല്ലാത്തൊരു സൂക്ഷ്മതയും അവധാനത യുമുണ്ടാകും; സ്നേഹത്തിന്റെ നിറവുണ്ടാകും. വത്സലശിഷ്യന്റെ ഈ വിവരണം വായിക്കുമ്പോൾ ഹൃദയം ചിന്തിപ്പോകുന്ന അനുഭവം ഉണ്ടാ കുന്നതിന്റെ കാരണവും മറ്റൊന്നല്ല. അതിൽ നസ്രായന്റെ പ്രാണൻ പിരിയുന്ന നിമിഷങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിച്ച നൊമ്പരം ചേർത്തുവെച്ചിട്ടുള്ളതിനാലാണ്. അതുകൊണ്ടാണ് അവ തന്റെ ഓർമ്മ ക്കായി അവശേഷിക്കണമെന്ന് അവൻ ആഗ്രഹിച്ചതും.

**പാദക്ഷാളനത്തിന് ഒരു കൗദാശിക ഭാഷ്യം**

അനുദിന ജീവിതത്തിലെ ഒരു അതിനിസാരമായ ദിനചര്യയെ, അതും അപ്രസക്തരായ മനുഷ്യർ ചെയ്തിരുന്ന തികച്ചും അനാകർഷ കമായ പ്രവൃത്തിയെ, ഒരു നിമിഷാർദ്ധം കൊണ്ട് ഏറ്റവും ശ്രദ്ധേയ മാക്കി മാറ്റിയതും സ്നേഹത്തിന്റെയും സേവനത്തിന്റെയും ഏറ്റവും അമൂർത്തമായ പ്രതീകമാക്കിയതും നസ്രായന്റെ ഇടപെടലാണ് എന്നു തോന്നുന്നു. യഹൂദലോകത്ത് തികച്ചും സാധാരണമായിരുന്ന പാദ ക്ഷാളനം അനിതരസാധാരണമായതും അന്നുവരെ അതിന് ആരും കൽപിക്കാതിരുന്നതുമായ അർത്ഥവും ചാരുതയും കൈവന്നതും നസ്ര ത്തിലെ യേശു വ്യത്യസ്തമായ മനോഭാവത്തോടെ അത് ചെയ്തപ്പോ ഴാണ്. ഇവിടെ ഉരുത്തിരിയുന്ന പാഠം, ഏത് നിസ്സാര പ്രവൃത്തിയും ദൈവം ചെയ്യുമ്പോൾ, സ്പർശിക്കുമ്പോൾ സവിശേഷ അർത്ഥഭംഗി നിറഞ്ഞതാകും അഥവാ, ദൈവത്തിന്റെ മനസ്സോടെ ചെയ്താൽ ഏത്

സാധാരണ കർമ്മത്തിനും അസാധാരണത്വവും അകർഷണീയതയും കൈവരും എന്നതാണ്.

യഹൂദ പാരമ്പര്യമനുസരിച്ച് വളരെ സാധാരണയായി നടന്നിരുന്ന കാര്യമാണ് പാദക്ഷാളനം. പുറത്ത് നിന്ന് വരുമ്പോൾ ഭവനത്തിൽ പ്രവേശിക്കുംമുമ്പ് വഴിയിലെ പൊടിയും അഴുക്കും കഴുകി ശുദ്ധിയുള്ളവരായി ഭവനത്തിൽ പ്രവേശിക്കുക യഹൂദരുടെ ശീലമായിരുന്നു (ഉൽപ. 18:4-5; 24:32-33; ന്യായ. 19:21). കാലുകൾ മാത്രമല്ല കൈകളും മുഖവുംകൂടി കഴുകിയിരുന്നതായും പണ്ഡിതർ പറയുന്നുണ്ട്. 'കഴുകാത്ത കാലുകൾ' എന്നത് ഒരുക്കമില്ലാതെ ഒരു പ്രവൃത്തിചെയ്യാൻ തുടങ്ങുന്നതിനെ ദ്യോതിപ്പിക്കുന്ന യഹൂദ പഴമൊഴിയായി നിലനിന്നിരുന്നു. യഹൂദ സംസ്കാരത്തിൽ അതിഥിക്ക് കാൽകഴുകാൻ വെള്ളം കൊടുക്കുന്നത് ആതിഥേയ സംസ്കാരത്തിന്റെ ഉത്തമ ലക്ഷണമായാണ് പരിഗണിക്കപ്പെട്ടിരുന്നത് (ഉൽപ. 18:4; 19:2; 24:32; ലൂക്ക 7:24; 1സാമു. 25:41). ആരാണ് പാദങ്ങൾ കഴുകേണ്ടത്? മറ്റൊരാളുടെ പാദങ്ങളിൽ സ്പർശിക്കുന്നതിനെ ഒരു വ്യക്തി നിസ്സാരമാക്കപ്പെടുന്നതിന്റെ പരമകാഷ്ഠയായാണ് യഹൂദർ കണക്കാക്കിയിരുന്നത്. അതനുസരിച്ച്, കാൽ കഴുകാൻ നിയോഗിക്കപ്പെട്ടിരുന്നത് വിജാതിയരായ അടിമകളോ സ്ത്രീകളോ മാത്രമായിരുന്നു. വളരെ അപൂർവമായി കുട്ടികൾ പാദക്ഷാളത്തിന് നിയോഗപ്പെട്ടിരുന്നതായും പണ്ഡിതർ അഭിപ്രായപ്പെടുന്നുണ്ട്. പുരാതന യഹൂദ-യവന-റോമൻ സംസ്കാരങ്ങളിൽ പാദങ്ങൾ കഴുകുന്നത് അടിമത്വത്തിനു തുല്യമായും അടിമകൾ മാത്രം ചെയ്തിരുന്ന താഴ്ന്ന ജോലിയായുമാണ് ഗണിച്ചിരുന്നത്. എന്നാൽ, തന്റെ അതിഥികളോടുള്ള അഗാധ സ്നേഹത്തിന്റെ പ്രതീകമായി ആതിഥേയൻ (Host) പാദങ്ങൾ കഴുകാൻ തുനിയുന്നത് വളരെ അപൂർവ്വങ്ങളിൽ അപൂർവ്വമായ സംഭവമായി രേഖപ്പെടുത്തുന്നുമുണ്ട്. കുർബാനയെ 'host' (ഓസ്തി) എന്നു പറയാറുണ്ടല്ലോ. ആതിഥേയൻ തന്നെ വിളമ്പുകാരനായ അന്ത്യ അത്താഴത്തിൽ കൗദാശിക സ്മരണയെ സാധൂകരിക്കുന്ന ഈ വാക്കിന് അർത്ഥഭംഗി പകരുന്നതാണ് സെഹിയോനിൽ ആതിഥേയന്റെ അഗാധ സ്നേഹം വെളിവാക്കിക്കൊണ്ട് യേശു നടത്തുന്ന പാദക്ഷാളനം. ഗുരുവും കർത്താവുമായവൻ അടിമയുടെയോ ദാസന്റെയോ സ്ഥാനം സ്വയം സ്വീകരിച്ച് ശിഷ്യരുടെ പാദങ്ങൾ കഴുകുന്ന ഈ പ്രവൃത്തിയെ, സ്വയം ശൂന്യമാക്കലിന്റെ അപാരതയെന്നോ എളിമയുടെ പരകോടിയെന്നോ അല്ലാതെങ്ങനെ വിശേഷിപ്പിക്കും. ഈ സ്വയം ചെറുതാക്കലിന്റെ അപാരതയിലാണ് കുർബാനയുടെ അർത്ഥം വെളിപ്പെടുന്നത്. പാദക്ഷളനം കൗദാശികമായി മാറു

ന്നതിന്റെ അന്തസത്ത ഇവിടെയാണ് അനാവൃതമാകുന്നത്. യേശുവിന്റെ അത്താഴമേശ ആചരിക്കാനുള്ള ശിഷ്യരുടെ യോഗ്യതയാണ് സ്വയം ശൂന്യമാക്കൽ, സ്വയം ചെറുതാകൽ; അതിലേക്കുള്ള സൂചനയും അട യാളവുമാണ് സെഹിയോനിൽ ഗുരു നടത്തിയ പാദക്ഷാളനം.

സാധാരണ പാദക്ഷാളനം നടക്കുന്നത് അതിഥികൾ വീട്ടിനുള്ളിൽ പ്രവേശിക്കുന്നതിനുമുമ്പ് പടിവാതിൽക്കൽ വച്ചാണ്. വീട്ടിനുള്ളിൽ കടന്നശേഷം ഒരിക്കലും പാദങ്ങൾ കഴുകിയിരുന്നില്ല. അപ്പോൾ സെഹി യോൻ മാളികയിൽ അത്താഴത്തിനിടയിൽ എന്തിനായിരുന്നു ഒരു പാദ ക്ഷളനം നടന്നത്? കാരണം സെഹിയോനിൽ പാദക്ഷാളണം മുമ്പ് നടന്നില്ല എന്നതുതന്നെ. അതിന്റെ കാരണം സമവീക്ഷണ സുവിശേ ഷങ്ങൾ കൃത്യമായി വിവരിക്കുന്നുണ്ട് (ലൂക്കാ 22:24-30; മത്താ. 20:25 -27; മർക്കോ. 10:42-44). ആരാണ് വലിയവൻ എന്ന ശിഷ്യരുടെ തർക്കം; ജറുസലേമിലേക്കുള്ള യാത്രയിൽ ശിഷ്യർ പരസ്പരം തർക്കിച്ചത് എന്തിനെക്കുറിച്ചായിരിക്കും? കൂട്ടത്തിൽ പ്രഥമസ്ഥാനക്കാരനെ കണ്ടെ ത്താനാണോ? അല്ല, മറിച്ച് കൂട്ടത്തിലെ നിസ്സാരനെ കണ്ടെത്താനായി രുന്നു തർക്കം. ചെറിയവനെ കണ്ടെത്തി പാദക്ഷാളനത്തിന്റെ ചുമത ല, അടിമയുടെ ദൗത്യം, ഏൽപിക്കാനായിരുന്നു അവർ തർക്കിച്ചിരു ന്നത്. അപ്പോൾ, സെഹിയോനിൽ പാദക്ഷാളനം നടക്കാതെ പോയ തെന്തേ? ശിഷ്യരിൽ ആരും സ്വമേധയാ ഒടുവിലത്തെ ആളാകാൻ തയ്യാ റാവാതിരുന്നതുകൊണ്ടുതന്നെ. കിടമത്സരവും ശീതസമരവും കാരണം കഴുകപ്പെടാത്ത പാദങ്ങളുമായാണ് അഥവാ ഒരുക്കമില്ലാത്ത മനസ്സുമാ യാണ് അവർ ഗുരുവിന്റെ അന്ത്യഅത്താഴ മേശക്കിരുന്നത്; അപ്പോഴും ശമിക്കാത്ത മൂപ്പിള തർക്കങ്ങളുമായി. ആദിമ സഭയിലും ഈ തർക്കം തുടരുന്ന സാഹചര്യത്തിലാണ് യോഹന്നാൻ കുർബാനയുടെ അന്ത സ്സത്ത വ്യക്തമാക്കാൻ ഗുരുവിന്റെ സ്വയം ശൂന്യമാക്കലിന്റെ മാതൃക തന്റെ തൂലികയിലൂടെ പകർത്തിയതും പ്രചരിപ്പിച്ചതും.

ദൈവം യേശുവിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തിയത് മനു ഷ്യനെ ഭരിക്കുന്ന അധികാരഭാവമായിട്ടല്ല മറിച്ച് കൂടെ നടക്കുന്ന സാഹോദര്യഭാവമായിട്ടാണ്. മനുഷ്യന്റെ അലച്ചിലുകളിൽ കൂടെ നട ക്കുന്ന ഒരാളായും അവന്റെ കുറവുകളോടും ബലഹീനതകളോടും അഗാധമായ അലിവും സഹിഷ്ണുതയും പ്രകടിപ്പിക്കുന്നവനായിട്ടു മാണ്. വചനം മാംസം ധരിച്ച് നമ്മുടെ ഇടയിൽ വസിച്ചു എന്നാണല്ലോ പ്രിയ ശിഷ്യൻ ആ ദൈവിക സഹവാസത്തെ വിശേഷിപ്പിച്ചിരുന്നത്. ദൈവം സ്വയം ചെറുതായതിന്റെ സ്മരണ ആചരിക്കുന്ന ഓരോ സമൂ ഹത്തിനും അവശ്യമുണ്ടാകേണ്ട മുഖമുദ്രയാണ് ഈ സ്വയം ശൂന്യവ

ത്കരണവും ആർദ്രതയും സഹിഷ്ണുതയും എന്നത് മറക്കരുത്. മലയാളത്തിൽ ഒരു വൈദികന്റെ കവിതാശകലം ഓർമ്മ വരുന്നു:

"ഏത് ചെറുകാറ്റിലും പറക്കുവാൻ പോന്നൊരീ
ഗോതമ്പപ്പതുണ്ടിൽ, പല കൊടുംകാറ്റുകൾ
അടക്കിയോനുണ്ടെന്ന നേരിൽ നീ നനയുക."
(ഇത് നിനക്കായ്: ജോയ് ചെഞ്ചേരി)

**അഗാധമായ വിനയത്തിന്റെയും സ്നേഹത്തിന്റെയും മാതൃക**

സഭാപിതാക്കന്മാരായ വി. ക്രിസോസ്തോം, വി. തിയഡോർ, തുടങ്ങി അനേകർ പാദക്ഷാളനത്തെ വ്യാഖ്യാനിച്ചിരുന്നത് ഈ രീതിയിലാണ്. സെഹിയോൻ ശാലയിലെ പാദക്ഷാളനത്തെ, ഗുരുവും കർത്താവുമായവൻ ശിഷ്യരുടെ പാദത്തോളം സ്വയം താഴാൻ മനസ്സായ മഹനീയ പ്രവൃത്തിയെ വത്സല ശിഷ്യൻ വ്യാഖ്യാനിക്കുന്നത് അഗാധമായ വിനയത്തിന്റെയും സ്നേഹത്തിന്റെയും പ്രവൃത്തിയായിട്ടാണ്. സമവീക്ഷണ സുവിശേഷകൻമാർ വ്യക്തമായി വിവരിക്കുന്ന അപ്പത്തിന്റെയും വീഞ്ഞിന്റെയും മേലുള്ള യേശുവിന്റെ വാക്കുകളുടെ (സ്ഥാപന വാക്യങ്ങളുടെ) സ്ഥാനത്ത് വിനയത്തിന്റെയും നിസ്വാർത്ഥ സ്നേഹത്തിന്റെയും മാതൃക പ്രതിഷ്ഠിക്കുന്നതിലൂടെ യോഹന്നാൻ വ്യക്തമാക്കുന്നത് യുഗാന്ത്യം വരെ എല്ലാ ക്രൈസ്തവ കൂട്ടായ്മകൾക്കും ബാധകമായ സത്യമാണ്. യേശുവിന്റെ ഓർമ്മയാചരണത്തിന് അർഥമുണ്ടാകുന്നത് അവന്റെ പ്രവൃത്തിയെ അനുകരിക്കുന്നതിലൂടെയാണ്. സെഹിയോൻ ശാലയിൽ വെളിവായ അവന്റെ മനസ് സ്വന്തമാകുന്നവർക്കാണ് അവന്റെ ഓർമ്മയാചരിക്കാനുള്ള അർഹതയുണ്ടാവുക. അഗാധമായ വിനയവും സ്വയം ശൂന്യമാക്കുന്ന സ്നേഹവുമാണ് കുർബാനയർപ്പണത്തിന്റെ ഏറ്റവും അടിസ്ഥാനയോഗ്യത എന്നുതന്നെ. ഈ അർഥത്തിൽ ചിന്തിക്കുമ്പോൾ പാദക്ഷാളനത്തിന്റെ വിവരണത്തിന് ഒരു കൗദാശീക ഭാവം കൈവരുന്നു എന്ന് കാണാം.

ഓരോ ബലിയർപ്പണത്തിനുമുമ്പും അതിന് ശേഷവും പരസ്പരം ചെറുതാക്കാനും തോൽപ്പിക്കാനും ജയിക്കാനും വ്യഗ്രത കാണിക്കുന്ന ഓരോ ബലിയർപ്പകനുമുള്ള തിരുത്തലിന്റെ ക്ഷണമാണ് ഈ വാക്കുകളിലുള്ളത്. അതിലും ഭീകരമായ തെറ്റാണ് ആരാധനാക്രമത്തേയും കുർബാനയേയും മറുപക്ഷത്തെ തോൽപ്പിക്കാനും സ്വന്തം അധീശത്വം ഉറപ്പിക്കാനും സിംഹാസനങ്ങൾ ഭദ്രമാക്കാനുമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നവർ ചെയ്യുന്നത് എന്നോർക്കണം. സ്വയം താഴാൻ, എളിമപ്പെടാൻ മനസ്സാകാത്ത അഹംബോധം മലപോലെ ഉയർന്നു നിൽക്കുന്ന

വർ നസ്രായന്റെ ശുശ്രൂഷയുടെ കുപ്പായം മോഹിച്ചെത്തിയിടത്താണ് ക്രൈസ്ത സമൂഹത്തിന്റെ തകർച്ചയും മൂല്യശോഷണവും ആരംഭിക്കുന്നത്. അതുകൊണ്ട്, ആണ്ട് വട്ടത്തിലെ പെസഹാക്കാലത്ത് മാത്രം വായിച്ച് മറക്കാതെ നിരന്തര ധ്യാനത്തിന്റെ വിഷയമാകണം - പാദക്ഷാളനത്തെ, സ്നേഹത്തിന്റെ കൽപനയെ. ആ അഗാധ സ്നേഹത്തിന്റെയു വിനയത്തിന്റെയും മാതൃക അനുകരിക്കണം; വ്യക്തിജീവിതത്തിലും സമൂഹത്തിലും. പല ക്രൈസ്തവ കൂട്ടായ്മകളിലും നടക്കുന്ന മറ്റൊരു ഭീകര പാപമാണ്, കുർബാന കഴിഞ്ഞയുടൻ ഇടവക ഭരണത്തിന്റെ നൂലാമാലകളിൽതൂങ്ങി തർക്കിക്കുകയും തമ്മിൽ തല്ലുകയും പുരോഹിതനെ ഭർത്സിക്കുകയും ചെയ്യുന്ന വിശ്വാസികളുടെ എതിർസാക്ഷ്യം; ഇവർ കുർബാനയോട് ചെയ്യുന്ന പാതകം എത്ര ഭീകരമാണെന്ന് തിരിച്ചറിഞ്ഞിരുന്നെങ്കിൽ!

## യേശു, പത്രോസ്, യൂദാസ് പിന്നെ വത്സല ശിഷ്യനും

സെഹിയോനിലെ അത്താഴ വിവരണത്തിൽ യേശുവും ശിഷ്യന്മാരും എന്ന പൊതുവായ വിവരണം അതിൽ പങ്കെടുക്കുന്നവരെപ്പറ്റി ലഭിക്കുന്നുണ്ടെങ്കിലും നാല് കഥാപാത്രങ്ങളെയാണ് പേരെടുത്ത് വത്സലശിഷ്യൻ പരാമർശിക്കുന്നത്. യേശു, ശിമയോൻ പത്രോസ്, യൂദാസ്, യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ.

### യേശു

ഈ അത്താഴ വിവരണത്തിലെ യേശു ആരാണ്? സുവിശേഷങ്ങൾ അവതരിപ്പിക്കുന്ന യേശു അത്താഴമേശകളെ അഗാധമായി സ്നേഹിക്കുന്നവനായിരുന്നു, പാപിയുടേതെന്നോ ഫരിസേയന്റേതെന്നോ വേർതിരിവുകളില്ലാതെ പങ്കിട്ട അത്താഴമേശകൾ അവന് സ്നേഹിക്കാനും തിരുത്തലുകൾ നൽകാനുമുള്ള വേദികളായിരുന്നു. യോഹന്നാന്റെ സുവിശേഷത്തിലാകട്ടെ രണ്ട് അത്താഴമേശകൾക്കിടയിലാണ് യേശുവിന്റെ ജീവിതം അവതരിപ്പിക്കുന്നത്. ആദ്യ ശിഷ്യന്മാർ അവനോടൊപ്പം വസിച്ച പരസ്യജീവിതത്തിന്റെ ആദ്യദിവസത്തിലെയും സെഹിയോനിൽ എത്തിനിന്ന പരസ്യജീവിതത്തിന്റെ അവസാന ദിവസത്തിലെയും. രണ്ട് അത്താഴമേശകൾക്കിടയിലുള്ള ജീവിതമായാണ് യോഹന്നാൻ യേശുവിനെ ഓർമ്മിക്കുന്നത്. തന്റെ മരണം ആസന്നമായിരിക്കുന്നു, ഈ മാംസകൂടാരത്തിൽ നിന്ന് നിത്യതയിലേക്ക് തിരികെ പോകാൻ കൽപന ലഭിച്ചിരിക്കുന്നു എന്ന അവബോധം ലഭിച്ചവനാണ് ഇവിടെ യേശു. എതിരെ വരുന്ന തന്റെ മരണത്തെ എതിരേൽക്കാൻ വന്നവനാണവൻ. 13-ാം അദ്ധ്യായം മുതൽ

17-ാം അദ്ധ്യായം വരെയുള്ള യേശുവിന്റെ വാക്കുകൾക്ക് ഒരു ചാവരുളിന്റെ സ്വഭാവമുണ്ടെന്നാണ് ബൈബിൾ പണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നത്. New Testament എന്നതിലെ Testament എന്ന വാക്കിന് വിൽപത്രം എന്ന ഒരു അർത്ഥഭേദം കൂടിയുണ്ടല്ലോ. അപ്പോൾ അന്ത്യമൊഴി നൽകുന്നവന്റെ അഥവാ സ്വന്തം വിൽപത്രം തയ്യാറാക്കുന്നവന്റെ മനസാണിവിടെ യേശുവിന്.

**ശിമയോൻ പത്രോസ്**

ഗുരു പാദം കഴുകുന്നതിന്റെ യുക്തി തീരെ മനസ്സിലാക്കാത്ത ശിഷ്യനായാണ് പത്രോസിനെ ഇവിടെ അവതരിപ്പിക്കുന്നത്. 'നീ എന്റെ കാലു കഴുകുകയോ?' എന്ന ചോദ്യത്തിൽ നിഴലിക്കുന്നത് യേശുവിന്റെ പ്രവർത്തി പത്രോസിന്റെ യുക്തിയ്ക്ക് ഉൾകൊള്ളാൻ ആകാത്തതാണ് എന്നാണല്ലോ. എന്നാൽ പിന്നീട് തന്റെ യുക്തിയെ ഗുരുവിന്റെ യുക്തിക്ക് അടിയറവു പറയുന്ന, തനിക്ക് മനസ്സിലാക്കാത്ത കാര്യങ്ങളിലും ഗുരുമനസ്സിന് വിധേയപ്പെടുന്ന പത്രോസ് ശിഷ്യത്വത്തിന്റെ ഒരു മാതൃകയാണ്. സമ്പൂർണ്ണവിധേയപ്പെടലിന്റെ മാതൃകയാണ് പത്രോസ്.

**യൂദാസ്**

സാത്താന്റെ നിമന്ത്രണങ്ങളെ ആത്മാവിൽ കൊണ്ടുനടന്നവനായതുകൊണ്ട് (യോഹ. 13:2) എല്ലാവരും ശുദ്ധിയായ പാദക്ഷാളനത്തിനൊടുവിലും അശുദ്ധനായി തുടരുന്ന ദുരന്തമാണ് യൂദാസ്. ദൈവം കഴുകിയിട്ട് പോലും ശുദ്ധിയാകാത്തവൻ എന്നത് എന്തൊരു ഭീകരതയാണ്. ഗുരുവിന്റെ ശരീരം ഭക്ഷിച്ചിട്ട് സ്നേഹം തിരസ്കരിച്ച് അയാൾ പോകുന്നത് ഇരുട്ടിലേക്കാണ്.

**വത്സല ശിഷ്യൻ**

യേശുവിന്റെ വക്ഷസ്സിൽ ചാരിക്കിടന്ന് എന്ന പരാമർശം തന്നെ, അയാൾ യേശുവിന്റെ സ്നേഹം സ്വീകരിച്ചു എന്നതിന്റെ സൂചനയാണ്. ഓരോ ബലിയർപ്പണവും വിവക്ഷിക്കുന്നതുതന്നെ യേശുവിന്റെ അപ്പവും അവന്റെ സ്നേഹവും സ്വീകരിക്കുക എന്ന മനോഹര സന്ദേശമാണല്ലോ.

**അന്ത്യ അത്താഴത്തിന്റെ സമയക്രമം**

പഴയനിയമ നിഷ്കർഷയനുസരിച്ച് നിസാൻ (അബിബ്) മാസം 14-ാം തിയതിയുടെ സമാപനവും 15-ാം തിയതിയുടെ ആരംഭവുമായ

സായാഹനത്തിലാണ് പെസഹാ ഭക്ഷണം കഴിക്കേണ്ടത് (ലേവ്യ. 23:5; സംഖ്യ 28:16) യഹൂദർ പിൻതുടർന്നിരുന്ന ചന്ദ്രവർഷമനുസരിച്ച് (Lunar calender) ദിവസം ആരംഭിക്കുന്നത് സൂര്യാസ്തമായത്തിനു ശേഷമാണ്. ഇതിൻപ്രകാരം യേശു ക്രൂശിക്കപ്പെട്ടതിന്റെ തലേ ദിവസത്തെ സായാഹനത്തിലാണ് അന്ത്യ അത്താഴം കഴിച്ചതായി സമവീക്ഷണ സുവിശേഷകന്മാർ രേഖപ്പെടുത്തുന്നത് (ലൂക്ക 22:15; മർക്കോ. 14:12). അതായത് നിസാൻ 14 വൈകുന്നേരം അന്ത്യ അത്താഴം; നിസാൻ 15 – യേശുവിന്റെ കുരിശുമരണം. മർക്കോസ് 15:42–ൽ കൃത്യമായി ക്രൂശീകരണത്തിന്റെ സായാഹനത്തിൽ സാബത്ത് ആരംഭിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ പഴയനിയമ നിഷ്കർഷപോലെതന്നെ നിസാൻമാസം 14–ാം തിയതി തീരുന്നതും 15–ാം തിയതി തുടങ്ങുന്നതുമായ വ്യാഴാഴ്ച വൈകിട്ട് യേശുവും ശിഷ്യന്മാരും അന്ത്യ അത്താഴം കഴിച്ചിരിക്കണം.

പക്ഷെ വത്സല ശിഷ്യന്റെ രചനയിലെ ചിത്രം മറ്റൊന്നാണ്. യോഹന്നാന്റെ വിവരണമനുസരിച്ച് (യോഹ. 18:28; 19:24) യേശുവിന്റെ വിചാരണയും കുരിശുമരണവും നടക്കുന്നത് പെസഹായുടെ സായാഹനത്തിൽ (നീസാൻ 14) ആണ്. യേശുവിന്റെ ശരീരം കല്ലറയിൽ സംസ്കരിച്ച സായാഹനത്തിലാണ് പെസഹാ ഭക്ഷണം കഴിക്കേണ്ടിയിരുന്നതായി യോഹന്നാൻ വിവരിക്കുന്നത്. ബൈബിൾ വ്യാഖ്യാതക്കൾ ഏതാണ്ട് ഏഴ് വചനഭാഗങ്ങൾ (യോഹ. 13:1,27; 18:28; 19:14,31,36,42) യോഹന്നാന്റെ വിവരണത്തിൽ യേശുവും ശിഷ്യന്മാരും യഥാർത്ഥ പെസഹായ്ക്ക് ഒരു ദിവസം മുമ്പേ പെസഹാ ആചരിച്ചതിന്റെ (ബുധനാഴ്ച വൈകിട്ട്) തെളിവായി ചൂണ്ടിക്കാണിക്കുന്നുണ്ട്. അതനുസരിച്ച് പെസഹാ കുഞ്ഞാടിനെ അറുക്കുന്ന വ്യാഴാഴ്ച മദ്ധ്യാഹനത്തിലാണ് യേശുവിന്റെ ക്രൂശീകരണം നടക്കുന്നത് (ആതായത് നിസാൻ 13, 3pm മുതൽ 5 വരെയുള്ള സമയം). യോഹന്നാൻ സുവിശേഷത്തിന്റെ ആദ്യതാളുകളിൽ തന്നെ യേശുവിനെ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി ചിത്രീകരിച്ചത് ഇവിടെ ഓർമ്മിക്കപ്പെടേണ്ടതാണ്. (യോഹ. 1:29, 34). അപ്പോൾ, യഹൂദനിയമപ്രകാരം പെസഹാ ഭക്ഷിക്കേണ്ട സമയത്ത് താൻ കുരിശിൽ തൂങ്ങിക്കിടക്കുകയായിരിക്കും എന്ന് മുൻകൂട്ടി അറിഞ്ഞിരുന്ന യേശു ഒരു ദിവസം മുന്നേ ശിഷ്യരോടൊത്ത് പെസഹാ ഭക്ഷണം കഴിച്ചിരിക്കും എന്ന് അഭിപ്രായപ്പെടുന്ന വ്യാഖ്യാതാക്കളുണ്ട്. ആധുനിക വേദപുസ്തകപണ്ഢിതരിൽ ശ്രദ്ധേയയായ അൻ ജുബേർട്ട് അവതരിപ്പിച്ച സിദ്ധാന്തം സമയക്രമത്തിൽ കാണുന്ന ഈ പൊരുത്തക്കേട് പരിഹരിക്കുന്നുണ്ട്. ഇവരുടെ അഭി

പ്രായത്തിൽ യേശുവിന്റെ കാലത്ത് ഔദ്യോഗിക യഹൂദ കലണ്ടറിനൊപ്പം ഒരു പൗരോഹിത്യ കലണ്ടർകൂടി ഉപയോഗത്തിലുണ്ടായിരുന്നു. പഴയനിയമത്തിന്റെ അപ്രമാണിക ഗ്രന്ഥങ്ങളിലൊന്നായ ജൂബിലികളുടെ പുസ്തകം ഇത് പരാമർശിക്കുന്നുണ്ട്. ഈ കലണ്ടർ പ്രകാരം വർഷത്തിൽ 364 ദിവസങ്ങളാണ് ഉണ്ടായിരുന്നത്; കൂടാതെ ഈ കലണ്ടർപ്രകാരം നിസാൻമാസം 15-ാം തിയതി (പെസഹാ ദിവസം) എല്ലാ വർഷവും ബുധനാഴ്ച്ചയാണ് വന്നിരുന്നതും. ജുബേർട്ടിൻ വാദമനുസരിച്ച് യേശുവും ശിഷ്യന്മാരും പെസഹാ ഭക്ഷിച്ചത് ഈ കലണ്ടർപ്രകാരമാണ്. ഈ വാദം അംഗീകരിച്ചാൽ പെസഹായുടെ സമയക്രമത്തിൽ യോഹന്നാനും സമാന്തര സുവിശേഷകന്മാരും തമ്മിലുള്ള വ്യത്യാസം പരിഹരിക്കപ്പെടും എന്നതാണ് സത്യം.

ഈ അഭിപ്രായ വ്യത്യാസങ്ങൾക്കിടയിലും പൊതുവായ പണ്ഡിതമതം, യോഹന്നാന്റെ വിവരണം പ്രാധാന്യം നൽകുന്നത് യേശുവിനെ പെസഹാ കുഞ്ഞാടായി അവതരിപ്പിക്കുക എന്ന ദൈവശാസ്ത്ര വീക്ഷണത്തിനാണ് എന്നതാണ്. അതാകട്ടെ സമവീക്ഷണ സുവിശേഷകന്മാർ നൽകുന്ന സമയവിവരണത്തെ നിഷേധിക്കുന്നുമില്ല. കാരണം, സമയ കൃത്യതയെക്കാൾ യേശുവിന്റെ ജീവിതത്തിന് കൃത്യമായ ദൈവശാസ്ത്ര വ്യാഖ്യാനം നൽകുക എന്നതാണല്ലോ സുവിശേഷകന്മാരുടെ ലക്ഷ്യം.

## ഒരു കാലിക വായന

കുർബാനയുടെ കൗദാശിക വചനങ്ങളായ സ്ഥാപന വാക്യങ്ങളുടെ സ്ഥാനത്ത് പാദക്ഷാളനം എഴുതിചേർത്ത്, ചെറുതാകലിന്റെ ജീവിതത്തിന് ഒരു കൗദാശിക ഭാവമുണ്ടെന്ന് ലോകത്തോട് നടത്തുന്ന പ്രഘോഷമാണ് വത്സല ശിഷ്യന്റെ സെഹിയോൻ ഉട്ടുശാലയുടെ ഓർമ്മക്കുറിപ്പുകളിൽ തെളിഞ്ഞുകാണുന്നത്. ഏതാണ്ട് അഞ്ചോ ആറോ പതിറ്റാണ്ടുകൾ തിരുവത്താഴ മേശയാചരിച്ച് അതിന്റെ അന്തസത്തയും ആത്മാവും കൈവിട്ട് പോകുന്ന അപകടത്തിന്റെ വക്കിൽ നിൽക്കുന്ന, ആത്മദാനത്തിന്റെയും സ്വയം ശൂന്യമാകലിന്റെയും പരമകാഷ്ടയായ അത്താഴമേശയെ അധികാര പ്രമത്തതയുടെയും മൂപ്പിളത്തർക്കത്തിന്റെയും വേദിയാക്കി മാറ്റാൻ ശ്രമിച്ച ക്രൈസ്തവ സമൂഹത്തിന് നൽകുന്ന തിരുത്തലിന്റെ പാഠമാണീ വിവരണം. വത്സല ശിഷ്യന്റെ ഈ വിവരണം ഓരോ വിശ്വാസിക്കും നൽകുന്ന ആത്മീയ സന്ദേശം ഭാഗ്യസ്മരണാർഹനായ വി. ജോൺപോൾ രണ്ടാമൻ പാപ്പായുടെ ആത്മകഥാ സ്പർശമുള്ള ചാക്രിക ലേഖനമായ, "എക്ലേസിയ എവുകിരസ്തിയാ" വി. കുർബാനയ്ക്കു നൽകിയ മനോഹരമായ നിർവ്വചനത്തിൽ പ്രതിഫലിക്കുന്നുണ്ട്; "മറ്റുള്ളവർക്കുവേണ്ടി മുറിയപ്പെടുന്നവർക്കായി മുറിയുന്ന അപ്പമാണ് ദിവ്യകാരുണ്യം". സെഹിയോൻ അത്താഴമേശ തരുന്ന പാഠവും താക്കിതും മറ്റൊന്നല്ല; ആസുരമായ അധികാരപ്രമത്തതയ്ക്കും സ്വാർത്ഥതയ്ക്കും എതിരെയുള്ള മുന്നറിയിപ്പാണീ വിവരണം. ചെറുതാകാൻ മനസ്സുള്ളവരുടെ കൂദാശയാണ് കുർബാന. ഒടുവിലത്തെ വരിയിൽ നിൽക്കാൻ ബലമുള്ളവന്റെ കൂട്ടായ്മയാണത്. മേലങ്കി സ്വയം മാറ്റിവച്ച് സഹോദരന്റെ പാദത്തോളം താഴാൻ മനസ്സും ചങ്കുറപ്പുമുള്ളവനാണ് ഇവിടെ കാർമ്മികൻ. സ്വന്തം അഹംബോധത്തെയും കുറവുകളെയും ഓർത്ത് അനുതപിച്ച്, "എന്റെ പാദം മാത്രമല്ല, ശിരസും കൈകളും കൂടി കഴുകണമെന്ന്" വിലപിക്കുന്നവനാണ് ഇവിടെ സഹഭോജി.

യശ്ശശരീരനായ പോൾ മണവാളനച്ചനിൽനിന്ന് പറഞ്ഞുകേട്ട കഥയാണ്, അച്ചന്റെ ഏതെങ്കിലും പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നറിയില്ല: പണ്ട് മഠങ്ങളിൽ ഓസ്തിയുണ്ടാക്കിയിരുന്ന ഒരു കാലം; ഓസ്തി ചുടുന്ന അച്ചിൽ നിന്ന് സിസ്റ്റർ അത് അടർത്തിയെടുക്കുന്നു. മഠത്തിൽ താമസിച്ച് പഠിക്കുന്ന കൊച്ചു പെൺകുട്ടി സിസ്റ്ററിനെ സഹായിക്കാൻ ചുട്ടെടുത്ത ഓസ്തികളുടെ അരികുകൾ വൃത്തിയാക്കി പാത്രത്തിലിട്ടുകൊണ്ടിരിക്കുന്നു. കലത്തിലെ മാവ് തീർന്നുകഴിഞ്ഞ് അവസാനത്തെ ഓസ്തിയും

ചുട്ടതിനുശേഷം കഴിഞ്ഞ് സിസ്റ്റർ ആ കൊച്ചിനോടു പറഞ്ഞു: മതി മോളെ, ഇനി അടുത്ത മാസം. അവസാനം ചുട്ടെടുത്ത ഓസ്തി അരികു വൃത്തിയാക്കി പാത്രത്തിലിടും മുമ്പ് ആ പെൺകുട്ടി സ്നേഹപൂർവ്വം കൈയ്യിലെടുത്ത് അതിലൊരു ചുംബനം നൽകി. ഇതുകണ്ടു സിസ്റ്റർ പറഞ്ഞു: കുഞ്ഞേ, ആ ഓസ്തിയിൽ ഈശോ യില്ലല്ലോ; അതിന് ആ പെൺകുട്ടിയുടെ മറുപടി ഇങ്ങനെയായി രുന്നു: സിസ്റ്ററെ, പക്ഷെ ഈ ഓസ്തി അച്ചൻ കൈയ്യിലെടുത്ത് വാഴ്ത്തുമ്പോൾ ഇതിൽ ഈശോ ഇറങ്ങി വരില്ലേ? ഞാനിപ്പോ ളർപ്പിച്ച എന്റെ സ്നേഹചുംബനം അവിടുന്ന് സ്വീകരിക്കില്ലേ? ലളി തമാണ് വചനം മാംസം ധരിച്ചതിന്റെയും മാംസം ധരിച്ച വചനം അപ്പത്തിന്റെ കൂദാശയായതിന്റെയും പൊരുൾ: മനുഷ്യരുടെ സ്നേഹപ്രകരണങ്ങൽ ഏറ്റ് വാങ്ങാനും പങ്കുവയ്ക്കാനുമാണ് അഥവാ ഒന്നിനും വേണ്ടിയല്ലാതെ വെറുതെ സ്നേഹിക്കാനാണ് വചനം അപ്പമായത്.

21

# സേവകന്മാർ ആത്മമിത്രങ്ങളാകുന്ന കാലം

## (യോഹ. 15:1 – 17)

മുന്തിരിപ്പഴം പെരുന്നാൾ പറമ്പിലെ കടകളിൽ മാത്രം കണ്ടിരുന്ന ബാല്യകാലത്ത് മനസിൽ പതിഞ്ഞ ഒരു രൂപകമാണ് യേശുവിന്റെ ഈ വാക്കുകൾ. അന്യദേശത്തെവിടെയോ വ്യത്യസ്ഥ കാലാവസ്ഥയിൽ വളരുന്ന മുന്തിരിച്ചെടിയെക്കുറിച്ചോ അതിന്റെ പരിപാലന രീതികളെപ്പറ്റിയോ യാതൊരു ഗ്രാഹ്യവുമില്ലാതിരുന്നെങ്കിലും മധുരമുള്ള ഒരു രൂപകമായി മനസ്സിൽ തങ്ങിനിന്നതാണീ വാക്കുകൾ. പിന്നീട് ഏറെക്കഴിഞ്ഞ് ശരിക്കും പറഞ്ഞാൽ യൂറോപ്പിലെ പഠനകാലത്ത്, മുന്തിരിക്കൃഷിക്ക് പേരുകേട്ട ഒരു ഗ്രാമത്തിൽ ഒരവധിക്കാലം ചെലവഴിച്ചപ്പോഴാണ് മുന്തിരിച്ചെടി, അതിന്റെ ശാഖകൾ, കൃഷിക്കാരന്റെ ചെടിയോടുള്ള ബന്ധം, വെട്ടിയൊരുക്കലിന്റെ പാലനശാസ്ത്രം ഇങ്ങിനെ പലതും മനസ്സിലാക്കുന്നത്. യഥാർത്ഥത്തിൽ അപ്പോഴാണ് നസ്രത്തിലെ യേശു ഈ ഉപമയിലൂടെ വെളിപ്പെടുത്തിയ സ്നേഹത്തിന്റെ ആഴം മനസ്സിലാക്കുന്നതും.

**ഞാൻ സാക്ഷാൽ മുന്തിരച്ചെടിയും നിങ്ങൾ ശാഖകളുമാണ് (15:1)**

വത്സല ശിഷ്യന്റെ ഓർമ്മക്കുറിപ്പുകളിൽ യേശു തന്റെ ദൈവികസത്ത വ്യക്തമാക്കുന്ന വെളിപ്പെടുത്തലുകളിൽ (*എഗോ എയ്മി* statements - ഞാൻ ജീവന്റെ അപ്പമാണ് (6:48), ഞാൻ ലോകത്തിന്റെ പ്രകാശമാണ് (8:12), ഞാൻ ആടുകളുടെ വാതിലാണ് (10:7), ഞാൻ നല്ല ഇടയനാണ് (10:11), ഞാൻ പുനരുത്ഥാനവും ജീവനുമാണ് (11:26) വഴിയും

സത്യവും ജീവനും ഞാനാണ് (14:6)) അവസാനത്തേതാണ് 15-ാം അദ്ധ്യായം ഒന്നാം വാക്യത്തിൽ കാണുന്ന '*എഗോ എയ്മി ഹൊ ആംബലോസ് അലത്തീനെ*' ('ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയാണ്') എന്ന പ്രഖ്യാപനം. 'ഞാൻ യഥാർത്ഥ മുന്തിരിച്ചെടിയാണ്' എന്ന യേശുവിന്റെ വാക്കുകളെ രണ്ട് രീതിയിലാണ് ബൈബിൾ പണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നത്: ഒന്നാമതായി, 'ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയാണ്' എന്ന യേശുവിന്റെ വാക്കുകൾ, യഥാർത്ഥ മുന്തിരിച്ചെടി യേശുവാണ് അവന് മുമ്പ് മുന്തിരിച്ചെടിയായി ചിത്രീകരിക്കപ്പെട്ടിരുന്നവ (ഇസ്രായേൽ ദൈവത്തിന്റെ മുന്തിരിത്തോട്ടമായി പ്രവാചകൻമാരും സങ്കീർത്തനങ്ങളിലും ചിത്രീകരിച്ചിരുന്നു) അവന്റെ വരവിൽ അപ്രസക്തമായി എന്ന വ്യാഖ്യാനമാണ്. ഫലം തരാത്ത മുന്തിരിത്തോട്ടമായ പഴയനിയമ ജനതയ്ക്കു പകരം നിറയെ ഫലം പുറപ്പെടുവിക്കുന്ന യഥാർത്ഥ മുന്തിരിത്തോട്ടമാണ് യേശു എന്ന സന്ദേശമാണ് ഈ വ്യാഖ്യാനത്തിൽ നിന്നും ലഭിക്കുന്നത്.

രണ്ടാമത്തെ വ്യാഖ്യാനം, 'മുന്തിരിച്ചെടി' എന്ന രൂപകം ഉപയോഗിച്ച് യേശു തന്നെത്തന്നെ യഥാർത്ഥ ജീവന്റെ വൃക്ഷമായി (tree of life) അവതരിപ്പിക്കുന്നു എന്നതാണ്. യേശുവാണ് ജീവന്റെ യഥാർത്ഥ ഉറവിടം; അവനോട് ചേർന്നു നിൽക്കുമ്പോഴാണ് ജീവനുണ്ടാകുന്നത്. പറുദീസയിലെ ജീവന്റെ വൃക്ഷത്തെപ്പോലെ നസ്രത്തിലെ യേശു ജീവന്റെ പുതിയ വൃക്ഷവും ജീവന്റെയും ഫലസമൃദ്ധിയുടെയും ഉറവിടവുമാണ്. ഈ ലോകത്തിലെ ഉറവിടങ്ങളല്ല അനശ്വരവും കേവലവുമായ ജീവന്റെ ഉറവിടം നസ്രത്തിലെ യേശുവാണ് എന്ന പരമമായ വെളിപാടാണ് ഈ വാക്കുകളിലുള്ളത്. യോഹന്നാന്റെ സുവിശേഷ രചനയുടെ ലക്ഷ്യത്തോട് വളരെ ചേർന്നു പോകുന്നതാണ് ഈ വ്യാഖ്യാനം. "അവന്റെ നാമത്തിൽ വിശ്വസിക്കുക വഴി നിങ്ങൾക്ക് ജീവനുണ്ടാകാൻ..." (20:30).

പുരാതന ഇസ്രായേലിന്റെ ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ട ഒരു രൂപകമാണ് മുന്തിരിച്ചെടിയും മുന്തിരിത്തോട്ടവും. കാരണം, പാലസ്തീനായുടെ കാലാവസ്ഥ പ്രത്യേകതയനുസരിച്ച് വരൾച്ചയേയും ജലദൗർലഭ്യത്തെയും അതിജീവിക്കാൻ കഴിയുന്ന മൂന്ന് ഫലവൃക്ഷമാണ് മുന്തിരി, ഒലീവ്, അത്തി എന്നിവ. ഇവയിൽ മുന്തിരിക്ക് പ്രഥമ സ്ഥാനമാണ് ഉണ്ടായിരുന്നത്. വിശിഷ്ട വൃക്ഷം എന്ന പദവി മുന്തിരിച്ചെടിക്ക് കൽപിച്ചിരുന്നു എന്ന് സാരം. പഴയനിയമത്തിന്റെ അറമായ പരിഭാഷയായ *താർഗുമിം*, **"സൈന്യങ്ങളുടെ ദൈവമേ സ്വർഗ്ഗത്തിൽ നിന്ന് നോക്കിക്കാണണമേ; ഈ മുന്തിരിവള്ളിയെ അങ്ങയുടെ വലതുകൈകൊണ്ട് നട്ട മുന്തിരിച്ചെടിയെ പരിഗണിക്കണമേ; അവർ**

അതിനെ വെട്ടി വീഴ്ത്തുകയും അഗ്നിക്കിരയാക്കുകയും ചെയ്തു" എന്ന സങ്കീർത്തനം 80:14-15 വാക്യങ്ങളിൽ പരാമർശിക്കുന്ന മുന്തിരിച്ചെടി മിശിഹായാണെന്ന് വ്യാഖ്യാനിച്ചിരുന്നതും ശ്രദ്ധേയമാണ്. യേശുവിന്റെ പീഢാനുഭവത്തോട് ഈ സങ്കീർത്തന ഭാഗത്തിന്റെ അവസാന ഭാഗത്തിനുള്ള സാദൃശ്യം ശ്രദ്ധേയമാണ്. വിശുദ്ധ വൃക്ഷമെന്നോ വിശിഷ്ട വൃക്ഷമെന്നോ ഉള്ള മുന്തിരിച്ചെടിയുടെ സ്ഥാനം കൊണ്ടാകാം പഴനിയമ രചനയിൽ അനേക പുസ്തകങ്ങൾ ഇസ്രായേലിനെ മുന്തിരിച്ചെടിയോട് ഉപമിക്കുന്നുണ്ട്. (സങ്കീ. 80:8-16; ഏശയ്യ 5:1-7, 27:2-6; ജറമിയ 2:21; എസക്കി. 15:2-6, 17:5-10, 19:10-14). അതുപോലെ, മുന്തിരിച്ചെടിയുടെ ഉദാഹരണം ദൈവജനത്തിന്റെ അതിശക്തമായ കൂട്ടായ്മയുടെയും ഐക്യത്തിന്റെയും സ്വഭാവം പ്രകടിപ്പിച്ചിരുന്നതാണെന്നതും ശ്രദ്ധേയമാണ്. പരസ്പരബന്ധ പരിപോഷണത്തിനും ഫലംചൂടലിനും അനിവാര്യമായിരുന്നു കൂട്ടായ്മ എന്ന ശക്തമായ സന്ദേശമാണ് ഇവിടെ ലഭിക്കുന്നത്.

### കൃഷിക്കാരനായ ദൈവം

ശാഖകളെ വെട്ടിയൊരുക്കുന്ന, തന്റെ തോട്ടത്തിലെ കൃഷിപ്പണി സ്വയം ചെയ്യുന്ന ഒരു നിസ്സാരനായ കൃഷിക്കാരനായി ദൈവത്തെ അവതരിപ്പിക്കുന്ന യേശുവിന്റെ വാക്കുകൾ എത്ര ഹൃദ്യമാണ്. "ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയും എന്റെ പിതാവ് കൃഷിക്കാരനുമാണ്." ദൈവം ഒരു സാധാരണ മനുഷ്യനായി, ആർക്കും സമീപിക്കാവുന്ന, മനസ്സിലാക്കാവുന്ന ലളിതമായ ഒരു സത്യമാണെന്ന വെളിപാടാണ് യേശു ഇവിടെ നടത്തുന്നത്. ഒരുപക്ഷെ ദൈവത്തെക്കുറിച്ചുള്ള പഴയനിയമ സങ്കല്പങ്ങളെ (മനുഷ്യന് സമീപിക്കാനാവാത്ത വിധം ഭീതിജനകനും മനുഷ്യ നേത്രങ്ങൾക്ക് വഹിക്കാനാവാത്ത വിധം മഹത്വപൂർണ്ണനും ഇടിമുഴക്കത്തിന്റെ സ്വരവും മിന്നലിന്റെ ശക്തിയും ഉള്ളവനായി പുറപ്പാട് മുതൽ അവതരിപ്പിച്ച ചിത്രങ്ങളെ) മുഴുവൻ കീഴ്മേൽമറിക്കുന്ന നസ്രായന്റെ വിപ്ലവകരമായ ദൈവാവിഷ്കാരമായി ഈ വാക്കുകളെ കാണാൻ കഴിയും. പിതാവുമായി ഗാഢബന്ധത്തിലായ പുത്രനല്ലാതെ മറ്റാർക്കാണ് അവിടുത്തെ സ്വഭാവം വെളിപ്പെടുത്താനാകുന്നത്.

### വെട്ടിയൊരുക്കലിന്റെ പിന്നിലെ സ്നേഹസ്പർശം

ഫലം തരാത്ത ശാഖയെ മുറിച്ച് മാറ്റുകയും ഫലം തരുന്നതിനെ കൂടുതൽ ഫലം പുറപ്പെടുവിക്കാനായി വെട്ടിയൊരുക്കുകയും ചെയ്യുന്ന കൃഷിക്കാരനായാണ് യേശു പിതാവിനെ വരച്ച് കാട്ടുന്നത്. ഒരുപക്ഷെ ഫലവൃക്ഷങ്ങളിൽ ഏറ്റവും അധികം ശ്രദ്ധയും പരിചരണവും ആവശ്യമുള്ള ചെടിയാവാം മുന്തിരി, താങ്ങുകളിൽ മുന്തിരി തണ്ട് നടുന്നതു

മുതൽ ഈ പരിപാലനം ആവശ്യമാണ്. ഓരോ വർഷവും കൃഷിക്കാരൻ മുന്തിരിച്ചെടി വെട്ടിയൊരുക്കും. എന്നു പറഞ്ഞാൽ ഓരോ വർഷവും പുതുതായി മുളക്കുന്ന നാമ്പിൽ നിന്നാണ് ഫലം ലഭിക്കുന്നത്. തലേ വർഷത്തെ ശിഖിരങ്ങളിൽ നിന്നല്ല, വെട്ടിയൊരുക്കലിനു ശേഷം മുളച്ച് വന്ന പുതിയ ശിഖിരങ്ങളിൽ നിന്നാണ് കൃഷിക്കാരൻ ഫലം ശേഖരിക്കുന്നത്. ശിഖിരങ്ങൾ വെട്ടിയൊരുക്കാത്ത മുന്തിരിത്തോട്ടം ഉപേക്ഷിക്കപ്പെട്ട മുന്തിരിത്തോട്ടം എന്നാണ് അർത്ഥമാക്കുന്നത്. ശിഖിരങ്ങൾ കോതി നിർത്തിയ മുന്തിരിത്തോട്ടം ഒരു പ്രതീകമാണ്. ആ ചെടിയുടെ അരികിൽ കൃഷിക്കാരന്റെ സാന്നിദ്ധ്യം ഉണ്ടാകുന്നതിന്റെ പ്രതീകം. ആ ചെടിക്ക് കർഷകന്റെ ശ്രദ്ധയും പരിചരണവും വേണ്ടുവോളമുണ്ടാകുന്നതിന്റെ അടയാളം. അരികിൽ ദൈവമുണ്ടാകുന്നതിന്റെ അഥവാ അവന്റെ ശ്രദ്ധ കൂടെയുള്ളതിന്റെ അടയാളമായി ജീവിതത്തിലെ വെട്ടിയൊരുക്കപ്പെടുന്ന നൊമ്പര നിമിഷങ്ങളെ വ്യാഖ്യാനിക്കണം എന്നു സാരം.

> "കർത്താവ് നിനക്കു കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരു നിന്നിൽനിന്നു മറഞ്ഞിരിക്കുകയില്ല. നിന്റെ നയനങ്ങൾ നിന്റെ ഗുരുവിനെ ദർശിക്കും." (ഏശ. 30:20)

ഇവിടെ ഏറ്റവും ശ്രദ്ധേയമായ മറ്റൊരു കാര്യം ഇവിടെ പരാമർശിക്കപ്പെടുന്ന വെട്ടിയൊരുക്കലിന്റെ ആന്തരികാർത്ഥമാണ്. സുവിശേഷണത്തിനു വേണ്ടി, യേശു ദൈവവും കർത്താവുമാണെന്ന് ഏറ്റുപറയുന്നതിന്റെ പേരിൽ ഒരുവൻ സഹിക്കേണ്ട പീഢനങ്ങളാണ് ഈ വെട്ടിയൊരുക്കൽ എന്നാണ് ഏറ്റവും കൃത്യമായി വിവക്ഷിക്കുന്നത്. ക്രിസ്ത്യാനിയാണ് എന്നതിന്റെ പേരിൽ, നസ്രത്തിലെ യേശു ജീവിക്കുന്ന ദൈവമാണെന്ന് ഏറ്റുപറഞ്ഞതിന്റെ പേരിൽ പീഢിപ്പിക്കപ്പെട്ട ആദിമസഭയുടെ ജീവിതം ഈ വാക്കുകളുടെ പശ്ചാത്തലമായി നിൽക്കുന്നത് മറക്കരുത്. പ്രത്യേകിച്ച് എ.ഡി. 54-68 കാലഘട്ടങ്ങളിലെ നിറോയുടെ അതിഭീകരമായ പീഢനം, 81-96 കാലഘട്ടത്തിലെ ഡൊമിഷ്യന്റെ മതമർദ്ദനം ഇവ ആദിമസഭക്ക് തീവ്ര വേദനയുടെ വെട്ടിയൊരുക്കൽ കാലമായിരുന്നു (prouning season) എന്ന് മനസ്സിലാക്കുമ്പോൾ യേശുവിന്റെ വാക്കുകൾക്ക് ഒരു പ്രവചനാത്മക ഭാവം കൈവരുന്നതായി കാണാം. അതുപോലെതന്നെ, പീഢന നിമിഷങ്ങളിൽ തായ്ത്തണ്ടായ യേശുവിനോട് ചേർന്നു നിൽക്കാതെ വിശ്വാസം ത്യജിച്ചവരെയോ ക്രിസ്തുമാർഗം ഉപേക്ഷിച്ചവരെയോ (വിശ്വാസത്യാഗികൾ) ആകാം ഫലം പുറപ്പെടുവിക്കാത്ത ശാഖകൾ എന്ന പരാമർശം വഴി വിവക്ഷിക്കുന്നത്. ഇവിടെ വെട്ടിയൊരുക്കലും (katharei) മുറിച്ച് നീക്കലും (girei) തമ്മിലുള്ള വ്യത്യാസം ശ്രദ്ധേയമാണ്. വെട്ടിയൊരുക്കപ്പെടുന്നത് ഫലം

ചൂടുന്ന ശാഖകളാണ്. പരിപാലനയുടെ സ്നേഹസ്പർശവും ഉപരി നന്മയ്ക്കായുള്ള കരുതലും അതിലുണ്ട്. എന്നാൽ ഫലശൂന്യമായവ യാണ് കൃഷിക്കാരൻ മുറിച്ച് നീക്കുന്നത്. സഹനത്തെക്കുറിച്ചുള്ള വത്സ ലശിഷ്യന്റെ ഈ വാക്കുകൾ ഹെബ്രായ ലേഖനത്തിലും പ്രതിഫലി ക്കുന്നുണ്ട്. പിതൃശിക്ഷണമായിട്ട് ഹെബ്രായ ലേഖകൻ സഹനത്തെ വ്യാഖ്യാനിക്കുന്നത് ശ്രദ്ധേയമാണ് (ഹെബ്രാ. 12:6-7). 'സ്നേഹിക്കു ന്നവർക്കല്ലയോ താൻ നൽകുന്നു ശിക്ഷണം, മക്കളെ താതൻ താണ്ഡ നംചെയ്ത് തക്ക ശിക്ഷണമേകുന്നു...' വിശ്വാസത്തെപ്രതി ഏൽക്കേ ണ്ടിവരുന്ന പീഢകളിൽ പുലർത്തേണ്ട സ്ഥൈര്യമാണല്ലോ ഹെബ്രായ ലേഖനത്തിന്റെയും പ്രധാന ഇതിവൃത്തം.

## സഹവാസം: ദൈവവുമായും സഹോദരങ്ങളുമായും

"നിങ്ങൾ എന്നിൽ വസിക്കുവിൻ ഞാൻ നിങ്ങളിലും" വത്സല ശിഷന്റെ ഓർമ്മക്കുറിപ്പുകളിൽ ഏറ്റവും പ്രാധാന്യത്തോടെ ഉപയോ ഗിക്കപ്പെട്ട വാക്കാണ് വസിക്കുക എന്ന അർത്ഥത്തിൽ ഉപയോഗിച്ചി രിക്കുന്ന *മേനയോ, സ്കേനയോ* എന്നീ പദങ്ങൾ. 'വചനം മാംസ മായി വസിച്ചു' എന്ന പരാമർശം മുതൽ ഈ സഹവാസത്തിന്റെ ആത്മീ യത അവതരിപ്പിക്കപ്പെടുന്നുണ്ട്. യേശു ശിഷ്യന്മാരെ വിശേഷിപ്പിക്കു ന്നതുതന്നെ 'അവന്റെ കൂടെയായിരുന്നവർ' എന്നാണല്ലോ (1:38-39, 4:40, 7:33, 11:54, 13:33, 16:4). 'യേശുവിനെ അനുഗമിക്കുക' എന്നാൽ വത്സലശിഷ്യന്റെ ഭാഷയിൽ 'അവന്റെ കൂടെ വസിക്കുക' അഥവാ 'അവ നിൽ വസിക്കുക' എന്നാണ്. അത് വെളിവാക്കുന്നതാകട്ടെ യേശുവും അവനിൽ വിശ്വസിക്കുന്നവരും തമ്മിലുള്ള അഗാധമായ ഒരു സ്നേഹ ബന്ധവും. അപ്പോൾ ഫലം പുറപ്പെടുവിക്കുന്നത് യേശുവുമായുള്ള ആത്മബന്ധത്തിന്റെ തോത് അനുസരിച്ചാണ് എന്ന് മനസ്സിലാക്കേണ്ടി വരും. ക്രിസ്തീയ ജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക യാഥാർത്ഥ്യത്തിലേക്ക്, കൂട്ടായ്മയുടെ പ്രസക്തിയിലേക്കാണ് ഈ വാക്കുകൾ നമ്മെ നയിക്കുന്നത്. യേശുവിനോട് - തായ്ത്തണ്ടിനോട് - ചേർന്നു നിൽക്കുന്നു എന്നാൽ ചെടിയുടെ ഇതര ശാഖകളോടും ചേർന്ന് നിൽക്കുന്നു എന്നാണല്ലോ അർത്ഥം. ക്രിസ്തീയ ജീവിതവും ആധ്യാത്മികതയും തനിച്ചുള്ള ഒരു വിജയഗാഥയല്ല മറിച്ച് സഹവാസ ത്തിന്റെയും സഹവർത്തിത്വത്തിന്റെയും ജീവിതമാണത്. ഒരു ക്രിസ്ത്യാ നിയും തനിച്ച് സാക്ഷ്യമോ സുകൃതമോ രചിക്കുന്നില്ല; മറിച്ച് കൂട്ടായ്മ യിലാണ് ദൈവത്തെ അനുഭവിക്കുന്നതും ഫലം പുറപ്പെടുവിച്ചുകൊണ്ട് അവിടുത്തെ മഹത്വപ്പെടുത്തുന്നതും. ക്രിസ്ത്രീയ ശിഷ്യത്വത്തിന്റെ അനിവാര്യതയായി (*sine quo non*) സഹവാസം മാറുന്നു. വർത്തമാ നകാലത്തിൽ ശിഷ്യത്വത്തെക്കുറിച്ച് അത് ഫലരഹിതമാണെന്ന

വിലാപം ഉയരുന്നെങ്കിൽ, ക്രിസ്തീയ സാക്ഷ്യത്തിന്റെ മേഖലയായ ആതുരസേവനമോ വിദ്യാഭ്യാസമോ അജപാലനമോ ഏതുമാകട്ടെ, അതിന്റെ കാരണം യേശുവിൽ നിന്നുള്ള ജീവരസം പടരാനാവാത്ത വിധം ശാഖകൾ പരസ്പരവും തായ്ത്തണ്ടിനോടും അകന്നു ജീവിക്കുന്നു എന്നും സഹവാസത്തിന്റെ ആത്മീയത കൈമോശം വന്നിരിക്കുന്നു എന്നുമല്ലേ? ഒരുപാട് ഫലം പുറപ്പെടുവിക്കാനുള്ള വ്യഗ്രതയിൽ പ്രവർത്തിച്ച് ഫലശൂന്യതയുടെയും എതിർ സാക്ഷ്യത്തിന്റെയും മഹാദുരന്തത്തിലാണ് നാമിന്ന് എത്തിനിൽക്കുന്നത്.

## ദിവ്യകാരുണ്യത്തിലേക്ക് വിരൽ ചൂണ്ടുന്ന ആഖ്യാനപാടവം

സഹവാസത്തിന്റെ പുത്തൻ ആത്മപരിമളം പ്രസരിപ്പിക്കുന്ന ഈ വചനഭാഗത്തിന് കൗദാശികമായ ഒരു വ്യാഖ്യാന സാധ്യതകൂടി ഉണ്ടെന്നതാണ് സത്യം. റെയ്മണ്ട് ബ്രൗണിനെപ്പോലെയുള്ള ചിന്തകരുടെ അഭിപ്രായത്തിൽ "ആര് എന്നിലും ഞാനവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു" (15:16) എന്ന വാക്കുകളിൽ പ്രതിഫലിക്കുന്നത് തിബേരിയസ് തീരത്ത് വച്ച് യേശു നടത്തിയ ദിവ്യകാരുണ്യപ്രബോധനത്തിന്റെ മാറ്റൊലികൾ തന്നെയാണ്; "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാനവനിലും വസിക്കുന്നു" (6:56). ഇവിടെ യേശുവിന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് ജീവനുണ്ടാകും എന്നാണ് വാഗ്ദാനം. മുന്തിരിച്ചെടിയോട് ചേർന്ന് നിൽക്കുക എന്നാൽ പ്രതീകാത്മകമായി അതിന്റെ ജീവനിൽ പങ്കുചേരുക എന്നാണല്ലോ അർത്ഥമാക്കുന്നത്. അതായത്, സഹവാസം ജീവനിലേക്ക് നയിക്കുന്നു. അപ്പോൾ രണ്ട് വാക്യങ്ങളുടെയും ആത്യന്തികമായ ലക്ഷ്യം ഒന്നായി മാറുന്നു; ജീവനുണ്ടാക്കുക. അപ്പോൾ 'മുന്തിരിച്ചെടിയും ശാഖകളും' ദിവ്യകാരുണ്യത്തിലൂടെ യേശുവും ശിഷ്യരും തമ്മിലും ശിഷ്യർ പരസ്പരവും സംഭവിക്കുന്ന ഐക്യത്തിന്റെ മനോഹരമായ പ്രതീകാത്മ ചിത്രീകരണമല്ലാതെ മറ്റെന്താണ്. പ്രൊട്ടസ്റ്റന്റ് ചിന്തകനായ ഓസ്കാർ കുൾമാൻ പോലും ഈ ദിവ്യകാരുണ്യ സൂചനയെ അംഗീകരിക്കുന്നു എന്നത് ഈ വ്യാഖ്യാനത്തിന്റെ സാംഗത്യമാണ് വ്യക്തമാക്കുന്നത്.

## നിറയെ ഫലം ചൂടുന്ന സമൃദ്ധിയുടെ കാലം

സഹവാസത്തിനുള്ള ക്ഷണം സ്വീകരിക്കുന്നവരോട് "നിങ്ങൾ ധാരാളം ഫലം പുറപ്പെടുവിക്കും" എന്നാണ് യേശു വാഗ്ദാനം ചെയ്യുന്നത്. എന്താണ് 'ഫലം' എന്നുള്ളതുകൊണ്ട് ഇവിടെ വിവക്ഷിക്കുന്നത്? യോഹന്നാന്റെ ഭാഷയുടെ വിശാലാർത്ഥത്തിൽ ഒരുപക്ഷെ

ഇവിടെ വ്യംഗ്യമായിരിക്കുന്ന ഫലം ഭീകരമായ മതപീഢനങ്ങളുടെ പശ്ചാത്തലത്തിൽ നൽകേണ്ട ക്രൈസ്തവ സാക്ഷ്യമാകാം ("നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു ബലിയർപ്പിക്കുന്നു എന്ന് കരുതുന്ന സമയം വരുന്നു" (16:3) എന്ന യേശുവിന്റെ വാക്കുകളിൽ ഈ പീഢനകാലത്തിന്റെ വ്യക്തമായ സൂചനയുണ്ട്). രക്തസാക്ഷിത്വത്തെ ക്രിസ്തീയ ജീവിതത്തിന്റെ പുഷ്പിക്കലായി ആദിമസഭ വിവരിച്ചിരുന്നത് അവിടെ ശ്രദ്ധേയമാണ്. ധീരമായ വിശ്വാസ സാക്ഷ്യം; അത് ജീവിതംകൊണ്ടും മരണം കൊണ്ടും ക്രൈസ്തവജീവിതത്തിന്റെ പുഷ്പിക്കലും ഫലം ചൂടലുമല്ലാതെ മറ്റെന്താണ്? അങ്ങനെ ചിന്തിക്കുമ്പോൾ ധാരാളം ഫലം പുറപ്പെടുവിക്കുക എന്നാൽ ഭീകരമായ മതമർദ്ധനത്തിന്റെ നടുവിൽ അടിപതറാതെ അചഞ്ചലമായി നിൽക്കുന്ന വിശ്വാസ സാക്ഷ്യത്തെയാണ് അർത്ഥമാക്കുന്നത്.

ഏറ്റവും പുതിയ കണക്കനുസരിച്ച് ഇന്ന് ലോകത്തിൽ ഓരോ അഞ്ച് മിനുട്ടിലും ഒരു ക്രിസ്ത്യാനി വിശ്വാസത്തെപ്രതി വധിക്കപ്പെടുന്നുണ്ട്. ഭാരതത്തിന്റെ സമകാലിക ചരിത്രത്തിൽ കാണ്ഠമാലിലെ നിസ്സഹായരായ മനുഷ്യരുടെ വിശ്വാസ സാക്ഷ്യം, പീഢനങ്ങളുടെ നീണ്ട ദശാബ്ദകാലത്തും ക്രൂരമായി തുടരുന്ന വിവേചനത്തിന്റെ നടുവിലും ആ മനുഷ്യർ നസ്രത്തിലെ യേശുവിലുള്ള വിശ്വാസത്തിൽ നിലനിൽക്കാൻ കാണിക്കുന്ന സ്ഥൈര്യത്തെ നിറയെ ഫലം ചൂടുന്ന സമൃദ്ധിയുടെ നേർസാക്ഷ്യമായിട്ടല്ലാതെ എങ്ങനെയാണ് വിശേഷിപ്പിക്കാനാവുന്നത്. ഉത്തരേന്ത്യയിലെ വർഗ്ഗീയ വെറിപൂണ്ട, മതഭ്രാന്തിന്റെ ഉഷ്ണക്കാറ്റ് ചൂളംകത്തുന്ന ഇടങ്ങളിൽ രക്തസാക്ഷികളായും വനാന്തരങ്ങളിൽ ഇന്നും അലയുന്നവരായും നമ്മുടെ ക്രൈസ്തവ സഹോദരർ ജീവിക്കുന്നുണ്ട് എന്ന വേദനിപ്പിക്കുന്ന സത്യം മുമ്പിൽ പകൽപോലെ വ്യക്തമായിട്ടും, നിസ്സഹായരായ ഈ മനുഷ്യരെ മതവെറിയുടെ ഭ്രാന്തിളകിയ ഭരണകൂടങ്ങൾ ഉന്മൂലനം ചെയ്യാനും അവർക്കുമേൽ കരിനിയമങ്ങളുടെ ഭീകരനുകം ചുമത്താനും ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നറിഞ്ഞിട്ടും; അതേ മതവെറിയുടെ പ്രത്യയശാസ്ത്രത്തിന്റെ വക്താക്കളോട് ക്രൈസ്തവസഭ അധാർമ്മിക സംബന്ധത്തിനിറങ്ങുന്നത് നസ്രായനിലുള്ള വിശ്വാസം മുറുകെപ്പിടിച്ചതിന്റെ പേരിൽ ആ സാധു മനുഷ്യർ ഏറ്റുവാങ്ങിയ സഹനങ്ങളെയും, ഒഴുകിപ്പടർന്ന അവരുടെ രക്തത്തെയും, പരിഹസിക്കുന്നതിനു തുല്ല്യമല്ലേ?

"ധാരാളം ഫലം പുറപ്പെടുവിക്കും" എന്ന വാക്കുകൾക്ക് നൽകാവുന്ന മറ്റൊരു വ്യാഖ്യാനം - വി. പൗലോസ് അപ്പസ്തോലൻ പരാമർശിക്കുന്ന ആത്മാവിന്റെ ഫലങ്ങൾ എന്ന അർത്ഥത്തോട് ചേർന്നാണ്. ഗലാത്തിയ 5:22-23 ൽ വി. പൗലോസ് ആത്മാവിന്റെ ഫലങ്ങൾ

വിവരിക്കുന്നുണ്ട്. ഈ ചിന്തയോട് ചേർന്ന് "എന്നിൽ വസിക്കുന്നവൻ ധാരാളം ഫലം പുറപ്പെടുവിക്കും" എന്ന യേശുവിന്റെ വചനത്തെ വ്യാഖ്യാനിച്ചാൽ; യേശുവിൽ വസിക്കുക വഴി അവൻ അയക്കുന്ന ആത്മാവിന്റെ ഫലങ്ങൾ: സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാകും യേശുവിൽ വസിക്കുന്നവർ സമൃദ്ധമായി പുറപ്പെടുവിക്കുന്ന ഫലങ്ങൾ എന്നും വ്യാഖ്യാനിക്കാം.

**സ്നേഹവാസത്തിലൂടെ സൗഹൃദത്തിലേക്ക്**

മുന്തിരിച്ചെടിയുടെയും ശാഖകളുടെയും രൂപകം അവസാനിക്കുന്നത് ബന്ധങ്ങളിൽ സ്നേഹം തീർക്കുന്ന അത്ഭുതം അവതരിപ്പിച്ചുകൊണ്ടാണ് എന്നത് ശ്രദ്ധേയമാണ്. ഇവിടെ സ്നേഹത്തെ രണ്ട് രീതിയിൽ മനസ്സിലാക്കാം. ഒന്നാമത്, യേശുവിൽ വസിക്കുന്നതിന്റെ - തായ്തണ്ടായ അവനോട് ചേർന്നുനിൽക്കുന്നതിന്റെ ഫലമാണ് സ്നേഹമെന്നും; രണ്ടാമത്, യേശുവിന്റെ സ്നേഹത്തിൽ നിലനിൽക്കാനും ഫലം പുറപ്പെടുവിക്കാനുമുള്ള ഉപാധിയാണ് സഹവാസമെന്നും. ഇവിടെ സ്നേഹത്തിന്റെ രണ്ട് വശങ്ങളെ ധ്യാനിക്കുക: ദൈവസ്നേഹവും സഹോദര സ്നേഹവും. ഇതിൽ യേശുവിനോടുള്ള സ്നേഹത്തെ, അവനോട് ചേർന്നിരിക്കാനുള്ള ആഗ്രഹത്തെ സഹവാസത്തിനും ഫലം പുറപ്പെടുവിക്കാനുമുള്ള ഉപാധിയായും സഹോദരസ്നേഹത്തെ സഹവാസത്തിന്റെ ഫലംപുറപ്പെടുവിക്കലായും വേണം മനസ്സിലാക്കാൻ.

സ്നേഹം മാനുഷിക ബന്ധങ്ങളിൽ തീർക്കുന്ന അത്ഭുതത്തെ പരാമർശിച്ച് കൊണ്ടാണ് ഈ ഭാഗം അവസാനിക്കുന്നത്. അതായത്, ദാസന്മാർ സ്നേഹിതരാകുന്ന വിസ്മയംതന്നെ. ലളിതമാണ് ഈ ബന്ധത്തിലെ പരിണാമത്തിലേക്കുള്ള വഴികൾ; ഒന്നാമത്, തായ്തണ്ടും ജീവരസത്തിന്റെ ഉറവിടവുമായ യേശുവാകുന്ന ജീവവൃക്ഷത്തോട് ചേർന്ന് നിൽക്കാനുള്ള അഗാധമായ ആഗ്രഹം; രണ്ട്, "പരസ്പരം സ്നേഹിക്കുക" എന്ന അവന്റെ കല്പന അനുവർത്തിക്കുക അഥവാ സാഹോദര്യത്തിന്റെ കൂട്ടായ്മയിലേക്കുള്ള അനിഷേധ്യവും അനിവാര്യവുമായ ക്ഷണത്തിന് സ്വയം വിട്ട്കൊടുക്കുക. ഇതിന്റെ ഫലമാകട്ടെ ദാസന്മാർ സ്നേഹിതരായി പരിണമിക്കുന്നതും. ആത്മബന്ധത്തിന്റെ പുതിയ ആത്മീയപാത തുറക്കപ്പെടുന്നു; ഭൃത്യന്മാർ പ്രാണമിത്രങ്ങളാകുന്ന ഈ പുതിയകാലത്തിന്റെ ആത്മീയതയിലേക്കാണ് മുന്തിരിച്ചെടിയും ശാഖകളുടെയും ദൃഷ്ടാന്തത്തിലൂടെ വത്സല ശിഷ്യൻ നമ്മെ കൂട്ടിക്കൊണ്ട് പോകുന്നത്.

## ഒരു കാലിക വായന

അഗാധമായൊരു സ്നേഹത്തിന്റെ നിറവിൽ ഒരുവൻ നടുകയും മറ്റൊരുവൻ നനക്കുകയും ദൈവം വളർത്തുകയും ചെയ്ത ഒരു അത്ഭുത തരുവാണ് പരിശുദ്ധസഭ. കൂട്ടായ്മയുടെ കൃപയിലും ബല ത്തിലും വിടർന്ന അത്ഭുതം. ചിന്തയിലെ ഒരുമയും പ്രവർത്തന ത്തിലെ സഹവർത്തിത്വവും സഭയുടെ മുഖമുദ്രയും സവിശേഷത യുമായിരുന്നു. ഒരേ തായ്തണ്ടിനോട് ചേർന്ന് ജീവരസം പറ്റുന്ന, ശാഖകളെന്ന പാരസ്പര്യത്തിന്റെ ബോധ്യം വളർച്ചയുടെ ബലമാ യിരുന്നല്ലോ. ചേർന്നുനിൽക്കാതെ ശാഖകൾ ശുഷ്കിച്ചുവാടുന്ന ഫലശൂന്യതയുടെ വർത്തമാനകാല സാക്ഷ്യങ്ങളുടെ മുമ്പിൽ ഓരോ ക്രൈസ്തവനും ധ്യാനപൂർവ്വം വായിക്കേണ്ട, ഹൃദയത്തിൽ സൂക്ഷിക്കേണ്ട ഉപമയാണ് മുന്തിരി വള്ളിയുടെയും ശാഖകളു ടെയും. അതിൽ യേശുവിൽ വിശ്വസിക്കുന്നവരുടെ ജീവിതശൈ ലിയുടെ ആത്മാവിഷ്കാരമുണ്ട്. അത് കൂട്ടായ്മയുടെയും പാരസ്പ ര്യത്തിന്റെയും സഹവർത്തിത്വത്തിന്റേതുമാണ്. ആ കൂട്ടായ്മക്കാ ണ്, പാരസ്പര്യത്തിനാണ്, അതിനു മാത്രമാണ് ലോകത്തെ ഇനിയും ലഹരിപിടിപ്പിക്കാൻ കഴിയുന്ന സുവിശേഷമെന്ന പുതുവീഞ്ഞ് പുറപ്പെടുവിക്കാനും പങ്കുവയ്ക്കാനുമാകൂ.

ഒറ്റയ്ക്ക് നിന്ന് ഇതിഹാസം രചിക്കാനും ചരിത്രം തിരുത്തി ക്കുറിക്കാനും സ്വന്തം പേര് അനശ്വരമാക്കാനുമുള്ള സ്വാർത്ഥത നിറഞ്ഞ വ്യഗ്രതയാണ് പാരസ്പര്യത്തെയും സംഘാതമായ പ്രവർത്തനങ്ങളെയും തള്ളിപ്പറയാൻ പലരേയും പ്രേരിപ്പിക്കുന്ന ത്. തനിച്ച് ഇറങ്ങിയവരാരും ഒരിടത്തും ചരിത്രം തിരുത്തിയിട്ടില്ല ല്ലോ. ഫലശൂന്യമായ ശാഖകൾപോലെ വിസ്മൃതിയിലെറിയപ്പെ ടുന്ന വിഘടിത പ്രസ്ഥാനങ്ങളുടെയും സെക്റ്റുകളുടെയും ചരിത്രം നല്ല പാഠമാണ് ഓരോ വിശ്വാസിക്കും. ചേർന്നു നിൽക്കുകയെന്നാൽ കുറവുകളെ അംഗീകരിക്കലാണ്, തിരുത്തലിന്റെ വെട്ടിയൊരുക്ക ലുകളെ സ്വീകരിക്കലാണ്, ജീവരസത്തിന്റെ പങ്കുവയ്ക്കലാണ്. അതിന്റെ ഫലമോ ലോകത്തെ ഇനിയുമിനിയും നൂറ്റാണ്ടുകളോളം ലഹരിപിടിപ്പിക്കുന്ന നസ്രായന്റെ സുവിശേഷമാകുന്ന പുതുവീഞ്ഞ് പുറപ്പെടുവിക്കാൻ കഴിയുമെന്ന അപാരമായ കൃപയും. അതുകൊണ്ട് കൂട്ടായ്മയുടെ കൃപയിലേക്കു വരാം; കാലഹരണ പ്പെടാതിരിക്കാൻ.

യഥാർത്ഥത്തിൽ ഒരു ക്രൈസ്തവനെ മുമ്പോട്ട് നയിക്കേണ്ടത് നടുന്നവനും നനയ്ക്കുന്നവനും ഒരുപോലെ പ്രവൃത്തിക്കൊത്ത കൂലിതരുന്ന ഉടയവനിലേക്കുള്ള അഗാധ ശരണവും അതിൽനിന്നു ളവാകുന്ന സഹവർത്തിത്വത്തിന്റെയും സംഘാതമായ പ്രവർത്തി

യുടെയും ആത്മീയ സാക്ഷ്യവുമാണ്. തിരുസഭയുടെ ചരിത്രത്തിലാദ്യമായി, സംഘാതമായ പ്രവൃത്തിയിലൂടെ നടക്കുന്ന ഫലസമൃദ്ധിയെപ്പറ്റി വിഭാവനം ചെയ്തതും ഒറ്റയ്ക്കുനിന്ന് ദൈവരാജ്യം സ്ഥാപിക്കാമെന്ന് വ്യാമോഹിച്ചവരെ തിരുത്തിയതും വി. പൗലോസ് അപ്പസ്തോലനായിരുന്നു. കോറിന്തോസിലെ സഭയെ തിരുത്തിക്കൊണ്ട് പൗലോസ് എഴുതിയ വാക്കുകൾ, "ഞാൻ നട്ടു, അപ്പോളോസ് നനച്ചു, എന്നാൽ ദൈവമാണ് വളർത്തിയത്. അതുകൊണ്ട് നടുന്നവനോ, നനയ്ക്കുന്നവനോ അല്ല വളർത്തുന്നവനായ ദൈവത്തിനാണ് പ്രാധാന്യം" (1കോറി. 3:5-60) കാലികപ്രസക്തവും കാലഹരണപ്പെടാത്തതുമാണ്. ദൈവരാജ്യത്തിന്റെ ശുശ്രൂഷയിലെ സവിശേഷമായ കൂട്ടത്തരവാദിത്വത്തിനും സുവിശേഷവേലയിൽ അവശ്യം ഉണ്ടാകേണ്ട തുടർച്ചയ്ക്കുമാണ് ഇവിടെ ഊന്നൽ നൽകുന്നത്. ദൈവരാജ്യത്തിന്റെ ശുശ്രൂഷകളിൽ ഈ തുടർച്ചയാണ് ഫലം കൊണ്ടുവരുന്നത്. ഒരാൾ നടുന്നു, പിറകെ വരുന്നയാൾ തനിക്ക് മുമ്പ് നട്ടതിനെ സ്നേഹപൂർവ്വം നനയ്ക്കുകയും പരിപാലിക്കുകയും ചെയ്യുന്നു; ആ കൂട്ടായ്മയുടെ പ്രവൃത്തിയിൽ സംപ്രീതനായ ദൈവം അതിനെ വളർത്തുന്നു.

പക്ഷേ ഇന്ന് നമ്മുടെ സമൂഹത്തിൽ പലപ്പോഴും നടക്കുന്നത് മറ്റൊരാൾ നട്ടത് ഉണങ്ങിപ്പോകണം എന്ന ചില സങ്കുചിത മനസ്കരുടെ വാശിയാണ്. നനയ്ക്കുകയാണ് പിറകെ വരുന്ന എന്റെ നിയോഗമെന്ന് ഇക്കൂട്ടർ സൗകര്യപൂർവ്വം മറന്ന് തനിക്കുമുമ്പേ പോയവന്റെ അധ്വാനത്തെ, ദുർഘടമായ മണ്ണിനെ നടാൻ പാകപ്പെടുത്തും വിധം അയാൾ നടത്തിയ ക്ലേശപൂർവ്വകമായ നിലമൊരുക്കലുകളെ, ഒരു തരു നടാൻ അയാളെടുത്ത മുഴുവൻ പ്രയത്നങ്ങളെയും പാടേ തമസ്കരിച്ച് നനയ്ക്കാൻ മടിയ്ക്കുന്ന ആസുരമനസാണ് ഇന്നിന്റെ അപകടം. നട്ടതിനെ നനയ്ക്കുക (തുടങ്ങിയ പ്രസ്ഥാനങ്ങളെ, പ്രവർത്തനങ്ങളെ, ശുശ്രൂഷകളെ തന്റെ ഭാഗധേയം കൊണ്ട് തുടരുക) എന്ന വിളിമറന്ന് അതിനെ ഉണക്കിക്കളഞ്ഞ്, തൽസ്ഥാനത്ത് പുതിയതു നടാൻ ശ്രമിക്കുന്ന പിൻഗാമികളുടെ ഭോഷത്തംകൊണ്ട് എത്ര എത്ര ക്രൈസ്തവ സമൂഹങ്ങളാണ്, സംരംഭങ്ങളാണ് ഉണങ്ങിപ്പോയത്? നനയ്ക്കാൻ മടിക്കുന്ന സ്വാർത്ഥത സുഹൃത്തേ പാപകരമാണ്. മറ്റൊരാൾ നട്ടത് ഞാൻ നനയ്ക്കില്ലെന്ന വാശി സകലരും  തുടർന്നാൽ സമൂഹത്തിന്റെ പുരോഗതിയും ദൈവരാജ്യത്തിന്റെ  വളർച്ചയും എങ്ങനെ സാധ്യമാകും? അതുകൊണ്ട് മുൻപേ പോയവർ ചെയ്തതിന്റെ കുറവുകൾ പരിഹരിച്ച് തുടരുന്ന സംഘാതമായ പ്രവർത്തന തുടർച്ച ദൈവവിളിയുടെ ആത്മാവാണെന്ന് വിളി സ്വീകരിക്കുന്നവർ തിരിച്ചറിഞ്ഞിരുന്നെങ്കിൽ!

22

# സഹായകൻ, സമാശ്വാസകൻ, സദാ കൂടെ വസിക്കുന്നവൻ

**(യോഹ. 14:15–26)**

പരിശുദ്ധ ത്രിത്വത്തിൽ ഏറ്റവുമധികം പ്രതീകാത്മക വിശേഷണങ്ങൾ ഉള്ളത് പരിശുദ്ധാത്മാവിനായിരിക്കും എന്നാണ് തോന്നുന്നത്. വേദപുസ്തകത്തിന്റെ ആദ്യതാളുകൾ തന്നെ ആത്മാവിനെ പരാമർശിച്ചു തുടങ്ങുന്നത് ശ്രദ്ധിക്കുക: "*വറുഹാ എലോഹീം മിറാഹപെത്ത് അൽപനെ ഹമ്മയിം*" ("ആഴത്തിനു മുകളിൽ ദൈവത്തിന്റെ ചൈതന്യം ചലിച്ചിരുന്നു", ഉൽപ. 1:3). പരിശുദ്ധാത്മാവ് എന്ന ദൈവത്തിലെ മൂന്നാമത്തെ വ്യക്തി അങ്ങനെ ചരിത്രാതീതകാലം മുതൽ പ്രതീകങ്ങളിലൂടെ അവതരിപ്പിക്കപ്പെട്ടു. ഒരു പക്ഷെ ഈ പ്രതീകങ്ങൾ ആത്മാവിന്റെ പ്രവർത്തന ശൈലിയിലേക്കുള്ള അക്ഷരസാക്ഷ്യങ്ങളായിരിക്കാം; ജലം, കാറ്റ് (റുഹാ), അഗ്നി, പ്രാവ്, ദൈവത്തിന്റെ ചൈതന്യം ഈ പ്രതീകങ്ങളെല്ലാം അതിസമ്പന്നമായ ദൈവശാസ്ത്ര വ്യാഖ്യാനങ്ങൾ ഉൾക്കൊള്ളുന്നുണ്ടെങ്കിലും ഇവ വരുത്തിയ, വരുത്താവുന്ന ഒരു ആത്മീയ അപകടം ഈ പ്രതീകങ്ങളെപ്പോലെ പരിശുദ്ധാത്മാവിനെ പലപ്പോഴും ഒരു വ്യക്തിയായി കാണുന്നതിനു പകരം വസ്തുവായി കാണുകയോ, വൈയക്തിക ബന്ധം ആത്മാവുമായി സ്ഥാപിക്കപ്പെടേണ്ടതിന്റെ സാധ്യതകൾ തേടാതെ പോവുകയോ ചെയ്തു എന്നതാണ്. അതായത്, ദൈവിക വ്യക്തിത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവിനെ ഒരു വസ്തുവായി തെറ്റിദ്ധരിക്കുകയും, ആത്മാവിനോട് ആത്മബന്ധത്തിലേർപ്പെടാൻ ശ്രമിക്കാതെ പോവുകയും ചെയ്യുക എന്ന വിപത്ത് സാധാരണ വിശ്വാസികൾക്കും സഭാ ജീവിതത്തിലും സംഭവിച്ചു എന്നതുതന്നെ.

ഇവിടെയാണ് വത്സല ശിഷ്യന്റെ ഓർമ്മക്കുറിപ്പുകളിൽ ആത്മാവിനെ അവതരിപ്പിക്കുന്നതിന്റെ ദൈവശാസ്ത്ര ലാവണ്യം മനസ്സിലാക്കേണ്ടതിന്റെ കാലിക പ്രസക്തി. കാറ്റ്, ജലം, പ്രാവ് തുടങ്ങിയ പ്രതീകങ്ങളിലൂടെ ആത്മാവിനെ അവതരിപ്പിച്ച് തുടങ്ങിയിട്ട് ഒരു സമ്പൂർണ്ണ വ്യക്തിയുടെ രൂപത്തിൽ അവതരണം പൂർത്തിയാക്കുന്ന രചനാവൈഭവം യോഹന്നാന്റെ സുവിശേഷത്തിൽ കാണാം. ഒരു വ്യക്തിയായി ആത്മാവിനെ അവതരിപ്പിക്കുന്നു എന്നുപറഞ്ഞാൽ എന്താണ് അർത്ഥമാക്കേണ്ടത്? വ്യക്തികൾക്കുമാത്രം സാധ്യമാവുന്നതും വസ്തുക്കൾക്ക് സാധ്യമല്ലാത്തതുമായ ഒരു വലിയ വിശേഷണം ആത്മാവിന് നൽകുന്നു എന്നുതന്നെ. വ്യക്തികൾക്ക് മാത്രം സാധ്യമായതാണ് പരസ്പരബന്ധത്തിന്റെയും സ്നേഹത്തിന്റെ ആവൃതിയിൽ പ്രവേശിക്കാനാവുക എന്നത്. അപ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണ് എന്നുപറയുന്നതിന്റെ ആത്യന്തികമായ പൊരുളെന്താണ്? ആത്മാവ് നമ്മോട് സ്നേഹബന്ധത്തിൽ ഏർപ്പെടാൻ ആഗ്രഹിക്കുന്നു എന്നുതന്നെ. പരിശുദ്ധാത്മാവുമായി യേശുവിൽ വിശ്വസിക്കുന്നവർ ഏർപ്പെടാൻ പോവുന്ന ആത്മബന്ധത്തിന്റെ ഊഷ്മളതയാണ് വത്സല ശിഷ്യന്റെ തൂലികയിൽ വിരിഞ്ഞ റൂഹാ വിജ്ഞാനീയത്തിൽ നാം കണ്ടെത്തുന്നത്. യോഹന്നാന്റെ സുവിശേഷമാണ് പരിശുദ്ധാത്മാവിനെ കുറിച്ച് ഒരു പക്ഷെ സമവീക്ഷണ സുവിശേഷങ്ങളെക്കാൾ ഏറ്റവും വ്യക്തമായും അവധാനതയിലും സംസാരിക്കുന്നത്. ചരിത്രകാരനായ കേസറിയായിലെ യൗസേബിയൂസ് *എവഗേലിയോൺ പ്നെവുമാറ്റികോൺ* (സ്പിരിച്വൽ ഗോസ്പൽ) എന്നാണ് വത്സലശിഷ്യന്റെ ഓർമ്മക്കുറിപ്പുകളെ വിശേഷിപ്പിക്കുന്നതു തന്നെ. യോഹന്നാൻ പരിശുദ്ധാത്മാവിനെക്കുറിച്ച് വ്യക്തമായി പരാമർശിക്കുന്ന ഭാഗങ്ങൾ ശ്രദ്ധിക്കുക.

- യോഹ. 1:31-34 "യേശുവിന്റെ മേൽ പ്രാവിനെപ്പോലെ ആത്മാവ് ഇറങ്ങിവന്നു" എന്ന സ്നാപകന്റെ സാക്ഷ്യം.
- യോഹ. 3:3-8 ആത്മാവിലുള്ള ജനനത്തെക്കുറിച്ച് യേശു നിക്കൊദേമൂസിനോട് പറയുന്ന വാക്കുകൾ.
- യോഹ. 3:31-36 അളവുകൂടാതെ സമൃദ്ധിയിൽ ദൈവം തന്റെ ആത്മാവിനെ വർഷിക്കുമെന്ന വാഗ്ദാനം.
- യോഹ. 4:21-24 യേശു സമരിയാക്കാരി സ്ത്രീയോട് വരാനിരിക്കുന്ന കാലത്തിൽ സത്യമായും ആത്മാവിൽ നടക്കുന്ന ആരാധനയെക്കുറിച്ച് (truely spiritual worship) പറയുന്ന വാക്കുകൾ.
- യോഹ. 6:60-63 ജീവൻ നൽകുന്നത് ആത്മാവാണെന്ന യേശുവിന്റെ സാക്ഷ്യപ്പെടുത്തൽ.

- യോഹ. 7:37-9 യേശുവിൽ വിശ്വസിക്കുന്നവരിൽ നിന്ന് പുറപ്പെടുന്ന ജീവജലമായി ആത്മാവിനെ അവതരിപ്പിക്കുന്നു.
- യോഹ. 14:16,26; 15:26; 16:7 ആത്മാവിനെ വ്യക്തിയായും ആ വ്യക്തിയുടെ പേര് *പാരാക്ലേത്തോസ്* (സഹായകൻ, സമാശ്വാസകൻ) എന്നാണെന്നുമുള്ള വെളിപ്പെടുത്തൽ.
- യോഹ. 20:22 വ്യക്തിയായ പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ ശിഷ്യരോട് ആവശ്യപ്പെടുന്നു (ആത്മാവിനോട് സ്നേഹബന്ധത്തിലേർപ്പെടാൻ ആവശ്യപ്പെടുന്നു).

ഈ വചനഭാഗങ്ങളിലെല്ലാം ദൈവാത്മാവിനെ ക്രമാനുഗതമായി ലോകത്തിന് വെളിപ്പെടുത്തുന്നതായാണ് നാം കാണുന്നത്. പ്രതീകാത്മകതയിൽ തുടങ്ങി യാഥാർത്ഥ്യത്തിൽ അവസാനിപ്പിക്കുന്ന, അവൈയക്തികതയിൽ തുടങ്ങി വൈയക്തികതയിൽ സമാപിക്കുന്ന രചനാലാവണ്യം.

**ആത്മാവ് പ്രാവിനെപ്പോലെ ഇറങ്ങിവരുന്നു**

വത്സല ശിഷ്യന്റെ അഗാധമായ റൂഹാ വിജ്ഞാനീയത്തിലെ ആദ്യവാചകം, "പ്രാവിനെപ്പോലെ ആത്മാവ് സ്വർഗത്തിൽ നിന്നിറങ്ങിവന്ന് യേശുവിന്റെ മേൽ ആവസിക്കുന്നത് താൻ കണ്ടു" (1:32) എന്ന സ്നാപകന്റെ സാക്ഷ്യമാണ്. ആത്മാവിനെ പ്രാവിനോട് സാക്ഷ്യപ്പെടുത്തുന്നതിന്റെ (*ഹോസ് പെരിസ്തെറാൻ*) പിന്നിലെ സാംഗത്യം എന്തായിരിക്കും? 'പ്രാവിനെപ്പോലെപ്പോലെ ഇറങ്ങിവന്നു' എന്ന സ്നാപകന്റെ സാക്ഷ്യം പഴയനിയമത്തിലെ ഒരു പ്രധാന സംഭവത്തിലേക്ക് വായനക്കാരന്റെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നുണ്ട്:

പഴയനിയമത്തിലെ ഏറ്റവും പ്രസിദ്ധമായ പ്രാവ് ഏതാണ്? അത് ഉൽപത്തി 8:8-13 വാക്യങ്ങളിൽ വിവരിക്കുന്ന നോഹയുടെ പെട്ടകത്തിലെ പ്രാവല്ലാതെ മറ്റെന്താണ്. നോഹയുടെ പ്രാവ് ഒരു പുതുയുഗത്തിന്റെ ശുഭഃകരവും ആനന്ദപൂരിതവുമായ അടയാളമായിരുന്നല്ലോ. പാപത്തിന്റെ പ്രളയകാലത്തിനുശേഷം ദൈവം കഴുകി പുതുതാക്കിയ പ്രപഞ്ചത്തിലെ പുതിയ സൃഷ്ടിയുടെയും പുനരുജ്ജീവിപ്പിക്കപ്പെട്ട സൃഷ്ടപ്രപഞ്ചത്തിന്റെയും അടയാളമായിരുന്നത്. നോഹയുടെ പ്രാവ് പാപത്തെ കഴുകിക്കളഞ്ഞ് നിർമ്മലമായ പ്രപഞ്ചത്തിന്റെ ആദ്യഫലമായിരുന്നു. അപ്പോൾ ആത്മാവ് പ്രാവിനെപ്പോലെ ഇറങ്ങിവന്നു എന്ന വാക്കുകൾ നല്കുന്ന സൂചന ഉൽപത്തി 8:8-12 വാക്യങ്ങൾ നൽകുന്ന അതേ പ്രത്യാശയുടെ സന്ദേശംതന്നെയാണ്. രക്ഷയുടെ പുതുയുഗം പിറന്നിരിക്കുന്നു; പുതുസൃഷ്ടിയുടെ കാലം തുടങ്ങിയിരിക്കുന്നു.

അപ്പോൾ പഴയസൃഷ്ടിയുടെ കാലത്ത് ശൂന്യതകൾക്കും രൂപമില്ലായ്മയ്ക്കും മുകളിൽ ചലിച്ച അതേ ദൈവചൈതന്യം, മാംസം ധരിച്ച വചനം നടത്തുന്ന പുതുസൃഷ്ടിയുടെ കാലത്തും പ്രവർത്തനനിരതമാണന്ന അതീവ ഹൃദ്യമായ സന്ദേശമാണ് ഈ സാക്ഷ്യത്തിലൂടെ വത്സലശിഷ്യൻ നൽകുന്നത്. ഇതിൽ നിന്നും വ്യത്യസ്ഥമായി പ്രാവിനോട് പരിശുദ്ധാത്മാവിനെ സാദൃശ്യപ്പെടുത്തുന്നതിലൂടെ യേശുവിന്റെ നിർമ്മലതയെയാണ് സുവിശേഷകൻ ലക്ഷ്യമാക്കുന്നത് എന്ന വ്യാഖ്യാനമുണ്ട്. യഹൂദ സംസ്കാരത്തിൽ പ്രാവ് ശുദ്ധിയുള്ള പക്ഷികളുടെ ഗണത്തിൽപ്പെട്ടതായിരുന്നു. അതുകൊണ്ടുതന്നെ പ്രാവിനെ ബലിവസ്തുവായും പരിഗണിച്ചിരുന്നു. കടിഞ്ഞൂൽ പുത്രന്മാരുടെ വീണ്ടെടുപ്പിന് ദരിദ്രന്റെ വിലയായിരുന്നു പ്രാവ്. പരിശുദ്ധാത്മാവിനെ പ്രാവിനോട് ഉപമിക്കുന്നതുവഴി ആത്മാവിന്റെ നൈർമല്യമോ നിഷ്കളങ്കതയോ അല്ലെങ്കിൽ യേശുവാകുന്ന ബലിവസ്തുവിന്റെ നിർമ്മലതയോ ആകാം വിവക്ഷിക്കുന്നത്.

പഴയനിയമത്തിലെ ബലിമൃഗങ്ങളുടെ ശ്രേണിയിലെ ഏറ്റവും നിസ്സാരമായ ബലിവസ്തുവായ പ്രാവിനോട് പരിശുദ്ധാത്മാവിനെ ഉപമിക്കുന്നതുവഴി യേശുവും ബലിവസ്തുവാണ് എന്ന ആശയത്തിന് ഊന്നൽ നൽകാൻ ശ്രമിക്കുന്നതാകാം എന്ന് അഭിപ്രായപ്പെടുന്ന വ്യാഖ്യാതാക്കളുമുണ്ട്. ബലിവസ്തുവായ യേശുവിന്റെ മേൽ ആത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവരുന്നതിലൂടെ യേശു പ്രപഞ്ചത്തിന്റെ മുഴുവൻ യാഗവസ്തുവാണ് എന്നാണ് സാക്ഷ്യപ്പെടുത്തുന്നത്.

### യേശു മഹത്വീകൃതനായശേഷം വരുന്ന ആത്മാവ്

യോഹന്നാന്റെ സുവിശേഷമനുസരിച്ച് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ശിഷ്യരിൽ ആരംഭിയ്ക്കുന്നതും യേശുവിൽ വിശ്വസിക്കുന്നവർ ആത്മാവിനെ സ്വീകരിക്കുന്നതും യേശു മഹത്വീകൃതനായതിനു ശേഷമാണ്. "അതുവരെയും ആത്മാവ് നൽകപ്പെട്ടിട്ടില്ലായിരുന്നു എന്തെന്നാൽ അതുവരെയും യേശു മഹത്വീകൃതനായിരുന്നില്ല" (യോഹ. 7:39). യേശു മഹത്വീകൃതനാകുന്നത് യോഹന്നാന്റെ ഭാഷ്യത്തിൽ കുരിശുമരണം, ഉത്ഥാനം, സ്വർഗാരോഹണം എന്നീ മൂന്ന് രക്ഷാകര സംഭവങ്ങളിലൂടെയാണ്. ആത്മാവ് നൽകപ്പെടുന്നത് യേശുവിന്റെ സ്വർഗാരോഹണത്തിനുശേഷമാണ് എന്നാണല്ലോ ഇതിൽനിന്നും വ്യക്തമാകുന്നത്. യേശു നിക്കോദേമൂസിലേക്ക് പറയുന്ന വാക്കുകൾ ഈ വ്യാഖ്യാനത്തെ സാധൂകരിക്കുന്നുമുണ്ട്: "തന്നിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ടാകാൻ മനുഷ്യപുത്രനും ഉയർത്ത

പ്പെടേണ്ടിയിരിക്കുന്നു" (യോഹ. 3:14). യേശുവിന്റെ കുരിശുമരണത്തിന്റെ പ്രവചനാത്മക സൂചന എന്ന ക്ലാസിക് വ്യഖ്യാനം ഈ വചനത്തിൽ ഉണ്ടെങ്കിലും ആത്മാവിൽ അഥവാ ഉന്നതത്തിൽ നിന്നുള്ള ജനനത്തെക്കുറിച്ചുള്ള നീണ്ട പ്രഭാഷണത്തിന്റെ ഇടയിലെ ഭാഗം എന്ന പശ്ചാത്തലത്തിൽ ഈ വാക്യത്തെ യേശുവിന്റെ സ്വർഗാരോഹണത്തിനും അതിനുശേഷം നൽകപ്പെടാനിരുന്ന ആത്മവർഷത്തിന്റെ സൂചനയായും വ്യാഖ്യാനിക്കാം. അപ്പോൾ, വത്സലശിഷ്യന്റെ ഭാഷ്യത്തിൽ ഉന്നതത്തിൽ നിന്നുള്ള ജനനവും ആത്മാവിലുള്ള ജീവിതവും യേശുവിന്റെ മരണ-ഉത്ഥാന-സ്വർഗാരോഹണ സംഭവങ്ങളുടെ പരിണിതഫലമാണ്. യേശു ഭൂസ്വർഗങ്ങൾക്കുപരിയായി ഉയർത്തപ്പെടുമ്പോൾ ജീവൻ നൽകുന്ന ആത്മാവ് വർഷിക്കപ്പെടുന്നു. യഥാർത്ഥത്തിൽ യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം അപ്പസ്തോലൻമാരുടെ അധരങ്ങളിൽ നിറഞ്ഞ ആത്മാവല്ലേ നസ്രത്തിലെ യേശുവിലേക്ക് ജനഹൃദയങ്ങളെ ആക്ഷിച്ചത്; അവൻ കർത്താവാണ് വിശ്വസിക്കാൻ കൃപ നൽകിയത്. ഈ ആത്മാവുതന്നെയാണല്ലോ ഇന്നും യേശുവിലേക്ക് ഹൃദയങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്നതും. ഉത്ഥിതനും ഉയർത്തപ്പെട്ടവനുമായ യേശുവിൽ വിശ്വസിക്കുന്നവർക്ക് ലഭിക്കുന്ന കൃപയാണ് ഉന്നതത്തിൽനിന്നുള്ള ജനനം അഥവാ പരിശുദ്ധാത്മാവിലുള്ള നിറവും സമാശ്വാസവും.

**സ്വതന്ത്രമായി ചലിക്കുന്ന ആത്മാവ്**

ആത്മാവിന്റെ പ്രവർത്തനത്തിന്റെ സവിശേഷതയിലേക്ക് അനുവാചകരുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ് "കാറ്റ് അതിന് ഇഷ്ടമുള്ളിടത്തേക്കു വീശുന്നു; അത് എവിടെ നിന്ന് വരുന്നുവെന്നോ എവിടേക്ക് പോകുന്നുവെന്നോ നീ അറിയുന്നില്ല" (യോഹ. 3:8) എന്ന് നിക്കോദേമൂസിനോട് യേശു പറഞ്ഞ ഈ വാക്കുകൾ. പാലസ്തീനായുടെമേൽ വിശുന്ന കിഴക്കൻ കാറ്റിന്റെയും പടിഞ്ഞാറൻ കാറ്റിന്റെയും അനിശ്ചിതത്വത്തെയും അപാരമായ സ്വാതന്ത്ര്യത്തെയും (എപ്പോൾ, എവിടെ നിന്ന്, ഏത് ദിശയിലേക്ക് വീശുമെന്ന് പ്രവചിക്കാൻ കഴിയാത്ത ദുർഗ്രഹത) ഉപമിച്ചുകൊണ്ടാകണം യേശു നിക്കേദേമോസിനോട് ഈ വാക്കുകൾ പറയുന്നത്. കാറ്റുപോലെ ആത്മാവ് തികച്ചും സ്വതന്ത്രമായി ചലിക്കുന്നു. ദൈവജനത്തിന്റെ പുനസൃഷ്ടിയിൽ ആത്മാവിന്റെ പ്രവർത്തനങ്ങളുടെ രഹസ്യാത്മകതയും മനുഷ്യബുദ്ധിയുടെ പരിമിതിക്കപ്പുറത്തുള്ള ആത്മാവിന്റെ പ്രവർത്തനങ്ങളുടെ വ്യാപ്തിയും വെളിവാക്കുകകൂടിയാണ് ഈ വാക്കുകൾ. 'കാറ്റ് വീശുന്നു' എന്ന വാക്കുകളിൽ ആത്മാവിന്റെ മറ്റൊരു സവിശേഷതകൂടി വെളിപ്പെടുത്തുന്നുണ്ട്; ദൈവ

ത്തിന്റെ ആത്മാവ് സദാ പ്രവർത്തന നിരതനാണ് എന്ന സൂചനയാണ് അത് നൽകുന്നത്. ദൈവത്തിന്റെ വചനം പോലെതന്നെ അവിടുത്തെ ആത്മാവും സകലതും പൂർത്തിയാക്കുന്നതുവരെ പ്രവർത്തന നിരത നാണ്. അപ്പോൾ ഈ ഒരു വചനത്തിലൂടെ ദൈവജനത്തിന്റെ പുനസൃ ഷ്ടിയിൽ സ്വതന്ത്രവും രഹസ്യാത്മകവുമായി നിരന്തരം പ്രവർത്തി ക്കുന്ന പരിശുദ്ധാത്മാവിന്റെ സ്വഭാവത്തെയാണ് വത്സലശിഷ്യൻ അവ തരിപ്പിച്ചത് എന്ന് പറയാം.

**സഹായകൻ, സമാശ്വാസകൻ, സദാ കൂടെവസിക്കുന്നവൻ**

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ദൈവികവെളിപാടുകളുടെ പരി പൂർണ്ണതയും സകല്യവുമാണ് സഹായകനെക്കുറിച്ചുള്ള യേശുവിന്റെ വാഗ്ദാനത്തിൽ കൈവരുന്നത്. അതായത്, പ്രാവിലും കാറ്റിലും ജല ത്തിലും അഗ്നിയിലും തുടങ്ങിയ പ്രതീകാത്മക അവതരണം ഒരു വ്യക്തിയിൽ എത്തി നിൽക്കുന്നു. ആ വ്യക്തിക്ക് നൽകിയ പേരാണ് *പാരാക്ലേത്തോസ്* അഥവാ സഹായകൻ. ആത്മാവും ശിഷ്യരും തമ്മി ലുള്ള വൈയക്തികബന്ധത്തിന്റെ പുതുയുഗം തുടങ്ങുന്നു എന്നു സാരം. *പാരാക്ലേത്തോസ്* എന്ന ഒരു വിശേഷണംകൊണ്ട് യേശു ആത്മാവിനെ ഒരു വ്യക്തിയായി അവതരിപ്പിക്കുന്നു. ആ വിശേഷണ ത്തിന്റെ ധ്വനിയെന്താണ്? അത് ദൈവാത്മാവ് ഒരു വ്യക്തിയാണെന്നും യേശുവിൽ വിശ്വസിക്കുന്ന സകലരോടും ആ ആത്മാവ് ആഗാധമായ ഒരാത്മബന്ധത്തിന്റെ ഇഴയടുപ്പത്തിലേക്കും ഉഷ്മളതയിലേക്കും പ്രവേ ശിക്കാൻ ആഗ്രഹിക്കുന്നു എന്നതുതന്നെ. ചില ബൈബിൾ പണ്ഡി തന്മാർ യോഹന്നാന്റെ സുവിശേഷത്തെ ഒരു വിചാരണയുടെ ചട്ടകൂ ടിലുള്ള വ്യാഖ്യാനമായി വിലയിരുത്തുന്നുണ്ട്. യോഹന്നാൻ ആരംഭം മുതൽ ഉപയോഗിക്കുന്ന പ്രധാന പദങ്ങളായ സാക്ഷി, വിധികർത്താ വ്, വിധി, തുടങ്ങിയവയെല്ലാം ഗ്രേക്കോ-റോമൻ കോടതിമുറികളിലേ വ്യവഹാര ഭാഷയിൽ ഉപയോഗിക്കുന്നവയാണ്. ഈ ശ്രേണിയിൽപ്പെട്ട മറ്റൊരു പ്രധാന പദമാണ് *പാരാക്ലേത്തോസ്*. ഗ്രേക്കോ-റോമൻ കോട തികളിൽ പ്രതിക്കുവേണ്ടി സംസാരിക്കുന്ന, വാക്കാലത്ത് നടത്തുന്ന വ്യക്തി എന്നാണ് *പാരാക്ലേത്തോസ്* എന്ന വാക്കിന്റെ വാച്യാർത്ഥം. മറ്റൊരാൾക്കുവേണ്ടി സംസാരിക്കുക എന്ന അർത്ഥമുള്ള *പാരാകാ ലയോ* എന്ന വാക്കിൽ നിന്നാണ് പാരാക്ലേത്തോസ് ഉത്ഭവിച്ചതും. മൂന്ന് അർത്ഥങ്ങളാണ് ഈ വാക്കിന് കല്പിച്ചിരുന്നത്. സഹായകൻ, സമാശ്വാസകൻ, വക്കാലത്ത് പറയുന്നവൻ. പാരാക്ലേത്തോസ് ഒരുവന്റെ ആത്മമിത്രമായും ഗ്രേക്കോ-റോമൻ സംസ്കാരത്തിൽ കാണപ്പെടുന്നു ണ്ട്. അതായത് വ്യവഹാരത്തിൽ ഒരുവനുവേണ്ടി സംസാരിക്കുന്നതും,

അവനെ സംരക്ഷിക്കാൻ ശ്രമിക്കുന്നതും അയാളുടെ ഉറ്റ സ്നേഹിത നായിരുന്നു.

വത്സലശിഷ്യൻ ആത്മാവിനെ പാരാക്ലേത്തോസ് എന്ന് വിളിക്കുന്നതിന്റെ അഗാധമായ ദർശനം ചിന്തിക്കുക. യേശുവിന്റെ മഹത്വീകരണത്തോടെ ആരംഭിക്കുന്ന പുതുയുഗത്തിൽ ദൈവാത്മാവും ദൈവജനവും തമ്മിലുള്ള ആത്മബന്ധമാണ് ഈ പദം അനാവരണം ചെയ്യുന്നത്. ദൈവം കുടെ നടന്ന പറുദീസയുടെ സായ്ഹനങ്ങൾപോലെ ആത്മസ്നേഹിതനായി ദൈവാത്മാവ് സദാ കൂടെ നടക്കുന്ന പുതിയ കാലം ആരംഭിക്കുന്നു. അവൻ യേശുവിൽ വിശ്വസിക്കുന്നവരുടെ കൂടെ നടക്കും അവർക്കുവേണ്ടി സംസാരിക്കുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്യും. അപ്പോൾ വത്സല ശിഷ്യന്റെ തൂലികയിൽ വിരചിതമായ പരിശുദ്ധാത്മാവ് ആരാണ്? അവിടുന്ന് ഒരു വ്യക്തിയാണ്; ആ വ്യക്തിയുടെ പേര് *പാരാക്ലേത്തോസ്*. അവൻ ക്രിസ്തുശിഷ്യരുടെ സഹായകനാണ്; സമാശ്വാസകനാണ്; സദാകൂടെ വസിക്കുന്ന ആത്മമിത്രമാണ്.

**സഹായകന്റെ പ്രവർത്തന ഭൂമിക**

സഹായകനായ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള വത്സലശിഷ്യന്റെ പ്രതിപാദ്യത്തിൽ നിർണ്ണായകമാണ് ആത്മാവ് പ്രവർത്തിക്കുന്ന വേദിയെക്കുറിച്ചുള്ള കൃത്യമായ വിവരണം. യോഹന്നാന്റെ സുവിശേഷം തരുന്ന കൃത്യമായ സൂചന ആത്മാവ് പ്രവർത്തിക്കുന്നത് യേശുവിൽ വിശ്വസിക്കുന്നവരുടെ കൂട്ടായ്മയിൽ അഥവാ സഭയിൽ എന്നാണ്. ആദിയിൽ പ്രപഞ്ചത്തിന്റെ ശൂന്യതകൾക്കുമുകളിൽ ചലിച്ചതുപോലെ ഇപ്പോൾ ശൂന്യതയിലല്ല ആത്മാവ് പ്രവർത്തിക്കുന്നത്; മറിച്ച് സഭയാകുന്ന ശരീരത്തിലാണ്. വചനമായ ദൈവത്തിന് പ്രവർത്തിക്കാൻ മനുഷ്യശരീരം എന്ന മാധ്യമം ആവശ്യമായതുപോലെ പുതുയുഗത്തിൽ ആത്മാവിന് പ്രവർത്തിക്കാൻ ശരീരം ആവശ്യമാണ്. ആ ശരീരമാണ് ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ കൂട്ടായ്മയായ സഭ. സഭയിലൂടെയാണ്, കൂദാശകളിലൂടെയാണ് ആത്മാവ് പ്രവർത്തിക്കുന്നത് എന്ന് സാരം. ആത്മാവിന്റെ പുതുയുഗത്തിലെ പ്രവർത്തന വേദി 'ക്രിസ്തുവിന്റെ സഭയാണ്' എന്ന വ്യാഖ്യാനത്തെ സാധൂകരിക്കുന്നതാണ് പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള യോഹന്നാന്റെ സുവിശേഷത്തിലെ ആദ്യ പരാമർശം (1:32). ആത്മാവ് പ്രാവിനെപ്പോലെ ഇറങ്ങിവന്നത് നസ്രത്തിലെ യേശുവിന്റെ ശരീരത്തിലാണ്. സഭയെന്താണ്? അവൾ യേശുവിന്റെ മൗതിക ശരീരമാണ്. അപ്പോൾ ആത്മാവ് സഭയാകുന്ന ശരീരത്തിലും വിശ്വാസികളുടെ കൂട്ടായ്മയിലും പ്രവർത്ത

നനിരതമാകുന്നതിന്റെ സൂചനയാണ് സ്നാപകന്റെ സാക്ഷ്യത്തിൽ നിഴലിക്കുന്നത്. ആദിമസഭയുടെ കൗദാശിക ദൈവശാസ്ത്രത്തിന്റെ അടിത്തറയായി നിൽക്കുന്നത് വത്സലശിഷ്യന്റെ തൂലിക അവതരിപ്പിച്ച ഈ റൂഹാവിജ്ഞാനീയമായിരുന്നു എന്നാണ് മനസിലാക്കേണ്ടത്. ആത്മാവിലുള്ള ജീവിതമെന്നാൽ തിരുസഭയുടെ കൗദാശിക ജീവിതത്തോട് ചേർന്നു നിൽക്കുന്നതാണെന്ന് സംഗ്രഹിക്കാം.

### സഹായകന്റെ പ്രവർത്തനം

പരിശുദ്ധാത്മാവിനെ സൂചിപ്പിച്ചുകൊണ്ട് യേശു നടത്തുന്ന “മറ്റൊരു സഹായകൻ” (*അല്ലോസ് പാരാക്ലേത്തോസ്*) എന്ന പരാമർശം ശ്രദ്ധേയമാണ്. മറ്റൊരു സഹായകൻ എന്ന വാക്കിൽ രണ്ട് സഹായകർ ഉണ്ട് എന്ന സൂചനയാണല്ലോ നൽകുന്നത്. അപ്പോൾ ആദ്യസഹായകൻ ആരായിരിക്കും. അത് യേശുതന്നെ. അവന്റെ മഹത്വീകരണത്തിനുശേഷമാണ് രണ്ടാമത്തെ സഹായകൻ ആത്മാവിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. വചനത്തിന്റെ യുഗത്തിനുശേഷം ആത്മാവിന്റെ യുഗം ആരംഭിക്കുന്നു. സഹായകന്റെ പ്രവർത്തനങ്ങളെ യേശു അവതരിപ്പിക്കുന്നത് ശ്രദ്ധിക്കുക; പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ‘ബോധ്യപ്പെടുത്തും’. യോഹന്നാന്റെ പരാമർശത്തിലെ *അല്ലോസ് പാരാക്ലേത്തോസ്* (മറ്റൊരു സഹായകൻ) - ഇതിൽ ആദ്യത്തെ സഹായകൻ യേശുവാണെന്ന് ശരിയായി ഗ്രഹിക്കാത്തതിനാലാണ് മുഹമ്മദീയർ പ്രവാചകൻ മുഹമ്മദാണ് യേശു പറയുന്ന മറ്റൊരു സഹായകൻ എന്ന് സ്ഥാപിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

സഹായകന്റെ ആദ്യത്തെ പ്രവർത്തനം ലോകത്തെ പാപം, നീതി, ന്യായവിധി എന്നീ ഈ മൂന്ന് കാര്യങ്ങൾ ബോധ്യപ്പെടുത്തുക എന്നതാണ്. ഭാവിയിൽ യേശുവിന്റെ നാമത്തിൽ നടക്കാനിരിക്കുന്ന ആത്മാവിന്റെ പ്രവർത്തന ഫലമായുള്ള വലിയ മാനസാന്തരത്തിന്റെ സൂചനയാണ് ഈ വാക്കുകളിലുള്ളത് എന്നാണ് പണ്ഡിതമതം. *എലക്സായ്* എന്ന ഗ്രീക്ക് വാക്കാണ് ബോധ്യപ്പെടുത്തുക എന്ന് മലയാളത്തിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നത്. To convcet, reprove എന്നാണ് ഇംഗ്ലീഷിൽ ഈ വാക്കിന്റെ പരിഭാഷ. ഇതിൽനിന്ന് വ്യക്തമാകുന്നത് മാനസാന്തരത്തിന് പ്രേരകമാകുംവിധം വ്യക്തികളിൽ പാപബോധം ജനിപ്പിക്കുക എന്നതാണ് ആത്മാവിന്റെ ആദ്യത്തെ പ്രവർത്തനം എന്നാണ്. പുതിയ നിയമത്തിൽ 18 തവണ *എലക്സായി* എന്ന ഈ പദം ഉപയോഗിച്ചിട്ടുണ്ട് (മത്താ. 18:15; ലൂക്കാ 3:19; യോഹ. 3:20, 8:46, 10:8; 1കോറി.

14:24; എഫേ. 5:11,13; 1തിമോ. 5:20; 2തിമോ. 4:2; തീത്തോ. 1:9,13, 2:15; ഹെബ്രാ. 12:5; യാക്കോ. 2:9; യൂദാ. 1:5,22; വെളി. 3:19). ഇവിടെയെല്ലാം മുകളിൽ പറഞ്ഞതുപോലെ മാനസാന്തരത്തിന് നിർബന്ധിക്കുന്ന തരത്തിൽ പാപബോധം ഉണ്ടാവുക എന്ന അർത്ഥത്തിലാണ് ഈ പദം ഉപയോഗിക്കുന്നത്. പാപത്തെക്കുറിച്ചുള്ള തിരിച്ചറിവാണ് മാനസാന്തരത്തിന്റെ ആദ്യ പടി; ഇതാവട്ടെ ആത്മാവായ ദൈവത്തിന്റെ കൃപയാണുതാനും.

### പാപത്തെക്കുറിച്ച് ബോധ്യപ്പെടുത്തും (16:9)

വത്സലശിഷ്യന്റെ ഭാഷയിൽ പാപം നിർവ്വചിക്കപ്പെട്ടിരിക്കുന്നത് യഹൂദമതധാരണകൾക്ക് തികച്ചും വിരുദ്ധമായ രീതിയിലാണ്. യോഹന്നാന്റെ ഭാഷയിൽ ലോകത്തിൽ ഒറ്റപാപമേ നിലനിൽക്കുന്നുള്ളൂ; അത് യേശുവിൽ വിശ്വസിക്കാതിരിക്കുക അഥവാ പിതാവിന്റെ സമ്പൂർണ്ണ വെളിപാടായ പുത്രനെ നിരാകരിക്കുക എന്നതുമാത്രമാണ്. അതുകൊണ്ടാണ് 'പുത്രനെ വിശ്വസിക്കാത്തവർക്ക് ദൈവകോപം ഉണ്ട്' എന്നും 'അവൻ ജീവൻ ദർശിക്കുകയില്ല' എന്നുമുള്ള ശക്തമായ താക്കീതുകൾ യോഹന്നാൻ നൽകുന്നത് (യോഹ. 3:18,36). അപ്പോൾ ആത്മാവ് പാപത്തെക്കുറിച്ച് ഓർമ്മിപ്പിക്കും എന്ന വാക്കിന്റെ അർത്ഥം: ആത്മാവ് ലോകത്തെ യേശുവിലുള്ള അവിശ്വാസത്തെ ബോധ്യപ്പെടുത്തും; വിശ്വാസത്തിന്റെ കൃപയിലേക്ക് വരാനുതകുന്ന പശ്ചാത്താപം ജനിപ്പിക്കും എന്നാണ്. അവിശ്വാസം മലപോലെ വളർന്ന എല്ലാകാലത്തും സഹായകന്റെ പ്രവർത്തനത്തിനു പ്രസക്തിയുണ്ട്. യേശുവിനെ തിരസ്കരിക്കുകയും അവന്റെ രക്ഷാകരമായ പ്രകാശത്തിന് ബോധപൂർവ്വം പുറംതിരിഞ്ഞ് നിൽക്കുകയും ചെയ്യുന്നതാണ് യോഹന്നാന്റെ വീക്ഷണത്തിലെ ഏക പാപവും അടിസ്ഥാന പാപവും. അങ്ങനെയെങ്കിൽ, ആത്മാവ് ഓരോ മനുഷ്യന്റെയും അന്തകരണത്തിൽ മന്ത്രിക്കുന്നതെന്താണ്? യേശുവിൽനിന്ന് രക്ഷാകരമായ ദൈവിക പ്രകാശത്തിൽനിന്ന് പാലിക്കുന്ന അകലങ്ങളെക്കുറിച്ചുതന്നെ.

### നീതിയെക്കുറിച്ച് ബോധ്യപ്പെടുത്തും (16:10)

സഹായകന്റെ രണ്ടാമത്തെ പ്രവർത്തനം അവൻ നീതിയെക്കുറിച്ച് (*ദിക്കായിയോസ്യുനേ*) ബോധ്യപ്പെടുത്തും എന്നതാണ്. ദൈവത്തിന്റെ മുമ്പിൽ നിൽക്കാനുള്ള യോഗ്യത, ദൈവസന്നിധിയിലെ സ്വീകാര്യത എന്നാണ് നീതി എന്ന വാക്കിന് കൽപ്പിക്കപ്പെട്ട അർത്ഥം. അപ്പോൾ നീതിയെക്കുറിച്ച് ബോധ്യപ്പെടുത്തും എന്നതിനെ മനസിലാക്കേണ്ടത് യേശുവിനെ കുറ്റംവിധിച്ചത് നീതിപൂർവ്വകമായിരുന്നു എന്ന് തെറ്റിദ്ധ

രിച്ച് സ്വയം നീതിയുക്തമാണെന്ന് വിശ്വസിക്കുന്ന ലോകത്തെ, അതിന്റെ നീതിബോധത്തിന്റെ പൊള്ളത്തരത്തെ സഹായകൻ ഓർമ്മിപ്പിക്കും എന്ന അർത്ഥത്തിലാണ്. ഈ ബോധ്യപ്പെടുത്തൽ യഥാർത്ഥ നീതികരണത്തിനുവേണ്ടിയുള്ള ആഗ്രഹത്തിലേക്കാണ് നയിക്കേണ്ടത്. ആ നീതീകരണം നടക്കുന്നതാകട്ടെ (ദൈവസന്നിധിയിൽ യോഗ്യതയോടെ നിൽക്കാൻ കഴിയുന്നതും ദൈവത്തിന്റെ മുമ്പിൽ സ്വീകാര്യത ലഭിക്കുന്നതും) പിതാവ് വിശുദ്ധീകരിച്ച് ലോകത്തിലേക്കയച്ച പുത്രനെ സ്വീകരിക്കുമ്പോഴാണുതാനും.

## ന്യായവിധിയെക്കുറിച്ച് ബോധ്യപ്പെടുത്തും (16:11)

ഈ ലോകത്തിന്റെ അധികാരി വിധിക്കപ്പെട്ടതിനാലാണ് സഹായകൻ ന്യായവിധിയെക്കുറിച്ച് ബോധ്യപ്പെടുത്തുന്നത്. സാത്താനെ ഈ ലോകത്തിന്റെ അധികാരി എന്നു വിളിക്കുന്ന ഭാഗങ്ങൾ ശ്രദ്ധിക്കുക: "ഈ ലോകത്തിന്റെ അധികാരി പുറത്താക്കപ്പെടുന്ന സമയം" (യോഹ. 12:31 ); "ഈ ലോകത്തിന്റെ അധികാരി വരുന്നു..." (യോഹ. 14:30). സാത്താൻ കുറ്റം വിധിക്കപ്പെട്ടത് എവിടെയാണ്? യേശുവിന്റെ കുരിശിലാണ് സാത്താൻ കുറ്റം വിധിക്കപ്പെടുകയും പരാജിതനാവുകയും ചെയ്തത്. യേശുവിന്റെ മരണോത്ഥാനങ്ങൾ സാത്താന്റെ മേലുള്ള വിധിതീർപ്പായിരുന്നു. അപ്പോൾ സഹായകന്റെ ദൗത്യം "ദൈവം യേശുവിന്റെ മരണ-ഉത്ഥാനങ്ങളിലൂടെ സാത്താന്റെമേൽ നടത്തിയ വിധി ശിഷ്യരെ ബോധ്യപ്പെടുത്തുക എന്നതാണ്. സാത്താൻ വിധിക്കപ്പെട്ടത് അറിയിക്കുന്ന ആത്മാവ് നൽകുന്ന മുന്നറിയിപ്പ് എന്താണ്? അവന്റെ പക്ഷത്തുനിന്ന് യേശുവിനെ തിരസ്കരിക്കുന്നവർക്ക് സാത്താന്റേതിന് തത്തുല്യമായ ന്യായവിധി കാത്തിരിക്കുന്നു എന്നതുതന്നെ. പരാജിതനും ശിക്ഷയ്ക്ക് വിധിക്കപ്പെട്ടവനുമായാണ് യേശുവിന്റെ മഹത്വീകരണത്തിനുശേഷം സാത്താൻ പ്രവർത്തിക്കുന്നത് എന്ന് നമ്മെ ബോധ്യപ്പെടുത്തുന്നത് സഹായകനായ പരിശുദ്ധാത്മാവാണ്.

## സത്യത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കുക (16:13)

യോഹന്നാന്റെ ഭാഷ്യത്തിൽ ഈ ലോകത്തിലെ ഏക സത്യം പിതാവിനാൽ അയയ്ക്കപ്പെട്ട യേശു മാത്രമാണ്. "വഴിയും സത്യവും ജിവനും ഞാനാണ്" (യോഹ. 14:16); "അവിടുത്തെ വചനമാണ് സത്യം" (17:18); "വചനം മാംസംധരിച്ച് നമ്മുടെ ഇടയിൽ വസിച്ചു അവന്റെ മഹത്വം നാം ദർശിച്ചു" (1:14). ഈ വചനങ്ങളിൽനിന്നും വ്യക്തമാകുന്നത് യേശുവാണ് സത്യം എന്ന അനിഷേധ്യമായ വെളിപാടാണ്.

“സത്യത്തിന്റെ പൂർണ്ണത” എന്നതിൽ നിന്ന് നാം മനസിലാക്കേണ്ടത് യേശുവുമായുള്ള സമ്പൂർണ്ണ സഹവാസം അഥവാ യേശുവിനെക്കുറിച്ചുള്ള സമ്പൂർണ്ണ ജ്ഞാനം എന്നാണ്. സഹായകൻ വിശ്വാസികളെ യേശുവിനെക്കുറിച്ചുള്ള പൂർണ്ണമായ അറിവിലേക്കും ആത്മബന്ധത്തിലേക്കും സഹവാസത്തിലേക്കും നയിക്കും. യേശുവിൽ വസിക്കുക എന്നതും അവനുമായുള്ള വൈയക്തിക ബന്ധത്തിന്റെ പൂർണത എന്നതുമാണ് സത്യത്തിന്റെ പൂർണ്ണത എന്നതിൽ നിന്ന് നാം മനസ്സിലാക്കേണ്ടത്.

**വരാനിരിക്കുന്ന കാര്യങ്ങൾ അറിയിക്കും**

ഭാവിപറയുന്ന ആത്മാവ് എന്ന അർത്ഥത്തിലല്ല ‘വരാനിരിക്കുന്ന കാര്യങ്ങൾ അറിയിക്കും’ എന്ന പരാമർശത്തെ മനസ്സിലാക്കേണ്ടത്. മറിച്ച്, വിശ്വാസികൾ ഉൾക്കൊള്ളേണ്ട യഥാർത്ഥ യുഗാന്ത്യോന്മുഖ ദർശനത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. ആത്മാവാണ് സ്വർഗീയകാര്യങ്ങളെക്കുറിച്ചുള്ള അറിവ് നൽകുന്നത്. യേശുവിൽ വിശ്വസിക്കുന്നവരുടെ പരമമായ അന്ത്യം, അവനെപ്രതി ഏൽക്കേണ്ടിവരുന്ന പീഢനങ്ങൾ, നിത്യമായ ജീവൻ, സ്വർഗ്ഗസൗഭാഗ്യം ഇവയെക്കുറിച്ചാണ് സഹായകൻ അറിയിക്കുന്നത്. യേശു തന്നെയും ഭാവികാര്യങ്ങളായി അറിയിച്ചത് തന്റെ സഹനങ്ങളും മഹത്വീകരണത്തെയുംകുറിച്ചായിരുന്നു (13:19, 14:29). ശിഷ്യർ ഭാവിയിൽ നേരിടേണ്ട സഹനങ്ങളെയും പീഢനങ്ങളെയും ആത്മാവ് വെളിപ്പെടുത്തുകയും അവ സ്വീകരിക്കാൻ അവരെ ഒരുക്കുകയും ചെയ്യും. മനുഷ്യാസ്ഥിത്വത്തിന്റെ ആത്യന്തിക ലക്ഷ്യത്തെയും യുഗാന്ത്യോന്മുഖതയെയും അറിയിക്കും എന്നും വരാനിരിക്കുന്ന സഹനങ്ങൾ വെളിപ്പെടുത്തും എന്നുമുള്ള വ്യാഖ്യാനംകൂടി പരിഗണനാർഹമാണ്. ഈ വ്യാഖ്യാനത്തിന്റെ വെളിച്ചത്തിൽ ഇന്ന് കേരളസഭയിൽ വർദ്ധമാനമായിരിക്കുന്ന കരിസ്മാറ്റിക് ധ്യാനത്തോട് അനുബന്ധിച്ച് നടക്കുന്ന ‘കൗൺസലിംങ്’ എന്ന പരിപാടിയുടെ സാംഗത്യം ചിന്തിക്കണം. പലരും ഭാവിയും ഭൂതവും ഗണിച്ച് പറയുന്ന അന്യമതത്തിലെ ജ്യോതിഷികളുടെ വേഷമല്ലേ കെട്ടിയാടുന്നത്? ജോലി കിട്ടുന്നത്, രോഗസൗഖ്യം, സാമ്പത്തിക പുരോഗതി... ഇങ്ങനെ ഈ ലോകജീവിതത്തിന്റെ വ്യഗ്രതകൾക്ക് ആത്മാവിനെ കൂട്ട് പിടിച്ച് ഗണിച്ച് പറയുന്നത് ക്രൈസ്തവമാണോ? പരിശുദ്ധാത്മാവിനെതിരെയുള്ള പാപമല്ലേ ഇത്തരം അപഭ്രംശങ്ങൾ.

പുത്രൻ പിതാവിനെ തന്റെ പ്രവൃത്തികളുടെ സാക്ഷ്യംവഴി വെളിപ്പെടുത്തുകയും മഹത്വപ്പെടുത്തുകയും ചെയ്തതുപോലെ സഹായ

കൻ യേശുവിനെ പ്രവർത്തന സാക്ഷ്യം വഴിയായാണ് മഹത്വപ്പെടുത്തുന്നത്. ലോകത്തെ മാനസാന്തരത്തിലേക്ക് നയിച്ചുകൊണ്ടും യേശുവിനെ സ്വീകരിക്കാൻ ഒരുക്കികൊണ്ടും, വിശ്വാസികളുടെ സമാശ്വാസകനായി കൂടെ നടന്നുകൊണ്ട് യേശുവിനെ മഹത്വപ്പെടുത്തും. 'യേശുവിനെ മഹത്വപ്പെടുത്തും' എന്നതിനെ യേശുവിന്റെ സ്വഭാവത്തെ തുടർന്നും വെളിപ്പെടുത്തും എന്ന അർത്ഥത്തിൽ വ്യാഖ്യാനിക്കുന്ന പണ്ഡിതരുണ്ട്. പുറപ്പാട് പുസ്തകത്തിൽ 33-34 അധ്യായങ്ങളിൽ ദൈവത്തിന്റെ മഹത്വം വെളിപ്പെട്ടതിനോട് ഒപ്പമാണ് അവിടുത്തെ സ്വഭാവവും (കാരുണ്യവാനും, കൃപാനിധിയും, വിശ്വസ്തനും) വെളിപ്പെട്ടത്. അതുപോലെ യേശുവിന്റെ മഹത്വീകരണത്തിൽ വെളിപ്പെടുന്ന അവിടുത്തെ ദൈവിക സ്വഭാവം തിരിച്ചറിയാൻ ശിഷ്യരെ സഹായകൻ ഒരുക്കും എന്നാണ് ഇവിടെ അർത്ഥമാക്കുന്നത്.

**അവൻ അവരുടെമേൽ നിശ്വസിച്ചുകൊണ്ട് പറഞ്ഞു**

ഉത്ഥാനംചെയ്ത യേശു സ്വർഗ്ഗാരോഹണത്തിനുമുമ്പ് ശിഷ്യർക്ക് ആത്മാവിനെ വാഗ്ദാനം ചെയ്യുന്നതിനു മുമ്പ് നടക്കുന്ന പ്രവർത്തിയാണിത്. 'അവരുടെമേൽ നിശ്വസിച്ചു' എന്ന് വാക്ക് വായനക്കാരെ പരിചയപ്പെടുത്തുന്ന മനോഹരമായ പഴയനിയമചിത്രമുണ്ട്; ഭൂമിയിലെ പൂഴിയിൽ നിന്ന് മനുഷ്യനെ സൃഷ്ടിച്ച ദൈവം "അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിച്ചു അങ്ങനെ ആദിമനുഷ്യൻ ജീവനുള്ളവനായി മാറി" (*വയ്യിഫാ ബ്അഫായിവ് നിഷ്മത്ത് ഹയ്യീം, വയ്യ്ഹി ഹ്അദാം ല്നെഫെഷ്*) എന്നാണ് വചനം പറയുന്നത് (ഉൽപ്പ. 2:7). ഇതേ ഘനമുള്ള അർത്ഥമാണ് യേശു നിശ്വസിച്ചു എന്നു പറയുമ്പോൾ മനസിലാക്കുന്നതും. ആദത്തെ ജീവനുള്ളവനാക്കി മാറ്റിയ ദൈവത്തിന്റെ ശ്വാസം (*റൂഹാ എലോഹിം*) പുതിയ സൃഷ്ടിയുടെ പ്രതീകങ്ങളായ ശിഷ്യരെയും ജീവനുള്ളവരാക്കിമാറ്റുന്നു. ഇവിടെ ഏറ്റവും സവിശേഷ ശ്രദ്ധപതിയുന്ന കാര്യം പാപമോചനത്തിനുള്ള അധികാരം നൽകികൊണ്ടാണ് യേശു ശിഷ്യരുടെമേൽ (അപ്പസ്തോലന്മാരുടെമേൽ) നിശ്വസിക്കുന്നത് എന്നുള്ളതാണ്. എന്താണ് പാപമോചനം? അത് പുതുജീവൻ നൽകലാണ്; പാപം മൃതമാക്കിയ മൺകൂടാരത്തിൽ വീണ്ടും ആത്മാവിനെ സന്നിവേശിപ്പിക്കലാണ്. ആദ്യമനുഷ്യനെ തന്റെ നിശ്വാസം നിവേശിപ്പിക്കുന്നതുവഴി ജീവനുള്ളവനാക്കി മാറ്റിയതുപോലെ മനുഷ്യന് പുതുജീവൻ നൽകുന്ന പാപമോചനത്തിന്റെ കൂദാശയുടെ സുന്ദരമായ അക്ഷരസാക്ഷ്യമാണ് ഈ വരികൾ.

## ഒരു കാലിക വായന

സഹായകൻ എന്ന അഭിധാനം പരിശുദ്ധാത്മാവിന് നൽകിയതുവഴി മൃദുമന്ത്രണങ്ങളാൽ വഴിനടത്തുന്ന, സ്നേഹബന്ധത്തിന്റെ ഊഷ്മളമായ ആവൃതിയിലേക്ക് പ്രവേശിക്കാനാഗ്രഹിക്കുന്ന, ജീവനുള്ള വ്യക്തിയായാണ്, ആത്മമിത്രമായാണ് യേശു പരിശുദ്ധാത്മാവിനെ ശിഷ്യസമൂഹത്തിനുമുമ്പിൽ ആവിഷ്കരിച്ചത്. അപ്പസ്തോലിക കാലഘട്ടവും പീഢനങ്ങളുടെയും അരക്ഷിതാവസ്തകളുടെയും ചെങ്കടൽ കടന്ന ആദിമസഭയും മറക്കാതെ ഈ സഹായകന്റെ സ്നേഹസാമിപ്യത്തോടും നിമന്ത്രണങ്ങളോടും സദാ ചേർന്നു നടന്നിരുന്നു. പിഢകരുടെ മുമ്പിൽ പറയേണ്ട വാക്കുകളും സുവിശേഷവുമായി നടക്കേണ്ട വഴിയും പോകേണ്ട ദിക്കും പ്രഘോഷിക്കപ്പെടേണ്ട വ്യക്തികളും സഹായകൻ പറഞ്ഞുകൊടുത്ത കൃപയുടെ കാലം ആദിമസഭയുടെ ചരിത്രത്തിലുണ്ട്. ആ വിശുദ്ധ സ്വരം കേട്ടകാലം സഭയ്ക്ക് നേരിന്റെ ഒരു ബലവും ലാളിത്യത്തിന്റെ അപാരമായ ഭംഗിയും വിശുദ്ധിയുടെ സുഗന്ധവുമുണ്ടായിരുന്നെന്ന് എതിരാളികൾ പോലും സമ്മതിക്കുകയും സുവിശേഷം ലോകത്തെ കീഴടക്കുകയും ചെയ്തിരുന്നു.

എന്നുമുതലാണോ ആത്മാവിന്റെ മൃദുസ്വരത്തേക്കാൾ ബുദ്ധിമാന്മാരുടെയും ധനമോഹികളുടേയും മാനേജ്മെന്റ് വിദഗ്ദരുടെയും നയതന്ത്രപടുക്കളുടെയും സ്വരത്തിന് സഭ വിധേയപ്പെട്ടുതുടങ്ങിയത് അന്നുമുതൽ ക്രമേണ നഷ്ടപ്പെട്ടുതുടങ്ങി സഭയ്ക്ക് എതിരാളികൾപോലും അസൂയയോടെകണ്ടിരുന്ന നേരിന്റെ ബലവും ലാളിത്യത്തിന്റെ ഭംഗിയും വിശുദ്ധിയുടെ സുഗന്ധവും. പ്രവർത്തികളിൽ പതറുന്ന, പറഞ്ഞ വാക്കിൽ കുടുങ്ങുന്ന, ലോകത്തെ പ്രചോദിപ്പിക്കാൻകഴിയാത്ത വർത്തമാനകാല ദുരവസ്ഥയ്ക്ക് എന്താണ് പരിഹാരം? ലളിതമാണിത്; തിരിച്ചുപോകണം, ആത്മസ്വരത്തിന് ചെവികൊടുത്തിരുന്ന കൃപയുടെ കാലത്തിലേക്ക്. പുനരാരംഭിക്കേണ്ടതും തിരിച്ചുപിടിക്കേണ്ടതും അനുഷ്ഠാനവിധിയുടെയും ആചാരമുറകളുടെയും ജീവനില്ലാത്ത പഴയകാലത്തെയല്ല ആത്മാവ് വഴിനടത്തിയ കൃപയുടെ കാലത്തെയാണ്. അടിയുറച്ച വിശ്വാസികൾക്കും സഭാസ്നേഹികൾക്കുംപോലും ആത്മദുഃഖം തോന്നുന്ന ഇന്നത്തെ ഇടർച്ചകളിൽ നിന്ന് സഹായകന്റെ ബലത്താൽ, സ്വയം നവീകരിക്കാനും ആത്മാവിന് വിട്ടുകൊടുക്കാനും നേരിന്റെ ബലവും വിശുദ്ധിയുടെ മണവും ലാളിത്യത്തിന്റെ ഭംഗിയും വീണ്ടെടുത്ത് സഭയെ ആരാണ് വീണ്ടും യൗവ്വനയുക്തയാക്കുക?

– “നീ ഇടത്തോട്ടോ വലത്തോട്ടോ തിരിയുമ്പോൾ കാതിനുപിറകിൽ ഒരു സ്വരംകേൾക്കും; ഇതാണ് വഴി, ഇതിലേ പോവുക.” (ഏശ. 30:21)

23

# ബലിപീഠം പുണരുന്ന കുഞ്ഞാട്
## (യോഹ. 18 – 19)

"മരിക്കും മുമ്പ് ആരെയും ഭാഗ്യവാനെന്ന് വിളിക്കരുത്, കാരണം മരണത്തിലൂടെയാണ് മനുഷ്യനെ അറിയുന്നത്" (പ്രഭാ. 11:28). ലോകചരിത്രം ചർച്ചചെയ്തിട്ടുള്ള മരണങ്ങളിൽ ഏറ്റവും ധീരവും ഉദാത്തവും കാലത്തിനപ്പുറം പ്രസക്തി നഷ്ടപ്പെടാത്തതുമായ മരണം ഏതാണ് എന്ന ചോദ്യത്തിന് നസ്രത്തിലെ യേശുവിന്റെ മരണം എന്നതായിരിക്കണം ശരിയുത്തരം. സഹനപർവ്വങ്ങളിലൂടെ കടന്നുപോയവരെ ഇത്രത്തോളം ശക്തിപ്പെടുത്തിയ മറ്റൊരു സഹനചരിത്രം ഉണ്ടോ എന്ന് സംശയമാണ്. യേശുവിന്റെ ജീവിതം ദൈവാവിഷ്കാരത്തിന്റെ മുഹൂർത്തമായിരുന്നതുപോലെ തന്നെയാണ് അവന്റെ മരണത്തെയും വത്സലശിഷ്യൻ അവതരിപ്പിക്കുന്നത്; വെളിപാടിന്റെയും ദൈവാവിഷ്കാരത്തിന്റെയും സമ്മോഹന മൂഹൂർത്തമായിതന്നെ. ക്രിസ്തുവിന്റെ മരണത്തേക്കാൾ പ്രസക്തി അവന്റെ ഉത്ഥാനത്തിനാണെന്ന് വേദപുസ്തകങ്ങളും ക്രൈസ്തവ ദൈവശാസ്ത്രവും അടിവരയിടുമ്പോഴും ഒരു സാധാരണ വിശ്വാസിയുടെ മനസിൽ ഏറ്റവും പരിചിതമായി നിൽക്കുന്നത് ക്രൂശിതരൂപമായിരിക്കും. ക്രൂശിതൻ എന്ന കരളുലയ്ക്കുന്ന സത്യത്തിന്റെ മുമ്പിൽ, അവന്റെ കുരിശിന്റെ വഴിയിൽ, സഹനനിമിഷങ്ങളിൽ തങ്ങളുടെ ജീവിതത്തിലെ സകല സങ്കടക്കാഴ്ചകളുടെയും പരിച്ഛേദം വായിച്ചെടുക്കാമെന്നതിനാലാണ് പഴമമണക്കാത്ത അനുഭവമായി ഇന്നും ക്രൂശിതൻ നിലകൊള്ളുന്നത്. പീഢനങ്ങളുടെയും തിരസ്കരണങ്ങളുടെയും ശരശയ്യകളിൽ പിടഞ്ഞ ആദിമസഭയ്ക്ക് വത്സല ശിഷ്യൻ സഹന

ക്കടൽ നീന്തിക്കയറിയ, വിജയശ്രീലാളിതനായ യേശുവിന്റെ ജീവിതം പ്രത്യാശയുടെയും പ്രചോദനത്തിന്റെയും അക്ഷരസാക്ഷ്യമായാണ് അവതരിപ്പിക്കുന്നത്.

## യേശു ബന്ധനസ്ഥനാകാൻ അനുവദിക്കുന്നു (18:1–12)

വത്സല ശിഷ്യന്റെ പീഢാനുഭവ വിവരണങ്ങൾക്കു മുഴുവൻ ആമുഖമായി, "തിരിച്ചെടുക്കുന്നതിനുവേണ്ടി താൻ ജീവൻ അർപ്പിക്കുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും എന്നിൽ നിന്ന് അതു പിടിച്ചെടുക്കുകയല്ല. ഞാനത് സ്വമനസാ സമർപ്പിക്കുകയാണ്" (യോഹ. 10:18) എന്ന യേശുവിന്റെ വാക്കുകളെ പരിഗണിക്കാമെന്ന് തോന്നുന്നു. അതിനാൽ യേശുവിന്റെ സഹനവും മരണവും വത്സല ശിഷ്യന്റെ ഭാഷ്യത്തിൽ വിജയിയായവന്റെ സ്വയം സമർപ്പണമാണ്. യോഹന്നാൻ അവതരിപ്പിക്കുന്ന പീഢാനുഭവ-മരണ രംഗങ്ങളിലെ യേശു നിസ്സഹായനോ ദുർബലനോ ഭീരുവോ അല്ല, മറിച്ച് സഹനത്തിന്റെ നടുവിലും അവൻ രാജാവാണ്; ശക്തനും ധീരനുമാണ്. കൈവിലങ്ങുകളുടെ നടുവിലും അവൻ സ്വതന്ത്രനാണ്. ക്രൂരമായ പരിഹാസവും ചാട്ടവാറടികളും ക്രൂശീകരണവും അപമാനത്തിന്റെ പരകോടിയിലുള്ള അനുഭവങ്ങളാണെങ്കിലും ധീരനും സ്വതന്ത്രനുമായി അവയെ നേരിട്ടുകൊണ്ട് നിന്ദനത്തിന്റെ നിമിഷങ്ങളെ ബഹുമതിയുടെയും മഹത്വീകരണത്തിന്റെയും മുഹൂർത്തങ്ങളാക്കി യേശു മാറ്റുന്നതാണ് വത്സലശിഷ്യൻ വരച്ച്കാട്ടുന്നത്. യവന-റോമൻ സംസ്കാരത്തിൽ നിശബ്ദമായ സഹനം ബഹുമതിയുടെയും ധീരതയുടെയും അടയാളമായാണ് എവുസേബിയൂസിനെപ്പോലെയുള്ള ചരിത്രകാരന്മാരും ചിന്തകനായ സിസ്സറോയും വ്യാഖ്യാനിക്കുന്നത്.

വത്സലശിഷ്യന്റെ വിവരണത്തിൽ യേശുവിന്റെ പീഢാനുഭവ രംഗങ്ങൾ ആരംഭിക്കുന്നത് കെദ്രോൺ അരുവിയുടെ അക്കരെ സ്ഥിതിചെയ്തിരുന്ന ഒരു തോട്ടത്തിൽ നിന്നാണ്. ജറുസലേമിന്റെ വടക്കുഭാഗത്ത് ആരംഭിക്കുന്നതും വർഷകാലത്തുമാത്രം നീരൊഴുക്കുള്ളതുമായ ഒരു ചാലാണ് കെദ്രോൺ. ദേവാലയം സ്ഥിതിചെയ്തിരുന്ന സിയോൻകുന്നിനെയും ഒലിവുമലയെയും തമ്മിൽ വേർതിരിക്കുന്നത് കെദ്രോൺ അരുവിയായിരുന്നു. സമാന്തര സുവിശേഷകൻ ഈ തോട്ടത്തിന് ഗത്സമെനി എന്നാണ് പേര് നല്കിയിരിക്കുന്നത്. *ഗാത്ത്*, *ഷെമനിൻ* എന്നീ ഹെബ്രായ വാക്കുകളിൽ നിന്നാണ് ഗത്സമെനി എന്ന പേര് രൂപപ്പെട്ടത്. അർത്ഥം – 'എണ്ണയാട്ടുന്ന ചക്ക്' എന്നാണ്. ഒലിവു തോട്ടമായതിനാലും നടുവിൽ ചക്ക് ഉണ്ടായിരുന്നതിനാലുമാകണം

ഗത്സമനി എന്ന് ഇത് വിളിക്കപ്പെടാൻ കാരണം. ഗത്സമനിയുടെ അരികിലായി സ്ഥിതിചെയ്തിരുന്ന വലിയ ഗുഹയിലാവണം രാത്രികാലങ്ങളിൽ യേശുവും ശിഷ്യന്മാരും സമ്മേളിച്ചിരിക്കുക എന്ന് അഭിപ്രായപ്പെടുന്ന പണ്ഡിതരുണ്ട്. തന്റെ വിവരണങ്ങളിൽ സ്ഥല-സമയ വിവരങ്ങളുടെ സൂക്ഷ്മത നൽകുന്നതിൽ ശ്രദ്ധേയനായ യോഹന്നാൻ ചിരപരിചിതമായ ഗത്സമിനിയെ പേര് പരാമർശിക്കാതെ വെറുതെ 'ഒരു തോട്ടം' (*കേപ്പോസ്*) എന്നുമാത്രം വിളിക്കുന്നതിന്റെ പിന്നിലെ ദൈവശാസ്ത്ര അർത്ഥം എന്തായിരിക്കും? രക്ഷയുടെ ആദ്യവാഗ്ദാനം (ഉൽപ. 3:15) യേശുക്രിസ്തുവിൽ നിറവേറുന്നു എന്ന് സ്ഥാപിക്കുകയാണ് യോഹന്നാന്റെ സുവിശേഷരചനയുടെ പ്രധാനലക്ഷ്യം എന്ന പൊതുവായ പണ്ഡിതമതം സ്വീകരിക്കുമ്പോൾ, വേദപുസ്തകം വിവരിക്കുന്ന ആദ്യതോട്ടത്തിലെ പതനത്തിന് യേശുവിലൂടെ നടക്കുന്ന പരിഹാരവും തിരിച്ചുനടക്കലുമാണ് (reversal) 'തോട്ടം' എന്ന വാക്കിലൂടെ ദ്യോതിപ്പിക്കുന്നത് എന്ന് വ്യാഖ്യാനിക്കാം.

മനുഷ്യവംശത്തിന്റെ തകർച്ചയുടെ ചരിത്രം ഒരു തോട്ടത്തിൽ വച്ച് ആദ്യമനുഷ്യൻ ദൈവഹിതം ധിക്കരിക്കുന്നതിലൂടെ ആരംഭിച്ചെങ്കിൽ (ഉൽപ. 3:1) ഇതാ മറ്റൊരുതോട്ടത്തിൽ വച്ച് മനുഷ്യനായി പിറന്ന വചനം ദൈവഹിതത്തിന് സമ്പൂർണ്ണ സമർപ്പണം നടത്തിക്കൊണ്ട് പരിഹാരപ്രവർത്തി ആരംഭിക്കുന്നു. സകലസൗഭാഗ്യങ്ങളും നിറഞ്ഞുനിന്ന പറുദീസായിലെ പതനത്തിന് ഒറ്റിക്കൊടുക്കലിന്റെ ആത്മപീഢയും ആത്മസംഘർഷത്തിന്റെ ഇരുട്ടും ചൂഴ്ന്നുനിന്ന ഗത്സമനി പരിഹാരവേദിയാകുന്ന രംഗമാണ് യോഹന്നാൻ അവതരിപ്പിക്കുന്നത്. പറുദീസയും ഗത്സമനിയും സംഘർഷങ്ങളുടെ ഭൂമികയാണ്; ദൈവഹിതവും മനുഷ്യഹിതവും തമ്മിലുള്ള സംഘർഷഭൂമിക. ആദ്യത്തെതോട്ടത്തിൽ മനുഷ്യഹിതം ദൈവഹിതത്തെ മറികടന്നെങ്കിൽ ഗത്സമനി പരിഹാരത്തിന്റെ വേദിയാണ്; ദൈവഹിതത്തിന് മനുഷ്യഹിതത്തെ സമ്പൂർണ്ണ സമർപ്പണം നടത്തിയ അനുസരണത്തിന്റെ ഭൂമിക. മനുഷ്യൻ അമർത്യത മോഹിച്ച ഇടമായിരുന്നു അദ്യതോട്ടമായ ഏദൻ എങ്കിൽ രണ്ടാമത്തെ തോട്ടമായ ഗത്സമനി ദൈവം മർത്യത സ്വീകരിക്കാൻ തീരുമാനിച്ച സ്ഥലമാണ്. ഈ അർത്ഥത്തിൽ, 'തോട്ടം' എന്ന വാക്ക് യോഹന്നാൻ തികച്ചും അർത്ഥഗർഭമായും പ്രതീകാത്മകമായും ഉപയോഗിച്ചതാണെന്ന് വ്യക്തം.

### ഒറ്റുകാരന്റെ സാന്നിദ്ധ്യം

സമവീക്ഷണ സുവിശേഷകന്മാർ ചുംബനത്തിലൂടെ യൂദാസ് യേശുവിനെ ഒറ്റിക്കൊടുക്കുന്നതായി ചിത്രീകരിക്കുമ്പോൾ യോഹ

ന്നാൻ "യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസും അക്കൂട്ടത്തിലുണ്ടായിരുന്നു" (18:15 എന്ന ഒറ്റവാചകത്തിൽ ഒറ്റുകാരന്റെ പ്രവൃത്തിയെ സംഭവിച്ച് കഴിഞ്ഞ ഒന്നായി അവതരിപ്പിക്കുന്നത് ശ്രദ്ധേയമാണ്. അതായത് യോഹന്നാന്റെ ഭാഷ്യത്തിൽ യൂദാസിന്റെ ഒറ്റികൊടുക്കൽ മുൻപേ സംഭവിച്ചു കഴിഞ്ഞു. സമവീക്ഷണ സുവിശേഷകൻമാരാകട്ടെ ഗത്സമനിയിൽ നടന്ന ചുബനത്തിലൂടെ യേശുവിനെ കാണിച്ച് കൊടുത്ത പ്രവൃത്തിയെയാണ് ഒറ്റികൊടുക്കൽ എന്ന രീതിയിൽ അവതരിപ്പിക്കുന്നത്. 'ഒറ്റിക്കൊടുക്കൽ' എന്ന പദംവഴി യോഹന്നാൻ എന്തായിരിക്കും കൂടുതലായി അർത്ഥമാക്കിയിട്ടുണ്ടായിരിക്കുന്നത്? യോഹന്നാന്റെ ഭാഷ്യത്തിൽ ഒറ്റികൊടുക്കൽ, വിശ്വാസത്യാഗത്തെയാണ് വിവക്ഷിക്കുന്നത്. പീഢനങ്ങളുടെ അഗ്നിപരീക്ഷണങ്ങളെ ഭയന്ന് വിശ്വാസം ഉപേക്ഷിക്കുന്നതിനെതിരെയുള്ള മുന്നറിയിപ്പ് ഈ സംജ്ഞയ്ക്കു പിറകിൽ മറഞ്ഞിരിപ്പുണ്ട് എന്ന് വേണം മനസിലാക്കാൻ. അപ്പോൾ യൂദാസ് ഒരു സാധ്യതയാണ്; യേശുവിനെ പലകാരണങ്ങളാൽ (പണം, അധികാരം, പീഡനം) തള്ളിപ്പറഞ്ഞ് അകലാനുള്ള പ്രലോഭനത്തെയാണ് ഒറ്റുകാരനിലൂടെ വത്സല ശിഷ്യൻ അവതരിപ്പിക്കുന്നത്. യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്ന യേശു സഹനം ഏറ്റെടുക്കാൻ നിർബന്ധിക്കപ്പെടുന്നവനല്ല; മറിച്ച്, 'നിങ്ങൾ ആരെ അന്വേഷിക്കുന്നു' എന്ന ചോദ്യവുമായി തന്നെ ബന്ധനസ്ഥനാക്കാൻ വന്നവരെ സമീപിക്കുന്നവനാണ്. അതായത് തന്റെ സഹനത്തിന്റമേൽ സമ്പൂർണ്ണ നിയന്ത്രണമുള്ളവനായി ക്രിയാത്മകവും ഭാവാത്മകവുമായി സഹിക്കുന്നവനായിട്ടാണ് യോഹന്നാൻ യേശുവിനെ വ്യാഖ്യാനിക്കുന്നത് എന്ന് ചുരുക്കം (യോഹ. 10:8). ഇവിടെ യേശു തനിക്ക് സംഭവിക്കാനിരിക്കുന്നവയെപ്പറ്റി അറിവുള്ളവനും (18:40, 16:30); പിതാവ് തന്നെ ഏൽപ്പിച്ച ദൗത്യത്തെക്കുറിച്ച് തികഞ്ഞ അവബോധവും ആത്മവിശ്വാസമുള്ളവനുമാണ്; തന്റെ ശിഷ്യരോട് അവർ ഒരുപക്ഷെ ഒറ്റികൊടുക്കുകയോ, ഉപേക്ഷിക്കുകയോ, തള്ളിപ്പറയുകയോ ചെയ്താലും വിശ്വസ്ഥനായി നിലകൊള്ളുന്നവനാണ്. "നിങ്ങൾ എന്നെയാണ് അന്വേഷിക്കുന്നതെങ്കിൽ ഇവർ പൊയ്ക്കൊള്ളട്ടെ" (18:8). എന്ന വാക്കുകളിലൂടെ അനാവൃതമാകുന്നത് ശിഷ്യരോട് അവരുടെ അവിശ്വസ്ഥതകൾക്കും ഇടർച്ചകൾക്കും അതീതമായി നിലകൊള്ളുന്ന വിശ്വസ്ഥമായ അവന്റെ ഗുരുഹൃദയമാണ്.

### ഗത്സമിനിയിലെ ദൈവാവിഷ്കാരം

നസ്രത്തിലെ യേശുവിനെ അവതരിച്ച ദൈവവചനമായി വ്യാഖ്യാനിക്കാനുള്ള വത്സലശിഷ്യന്റെ പരിശ്രമങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ

വെളിപാടിന്റെ രീതിയാണ് 'ഞാനാകുന്നു' (*എഗോ എയ്മി*) എന്ന വെളിപ്പെടുത്തൽ. യേശുവിന്റെ സമ്പൂർണ്ണ ദൈവികതയ്ക്കുള്ള യോഹന്നാന്റെ സുന്ദരമായ അക്ഷരസാക്ഷ്യമായിവേണം ഈ വാക്കുകളെ മനസിലാക്കാൻ. യേശുവിന്റെ ദൈവികതയുടെ വെളിപ്പെടുത്തലിന്റെ ശക്തിയാണ് അവനെ പിടികൂടാനെത്തിയവർ പിൻവലിയാനും നിലംപതിക്കാനുമുള്ള കാരണം. *എഗോ എയ്മി* എന്ന വെളിപാടിൽ പ്രതിഫലിക്കുന്ന ഏറ്റവും സുപ്രധാനമായ പഴയനിയമ ഭാഗം പുറപ്പാട് 3:14 ൽ മോശയുടെ മുമ്പിൽ നടന്ന 'ഞാൻ ആകുന്നവൻ ആകുന്നു' (*യാഹ്വെ*) എന്ന ദൈവികവെളിപാടാണ്. *എഗോ എയ്മി* എന്ന വാക്കുകളിലൂടെ യേശു തന്റെ ദൈവിക അസ്ഥിത്വവും ദൈവികനാമവും വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. "അതു ഞാൻ തന്നെയാണ്" (യോഹ. 18:5) എന്ന യേശുവിന്റെ വാക്കുകൾക്ക് കൽപിക്കാവുന്ന മറ്റൊരു പഴയനിയമ സാധർമ്യം "ഞാൻ അതേ ഞാൻ തന്നെയാണ് കർത്താവ്" (ഏശയ്യ 43:10) എന്ന വചനമാണ്. ഈ പഴയനിയമഭാഗങ്ങളുമായുള്ള രചനാസാധർമ്മ്യത്തിലൂടെ, ഇസ്രായേലിന് തന്റെ മഹത്വവും നാമവും വെളിപ്പെടുത്തിയ അതേ ദൈവം തന്നെയാണ് നസ്രത്തിലെ യേശുവിലൂടെ വെളിപ്പെട്ടതും ആവിഷ്കൃതമായതുമെന്നതാണ് വത്സലശിഷ്യൻ തന്റെ വായനക്കാരോടു പറയാൻ ആഗ്രഹിക്കുന്നത്.

തുടർന്ന് ദൈവനാമത്തിന്റെ ശക്തിയാണ് യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നത്. സർവ്വായുധ വിഭൂഷിതരായി നിന്ന സൈന്യവ്യൂഹം *എഗോ എയ്മി* എന്ന വെളിപ്പെടുത്തലിനുമുന്നിൽ ഭയവിഹ്വലരാകുന്നു, പിറകോട്ട് വലിയുന്നു, കമിഴ്ന്നു വീഴുന്നു. ലോകത്തിന്റെ കുടിലതയ്ക്ക് ദൈവത്തിന്റെ മഹത്വത്തിനും അനന്തനന്മയ്ക്കും മുമ്പിൽ നിൽക്കാനാവില്ല എന്ന സൂചനയാണ് 'അവരെല്ലാം പിറകോട്ട് വലിഞ്ഞു' എന്ന വാക്കുകളിലൂടെയും ദൈവത്തെ നിരസിക്കുകയും എതിർക്കുകയും ചെയ്യുന്നവരുടെ അനിവാര്യമായ അന്ത്യമാണ് 'നിലം പതിച്ചു' എന്നതിലൂടെയും വെളിപ്പെടുന്നതായി വ്യാഖ്യാനിക്കുന്ന ബൈബിൾ പണ്ഡിതരുണ്ട്. ഇതിലെല്ലാം ഉപരിയായി സഹനത്തിനും പീഡകൾക്കുംമേൽ ദൈവപുത്രനുള്ള അധികാരത്തിന്റെ വെളിപ്പെടുത്തലായും ഭയം ജനിപ്പിക്കുന്ന മഹാരഹസ്യത്തിന്റെ ആവിഷ്കാരമായും ഗത്സമനിയിലെ വെളിപാടിനെ വ്യാഖ്യാനിക്കാം. ഈ വിവരണവുമായി സാധർമ്മ്യം കണ്ടെത്തുന്ന മറ്റ് ചില വചന ഭാഗങ്ങൾകുടിയുണ്ട്;

> "എനിക്കെതിരെ അനർത്ഥം നിരൂപിക്കുന്നവർ ഭ്രമിച്ച് പിൻതിരിയട്ടെ." (സങ്കീ. 35:5)

“എതിരാളികളും ശത്രുക്കളുമായ ദുർവൃത്തർ, ദുരാരോപണങ്ങളുമായി എന്നെ ആക്രമിക്കുമ്പോൾ അവർ തന്നെ കാലിടറി വീഴും.” (സങ്കീ 27:2)

അവസാനമായി, ഗത്സമനിയിലെ ദൈവിക വെളിപാടിന് മിശിഹാപ്രവചനങ്ങളുമായി സാമ്യം കൽപ്പിക്കുന്നുണ്ട്. ജെസ്സെയുടെ കുറ്റിയിൽനിന്നു വരാനിരിക്കുന്ന ഭാവി രാജാവിനെ കുറിച്ച്, “അവന്റെ മൊഴി ദുഷ്ടരെ നിഗ്രഹിക്കും” എന്ന ഏശയ്യ പ്രവചനത്തിലേക്കുള്ള (11:4) വിരൽ ചൂണ്ടലായാണ് ഈ ഭാഗം വ്യാഖ്യാനിക്കുന്നത്. അതായത് ഗത്സമനി സാക്ഷ്യം വഹിച്ചത് രണ്ട് വെളിപാടുകൾക്കാണ്; നസ്രത്തിലെ യേശുവിന്റെ ദൈവത്വത്തിനും അവന്റെ മിശിഹാത്വത്തിനും എന്ന് ചുരുക്കം.

## കുഞ്ഞാട് പുരോഹിതന്മാരുടെ മുമ്പിൽ നിർത്തപ്പെടുന്നു (യോഹ 18:13–27)

സ്നാപകന്റെ സാക്ഷ്യം വഴി സുവിശേഷത്തിന്റെ ആദ്യ താളുകളിൽതന്നെ പാപപ്പരിഹാരത്തിന്റെ കുഞ്ഞാടായി വത്സലശിഷ്യൻ യേശുവിനെ അവതരിപ്പിച്ചുകഴിഞ്ഞു (1:29,3). പ്രധാനപുരോഹിതന്മാരുടെ മുമ്പിൽ ആദ്യം അന്നാസിന്റെയും പിന്നീട് കയ്യാഫാസിന്റെയും മുമ്പിൽ നിൽക്കുന്ന യേശുവിന്, സുവിശേഷത്തിന്റെ ആദ്യ അധ്യായത്തിൽ സ്നാപകൻ നൽകുന്ന വിശേഷണം നന്നായി ഇണങ്ങുന്നുണ്ട് “ഇതാ ദൈവത്തിന്റെ കുഞ്ഞാട്; ലോകത്തിന്റെ പാപം വഹിക്കുന്നവൻ”(1:19,35). പെസഹാകുഞ്ഞാടിന്റെ യാത്രയുടെ അനിവാര്യമായ അവസാനമാണ് പുരോഹിതന്റെ മുമ്പിൽ എത്തുന്നതോടെ സംഭവിക്കുന്നത്. അന്നാസിന്റെയും കൈയ്യാഫാസിന്റെയും പുരോഹിത വിസ്താരങ്ങളിൽ നിൽക്കുന്ന യേശു യോഹന്നാന്റെ ഭാഷ്യത്തിൽ പുരോഹിതന്റെ ബലിക്കത്തിക്കുമുമ്പിൽ ശിരസുനീട്ടിനിൽക്കുന്ന പെസഹാകുഞ്ഞാടാണ്. പുരോഹിതരുടെ മുമ്പിൽ വിചാരണക്കായി നിൽക്കുന്ന നസ്രത്തിലെ യേശുവിന് പാപപ്പരിഹാര ദിനത്തിൽ (യോംകിപ്പൂർ) അസ്സസേലിന് വിധിക്കപ്പെടുന്ന അഥവാ ഇസ്രായേലിന്റെ മുഴുവൻ പാപഭാരം പേറുന്ന പരിഹാരകുഞ്ഞാടിന്റെയും പെസഹാദിനത്തിൽ ദേവാലയത്തിൽ ജനത്തിന്റെ പാപപ്പരിഹാരത്തിനായി ബലിയർപ്പിക്കപ്പെടുന്ന പെസഹാകുഞ്ഞാടിന്റെയും ഛായ കൈവരുന്നുണ്ട്.

ഇവിടെ ശ്രദ്ധേയമായ വസ്തുത, പ്രധാന പുരോഹിതരുടെ മുമ്പിൽ നിന്നാണ് മരണത്തിലേക്കുള്ള രണ്ട് ആട്ടിൻകുഞ്ഞുങ്ങളുടെയും യാത്ര ആരംഭിക്കുന്നത്; മരണത്തിലേക്കുള്ള യേശുവിന്റെ യാത്രയും അങ്ങനെതന്നെ. പ്രധാനപുരോഹിതൻ പെസഹാതിരുനാളിന് ബലിയർപ്പിക്കപ്പെടേണ്ട ഊനമറ്റ ആട്ടിൻകുഞ്ഞിനെ തിരഞ്ഞെടുത്തതുപോലെ

അന്നാസും കയ്യാഫാസും ബറാബാസുൾപ്പെടുന്ന കുറ്റവാളികളിൽ നിന്ന് ക്രൂശിക്കപ്പെടാനുള്ളവനെ, 'നസ്രത്തിലെ യേശുവിനെ' തിരഞ്ഞെടുക്കുന്നു. പ്രധാനപുരോഹിതൻ ജനത്തിന്റെ പാപഭാരം മുഴുവൻ ശിരസ്സിൽ വച്ച് അസ്സസ്സേലിന് വിടുന്ന കോലാട്ടിൻ കുട്ടിയെപ്പോലെ കയ്യാഫാസ് ജനം മുഴുവൻ നശിക്കാതിരിക്കാൻ വധിക്കപ്പെടേണ്ടവനായി യേശുവിനെ മരണത്തിലേക്ക് അയക്കാൻ നിശ്ചയിക്കുന്നു.

ക്വിരിനിയോസ് യൂദയായുടെ റോമൻ ഗവർണ്ണറായിരുന്നപ്പോഴാണ് എ.ഡി. 6-ൽ അന്നാസിനെ പ്രധാന പുരോഹിതനായി നിയമിക്കുന്നത്. സാധാരണ പ്രധാനപുരോഹിത സ്ഥാനം മരണംവരെ ആണെങ്കിലും പീലാത്തോസിന്റെ മുൻഗാമിയായിരുന്ന വലേരിയൂസ് ഗ്രാത്തൂസ് അന്നാസിന്റെ പ്രവർത്തനങ്ങളും ഇടപെടലുകളും അസഹ്യമായി കണ്ട് ഏഡി 15-ൽ അന്നാസിനെ സ്ഥാനഭ്രഷ്ടനാക്കി. പിന്നീട് അന്നാസിന്റെ മരുമകനായ കയ്യാഫാസ് പ്രധാനപുരോഹിതനായി അവരോധിക്കപ്പെട്ടപ്പോഴും അധികാരത്തെ നിയന്ത്രിക്കുന്ന നിർണ്ണായക ശക്തിയായി അന്നാസിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. അന്നാസിന്റെ അഞ്ച് ആൺമക്കളും പ്രധാന പുരോഹിതരായി എന്നത് അധികാരകേന്ദ്രങ്ങളിൽ അന്നാസിനുണ്ടായിരുന്ന സ്വാധീനത്തിന്റെ തെളിവാണ്. പ്രധാന പുരോഹിതപദവി മരണംവരെ എന്ന് യഹൂദനിയമം അനുശാസിച്ചിരുന്നതിനാൽ യഹൂദരിൽ പലരും അന്നാസിനെ പ്രധാനപുരോഹിതനായി പരിഗണിക്കുകയും സുപ്രധാന വിഷയങ്ങളിൽ അയാളുടെ നിർദ്ദേശം ആരായുകയും ചെയ്തിരുന്നു. അതിനാൽ ന്യായമായും നസ്രത്തിലെ യേശുവിനെപ്പോലെ ജനപിന്തുണയുള്ള ഒരാളെ വിചാരണ ചെയ്യുന്നതിന് അന്നാസിന്റെ അടുക്കൽ കൊണ്ടുവന്നിരിക്കുക സ്വാഭാവികമാണല്ലോ.

പ്രധാനപുരോഹിതന്റെ കൊട്ടാരത്തിലാണ് യഹൂദകോടതി സ്ഥിതി ചെയ്തിരുന്നതായി പണ്ഢിതർ അഭിപ്രായപ്പെടുന്നത്. ജറുസലേമിന്റെ പടിഞ്ഞാറ് വശത്ത് ദേവാലയത്തിന് അഭിമുഖമായി നിന്നിരുന്ന ഹസ്മോണിയൻ കൊട്ടാരത്തിലാണ് കയ്യാഫാസ് താമസിച്ചിരുന്നതായി അനുമാനിക്കുന്നത്. അത് സെഹിയോൻ ശാലയോട് വളരെ അടുത്താണ് താനും. യോഹന്നാൻ പക്ഷേ അന്നാസിന്റെ കൊട്ടാരത്തെക്കുറിച്ചാണ് പരാമർശിക്കുന്നത്. തുടർന്ന് യേശുവിനെ കയ്യാഫാസിന്റെ അടുക്കലേക്ക് കൊണ്ടുപോയതായി പറയുന്നു. വി. അഗസ്റ്റിൻ, റെയമണ്ട് ബ്രൗൺ തുടങ്ങി നിരവധിപേരുടെ അഭിപ്രായത്തിൽ അന്നാസും കയ്യാഫാസും ഒരേ കൊട്ടാരത്തിന്റെ രണ്ട് ഭാഗങ്ങളിലാവണം താമസിച്ചിരുന്നത്; ഇവയ്ക്ക് പൊതുവായി ഉണ്ടായിരുന്നത് ഒരു നടു

മുറ്റവും. അന്നാസിന്റെ അടുത്തുനിന്ന് ഈ നടുത്തളം വഴിയാവണം കയ്യാഫാസിന്റെ അടുത്തേക്ക് യേശു കൊണ്ടുപോകപ്പെട്ടത്. ശിമയോൻ പത്രോസും ഇതര ശിഷ്യനും പ്രവേശിച്ചതും പരിചാരകരോടൊപ്പം തീകാഞ്ഞിരുന്നതും പത്രോസ് യേശുവിനെ തള്ളിപറഞ്ഞതും ഈ നടുമുറ്റത്തുവച്ചായിരിക്കണം എന്ന് അതിനാൽ അനുമാനിക്കാം.

അന്നാസ് രണ്ട് കാര്യങ്ങളെക്കുറിച്ചാണ് യേശുവിനെ വിസ്തരിക്കുന്നത്; ഒന്ന് അവന്റെ ശിഷ്യന്മാരെക്കുറിച്ച്, രണ്ട് പ്രബോധനത്തെക്കുറിച്ച്. ശിഷ്യന്മാരെക്കുറിച്ചുള്ള ചോദ്യം ഒരുപക്ഷേ വിചിത്രമായി തോന്നാം. പക്ഷേ യൂദയായുടെ അപ്പോഴത്തെ സാമൂഹികരാഷ്ട്രിയ പരിതോവസ്ഥയുടെയും അനുദിനം നടക്കുന്ന വിപ്ലവശ്രമങ്ങളുടെയും പശ്ചാത്തലത്തിൽ വേണം ഈ ചോദ്യത്തെ വിലയിരുത്തേണ്ടത്. യേശുവിന്റെ പുതിയ പ്രബോധനവും അവന്റെ ശിഷ്യസമൂഹവും വിപ്ലവത്തിന് കാരണമാകുമോയെന്നും തത്ഫലമായി ഉണ്ടാകാവുന്ന റോമൻ പ്രത്യാക്രമണത്തിലൂടെ വിശുദ്ധ സ്ഥലവും ദേവാലയവും നശിപ്പിക്കപ്പെടുമോ എന്നുമുള്ള യഹൂദ മതനേതൃത്വത്തിന്റെ അക്കാലത്തെ വലിയ ഉത്കണ്ഠയാണ് ഈ ചോദ്യത്തിൽ പ്രതിഫലിക്കുന്നത്. യൂദായുടെ പിൻകാല ചരിത്രം ഈ ഉത്കണ്ഠയെ സാധൂകരിക്കുന്നുണ്ട്. എ.ഡി. 63-70 കാലഘട്ടത്തിൽ നിടന്ന വിപ്ലവത്തിന്റെ പരിണിതഫലമായിട്ടാണല്ലോ ടൈറ്റസിന്റെ നേതൃത്വത്തിലുള്ള റോമൻ സൈന്യം ജറുസലേം നശിപ്പിക്കുന്നത്. പതിറ്റാണ്ടുകൾ പാലസ്തീനായുടെ സാമൂഹിക-മത-രാഷ്ട്രീയ മേഖലയെ വിരൽത്തുമ്പിൽ നിയന്ത്രിച്ചിരുന്ന അന്നാസിലെ ന്യായാധിപൻ വിചാരണയ്ക്കു വിധേയനാക്കിയ കുറ്റാരോപിതരിൽ ഒരു പക്ഷേ ആരിൽനിന്നും കേൾക്കാത്ത ധീരമായ മറുപടിയാണ് നസ്രത്തിലെ തച്ചന്റെ മകനിൽനിന്ന് കേട്ടത്. "ഞാൻ പരസ്യമായാണ് ലോകത്തോട് സംസാരിച്ചത്, എല്ലാ യഹൂദരും ഒരുമിച്ച് കൂടുന്ന സിനഗോഗിലും ദേവാലയത്തിലുമാണ് ഞാൻ പഠിപ്പിച്ചത്. ഞാൻ പറഞ്ഞതെന്തെന്ന് അത് കേട്ടവരോട് ചോദിക്കുക" (യോഹ. 18:21). വാക്കും പ്രവൃത്തിയും തമ്മിൽ അന്തരമില്ലാത്തവന്റെയും അന്തകരണത്തിൽ കറപുരളാത്തവന്റെയും ധീരമായ നിലപാടാണ് ഈ വാക്കുകളിൽ തെളിയുന്നത്. അന്നാസിന്റെയും കയ്യാഫാസിന്റെയും വിചാരണതീരുന്ന സമയത്തിന്റെ സൂചന ലഭിക്കുന്നത് ശിമയോൻ പത്രോസിന്റെ മൂന്നാമത്തെ തള്ളിപ്പറച്ചിലിനൊടുവിൽ കോഴി മൂന്നാമതും കൂവി എന്നതിൽ നിന്നുമാണ്. മൂന്നു തവണത്തെ കോഴികൂവൽ എന്നതിനെ ബൈബിൾ വ്യാഖ്യാതാക്കൾ വിശദീകരിക്കുന്നത് പടയാളികൾ തങ്ങളുടെ ഊഴം മാറുന്നതനുസരിച്ച് പ്രഭാതത്തിൽ 12.30, 1.30,

2.30 എന്നീ ഇടവേളകളിൽ മുഴക്കിയിരുന്ന കാഹളശബ്ദമായിട്ടാണ്. അപ്പോൾ മൂന്നാമത്തെ കോഴികൂവൽ ഏതാണ്ട് വെളുപ്പിന് 2.30–3.00 നും ഇടയിലുള്ള സമയമായിരിക്കും. അതായത് യേശുവിനെ പിലാത്തോസിന്റെ അടുത്തേക്കുള്ള വിചാരണയ്ക്കായി കൊണ്ടുപോകുന്ന സമയം ഏതാണ്ട് വെളുപ്പിന് മൂന്ന് മണി എന്ന് ചുരുക്കം. കോഴികൂവുക എന്നാൽ കാവൽക്കാർ അവരുടെ ഊഴം മാറുന്നതിന് മുഴങ്ങുന്ന കാഹളശബ്ദമാകാം എന്ന് അഭിപ്രായപ്പെടുന്ന ബൈബിൾ വ്യാഖ്യാതാക്കളുണ്ട്. കാഹളത്തിന് ലത്തീനിൽ *ഗള്ളിക്കാനും* എന്നാണ് പറയുന്നത്. ഗ്രീക്കിൽ *അലക്ത്രോഫോണിയ* എന്നും ഈ രണ്ട് പദങ്ങളെയും cock, crow എന്ന് പരിഭാഷപ്പെടുത്താം. അതുകൊണ്ട് 'കോഴികൂവി' എന്ന പരിഭാഷയെ കാവൽക്കാർ തങ്ങളുടെ ഊഴം മാറുന്നതറിയിക്കാൻ മുഴക്കിയ കാഹള ശബ്ദമെന്നോ അല്ലെങ്കിൽ പുലർച്ചയുള്ള കോഴികൂവലോ ആയി മനസ്സിലാക്കണം.

**അശുദ്ധരാകാതെ പെസഹാ ഭക്ഷിക്കേണ്ടതിനാൽ അവർ അകത്ത് പ്രവേശിപ്പിച്ചില്ല**

പീലാത്തോസിന്റെ കൊട്ടാരത്തെ പ്രത്തോറിയം എന്നാണ് സുവിശേഷകൻ വിശേഷിപ്പിക്കുന്നത്; റോമൻ സൈന്യാധിപന്റെ സൈനിക ആസ്ഥാനം എന്നാണ് ഈ വാക്ക് അർത്ഥമാക്കുന്നത്. പീലാത്തോസിന്റെ ഔദ്യോഗിക ആസ്ഥാനം സമുദ്രതീരത്തുള്ള കേസറിയായിലായിരുന്നു സ്ഥിതി ചെയ്തിരുന്നത്. എന്നാൽ യഹൂദരുടെ പ്രധാന തിരുനാളുകളിൽ സൈന്യത്തോടൊപ്പം ഗവർണ്ണർ ജറുസലേമിൽ എത്തിയിരുന്നു. അപ്പോൾ ഗവർണർ താമസിച്ചിരുന്നത് ജറുസലേമിൽ പടിഞ്ഞാറ് ഭാഗത്തുള്ള ഹേറോദേസിന്റെ കൊട്ടാരത്തിലോ ദേവാലയത്തിന് വടക്കുഭാഗത്ത് ഹേറോദേസ് നിർമ്മിച്ച 'അന്തോണിയാനം' എന്ന കോട്ടയിലോ ആയിരിക്കണം. 'അന്തോണിയാനം' എന്ന കോട്ടയ്ക്കുള്ളിലെ സൈനിക ആസ്ഥാനത്താണ് ഗവർണ്ണർ താമസിച്ചിരുന്നത് എന്നാണ് പരമ്പരാഗതമായി വിശ്വസിച്ച് പേരുന്നത്. അതിനാലാണ് ഇപ്പോൾ കുരിശിന്റെ വഴി അവിടെനിന്നും ഗാഗുൽത്തായിലേക്ക് നടത്തുന്നത്.

മതപരമായ ശുദ്ധി കാത്തുസൂക്ഷിക്കാനായിരുന്നു വിചാരണക്കായി യേശുവിനെകൊണ്ടുവന്ന യഹൂദർ പ്രത്തോറിയത്തിൽ പ്രവേശിക്കാതിരുന്നത്. പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളാണ് ഇതിന്റെ പശ്ചാത്തലം എന്നത് ഓർമ്മിക്കണം. "ആ ദിവസങ്ങളിൽ യഹൂദർ തങ്ങളുടെ ഭവനങ്ങളിൽ പുളിമാവ് സൂക്ഷിക്കുകയോ പുളിമാവ് സൂക്ഷിച്ചിരിക്കാൻ സാധ്യതയുള്ള വിജാതീയ ഭവനങ്ങളിൽ പ്രവേശിക്കുകയോ

ചെയ്യുക നിഷിദ്ധമായി കരുതിയിരുന്നു" (പുറ. 12:19, 13:7). അതായത് വിജാതീയനായ റോമൻ ഗവർണറുടെ ഭവനത്തിൽ പുളിമാവ് സൂക്ഷിച്ചിരിക്കാമെന്നും അത് തങ്ങളെ അശുദ്ധരാക്കുമെന്നും ഭയന്നാണ് യഹൂദർ പ്രത്തോറിയത്തിൽ പ്രവേശിക്കാതിരുന്നത് എന്ന് ചുരുക്കം. നിസാൻ മാസം 13-ാം തിയതി യഹൂദ ഭവനങ്ങളിൽ ആഘോഷപൂർവ്വം നടത്തിയിരുന്ന ഒരു ചടങ്ങായിരുന്നു 'പുളിമാവ് തിരയൽ'; ഗ്രഹനാഥൻ കുടുംബാംഗങ്ങളെയെല്ലാം ഒരുമിച്ചുകൂട്ടി ദീപങ്ങൾ തെളിച്ച് ഭവനത്തിൽ പുളിമാവിന്റെ സാന്നിധ്യം ഇല്ലെന്ന് ഉറപ്പാക്കാൻ നടത്തുന്ന സൂക്ഷ്മപരിശോധനയായിരുന്നു ഈ അനുഷ്ഠാനം.

മതാനുഷ്ഠാനങ്ങളിലെയും ആത്മീയതയിലെയും അതിഭീകരമായ ഈ വൈരുദ്ധ്യത്തെ വത്സലശിഷ്യൻ പരോക്ഷമായെങ്കിലും പരിഹസിക്കുന്നുണ്ട്. ആചാരബന്ധമായ ശുദ്ധിയെക്കുറിച്ചും ബാഹ്യാനുഷ്ഠാനങ്ങളുടെ നിഷ്ടയെക്കുറിച്ചും ആകുലപ്പെടുന്ന മനുഷ്യർ അന്തക്കരണത്തിന്റെ ശുദ്ധിയെപ്പറ്റി ചിന്തിക്കുന്നില്ല. കേവലം വിജാതീയരുടെ ഭവനത്തിൽ കണ്ടേക്കാമായിരിക്കുന്ന പുളിമാവിന്റെ സാന്നിദ്ധ്യം ഭയക്കുന്നവർ ദൈവത്തിന്റെ കുഞ്ഞാടിന്റെ നിർമ്മല രക്തം ചിന്താനും കള്ളസാക്ഷ്യം പറയാനും നിരപരാധിയുടെമേൽ കുറ്റമാരോപിക്കും വിധം മനസാക്ഷിയെ വക്രീകരിക്കാനും മടിക്കുന്നില്ല, ഭയക്കുന്നുമില്ല. എല്ലാക്കാലത്തും മതത്തിനും ആത്മീയതയ്ക്കും സംഭവിക്കാവുന്ന ജീർണ്ണതയാണിത്. ബാഹ്യശുദ്ധിയും ആചാരാനുഷ്ഠാനങ്ങളിലെ കണിശതയുമാണ് മുഖ്യം. എന്നാൽ നീതി, കാരുണ്യം, ദയ തുടങ്ങിയ അടിസ്ഥാനമൂല്യങ്ങൾ ലംഘിക്കുന്നതിനോ അധികാര സ്ഥാനത്തിനായി നിലവാരമില്ലാത്ത നാട്യങ്ങളെടുക്കുന്നതിനോ മടിയോ കുറ്റബോധമോ തോന്നാറില്ല. ഹൃദയത്തിൽ ദുഷ്ടതയുടെയും വഞ്ചനയുടെയും പുളിമാവ് സൂക്ഷിച്ച് വച്ചിട്ട് ഭവനത്തിലെ പുളിമാവ് നീക്കം ചെയ്യുന്ന ആത്മീയ കപടത കാലവ്യത്യാസമില്ലാതെ തുടരുന്ന പ്രതിഭാസമാണ്; ഓരോ വിശ്വാസിയുടെയും മുമ്പിലുള്ള അപകടവുമാണ്.

"അശുദ്ധരാകാതെ പെസഹാ ഭക്ഷിക്കേണ്ടതിന്"എന്ന വത്സലശിഷ്യന്റെ വിവരണത്തിൽ നിന്ന് ലഭിക്കുന്ന സൂചന പെസഹാഭക്ഷണം പൂർത്തിയായിട്ടില്ല എന്നാണ്. എന്നാൽ ഇതേ യോഹന്നാൻ തന്നെ 13-ാം അധ്യായത്തിൽ യേശുവും ശിഷ്യന്മാരും പെസഹാഭക്ഷിച്ചു എന്ന് വിവരിക്കുന്നുണ്ടുതാനും. പെസഹായുടെ ഈ സമരസപ്പെടാത്ത സമയസൂചന അനന്തമായ വ്യാഖ്യാനത്തിന്റെ വിഷയമാണ്. അതിൽ പൊതുവായ ഒരു പണ്ഡിത മതം, പെസഹാത്തിരുനാൾ എന്ന പദത്തിലൂടെ യഹൂദർ പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ, പെസഹാകു

ഞ്ഞാടിനെ ഭക്ഷിക്കുന്ന തിരുനാൾ എന്നീ രണ്ട് പ്രധാന തിരുനാളുകൾ ഉൾപ്പെടെ എട്ട് ദിവസം നീണ്ട് നിൽക്കുന്ന തിരുനാളിനെയാണ് പൊതുവായി വിവക്ഷിച്ചിരുന്നത്. ഇതിൽ നിസാൻ മാസം 14-ാം തീയതി പെസഹാകുഞ്ഞാടിനെ ബലിയർപ്പിക്കുകയും നിസാൻ 15ന് പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ ആചരിക്കുകയും ചെയ്തിരുന്നു. ഈ രണ്ട് ഭക്ഷണങ്ങളെ *ചഗിഗാഹ്* എന്നാണ് വിളിച്ചിരുന്നത്. അപ്പോൾ യേശുവും ശിഷ്യന്മാരും സെഹിയോൻ ശാലയിൽ ആചരിച്ചത് ഇതിലെ ഒന്നാമത്തെ *ചഗിഗാഹ്* - പെസഹാകുഞ്ഞാടിനെ അർപ്പിക്കുന്ന തിരുനാളായിരുന്നു. ഇവിടെ രണ്ടാമത്തെ *ചഗിഗാഹ്* ആചരിക്കാനാണ് (പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ) യഹൂദർ അശുദ്ധരാകാതെ തങ്ങളെ സംരക്ഷിക്കുന്നത്. പുളിമാവിന്റെ സാന്നിദ്ധ്യത്തെ യഹൂദർ അശുദ്ധിയായി പരിഗണിക്കുന്നതിന്റെ സാംഗത്യം ഇവിടെയാണ് വ്യക്തമാകുന്നതും. സ്നാപകനിലൂടെ യേശു ലോകത്തിന് പരിചയപ്പെടുത്തപ്പെടുന്നത്, ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന കുഞ്ഞാടായിട്ടാണ് (1:29,35). യഹൂദർ പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കുന്ന സമയം യോഹന്നാന്റെ വിവരണപ്രകാരം യേശു കുരിശിൽ രക്തംവാർന്നു പിടയുകയാണ്. പുതിയ പെസഹാകുഞ്ഞാടിന്റെ രക്തം ലോകത്തിന്റെ പുളിമാവ് എന്നേക്കുമായി നീക്കുന്നു. പാപത്തെ പുളിമാവ് എന്ന പ്രതീകാത്മകമായി വിശേഷിപ്പിക്കുന്നത് ഓർമ്മിക്കുക (1കോറി. 5:6-8). മനുഷ്യവംശത്തിന്റെ അകൃത്യഭാരമാകുന്ന പുളിമാവ് യേശുവിന്റെ രക്തത്തിലൂടെ കഴുകി ശുദ്ധിയാക്കപ്പെടുന്നു എന്ന യോഹന്നാന്റെ ദൈവശാസ്ത്രവീക്ഷണമാണ് ഈ വിവരണങ്ങളിലെല്ലാം നിഴലിക്കുന്നത്. അതുകൊണ്ടാണ് യോഹന്നാൻ ഇങ്ങനെ കുറിക്കുന്നത്: "അവിടുത്തെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തം എല്ലാം പാപങ്ങളിൽ നിന്നും നമ്മെ രക്ഷിക്കും" (1യോഹ. 1:7).

### രാജാവ് വിചാരണ ചെയ്യപ്പെടുന്നു

പീലാത്തോസിന്റെ മുമ്പിൽ നിൽക്കുന്ന യേശു ഐഹികമല്ലാത്ത സ്വർഗ്ഗരാജ്യത്തെയും പീലാത്തോസ് തികച്ചും ഐഹികമായ റോമൻ സാമ്രാജ്യശക്തിയെയും പ്രതിനിധീകരിക്കുന്നുണ്ട്. അതായത് പ്രത്തോറിയത്തിൽ ആ പുലരിയിൽ നടന്നത് രണ്ട് സാമ്രാജ്യങ്ങൾ തമ്മിലുള്ള കൂടിക്കാഴ്ചയും ഭൂമി സ്വർഗ്ഗത്തെ വിചാരണചെയ്യുന്നതുമായ രംഗമാണ്. സ്വർഗ്ഗത്തെ വിചാരണ ചെയ്യാനുള്ള പീലാത്തോസിന്റെ ശ്രമം ഒരു പാഴ്വേലയാണെന്ന് "ഉന്നതത്തിൽനിന്ന് നൽകപ്പെടുന്നില്ലെങ്കിൽ എന്റമേൽ നിനക്ക് ഒരധികാരവും ഉണ്ടാവുമായിരുന്നില്ല" (19:11) എന്ന യേശുവിന്റെ വാക്കുകളിൽ വ്യക്തമാകുന്നുണ്ട്. പന്തിയോസ് പീലാ

ത്തോസ് എന്ന മുഴുവൻ പേരിൽ അറിയപ്പെട്ടിരുന്ന പീലാത്തോസ് യൂദയായുടെ പ്രീഫെക്ട് സ്ഥാനം ഏറ്റെടുത്തത് എ.ഡി. 26-ൽ വലേറിയൂസ് ഗ്രാത്തിയൂസിൽ നിന്നാണ്. സുവിശേഷങ്ങൾ 'ഗവർണ്ണർ' എന്ന പേരാണ് ഉപയോഗിക്കുന്നുണ്ടെങ്കിലും എ.ഡി. 41-ൽ ക്ലാവ്ദിയൂസ് റോമൻ ചക്രവർത്തിയായി ഭരണമേൽക്കുന്നതുവരെ പ്രിഫെക്ട് എന്നാണ് ഈ പദവി അറിയപ്പെട്ടിരുന്നത്. പിലാത്തോസ് യേശുവിനെ വിചാരണ ചെയ്തതായി സുവിശേഷങ്ങൾക്കു പുറമേ പരാമർശിക്കുന്നത് റോമൻ ചരിത്രകാരനായ ടാസിറ്റസിന്റെ 'അന്നൽസ്' (Annals) എന്ന ഗ്രന്ഥത്തിലാണ് "ക്രിസ്തു തിബേരിയാസിന്റെ ഭരണത്തിന്റെ യൂദയായുടെ പ്രൊക്യുറേറ്ററായിരുന്ന പന്തിയോസ് പീലാത്തോസിനാൽ വിചാരണ ചെയ്യപ്പെട്ടു" എന്നാണ് ടാസിറ്റസ് പരാമർശിക്കുന്നത്.

പീലാത്തോസ് യേശുവിനോട് ചോദിക്കുന്ന ആദ്യം ചോദ്യംതന്നെ അവന്റെ രാജത്വത്തെകുറിച്ചാണ് "നീ യഹൂദരുടെ രാജാവാണോ?" പരിഹാസവും പുച്ഛവും മണക്കുന്ന ചോദ്യമാണിത്. തലേ രാത്രിമുതൽ കൊടിയ മാനസിക-ശാരീരിക പീഢകൾക്കിരയായി നിസ്സാഹായനും നിന്ദിതനും പരിക്ഷീണിതനുമായി നിൽക്കുന്ന, സ്വയം സംരക്ഷിക്കാനോ പ്രതിരോധിക്കാനോ ത്രാണിയില്ലാത്ത നീയാണോ രാജാവ് എന്ന വ്യംഗ്യമാണ് ഈ ചോദ്യത്തിലുള്ളത്. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു വസ്തുത, യഹൂദകോടതിയിൽ അഥവാ മതനേതൃത്വത്തിന്റെ മുമ്പിൽ യേശുവിന്റേമേൽ ചുമത്തപ്പെട്ട കുറ്റം 'ദൈവദൂഷണമായിരുന്നു'. അന്നാസ് ചോദ്യം ചെയ്തത് അവന്റെ ശിഷ്യരെയും പ്രബോധനത്തെയും കുറിച്ചാണ്. എന്നാൽ പീലാത്തോസിന്റെ കോടതിയിലെത്തിയപ്പോൾ ദൈവദൂഷണം പറഞ്ഞു എന്ന മതപരമായ കുറ്റം സീസറിനെതിരായി സംസാരിച്ചു എന്ന രാജ്യദ്രോഹക്കുറ്റമായി മാറുന്നു. റോമൻ കോടതിയിൽ ദൈവദൂഷണം എന്ന ആരോപണം നിലനിൽക്കില്ല എന്നറിയാവുന്ന യഹൂദ മതനേതൃത്വം തങ്ങൾ കൗശലപൂർവ്വം നെയ്ത 'രാജ്യദ്രോഹം' എന്ന നുണയുടെ മേലങ്കിയാണ് യേശുവിനെ പുതപ്പിക്കാൻ പരിശ്രമിക്കുന്നത്. "നീ രാജാവാണോ?" എന്ന വ്യക്തിപരമായ ചോദ്യത്തിൽ യേശു പക്ഷേ ഉത്തരംപറയുന്നത് അവന്റെ രാജ്യത്തിന്റെ സവിശേഷത വ്യക്തമാക്കികൊണ്ടാണ്: "എന്റെ രാജ്യം ഐഹികമല്ല." പീലാത്തോസിനും റോമൻ സാമ്രാജ്യത്വത്തിനും ഭീഷണിയാകുന്ന ഐഹിക രാജ്യമല്ല യേശു വിഭാവനം ചെയ്യുന്നത്. അതായത് തന്റെ രാജത്വത്തെ പ്രതീക്ഷയുടെ പൂർത്തീകരണവുമായി യേശു ബന്ധിപ്പിക്കുന്നു എന്ന് സാരം.

"നിന്റെ ജനങ്ങളല്ലേ നിന്നെ എനിക്കേൽപ്പിച്ചുതന്നത്" എന്ന പീലാത്തോസിന്റെ വാക്കുകൾ (18:35) യഥാർത്ഥത്തിൽ യോഹന്നാൻ സുവി

ശേഷത്തിന്റെ ആരംഭത്തിൽ പറഞ്ഞുവച്ചതിന്റെ സാധൂകരണമാണ് "അവൻ സ്വന്തജനങ്ങളുടെ അടുത്തേക്കുവന്നു എന്നാൽ സ്വകീയർ അവനെ സ്വീകരിച്ചില്ല" (1:11). യേശുവിന്റെ മരണത്തിന്റെ ഉത്തരവാദികൾ അവന്റെ സ്വന്തം ആളുകളാണ് എന്നതാണ് ഈ വാക്കുകളിൽ മറഞ്ഞിരിക്കുന്ന ധ്വനി. അതായത് ഇസ്രായേൽ തങ്ങളുടെ രാജാവിനെ കൈയ്യൊഴിയുകയും വൈദേശിക ആധിപത്യത്തിന്റെ നുകം സ്വയം ചുമലിലേറ്റുകയും ചെയ്യുന്ന വിരോധാഭാസം തന്നെ. സീസറല്ലാതെ ഞങ്ങൾക്ക് വേറെയൊരു രാജാവില്ല എന്ന മതനേതൃത്വത്തിന്റെ ഏറ്റുപറച്ചിൽ 'ദൈവമല്ലാതെ മറ്റൊരു രാജാവില്ല' എന്ന യഹൂദപ്രമാണത്തിന്റെ അടിത്തറ ഇളക്കിയ ആത്മഹത്യാപരമായ പ്രസ്താവനയായിട്ടാണ് മനസ്സിലാക്കേണ്ടത്. ആദ്യത്തെ രാജാവായിരുന്ന സാവൂളിന്റെ കാലം വരെ ഇസ്രായേൽ ജനവും ഇതര ജനങ്ങളും തമ്മിലുണ്ടായിരുന്ന പ്രകടമായ വ്യത്യാസം ഇസ്രായേലിന്റെ രാജാവും സൈന്യാധിപനും ഇതര ജനതകളുടേതുപോലെ മനുഷ്യരായിരുന്നില്ല മറിച്ച് യഹോവയായ ദൈവമായിരുന്നു എന്നതായിരുന്നു. യഹോവ ഇസ്രായേലിന് ഒരു രാജാവിനെപ്പോലെ അദൃശ്യനായി വർത്തിച്ചു, അവരെ തന്റെ ശക്തമായ കരം നീട്ടി ഈജിപ്തിന്റെ അടിമത്വത്തിൽനിന്ന് വിമോചിപ്പിച്ചു, രാജാവിനെപ്പോലെ അവരുമായി ഉടമ്പടിയുണ്ടാക്കി (സീനായ് ഉടമ്പടി), അവരുടെ സംരക്ഷണം ഏറ്റെടുത്തു, അവർക്കുവേണ്ടി ശത്രുക്കളോട് യുദ്ധം ചെയ്തു, കാനാൻ ദേശം പിടിച്ചെടുത്ത് അവരെ അവിടെ നിവസിപ്പിച്ചു. യഹോവയുടെ രാജത്വത്തിലുള്ള ശരണമാണ് 'സൈന്യങ്ങളുടെ ദൈവമായ കർത്താവ് എന്ന അഭിധാനത്തിൽ രൂഢമൂലമായിരിക്കുന്നത്.

**എന്താണ് സത്യം?**

പുകൾപെറ്റ റോമൻ നിതിവ്യവസ്ഥയെ പ്രതിനിധാനം ചെയ്യുന്ന (*റുവാത്ത് ചേളും ഫിയാത്ത് യുസ്തിസിയ* - ആകാശം ഇടിഞ്ഞുവീണാലും നീതി നടപ്പാകണം) പീലാത്തോസിൽ നിന്നാണ്, സത്യം അറിഞ്ഞ് ന്യായം വിധിക്കേണ്ട ന്യായാധിപനിൽ നിന്നാണ് ഈ ചോദ്യം - '*തീ എസ്തിൻ അലത്തേയിയാ?*' - 'എന്താണ് സത്യം?' (യോഹ. 18:38). യേശുവും പീലാത്തോസും തമ്മിലുള്ള സംഭാഷണം ഗ്രീക്ക് ഭാഷയിലാവാം നടന്നിരിക്കുന്നത് എന്ന് കരുതുന്ന പണ്ഡിതരുണ്ട്. ഗ്രീക്ക് ഭാഷയിൽ *അലേത്തേയിയാ* എന്നതാണ് 'സത്യം' എന്നതിനു തത്തുല്യമായി ഉപയോഗിച്ചിരിക്കുന്നത്. ഗ്രീക്ക് ചിന്തകർ *അലത്തേയിയാ* എന്നതുകൊണ്ട് 'യാഥാർത്ഥ്യത്തിന്റെ വസ്തുനിഷ്ഠമായ കാഴ്ചപ്പാട്' (true perspective of reality) എന്നും, 'ചിന്തയും യാഥാർ

ത്ഥ്യവും തമ്മിലുള്ള പൊരുത്തം' എന്ന് അരിസ്റ്റോട്ടിൽ മുതലായവരും സമർത്ഥിച്ചിരുന്നു. പിന്നീട് മദ്ധ്യകാലഘട്ടത്തിൽ വി. തോമസ് അക്വിനാസാകട്ടെ സത്യമെന്നാൽ 'ദൈവഹിതവും മനുഷ്യഹിതവും തമ്മിലുള്ള സമരസപ്പെടലാണ്' എന്നാണ് വാദിച്ചിരുന്നത്. 'സത്യം' എന്നതിന് ലത്തീൻ ഭാഷയിൽ *വേരിത്താസ്* എന്ന പദമാണ് ഉപയോഗിക്കുന്നത്. സിസ്സറോ മുതലായ റോമൻ ചിന്തകർ *വേരിത്താസ്* എന്ന പദം കൊണ്ട് 'സംഭവങ്ങളുടെ കണിശവും വസ്തുതാപരവുമായ ആവിഷ്കാരം' എന്നാണ് അർത്ഥമാക്കിയിരുന്നത്. ഹെബ്രായ ചിന്തകരാകട്ടെ *എമെത്ത്* എന്നതാണ് സത്യത്തിന്റെ തത്തുല്യമായ പദമായി ഉപയോഗിച്ചിരിക്കുന്നത്. ഇസ്രായേൽ ജനവുമായി നടത്തിയ ഉടമ്പടിയോടുള്ള (നിങ്ങൾ എന്റെ ജനവും ഞാൻ നിങ്ങളുടെ ദൈവവുമായിരിക്കും) ദൈവത്തിന്റെ വിശ്വസ്ഥതയായാണ് 'സത്യം' - *എമെത്* എന്നതുകൊണ്ട് അർത്ഥമാക്കിയിരുന്നത്. ദൈവം സത്യവാനാണ് എന്നതിൽ നിന്ന് ദൈവം തന്റെ ഉടമ്പടിയോട് വിശ്വസ്ഥനാണ് എന്ന് വിവക്ഷിച്ചിരുന്നു എന്ന് ചുരുക്കം. 126 തവണ *എമത്* എന്ന വാക്ക് ഈ അർത്ഥത്തിൽ പഴയ നിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ബൈബിൾ വ്യാഖ്യാതാക്കളുടെ ഭാഷ്യത്തിൽ, *അലത്തേയിയാ* (സത്യം) എന്നതിലൂടെ യോഹന്നാൻ പ്രധാനമായും രണ്ട് പഴയനിയമ ആശയങ്ങളായിരുന്നു വിവക്ഷിച്ചിരുന്നത്. ഒന്നാമതായി 'ഉടമ്പടി ബന്ധത്തോടുള്ള ദൈവത്തിന്റെ വിശ്വസ്ഥത' എന്നും; രണ്ടാമതായി സിനായ് മലയിൽ മോശയ്ക്കു മുമ്പിൽ (പുറ 34:6) വെളിപ്പെടുത്തുകയും യേശുവിന്റെ മനുഷ്യശരീരത്തിൽ സമ്പൂർണ്ണമായി ആവിഷ്കൃതമാകുകയും ചെയ്ത ദൈവിക വെളിപാട് എന്ന അർത്ഥത്തിലുമാണ്. അതായത്, 'എന്താണ് സത്യം' എന്ന് പീലാത്തോസ് ചോദിക്കുന്നത് തന്റെ മുമ്പിൽ നിൽക്കുന്ന സത്യത്തോട് തന്നെയാണ്. കാലസമ്പൂർണ്ണതയിൽ മാംസംധരിച്ച വചനമായ നസ്രത്തിലെ യേശുവാണ് ഏക സത്യം. വചനത്തിന്റെ മനുഷ്യാവതാരത്തിൽ വെളിപ്പെട്ട ദൈവമഹത്വം (1:14) അതിന്റെ സമ്പൂർണ്ണതയിൽ വെളിപ്പെടുന്നത് അവന്റെ കുരിശിലാണന്നതുപോലെ (12:23 -24) ദൈവത്തിന്റെ സത്യം അഥവാ അവിടുത്തെ ഉടമ്പടിയുടെ വിശ്വസ്തത പരമമായി വെളിപ്പെടേണ്ടതും യേശുവിന്റെ കുരിശിലാണ്. 'സത്യത്തിന് സാക്ഷ്യം വഹിക്കുക' എന്ന വാക്കിലൂടെ യേശു വ്യക്തമാക്കുന്നതും പരിത്രാണത്തിന്റെ ഈ ദൈവിക പദ്ധതിയാണ്. സത്യത്തിന് സാക്ഷിയാകാൻ, ദൈവത്തിന് മനുഷ്യവംശത്തോടുള്ള ഉടമ്പടിയുടെ വിശ്വസ്തത ഉറപ്പിക്കാൻ, അവൻ കുരിശിൽ അർപ്പിക്കപ്പെടണം. കുരിശിൽ സ്വയം ബലിയർപ്പിച്ചുകൊണ്ട് യേശു ദൈവത്തിന്റെ വിശ്വസ്തതയ്ക്ക് - സത്യത്തിന് - സാക്ഷിയാകുന്നു.

എന്താണ് സത്യം എന്ന പീലാത്തോസിന്റെ പ്രസിദ്ധമായ ഈ ചോദ്യം ശ്രദ്ധേയമാകുന്നത് അതിന്റെ ദ്വിമുഖമായ വൈരുദ്ധ്യം കൊണ്ടാണ്. ഈ ചോദ്യം ചോദിക്കുന്നത് അവതരിച്ച സത്യത്തോട് തന്നെയാണെന്നതും ചോദ്യം ചോദിച്ചിട്ട് മറുപടിക്ക് കാത്ത് നിൽക്കാതെ (സത്യമെന്തെന്നറിയാൻ കാത്തുനിൽക്കാതെ) പീലാത്തോസ് യഹൂദരുടെ അടുത്തേക്ക് പോകുന്നു എന്നതുമാണ് (18:38) ഈ വൈരുദ്ധ്യങ്ങൾ. ഇതുവഴി പീലാത്തോസ് യേശുവിന്റെ ഈ വാക്കുകളെ അടിവരയിടുന്നു, "സത്യത്തിൽനിന്നുള്ളവൻ എന്റെ സ്വരം കേൾക്കുന്നു" (18:38). പീലാത്തോസ് സത്യത്തിൽ നിന്നുള്ളവനോ, സത്യത്തെ അറിയാൻ ആഗ്രഹിക്കുന്നവനോ അല്ലാത്തതിനാൽ യേശുവിന്റെ സ്വരം കേൾക്കാൻ (മറുപടി) കാത്ത് നിൽക്കാതെ അവനിൽനിന്ന് മുഖം തിരിച്ച് കടന്നുപോകുന്നു. ആത്മാംശമില്ലാത്ത, പൊള്ളയായ ദൈവാന്വേഷിയുടെയോ ആത്മീയതയുടെയോ ഒക്കെ എല്ലാക്കാലത്തെയും പ്രതീകമാണ് വൈരുദ്ധ്യത്തിന്റെ ചോദ്യം ചുമന്ന് നടക്കുന്ന പീലാത്തോസ്.

**ഇതാ മനുഷ്യൻ**

> "അവനെ കണ്ടവർ അമ്പരന്നുപോയി; മനുഷ്യനെന്നു തോന്നാത്തവിധം അവൻ വിരൂപനായിരുന്നു." (ഏശ. 52:14)

ചാട്ടവാറടിയേറ്റ് ശരീരമാസകലം കീറിപ്പറിഞ്ഞ, ചോരവാർന്ന് ശിരസിൽ മുൾമുടിയും ചുമലിൽ ചുവപ്പ് മേലങ്കിയും കൈക്കുള്ളിൽ പരിഹാസത്തിന്റെ ഞാങ്ങണയുമേന്തി ജനമധ്യത്തിൽ നിറുത്തപ്പെട്ട യേശു സഹനദാസനെകുറിച്ചുള്ള ഏശയ്യായുടെ പ്രവചനത്തിന്റെ പൂർത്തീകരണമാണ്; "മനുഷ്യനെന്ന് തോന്നാത്തവിധം ഭീകരമർദ്ധനങ്ങൾ വിരൂപനാക്കിയ നസറായനെ ചൂണ്ടിക്കാട്ടിയാണ് പീലാത്തോസ് പറയുന്നത് '*ഈദിയൂ ഹൊ ആന്ത്രോപ്പോസ്*'- 'ഇതാ മനുഷ്യൻ' (ലത്തീൻ ഭാഷയിൽ *Ecce Homo*). പ്രത്യക്ഷാർത്ഥത്തിൽ ഇതാ നിങ്ങൾ ഭയന്ന നസ്രായക്കാരൻ; നിസ്സാഹായനും ദുർബലനും നിവർന്നുനിൽക്കാൻ ത്രാണിയില്ലാത്തവനുമായ ഇവനെയാണോ സീസറിനു ഭീഷണിയായി നിങ്ങൾ കരുതുന്നത് എന്ന അർത്ഥത്തിൽ യേശുവിന്റെ നിസ്സാരതയും സിസ്സഹായവസ്ഥയും ധ്വനിപ്പിക്കുന്ന ചോദ്യമായി വ്യാഖ്യാനിക്കാം.

എന്നാൽ ആഴമായ അർത്ഥത്തിൽ 'മനുഷ്യൻ' (*ആന്തോപ്പോസ്*) എന്നതിനെ ഒരു മെസയാനിക് ടൈറ്റിൽ ആയി വ്യാഖ്യാനിക്കുന്ന പണ്ഡിതരുണ്ട്. മെമാർ മർക്കാഹ് പോലെയുള്ള സമരിറ്റൻ ഗ്രന്ഥങ്ങൾ മോശയ്ക്ക് മാത്രം നൽകിയിരുന്ന പേരാണ് *ഈഷ്*, ഗ്രീക്ക് ഭാഷയിൽ *ആന്ത്രപ്പോസ്*. മോശയാകട്ടെ സമരിറ്റൻ പാരമ്പര്യത്തിൽ മിശിഹായുടെ

ആദിരൂപമായിട്ടാണ് (Proto type) കണക്കാക്കിയിരുന്നത്. ഈ അർത്ഥ ത്തിൽ പരോക്ഷമായി പിലാത്തോസ് 'ഇതാ മനുഷ്യൻ' എന്ന പ്രഖ്യാ പനത്തിലൂടെ യേശുവിന്റെ മിശിഹാത്വം പ്രഘോഷിക്കുകയാണ്. '*ഇദിയു ഹൊ ആന്ത്രപ്പോസ്*' എന്നതിന്റെ വ്യംഗ്യം '*ഇദിയു ഹൊ ക്രിസ്തോസ്*' എന്നാണെന്ന് സാരം (ഇതാ മനുഷ്യൻ = ഇതാ മിശിഹാ).

ഇതിൽനിന്ന് വ്യത്യസ്ഥമായി മനുഷ്യൻ എന്ന ഇവിടുത്തെ പ്രയോ ഗം ഹെബ്രായ ഭാഷയിലെ *ഏവുഫമിസമെന്ന* ഭാഷാപ്രയോഗമായി കണക്കാക്കുന്ന മറ്റൊരു വ്യാഖ്യാനംകൂടിയുണ്ട്. ദൈവനാമത്തോടുള്ള അത്യാദരവും കർത്താവിന്റെ നാമം വൃഥാ പ്രയോഗിക്കരുത് എന്ന ദൈവകൽപനയും പാലിക്കാൻ ദൈവനാമം ഉച്ചരിക്കേണ്ടിവരുമ്പോൾ പകരം മറ്റൊരു ബഹുമാന സൂചകമായ സംജ്ഞ ഉപയോഗിക്കുക ഹെബ്രായരുടെ പതിവായിരുന്നു. വർഷത്തിൽ ഒരേ ഒരു തവണ, യോം കിപൂർ ദിവസം (day of atonement) മാത്രമാണ് പ്രധാന പുരോഹി തൻ 'യഹോവ' എന്ന നാമം ഉച്ചരിച്ചിരുന്നത്. മറ്റ് അവസരങ്ങളിൽ 'യഹോവ' എന്നെഴുതി *അദോണായ്* എന്നാണ് ഉച്ചരിച്ചിരുന്നത്. ഈ ഒരു വ്യാഖ്യാനപ്രകാരം പീലാത്തോസ് പരോക്ഷമായി 'ഇതാ മനു ഷ്യൻ' എന്ന വാക്കുകളിലൂടെ യേശുവിന്റെ ദൈവപുത്രസ്ഥാനത്തെ നൽകുന്ന ഏറ്റുപറയുന്നതായി മനസ്സിലാക്കാം. അതായത് '*ഇദിയു ഹൊ അന്ത്രപ്പോസ്*' എന്നത് *എവുഫമിസം* എന്ന ഭാഷാ ശൈലിയാണ്; വാച്യാർത്ഥത്തിൽ 'ഇതാ മനുഷ്യൻ' എന്നും വ്യംഗ്യാർത്ഥത്തിൽ '*ഇദിയു ഹൊ തെയോസ്*' അഥവാ 'ഇതാ ദൈവം' എന്നും ധ്വനിപ്പിക്കുന്നു.

'ഇതാ മനുഷ്യൻ' എന്ന വാക്കുകളിലൂടെ യേശുവിന്റെ രാജത്വ ത്തിന് നൽകുന്ന (ബോധപൂർവ്വമല്ലെങ്കിലും) സാക്ഷ്യമാണ് എന്ന മൂന്നാ മതൊരു വ്യാഖ്യാനംകൂടിയുണ്ട്. ഈ വാക്കുകൾ പഴയ നിയമത്തിൽ, ഇസ്രായേലിന്റെ ആദ്യരാജാവായ സാവൂളിനെ സാമുവൽ പ്രവാചകൻ ജനത്തിന് മുമ്പിൽ അവതരിപ്പിക്കുന്ന രംഗത്തിന്റെ സാധർമ്മ്യം പേറു ന്നുണ്ട്. സാവൂളിനെ ഇസ്രായേലിനു മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് സാമുവൽ പറയുന്നതും പീലാത്തോസ് പറഞ്ഞ അതേ വാചകം തന്നെ യാണ്: '*ഇദിയുഹൊ അന്ത്രാപ്പോസ്*' – 'ഇതാ മനുഷ്യൻ' (1സാമു. 9:17; LXX).

എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി 'ഇതാമനുഷ്യൻ' എന്ന വാക്കുകളിലൂടെ വത്സലശിഷ്യൻ മനുഷ്യാവതാരം എന്ന ചരി ത്രസത്യത്തിനാണ് ഊന്നൽ നൽകുന്നത് എന്ന് വ്യാഖ്യാനിക്കുന്നവരു

മുണ്ട്. യേശു ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്തിയത് അവന്റെ മർത്യ ശരീരത്തിലാണ് (1:14); കുരിശു മരണം അതിന്റെ പരകോടിയും. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു എന്ന വാക്കുകളുടെ സാധൂകരണമായി ഇതാ മനുഷ്യൻ എന്ന വാക്കുകളെ കണക്കാക്കാം. മനുഷ്യാവതാരത്തെയും യേശുവിന്റെ പീഢാസഹനത്തെയും കുരിശുമരണത്തെയും കേവലം മായക്കാഴ്ച്ചയായിരുന്നു എന്ന് പഠിപ്പിച്ച ഡൊസെറ്റിക് പാഷാണ്ഢതയ്ക്കുള്ള തിരുത്താണ് ഈ അർത്ഥത്തിൽ '*ഇദിയു ഹൊ ആന്തപ്പോസ്*' എന്ന സാക്ഷ്യം.

**കുഞ്ഞാട് ബലിപീഠത്തിലേക്ക് യാത്രയാകുന്നു**

സമവീക്ഷണ സുവിശേഷങ്ങളിൽ നിന്ന് വിഭിന്നമായി യോഹന്നാന്റെ രചനയിൽ കുരിശ് ചുമക്കാൻ യേശുവിനെ ശിമയോൻ സഹായിക്കുന്ന രംഗം കാണുന്നില്ല; മറിച്ച് '*ബാസ്താക്സോൺ എയാവ്ത്തോതൊൻ സ്താവ്റോൺ*' അഥവാ 'അവൻ സ്വയം കുരിശ് ചുമന്നു' എന്നാണ് യോഹന്നാൻ പറയുന്നത്. അതായത് മുൻപ് ആവർത്തിച്ചിരുന്നതുപോലെ യേശു തന്റെ സഹനത്തിന്റെയും മരണത്തിന്റെയും മേൽ നിയന്ത്രണമുള്ളവനായിരുന്നു എന്ന യോഹന്നാന്റെ ദൈവശാസ്ത്രമാണ് ഇവിടെയും നിഴലിക്കുന്നത്. 'അവൻ സ്വയം കുരിശു ചുമന്നു' എന്ന വാക്കിനെ യേശു കുരിശിന്റെ തിരശ്ചീനമായ ഭാഗമാണ് (Pentibolum - എതാണ്ട് ഒൻപത് അടിയിലധികം നീളമുള്ള) ചുമന്നത് എന്ന അർത്ഥത്തിലാണ് വ്യാഖ്യാതാക്കൾ മനസ്സിലാക്കുന്നത്. കുരിശിന്റെ നെടുകയുള്ള ഭാഗം സാധാരണയായി ക്രൂശികരണം നടക്കേണ്ട സ്ഥലത്ത് സ്ഥാപിച്ചിരിക്കും: എന്നാൽ സമവീക്ഷണ സുവിശേഷവിവരണത്തിൽ നിന്ന് മനസിലാക്കാനാവുന്നതുപോലെ ഒരുപക്ഷേ കുരിശ് മുഴുവനായും ചുമപ്പിക്കാനും സാധ്യത ഉണ്ടാവാം എന്ന് കരുതുന്നവരുമുണ്ട്.

തലയോടിടം (Place of Skull) എന്നാണ് സുവിശേഷങ്ങൾ ക്രൂശീകരണം നടന്ന സ്ഥലത്തെ വിശേഷിപ്പിക്കുന്നത്. Gulgolet - *ഗുൽഗൊലെത്ത്* എന്ന് ഹെബ്രായ ഭാഷയിലും; *ഗാഗുൽത്ത* എന്ന് അറമായ ഭാഷയിലും; Calvario (*കാൽവാരിയോ*) എന്ന് ലത്തീൻ ഭാഷയിലും ഇവിടം അറിയപ്പെടുന്നു. അതിനാൽ *ഗാഗുൽത്താ* എന്നത് ഹെബ്രായ വാക്കിൽനിന്നും, *കാൽവരി* എന്നത് ലത്തീൻ സ്വാധീനത്തിൻ നിന്നും മലയാള ഭാഷയിലെത്തി എന്ന് മനസിലാക്കാം. തലയോടിടം എന്ന ഈ സ്ഥലനാമത്തിന്റെ ഉൽപ്പത്തിയെപ്പറ്റി ഭിന്നാഭിപ്രായങ്ങൾ നിലനിൽപുണ്ട്. ഒന്നാമതായി, അത് പ്രസ്തുത സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ ആകൃതി ആസ്പദമാക്കി ഉരുവായതാണെന്ന അഭി

പ്രായമാണ്. അതായത്, മനുഷ്യന്റെ തലയോട്ടിയോട് രൂപസാമ്യമുള്ള തിനാലാണ് *Gulgolet* അഥവാ തലയോട്ടിടം എന്ന പേര് ഗാഗുൽത്താ കുന്നിന് ഉണ്ടായത് എന്നതാണ് ഒരു അഭിപ്രായം. മറ്റൊരു വ്യാഖ്യാനം ഒരിജന്റെ കാലംമുതൽ നിലനിന്ന പാരമ്പര്യത്തെ ആസ്പദമാക്കിയു ള്ളതാണ്. ഇതിൻപ്രകാരം ആദത്തിന്റെ ശവകുടീരം നിലനിന്നിരുന്ന തിലാണ് ഗാഗുൽത്താ എന്ന പേര് ലഭിച്ചതെന്നും യേശുവിന്റെ കുരിശ് നാട്ടപ്പെട്ടത് ആദത്തിന്റെ തലയോടിൻമേലാണെന്നുള്ളതാണ്. ഇതിൽനിന്നുമെല്ലാം ഉപരിയായി യുക്തസഹമായ മൂന്നാമതൊരു വ്യാഖ്യാനം, തലയോടിടം എന്ന് പേരുണ്ടാവാനുള്ളകാരണം, ഈ കുന്ന് കുറ്റവാളികളെ കൊല്ലുന്നതിന് നഗരത്തിനുവെളിയിലുള്ള സ്ഥലമായി രുന്നെന്നും ഭൂമിയുടെ ഉപരിതലത്തിൽ തലയോടുകൾ ദൃശ്യമായിരു ന്നതിനാലാണ് ഗാഗുൽത്താ എന്ന് ഇവിടെ അറിയപ്പെട്ടു തുടങ്ങിയത് എന്നുമാണ്.

വ്യാഖ്യാനങ്ങൾ എന്താണങ്കിലും പാരമ്പര്യത്തിൽ തർക്കമില്ലാതെ കൈമാറിയ വസ്തുത ഗാഗുൽത്താ കുന്ന് ജറുസലേം നഗരത്തിന്റെ മതിലുകൾക്ക് പുറത്തായിരുന്നു എന്നതാണ്. പിന്നീട് എ.ഡി. 40-ൽ ഹേറോദ് അഗ്രിപ്പാ നഗരഭിത്തി വികസിച്ചപ്പോഴാണ് ഈ പ്രദേശം ജറുസലേമിന്റെ കോട്ടയ്ക്കുള്ളിലായത്. ഹേറോദേസിന്റെ കൊട്ടാരത്തിന് ഏതാണ്ട് ആയിരം അടി വടക്കുകിഴക്കായിട്ടായിരുന്നു ഈ സ്ഥലം സ്ഥിതിചെയ്തിരുന്നത്. ഗാഗുൽത്താ ജറുസലേം പട്ടണ ത്തിന് പുറത്തായിരുന്നു എന്നതിന്റെ ശക്തമായ സൂചനകൾ തരുന്ന പുതിയ നിയമ ഭാഗമാണ് ഹെബ്ര. 13:12; "സ്വന്തം രക്തത്തിലൂടെ ജനത്തെ വിശുദ്ധീകരിക്കാൻ ക്രിസ്തുവും കവാടത്തിനു പുറത്തുവച്ച് പീഡനമേറ്റു".

ഗാഗുൽത്താ എന്നറിയപ്പെട്ടിരുന്ന ക്രൂശീകരണത്തിന്റെ സ്ഥലം പട്ട ണത്തിന് സമീപത്തായിരുന്നു (19:20) എന്ന വത്സലശിഷ്യന്റെ വാക്കു കളിൽ ചില ബൈബിൾ വ്യാഖ്യാതാക്കൾ ഒളിഞ്ഞിരിക്കുന്ന ഒരു ദൈവ ശാസ്ത്ര ദർശനം കണ്ടെത്തുന്നുണ്ട്. അതായത്, യേശുവിന്റെ നിർമ്മ ലരക്തം ചിന്തിയതിൽ ജറുസലേം പട്ടണത്തിനുള്ള പങ്ക് വ്യക്തമാ ക്കുന്നതാണ് ഈ പരാമർശം. ഈ മഹാക്രൂരതയിൽ ജറുസലേമും പങ്കാ ളിയാണെന്നാണ്. രണ്ടായിരം വർഷം മുമ്പ് നടന്ന നസ്രായന്റെ ക്രൂശീക രണത്തിൽ മാത്രമല്ല, വർത്തമാനകാലത്തിലെ അകൃത്യങ്ങളിലും നീതി നിഷേധത്തിലും അത് നടക്കുന്ന മണ്ണിനുള്ള ധാർമ്മിക ഉത്തരവാദിത്വ ത്തിലേക്ക് വിരൽചൂണ്ടുന്ന ആഖ്യാനമായി ഇതിനെ മനസിലാക്കാം. ദേശത്ത് നിരപരാധികൾ പീഡിപ്പിക്കപ്പെടുമ്പോഴും നീതി നിഷേധി

ക്കപ്പെടുമ്പോഴും നിഷ്കളങ്ക രക്തം ചിന്തപ്പെടുമ്പോഴും ആ നാടും ആ പാപത്തിന്റെ ധാർമ്മിക ബാദ്ധ്യത ഏറ്റെടുക്കണം. അങ്ങനെയെങ്കിൽ വർത്തമാനകാലത്തിലെ ഭാരതം എത്രകണ്ട് രക്തപങ്കിലയാണെന്ന് ചിന്തിക്കുക; കാണ്ഠമാലിൽ വെന്തുതീർന്ന നിരപരാധികളായ ക്രൈസ്തവരുടെതൊട്ട് പശുവിന്റെയും ഗോമാംസത്തിന്റെയും പേരിൽ കൊലചെയ്യപ്പെടുന്ന നിരപരാധികളുടെ രക്തക്കറവരെയുള്ള അകൃത്യഭാരം വരെ ഈ നാട് ഏത് പുണ്യ നദിയിലാണ് കഴുകിക്കളയാൻ പോകുന്നത്? ഈ വ്യാഖ്യാനത്തിൽ നിന്ന് നോഹയുടെ പ്രളയകാലത്തിന് ഒരു യുക്തി ഭദ്രമായ പിന്തുണ കിട്ടുന്നുണ്ട്. നോഹയുടെ കാലത്ത് അകൃത്യം പെരുകി മണ്ണിനെ വിഷലിപ്തമാക്കിയപ്പോഴാണല്ലോ ദൈവം പ്രപഞ്ചത്തെ കഴുകാൻ തിരുമാനിച്ചത്. നോഹയുടെ കാലത്ത് മലിനമായ മണ്ണിനെ ജലംകൊണ്ട് കഴുകിയ ദൈവം ലോത്തിന്റെ തലമുറയിൽ മലിനമായ നഗരം – സോദോം, ഗോമോറ – കഴുകുന്നത് അഗ്നിയാലാണ്. ചുരുക്കത്തിൽ മനുഷ്യന്റെ അകൃത്യത്തിന് അവൻ മാത്രമല്ല അതിനു വേദിയാകുന്ന നാടും നഗരവും കണക്കുപറയണം എന്നു സാരം.

### കുഞ്ഞാട് ബലിയർപ്പിക്കപ്പെടുന്നു

അത്യന്തം അധാർമ്മികവും ക്രൂരവുമായ ഒരു കൊലപാതകത്തെ "*ഓപ്പു ഔത്തോൻ എസ്തൗറോസാൻ*" – "അവിടെ അവർ അവനെ ക്രൂശിച്ചു" എന്ന ഒറ്റവാചകത്തിലാണ് വത്സലശിഷ്യൻ സംഗ്രഹിച്ചെഴുതിയത്. കുരിശിന്റെ ചുവട്ടിൽ നിന്ന് ക്രൂശിതന്റെ ആത്മപീഡകൾക്കും വിലാപത്തിനും നിസ്സഹായമായ പിടച്ചിലിനും മൂകസാക്ഷിയായ സെബദിപുത്രൻ എന്തുകൊണ്ടാണ് ആ കരളലയിക്കുന്ന ദാരുണ ദൃശ്യത്തിന്റെ വിശദാംശങ്ങൾ കുറിക്കാതെ പോയത്? ഒരു പക്ഷേ ഉത്ഥാനത്തിന്റെ അതുല്യശോഭയിൽ സഹനത്തിന്റെ സങ്കടകാഴ്ചകൾക്ക് പ്രസക്തി നഷ്ടപ്പെട്ടു എന്ന ബോധ്യം കൊണ്ടായിരിക്കും.

പ്രാചീനകാലത്തെ ഏറ്റവും ഭീകരമായ വധശിക്ഷാരീതിയായ ക്രൂശീകരണത്തിന് പൊതുവായി സമാനതകൾ ഉണ്ടായിരുന്നെങ്കിലും അതിന് ഓരോയിടത്തും നടപ്പിലാക്കുന്നവന്റെ മൃഗീയ വാസനക്കും ക്രൂരതയ്ക്കുമനുസരിച്ച് വ്യത്യാസങ്ങൾ സംഭവിച്ചിരുന്നു. ഭൂമിയിൽ മനുഷ്യൻ കണ്ട് പിടിച്ചിട്ടുള്ളതിലും വച്ച് ഏറ്റവും പൈശാചികവും അപമാനകരവുമായ ദണ്ഡന മുറയാണ് ക്രൂശീകരണം എന്നാണ് ജോസഫ് ഫ്ളാവിയൂസ്, സിസ്സറോ തുടങ്ങിയ ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നത്. തികച്ചും കിരാതമായ ഈ ശിക്ഷാമുറ കണ്ടുപിടിച്ചത് പേർഷ്യക്കാരാണന്നാണ് ചരിത്രകാരന്മാരുടെ പക്ഷം. പിന്നീട് ഫൊണിഷ്യൻസും

കാർത്തേജിയൻസും ഇത് പിന്തുടരുകയും റോമൻ ശിക്ഷാരീതിയിൽ എത്തിപ്പെടുകയും ചെയ്തു. ഇരയാക്കപ്പെടുന്നവന്റെ സഹനവും വേദനയും വർദ്ധിപ്പിച്ചുകൊണ്ട് റോമാക്കാർ അതിന്റെ തീവ്രത പൂർണ്ണമാക്കുകയും ചെയ്തു. സാധാരണ രണ്ട് രീതിയിലാണ് കുറ്റവാളിയെ കുരിശിനോട് ചേർത്ത് ബന്ധപ്പിച്ചിരുന്നത് – കയറുവഴിയോ ആണിതറച്ചോ. അഞ്ച് മുതൽ ഏഴ് ഇഞ്ച് വരെ നീളമുള്ള ആണികളാണ് ഉപയോഗിച്ചിരുന്നത് എന്നാണ് കണ്ടെത്തിയിട്ടുള്ളത്. പൂർണ്ണ നഗ്നനായി ശരീരത്തിലെ മുറിപാടുകളിൽ നിന്ന് രക്തം കിനിയുന്നവനായി മണിക്കൂറുകളോ ചിലപ്പോൾ ദിവസങ്ങളോ ആണ് ക്രൂശിതൻ കഴിയേണ്ടിവരിക. പ്രധാന്യമർഹിക്കുന്ന കുറ്റവാളികളെ വളരെ ഉയരത്തിൽ, പട്ടണവാസികൾ കാണുന്നതിനുവേണ്ടി ക്രൂശിക്കുന്നത് റോമൻ പതിവായിരുന്നു, "വിനാഗിരിയിൽ കുതിർന്ന നീർപ്പഞ്ഞി ഹിസോപ്പ് ചെടിയുടെ തണ്ടിൽവച്ച് അവന്റെ ചുണ്ടോടടുപ്പിച്ചു" എന്ന വിവരണത്തിൽനിന്നും യേശുവിനെ സാധാരണയിൽ കവിഞ്ഞ് (ഭൂമിയിൽ നിന്ന് 6 മുതൽ 10 അടിവരെ) ഉയരത്തിലായിരിക്കാം ക്രൂശിച്ചത് എന്ന് അനുമാനിക്കാം. റോമൻ പൗരന്മാരെ ചക്രവർത്തിയുടെ നേരിട്ടുള്ള ഉത്തരവിൽ പ്രകാരമല്ലാതെ ക്രൂശീകരണത്തിന് വിധേയരാക്കാൻ പാടില്ല എന്ന നിയമം തന്നെ എത്ര ഭീകരവും നിന്ദ്യവുമായിരിക്കണം ഈ ശിക്ഷാരീതി എന്നതിന്റെ തെളിവാണ്. കുരിശിന്റെ നെടുകയുള്ള ഭാഗത്ത് തറച്ച്ചേർത്ത തടിക്കഷണത്തോടാണ് (sedile) ക്രൂശിതന്റെ കാൽപാദങ്ങൾ തറച്ചിരുന്നത്. ആണികളാൽ തറയ്ക്കപ്പെട്ട കാലിൽ ഉയർന്ന് കൈകൾ വലിഞ്ഞ് ആയാസപ്പെട്ട് വേണം ഓരോ ശ്വാസവും എടുക്കാൻ, കുരിശിൽ ഓരോ ശ്വാസവും പ്രാണൻ പതിയുന്ന വേദനയാണ് ക്രൂശിതന് നൽകുന്നത്, അവസാനം കാലിൽ കുത്തി ഉയരാൻ പറ്റാത്തവിധം മസിലുകൾ തളർന്നു കഴിയുമ്പോൾ ശ്വസനം അസാധ്യമാകുകയും ശ്വാസകോശത്തിലും ധമനികളിലും ഓക്സിജനുപകരം കാർബൺഡൈഓക്സൈഡ് നിറഞ്ഞ് ശ്വാസംകിട്ടാതെ പിടഞ്ഞാണ് കുരിശിൽ കിടക്കുന്നയാൾ മരിക്കുന്നത് (Asphyxiation എന്നതാണ് ശാസ്ത്രീയമായ മരണകാരണം).

### പ്രവചനങ്ങൾ പൂർത്തിയാകുന്നു

യേശുവിന്റെ സഹനത്തെയും മരണത്തെയും പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണമായിട്ടാണ് വത്സലശിഷ്യൻ അവതരിപ്പിക്കുന്നത്. സംഖ്യയുടെ പുസ്തകം 21-ാം അധ്യായത്തിൽ പിച്ചളസർപ്പത്തിന്റെ ദർശനത്തിലൂടെ മരുഭൂമിയിലെ ഇസ്രായേൽ ജനത സൗഖ്യം പ്രാപിച്ച സംഭവത്തെ തന്റെ കുരിശുമരണത്തിന്റെയും അതിലൂടെ

ലഭിക്കുന്ന രക്ഷയുടെയും പ്രതീകമായി യേശു നടത്തുന്ന പ്രവചനത്തിന്റെ പൂർത്തീകരണം (സംഖ്യ 21:6 = യോഹ. 3:14) കുരിശിൽ സംഭവിക്കുന്നു.

"മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ തന്നിൽ വിശ്വസിക്കുന്നവനു ജീവനുണ്ടാകാൻ മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു." അതുപോലെതന്നെ, യോഹ. 8:28-ൽ യേശു വീണ്ടും ഇതേ പഴയനിയമ സംഭവത്തിന്റെ പശ്ചാത്തലമുപയോഗിച്ച് തന്റെ മരണത്തെ പ്രവചനാത്മകമായി അവതരിപ്പിക്കുന്നുണ്ട്. "നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ ഞാൻ തന്നെയെന്നും ഞാൻ സ്വമേധയാ ഒന്നും പ്രവർത്തിക്കുന്നില്ലെന്നും പ്രത്യുത, എന്റെ പിതാവ് എന്നെ പഠിപ്പിച്ചതുപോലെ ഇക്കാര്യത്തിൽ ഞാൻ സംസാരിക്കുന്നുവെന്നും നിങ്ങൾ മനസിലാക്കും" (യോഹ. 8:28). വീണ്ടും 22-ാം സങ്കീർത്തനത്തിൽ ക്രൂശിതന്റെ പീഢകളുടെ സാക്ഷാൽ അക്ഷരചിത്രമാണ് നാം കണ്ടെത്തുന്നത്. "*ഏൽ, ഏൽ, ലാമാ സബ്ക്താനി*" എന്ന 22-ാം സങ്കീർത്തനത്തിന്റെ ഒന്നാം വാക്യമാണ് ക്രൂശിതന്റെ വിലാപഗാനമായി ഗാഗുൽത്താക്കുന്നിൽ മുഴങ്ങിയത് എന്നതും ശ്രദ്ധേയമാണ്. കുരിശുമരണം എന്ന കിരാത ശിക്ഷാവിധി നിലവിൽവരുന്നതിന് നൂറ്റാണ്ടുകൾ മുമ്പ് ദാവീദ് നടത്തുന്ന പ്രവചനാത്മകമായ വാക്കുകൾ അങ്ങനെ ക്രൂശിതന്റെ സഹനങ്ങളുടെ ആത്മാവിഷ്ക്കാരമായി മാറുന്നു.

> "ഞാൻ മനുഷ്യനല്ല കൃമിയത്രേ, മനുഷ്യർക്ക് നിന്ദാപാത്രവും ജനത്തിന് പരിഹാസ വിഷയവും. കാണുന്നവരെല്ലാം എന്നെ അവഹേളിക്കുന്നു; അവർ കൊഞ്ഞനം കാട്ടുകയും പരിഹസിച്ച് തലയാട്ടുകയും ചെയ്യുന്നു." (സങ്കീ. 22:6-8)
>
> "അവർ എന്റെ വസ്ത്രങ്ങൾ പങ്കിട്ടെടുത്തു എന്റെ മേലങ്കിക്കുവേണ്ടി അവർ നറുക്കിട്ടു." (22:18)

ഏശയ്യയായുടെ സഹനദാസനെക്കുറിച്ചുള്ള "അവൻ പാപികളോടുകൂടി എണ്ണപ്പെട്ടു" എന്ന പ്രവചനഭാഗത്തിന് "യേശുവിന്റെ ഇരുവശമായി രണ്ട് കുറ്റവാളികളെ ക്രൂശിച്ചു" എന്ന വിവരണത്തിൽ പൂർത്തീകരണ ഭാവം കൈവരുന്നുണ്ട്. ഏശയ്യായുടെ സഹനദാസനുമായുള്ള ഈ സാധർമ്മ്യം, സഹനത്തിലൂടെ കൈവരുന്ന വലിയ രക്ഷയിലേക്കും വീണ്ടെടുപ്പിലേക്കുമാണ് വിരൽ ചൂണ്ടുന്നത്. എനിക്ക് ദാഹിക്കുന്നു, എന്ന യേശുവിന്റെ കുരിശിൽകിടന്നുള്ള മൊഴികൾപോലും പ്രവചന പൂർത്തീകരണത്തിന്റെ ഭാവം ഉൾക്കൊള്ളുന്നുണ്ട്. 69-ാം സങ്കീർത്തനം 21-ാംവചനത്തിൽ ദാവീദ് ഇങ്ങനെ എഴുതുന്നു: "ഭക്ഷണമായി അവർ എനിക്ക് വിഷം തന്നു. ദാഹത്തിന് അവർ എനിക്ക്

വിനാഗിരിതന്നു" (സങ്കീ. 69:21) ഈ വാക്കുകൾ യോഹന്നാന്റെ വിവരണവുമായി അക്ഷരാർത്ഥത്തിൽ പുലർത്തുന്ന സാധർമ്മ്യം ശ്രദ്ധിക്കുക: അവർ വിനാഗിരിയിൽ കുതിർത്ത ഒരു നീർപ്പഞ്ഞി ഹിസോപ്പ് ചെടിയുടെ തണ്ടിൽ വച്ച് അവന്റെ ചുണ്ടോടടുപ്പിച്ചു"(19:29). ഇവിടെ വിനാഗിരി എന്ന ഗ്രീക്ക് വാക്കിന്റെ (OXOS) ശരിയായ പരിഭാഷ 'ചവർപ്പുള്ള വീഞ്ഞ്' എന്നതാണ്. ഏറ്റവും താഴ്ന്ന നിലവാരത്തിലുള്ള ഈ വീഞ്ഞ് സാധാരണ പടയാളികൾ ദാഹശമനിയായികൊണ്ട് നടന്നിരുന്നു. ദാഹിക്കുന്നു എന്ന യേശുവിന്റെ വാക്കുകൾ കേട്ട ഉടൻ പടയാളികൾ അവന് നൽകിയതും ഇതേ ചവർപ്പുള്ള വീഞ്ഞാണ്.

സുവിശേഷകന്മാരിൽ യോഹന്നാൻ മാത്രമാണ് 'ഹിസോപ്പ് ചെടിയുടെ തണ്ട്' എന്ന പരാമർശം നടത്തുന്നത്. വ്യാഖ്യാതാക്കൾ ഈ പരാമർശത്തിന് പുറപ്പാട് 12:22 വചനത്തോട് സാധർമ്മ്യം കൽപിച്ച് വ്യാഖ്യാനിക്കാറുണ്ട്. "പാത്രത്തിലുള്ള രക്തത്തിൽ ഹിസോപ്പ്കമ്പ് മുക്കി രണ്ട് കട്ടിളക്കാലിൻമേലും മേൽപ്പടിയിൽമേലും തളിക്കുവിൻ" (പുറ. 12:12). വത്സലശിഷ്യൻ തന്റെ ഓർമ്മകളുടെ വിവരണത്തിന്റെ ആരംഭംമുതൽ തികഞ്ഞ അവധാനതയോടെ പിൻതുടരുന്നതാണ് യേശു പെസഹാകുഞ്ഞാടാണ് എന്ന ദർശനം. ഇവിടെ ഹിസോപ്പ്കമ്പിന്റെ വിവരണവും തികച്ചും ബോധപൂർവ്വവും ദൈവശാസ്ത്രപരവുമായി തന്റെ ബോധ്യത്തെ വ്യക്തമാക്കാനുള്ള രചനാവൈഭവവുമായി മനസിലാക്കാം. ഹിസോപ്പുചെടിയുടെ പരാമർശത്തിലൂടെ സുവിശേഷകൻ യേശുവിനെ പഴയനിയമത്തിലെ പെസഹാ കുഞ്ഞാടുമായി ബന്ധിപ്പിക്കുകയാണ് ചെയ്യുന്നത്. യേശുവിന്റെ രക്തം ലോകത്തിന്റെ പാപങ്ങൾക്കുള്ള പരിഹാരബലിയുടെ രക്തമാണെന്ന അഗാധ ദർശനം തന്നെയാണ് ഇവിടെയും അനാവൃതമാകുന്നത്. അപ്പോൾ യേശുവിന്റെ മരണം പുതിയ പെസഹായായി മാറുന്നു; പുതിയ പെസഹാകുഞ്ഞാടായ നസ്രത്തിലെ യേശു പുതിയ ബലിപീഠത്തെ - കുരിശിനെ പുണരുന്നു. "അൾത്താരയിൽ തൂക്കിയിട്ടിരിക്കുന്ന ക്രൂശിതരൂപം സഹിക്കുന്ന മനുഷ്യനെ ഉറ്റുനോക്കാനുള്ള ക്ഷണമാണ്" എന്ന ഫ്രഞ്ച് തത്വചിന്തകനായ പീറ്റർ അബലാർഡിന്റെ വാക്കുകൾ എല്ലാക്കാലത്തും പ്രസക്തമാണ്. കാൽവരിയിലെ കുരിശിലുയർത്തപ്പെട്ട ക്രിസ്തുവിനെ ഉറ്റുനോക്കുക, അതുവഴി ഉള്ളിൽ സഹജീവികളോടുള്ള അനുഭാവത്തിന്റെ ഉറവപൊട്ടും; അതൊരുപക്ഷേ രക്ഷയുടെ കാരണമായേക്കാം.

ഗാഗുൽത്തായിലെ കുരിശിൽ നസ്രായനായ യേശു പ്രവചനങ്ങളെ പൂർത്തീകരിച്ചതായി ചിത്രീകരിക്കുന്നതിലൂടെ യോഹന്നാന്റെ മനോഹരമായ ദൈവശാസ്ത്രം മുന്നോട്ട് വയ്ക്കുന്ന ദർശനം ഇതാണ്: ക്രൂശി

തന്റെ ജീവിത പീഡകളിൽ അവന്റെ പീഡകളെയും പീഡകരെയും നിയന്ത്രിച്ചത് ദൈവത്തിന്റെ കരങ്ങളാണ്. മനുഷ്യരക്ഷയെന്ന ദൈവത്തിന്റെ ഹിതമാണ് മനുഷ്യന്റെ സകല ക്രൂരതകൾക്കും കുടിലതന്ത്രങ്ങൾക്കും ഉപരിയായി നിറവേറിയത്. മനുഷ്യൻ തങ്ങളുടെ പദ്ധതി വിജയിച്ചു എന്ന് വിചാരിച്ചിടത്ത് വിജയിച്ചതും നിവർത്തിയായതും ദൈവത്തിന്റെ ഹിതവും അവിടുത്തെ പദ്ധതിയുമായിരുന്നു.

**അനന്തരം തലചായ്ച് തന്റെ ആത്മാവിനെ സമർപ്പിച്ചു**

ലോകം കണ്ടതിലും വച്ച് ഏറ്റവും ക്രൂരമായ കൊലപാതകം, നിഷ്ഠൂരവും കരുണാരഹിതവുമായ ഒരു ശിക്ഷാവിധി സൗമ്യ സുന്ദരമായ ഒരു കാവ്യംപോലെ ആർദ്രവുമായി മാറുന്നതാണ് കുരിശിലെ അന്ത്യനിമിഷങ്ങളുടെ വർണ്ണനയിലൂടെ വത്സല ശിഷ്യൻ ലോകത്തിന് സാക്ഷ്യപ്പെടുത്തുന്നത്. നസ്രത്തിലെ യേശുവിന്റെ സഹനവും മരണവും മനുഷ്യന്റെ കൗടില്യങ്ങളുടെ വിജയമെന്ന് പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും ഓരോ നിർണ്ണായക സന്ദർഭങ്ങളിലും ആ ഒരു വായനയെ വത്സലശിഷ്യൻ തിരുത്തുന്നുണ്ട്. മനുഷ്യന്റെ ദുഷ്ടതയ്ക്കുമേൽ ദൈവത്തിന്റെ കരുണ വിജയിക്കുന്ന, മനുഷ്യന്റെ പദ്ധതിയുടെമേൽ ദൈവഹിതം വിജയംനേടുന്ന സുന്ദര ആഖ്യാനമാണ് നാം കാണുന്നത്. ദൈവികപദ്ധതിയുടെ സമ്പൂർണ്ണ വിജയവും സഹനത്തിന്റമേൽ ദൈവപുത്രൻ ആദ്യാവസാനം പുലർത്തിയ നിയന്ത്രണവുമാണ് "അനന്തരം തലചായ്ച്ച് തന്റെ ആത്മാവിനെ സമർപ്പിച്ചു" എന്ന വാക്കുകളിൽ നിഴലിക്കുന്നത്. നസ്രായൻ നിശബ്ദമായി തന്റെ പീഢകരോട് പറയുന്നതെന്താണ്? 'നിങ്ങൾ എനിക്ക് തരേണ്ട സഹനമുറകളും അതിന്റെ തീവ്രതയും നിശ്ചയിക്കുക; പക്ഷേ അവയെ സ്വീകരിക്കുന്ന വിധം എന്റെ മാത്രം നിയന്ത്രണത്തിലാണ്'. എല്ലാക്കാലത്തും സഹിക്കുന്നവരുടെയും വേട്ടയാടപ്പെടുന്നവരുടെയും നീതിനിഷേധത്തിനും ക്രൂരമായ വംശഹത്യക്കും ഇരയാക്കപ്പെടുന്നവരുടെയും പാഠപുസ്തകമായി നസ്രായന്റെ സഹനചരിത്രം മാറുന്നതിങ്ങനെയാണ്.

*പാരാദിദോമി* എന്ന വാക്കാണ് സമർപ്പിച്ചു എന്ന അർത്ഥത്തിൽ യോഹന്നാൻ ഉപയോഗിക്കുന്നത്. ഇതിന് 'ഏൽപ്പിച്ചു കൊടുക്കുക' എന്ന ഒരർത്ഥംകൂടിയുണ്ട്. ഇതേ വാക്കാണ് യൂദാസിന്റെ ഒറ്റികൊടുക്കൽ മുതൽ യോഹന്നാൻ ഉപയോഗിക്കുന്നത്. അതായത്, ഒറ്റികൊടുക്കൽ ഏൽപ്പിച്ച് കൊടുക്കലാണ്; പ്രധാനപുരോഹിതൻ പീലാത്തോസിന് യേശുവിനെ കൈമാറുന്നത് ഏൽപ്പിച്ച് കൊടുക്കലാണ്. പീലാത്തോസ് ക്രൂശിക്കാൻ പടയാളികൾക്ക് ഏൽപ്പിച്ചു കൊടുക്കുകയാണ്. അവസാനം

യേശു തന്റെ ആത്മാവിനെയും ഏൽപിച്ചുകൊടുക്കുകയാണ്. ആരാണ് ക്രിയയുടെ കർത്താവ്? അത് യേശുവാണ്; അവൻ സ്വമനസാ ബന്ധനത്തിനും സഹനത്തിനും മരണത്തിനും സ്വയം വിട്ടുകൊടുക്കുന്നു. തന്റെ മരണത്തിന് ആത്മാർപ്പണത്തിന്റെ നിറംചാർത്തി യേശു പറഞ്ഞ വാക്കുകൾ അന്വർത്ഥമാണിവിടെ:

> "തിരിച്ചെടുക്കുന്നതിനായി ഞാൻ ജീവനർപ്പിക്കുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്കുന്നു. ആരും എന്നിൽ നിന്ന് അത് പിടിച്ചെടുക്കുകയല്ല ഞാനത് സ്വമനസാ സമർപ്പിക്കുകയാണ്." (യോഹ. 10:18)

**കുരിശുമരണത്തിന്റെ കാലാനുക്രമത**

വേദപുസ്തക വ്യാഖ്യാതാക്കളുടെയും ചരിത്രപണ്ഢിതരുടെയും നിരന്തര വിശകലനത്തിനു വിധേയമായതും അവശ്യം സങ്കീർണ്ണമായതുമായ വിഷയമാണിത്. ലോകചരിത്രത്തെയും മനുഷ്യന്റെ ഭാവിയേയും ഇത്രമേൽ മാറ്റിമറിച്ച ഒരു ചരിത്രസംഭവത്തിന് സുവിശേഷകന്മാർ ക്ലിപ്തത വരുത്താൻ മറന്നതെന്ത് എന്ന സ്വാഭാവിക ചോദ്യം പലരും ഉന്നയിക്കാറുമുണ്ട്. സുവിശേഷരചനയുടെ ലക്ഷ്യം ("യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് വിശ്വസിക്കുന്നതിനും അതുവഴി ജീവൻ പ്രാപിക്കുന്നതിനും" യോഹ. 20:31) ചരിത്രപരമല്ലാത്തതിനാലും സ്ഥലകാല സൂചനകളുടെ ക്ലിപ്തത നിത്യരക്ഷയ്ക്ക് അനിവാര്യമാണെന്ന് സുവിശേഷകന്മാർ കരുതാത്തതിനാലും കാലാനുക്രമതയ്ക്ക് വലിയ പ്രാധാന്യം നൽകിയില്ല എന്നതാവും ഈ ചോദ്യത്തിനുള്ള ശരി ഉത്തരം. എങ്കിലും സുവിശേഷവിവരണങ്ങളുടെ ഒരു സൂക്ഷ്മവായന യേശുവിന്റെ കുരിശുമരണത്തിന്റെ വർഷത്തേയും ദിവസത്തേയും സമയത്തേയുംകുറിച്ച് ഏകദേശം കൃത്യമായ ധാരണ നമുക്ക് നൽകുന്നുണ്ടുതാനും.

A കയ്യാഫാസ് പ്രധാനപുരോഹിതനായിരിക്കുമ്പോഴാണ് യേശുവിന്റെ കുരിശുമരണം നടന്നത് (മത്താ. 26:3-4; യോഹ. 11:49-53, 18:13-14). കയ്യാഫാസ് എ.ഡി. 18-36 കാലത്താണ് പ്രധാനപുരോഹിതനായിരുന്നത്.

B പന്തിയോസ് പീലാത്തോസ് യൂദായുടെ ഗവർണ്ണറായിരിക്കുമ്പോളാണ് കുരിശുമരണം നടന്നത് (മത്താ. 27:24-26; മർക്കോ. 15:15; ലൂക്ക 23:24; യോഹ. 19: 15-16). പീലാത്തോസ് എ.ഡി. 26-36 കാലഘട്ടത്തിലാണ് യൂദായുടെ ഗവർണ്ണറായിരുന്നത്. അതിനാൽ യേശുവിന്റെ കുരിശുമരണം എ.ഡി. 26-36 കാലത്തിനുള്ളിലായിരിക്കും നടന്നത് എന്ന് അനുമാനിക്കാം.

C തിബേരിയാസ് സീസറിന്റെ 15-ാം ഭരണവർഷത്തിനുശേഷം യേശു തന്റെ പരസ്യജീവിതം ആരംഭിച്ചു. 'സുവിശേഷകന്മാരിലെ ചരിത്രകാരൻ' എന്നറിയപ്പെടുന്ന വി. ലൂക്കായാണ് യേശുവിന്റെ പരസ്യജീവിതത്തിന്റെ ആരംഭം മനസിലാക്കാൻ സഹായിക്കുന്ന നിർണ്ണായകമായ ഈ ചരിത്ര സൂചന തരുന്നത്.

"തിബേരിയാസ് സീസറിന്റെ പതിനഞ്ചാം ഭരണവർഷം ... സഖറിയായുടെ പുത്രനായ യോഹന്നാന് ദൈവത്തിന്റെ അരുളപ്പാടുണ്ടായി" (ലൂക്കാ. 3:1). യോഹന്നാൻ പ്രവാചകദൗത്യം ആരംഭിച്ചതിനുശേഷമാണല്ലോ യേശുവിന്റെ ജ്ഞാനസ്നാനവും പരസ്യജീവിതവും തുടങ്ങുന്നത്. റോമൻ ചരിത്രകാരന്മാരായ ടാസിറ്റസ്, സ്യൂട്ടോണിയസ്, കാസിയൂസ് എന്നിവരുടെ രേഖകൾ പ്രകാരം എ.ഡി. 14 ആഗസ്റ്റ് 19-നാണ് തിബേരിയൂസ് സീസറിന്റെ ഭരണം ആരംഭിക്കുന്നത് (അഗസ്റ്റസ് സീസറിന്റെ മരണ ദിവസം). അപ്പോൾ യോഹന്നാന്റെ പ്രവാചകദൗത്യം ആരംഭിച്ചത് എ.ഡി. 28-ന്റെ അവസാനമോ എ.ഡി. 29-ന്റെ ആരംഭത്തിലോ ആണെന്നത് വ്യക്തമാണല്ലോ. ഇതിൽനിന്ന് യേശുവിന്റെ ജ്ഞാനസ്നാനവും പരസ്യജീവിതവും എ.ഡി. 29 ൽ ആരംഭിച്ചു എന്ന് മനസിലാക്കാവുന്നതാണ്. അതുകൊണ്ടുതന്നെ ക്രൂശീകരണം എ.ഡി. 29-36 എന്ന കാലയളവിനുള്ളിൽ നിജപ്പെടുത്താം.

D യേശുവിന്റെ കുരിശുമരണം നടന്നത് വെള്ളിയാഴ്ച്ചയായിരുന്നു:

യേശുവിന്റെ ക്രൂശുമരണം നടന്ന ദിവസത്തെ വത്സലശിഷ്യൻ വിശേഷിപ്പിക്കുന്നത് "അത് സാബത്തിന്റെ ഒരുക്കത്തിന്റെ ദിവസമായിരുന്നു" എന്നാണ്. സാബത്തിന്റെ ഒരുക്കദിവസത്തെ *യോം ദാ അറുബ്ത്താ* (day of preparation) എന്നാണ് യഹൂദർ വിളിച്ചിരുന്നത്. (ലൂക്കാ 23:54 - "അത് ഒരുക്കത്തിന്റെ ദിവസമായിരുന്നു; സാബത്തിന്റെ ആരംഭവുമായിരുന്നു"; മർക്കോസ് 15:42 - "അത് സാബത്തിനു തൊട്ടു മുൻപുള്ള ഒരുക്കദിവസമായിരുന്നു"; മത്തായി 27:62 - "പിറ്റേന്ന് അതായത് ഒരുക്കദിനത്തിന്റെ പിറ്റേന്ന്") നാല് സുവിശേഷകന്മാരും ഐകക്യകണ്ഠേന യേശു മരിച്ചത് വെള്ളിയാഴ്ച്ചയായിരുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു. അപ്പോൾ, യേശുവിന്റെ കുരിശുമരണം എ.ഡി. 29-36 വർഷങ്ങളിലെ ഒരു വെള്ളിയാഴ്ച്ചയായിരുന്നു എന്നത് വ്യക്തമാണല്ലോ.

E അത് പെസഹായോട് ചേർന്നുവന്ന വെള്ളിയാഴ്ച്ചയായിരുന്നു:

യേശുവിന്റെ കുരിശുമരണം യഹൂദരുടെ പെസഹാതിരുനാളിനോട് അനുബന്ധിച്ചായിരുന്നു എന്നതും നാല് സുവിശേഷങ്ങളും ഒരുപോലെ

സാക്ഷ്യപ്പെടുത്തുന്ന വസ്തുതയാണ്. (മത്തായി 26:2 – "രണ്ട് ദിവസം കഴിഞ്ഞ് പെസഹായാണെന്ന് നിങ്ങൾക്കറിയാമല്ലോ"; മർക്കോസ് 14:1 – "പെസഹായ്ക്കും പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാളിനും രണ്ട് ദിവസമേ ഉണ്ടായിരുന്നുള്ളു"; ലൂക്കാ 22:1 – "പെസഹാ എന്നു വിളിക്കപ്പെടുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ അടുത്തു"; യോഹന്നാൻ 18:39 – "പെസഹാദിനം നിങ്ങൾക്ക് ഒരുവനെ വിട്ടുതരുന്ന പതിവുണ്ടല്ലോ"). യോഹന്നാന്റെ രചനയിൽനിന്ന് ലഭിക്കുന്ന കൃത്യമായ സൂചനയാണ്: "ആ സാബത്ത് ഒരു വലിയ ദിവസമായിരുന്നു". വലിയ ദിവസം എന്നതിനെ ആ പ്രത്യേക വർഷത്തിൽ നിസാൻ 15–ാം തിയതിയ്ക്കുശേഷം (പെസഹാ ദിവസം) വരുന്നതും യഹൂദർ പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ ആചരിച്ചിരുന്നതുമായ സാബത്ത് എന്ന് മനസിലാക്കാം. ഇനി ചിന്തിക്കേണ്ടത് എ.ഡി. 29 നും 36 നും ഇടയിൽ നിസാൻ 15–ാം തിയതി പെസഹായോട് ചേർന്ന് വെള്ളിയാഴ്ച്ച വരുന്ന വർഷങ്ങളേതെല്ലാമെന്നാണ്. എ.ഡി. 30 ഏപ്രിൽ 7, എ.ഡി. 33 ഏപ്രിൽ 3, എന്നീ രണ്ട് വർഷങ്ങളാണ് ഈ അന്വേഷണത്തിൽ നാം കണ്ടെത്തുന്നത്. നസ്രായനായ യേശു കുരിശിൽ മരിച്ചത് ഇതിൽ ഏത് വർഷമായിരിക്കും എന്ന ചോദ്യമാണ് ഇനി നമ്മുടെ മുമ്പിൽ അവശേഷിക്കുന്നത്.

F യേശുവിന്റെ മരണം എ.ഡി. 30 ഏപ്രിൽ 7?:

ബൈബിൾ പണ്ഢിതരും ചരിത്രകാരന്മാരും ഈ രണ്ട് തിയതികളുടെയും സാഗത്യം ഏടുത്തുകാട്ടുന്നുണ്ട്. പക്ഷെ എ.ഡി. 30 ഏപ്രിൽ 7 എന്ന തിയതി നമ്മുടെ മുമ്പിൽ ഒരു പ്രശ്നം ഉയർത്തുന്നുണ്ട്. അതായത്, വി. യോഹന്നാന്റെ സുവിശേഷം അനുസരിച്ച് പരസ്യജീവിതകാലത്ത് യേശു മൂന്ന് വ്യത്യസ്ഥ പെസഹാതിരുനാളുകൾക്ക് ജറുസലേമിൽ പോകുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് (യോഹ. 2:13–25; 6:1; 11:55). ഇതിൽനിന്നും യേശുവിന്റെ പരസ്യജീവിതത്തിന് 3 വർഷം ദൈർഘ്യമുണ്ടായിരുന്നു എന്ന് മനസിലാക്കണം. ലൂക്കാ സുവിശേഷകന്റെ ചരിത്ര സൂചനപ്രകാരം എ.ഡി. 29 ന്റെ ആരംഭത്തിലോ അതിന് ശേഷമോ ആണ് പരസ്യജീവിതം ആരംഭിച്ചിരിക്കുക; അതുകൊണ്ടു തന്നെ എ.ഡി. 30 എന്ന തിയതി പരിഗണിക്കുമ്പോൾ യേശുവിന്റെ പരസ്യജീവതകാലം തീർത്തും ഹൃസ്വമായിപോകുന്നതിനാൽ ഇത് കൃത്യമല്ലെന്ന് ന്യായമായും കണക്കാക്കാം.

G യേശുവിന്റെ കുരിശുമരണം എ.ഡി. 33 ഏപ്രിൽ 3:

മുകളിൽ വിശദമായി പരാമർശിച്ച സുവിശേഷ സൂചനകളിൽനിന്നും അവയിൽനിന്ന് ബന്ധപ്പെടുത്താവുന്ന ചരിത്രപശ്ചാത്ത

ലത്തിലുമാണ് യേശുവിന്റെ മരണം എ.ഡി. 33 ഏപ്രിൽ 3-ാം തിയതി എന്ന് സ്ഥാപിക്കുന്നത്. ഈ കണ്ടെത്തലിന് ഉപോദ്ബലമായി രണ്ട് സൂചനകൾക്കൂടി വ്യാഖ്യാതാക്കൾ അവതരിപ്പിക്കുന്നുണ്ട്. യൂദയായുടെ അക്കാലത്തെ രാഷ്ട്രീയ സാഹചര്യത്തെ അടിസ്ഥാനമാക്കിയതാണ് അവയിൽ ആദ്യത്തേത്. റോമൻ പ്രീഫെക്ടായിരുന്ന പീലാത്തോസി നാലാണ് യേശു വിചാരണ ചെയ്യപ്പെട്ടതെന്നത് അവിതർക്കമായ വസ്തുതയാണല്ലോ; വിചാരണ വേളയിൽ സുവിശേഷകന്മാർ വിവ രിക്കുന്ന പീലാത്തോസ് യഹൂദരുടെ സമ്മർദ്ദത്തെ അതിജീവിക്കാൻ കഴിയാത്ത ഭീരുവോ ദുർബലനോ ആയ ഭരണാധികാരിയാണ്. എന്നാൽ ലൂക്ക 13:1-ൽ നാം വായിക്കുന്ന പീലാത്തോസ് ഇങ്ങനെ ഒരു ദുർബല നായ ഭരണാധികാരി ആയിരുന്നില്ല. ("ഗലീലിയക്കാരായ ഏതാനും പേരുടെ ബലികളിൽ അവരുടെ രക്തംകൂടി പീലാത്തോസ് കലർത്തിയ വിവരം അവിടെ ഉണ്ടായിരുന്ന ചിലർ യേശുവിനെ അറിയിച്ചു"). എ.ഡി. 26-ൽ തികഞ്ഞ യഹൂദ വിരോധിയും ആന്റി സെമിറ്റിക് ചിന്താഗതി ക്കാരനുമായ സെൽജിയൂസാണ് പീലാത്തോസിനെ പ്രീഫെക്ടായി നിയമിച്ചത്. അതുകൊണ്ടുതന്നെ സെൽജിയൂസിന്റെ ആന്റിസെമിറ്റിക് ശൈലിയാണ് ആദ്യകാലത്ത് പീലാത്തോസ് പിൻതുടർന്നിരുന്നതും. എന്നാൽ എ.ഡി. 31-ൽ തിബേരിയാസ് സീസർ സെൽജിയൂസിനെ അയാളുടെ അതിരുവിട്ട സെമിറ്റിക് വിരോധത്തിന്റെ പേരിൽ വിചാ രണ ചെയ്യുകയും പീലാത്തോസ് ഉൾപ്പെടെയുള്ള തന്റെ പ്രീഫെക്ട്മാ രോട് യഹൂദരോട് മാന്യമായും ഉദാരമായും പെരുമാറാൻ കൽപിക്കു കയും ചെയ്തു. അതായത്, ഈ ഉത്തരവ് ലഭിച്ച എ.ഡി. 31 ന് ശേഷ മാണ് പീലാത്തോസ് യഹൂദരെ മാനിക്കാൻ തുടങ്ങിയത് എന്ന് ചുരു ക്കം. ഇതിൽനന്ന് യേശുവിന്റെ വിചാരണ വേളയിൽ യഹൂദമത നേതൃ ത്വത്തെ തൃപ്തിപ്പെടുത്താനും അവരുടെ സമ്മർദ്ദതന്ത്രത്തിന് വശംവ ദനാകാനും പീലാത്തോസ് തയ്യാറാവുന്നതിന്റെ ചരിത്ര സാഹചര്യം വ്യക്തമാണല്ലോ. അപ്പോൾ പീലാത്തോസിൽ ശൈലിവ്യതിയാനം സംഭ വിച്ച എ.ഡി. 31 ന് ശേഷമാണ് നസ്രായന്റെ വിചാരണയും കുരിശുമര ണവും സംഭവിച്ചത് എന്ന് ന്യായമായും അനുമാനിക്കാം. എ.ഡി. 31 ന് ശേഷം നിസാൻ മാസം 15-ാം തിയതിയും പെസഹായും ചേർന്നുവ രുന്ന വെള്ളിയാഴ്ച്ചയാകട്ടെ എ.ഡി. 33 ഏപ്രിൽ 3-ാം തിയതി മാത്ര മാണ്. അതുകൊണ്ട് നസ്രായൻ കുരിശിൽ മരിച്ചത് എ.ഡി. 33 ഏപ്രിൽ 3-ാം തിയതി എന്ന് സ്ഥാപിക്കുന്നത് യുക്തിഭദ്രമാണുതാനും.

ജ്യോതിശാസ്ത്രത്തിന്റെ പിൻബലത്തോടുകൂടി ചില വ്യാഖ്യാതാ ക്കൾ എ.ഡി. 33 ഏപ്രിൽ 3-ാം തിയതി വെള്ളിയാഴ്ച്ചയായിരുന്നു യേശു ക്രൂശിക്കപ്പെട്ടത് എന്ന വാദത്തെ പിൻതുണയ്ക്കുന്നുണ്ട്. പെന്തക്കുസ്ത

തിരുനാളിലെ പത്രോസ്ശ്ലീഹായുടെ പ്രസംഗത്തിന്റെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്: "കർത്താവിന്റെ മഹനീയവും പ്രകാശപൂർണ്ണ വുമായ ദിനം വരുന്നതിനുമുമ്പ് സൂര്യൻ അന്ധകാരമയവും ചന്ദ്രൻ രക്തവർണ്ണവുമായി മാറും" (അപ്പ. പ്രവർ. 2: 20). എ.ഡി. 33 ഏപ്രിൽ 3-ാം തിയതി സായാഹനത്തിൽ ജറുസലേമിൽ ചുവന്ന ചന്ദ്രൻ (blood moon) ദൃശ്യമായിരുന്നു എന്ന് ചില ചരിത്രകാരന്മാർ പരാമർശിക്കു ന്നുണ്ട്. യേശുവിന്റെ മരണസമയത്ത് ഭൂമിയിലെങ്ങും അന്ധകാരം വ്യാപിച്ചു എന്ന് സുവിശേഷകന്മാർ രേഖപ്പെടുത്തുന്നുണ്ടല്ലോ (ലൂക്ക 23:44). ഇതിൽനിന്നും അന്ന് നടന്ന ചന്ദ്രഗ്രഹണത്തിന്റെ സൂചനയാണ് ലഭിക്കുന്നത് എന്ന് അഭിപ്രായപ്പെടുന്ന വ്യാഖ്യാതാക്കളുണ്ട്. ഈ ചന്ദ്ര ഗ്രഹണത്തെയാണ് യേശുവിന്റെ മരണോത്ഥാനങ്ങളെ അവതരിപ്പിച്ചു കൊണ്ട് പ്രസംഗിക്കുന്നതിനിടയിൽ ശിമയോൻ പത്രോസ് പരാമർശി ക്കുന്നതെന്നാണ് വ്യാഖ്യാതാക്കളുടെ പക്ഷം. ഈ കണ്ടെത്തൽ എ.ഡി. 33 ഏപ്രിൽ 3 വെള്ളിയാഴ്ച്ചയായിരുന്നു കുരിശുമരണം നടന്നത് എന്ന വാദത്തെ പിൻതുണയ്ക്കുന്നുണ്ടുതാനും.

H നസ്രായന്റെ മരണസമയം:

സമാന്തര സുവിശേഷകന്മാർ മൂന്ന്പേരും രേഖപ്പെടുത്തുന്നത് യേശു മരിച്ചത് ഒൻപതാം മണിക്കൂറിലായിരുന്നു എന്നാണ് (മത്താ. 27:47-50; മർക്കോ. 15:34-37; ലൂക്കാ 23:44-46). യഹൂദ സമയക്രമത്തിൽ 'ഒൻപതാം മണിക്കൂർ' എന്നാൽ ആധുനിക രീതിയിൽ ഉച്ചകഴിഞ്ഞ് മൂന്ന് മണി. പാലസ്തീനായിൽ അന്ന് നിലനിന്നിരുന്ന റോമൻ യഹൂദ സമയക്രമങ്ങളിൽ സുവിശേഷകന്മാർ പിന്തുടർന്നത് യഹൂദ സമയക്ര മമായിരുന്നുവെന്ന് മുൻ അദ്ധ്യായങ്ങളിൽ പരാമർശിച്ചിട്ടുള്ളത് ശ്രദ്ധി ക്കുക. അതിനാൽ യേശു മരിച്ചത് എ.ഡി. 33 ഏപ്രിൽ 3 വെള്ളിയാഴ്ച്ച 3 pm എന്ന് ഉപസംഹരിക്കാം.

മുകളിൽ നടത്തിയ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ നസ്രാ യനായ യേശുവിന്റെ അവസാനത്തെ പെസഹായുടെ ത്രിദിനങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

## ഒരു കാലിക വായന

"അവന്റെ അങ്കിയും അവർ എടുത്തു; അതാകട്ടെ തുന്നലില്ലാതെ മുകൾമുതൽ അടിവരെ നെയ്തുണ്ടാക്കിയതായിരുന്നു." (യോഹ. 19:23)

നസ്രത്തിലെ യേശുവിന്റെ പീഡകളുടെയും, ധീരോദാത്തമായ ആത്മത്യാഗത്തിന്റെയും കരളലിയിക്കുന്ന വിവരണം വായിക്കുമ്പോൾ മനസിൽ ലളിതമായി ഉയരാവുന്ന ഒരു ചോദ്യമുണ്ട്; എന്തിനാണ് നിലവിളിക്കാൻപോലും ആവകാശമില്ലാത്ത ഒരു പെസഹാ കുഞ്ഞാടായി യേശു ബലിയർപ്പിക്കപ്പെട്ടത്? ഈ ചോദ്യത്തിന് വത്സല ശിഷ്യന്റെ ഉത്തരം വളരെ ലളിതമാണ് "ചിതറികിടക്കുന്ന ദൈവമക്കളെ ഒരുമിപ്പിക്കുന്നതിന്" (11:52). അപ്പോൾ നസ്രായന്റെ ആത്മബലി ഒരുമിപ്പിക്കുന്നതിനാണ്. ഇവിടെയാണ് തുന്നൽകൂടാതെ നെയ്ത അവന്റെ അങ്കി ഒരു പ്രതീകമായി മാറുന്നത്. കരുണയുടെ കണികപോലും മനസിലവശേഷിക്കാത്ത അവന്റെ ഘാതകർപോലും തുന്നലില്ലാത്ത ആ അങ്കിയെ മാനിച്ചു; അവർ അത് കീറിയില്ല. തുന്നലില്ലാത്ത അങ്കി - വിഭജനങ്ങളില്ലാത്ത അവന്റെ സഭയുടെ പ്രതീകമാണ്. വേർപാടിന്റെ പടിവാതിൽക്കലും അവൻ ചങ്കുപൊട്ടി പ്രാർത്ഥിക്കുന്നത് 'പിതാവേ നമ്മെപ്പോലെ അവരും ഒന്നായിരിക്കണം' (17:11) എന്നാണല്ലോ.

സഭ തുന്നൽകൂടാതെ നെയ്യപ്പെട്ട അവന്റെ അങ്കിയാണ്. അത് കീറാതെ സൂക്ഷിക്കാൻ ഓരോ ക്രൈസ്തവനും ബാധ്യതയുണ്ട്. എനിക്ക് തോന്നുന്നത്, ഈ ലോകത്തിലെ ഏറ്റവും വലിയ പാപം സഭാഗാത്രത്തിൽ ഭിന്നത സൃഷ്ടിക്കുന്നതായിരിക്കുമെന്നാണ്. നസ്രായന്റെ തുന്നലില്ലാത്ത അങ്കി കീറാൻ ശ്രമിക്കുന്നവരായി എല്ലാക്കാലത്തും ചിലരുണ്ടായിട്ടുണ്ട്; ഭിന്നതയുടെ കത്തിയും കത്രികയും കൈയ്യിലേന്തി. ആദിമ നൂറ്റാണ്ടുകളിൽ അത് പാഷണ്ഡതകളുടെ പേരിലായിരുന്നെങ്കിൽ, ഇന്നത് തുടരുന്നത് ദൈവശാസ്ത്രം, ആരാധനക്രമം എന്നിവയിലെ തീവ്രസ്വരങ്ങളുടെ പേരിലോ, അധികാരത്തിന്റെ പേരിലോ, സ്വാർത്ഥമായ സ്ഥാപിത താൽപര്യങ്ങളുടെ പേരിലോ ആണന്ന് മാത്രം. ചരിത്രത്തിലെ നസ്രായന്റെ ഘാതകരുടെ മനസലിവുപോലുമില്ലാത്ത ഈ മനുഷ്യർക്ക് കാലം മാപ്പ് നൽകട്ടെ...

കേരളത്തിലെ ഒരു രൂപതാധ്യക്ഷൻ അദ്ദേഹത്തിന്റെ മേൽപ്പട്ടശുശ്രൂഷയ്ക്ക് ഒരു രൂപതയിൽ നിന്ന് മറ്റൊന്നിലേക്ക് മാറ്റം ലഭിച്ചപ്പോൾ യാത്രയയപ്പു ചടങ്ങിൽ ഇങ്ങനെ പറഞ്ഞതായി കേട്ടിട്ടു

ണ്ട്: “ഈ രൂപത തുന്നൽകൂടാതെ നെയ്യപ്പെട്ട ക്രിസ്തുവിന്റെ അങ്കിപോലെയാണ്; നിങ്ങളാരും അതിൽ ഒരുകാലത്തും കത്രിക വയ്ക്കരുത്; കീറാൻ ശ്രമിക്കരുത്.” യഥാർത്ഥ ഇടയധർമ്മം തുന്ന ലില്ലാത്ത അങ്കിപോലെ, ക്രൈസ്തവകൂട്ടായ്മയെ ഒരുമയുടെ മാതൃ കയാക്കി രൂപപ്പെടുത്തുക എന്നതാണന്ന് തോന്നുന്നു. ഭിന്നതയുടെ അരൂപികളെ സഹിഷ്ണുതയും ക്ഷമയും കനിവുംകൊണ്ട് പരി ഹരിക്കുന്ന ഇടയൻമാരാണ് കാലഘട്ടത്തിന്റെ ആവശ്യം.

യേശുവിന്റെ കുരിശിൽ ചുവട്ടിൽ നിന്നവരെപ്പറ്റി വത്സലശി ഷ്യൻ വിവരിക്കുന്നത് ശ്രദ്ധിക്കുക: കുരിശിന്റെ ഒരുഭാഗത്ത് അവനെ ക്രൂശിച്ചവരും പീഡിപ്പിച്ചവരും പരിഹസിച്ചവരും അതായത്, അ വന്റെ ശത്രുക്കൾ (19:24); എന്നാൽ കുരിശിന്റെ മറുഭാഗത്ത് അവനെ സ്നേഹിച്ചവർ, ആശ്വസിപ്പിച്ചവർ, അവന്റെ കരളുപിളർക്കുന്ന പീഢകളിൽ വ്യഥപൂണ്ടവർ അഥവാ അവന്റെ സ്നേഹിതർ. ഇവ രുടെ നടുവിലാണ് – അവന്റെ ശത്രുക്കളുടെയും മിത്രങ്ങളുടെയും നടുവിൽ – ഈ ലോകം കണ്ട ഏറ്റവും വലിയ ഐക്യത്തിന്റെ അടയാളമായി കുരിശ് നിൽക്കുന്നത്. കുരിശിന്റെ കീഴെ ശത്രുക്ക ളുമില്ല മിത്രങ്ങളുമില്ല അവന്റെ രക്തത്തിലൂടെ സംജാതമായ പുതിയ ഉടമ്പടിയുടെ ജനത മാത്രമാണുള്ളത്. പുതിയ ഉടമ്പടിയുടെ ഈ ജനതയെയാണ് തുന്നലില്ലാത്ത മേലങ്കി പ്രതിനിധാനം ചെയ്യു ന്നത്. വിഭജനങ്ങളില്ലാത്ത പുതിയ ജനതയ്ക്കുവേണ്ടിയുള്ള നസ്രാ യന്റെ ആത്മദാഹമാണ് അവന്റെ പുരോഹിത പ്രാർത്ഥനയിലെ “പിതാവേ നമ്മെപോലെ അവരും ഒന്നാകേണ്ടതിന് അവിടുന്ന് എനിക്കു നൽകിയ നാമത്തിൽ അവരെ അങ്ങ് കാത്തു കൊള്ളണമേ” (17:11) എന്ന വാക്കുകളിൽ വെളിവാകുന്നത്.

24

# ഉത്ഥാനത്തിന്റെ പുതിയ പുലരി
## (യോഹ. 20:1 – 29)

"അവനിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു അതിനെ കീഴടക്കാൻ ഇരുളിന് കഴിഞ്ഞില്ല." (യോഹ. 1:5)

ആധുനിക സാഹിത്യരൂപങ്ങളുടെ പട്ടികയിൽ സുവിശേഷങ്ങളുടെ സ്ഥാനം എന്തായിരിക്കും? നിരൂപകന്മാരുടെ ഭാഷ്യത്തിൽ സുവിശേഷങ്ങൾ പൊതുവായി ജീവചരിത്രങ്ങളുടെ ശ്രേണിയിലാണ് ഉൾപ്പെടുന്നത്. എന്നാൽ സുവിശേഷങ്ങൾ സാധാരണ ജീവചരിത്രങ്ങളിൽ നിന്ന് വ്യതിരിക്തമായിരിക്കുന്നത് തികഞ്ഞ അവധാനതയോടെ എഴുതിച്ചേർത്ത ഉത്ഥാനവിവരണങ്ങളുടെ സാന്നിധ്യം കൊണ്ടാണുതാനും. ഉത്ഥാനാനുഭവം എന്ന സൂക്ഷ്മദർശിനിയിലൂടെ നോക്കിയപ്പോളാണ് ശിഷ്യർക്ക് നസ്രത്തിലെ യേശു കർത്താവും ദൈവവുമാണെന്ന പരമമായ സത്യം ബോധ്യമായത്. ഉത്ഥാനത്തിന്റെ ജീവനുള്ള ഈ വിവരണങ്ങൾ സുവിശേഷങ്ങളിൽ ഇല്ലായിരുന്നെങ്കിൽ ലോകചരിത്രത്തിലെ ഉത്തമരും ഉദാത്തവ്യക്തിത്വങ്ങളുമായി പുകൾപെറ്റ മഹാരഥൻമാരിലോ ചരിത്രപുരുഷന്മാരിലോ ഒരാളായി യേശു പരിഗണിക്കപ്പെടുകയും ചരിത്രവിദ്യാർത്ഥികളുടെ പാഠപുസ്തകത്തിലെ ഒരേട് മാത്രമായി യേശുവിന്റെ ജീവിതകഥ അവശേഷിക്കുകയും ചെയ്യുമായിരുന്നു. ആദിമക്രിസ്ത്യാനികളെപോലെതന്നെ വത്സല ശിഷ്യൻ യോഹന്നാനും തന്റെ വിശ്വാസത്തിന്റെയും അസ്ഥിത്വത്തിന്റെയും അനിഷേധ്യമായ അടിത്തറയായി കരുതിയത് ഉത്ഥാന അനുഭവമായിരുന്നു. ഈ വികാരവും വിശ്വാസബോധ്യവുമാണ്

ഉത്ഥാന വിവരണത്തിലൂടെ ഒരു ദൃക്സാക്ഷിയുടെ സകല ആധികാരികതയോടുംകൂടി യോഹന്നാൻ പങ്കുവയ്ക്കുന്നത്. അതായത്, തന്റെ ഗുരു ലോകം കരുതിയതുപോലെ പരാജിതനായ ഒരു കുറ്റവാളിയല്ല; അവൻ സഹനമരണങ്ങളെ വിജയിച്ച മിശിഹായും ദൈവവുമാണ്.

### മരിച്ചവരുടെ പുനരുജ്ജീവനവും യേശുവിന്റെ ഉത്ഥാനവും

ഉത്ഥാനവും പുനരുജ്ജീവനവും തമ്മിൽ എന്താണ് വ്യത്യാസം? മരിച്ചവരായി വിധിയെഴുതിയ പലരും ജീവനിലേക്ക് തിരിച്ച് വരുന്നതിന്റെ സാക്ഷ്യങ്ങൾ നമുക്ക് ചുറ്റും നിരവധിയുണ്ട്. മൃതിയുടെ കവാടത്തിങ്കൽ പോയി തിരിച്ച് വന്നവരുടെ കഥകളും ഉത്ഥാനവും ഒരുപോലയാണോ? തന്റെ പരസ്യജീവിതകാലത്ത് യേശുതന്നെ മരിച്ചവരെ ഉയിർപ്പിക്കുന്നതായി സുവിശേഷകന്മാർ സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. നായിനിലെ വിധവയുടെ മകനും (ലൂക്കാ 7:11-17) ജായ്റോസിന്റെ മകളും (മർക്കോ 5:35-43) ബഥാനിയായിലെ ലാസറും (യോഹ11:1-44) ഇങ്ങനെ ജീവന്റെ വെളിച്ചത്തിലേക്ക് മടങ്ങിവന്നവരായിരുന്നു. ഈ പുനരുജ്ജീവനങ്ങളെ ഉത്ഥാനരഹസ്യവുമായി താരതമ്യപ്പെടുത്താനാകുമോ? 'നസ്രത്തിലെ യേശു' എന്ന തന്റെ വിഖ്യാതഗ്രന്ഥത്തിൽ ബെനഡിക്ട് പതിനാറാമൻ പാപ്പാ ഇങ്ങനെ വിശദീകരിക്കുന്നു: "സുവിശേഷങ്ങളിലെ പുനരുജ്ജീവന വിവരണങ്ങൾക്കൊന്നും ഉത്ഥാനം എന്ന മഹാരഹസ്യത്തെ വ്യാഖ്യാനിക്കാനോ വിശദീകരിക്കാനോ എന്തിന് തുലനം ചെയ്യാൻപോലുമോ സാധിക്കില്ല. കാരണം, പുനരുജ്ജീവിപ്പിക്കപ്പെട്ടവരെല്ലാം മരണത്തിന്റെ നിയമത്തിന് വീണ്ടും കീഴടങ്ങുന്നവരാണ്. എന്നാൽ യേശുവിന്റെ ഉത്ഥാനമാകട്ടെ മരണത്തിന്റെ നിയമത്തിന്റെമേലുള്ള ജീവന്റെ വിജയാഘോഷമാണ്. അത് നശ്വരതയുടെയും മർത്യതയുടെയും പരിമിതികൾക്കപ്പുറത്തേക്കുള്ള പ്രയാണമാണ്. ജീവന്റെ അനന്ത സാധ്യതയുടെ അവതരണവും മനുഷ്യാസ്തിത്വത്തിന്റെ സമ്പൂർണ്ണ രൂപാന്തരീകരണവുമാണ്. കാലത്തിനും പ്രപഞ്ചനിയമങ്ങൾക്കും ഉപരിയായിനിൽക്കുന്ന ജീവന്റെ അനന്തസാധ്യതയാണ് ഉത്ഥാനരഹസ്യം വെളിവാക്കുന്നത്. അത് മർത്യതയ്ക്ക് അമർത്യതയിലേക്കും ദൈവികതയിലേക്കും പ്രവേശിക്കാനുള്ള അവസ്ഥാന്തരത്തിന്റെയും മഹത്വീകരണത്തിന്റെയും പടിവാതിലാണ്."

### ഉത്ഥിതന്റെ പ്രത്യക്ഷപ്പെടലുകൾ

നസ്രത്തിലെ യേശു സഹനമരണങ്ങളുടെമേൽ വിജയംവരിച്ച് ഉയിർത്തെഴുന്നേറ്റ കർത്താവും ദൈവവുമാണെന്ന ആദിമസഭയുടെ ജീവസ്പർശമുള്ള പ്രഘോഷണങ്ങളുടെ അടിസ്ഥാനം, ഉയിർത്തെഴു

ന്നേറ്റവനെ കണ്ടവരുടെ സാക്ഷ്യങ്ങളാണ്. അതിലൊരാളായി ഉത്ഥിതനെ സൂക്ഷിച്ച് വീക്ഷിച്ച യോഹന്നാൻ മൂന്ന് പ്രാവശ്യം യേശു പ്രത്യക്ഷപ്പെടുന്നതായാണ് ഉത്ഥാന വിവരണത്തിന്റെ ആദ്യഭാഗമായി 20-ാം അധ്യായത്തിൽ വിവരിക്കുന്നത്. 1) മഗ്ദലന മറിയത്തിന്, 2) ശിഷ്യന്മാർക്ക് 3) തോമസിന്. ഇവിടെയെല്ലാം ശിഷ്യരുടെ വൈകാരിക പ്രക്ഷുബ്ദതകൾക്കു നടുവിലേക്ക് അവയെ അഭിസംബോധന ചെയ്തുകൊണ്ടാണ് ഉത്ഥിതൻ പ്രത്യക്ഷപ്പെടുന്നത് എന്നത് ഈ ഉത്ഥാന വിവരണങ്ങളുടെ ഏറ്റവും വലിയ സവിശേഷതയാണ്. ഉത്ഥിതന്റെ ദർശനവും സാമിപ്യവും അവന്റെ വാക്കുകളും ആ മനുഷ്യരുടെ വൈകാരിക ഭാവങ്ങളെ സമ്പൂർണ്ണ അവസ്ഥാന്തരത്തിന് വിധേയമാക്കുന്നുമുണ്ട്.

## മഗ്ദലേന മറിയത്തിന് പ്രത്യക്ഷപ്പെടുന്നു (20:11-18)

> "രാത്രിയിൽ വിലാപമുണ്ടായേക്കാം, എന്നാൽ പ്രഭാതത്തോടെ സന്തോഷത്തിന്റെ വരവായി..." (സങ്കീ. 30:5)

ഉത്ഥിതനായ യേശു മനുഷ്യന്റെ വികാരങ്ങളെ അഭിസംബോധന ചെയ്തുകൊണ്ടാണ് ചരിത്രത്തിലേക്ക് വീണ്ടും പ്രവേശിക്കുന്നത്. കല്ലറയ്ക്കുവെളിയിൽ കരഞ്ഞുകൊണ്ടുനിന്ന മറിയത്തിന്റെ ജീവിതത്തിലേക്ക് അവളുടെ വൈകാരിക ഭാവത്തെ മാനിച്ചുകൊണ്ട് ഉത്ഥിതൻ പ്രവേശിക്കുന്നത് എത്ര സുന്ദരമായാണ് വത്സല ശിഷ്യൻ അവതരിപ്പിക്കുന്നത് എന്ന് ശ്രദ്ധിക്കുക. "സ്ത്രീയെ നീ എന്തിനാണ് കരയുന്നത്"(20:15) എന്ന ചോദ്യമാണ് ഉയിർത്തെഴുന്നേറ്റ യേശുവിന്റെ ആദ്യവാക്കുകളായി യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നത്. മറിയത്തിന്റെ കണ്ണുനീരിനെയും സങ്കടങ്ങളെയുമാണ് ഉത്ഥിതൻ ആദ്യമായി അഭിസംബോധന ചെയ്യുന്നത്. മറിയത്തിന്റെ സങ്കടങ്ങളിലേക്കിറങ്ങിവന്ന ഉത്ഥിതൻ അവയെ പരിവർത്തനപ്പെടുത്തുന്നുമുണ്ട്. കരഞ്ഞുകൊണ്ട് നിന്ന മറിയം ഉത്ഥാനരഹസ്യം വിളമ്പരം ചെയ്യാൻ നിയോഗിക്കപ്പെട്ട ആദ്യസാക്ഷിയായി മാറുന്നു. അതുകൊണ്ടാണ് സഭാപിതാക്കന്മാർ മഗ്ദലന മറിയത്തെ 'അപ്പസ്തോലന്മാരുടെ അപ്പസ്തോല' എന്ന് വിശേഷിപ്പിക്കുന്നത്. നിസ്സഹായതയുടെയും കണ്ണീരിന്റെയും നടുവിലേക്ക് ഉത്ഥിതൻ കടന്നുവന്നപ്പോൾ സങ്കടക്കടൽ പോലെ നിന്ന മഗ്ദലനാ മറിയം ഉത്ഥാനത്തിന്റെ ആദ്യപ്രഘോഷകയായി മാറി.

മറിയത്തിന് യേശു നൽകിയ പ്രഘോഷണ ദൗത്യത്തിൽ മനുഷ്യാവതാരത്തിന്റെ സകല കൃപയും ഒളിഞ്ഞിരിക്കുന്നുണ്ട് എന്നാണ് ബൈബിൾ വ്യാഖ്യാതാക്കളുടെ ഭാഷ്യം. "നീ എന്റെ സഹോദരന്മാരുടെ അടുത്ത്ചെന്ന് അവരോട് എന്നാൽ എന്റെ പിതാവിന്റെയും നിങ്ങ

ളുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവ ത്തിന്റെയും അടുത്തേക്ക് ആരോഹണം ചെയ്യുന്നു എന്ന് പറയുക" (20:17). സുവിശേഷങ്ങളിൽ തന്നെ ആദ്യമായിട്ടാണ് യേശു ശിഷ്യന്മാരെ എന്റെ സഹോദരന്മാർ (*തൂസ് അദൽഫൂസ് മു*) എന്ന് അഭിസംബോ ധന ചെയ്യുന്നത് എന്നത് പ്രത്യേകം ശ്രദ്ധിക്കുക. അതുവരെ ശിഷ്യ രോ സ്നേഹിതരോ ആയിരുന്നവർ സഹോദരങ്ങളായി മാറിയതെങ്ങ നെയാണ്? യേശുവിന്റെ സഹന മരണങ്ങളുടെ പരിണതഫലമാണ് പുതിയ ഈ സഹോദരസ്ഥാനം. ഇനി, "എന്റെ പിതാവിന്റെയും നിങ്ങ ളുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവ ത്തിന്റെയും അടുത്തേക്ക്" എന്ന യേശുവിന്റെ വാക്കുകൾ എന്താണ് ഇവിടെ വിവക്ഷിക്കുന്നത്? വ്യാഖ്യാതക്കളുടെ ഭാഷ്യത്തിൽ 'ദൈവ ത്തിനും മനുഷ്യർക്കും ഇടയിലുള്ള ഏക മധ്യസ്ഥൻ' എന്ന യേശു വിന്റെ വിശേഷണത്തിന്റെയും സ്ഥാനത്തിന്റെയും സൂചനയാണ് ഈ വാക്കുകൾ. യേശുവിന്റെ മാത്രം പിതാവ് ശിഷ്യരുടെയും പിതാവാ യതും യേശുവിന്റെ ദൈവം ശിഷ്യരുടെ ദൈവമായതും അവന്റെ പരി ത്രാണ കർമ്മത്തിന്റെ മധ്യസ്ഥതയാലാണ്. ശിഷ്യർക്ക് യേശുവിലൂടെ ലഭിച്ച കൃപയ്ക്കാണ് ഇവിടെ ഊന്നൽ കൊടുത്തിരിക്കുന്നത്. വത്സലശിഷ്യൻ തന്റെ സുവിശേഷത്തിന്റെ ആദ്യ വാക്കുകളിൽ എഴു തിയ "അവനെ സ്വീകരിച്ചവർക്കെല്ലാം, അവന്റെ നാമത്തിൽ വിശ്വസി ച്ചവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നൽകി" (1:12) എന്ന വാക്കുകളുടെ സ്ഥിരീകരണമാണ് ഇവിടെ നിഴലിക്കുന്നത്. അതായത് ദൈവത്തിന്റെ പിതൃത്വത്തിൽ ഭാഗധേയവും ദത്തപുത്രസ്ഥാനവും കര ഗതമായത് യേശുവിലൂടെയാണെന്ന മിശിഹാ രഹസ്യമാണ് ഇവിടെ സ്ഥാപിക്കപ്പെടുന്നത് എന്ന് സാരം. "കണ്ടാലും എത്ര വലിയ സ്നേഹ മാണ് പിതാവ് നമ്മോട് കാണിച്ചത് നാം ദൈവമക്കളെന്ന് വിളിക്കപ്പെ ടുന്നു; നാം അങ്ങനെയാണ് താനും" (1യോഹ. 3:1). സൃഷ്ടി പുത്ര സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു എന്നതിന്റെ പ്രഖ്യാപനമാണ് വത്സല ശിഷ്യന്റെ വാക്കുകൾ വെളിവാക്കുന്നത്.

മറിയത്തെ ഉത്ഥാനത്തിന്റെ പ്രഥമ സാക്ഷിയായി അവതരിപ്പിക്കു ന്നത് ഉത്ഥാനത്തിന്റെ ചരിത്രപരതയ്ക്കുള്ള അക്ഷരസാക്ഷ്യമാണന്ന് വാദിക്കുന്ന വ്യാഖ്യാതാക്കളുണ്ട്. കാരണം നിയമാവർത്തനം 19:15 അനു ശാസിക്കുന്നത് പ്രകാരം, രണ്ട് പുരുഷന്മാരുടെ സാക്ഷ്യമാണ് ഒരു കാര്യം സാധൂകരിക്കാൻ ആവശ്യമായിട്ടുള്ളത്. അപ്പോൾ ഒരു സ്ത്രീയുടെ സാക്ഷ്യത്തിന്റെ വിലയെന്താണ്? യഹൂദ സാമൂഹിക പശ്ചാ ത്തലത്തിൽ ഏറ്റവും ദുർബലമായ സാക്ഷിയാണ് സ്ത്രീ. സ്ത്രീ എന്ന

ഏറ്റവും ദുർബലയായ സാക്ഷിയെ ഉത്ഥാനമെന്ന അവിശ്വസനീയമായ സംഭവത്തിന്റെ സാക്ഷിയായി അവതരിപ്പിക്കുന്നതുതന്നെ സുവിശേഷകന്മാരുടെ സത്യസന്ധതയ്ക്കുള്ള തെളിവാണ്. നസ്രായൻ ഉയിർത്തെഴുന്നേറ്റു എന്നത് അവരുടെ ആഴമായ അനുഭവമാണ്. സാക്ഷികൾ ആവശ്യമില്ലാത്ത പകലുപോലത്തെ സത്യം. ആ സത്യത്തെയാണ് അവർ ജീവൻകൊടുത്ത് പ്രഘോഷിച്ചത്.

## ഉത്ഥിതൻ ശിഷ്യന്മാർക്ക് പ്രത്യക്ഷനാകുന്നു (20:19-23)

ഉഷ്ണരാവിനൊടുവിലെ പുലർകാല മഞ്ഞ്പോലെ ശിഷ്യരുടെ വൈകാരിക പ്രക്ഷുബ്ധതകളിലേക്ക് ഉത്ഥിതൻ കടന്നുവരുന്നതായാണ് പ്രത്യക്ഷപ്പെടലുകൾ വിവരിച്ചുകൊണ്ട് വത്സലശിഷ്യൻ ആഖ്യാനം ചെയ്യുന്നത്. മറിയത്തിന്റെ വ്യഥയിലേക്ക് അവളുടെ കണ്ണുനീരിന്റെ കാരണം ചോദിച്ചുകൊണ്ടാണ് ആദ്യമായി അവൻ ഇടപെട്ടതെങ്കിൽ രണ്ടാമത് കടന്നു വരുന്നതു ശിഷ്യരുടെ മറ്റൊരു മാനസിക പ്രക്ഷുബ്ധതയിലേക്കാണ്. "ശിഷ്യന്മാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ യേശു വന്ന് അവരുടെ മധ്യേനിന്ന് അവരോടു പറഞ്ഞു, നിങ്ങൾക്ക് സമാധാനം" (20:19). ഉയിർപ്പിന്റെ പ്രഭാതത്തിൽ ഉത്ഥിതൻ അഭിസംബോധനചെയ്തത് മറിയത്തിന്റെ സങ്കടത്തെയാണങ്കിൽ, അന്ന് വൈകിട്ട് അവൻ കടന്നുവന്നത് ശിഷ്യരുടെ ഭയത്തിന്റെ നടുവിലേക്കാണ്. അവരുടെ ഭയത്തെ അഭിസംബോധനചെയ്തുകൊണ്ടാണ് അവൻ പറയുന്നത് '*ഷാലോം അൽകേം*' - 'നിങ്ങൾക്ക് സമാധാനം'. ഭയാകുലാരായിരുന്ന ശിഷ്യർക്ക് ഉത്ഥിതന്റെ വരവിലും അവന്റെ സാമിപ്യത്തിലും സംഭവിക്കുന്ന മാറ്റം ശ്രദ്ധേയമാണ്: "കർത്താവിനെ കണ്ട് അവർ അത്യധികം സന്തോഷിച്ചു"(20:21). മറിയത്തിന്റെ സങ്കടം സന്തോഷത്തിന്റെ സദ്വാർത്ത പ്രഘോഷണം എന്ന നിയോഗത്തിന് വഴിമാറിയതുപോലെ ഉത്ഥിതന്റെ സാമിപ്യത്തിൽ ശിഷ്യരുടെ ഭയവും ആകുലതയും സന്തോഷത്തിന് വഴിമാറുന്നു.

"അടഞ്ഞുകിടന്ന വാതിലൂടെ ഉത്ഥിതൻ പ്രവേശിച്ചു" (20:19) എന്ന വത്സല ശിഷ്യന്റെ പരാമർശം ഉത്ഥിതന്റെ മഹത്വീകൃതമായ ശരീരത്തിന്റെ സൂചനയാണ് നൽകുന്നത്. മാംസം ധരിച്ച വചനം അതേ മാംസകൂടാരത്തെ സ്ഥലകാലപരിമിതികൾക്കപ്പുറം മഹത്വീകരിച്ചിരിക്കുന്നു. തന്നെ പൊതിഞ്ഞ ശവക്കച്ചകളെയും അടച്ചിട്ട കല്ലറയെയും മറികടന്ന അതേ മഹത്വീകൃതഗാത്രം അടഞ്ഞുകിടന്ന വാതിൽപാളികളെയും ഭേദിച്ച് കടന്നുവരുന്നു. '*ഷാലോം അൽകേം*' എന്ന ആശംസയ്ക്ക് ഉത്ഥാനത്തിന്റെ ആ വിശുദ്ധ സായ്ഹനത്തിൽ കൈവന്ന

ആത്രയും അർത്ഥവും ആഴവും അതിനുമുൻപൊരിക്കലും ഉണ്ടായിട്ടില്ലായിരിക്കും. കാരണം മരണത്തിന്റെ ഇരുളിനെ ജയിച്ചവന്റെ ആശംസയായിട്ടാണ്, അസമാധാനത്തിന്റെയും ഭിന്നതകളുടെയും രാത്രികൾക്കുമേൽ അനുരഞ്ജനത്തിന്റെ പുതിയ പുലരിവിരിയിക്കുന്നവന്റെ ആശംസയായിട്ടാണ്, യേശുവിന്റെ മുഴുവൻ പരിത്രാണകൃത്യത്തിന്റെ കൃപയായിട്ടാണ് '*ഷാലോം അൽകേം*' എന്ന വാക്കുകൾ ശിഷ്യരുടെ കാതുകളിൽ പതിക്കുന്നത്. 'കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു' എന്ന വാക്കുകൾ, യേശു ശിഷ്യർക്കു നൽകിയ വാഗ്ദാനത്തിലേക്കാണ് വിരൽചൂണ്ടുന്നത്. "എന്നാൽ ഞാൻ വീണ്ടും നിങ്ങളെ കാണും അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും നിങ്ങളുടെ ആ സന്തോഷം ആരും നിങ്ങളിൽ നിന്ന് എടുത്ത് കളയുകയില്ല" ( യോഹ. 16:22). ബൈബിൾ വ്യാഖ്യാതാക്കളുടെ അഭിപ്രായത്തിൽ ശിഷ്യരുടെ ഭയവും അവിശ്വാസവും ധൈര്യത്തിനും വിശ്വാസത്തിനും വഴിമാറിയതിന്റെ ബാഹ്യമായ അടയാളമായിരുന്നു അവരുടെ സന്തോഷം.

യഥാർത്ഥ ആനന്ദത്തിലേക്കും നിലനിൽക്കുന്ന സന്തോഷത്തിലേക്കുമുള്ള അക്ഷരസാക്ഷ്യമായും ക്രിസ്തീയ സന്തോഷത്തിന്റെ ആഖ്യാനമായും ഈ വാക്കുകളെ വ്യാഖ്യാനിക്കാൻ കഴിയും. ഉത്ഥിതനെ കണ്ടെത്തുന്നതാണ്, അവന്റെ സാമീപ്യത്തിലായിരിക്കുന്നതാണ് യഥാർത്ഥ ആനന്ദം. ഉയിർത്തെഴുന്നേറ്റ രക്ഷകനാണ് ക്രിസ്തീയ സന്തോഷത്തിന്റെ അടിസ്ഥാനം. അപ്പോൾ വത്സലശിഷ്യന്റെ ഭാഷ്യത്തിൽ യേശുവിന്റെ ഉത്ഥാനം വാഗ്ദാനം ചെയ്യുന്നത് അനശ്വരമായ സന്തോഷത്തിന്റെ ശാദ്വലങ്ങളാണ് എന്ന് സാരം. ക്രിസ്തീയ സന്തോഷത്തിന്റെ കാരണവും അടിസ്ഥാനവും ഒരു വ്യക്തിയാണ്: നസ്രത്തിലെ യേശു. മരണത്തെയും സങ്കടങ്ങളെയും ജയിച്ച അവനെ കണ്ടെത്തുകയാണ് ആനന്ദത്തിലേക്കുള്ള വഴി.

### ഉത്ഥിതന്റെ സംസാരിക്കുന്ന മുറിവുകൾ (20:20)

ശിഷ്യരുടെ ഭയത്തിന്റെ നടുവിലേക്ക് കടന്നുവന്ന് അവർക്ക് സമാധാനം ആശംസിച്ച ഉത്ഥിതൻ അവന്റെ ഉത്ഥാനത്തിന്റെ തെളിവായി അവതരിപ്പിക്കുന്നത് മുറിവുകളാണ്. "അവൻ തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു" (20:20) എന്നാണ് യോഹന്നാൻ രേഖപ്പെടുത്തുന്നത്. ഉത്ഥിതന്റെ കൈകാലുകളിലേയും പാർശ്വത്തിലേയും മുറിവുകൾ ശിഷ്യരോട് പറയുന്നതെന്താണ്? പ്രഥമമായി, യഹൂദ സംസ്കാരത്തിലെ പുനരുത്ഥാനത്തിലുള്ള വിശ്വാസത്തിന്റെ ബഹിർസ്ഫുരണവും സാക്ഷ്യപ്പെടുത്തലുമാണീ വിവരണം. കാരണം

യഹൂദ വിശ്വാസമനുസരിച്ച് പുനരുത്ഥാനത്തിൽ വ്യക്തി മരണമടഞ്ഞ അതേ അവസ്ഥയിലായിരിക്കും. മുറിവേറ്റവനാണ് മരണത്തിലെങ്കിൽ പുനരുത്ഥാനത്തിൽ അവന്റെ മുറിവുകൾ അവശേഷിക്കും. അപ്പോൾ ഉത്ഥിതന്റെ മുറിവുകളെക്കുറിച്ചുള്ള പരാമർശം യഹൂദ പുനരുത്ഥാന വിശ്വാസത്തിന്റെ അടയാളമാണ്. മുറിവേറ്റ് കുരിശിൽ മരിച്ച നസ്രത്തിലെ യേശുവാണ് ഉയർത്തെഴുന്നേറ്റവനായി നിൽക്കുന്നത് എന്നാണ് കൈകളിലെയും പാർശ്വത്തിലെയും മുറിവുകൾ ശിഷ്യരോട് പറയുന്നത്. മുറിവുകൾ കാണാനുള്ള ക്ഷണം യഥാർത്ഥത്തിൽ വിശ്വസിക്കാനുള്ള ക്ഷണമാണ്. ഉത്ഥിതന്റെ സംസാരിക്കുന്ന മുറിവുകൾ ശിഷ്യരെ ക്ഷണിക്കുന്നതും പ്രേരിപ്പിക്കുന്നതും സഭയുടെ വിശ്വാസത്തിന്റെ ഈ മർമ്മ ഭാഗത്തേക്കാണ്; ഉയിർത്തെഴുന്നേറ്റ കർത്താവ് കുരിശിൽ മരിച്ച അതേ നസ്രത്തിലെ യേശു തന്നെയാണ് എന്ന വിശ്വാസരഹസ്യത്തിലേക്കുതന്നെ.

മുറിപ്പാടുകൾ പല സംസ്കാരങ്ങളിലും വ്യക്തികളുടെ തിരിച്ചറിയൽ രേഖയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. ആ അർത്ഥത്തിൽ ഉയിർത്തെഴുന്നേറ്റ യേശുവിനെ തിരിച്ചറിയാനുള്ള അടയാളം അവന്റെ മുറിവുകളായിട്ടാണ് വത്സലശിഷ്യൻ അവതരിപ്പിക്കുന്നത്. ഉത്ഥാനത്തിനുശേഷം ക്രൂശിതന്റെ മുറിവുകൾക്ക് ഇങ്ങനെയൊരു സാംഗത്യവും പ്രാധാന്യവും കൽപിക്കുന്നതിന്റെ പിറകിലെ ദർശനമെന്തായിരിക്കും? ഏശയ്യാ പ്രവാചകന്റെ സഹനദാസന്റെ സൗഖ്യദായകമായ മുറിവുകളെപറ്റിയുള്ള ഓർമ്മപ്പെടുത്തലായിരിക്കണം ഒരു ലക്ഷ്യം. "നമ്മുടെ അകൃത്യങ്ങൾക്കു വേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു; അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു" (ഏശ. 53:6) എന്ന ഏശയ്യായുടെ പ്രവചനത്തെ ഓർമ്മിപ്പിച്ചുകൊണ്ട് യേശുവിന്റെ പരിഹാരബലിയിലൂടെ ലോകത്തിനു കൈവന്ന രക്ഷയും സൗഖ്യവും വെളിവാക്കാനായിരിക്കണം യോഹന്നാൻ ഉത്ഥിതന്റെ മുറിവുകൾക്ക് പ്രത്യേകമായ പ്രാധാന്യം നൽകുന്നത്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്ഥമായി, ഗ്രേക്കോ-റോമൻ സംസ്കാരത്തിൽ പടയാളികൾ യുദ്ധത്തിൽ തങ്ങൾ ഏറ്റ മുറിവുകളെ അവരുടെ ധീരതയുടെയും രാജ്യത്തോടും ജനങ്ങളോടുമുള്ള പ്രതിബദ്ധതയുടെയും സമർപ്പണത്തിന്റെയും അടയാളമായി പ്രദർശിപ്പിച്ചിരുന്നു. ഈ അർത്ഥത്തിൽ ചിന്തിക്കുമ്പോൾ നസ്രായന്റെ മുറിവുകൾ സഹനത്തിനോ ഘോരപീഡകൾക്കോ എന്തിന് മരണത്തിനോപോലും തകർക്കാൻപറ്റാത്ത അവന്റെ സ്ഥൈര്യത്തിന്റെയും ദൈവരാജ്യത്തോടും പിതാവ് ഏൽപിച്ച് തന്നവരോടുള്ള അഗാധസമർപ്പണത്തിന്റെയും അടയാളമായിരിക്കണം. ഭയാകുലരായിരുന്ന ശിഷ്യരോടും

സംശയാലുവായിരുന്ന തോമസിനോടും ഉത്ഥിതന്റെ മുറിവുകൾ സംസാരിക്കുന്നത് വിശ്വസിക്കാനും ധീരരായിരിക്കാനുമാണ്. സഹനത്തിന് വിധിക്കപ്പെടുന്ന മനുഷ്യവംശത്തോടുള്ള അവന്റെ വിശ്വസ്തതയുടെയും പക്ഷം ചേരലിന്റെയും അടയാളമാണവ. എഡ്‌വാർഡ് ഷില്ലിറ്റിന്റെ കവിതാശകലം ശ്രദ്ധിക്കുക.

> "If we have never Sought you we seek now we must have thee
> O Jesus of the Scars.
> The other gods were strong, but you was weak thy rode,
> but you didst stumble to a thron.
> But to our wounds only God's wounds can Speak. And not a God
> has wounds, but you alone."

അവസാനമായി, മുറിവുകളെക്കുറിച്ചുള്ള വ്യക്തമായ രണ്ട് പരാമർശങ്ങൾക്ക് (20:20,27) ഒരു അപ്പോളജെറ്റിക്കൽ സാംഗത്യം കൂടിയുണ്ടെന്ന് വ്യാഖ്യാനിക്കുന്ന ബൈബിൾ പണ്ഡിതരുണ്ട്. യോഹന്നാന്റെ സുവിശേഷത്തിനു മുഴുവനായും കൽപ്പിക്കാവുന്ന ലക്ഷ്യമായ സുവിശേഷ രചനാ കാലഘട്ടത്തിൽ പ്രചരിച്ച ഡൊസെറ്റിസം എന്ന പാഷണ്ഡതയ്ക്ക് എതിരെയുള്ള പ്രതിരോധം എന്ന ആശയം തന്നെയാണ് ഇവിടെയും ഉയർത്തിക്കാട്ടുന്നത് (ഡൊസെറ്റിസം: appearance - കാണപ്പെടുക എന്നർത്ഥം വരുന്ന *ഡൊകെയ്സ്* എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് രൂപം കൊണ്ടത്). ഈ സെക്റ്റിന്റെ പഠനമനുസരിച്ച് യേശു മനുഷ്യരൂപത്തിൽ  കാണപ്പെടുക (*ഡൊകെസിസ്*) മാത്രമാണ് ചെയതത്; മനുഷ്യാവതാരം, പരസ്യജീവിതം, പീഢാനുഭവം, മരണം എല്ലാം ഒരു മായക്കാഴ്ച മാത്രമായിരുന്നു. യേശുവിന്റെ മരണം ഒരു മായക്കാഴ്ച്ചയായിരുന്നില്ല മറിച്ച് യഥാർത്ഥ മരണമായിരുന്നു എന്നു സ്ഥാപിക്കാനായിട്ടാണ് ഉത്ഥിതന്റെ മുറിവുകളെ യോഹന്നാൻ അവതരിപ്പിക്കുന്നത്.

### പുതിയ നിയോഗങ്ങളുടെ തീരങ്ങളിലേക്ക്

ശിഷ്യരുടെ ഭയാശങ്കകളുടെ നടുവിലേക്ക് സമാധാനവുമായി കടന്നുവരുകയും തന്റെ മുറിവുകൾ കാട്ടി വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് ആവരെ ക്ഷണിക്കുകയും ചെയ്ത യേശു, തുടർന്ന് പുതിയ നിയോഗങ്ങളുടെ തീരങ്ങളാണ് അവർക്ക് കാണിച്ച് കൊടുക്കുന്നത്. "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു." ശിഷ്യർ (അപ്പസ്തോലർ - ശ്ലീഹർ) അയയ്ക്കപ്പെട്ടവരായി മാറുന്നത് യോഹന്നാന്റെ സുവിശേഷ വിവരണമനുസരിച്ച് ഇവിടെ മുതലാണ്. ശ്ലീഹ

ന്മാർ എന്ന വാക്ക് ഹെബ്രായ പദാവലിയിലെ *ഷലാഹ്* (അയയ്ക്കുക) എന്ന വാക്കിന്റെ മലയാളീകരിച്ച രൂപവും അപ്പസ്തോലർ എന്നത് *ഷലാഹ്* എന്ന ഹെബ്രായ പദത്തിന്റെ ഗ്രീക്ക് പരിഭാഷയായ *അപ്പോസ്തെല്ലോ* എന്നതിന്റെ മലയാള രൂപവുമാണ്. അയയ്ക്കപ്പെട്ടവർ എന്ന് രണ്ട് വാക്കുകൾക്കും അർത്ഥം. പുതിയ നിയോഗങ്ങളുടെ തീരങ്ങൾ അവർക്ക് കാണിച്ച്കൊണ്ട് യേശു ചെയ്യുന്ന രണ്ട് കാര്യങ്ങളാണ് വത്സലശിഷ്യൻ വിവരിക്കുന്നത്: പ്രവൃത്തിയും വാക്കുകളും. പ്രവൃത്തി "അവൻ അവരുടെമേൽ നിശ്വസിച്ചു" (20:22). "ശിഷ്യരുടെമേൽ യേശു നിശ്വസിച്ചു" എന്ന വിവരണം, രണ്ട് പ്രധാന പഴയ നിയമ ഭാഗങ്ങളാണ് വായനക്കാരനെ ഓർമ്മിപ്പിക്കുന്നത്:

> "ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും, ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും ചെയ്തു" - "*വയ്യിസാർ അദൊനായ് എലോഹിം എത് അദാം അഫാർ മിൻ ഹഅദാമാഹ്: വയ്യിഫാ ബഅഫിവ് നിഷ്മത്ത് ഹയിം.*" (ഉൽപ. 2:7)

> "ജീവശ്വാസമേ നീ നാല് ദിക്കുകളിലുംനിന്ന് വന്ന് ഈ നിഹിതൻമാരുടെമേൽ വീശുക..." - "*അമാർ അദോനായ് എലോഹിം, മെറാബാ റൂഹോത്ത് ബോയ് ഹറുവാഹ് ഉപാഹി ബഹറുഹിം വഎല്ലെഹ് വൈയ്ഹു.*" (എസെ. 37:9)

ബൈബിൾ വ്യാഖ്യാതാക്കളുടെ വീക്ഷണത്തിൽ, 'യേശു ശിഷ്യരുടെമേൽ നിശ്വസിച്ചു' എന്ന വിവരണത്തിലൂടെ ഉൽപ്പത്തിപുസ്തകത്തിലേയും എസക്കിയേൽ പ്രവചനത്തിലേയും ദൈവത്തിന്റെ ജീവൻ നൽകുന്ന പ്രവർത്തിയിലേക്കാണ് വത്സലശിഷ്യൻ വിരൽചൂണ്ടുന്നത്. മനുഷ്യനിലേക്ക് ജീവൻ സന്നിവേശിപ്പിക്കുന്ന ദൈവിക പ്രവർത്തിയുമായുള്ള ഈ ഒരു സാധർമ്മ്യത്തിലൂടെ യേശുവിലൂടെ പൂർത്തിയാകുന്ന പുനഃസൃഷ്ടിയേയും പുതിയ മനുഷ്യവംശത്തെയുമാണ് അർത്ഥമാകുന്നത്. ഉത്ഥിതന്റെ നിശ്വാസം സ്വീകരിച്ച ശിഷ്യന്മാർ പുതുജീവനും പുതിയ ചൈതന്യവും സ്വായത്തമാക്കി നവീകരിക്കപ്പെട്ട മനുഷ്യവംശത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. യേശുവിൽ മനുഷ്യവംശം പുതുതാക്കപ്പെടുന്നു. നവീകരിക്കപ്പെട്ട മനുഷ്യവംശത്തിന്റെ ആദ്യഫലങ്ങളായി മാറുന്നു ശിഷ്യന്മാർ.

ശിഷ്യരുടെ മേൽ നിശ്വസിച്ച യേശുവിന്റെ പ്രവർത്തിക്ക് പുതുജീവൻ നൽകുക എന്നതിലുപരിയായി വിശുദ്ധീകരിക്കുക എന്ന ഒരു അർത്ഥംകൂടി ചില വ്യാഖ്യാതാക്കൾ കൽപ്പിക്കാറുണ്ട്. നിശ്വസിക്കുക

എന്നത് പ്രതീകാത്മകമായി വിശുദ്ധീകരിക്കുന്ന പ്രവർത്തിയെ സൂചിപ്പിക്കുന്നു. അവിശ്വാസത്തിന്റെയും അതിൽനിന്നുളവായ സംശയത്തിന്റെയും ഭയത്തിന്റെയും ഗ്രഹണശക്തിയില്ലായ്മയുടെയും പാപാവസ്ഥയിൽ നിന്ന് തന്റെ നിശ്വാസംവഴി ഉത്ഥിതൻ ശിഷ്യന്മാരെ വിശുദ്ധീകരിക്കുന്നു എന്നാണ് ഇവിടെ അർത്ഥമാകുന്നത്. ഓർക്കുക, യോഹന്നാന്റെ ഭാഷ്യത്തിൽ ലോകത്തിൽ നിലനിൽക്കുന്ന എക പാപം "പിതാവ് വിശുദ്ധീകരിച്ച് ലോകത്തിലേക്കയച്ച പുത്രനെ വിശ്വസിക്കാതിരിക്കുക, അവനെ തിരസ്ക്കരിക്കുക എന്നതുമാത്രമാണ്." യേശുവിന്റെ പരീക്ഷണങ്ങളുടെ മണിക്കൂറിലും അവന്റെ പീഡകളിലും അവനെ തള്ളിപ്പറയുകയും ഉപേക്ഷിക്കുകയും ചെയ്ത ശിഷ്യരുടെ പാപവും അവിശ്വാസം തന്നെയാണ്. പിതാവ് പുത്രനെ വിശുദ്ധീകരിച്ച് ലോകത്തിലേക്കയച്ചതുപോലെ പുത്രനും തന്റെ ശിഷ്യരെ അയക്കുന്നതിനുമുമ്പ് വിശുദ്ധീകരിക്കുന്നു. ഈ വിശുദ്ധീകരണ കർമ്മമാണ് ഉത്ഥിതന്റെ നിശ്വാസം വഴി നിർവ്വഹിക്കപ്പെടുന്നത്.

ഉത്ഥിതന്റെ ഈ വിശുദ്ധീകരണത്തിന്റെയും പുതുജീവൻ നൽകുന്നതിന്റെയും ലക്ഷ്യമാണ് ഇവിടെ പ്രസക്തമായ വേറൊരു വസ്തുത. ഒന്നാമതായി, ശിഷ്യരെ തന്റെ നിശ്വാസം വഴി അവൻ വിശുദ്ധീകരിക്കുന്നതും പുതുസൃഷ്ടിയാക്കുന്നതും അവൻ അയയ്ക്കുന്ന പരിശുദ്ധാത്മാവിനെ അഥവാ സഹായകനെ സ്വീകരിക്കുന്നതിനുവേണ്ടിയാണ്. പെന്തക്കുസ്തായ്ക്ക് ഉത്ഥിതൻ ശിഷ്യരെ ഒരുക്കുന്ന പ്രതീകാത്മക പ്രവർത്തിയാണ് ഇതെന്ന് സാരം. രണ്ടാമതായി, ഈ വിശുദ്ധീകരണം അവന്റെ കുരിശിലെ ആത്മയാഗത്തിലൂടെ കൈവന്ന പാപമോചനവും രക്ഷയും ലോകത്തിനും മനുഷ്യവംശത്തിനും കൈമാറുന്നതിനുവേണ്ടിയാണ്. വിശുദ്ധീകരിക്കപ്പെട്ട ശിഷ്യരെ വിശുദ്ധീകരണ കർമ്മം ഭരമേൽപ്പിക്കുന്ന, പാപമോചിതരായ ശിഷ്യർക്ക് പാപമോചനാധികാരം കൈമാറുന്ന യേശുവിനെയാണ് സുവിശേഷകൻ ഇവിടെ ചിത്രീകരിക്കുന്നത്. യേശുവിലൂടെ കൈവന്ന രക്ഷയും പാപമോചനവും ഓരോ മനുഷ്യവ്യക്തിയും സ്വന്തമാക്കുന്നതും വ്യക്തിപരമായി ദൈവത്തോടു രമ്യതയിലാകുന്നതും ദൈവത്തിന്റെ ഏകജാതനിൽ വിശ്വസിക്കുകയും അവനെ കർത്താവും ദൈവവുമായി സ്വീകരിക്കുകയും ചെയ്യുമ്പോഴാണ്. വിശ്വാസത്തിന്റെ ഈ സ്വീകരണത്തിന് ലോകത്തെ ഒരുക്കുന്നതിനാണ് ഉത്ഥിതൻ ശിഷ്യനെ നിയോഗിക്കുന്നത്. ഈ നിമിഷം മുതലാണ് ശിഷ്യന്മാർ അയക്കപ്പെടുന്നവർ അഥവാ അപ്പസ്തോലർ എന്ന പദവിയിലേക്ക് ഉയർത്തപ്പെടുന്നത് എന്നതും ശ്രദ്ധേയമാണ്.

ഇവിടെ ചിന്തിക്കേണ്ട മറ്റൊരു വസ്തുത 'പാപം ക്ഷമിക്കുക', 'പാപം ബന്ധിക്കുക', എന്നിവ തമ്മിലുള്ള വ്യത്യാസമാണ്. രക്ഷയുടെയും പാപക്ഷമയുടെയും സുവിശേഷവുമായി ശ്ലീഹന്മാർ കടന്നു ചെല്ലുമ്പോൾ അവരുടെ പ്രഘോഷണം കേട്ട് യേശുവിൽ വിശ്വസിക്കുന്നവർക്കാണ് പാപക്ഷമ ലഭിക്കുന്നത്. വിശ്വസിക്കുന്നവരോടാണ് ശിഷ്യന്മാർ നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്ന് പറയേണ്ടത്. എന്നാൽ അവിശ്വസിക്കുകയും സുവിശേഷത്തെ തിരസ്ക്കരിക്കുകയും ചെയ്യുന്നവരോടോ? അവരുടെ പാപങ്ങൾ ബന്ധിക്കപ്പെട്ടിരിക്കും അല്ലെങ്കിൽ അവർ തങ്ങളുടെ പാപങ്ങളിൽ ബന്ധിക്കപ്പെട്ടിരിക്കും. പാപം ക്ഷമിക്കപ്പെടാതിരിക്കുന്നതാണ് പാപം ബന്ധിക്കുക എന്ന പ്രയോഗത്തിന്റെ അർത്ഥം. അതായത്, സുവിശേഷം പ്രഘോഷിക്കപ്പെടുമ്പോൾ പാപങ്ങൾ ക്ഷമിക്കപ്പെടുകയോ ക്ഷമിക്കപ്പെടാതിരിക്കുകയോ ചെയ്യുന്നത് ശ്രോതാക്കൾ യേശുവിനെ പാപമോചകനായി സ്വീകരിക്കുകയോ തിരസ്കരിക്കുകയോ എന്നതിനെ അടിസ്ഥാനമാക്കിയാണ്. അവിശ്വാസം 'അടിസ്ഥാനപാപം' എന്ന യോഹന്നാന്റെ ദൈവശാസ്ത്ര ദർശനം തന്നെയാണ് ഈ വാക്കുകളിൽ നിഴലിക്കുന്നതും.

### എന്റെ കർത്താവേ എന്റെ ദൈവമേ (20:24–29)

ഉത്ഥിതന്റെ പ്രത്യക്ഷപ്പെടലുകളിൽ ഏറ്റവും വൈകാരിക തീവ്രതയും നാടകീയതയും നിറഞ്ഞതാണ് ഉത്ഥാനത്തിന്റെ എട്ടാംദിവസം (*hemeras okto*) തോമസിനുലഭിക്കുന്ന ദർശന വിവരണം. തോമാ എന്ന പേര് *താം* (*tham*) എന്ന ഹെബ്രായ വാക്കിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. ഇതിന്റെ വാച്യാർത്ഥം കളങ്കമില്ലാത്തത്, പൂർണ്ണതയുള്ളത് എന്നിങ്ങനെയാണ്. *താം* എന്ന ഹെബ്രായ പദത്തിന്റെ അറമായ ഭാഷയിലുള്ള രൂപമാണ് *താമാ*. ഇതിൽ നിന്നാണ് തോമാ എന്ന പേര് ഉടലെടുത്തത്. അതുകൊണ്ട്, തോമസ് എന്ന വാക്കിന്റെ അർത്ഥം മൂലഭാഷയിൽ 'കളങ്കരഹിതൻ' അഥവാ 'പൂർണ്ണതയുള്ളവൻ' എന്നാണ്. ഇരട്ടപിറന്നവൻ എന്നർത്ഥമുള്ള *ദിദിമോസ്* എന്നത് ഗ്രീക്ക് ഭാഷയിൽ തോമായ്ക്ക് നൽകിയ ഇരട്ടപ്പേരാണല്ലോ. വത്സല ശിഷ്യന്റെ ഓർമ്മകുറിപ്പുകളിലെ മിഴിവുറ്റ കഥാപാത്രങ്ങളിലൊന്നാണ് തോമസ്. യോഹന്നാൻ *തോമാ* എന്ന അറമായ നാമവും *ദിദിമൂസ്* എന്ന ഗ്രീക്ക് നാമവും ഒരുപോലെ പരാമർശിക്കുന്നത് ശ്രദ്ധേയമാണ്. മൂന്ന് തവണയാണ് യോഹന്നാൻ തോമസിനെപറ്റി പരാമർശിക്കുന്നത്. "നമുക്കും അവനോട് കൂടിപോയി മരിക്കാം" (11:16); "നീ എവിടേക്ക് പോകുന്നു എന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ പിന്നെ വഴി ഞങ്ങൾ എങ്ങനെയറിയും"

(14:5); “എന്റെ കർത്താവേ എന്റെ ദൈവമേ” (20:29). ബൈബിൾ വ്യാഖ്യാതാക്കളുടെ ഇടയിൽ പ്രത്യേകിച്ച് സി. എസ്. കീനറിനെ പോലു ള്ളവർ, വത്സലശിഷ്യന്റെ രചനയിൽ തോമായ്ക്ക് നൽകിയിരിക്കുന്ന ഈ പ്രാധാന്യത്തിന്റെ കാരണമായി ചൂണ്ടിക്കാട്ടുന്നത്, യോഹന്നാന്റെ സുവിശേഷരചനാകാലഘട്ടത്തിൽ പ്രബലവും പ്രചുരപ്രചാരമുള്ളതുമാ യിരുന്ന ‘തോമായുടെ പാരമ്പര്യ’മാണ് (the Thomas tradition). അതിൽ നിന്നാണ്, തോമായുടെ സുവിശേഷവും (Gospel of Thomas), തോമാ യുടെ നടപടിയും (Acts of Thomas) ലിഖിത രൂപം പ്രാപിച്ചത്. രണ്ട് അപ്പസ്തോലിക പാരമ്പര്യങ്ങൾ, യോഹന്നാന്റെ പാരമ്പര്യവും തോമാ യുടെ പാരമ്പര്യവും തമ്മിലാശ്ലേഷിക്കുന്ന മനോഹര ദൃശ്യത്തിന്റെ അക്ഷരസാക്ഷ്യമാണ് അഥവാ അപ്പസ്തോലിക കൂട്ടായ്മയുടെ മിഴി വുറ്റ തെളിവാണ് തോമായെകുറിച്ചുള്ള വത്സല ശിഷ്യന്റെ വിവരണ ങ്ങളിൽ നിന്ന് ലഭിക്കുന്നത്.

ഉത്ഥിതന്റെ പ്രത്യക്ഷപ്പെടലുകളെല്ലാം ശിഷ്യരുടെ വൈകാരിക പ്രക്ഷുബ്ധതകളെ അഭിസംബോധന ചെയ്തുകൊണ്ടായിരുന്നു എന്നും അവന്റെ സാമിപ്യം വഴി അവരെ പരിണാമവിധേയരാക്കി എന്നും മുൻപ് പരാമർശിച്ചിട്ടുള്ളത് ഓർമ്മിക്കുക. മദഗ്ദലന മറിയ ത്തിന്റെ സങ്കടത്തെ അഭിസംബോധന ചെയ്ത ഉത്ഥിതൻ അവർക്ക് പ്രഘോഷണ ദൗത്യം നൽകിയാണ് അയക്കുന്നത്. ശിഷ്യരുടെ ഭയത്തെ അവൻ സന്തോഷമായി മാറ്റുന്നുണ്ട്. ഇവിടെയാകട്ടെ ഉത്ഥി തൻ അഭിസംബോധനചെയ്യുന്നത് തോമസിന്റെ സന്ദേഹത്തെയാണ്. സംശയത്തെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലാക്കിയാണ് ഉത്ഥിതൻ പരി വർത്തനപ്പെടുന്നത്. മനുഷ്യന്റെ സംശയങ്ങളെയും സന്ദേഹത്തെയും അനശ്ചിതത്വത്തെയും വിശ്വാസത്തിന്റെയും സ്ഥൈര്യത്തിന്റെയും സമ്മോഹന മൂഹൂർത്തമാക്കിമാറ്റാൻ ഉത്ഥിതനു മാത്രമേ കഴിയൂ. ഒരു വ്യക്തിയിലൂടെ ഒരു സമൂഹത്തിന്റെ മുഴുവൻ വികാരവിചാരങ്ങളെ പ്രതി ഫലിപ്പിക്കുന്നത് യോഹന്നാന്റെ രചനാശൈലിയുടെ ഒരു പ്രത്യേക തയാണ്. മഗ്ദല മറിയത്തിന്റെ സങ്കടം പ്രതിനിധാനം ചെയ്തത് യേശു വിന്റെ മരണത്തിൽ അവനെ സ്നേഹിച്ച മുഴുവൻ ആളുകളുടെയും സങ്കടങ്ങളായിരുന്നു. അപ്പോൾ, സംശയാലുവായ തോമാ പ്രതീകാ ത്മകമായി ഉത്ഥാനത്തിലുള്ള ശിഷ്യസമൂഹത്തിന്റെ സംശയത്തെയാണ് പ്രതിനിധീകരിക്കുന്നത്. അഥവാ യേശുവിന്റെ ഉത്ഥാനത്തിലുള്ള ശിഷ്യ സമൂഹത്തിന്റെ മുഴുവന്റെയും സംശയം ആൾരൂപം പ്രാപിക്കുന്നതാണ് (doubt personified) തോമാ എന്ന് ചുരുക്കം. അങ്ങനെയെങ്കിൽ അവി ശ്വാസിയാകാതെ വിശ്വാസിയാകാനുള്ള ഉത്ഥിതന്റെ വാക്കുകൾ ശിഷ്യ

സമൂഹത്തിനു മുഴുവനുമുള്ള തിരുത്തലാണുതാനും. തോമസിന്റെ വിശ്വാസപ്രഖ്യാപനത്തെ യോഹന്നാൻ അവതരിപ്പിക്കുന്നത് എല്ലാ തലമുറകളിലും യേശുവിൽ വിശ്വസിക്കുന്ന ശിഷ്യസമൂഹത്തിനുള്ള ഉദാത്ത മാതൃകയായിട്ടാണ്. വത്സല ശിഷ്യന്റെ സുവിശേഷത്തിന്റെ ഏറ്റവും ഉന്നതമായ മുഹൂർത്തം എന്നാണ് (the high point of the Gospel of John) ബൈബിൾ വ്യാഖ്യാതാക്കൾ ഈ ഏറ്റുപറച്ചിലിനെ വിശേഷിപ്പിക്കുന്നത്. യേശു കർത്താവും ദൈവവുമാണ് ഈ സത്യമാണ് സുവിശേഷകന്മാർ ലോകത്തോട് പറയാനാഗ്രഹിച്ചത്. അപ്പസ്തോലിക പ്രബോധനത്തിന്റെയും ആദിമസഭയുടെ വിശ്വാസത്തിന്റെയും ആത്മാവാണ് നസ്രത്തിലെ യേശു സഹനമരണങ്ങളെ ജയിച്ച കർത്താവും ദൈവവുമാണ് എന്ന ദർശനം. യോഹന്നാന്റെ സുവിശേഷത്തിൽ ഏഴ് തവണയാണ് യേശുവിന്റെ ദൈവികത പ്രഘോഷിക്കപ്പെട്ടിട്ടുള്ളത്. ഏഴ് എന്ന സംഖ്യ ബൈബിളിൽ പൂർണ്ണതയുടെ പ്രതീകമാണല്ലോ. ഈ ഏഴ് പ്രഘോഷണങ്ങളിലും വച്ച് ഏറ്റവും ശക്തമായ പ്രഘോഷണം – 'കർത്താവും ദൈവവും' എന്ന ഏറ്റുപറച്ചിൽ നടത്തുന്നത് തോമസാണ് (യോഹ. 1:24 – യോഹന്നാൻ സ്നാപകൻ; 1:49 – നഥാനയേൽ; 5:25, 10:36 – യേശു സ്വയം വെളിപ്പെടുത്തുന്നു; 6:69 – പത്രോസ്; 9:25 – സുഖം പ്രാപിച്ച അന്ധനായിരുന്ന മനുഷ്യൻ; 11:27 – മർത്താ; 20:31 – യോഹന്നാൻ).

"എന്റെ കർത്താവെ എന്റെ ദൈവമേ" (*ഹൊ ക്യൂരിയോസ് മു കായി ഹൊ തെയോസ് മു*) എന്ന തോമായുടെ വിശ്വാസ പ്രഖ്യാപനം യോഹന്നാന്റെ സുവിശേഷത്തിന്റെ പരമകോടിയാണെന്ന് പറയുന്നത് ശരിയായി മനസിലാക്കണമെങ്കിൽ ഈ ഒരു ഏറ്റുപറച്ചിലു പിന്നിലെ ചരിത്ര പശ്ചാത്തലം, (യഹൂദ–റോമൻ) അറിയേണ്ടത് ആവശ്യമാണ്. ഹെബ്രായ പാരമ്പര്യത്തിൽ യഹോവയ്ക്ക് കൽപ്പിച്ചിരുന്ന പരമോന്നത പദമാണ് 'ദൈവമായ കർത്താവ്' (*അദോനായ് എലോഹിം*). ഏറ്റവും ആഘോഷപൂർവ്വമായ ദൈവനാമ ഉച്ചാരണം (the solemn pronounciation of the name of God) എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. യഹൂദ പശ്ചാത്തലത്തിൽ നിന്ന് നോക്കുമ്പോൾ തോമാ ഉത്ഥിതനായ യേശുവിനെ യഹോവയ്ക്ക് തുല്യനായി ഏറ്റുപറയുന്ന വിശ്വാസത്തിന്റെ അതുല്യപ്രവൃത്തിയാണ് നടത്തുന്നത് എന്ന് വ്യക്തമാകും. അതായത് നസ്രത്തിലെ യേശുവിന്റെ ദൈവികത ഏറ്റുപറയാൻ ഇതിലും ഉപരിയായ വാക്കുകളില്ല എന്നതുതന്നെ. ചില ബൈബിൾ വ്യാഖ്യാതാക്കളുടെ അഭിപ്രായത്തിൽ, തോമായുടെ ഏറ്റുപറച്ചിൽ സങ്കീർത്തനം 35:23 വാക്യമാവാമെന്നാണ്. "എന്റെ ദൈവമായ കർത്താ

വെ, എനിക്ക് നീതി നടത്തിത്തരാൻ ഉണർന്നെഴുന്നേൽക്കണമേ" എന്ന പ്രാർത്ഥനയിലെ ആദ്യ വാക്യമാണ് തോമായെ സ്വാധിനിച്ചിരിക്കുന്നത് എന്ന വ്യാഖ്യാനം യഹൂദ പശ്ചാത്തലത്തിൽ ഈ ഏറ്റുപറച്ചിലിന്റെ ഔന്നിത്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്.

യോഹന്നാന്റെ സുവിശേഷരചനാ കാലഘട്ടം ബൈബിൾ വ്യാഖ്യാതാക്കൾ കണക്കാക്കുന്നത് റോമൻ ചക്രവർത്തി ഫ്ളാവിയൂസ് ഡൊമിഷ്യന്റെ ഭരണകാലത്താണ് (എ.ഡി. 81-96). ഡൊമിഷ്യന്റെ കാലത്ത് യോഹന്നാൻ പാത്മോസ് ദ്വീപിലെ തടവിനു വിധിക്കപ്പെടുന്നതും വെളിപാട്പുസ്തകത്തിൽ ഡൊമിഷ്യന്റെ അധീശത്വത്തെയും മതമർദ്ദനത്തെയും പ്രതീകാത്മകമായി ചിത്രീകരിച്ചിരിക്കുന്നതും ശ്രദ്ധിക്കുക. ചക്രവർത്തിയെ ദൈവമായ ആരാധിക്കുന്ന 'എംപറർ കൾട്ട്' ശക്തമായി നടപ്പിലാക്കിയിരുന്ന ആളായിരുന്നു ഡൊമിഷ്യൻ. രണ്ടാം അഗസ്റ്റസ് എന്നാണ് അയാൾ സ്വയം വിശേഷിപ്പിച്ചിരുന്നത്. സ്വയം ദൈവതുല്യനായി കണ്ട ഡൊമിഷ്യൻ തനിക്ക് ചാർത്തിയ അഭിധാനമായിരുന്നു '*Dominus et Deus noster*' (ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവും) എന്ന ലത്തീൻ ഭാഷയിലെ വിശേഷണം. ചക്രവർത്തി പൂജയുടെ ഈ റോമൻ അധിനിവേശ കാലത്ത് സുവിശേഷരചന നടത്തിയ യോഹന്നാൻ നസ്രത്തിലെ യേശുവിനെ ദൈവവും കർത്താവുമായി തോമാ ഏറ്റു പറയുന്നത് സാക്ഷ്യപ്പെടുത്തുന്നതുവഴി തന്റെ വായനക്കാരായ വിജാതീയ ക്രിസ്ത്യാനികൾക്ക് നൽകുന്ന സന്ദേശമെന്താണ്? അത് നിസാരരായ മനുഷ്യരെ ദൈവമായി കണക്കാക്കുന്ന ചക്രവർത്തി പൂജയക്ക് (Emporor Cult) എതിരെയുള്ള താക്കീതും സത്യവിശ്വാസത്തിന്റെ പ്രഘോഷണവുമാണ്. നശ്വരനായ ഡൊമിഷ്യൻ ചക്രവർത്തിയല്ല മരണത്തെ ജയിച്ച നസ്രായനായ യേശുവാണ് *Dominus et Deus noster* - നമ്മുടെ കർത്താവും ദൈവവും. അതുകൊണ്ട് തന്നെ തോമായുടെ ഏറ്റുപറച്ചിലും പ്രഘോഷണവും നിത്യനൂതനവും പ്രസക്തവുമാണ്. കാരണം ദൈവത്തിനുപകരം മനുഷ്യർ ധനത്തെയും ശരീരത്തെയും പദവികളെയും അധികാരത്തെയും ആരാധിക്കുന്ന കാലമാണല്ലോ ഇത്. ആരാധനയ്ക്ക് യോഗ്യനായവൻ സത്യദൈവം മാത്രമാണെന്ന സന്ദേശമാണ് തോമായിലൂടെ എല്ലാ കാലത്തുമുള്ള തന്റെ വായനക്കാർക്ക് വത്സലശിഷ്യൻ നൽകുന്നത്. അതിനാൽതന്നെ തോമാ ആദിമസഭയുടെ വിശ്വാസപ്രഘോഷണത്തിന്റെ വക്താവായാണ് നിലകൊള്ളുന്നതും.

ഉത്ഥിതനായ യേശു ശിഷ്യർക്ക് നൽകിയ മൂന്ന് ദർശന വിവരണങ്ങളിലും പൊതുവായ ഒരു വസ്തുത ആരംഭത്തിൽ സൂചിപ്പിച്ചതുപോ

ലെ, അവയെല്ലാം തന്റെ ശിഷ്യരുടെ വൈകാരിക അവസ്ഥകളിലേക്ക് അവരുടെ പ്രശ്നങ്ങളെ അഭിസംബോധനചെയ്തുകൊണ്ടുള്ള പ്രത്യക്ഷപ്പെടലുകളായിരുന്നു. മഗ്ദലനയുടെ സങ്കടവും ശിഷ്യരുടെ ഭയവും തോമസിന്റെ നിർബന്ധബുദ്ധിയും സംശയവും അവന് നിസ്സാരമായിരുന്നില്ല. മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റവനായിട്ടും നസ്രായൻ പിന്നെയും മനുഷ്യരുടെ നിസ്സാരതകളെ അത്യധികം മാനിക്കുന്നു, അവയെ അഭിസംബോധന ചെയ്യുന്നു. ഇന്ന് സഭയും ക്രിസ്തുശിഷ്യരും അനുവർത്തിക്കേണ്ട സുപ്രധാന വിഷയമാണിത്. സമകാലിക ലോകത്തിൽ നമുക്ക് ചുറ്റുമുള്ള മനുഷ്യരുടെ വികാരങ്ങളിൽ നിന്ന് ഒളിച്ചോടിയല്ല ഉത്ഥിതനെ പ്രഘോഷിക്കേണ്ടത് മറിച്ച് അവരുടെ കണ്ണീരിനെയും, ആകുലതകളെയും അഭിസംബോധന ചെയ്തുകൊണ്ടാണ്. അതുകൊണ്ട് വർത്തമാനകാലസഭയെ കോർപൊറേറ്റ് വിദഗ്ധരരുടെ ആഡംബര ഇടനാഴികളിൽനിന്നും ആർദ്രത വറ്റിവരണ്ട സ്വീകരണമുറികളിൽ നിന്നും പറിച്ച് നടണം; കണ്ണീരും വ്യഥകളും ആകുലതയും നിറഞ്ഞ സാധാരണക്കാരന്റെ ജീവിതമേഖലകളിലേക്ക്.

### ഉത്ഥാനത്തിന്റെ അടയാളങ്ങൾ

കുരിശിൽ തറക്കപ്പെട്ട് മരിച്ച യേശു കർത്താവും ദൈവവുമായി ഉയിർത്തെഴുന്നേറ്റു എന്നതാണ് വത്സലശിഷ്യന്റെ ഉത്ഥാന വിവരണത്തിന്റെ രത്നചുരുക്കം. ഈ ചരിത്ര സത്യത്തെ വായനക്കാരന് ബോധ്യപ്പെടുത്തുന്നതിനും യേശുവിന്റെ ഉത്ഥാനം ഒരു ചരിത്ര വസ്തുതയാണന്നു സ്ഥാപിക്കുന്നതിനും തന്റെ ഉത്ഥാനവിവരണത്തിൽ അതീവ സൂക്ഷ്മതയോടെ ചേർത്തു വയ്ക്കുന്ന ഉത്ഥാനത്തിന്റെ മൂന്ന് തെളിവുകൾ അഥവാ അടയാളങ്ങൾ നമുക്ക് കണ്ടെത്താനാകും. സുവിശേഷരചയിതാക്കൾ യേശുവിന്റെ ഉത്ഥാനം പ്രഘോഷിക്കുകയും രേഖപ്പെടുത്തുകയും ചെയ്തപ്പോൾ നേരിട്ട പ്രധാന പ്രതിസന്ധി 'അവന്റെ ശരീരം ശിഷ്യന്മാർ മോഷ്ടിച്ചു' (മത്താ. 28:11-15) എന്നും 'യേശു കുരിശിൽ മരിച്ചില്ല, മോഹാലസ്യപ്പെട്ടതേയുള്ളൂ' എന്നുമുള്ള കുപ്രചരണങ്ങളായിരുന്നു. അതിനാൽതന്നെ സുവിശേഷകന്മാർ തങ്ങളുടെ ഉത്ഥാന വിവരണത്തിൽ ഈ കുപ്രചരണങ്ങളെ ഖണ്ഡിച്ചുകൊണ്ട് ഉത്ഥാനമെന്ന സത്യത്തെ സ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടുതാനും.

### ശൂന്യമായ കല്ലറ

ആദിമസഭയും അപ്പസ്തോലിക കാലഘട്ടവും യേശുവിന്റെ ഉത്ഥാനത്തിന്റെ ഏറ്റവും ആധികാരികമായ തെളിവായാണ് ശൂന്യമായ കല്ല

റയെ പ്രഘോഷിച്ചത്. ഉത്ഥാനത്തിന് വെറും 50 ദിവസങ്ങൾക്കു ശേഷം പത്രോസ് ഈ സത്യം പ്രഘോഷിച്ചപ്പോൾ പോലും ആരും അതിനെ സംശയിക്കുകയോ ചോദ്യം ചെയ്യുകയോ ചെയ്തില്ല എന്നത് ശ്രദ്ധേയമാണ്. യോഹന്നാൻ ശൂന്യമായ കല്ലറയെ ഉത്ഥാനത്തിന്റെ തെളിവായി ഉയർത്തിക്കാട്ടുന്നത് അതിശക്തമായ യഹൂദ വിശ്വാസത്തിന്റെയും പഴയനിയമ ഭാഗങ്ങളുടെയും പിൻബലത്തിലാണ്. ഉത്ഥാനത്തെകുറിച്ചുള്ള യഹൂദ വിശ്വാസപ്രകാരം ഉത്ഥാനം സമ്പൂർണ്ണമായ അവസ്ഥാന്തരമാണ്. സംസ്കരിക്കുമ്പോൾ ഉള്ള ശരീരവും അതിനൊപ്പമുള്ളവയും രൂപാന്തരവിധേയമാകും. ശൂന്യമായ കല്ലറ ഈ യഹൂദ വിശ്വാസത്തെ സാധൂകരിക്കുന്നുണ്ട്. ഇതിലുപരിയായ യേശുവിന്റെ ശൂന്യമായ കല്ലറയെപറ്റിയുടെ വിവരണത്തിൽ രണ്ട് പഴയനിയമ ഭാഗങ്ങൾ ശക്തമായി പ്രതിഫലിക്കുന്നുണ്ട്.

> "ഹെനോക്ക് ദൈവത്തിന് പ്രിയങ്കരനായി ജീവിച്ചു; പിന്നെ അവനെ കണ്ടിട്ടില്ല; ദൈവം അവനെ എടുത്തു." (ഉൽപ. 5:24)

> ''ഏലിയാ ഒരു ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് ഉയർന്നു.'' (2രാജാ. 2:11)

യഹൂദ ചിന്തകനും ചരിത്രകാരനുമായ വേർമാസ് പറയുന്നത്, ശൂന്യമായ യേശുവിന്റെ ശൂന്യമായ കല്ലറയുടെ ചരിത്രപരമായ സാധുതയുടെ തെളിവ്, അത് വിളംബരം ചെയ്തത് ഒരു സ്ത്രീയായിരുന്നു എന്നതാണ്. നാല് സുവിശേഷങ്ങളും വിവരിക്കുന്നത് സ്ത്രീകളാണ് കല്ലറ ശൂന്യമാണെന്നത് ആദ്യം കണ്ടെത്തിയത് എന്നാണ്. അതായത് യഹൂദ സാമൂഹിക പശ്ചാത്തലത്തിലെ ഏറ്റവും ദുർബലയായ സാക്ഷിതന്നെ അവിശ്വസനീയമായ മഹാത്ഭുതത്തിന്റെ സാക്ഷിയായത് ഉത്ഥാനത്തിന്റെ സാധുതയ്ക്കും ചരിത്രപരതയ്ക്കും ഉള്ള ഏറ്റവും വലിയ തെളിവാണ് എന്ന് ചുരുക്കം. സുവിശേഷങ്ങൾക്കു പുറത്ത് യേശുവിന്റെ ഉത്ഥാനത്തിന്റെ തെളിവായി ശൂന്യമായ കല്ലറ സൂചിപ്പിക്കുന്നത് വി. പൗലോസ് എ.ഡി. 55 കാലഘട്ടത്തിൽ എഴുതിയ 1കോറിന്തോസ് 15:3-5 വാക്യങ്ങളിലാണ്. അവസാനമായി, ശൂന്യമായ കല്ലറ ശിഷ്യസമൂഹത്തിന് അചിന്തനീയമായ പരിവർത്തനമാണ് വരുത്തിയത്. ഇന്നും ശൂന്യമായ കല്ലറ ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ പ്രത്യാശയാണ്; സകല കല്ലറകളും ശൂന്യമാകുന്ന യുഗാന്ത്യോന്മുഖ കാലത്തിന്റെ ഉറപ്പാണത്.

**കച്ചയും തൂവാലയും**

യേശുവിന്റെ കല്ലറയിൽ ശിഷ്യന്മാർ അവന്റെ ശരീരം പൊതിഞ്ഞിരുന്ന കച്ചയും തലയിൽ കെട്ടിയിരുന്ന തൂവാലയും (*സുദാറിയോൺ*, *സൂദോർ* = വിയർപ്പ് - സ്പെയിനിലെ ഒവിയെഡോയിൽ യേശുവിന്റെ തുവാല സൂക്ഷിച്ചിരിക്കുന്നു; അതുപോലെ ഇറ്റലിയിലെ ടൂറിനിൽ കച്ചയും) കണ്ടെത്തി എന്ന വിവരണമുണ്ട്. തൂവാല കച്ചയോട് കൂടയല്ലാതെ മടക്കിവച്ചിരുന്നു എന്ന വിവരണം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഈ കച്ചയുടെയും തൂവാലയുടെയും പരാമർശത്തിലൂടെ സുവിശേഷകൻ ഖണ്ഡിക്കാൻ ശ്രമിക്കുന്നത് യേശുവിന്റെ ശരീരം കള്ളന്മാർ മോഷ്ടിച്ചു എന്ന യഹൂദപ്രമാണിമാരുടെ കുപ്രചരണത്തെയും അല്ലെങ്കിൽ ശിഷ്യന്മാർതന്നെ മോഷ്ടിച്ചതാകാം എന്ന വ്യാജവാർത്തയെയുമാണ്. അവന്റെ ശരീരം പൊതിഞ്ഞിരുന്ന കച്ചയ്ക്കും മുഖാവരണത്തിന്റെ ഇടയിലൂടെ സ്ഫടികത്തിലൂടെ പ്രകാശം എന്നപോലെ നസ്രായന്റെ ഉത്ഥിതഗാത്രം പുറത്തുവന്നു (dematerialized the cloth) എന്ന് സഭാപിതാക്കന്മാർ പറയുന്നതിന്റെ അർത്ഥമെന്താണ്? ഉത്ഥാനത്തിന്റെ ചരിത്രപരതയിലേക്കും സാധുതയിലേക്കുമുള്ള അക്ഷര സാക്ഷ്യമാണത്. ടൂറിനിലെ കച്ചയെ പഠനവിഷയമാക്കിയ അമേരിക്കൻ ഭൗതിക ശാസ്ത്രജ്ഞൻ ജോൺ ജാക്സൺന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. “ഈ മനുഷ്യൻ ശാസ്ത്രത്തിന് വ്യക്തമായി പറയാൻ സാധിക്കാത്ത രീതിയിൽ തന്റെ ചിത്രം കച്ചയിൽ പതിപ്പിച്ച് കടന്നുപോയിരിക്കുന്നു; ശരീരം തീർച്ചയായും സുതാര്യമാകുകയും ഭൗതികം അല്ലാതാകുകയും ചെയ്തിരിക്കുന്നു... അന്ന് കല്ലറയിൽ ശാസ്ത്രത്തിന് വിവരിക്കാൻ കഴിയാത്ത പ്രതിഭാസം സംഭവിച്ചിരിക്കുന്നു.” മടക്കിവച്ചു മുഖതൂവാല യേശു അവശേഷിപ്പിച്ച ഒരടയാളമാണ്; മരണത്തിന്റെമേലും തിന്മയുടെമേലും അവൻ വരിച്ച വിജയത്തിന്റെ അടയാളം. മടക്കിവച്ച കച്ചയുടെയും തുവാലയുടെയും പരാമർശം Docetic, Gnostic പാഷണ്ഡതകളെ ഖണ്ഡിക്കുന്നതിനാണ് എന്ന വ്യാഖ്യാനവും പ്രസക്തമാണ്.

**ഒരു തോട്ടത്തിൽ ആരംഭിച്ച് മറ്റൊരു തോട്ടത്തിൽ പൂർത്തിയായ രക്ഷാകർമ്മം**

വേദപുസ്തകം വിവരിക്കുന്നത് പ്രകാരം മനുഷ്യന്റെ ചരിത്രം ആരംഭിക്കുന്നത് ഒരു തോട്ടത്തിൽ വച്ചാണ്. “ദൈവമായ കർത്താവ് കിഴക്ക് ഏദനിൽ ഒരു തോട്ടമുണ്ടാക്കി താൻ രൂപംകൊടുത്ത മനുഷ്യനെ അവിടെ താമസിപ്പിച്ചു” (ഉൽപ. 2:8). മനുഷ്യന്റെ പതനത്തിന്റെയും

പരാജയത്തിന്റെയും ചരിത്രം ആരംഭിച്ചതും അതേ ഏദനിലെ തോട്ട ത്തിലാണ്. യോഹന്നാന്റെ വിവരണത്തിൽ യേശുവിന്റെ പീഡാനുഭവം ആരംഭിക്കുന്നത് കെദ്രോൺ അരുവിക്ക് അക്കരെയുള്ള തോട്ടത്തിലാ ണ് (19:1). യേശുവിനെ സംസ്കരിക്കുന്നത് ഗോൽഗോത്താ കുന്നിൻ ചെരുവിലെ തോട്ടത്തിലാണ്. "അവൻ ക്രൂശിക്കപ്പെട്ട സ്ഥലത്ത് ഒരു തോട്ടമുണ്ടായിരുന്നു... അവർ യേശുവിനെ അവിടെ സംസ്കരിച്ചു" (19:41-42). ഉത്ഥാനം നടന്നതും ഒരു തോട്ടത്തിലാണ്. യോഹന്നാൻ തോട്ടത്തെക്കുറിച്ച് ആവർത്തിച്ച് നടത്തുന്ന ഈ പരാമർശത്തിനു പിന്നിലെ ദൈവശാസ്ത്ര ദർശനം എന്തായിരിക്കും?

മനുഷ്യവംശത്തിന്റെ പ്രലോഭനത്തിന്റെയും പതനത്തിന്റെയും വേദിതന്നെ വിജയത്തിന്റെയും വീണ്ടെടുപ്പിന്റെയും വേദിയായി ദൈവം തിരഞ്ഞെടുത്തു എന്നതുതന്നെ. പറുദീസയെന്ന ആദ്യത്തെ തോട്ട ത്തിൽ വച്ച് മരണവും സഹനവും മനുഷ്യനെ കീഴടക്കിയെങ്കിൽ, സാത്താൻ മനുഷ്യവംശത്തെ അടിമയാക്കിയെങ്കിൽ, ഗോൽഗോത്താ കുന്നിൽ ചെരുവിലെ ഉത്ഥാനത്തിന്റെ തോട്ടം മനുഷ്യന്റെ വിജയത്തിന്റെ ഭൂമികയാണ്. സാത്താന്റെ തന്ത്രങ്ങളെ വിജയിച്ച ഭൂമി, മരണത്തെയും സഹനത്തെയും മറികടന്ന വേദി. മനുഷ്യവംശത്തിന്റെ ഉയിർത്തെഴു ന്നേൽപ്പിന്റെയും വീണ്ടെടുപ്പിന്റെയും മണ്ണാണ് ഈ തോട്ടം. ഏദൻ പരാജയത്തിന്റെ തോട്ടമാണെങ്കിൽ ഗാഗുൽത്തായുടെ ചെരുവിലെ തോട്ടം വിജയത്തിന്റെയും പുനസൃഷ്ടിയുടെയും തോട്ടമാണ്. മണ്ണി ലാരംഭിച്ച് മണ്ണിൽ പൂർത്തിയായ രക്ഷാകരചരിത്രമാണ് തോട്ടത്തിന്റെ പരാമർശത്തിലൂടെ വത്സല ശിഷ്യൻ വരച്ചുകാട്ടുന്നത്.

## ഒരു കാലിക വായന

### പ്രത്യാശയുടെ പുലരിയിലുയർന്ന വിലാപം

മനുഷ്യവംശത്തിന്റെ പരിണാമചരിത്രത്തിലെ ഏറ്റവും പ്രത്യാശ നിറഞ്ഞ പുലരി ഏതായിരിക്കും? എനിക്കു തോന്നുന്നു അത് നസ്രായൻ മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്ത പുലരിയായിരിക്കും. പ്രകാശം നിത്യമായി അന്ധകാരത്തെ ജയിച്ച, ആനന്ദം ദുഃഖത്തെ മറികടന്ന, ജീവൻ മരണത്തിന്റെമേൽ വിജയമാഘോഷിച്ച, ആഴ്ച്ചയുടെ ആദ്യദിവസത്തെ പ്രഭാതം. വത്സല ശിഷ്യന്റെ ഓർമ്മക്കുറിപ്പുകളിലെ ഉത്ഥാന വിവരണം വായിക്കുമ്പോൾ കരളിലുടക്കുന്നത് പ്രത്യാശയുടെ ഈ പുലരിയിലുയർന്ന നിസ്സഹായതയുടെ വിലാപമാണ്. ശൂന്യമായ കല്ലറയുടെ മുമ്പിൽ നിന്ന് അതിലടക്കം ചെയ്ത ഗുരുവിന്റെ മൃതശരീരം കാണാതെ വേവുന്ന മനസ്സോടെ കണ്ണീർത്തുള്ളികൾക്കൊപ്പം ചിതറിവീണ മഗ്ദലേന മറിയത്തിന്റെ വിലാപം; "എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി, അവർ അവനെ എവിടെയാണ് വച്ചിരിക്കുന്നതെന്ന് എനിക്കറിഞ്ഞുകൂടാ" (യോഹ. 20:13). ഉത്ഥാനത്തിന്റെ പ്രത്യാശാനിർഭരമായ പുലരിയിൽ മുഴങ്ങിയ ഈ വിലാപസ്വരത്തിന്റെ വർത്തമാനകാല പ്രസക്തിയെന്തായിരിക്കും?

"എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി" എന്ന് വിലപിക്കുന്ന മറിയം മഗ്ദലന ഒരു പ്രതിനിധിയാണ്; സമൂഹത്തിലെ അവഗണിക്കപ്പെട്ടവരുടെ, ബലവും സ്വരവും ഇല്ലാത്തവരുടെ, കണ്ണീർത്തുള്ളികൾ കാഴ്ച്ചമറച്ചവരുടെ, സമൂഹത്തിലെ വിളുമ്പുകളിലേക്ക് തള്ളിനീക്കപ്പെട്ട മനുഷ്യരുടെ, ആകർഷകത്വമോ, കുലീനതയോ, കുടുംബമഹിമയോ, നൂറ്റാണ്ടുകളുടെ വിശ്വാസപൈതൃകമോ അവകാശപ്പെടാനില്ലാത്തവരുടെ. പക്ഷെ, അവരുടെ ഉള്ളിലെ അഗാധമായ ദൈവാന്വേഷണത്തിന്റെ മാറ്റൊലിയാണ് "എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി" എന്ന നിലവിളിയിലടങ്ങിയിരിക്കുന്നത്. നസ്രായൻ അവരുടെ കർത്താവാണ്, അവരുടെകൂടി പ്രത്യാശയാണ്. ആരാണ് നിസ്സഹായന്റെ ദൈവത്തെ അപഹരിച്ച ഈ 'അവർ'? ആരാണ് അശരണനും പാർശ്വവൽക്കരിക്കപ്പെട്ടവനും അവന്റെ കർത്താവിനെ അപ്രാപ്യമാക്കിയവർ? ദരിദ്രന്റെ പ്രതീക്ഷകളിൽനിന്ന് നസ്രായനെ അടർത്തിമാറ്റിയവരാരാണ്?

നസ്രത്തിലെ യേശു ബത്ലഹേമിലെ പുൽക്കൂടുമുതൽ ഗാഗുൽത്താ കുന്നിൻചെരുവിലെ കടം വാങ്ങിയ കല്ലറവരെ കട

ന്നുപോയത് ആരെയും അസൂയപ്പെടുത്താത്ത വിധമായിരുന്നു. അതുകൊണ്ടാണ് അവനെ 'എന്റെ കർത്താവ്' എന്ന് അഭിമാനത്തോടെ മറ്റുള്ളവർ അവകാശപ്പെട്ടത്. പക്ഷെ, ആഢംബര നിർമ്മിതിയുടെ പ്രൗഢികളിലേക്ക് അവനെ മാറ്റിയവർ അപഹരിച്ചത് ദരിദ്രന്റെ കർത്താവിനെയാണ്. ദശകോടികളുടെ ആഢംബര ധൂർത്തിന്റെ ബാഹ്യാവരണം അവന്റെമേൽ പണിതുയർത്തിയവർ, ദരിദ്രന്റെ സ്വപ്നങ്ങളിൽനിന്നാണ് അവന്റെ കർത്താവിനെ അന്യവത്കരിച്ചത്. ബഹുരാഷ്ട്ര കമ്പനികളുടെ കോർപറേറ്റ് ഓഫീസുകളെ വെല്ലുംവിധം ആഢംബര സ്ഥലങ്ങളിലും ശീതീകരിച്ച ഓഫീസ് മുറികളിലുമിരുന്ന് 'അജപാലനം നടത്തുന്ന' ഇടയന്മാർ, സമൂഹത്തിന്റെ വിളുമ്പുകളിൽ അടച്ചുറപ്പുള്ള ഒരു ഭവനം വിദൂര സ്വപ്നമായി ജീവിക്കുന്ന പരബഹുശതം ദരിദ്രരുടെ കർത്താവിനെയാണ് അവരിൽ നിന്ന് എടുത്തുമാറ്റിയത്. നക്ഷത്രവിദ്യാലയങ്ങളും ആതുരാലയങ്ങളും ധവള വസ്ത്രത്തിന്റെയോ ധവള രക്തസാക്ഷിത്വം എന്ന് വിശേഷിപ്പിക്കപ്പെട്ട ക്രൈസ്തവ സന്യാസത്തിന്റെയോ ലേബലിൽ നടത്തി ക്രിസ്തീയ ആദർശബോധത്തിന്റെ മുഖത്ത് നോക്കി പല്ലിളിച്ചു കാട്ടുന്നവരാണ് നിസ്സഹായരായവരുടെ കർത്താവിനെ എടുത്തുകൊണ്ട് പോയവർ.

നസ്രത്തിലെ തച്ചന്റെ മകനും ഏതാനും മുക്കുവന്മാരും ചില ചുങ്കക്കാരും തീവ്രവാദികളും ചേർന്നാരംഭിച്ച ഭൂമിയിലെ ദൈവരാജ്യത്തെ (തിരുസഭയെ) ആഢംബരത്തിന്റെയും പാരമ്പര്യത്തിന്റെയും അനുഷ്ടാനവിധികളുടെയും ചിട്ടവട്ടങ്ങളുടെയും തടവിലടച്ച് കുടുംബമഹിമയും പാരമ്പര്യവും തനിമയും പറഞ്ഞ് വികൃതമാക്കിയപ്പോൾ എടുത്തുമാറ്റിയത് സാധാരണക്കാരനിൽനിന്ന് അവന്റെ ദൈവത്തെയായിരുന്നു. അതുകൊണ്ട്, പ്രത്യാശയുടെ പുലരിയിൽ മുഴങ്ങിയ മഗ്ദലന മറിയത്തിന്റെ വിലാപത്തെ ഗൗരവമായി കാണേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്. നസ്രായനെ, പാർശ്വവത്കരിക്കപ്പെട്ടവരുടെ കർത്താവിനെ, തിരിച്ച് കൊടുക്കണം – ദരിദ്രനും അഗതിക്കും. അവന്റെ സ്വപ്നങ്ങൾക്ക് കൂട്ടായും മിഴിവായും ഉത്ഥിതൻ പ്രകാശിക്കട്ടെ, കൂടെ നടക്കട്ടെ.

25

# യോനായുടെ പുത്രനായ ശിമയോൻ

വലിയ മുക്കുവന്റെ ജീവിതത്തെ സ്നേഹത്തോടെ വ്യാഖ്യാനിക്കാൻ പ്രേരിപ്പിച്ചത് ഹെൻട്രി സിയാങ്കോവിച്ച് എന്ന പോർച്ചുഗീസ് എഴുത്തുകാരൻ പന്ത്രണ്ടാം നൂറ്റാണ്ടി ലെഴുതിയ *ക്വോവാദിസ്* എന്ന നോവലിന്റെ മലയാള പരി ഭാഷ വായിക്കാനിടയായതാണ്. മനസിൽനിന്നും മായാതെ നിൽക്കുന്ന ഒരു വിവരണ ഭാഗമുണ്ട് ആ നോവലിൽ: പത്രോസ് റോമിലേക്ക് സുവിശേഷപ്രഘോഷണത്തിന് നിർബന്ധിക്കപ്പെടുന്നു; റോമിൽ എത്തിയ പത്രോസിന് കേൾക്കേണ്ടിവന്നത് ഭീകര മതമർദ്ധനത്തിന്റെ കഥകളാണ്. ഭയചികതനായ പത്രോസ് ഒരു രാത്രി റോമിൽനിന്നും കടൽതീരത്തേക്ക് നീളുന്ന *വിയ ആപ്പിയ* എന്ന വഴിയിലൂടെ ഒളിച്ചോടുകയാണ്. വഴിമദ്ധ്യേ കുരിശും തോളിലേറ്റി റോമിനെ ലക്ഷ്യമാക്കി വരുന്ന യേശുവിനെ കണ്ട് അത്ഭുതപരതന്ത്രനായി പത്രോസ് ചോദിക്കുന്ന ചോദ്യമാണ് ഈ നോവലിന്റെ പേര് '*ക്വോവാദിസ് ദോമിനേ*' - 'കർത്താവെ അങ്ങ് എവിടേക്ക് പോകുന്നു?' 'ഭീരുവായ ശിമ യോന് പകരം വീണ്ടും കുരിശിലേറ്റപ്പെടാൻ റോമിലേക്ക്' - ഇതായിരുന്നു യേശുവിന്റെ മറുപടി. അനുതാപവിവശനായ പത്രോസ് യേശുവിന്റെ ചുമലിൽ നിന്നും കുരിശ് എടുത്ത് റോമിലേക്ക് തിരികെപോകുന്നു, സുവിശേഷം പ്രഘോഷി ക്കുന്നു; വത്തിക്കാൻ കുന്നിന്റെ ചെരുവിൽ അവസാനം തല കീഴായി കുരിശിലേറ്റപ്പെടുന്നു. ആദിമസഭയിൽ പ്രചാരത്തി ലിരുന്ന ഈ പാരമ്പര്യ കഥയാണ് കഥാകാരൻ നോവലിൽ പകർത്തിയിരിക്കുന്നത്. സമവീക്ഷണ സുവിശേഷകന്മാർ എല്ലാവരും പ്രതിപാദിക്കുന്നുണ്ടെങ്കിലും വത്സല ശിഷ്യൻ യോഹന്നാന്റെ രചനയിലാണ് പത്രോസിന്റെ ജീവിതം കൂടു

തൽ മിഴിവുറ്റതായി ചിത്രീകരിക്കുന്നത്. എന്നു തോന്നുന്നു. പത്ത് ഭാഗങ്ങളിലായാണ് യോഹന്നാൻ വലിയ മുക്കുവനെ അവതരിപ്പിക്കുന്നത് (1:40–42, 6:68–69, 13:6–10; 13:24, 13:36–38, 18:10–11; 18:15–18, 18:25–27; 20:2–8; 21:1–23).

### നീ കേപ്പാ എന്നു വിളിക്കപ്പെടും (1:40–42)

പത്രോസ് നസ്രത്തിലെ യേശുവിനെ കണ്ടുമുട്ടുന്ന ചരിത്രമുഹൂർത്തത്തെ എങ്ങനെയാണ് വിശേഷിപ്പിക്കാനാവുന്നത്? എനിക്ക് തോന്നുന്നു തടാകം മാത്രം കണ്ടുശീലിച്ച മുക്കുവൻ കടലിനെ കണ്ടുമുട്ടുന്നതുപോലെയായിരുന്നിരിക്കണം അത്; തിബേരിയാസ് തടാകത്തിന്റെ അലകളെ കണ്ടും ഇടപഴകിയും ശിലിച്ച വലിയ മുക്കുവൻ സാഗരത്തിന്റെ അനന്തതയെ തൊട്ടറിയുന്നതുപോലെ അപാരതയെ സ്പർശിച്ച അനുഭവമായിരിക്കണം. യേശുവും ശിമയോനും തമ്മിലുള്ള ആദ്യകണ്ടുമുട്ടലിൽ സുവിശേഷകൻ വളരെ സൂക്ഷ്മതയോടെയും അർത്ഥഗർഭമായും ഉപയോഗിച്ചിരിക്കുന്ന ഒരു ക്രിയാപദമുണ്ട് “യേശു അവനെ നോക്കി”. നോക്കി എന്ന അർത്ഥം വരുന്ന *എംബ്ലേഫാസ്* എന്ന ഗ്രീക്ക് വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം സാധാരണ നോക്കുക എന്നല്ല മറിച്ച് അവന്റെ ആന്തരികതയിലേക്ക് ചൂഴ്ന്ന് നോക്കി എന്നാണ്. *എംബ്ലേഫാസ്* എന്ന വാക്കിന് ‘ആഴ്ന്നിറങ്ങുന്ന നോട്ടം’ എന്നാണ് ശരിയായ പരിഭാഷ. ഈ വാക്കാണ് സ്നാപകൻ യേശുവിനെ ‘കണ്ടു’ എന്നതിനും യോഹന്നാൻ ഉപയോഗിച്ചിരുന്നത്. ഹൃദയം കണ്ടു എന്ന് അർത്ഥം. നസ്രത്തിലെ യേശുവിന്റെ ദൈവികത കണ്ടിട്ടാണ് സ്നാപകൻ പറയുന്നത്, “ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.” ഒപ്പം ‘ഭാവിയെക്കൂടി കാണുന്ന നോട്ടം’ എന്നുകൂടി *എംബ്ലേഫാസ്* (കാണുക = *ബ്ലേപോ*) എന്ന വാക്കിന് അർത്ഥം കൽപിക്കാം.

“യോനായുടെ പുത്രനായ ശിമയോനെ, നീ *കേഫാസ്* - പാറ എന്നു വിളിക്കപ്പെടും” എന്ന് യേശു പറയുമ്പോൾ, ശിമയോന്റെ ഹൃദയം കണ്ട ആഴമായ നോട്ടത്തിനൊടുവിലുള്ള വാക്കാണത്; അവന്റെ വർത്തമാനകാലത്തിൽ നിന്ന് ഭാവിയിലേക്ക് നോക്കികണ്ടവന്റെ മൊഴികളാണത്. “മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു, കർത്താവോ ഹൃദയത്തിലും” എന്ന സാമുവൽ പ്രവാചകനോടുള്ള ദൈവവചനം ഓർമ്മിക്കുക (1സാമു. 16:7). ശിമയോൻ എന്ന പേരിൽനിന്ന് പത്രോസിലേക്കുള്ള പുനർനാമകരണമാണ് തുടർന്ന് സംഭവിക്കുന്നത്. ‘അവൻ (ദൈവം) കേട്ടു’ എന്നർത്ഥം വരുന്ന ശിമയോനിൽനിന്ന് (ഉൽപ. 29:33) പാറ, വിശ്വസ്ഥൻ എന്നർത്ഥം വരുന്ന *കേഫാസ്* എന്ന അറമായ നാമ

ത്തിലേക്കാണ് വലിയ മുക്കുവൻ മാറുന്നത്. കേഫാസ് എന്ന അറമായ വാക്കിന്റെ ഗ്രീക്ക് പദമാണ് *പെത്രോസ്* (പാറ). സമാന്തര സുവിശേഷ ങ്ങളിൽ വി. മത്തായിയുടെ സുവിശേഷം 16:18, വാക്യവുമായി, യോഹ ന്നാന്റെ ഈ വചനഭാഗത്തിനുള്ള സാമ്യം പ്രത്യേകം പരാമർശ വിധേയമാണ്. എന്നാൽ, മത്തായി പത്രോസിന്റെ വിശ്വാസ പ്രഖ്യാപ നത്തിനുശേഷം ഒരു അംഗീകാരം എന്ന രീതിയിലാണ് പുതിയ നാമം നൽകുന്നത് വിവരിക്കുന്നതെങ്കിൽ, യോഹന്നാൻ ആദ്യ സമാഗമത്തിൽ തന്നെ പത്രോസിന്റെ ഒരു പ്രവൃത്തിയെയും ആശ്രയിക്കാതെ പേര് മാറ്റം നടത്തുന്നതായാണ് പരാമർശിക്കുന്നത്. ദൈവത്തിന്റെ വിളിയും ദാനവും മനുഷ്യന്റെ പ്രവൃത്തികളുടെ കണക്കുനോക്കിയല്ല എന്ന ദർശ നമാണ് ഇവിടെ നിഴലിക്കുന്നത്. അപ്പോൾ വത്സലശിഷ്യന്റെ ഭാഷ്യ ത്തിൽ പത്രോസ് എന്ന പുതിയ നാമധേയം ശിമയോന്റെ പ്രവൃത്തി യുടെ ഫലമല്ല, മറിച്ച്, ദൈവത്തിന്റെ ഉദാരതയുടെ വിളംബരമാണ്. ശിഷ്യത്വത്തിലേക്കുള്ള വിളിയും വിവിധ നിയോഗങ്ങളും ശുശ്രൂഷാ സ്ഥാനങ്ങളും ദൈവത്തിന്റെ ഉദാരതയുടെ തെളിവാണ് എന്ന് സാരം. യേശു ശിമയോനെ *കേഫാസ്* എന്നു വിളിച്ചത് അവന്റെ വർത്തമാന കാലത്തെ വിശ്വസ്തതയെയോ ഉറപ്പിനെയോ കണ്ടല്ല, മറിച്ച് അവന്റെ ഭാവികാല വിശ്വസ്ഥതയേയും ഉറപ്പിനെയും പരിഗണിച്ചാണ് എന്ന് വ്യാഖ്യാനിക്കുന്ന ബൈബിൾ പണ്ഡിതരുണ്ട്. യേശുവിന്റെ ദൈവീ കതയുടെ വെളിപ്പെടുത്തൽകൂടി ഇവിടെ സുവിശേഷകൻ നടത്തുന്നു ണ്ട്. പത്രോസിന്റെ ഉള്ളിലേക്ക് നോക്കി, അവന്റെ ഭാവികണ്ട് പുതിയ ഒരു പേരുനൽകുന്ന പ്രവൃത്തി യേശുവിന്റെ ദൈവികതയെക്കൂടി വ്യക്ത മാക്കുന്നു എന്ന് ചുരുക്കം.

ശിമയോന്റെ ഈ പേരുമാറ്റം വിവരിക്കുന്ന ഭാഗത്തിന് നിശ്ചയ മായും ചില പഴയനിയമ ഭാഗങ്ങളുമായുള്ള സാധർമ്മ്യം പരിഗണി ക്കേണ്ടതാണ്. അബ്രാം അബ്രാഹമായും (ഉൽപ. 17:5) സാറായി സാറാ ആയും (ഉൽപ. 17:15) യാക്കോബ് ഇസ്രായേലായും (ഉൽപ. 32:28) പേര് മാറുന്നത് ശ്രദ്ധിക്കുക. പഴയനിയമ സംസ്കാരത്തിൽ പുതിയ നാമം നൽകുന്നത് പ്രതീകാത്മകമായി മൂന്ന് കാര്യങ്ങളാണ് സൂചി പ്പിക്കുന്നത്.

: പുതിയ പേര് പുതിയ ബന്ധത്തിന്റെ പ്രതീകമാണ്. പുതിയ പേര് സ്വീകരിച്ച നിമിഷം മുതൽ അബ്രാഹത്തിനും യാക്കോബിനും ദൈവവുമായുണ്ടായിരുന്ന ബന്ധം ഒരു പുതിയ തലത്തിലേക്ക് മാറ്റപ്പെടുന്നു. അപ്പോൾ ശിമയോന്റെ പേര്മാറ്റവും അയാൾ ദൈവ ത്തോട് ആരംഭിക്കുന്ന ഉദാത്തമായ പുതിയ ബന്ധത്തിന്റെ സൂച നയാണ്.

: പുതിയ പേര് നൽകുന്നത് അധികാരം സ്ഥാപിക്കലിന്റെ പ്രതീകവും സ്വീകരിക്കുന്നത് വിധേയത്വം പ്രഖ്യാപിക്കുന്നതിന്റെയും അടയാളവുമാണ്. പത്രോസ് യേശുവിന്റെ ശിഷ്യത്വം സ്വീകരിക്കുന്നതിന്റെ സൂചനയായി ഇതിനെ വ്യാഖ്യാനിക്കാം. കേപ്പാസ് എന്ന പേര് സ്വീകരിക്കുന്നതുവഴി ശിമയോൻ തന്റെ പദ്ധതികളും ഇച്ഛയും ദൈവത്തിന്റെ പദ്ധതികൾക്കും ഹിതത്തിനും സമർപ്പിക്കുന്നു.

: പുതിയ പേര് പുതിയ സ്വഭാവത്തിന്റെ, പുതിയ വ്യക്തിയാകുന്നതിന്റെ സൂചനയാണ്. ഈ അർത്ഥത്തിൽ ചിന്തിക്കുമ്പോൾ ശിമയോനിൽനിന്ന് കേഫാസിലേക്കുള്ള മാറ്റം എന്തായിരിക്കും വിവക്ഷിക്കുന്നത്? 'ശിമയോൻ' എന്ന പേര് വേദപുസ്തകത്തിലാദ്യം പ്രത്യക്ഷപ്പെടുന്നത്, ഉൽപത്തി 29:33 ലാണ്. യാക്കോബിന്റെ മക്കളിൽ രണ്ടാമത് '*യഹോവാ ഷാമ്മാ*' – 'ദൈവം കേട്ടു' എന്ന അർത്ഥത്തിൽ (*ഷേമാ* എന്ന ക്രിയാപദത്തിൽ നിന്ന് – അർത്ഥം 'കേൾക്കുക') അമ്മയായ ലെയാ ശിമയോൻ എന്ന് പേരിടുന്നു. ആദ്യ ശിമയോൻ യാക്കോബിന്റെ രണ്ടാമത്തെ പുത്രനും ഇസ്രായേലിന്റെ ഗോത്രപിതാവുമാണ്. വേദപുസ്തകം വിവരിക്കുന്ന ഇസ്രായേൽ ചരിത്രത്തിലെ പ്രധാനപ്പെട്ട മറ്റൊരു ശിമയോൻ മക്കബായരുടെ പുസ്തകത്തിൽ പരാമർശിക്കുന്ന മത്താത്തിയാസിന്റെ പുത്രനും ഹസ്മോണിയൻ രാജവംശത്തിന്റെ തുടക്കക്കാരനുമായ ശിമയോനാണ് (1മക്ക. 13–16). ബി.സി. 143 മുതൽ ബി.സി. 63 വരെ ഹസ്മോണിയൻ രാജവംശം യൂദയാ ഭരിച്ചിരുന്നു. പരമ്പരാഗതമായി വളരെ അധികം പ്രചാരത്തിലിരുന്ന ഒരു ഹെബ്രായ നാമമായിരുന്നു ശിമയോൻ. പേരിന്റെ അർത്ഥത്തിൽ നിന്ന് (അവൻ കേട്ടു) സ്വഭാവം വ്യക്തമാക്കുന്നില്ലെങ്കിലും ആദ്യത്തെ ശിമയോന് പിതാവ് യാക്കോബ് നൽകുന്ന അനുഗ്രഹത്തിൽ നിന്ന് ശിമയോന്റെ ചില സ്വഭാവ പ്രത്യേകത വെളിവായികിട്ടുന്നുണ്ട്.

– "ശിമയോനും ലേവിയും കൂടെപ്പിറപ്പുകളാണ് അവരുടെ വാളുകൾ അക്രമത്തിന്റെ ആയുധങ്ങളാണ്... തങ്ങളുടെ കോപത്തിൽ അവർ മനുഷ്യരെ കൊന്നു... അവരുടെ ഉഗ്രമായ കോപവും ക്രൂരമായ ക്രോധവും ശപിക്കപ്പെടട്ടെ" (ഉൽപ. 49:6–7).

അതുകൊണ്ട് പേരിലെന്തിരിക്കുന്നു (what is in a name) എന്ന് ചോദിച്ചാൽ ഷേക്സ്പിയറിന്റെ 'മാക്ബത്തി'ലെതുപോലെ "that which we call a rose by any other name would smell as sweet" എന്നു പറയേണ്ടിവരും. ഗോത്രപിതാവായ ശിമയോൻ വികാരങ്ങളാൽ നയിക്കപ്പെട്ട മനുഷ്യനായിരുന്നെങ്കിൽ ഗലീലിയിലെ വലിയ മുക്കുവനെയും വികാ

രങ്ങളുടെ മനുഷ്യനായിട്ടാണ് സുവിശേഷകൻ ചിത്രീകരിക്കുന്നത്. പേരുമാറ്റത്തിലൂടെ വികാരങ്ങളുടെ ചഞ്ചല മനുഷ്യനെ വിശ്വാസത്തിന്റെ ഉറപ്പുകളിലേക്കാണ് യേശു ക്ഷണിക്കുന്നത്. 'ശിമയോൻ പത്രോസ് വികാരങ്ങളുടെ മനുഷ്യനായിരുന്നു' എന്ന പ്രസ്താവനയ്ക്ക് എന്താണ് അടിസ്ഥാനം? അയാളുടെ ഇടപെടലുകളും മറുപടികളും തന്നെയാണ് തെളിവ്. ഒരു നിമിഷത്തെ ആവേശത്തിൽ അയാൾ വിശ്വാസത്തിന്റെ പ്രഘോഷണം നടത്തി (യോഹ. 6:69), മറ്റൊരു നിമിഷം വീണ്ടുവിചാരമില്ലാതെ ഗുരുവിനെ വിലക്കും (യോഹ. 13:5) തിരിച്ചറിവുകിട്ടുമ്പോൾ കുഞ്ഞിനെപ്പോലെ തിരുത്തിപ്പറയും ("പാദങ്ങൾ മാത്രമല്ല ശിരസ്സും കൈകളും കഴുകണമേ"). ഒരാവേശത്തിൽ ജീവൻ അർപ്പിക്കാമെന്നു പറയും (യോഹ. 13:37), മറ്റൊരുവേള തള്ളിപ്പറയും (18:18; 18:25) കോപത്തിൽ അയാൾ വാളെടുക്കുന്ന അക്രമികാരിയാകും (18:10), സന്തോഷാധിക്യത്തിൽ കടലിലേക്ക് പോലും എടുത്ത്ചാടാൻ മടിയില്ലാത്തമനുഷ്യനാണയാൾ (യോഹ. 20:7) സ്നേഹാധിക്യത്താൽ കുഞ്ഞിനെപ്പോലെ വിതമ്പുന്നവനാണയാൾ (യോഹ. 21:17). അപ്പോൾ യേശു ശിമയോനിൽ ആദ്യനോട്ടത്തിൽ കണ്ടതാണ് അയാളുടെ ഉള്ളിലെ ഈ വൈകാരിക അസന്തുലിതാവസ്ത. നീ ഇനിമുതൽ കേപ്പായാണ് എന്ന നസ്രായന്റെ വാക്കുകൾ ഒരു ക്ഷണമാണ്; വൈകാരിക സന്തുലിതാവസ്ഥയിലേക്കും വ്യക്തിത്വതത്തിന്റെ ഉറപ്പിലേക്കും വളരാനുള്ള വിളിയാണത്. മനുഷ്യരുടെ വൈകാരിക അരക്ഷിതാവസ്ഥകൾക്ക് പരിഹാരം നസ്രായന്റെ കൂടെ നടക്കുന്നതാണ് എന്ന ഒരു ധ്വനിയും ഈ വാക്കുകളിൽ കണ്ടെത്താം. ചാഞ്ചാടുന്ന വികാരങ്ങളുടെ മനുഷ്യനായ ശിമയോൻ പാറയുടെ ഉറപ്പിലേക്ക് വളർന്നത് ഒരു നിമിഷംകൊണ്ടല്ല മൂന്ന് വർഷം നസ്രായന്റെ കൂടെ നടന്ന്, അവന്റെ ശാസനയും തിരുത്തലും ഏറ്റുവാങ്ങിയാണ്; അവന്റെ സ്നേഹം ഹൃദയം നിറയെ സ്വീകരിച്ചാണ്.

ഗത്സമനിയിലെ സംഘർഷനിമിഷത്തിൽ 'ശിമയോൻ വാളൂരി പ്രധാനാചാര്യന്റെ സേവകനെ വെട്ടി' എന്ന പരാമർശം ഓർമ്മിപ്പിക്കുന്നത് ഗോത്രപിതാവായ ശിമയോന്റെ ക്രോധത്തിന്റെ വാളിനെയാണ് (യോഹ. 18:10; ഉൽപ. 49:6-7). 'വാൾ അതിന്റെ ഉറയിലിടുക' എന്ന യേശുവിന്റെ വാക്കുകൾ അവന്റെ സ്വപ്നങ്ങളിലും രക്ഷാകരപദ്ധതിയിലും വാളുകൾക്ക്, ആക്രമത്തിന് ഇടമില്ല എന്നതുതന്നെയാണ്. നസ്രായന്റെ കുരിശിന്റെ വഴിയിൽ ക്രോധത്തിന്റെയും വികാരക്ഷോഭങ്ങളുടെയും വാളുകൾക്ക് പ്രസക്തിയില്ല. ഗോത്രപിതാവായ 'ശിമയോൻ' മുതൽ ഗത്സമനിയിലെ ശിമയോൻവരെ മനുഷ്യർ എടുത്ത വാളുകൾക്ക് ദൈവിക പദ്ധതിയിൽ സ്ഥാനമില്ല എന്നുതന്നെയാണ്.

**ശിമയോൻ പത്രോസ്**

വലിയ മുക്കുവനെ വിവരിക്കുന്ന വത്സല ശിഷ്യന്റെ രചനയുടെ ഏറ്റവും വലിയൊരു സവിശേഷതയാണ് സമവീക്ഷണ സുവിശേഷക ന്മാരിൽനിന്നും വ്യത്യസ്തമായി 'ശിമയോൻ പത്രോസ്' എന്ന പരാ മർശം. സമവീക്ഷണ സുവിശേഷങ്ങളിൽ മത്തായി 16:18 ൽ മാത്രമാണ് ശിമയോൻ പത്രോസ് എന്ന് പരാമർശിക്കുന്നത്. ഒന്നുകിൽ ശെമയോ നെന്ന പഴയപേര് അല്ലങ്കിൽ പത്രോസ് എന്ന പുതിയപേര് ഇതിൽ ഏതെങ്കിലും ഒന്നാണ് സമാന്തര സുവിശേഷകന്മാർ നൽകുന്നത്. എന്നാൽ ഇതിൽനിന്നും വ്യത്യസ്ഥമായി 17 തവണയാണ് യോഹന്നാൻ 'ശിമയോൻ പത്രോസ്' എന്ന് വലിയ മുക്കുവനെ വിളിക്കുന്നത്. എന്താ യിരിക്കും പഴയതും പുതിയതും ചേർത്തുള്ള യോഹന്നാന്റെ ഭാഷാ ശൈലിയുടെ പിറകിലെ ദർശനം? യേശു നൽകിയ പുതിയ പേരി നൊപ്പം എന്തുകൊണ്ടായിരിക്കും യോഹന്നാൻ 17 തവണ ശിഷ്യ പ്രമുഖന്റെ പഴയ പേര് ഉപേക്ഷിക്കാതെ കൂട്ടിച്ചേർക്കുന്നത്?

അത് വലിയ മുക്കുവന്റെ ഉള്ളിലെ വിരുദ്ധഭാവങ്ങളിലേക്കുള്ള സൂച നയായിട്ടാണ് മനസിലാകേണ്ടത്. അയാൾ ഒരേസമയം ശിമയോനും പത്രോസുമാണ്. അതിലോലമായ അതിർവരമ്പുകളിലാണ് ശിമയോനും പത്രോസും വേർതിരിക്കപ്പെട്ടിരുന്നത്. 21-ാം അധ്യായത്തിൽ വിവരി ക്കുന്ന തിബേരിയസിന്റെ തീരങ്ങളിലെ ഉത്ഥിതനുമായ കണ്ടുമുട്ടൽ രംഗം വരെ അയാളുടെ ഉള്ളിൽ ശിമയോനും പത്രോസും ഉണ്ടായി രുന്നു; വികാരവിക്ഷോഭങ്ങളുടെയും ഇടർച്ചയുടെയും ശിമയോനും വിശ്വാസപ്രഖ്യാപനത്തിന്റെയും വിശ്വസ്ഥതയുടെയും പത്രോസും. വിശുദ്ധനും പാപിയും വിശ്വസ്തനും ബലഹീനനും ഒരാളിൽ. ഈ സാധ്യതയാണ് 'ശിമയോൻ പത്രോസ്' എന്ന പ്രയോഗം വെളി വാക്കുന്നത്. വിശ്വസ്തതയുടെ കൃപ ദൈവം നിക്ഷേപിച്ചെങ്കിലും ഇന്ന ലകളുടെ ശിമയോൻ വിട്ടുമാറാത്ത ശിഷ്യന്റെ ആന്തരിക സംഘർഷ മാണിത് സൂചിപ്പിക്കുന്നത്. "ഞാൻ ആഗ്രഹിക്കുന്ന നന്മയല്ല ആഗ്രഹി ക്കാത്ത തിന്മയാണ് ചെയ്തു പോകുന്നത്" എന്ന വി. പൗലോസിന്റെ വിലാപം വെളിപ്പെടുത്തുന്നതും ശിഷ്യന്റെ ഉള്ളിലെ ഈ നിസ്സാഹയ തയാണ്. ഈ ശിമയോൻ പത്രോസിന്റെ കയ്യിൽ സ്വർഗരാജ്യത്തിന്റെ താക്കോൽ കൊടുക്കുന്ന, തന്റെ ആടുകളുടെ സൂക്ഷമേൽപ്പിക്കുന്ന ക്രിസ്തുവിനെ അവതരിപ്പിച്ചുകൊണ്ട് വത്സല ശിഷ്യൻ നൽകുന്ന പാഠ മെന്താണ്? അത് എല്ലാകാലത്തും പ്രസക്തമായ സന്ദേശമാണ്. പൂർണ്ണ തയിലേക്കുള്ള വിളി സ്വീകരിച്ചിട്ടും ഗതകാലത്തിന്റെ അപൂർണ്ണതകൾ ഒഴിവാക്കാൻ കഴിയാത്ത നിസ്സഹായരായ മനുഷ്യരാണ് എന്നും

നസ്രായന്റെ ആടുകളെ നോക്കാൻ നിയോഗിക്കപ്പെടുന്നത് എന്നു തന്നെയാണ്.

ശിമയോൻ അഥവാ വൈകാരിക അരക്ഷിതാവസ്ഥയുടെ മനുഷ്യൻ ഞാനായിരിക്കുന്ന അവസ്ഥയും കേപ്പാ അഥവാ ഉറപ്പുള്ളവൻ, വിശ്വസ്ഥൻ എന്റെ മുമ്പിൽ നസ്രായൻ വയ്ക്കുന്ന സാധ്യതയുമാണത്. ശിഷ്യത്വം കൂടെ നടക്കലാണ്, നസ്രായന്റെ കൂടെ ശിമയോനിൽ നിന്ന് പത്രോസിലേക്കുള്ള പരിവർത്തനത്തിന്റെ യാത്രയാണത്; ഇടറിയും എഴുന്നേറ്റും ബലഹീനനായും ശക്തിയാർജ്ജിച്ചും... ശിമയോനിൽനിന്ന് പത്രോസിലേക്കുള്ള വഴിദൂരം നസ്രായന്റെ കൂടെ നടക്കുകയും കേപ്പായുടെ ഉറപ്പിലേക്കു വളരുകയുമാണ് ശിഷ്യത്വം.

**ശിമയോൻ പത്രോസിന്റെ വിശ്വാസപ്രഖ്യാപനം (യോഹ. 6:68–69)**

യേശുവിന്റെ പരസ്യജീവിതത്തിൽ നേരിട്ട ഒരു പ്രതിസന്ധിയുടെ ഘട്ടത്തിലാണ് ശിമയോൻ പത്രോസിന്റെ ഇടപെടൽ യോഹന്നാൻ അവതരിപ്പിക്കുന്നത്. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനങ്ങൾ അവന്റെ ശ്രോതാക്കളിൽ പലർക്കും ദുർഗ്രഹവും ദുസ്സഹവുമായിതോന്നുന്നു. മൂന്ന് തരം പ്രതികരണങ്ങളാണ് യോഹന്നാൻ അവതരിപ്പിക്കുന്നത്: പിറുപിറുക്കൽ (6:41), തർക്കം (6:52), വിട്ടുപോകൽ (6:65). നസ്രായന്റെ വാക്കുകളിൽ ഇടറി പിറുപിറുപ്പിലും തർക്കത്തിലും വേർപിരിയലിലും എത്തിയ സന്ദർഭത്തിലാണ് അടിയുറച്ച വിശ്വസ്ഥതയുടെ പ്രഘോഷണ ദൗത്യവുമായി ശിമയോൻ പത്രോസ് ഇടപെടുന്നത്. മൂന്ന്  വസ്തുതകളാണ് ശിമയോൻ പത്രോസിന്റെ വിശ്വാസ പ്രഖ്യാപനത്തിലുള്ളത്: ആരുടെ അടുത്തേക്ക് പോകും (6:68...), നിത്യജീവന്റെ വചസുകൾ നിന്റെ പക്കലുണ്ട് (6:66...), നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ (6:69). ഗലീലിക്കാരായ യേശുവിന്റെ സമകാലിക യഹൂദർക്ക് ഇടർച്ചയുണ്ടാക്കിയ ദുർഗ്രഹ വചനം "ശരീരം ഭക്ഷിക്കാനും രക്തം കുടിക്കാനുമുള്ള" അവന്റെ ക്ഷണമായിരുന്നു, (6:51–57). രണ്ട് പ്രശ്നങ്ങളാണ് ഇതിൽ അവന്റെ ശ്രോതാക്കൾ നേരിട്ടത്. ആദ്യത്തേത്, ഒട്ടുമിക്ക എല്ലാ മധ്യപൂർവ്വസംസ്കാരവും ഏറ്റവും ഹീനമായി കരുതിയിരുന്ന നരഭോജനത്തിനുള്ള ക്ഷണം (കാനിബലിസം) "മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്തില്ലങ്കിൽ ജീവനുണ്ടാവുകയില്ല" (6:53). രണ്ട്, യഹൂദർ നിഷിദ്ധമായും അശുദ്ധിയായും കരുതിയിരുന്ന രക്തം കുടിക്കാനുള്ള ആഹ്വാനം. രക്തമോ രക്തത്തോടുകൂടിയ മാംസമോ കഴിക്കുന്നത് നിഷിദ്ധമായി വിധിച്ച മോശയുടെ നിയമം പിൻതുടരുന്നവരോടാണ് ഈ ആഹ്വാനം എന്ന് പറയുമ്പോളാണ് അവന്റെ കേൾവി

ക്കാർക്ക് എത്ര ദുർഗ്രഹമായിട്ടാവും ഈ വാക്കുകൾ എന്ന് മനസിലാവുന്നത്.

> "എന്നാൽ ജീവനോടുകൂടിയ അതായത് രക്തത്തോട് കൂടിയ മാംസം ഭക്ഷിക്കരുത്, ജീവരക്തത്തിന് ഞാൻ കണക്കുചോദിക്കും." (ഉൽപ. 9:4)
>
> "നിങ്ങൾ എവിടെ പാർത്താലും രക്തം ഭക്ഷിക്കരുത്, രക്തം ഭക്ഷിക്കുന്നവൻ സ്വജനത്തിൽ നിന്ന് വിച്ഛേദിക്കപ്പെടണം." (ലേവ്യ. 7:26)
>
> "ആരെങ്കിലും ഏതെങ്കിലും തരം രക്തം ഭക്ഷിച്ചാൽ ഞാൻ അവനെതിരെ മുഖം തിരിക്കും." എന്തെന്നാൽ ശരീരത്തിന്റെ ജീവൻ രക്തത്തിലാണിരിക്കുന്നത്." (ലേവ്യ. 17:16)

അപ്പോൾ യേശുവിന്റെ വാക്കുകളെ, നരഭോജനത്തിനും ഇസ്രായേലിന് മ്ലേച്ഛതയായി കണക്കാക്കപ്പെട്ടിരുന്ന രക്തം പാനം ചെയ്യുന്നതിനുമുള്ള ക്ഷണമായി തെറ്റിദ്ധരിച്ചതാണ് പിറുപിറുപ്പിനും തർക്കത്തിനും വഴിപിരിയലിനും കാരണമാകുന്നത്. നസ്രായന്റെ വാക്കുകളാണ് ഇടർച്ചയ്ക്കും വേർപിരിയലിനും കാരണമായതെങ്കിൽ, പത്രോസ് ഏറ്റു പറയുന്നത് അതേ നസ്രായന്റെ വാക്കുകളിലുള്ള ശിഷ്യരുടെ വിശ്വാസമാണ് "നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്". പിരിയാതെ യേശുവിന്റെ കൂടെനിന്നവരുടെ സ്വരമായാണ് ശിമയോൻ പത്രോസ് യേശുവിന്റെ വാക്കുകളിലുള്ള ശരണം ഏറ്റ് പറയുന്നത്.

യേശുവിന്റെ ആദ്യ ഗലീലിയൻ ശ്രോതാക്കളിൽ ഉളവായ ഈ പ്രതിസന്ധി സുവിശേഷ രചനയുടെ കാലഘട്ടത്തിൽ ആദിമസഭയ്ക്കും നേരിടേണ്ടിവന്നിരുന്നു. വിജാതീയർ ആദിമസഭയുടെ ഞായറാഴ്ചയാചരണങ്ങളെ നരഭോജികളുടെ സമ്മേളനം എന്നാക്ഷേപിച്ചിരുന്ന ചരിത്ര പശ്ചാത്തലത്തിലാണ് വത്സലശിഷ്യൻ തന്റെ ഓർമ്മക്കുറിപ്പുകൾ എഴുതുന്നത്. ശിമയോൻ പത്രോസിന്റെ വിശ്വാസ പ്രഖ്യാപനത്തെ ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രബോധനത്തിന്റെ പശ്ചാത്തലത്തിൽ ഓർമ്മിച്ചെഴുതുന്നതിന് മേൽപ്പറഞ്ഞ പ്രതിസന്ധികൾ ഇടയാക്കിയിരുന്നു (വഴി പിരിഞ്ഞു പോകാൻ വെമ്പുന്ന ആദിമ യൂദസമൂഹവും നരഭോജികളുടെ സമൂഹമെന്ന ദുരാരോപണവും). കാരണം, സമാന്തര സുവിശേഷകന്മാർ കേസറിയാ ഫിലിപ്പിയിൽ വച്ച് നടന്നതായി രേഖപ്പെടുത്തിയ വിശ്വാസ പ്രഖ്യാപനമാണ് യോഹന്നാൻ കഫർണാമിൽ നടന്നതായി രേഖപ്പെടുത്തിയിരിക്കുന്നത്. വിശ്വാസം വെല്ലുവിളിക്കപ്പെട്ട പ്രതിസന്ധിയിൽ വിധിതീർപ്പിന്റെ വെളിപാടാണ് വലിയമുക്കുവന്റെ വാക്കുകൾ. "ഞങ്ങൾ ആരുടെ അടുത്തേക്ക് പോകും" വിശ്വാസത്യാഗികൾക്കുള്ള മുന്നറിയിപ്പാണ് ഇതിൽ മുഴങ്ങുന്നത്.

അവസാനമായി, യഥാർത്ഥ ശിഷ്യത്വം എന്താണെന്ന വെളിപ്പെടുത്തൽ കൂടി പത്രോസിന്റെ ഏറ്റുപറച്ചിലിൽ ഉണ്ട്. "നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ഞങ്ങൾ അറിയുന്നു" (യോഹ. 6:69). യേശുവിനെ അറിയുകയും വിശ്വസിക്കുകയും ചെയ്യുന്നതാണ് ശിഷ്യത്വം. വിശ്വാസത്തിന്റെ ആഴത്തിലേക്കു നയിക്കുന്ന അറിവ് ശിഷ്യത്വത്തിൽ അടിസ്ഥാന ശിലയാകുന്നു. "ഏക സത്യദൈവമായ അവിടുത്തെയും അങ്ങയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ" (യോഹ. 17:3).

**കർത്താവേ നീ എന്റെ പാദം കഴുകുകയോ? (13:6-9)**

ഗുരുവിന്റെ വാക്കുകളിൽ ഇടറി ശിഷ്യർ അവനെ വിട്ടകന്ന കഫർണാമിന്റെ വേർപിരിയലിന്റെ ഭൂമിയിൽ പത്രോസ് വിശ്വാസത്തിന്റെ ഉറപ്പുള്ള പാറയായി നിന്നു. പ്രതിസന്ധിയിൽ നസ്രായനിലുള്ള ശിഷ്യരുടെ ശരണം അയാൾ ഏറ്റുപറയുന്നു. എന്തുകൊണ്ടാണ് വത്സല ശിഷ്യൻ വലിയമുക്കുവനെ 'ശിമയോൻ പത്രോസ്' എന്നാവർത്തിച്ച് വിളിക്കുന്നത് (17 തവണ) എന്നതിന്റെ ഉത്തരം നാം മുമ്പ് വിശദീകരിച്ചത് വീണ്ടും പ്രസക്തമാകുന്ന വചനഭാഗമാണിത്. അയാൾ ഒരേസമയം വികാരക്ഷോഭങ്ങളുടെ ചഞ്ചലമനസ്കനായ ശിമയോനും ഉറച്ച ബോധ്യത്തിന്റെ കേപ്പായുമാണ്. കഫർണാമിൽ കേപ്പയായിരുന്നെങ്കിൽ സെഹിയോനിൽ അയാൾ വീണ്ടും ശിമയോനായി മാറുന്നു. "*കുരിയെ സുമു ന്യുപ്തെയിസ് തൂസ് പോദാസ്*" (കർത്താവ് നീ എന്റെ പാദം കഴുകുകയോ) എന്ന ചോദ്യം തന്നെ ഗുരുവിന്റെ പ്രവൃത്തിയുടെ പൊരുളറിയാത്ത ശിഷ്യന്റെ നിസ്സഹായതയാണ് വെളിവാക്കുന്നത്. ഗുരുവിനെ മനസിലാക്കാൻ കഴിയാത്ത ശിഷ്യരുടെ ബലഹീനതയാണ് പത്രോസിലൂടെ പുറത്തുവരുന്നതും.

ശിഷ്യരുടെ പാദങ്ങൾ കഴുകുന്ന യേശുവിന്റെ പ്രവർത്തി അവന്റെ ആത്മബലിയുടെ പ്രതീകമാണ്. പാദക്ഷാളനത്തിൽ നിന്ന് യേശുവിനെ തടയുന്നത് പ്രതീകാത്മകമായി, അവനെ സഹന മരണങ്ങളിൽ നിന്ന് തടയുന്നതിന് തുല്യമാണ്. പാദക്ഷാളനത്തിലൂടെ യേശു സാമൂഹിക ജീവിത പദവിക്രമത്തിൽ വരുത്തിയ കീഴ്മേൽ മറിക്കലാണ് ശിഷ്യരെ അസ്വസ്ഥരാക്കിയത്. കാരണം ഗുരുവിൽ നിന്നും കർത്താവിൽ നിന്നും ശിഷ്യർ പ്രതീക്ഷിക്കുന്നത് സംരക്ഷണവും സുരക്ഷിതത്വവുമാണെങ്കിൽ അവൻ ചെയ്ത ശുശ്രൂഷയുടെ ഗുരുശൈലി ദുർഗ്രഹമാകുന്നു; അതിന്റെ പിറകിലേ പ്രതീകാത്മകത അവർക്ക് മനസിലാകുന്നുമില്ല.

പത്രോസും യൂദാസും തമ്മിൽ ഒരു നല്ല ശതമാനം സാദൃശ്യം കൈവരുന്നുണ്ട് ഈ ഭാഗത്ത്. ബഥാനിയായിൽ, മറിയത്തിന്റെ പ്രവൃ

ത്തിയുടെ പ്രതീകാത്മകത മനസിലാവാത്ത യൂദാസ് യേശുവിന്റെ പാദങ്ങളിൽ സുഗന്ധതൈലം പൂശുന്നതിൽനിന്ന് (12:4–5) അവളെ തടയുന്നുണ്ട്. യൂദാസ് എത്തിനിൽക്കുന്നത് ഗുരുവിനെ ഒറ്റിക്കൊടുക്കുന്നതിലാണ് എന്നോർക്കുക. യേശുവിന്റെ പ്രവൃത്തിയിലെ പ്രതീകാത്മകത മനസിലാക്കാത്തതിനാലാണ് പത്രോസും ഗുരുവിനെ തടയുന്നത്. അയാള് എത്തുന്നതും യൂദാസിന്റെ പതനത്തിൽ നിന്ന് ഒരുപാട് അകലയൊന്നുമല്ലാത്ത ഗുരുവിനെ നിഷേധിച്ച് പറയുന്നിടംവരെയാണ് (18:15–27). മറിയവും യേശുവും സേവനത്തിന്റെയും ബലിയുടെയും മാതൃകകളാണിവിടെ; യൂദാസും പത്രോസും ഒറ്റിക്കൊടുക്കലിന്റെയും തള്ളിപ്പറയലിന്റെയും പ്രതീകങ്ങളും.

ശിമയോനിൽ നിന്ന് വീണ്ടും കേപ്പായിലേക്കുള്ള ദൂരം വളരെ നിസ്സാരമാണ്. "എന്റെ പാദം മാത്രമല്ല ശിരസും കരങ്ങളും കഴുകണമെന്ന് പത്രോസിന്റെ വാക്കുകൾ തെളിയിക്കുന്നത് ഇതാണ്. പത്രോസിന്റെ സ്നേഹത്തിൽ, വിശ്വസ്ഥതതയിൽ ഗുരുവിനെ മനസിലാക്കാൻ കഴിയാത്ത അയാളുടെ നിസ്സാരത ഇല്ലാതാകുന്നു. യേശുവിലുള്ള ഭാഗധേയം ലഭിക്കുന്നതിൽ അയാൾ എന്തിനും തയ്യാറാകുന്നു; ജീവൻ ത്യജിക്കാൻ വരെ (13:37). പക്ഷേ ജീവത്യാഗം ആവശ്യപ്പെടുന്ന സമയത്ത് വീണ്ടും അയാൾ ശിമയോനായി മാറും തന്റെ ഒരുക്കകുറവ് പ്രകടമാക്കികൊണ്ട് (13:38, 18:25–27). വ്യഥയും വിഹ്വലതകളും വിശ്വാസവും സ്നേഹവും മാറിമാറി പ്രതിഫലിക്കുന്ന ഒരു ശരാശരി ശിഷ്യന്റെ പച്ചയായ ജീവിതമാണ് ശിമയോൻ പത്രോസിലൂടെ യോഹന്നാൻ അവതരിപ്പിക്കുന്നത്. അയാൾക്ക് പക്ഷെ ഗുരുവിനെ വിട്ടകലനാവില്ല; വീണ്ടും എഴുന്നേറ്റും സന്ദേഹിച്ചും സ്നേഹിച്ചും അയാൾ യാത്രതുടരും...

### എന്റെ ആടുകളെ മേയിക്കുക (21:15–17)

യേശു തന്റെ ശിഷ്യർക്ക് പ്രാതലൊരുക്കിയതുപോലെ യേശുവിന്റെ വേർപാടിനുശേഷം ശിഷ്യർക്ക് പ്രാതലൊരുക്കാൻ പത്രോസിനെ ചുമതലപ്പെടുത്തുന്ന ഭാഗമാണിത്. ഒരർത്ഥത്തിൽ അന്ത്യഅത്താഴമേശയുടെ ചുമതല സഭയെ ഭരമേൽപ്പിക്കുന്നതിന്റെ പ്രതീകം. പക്ഷേ സെഹിയോനിൽ യേശുവിനാൽ പാദക്ഷാളനം ചെയ്യപ്പെട്ടവനായിട്ട് ശുശ്രൂഷയുടെ ഓഹരി സ്വീകരിക്കാൻ നിയോഗിക്കപ്പെടുന്നതുപോലെ, തിബേരിയസ് തീരത്തും പത്രോസ് ആദ്യം ക്ഷണിക്കപ്പെടുന്നത് വിരുന്നുകാരാനാകുന്നതിനു മുമ്പ് വന്ന് പ്രാതൽ കഴിക്കാനാണ്. ഉത്ഥിതന്റെ പ്രാതൽ ബലമാണ്, സ്വയം നൽകാൻ നിയോഗിക്കപ്പെടുന്നവർക്കെല്ലാം. ഉത്ഥിതന്റെ ശരീരവും രക്തവും വിളമ്പുകാർക്കുള്ള പാഥേയമായി മാറുന്നു.

തിബേരിയാസ് തീരത്തെ വലിയമുക്കുവനെ ആട്ടിടയനാക്കുന്ന നസ്രായൻ അയാളുടെ ജീവിതവൃത്തികൂടി പുതുതായി നിശ്ചയിക്കുന്ന രംഗമാണ് യോഹന്നാൻ ഇവിടെ വിവരിക്കുന്നത്. മുക്കുവൻ ഇടയനാകുന്നു. പക്ഷേ ഈ പുതിയ ദൗത്യം ഭരമേൽപ്പിക്കുന്നതിനുമുമ്പ് ഉത്ഥിതൻ ശിമയോൻ പത്രോസിന്റെ ഉള്ളിലെ സ്നേഹത്തിന്റെ താപനില അളക്കുന്നുണ്ട്. ''നീ എന്നെ സ്നേഹിക്കുന്നുവോ'' എന്ന് ആവർത്തിച്ചുള്ള ചോദ്യംകൊണ്ട് മൂന്ന് തവണ ഗുരുവിനെ നിഷേധിച്ചവൻ മൂന്ന് തവണ പരിഹാരമെന്നോണം സ്നേഹം ഏറ്റുപറഞ്ഞ് നിർമ്മലനാകുന്നു.

പത്രോസിന്റെ സ്നേഹം ആവർത്തിച്ച് ഉത്ഥിതൻ ഉറപ്പിക്കുന്നതിന്റെ പൊരുളെന്തായിരിക്കും? ബൈബിൾ വ്യാഖ്യാതാക്കളുടെ അഭിപ്രായത്തിൽ അയാളിൽ നിന്ന് അനുസരണം ആവശ്യപ്പെടുന്നതിനു (“എന്റെ ആടുകളെ മേയിക്കുക” “എന്നെ അനുഗമിക്കുക”) മുന്നോടിയായിട്ടാണ് യേശു അയാളുടെ സ്നേഹം അളക്കുന്നത്. അനുസരണവും സ്നേഹവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിന്റെ അദൃശ്യ നൂല് വെളിപ്പെട്ട് കിട്ടുന്നുണ്ടിവിടെ. സ്നേഹിക്കാത്തവനും സ്നേഹമില്ലാത്തിടത്തും അനുസരണം ഭാരവും ദുസ്സഹവുമാകും. പിതാവിനോടുള്ള അഗാധ സ്നേഹമാണ് മരണത്തോളം ചെറുതാകാനും പിതാവിന്റെ ഹിതത്തിന് സമർപ്പിക്കാനും പുത്രനെ ശക്തനാക്കിയതെങ്കിൽ, അതേ സ്നേഹമാണ് പത്രോസിൽനിന്ന് യേശു ആവശ്യപ്പെടുന്നത്; അവന്റെ സഭയെ പണിതുയർത്താനും ഭൂമിയുടെ അതിർത്തികളോളം അവന്റെ രക്ഷയുടെ സന്ദേശമെത്തിക്കാനും.

“നീ ഇവയെക്കാൾ” അധികമയി എന്നെ സ്നേഹിക്കുന്നുവോ എന്ന യേശുവിന്റെ ചോദ്യത്തിന് ബൈബിൾ വ്യാഖ്യാതാക്കൾ രണ്ട് അർത്ഥമാണ് വിവക്ഷിക്കുന്നത്. ഒന്നാമതായി, മറ്റ് ശിഷ്യന്മാരെക്കാൾ അധികമായി എന്ന് വ്യാഖ്യാനിക്കുന്നവരുണ്ട്; മറ്റുള്ളവർ യേശുവിനെ സ്നേഹിക്കുന്നതിലധികമായും മറ്റുള്ളവരെ അയാൾ സ്നേഹിക്കുന്നതിലധികമായും യേശുവിനെ പത്രോസ് സ്നേഹിക്കുന്നുണ്ടോ എന്ന അർത്ഥത്തിലാകാം ഈ ചോദ്യം. ശിഷ്യരുടെ ഇടയിലെ സ്നേഹത്തിന്റെ, അധികം ഗുരുവിനെ സ്നേഹിച്ചതിന്റെ ഒരപ്രമാദിത്വം ശിമയോന് നൽകുന്ന വ്യാഖ്യാന സാധ്യതയാണിത്.

ഇനി ഇതിൽ നിന്ന് വ്യത്യസ്ഥമായി മറ്റൊരു വ്യാഖ്യാനം: “നീ ഇവയെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ” എന്ന ചോദ്യത്തിന്റെ പശ്ചാത്തലം തിബേരിയസ് കടൽത്തീരവും അത്ഭുതകരമായി ലഭിച്ച മത്സ്യത്തിന്റെ സമൃദ്ധിയുമാണ്. പത്രോസിന്റെ കൺമുന്നിൽ വല

നിറയെ വഞ്ചി നിറയെ ലഭിച്ച മത്സ്യത്തിന്റെ സമൃദ്ധിയുടെ ദൃശ്യമാണുള്ളത്. അപ്പോൾ 'ഇവ' വിവക്ഷിക്കുന്നത് മത്സ്യങ്ങളാകാം എന്ന വ്യാഖ്യാനമുണ്ട്. മുക്കുവനോടാണ് ചോദ്യം ഈ മത്സ്യങ്ങളെക്കാൾ എന്നെ സ്നേഹിക്കുന്നുവോ. ഒരു മുക്കുവൻ അയാളുടെ ആയുസ്സിൽ ഏറ്റവും സ്നേഹിക്കുന്നതെന്തിനെയായിരിക്കും? മത്സ്യത്തെയല്ലാതെ മറ്റെന്തിനായാണ് അയാൾ പ്രണയച്ചിട്ടുണ്ടാവുക. മീനുകളെ സ്നേഹിച്ച വലിയ മുക്കുവനെ ആട്ടിടയനാക്കാൻ നിയോഗിക്കുന്നതിനുമുമ്പ് മീനുകളെക്കാൾ എന്നെ സ്നേഹിക്കുന്നുണ്ടോ, എന്റെ ആടുകളെ സ്നേഹിക്കുന്നുണ്ടോ എന്നാണ് 'ഇവയെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ?' (*അഗപ്പാസ് മെ പ്ലേയോൺ തുത്തോൻ*) എന്ന ചോദ്യത്തിന്റെ അർത്ഥം. മീൻപിടുത്തം ഉപേക്ഷിച്ച് ആടുകളെ മേയിക്കാനുള്ള നിയോഗമാണ് ഈ വാക്കുകളുടെ പൊരുൾ.

അതുപോലെ തന്നെ ഇവയെക്കാൾ (മത്സ്യങ്ങളെക്കാൾ) അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്ന ചോദ്യത്തിന്, നശ്വരമായ ഭക്ഷണത്തെക്കാൾ നിത്യജീവന്റെ ആഹാരത്തെ സ്നേഹിക്കുന്നുവോ എന്നുകൂടി ഒരു വ്യാഖ്യാന സാധ്യതയുണ്ട്. തിബേരിയാസിന്റെ തീരത്തേക്ക് പത്രോസ് തിരികെപോയതും ഉപേക്ഷിച്ച വഞ്ചിയും വലയും വീണ്ടും എടുത്തതും നശ്വരമായ ആഹാരത്തിനുവേണ്ടിയാണെങ്കിൽ (മത്സ്യങ്ങൾ) അതിനെക്കാളും അനശ്വരതയുടെ ആഹാരത്തെ (യേശുവിനെ) സ്നേഹിക്കാനുള്ള ക്ഷണമാണിവിടെ യേശു അയാളുടെ മുമ്പിൽ വയ്ക്കുന്നത്. "നശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കാതെ, മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുവിൻ" (യോഹ. 6:27).

വലിയ മുക്കുവനെക്കുറിച്ചുള്ള വത്സലശിഷ്യന്റെ ഓർമ്മക്കുറിപ്പുകൾ അവസാനിക്കുന്നിടത്ത് അയാൾ കേപ്പായാണ്. ശിമയോന്റെ വൈകാരിക ചാഞ്ചല്യങ്ങളെ സ്നേഹത്തിൽ പാകപ്പെടുത്തിയ ഉറപ്പുള്ള മനുഷ്യൻ. ഇതെഴുതുമ്പോൾ ജാലകത്തിലൂടെ കാണം അതിബൃഹത്തായൊരു ദേവാലയത്തിന്റെ മകുടം. അത് പണിതുയർത്തിയിരിക്കുന്നത് വത്തിക്കാൻ കുന്നിലെ അയാളുടെ കല്ലറക്കു മുകളിലാണ്. ശിമയോൻ പത്രോസെന്ന് വത്സലശിഷ്യൻ വിളിച്ച വി. പത്രോസിന്റെ ബസിലിക്കയാണ് പരാമർശിക്കുന്നത്. മനുഷ്യരുടെ നിസാരതകൾക്കപ്പുറത്തും ആദ്യ ദൃഷ്ടിയിൽതന്നെ അവരുടെ ഉള്ളിലെ നന്മയുടെയും സ്നേഹത്തിന്റെയും ആഴവും കാണുന്ന തമ്പുരാന് മാത്രമേ ഇങ്ങനെ പറയാനാകൂ "നീ പത്രോസാണ് ഈ പാറമേൽ എന്റെ സഭ ഞാൻ പണിയും."

26

# യേശുവിന്റെ അമ്മ

മലയാള ഭാഷയിലെ ആർദ്രമായ ഒരു പ്രയോഗമാണ് 'ഈറൻ നിലാവ്'. നിലാവെളിച്ചത്തിനിടയിൽ പെയ്യുന്ന നേർത്ത മഴയുടെ ബിംബമാണത്. നിലാവും നനുത്ത മഴയും ഇഴചേർന്ന തികച്ചും ആർദ്രമായ ഒരു ദൃശ്യാനുഭൂതി. സുവിശേഷത്തിൽ വത്സലശിഷ്യൻ വരച്ചുകാട്ടുന്ന 'യേശുവിന്റെ അമ്മയ്ക്കും' ഈറൻ നിലാവിനുതുല്യമായ സ്നേഹാർദ്രതയും ദൃശ്യഭംഗിയും ഉണ്ടെന്ന് തോന്നിയിട്ടുണ്ട്. കാനായിലും (യോഹ 2:1–11), കാൽവരിയിലും (19:25–27) യോഹന്നാൻ അവതരിപ്പിക്കുന്ന മറിയത്തിന്റെ ചിത്രത്തിന് ഏതു തപ്ത ഹൃദയത്തെയും തണുപ്പിക്കാനാവുന്ന സ്നേഹാർദ്രതയുണ്ട്.

ഭാഗ്യസ്മരണാർഹനായ വി. ജോൺപോൾ രണ്ടാമൻപാപ്പയുടെ ആത്മകഥാസ്പർശമുള്ള ചാക്രീകലേഖനമാണ് '*എക്ലേസിയ ദ ഏവുക്കരിസ്ത്യാ*'. അതിൽ യേശുവിൽ വിശ്വസിക്കുന്ന ശിഷ്യരുടെ ജീവിതത്തിൽ യേശുവിന്റെ അമ്മയ്ക്കുള്ള സ്ഥാനം വ്യക്തമാക്കുന്ന ഒരുഭാഗം ഇങ്ങനെയാണ്, "യേശു താൻ ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേയ്ക്ക് യാത്രയാകുംമുമ്പ് രണ്ടു സമ്മാനങ്ങളാണ് തന്റെ നിരന്തര സ്മരണയ്ക്കായി ശിഷ്യർക്ക് നൽകിയത്, 'ഇത് വാങ്ങി ഭക്ഷിക്കുവിൻ' എന്നു പറഞ്ഞ് അവന്റെ ശരീരവും 'ഇതാ നിന്റെ അമ്മ എന്നു പറഞ്ഞ്' അവന്റെ അമ്മയായ മറിയത്തെയും. ബലിയർപ്പിക്കാൻവരുന്ന ഓരോ വിശ്വാസിയും യേശുവിന്റെ ആദ്യസമ്മാനം സ്വീകരിക്കാൻ എത്തുന്ന ഓരോ ക്രിസ്തുശിഷ്യനും അവിടുന്നു നൽകുന്ന രണ്ടാമത്തെ സമ്മാനത്തെ, അവന്റെ അമ്മയെക്കൂടി സ്വീകരിക്കണം, കൂടെവരാൻ മറിയത്തെ അനുവദിക്കണം. മറിയം യേശുവിനെ കാൽവരി

വരെ അനുഗമിക്കുന്നതിന്റെ, അതിനുശേഷം യേശുവിൽ വിശ്വസിക്കുന്നവരെ കാൽവരിമുതൽ അനുധാവനം ചെയ്തതിന്റെ ആത്മസ്പർശമുള്ള വിവരണമാണ് വത്സലശിഷ്യൻ തന്റെ ഓർമ്മകുറിപ്പുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

### യേശുവിന്റെ അമ്മ

സമവീക്ഷണ സുവിശേഷകന്മാർ, യേശുവിനെ മറിയത്തിന്റെ മകൻ എന്ന് നാട്ടുകാർ വിളിക്കുന്നതും മറിയം എന്നാണ് യേശുവിന്റെ അമ്മയുടെ പേര് എന്നതും വ്യക്തമായി രേഖപ്പെടുത്തുന്നുണ്ട് (മത്താ. 1:18, ലൂക്കാ 1:27, 66:3). എന്നാൽ യോഹന്നാന്റെ രചനയുടെ ഏറ്റവും വലിയ സവിശേഷതയിലൊന്നാണ് അയാൾ ഒരിക്കലും അവളുടെ പേര് പരാമർശിക്കുന്നില്ല എന്നത്. 'യേശുവിന്റെ അമ്മ' എന്ന അഭിധാനത്തിലാണ് സുവിശേഷകൻ അവളെ പരിചയപ്പെടുത്തുന്നത്. സുവിശേഷരചനാകാലഘട്ടത്തിൽ, ആദിമസഭയിൽ, അവളുടെ പേര് ചിരപരിചിതമായതിനാലാണ് യോഹന്നാൻ 'മറിയം' എന്ന പേര് പ്രത്യേകം പരാമർശിക്കാത്തത് എന്ന് വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്ഥമായി പുരാതന സെമിറ്റിക് സംസ്കാരത്തിൽ "ഒരു വ്യക്തിയുടെ അമ്മ" എന്ന പരാമർശം അയാൾക്ക് ജന്മം നൽകിയതുവഴി സഫലമായ അവളുടെ മാതൃത്വത്തിനും സ്ത്രീത്വത്തിനും നൽകുന്ന ആദരവായി കണക്കാക്കിയിരുന്നതിനാൽ യേശുവിന് ജന്മം നൽകിയതിലൂടെ മഹത്വീകൃതമായ മറിയത്തിന്റെ സ്ത്രീത്വത്തിനും മാതൃത്വത്തിനുമുള്ള അംഗീകാരമായാണ് "യേശുവിന്റെ അമ്മ" എന്ന ശൈലി ഉപയോഗിച്ചത് എന്ന വ്യാഖ്യാനവുമുണ്ട്. വത്സല ശിഷ്യൻ തന്റെ രചനയിൽ രണ്ട് തവണയാണ് യേശുവിന്റെ അമ്മയെ ഓർമ്മിക്കുന്നത്; കാനായിലും കാൽവരിയിലും. ഈ രണ്ട് സന്ദർഭങ്ങളിലും സുവിശേഷകൻ ഊന്നൽ നൽകുന്നത് "അവിടെ ഉണ്ടായിരുന്നു" എന്ന പരാമർശം വഴി അവളുടെ സാന്നിദ്ധ്യത്തിനാണ്. യേശുവിന്റെ മഹത്വം വെളിപ്പെട്ട ആദ്യമുഹൂർത്തത്തിലും അവസാന മുഹൂർത്തത്തിലും അവൾ സന്നിഹിതയും സാക്ഷിയുമായിരുന്നു. മറിയത്തിന്റെ അനുഗ്രഹീത സാന്നിധ്യത്തിന് സുവിശേഷകൻ പ്രത്യേക ശ്രദ്ധ നൽകുന്നതിലൂടെ കാനായിലും കാൽവരിയിലും മാത്രമല്ല എല്ലാകാലത്തും ശിഷ്യരുടെ സമൂഹത്തിൽ നിറയുന്ന അവളുടെ സാന്നിദ്ധ്യത്തിന്റെ ഫലദായകത്വത്തിലേക്കാണ് വത്സല ശിഷ്യൻ വിരൽചൂണ്ടുന്നത്.

### കാനായിലെയും കാൽവരിയിലെയും സ്ത്രീ

യേശുവിന്റെ ജീവിതത്തിലും അവന്റെ സഭയിലും മറിയത്തിനു നൽകുന്ന സവിശേഷ സ്ഥാനത്തെ വിമർശിക്കുന്നവർക്കുള്ള ശക്തമാ

യൊരു ആയുധമാണ് യേശു അവളെ 'സ്ത്രീയെ' (*ഈഘാ*) എന്നു വിളിക്കുന്ന വിവരണം (യോഹ. 2:4, 19:26). എന്നാൽ യഥാർത്ഥത്തിൽ യോഹന്നാന്റെ സുവിശേഷ ശൈലിയേയോ, ദൈവശാസ്ത്ര ആഭിമുഖ്യത്തെയോ ഒട്ടും മനസിലാക്കാത്ത വാച്യാർത്ഥ വ്യാഖ്യാനമാണ് ഈ ഒരു ദുരവസ്ഥയിലേക്ക് പലരേയും നയിക്കുന്നത്. യേശു മറിയത്തെ 'സ്ത്രീയെ' എന്നഭിസംബോധന ചെയ്യുന്ന ഈ രണ്ട് സന്ദർഭങ്ങൾ ശരിയായി വ്യാഖ്യാനിക്കണമെങ്കിൽ, അവയിൽ നിഴലിക്കുന്ന മറ്റ് രണ്ട് വചനഭാഗങ്ങൾ കൂടി (ഉൽപ. 3:15, വെളി. 12:1-5) മനസിലാകേണ്ടത് അത്യാവശ്യമാണ്.

ബൈബിൾ വ്യാഖ്യാതാവായ റെയ്മണ്ട് ബ്രൗണിന്റെ അഭിപ്രായത്തിൽ 'സ്ത്രീ' എന്ന് യോഹന്നാന്റെ സുവിശേഷത്തിൽ യേശു മറിയത്തെ അഭിസംബോധന ചെയ്യുന്നതും വെളിപാട് പുസ്തകം 12:1-ൽ പരാമർശിക്കുന്ന 'സ്ത്രീ'യും ഒരേ വ്യാഖ്യാന സാധ്യതകളാണ് നൽകുന്നത്. ഇനി വെളിപാട് പുസ്തകത്തിൽ 12-ാം അധ്യായത്തിൽ കാണുന്ന സ്ത്രീയെക്കുറിച്ചുള്ള വിവരണമാകട്ടെ ഉൽപ്പത്തി 3:15-ന്റെ ക്രൈസ്തവ പുനർവ്യാഖ്യാനമാണ് എന്നാണ് ബ്രൗൺ അഭിപ്രായപ്പെടുന്നത്. അതായത് യോഹന്നാൻ 'സ്ത്രീ' എന്ന സംജ്ഞ ഉപയോഗിക്കുന്നത് ഉൽപത്തി 3:15-ന്റെ വ്യാഖ്യാനവും മിശിഹാ രഹസ്യവുമായുള്ള ഉൽപത്തി 3:15 വാക്യത്തിന്റെ ബന്ധത്തിന്റെ വിശദികരണവുമായാണ് എന്ന് ചുരുക്കം.

ഉൽപത്തി 3:15 ആദ്യ സുവിശേഷം (the proto Gospel) എന്നാണ് അറിയപ്പെടുന്നത്. ദൈവം മനുഷ്യനു നൽകുന്ന ആദ്യ വാഗ്ദാനമാണത്. "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും." ദൈവം ഹവ്വായോട് പറയുന്ന ഈ വാക്കുകളെ വത്സല ശിഷ്യൻ മിശിഹാരഹസ്യത്തോട് ബന്ധപ്പെടുത്തി വാഗ്ദാനത്തിന്റെ പൂർത്തീകരണമായി ആഖ്യാനം ചെയ്യുമ്പോൾ, കാനായിലെയും കാൽവരിയിലെയും സ്ത്രീ - യേശുവിന്റെ അമ്മ - രണ്ടാം ഹവ്വായായും, അവളുടെ സന്തതി മനുഷ്യവംശത്തിന്റെ പതന കാരണമായ പുരാതന സർപ്പത്തിന്റെ തല തകർക്കുന്ന (വെളി. 12:9) വഗ്ദാനം ചെയ്യപ്പെട്ട രക്ഷകനാണെന്നുമുള്ള അർത്ഥ വ്യാപ്തി കൈവരുന്നു. അപ്പോൾ യേശു തന്റെ അമ്മയെ 'സ്ത്രീയെ' എന്ന് അഭിസംബോധന ചെയ്യുന്നതായി രേഖപ്പെടുത്തുമ്പോൾ, സുവിശേഷകൻ വായനക്കാരെ പറുദീസായിൽ മുഴങ്ങിയ ആദ്യ രക്ഷാ വാഗ്ദാനത്തിന്റെ ഓർമ്മയിലേക്ക് കൂട്ടിക്കൊണ്ട് പോകുന്നു (ഉൽപ്പ. 3:15). യോഹന്നാൻ, വചനത്തിലൂടെ

ദൈവം മനുഷ്യവംശത്തെ പുനഃസൃഷ്ടിക്കുന്നതിന്റെ കഥപറയുമ്പോൾ മറിയം ആ പുനസൃഷ്ടിയിൽ ഈറ്റുനോവനുഭവിക്കുന്ന രണ്ടാം ഹവ്വയായി മാറുന്നു. വെളിപാട്പുസ്തകത്തിലെ ഈറ്റുനോവനുഭവിക്കുന്ന സ്ത്രീ, പുത്രന്റെ ആത്മബലിക്ക് കുരിശിൻ ചുവട്ടിൽ ചങ്കുപിളർക്കുന്ന വേദനയോടെ സാക്ഷ്യം വഹിച്ച മറിയത്തിന്റെ പ്രതീകമാണ്. അവളുടെ പുത്രനഷ്ടത്തിന്റെ പ്രാണവ്യഥയാണ് പ്രതീകാത്മകമായി വത്സല ശിഷ്യൻ യോഹന്നാൻ 'ഈറ്റുനോവായി' ചിത്രീകരിക്കുന്നത്. അവൾ പ്രസവിച്ച ആൺകുഞ്ഞ് സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ടു എന്ന പരാമർശമാണ് ഈ വ്യാഖ്യാനത്തിന്റെ സാധുതയെന്നാണ് ബ്രൗണിനെ പോലുള്ള വ്യാഖ്യാതാക്കളുടെ പക്ഷം. 'സ്വർഗത്തിലേക്ക് സംവഹിക്കപ്പെട്ടു' എന്ന പരാമർശം യേശുവിന്റെ സ്വർഗാരോഹണത്തെയാണ് സൂചിപ്പിക്കുന്നത്. ചുരുക്കത്തിൽ കാനായിലും കാൽവരിയിലും യേശുവിന്റെ അമ്മയെ 'സ്ത്രീയെ' എന്ന് അഭിസംബോധന ചെയ്തതായി രേഖപ്പടുത്തുന്നതുവഴി വത്സലശിഷ്യന്റെ ലക്ഷ്യം മറിയത്തെയും യേശുവിനെയും ഉൽപത്തി 3:15-ന്റെ പശ്ത്താലത്തിൽ അവതരിപ്പിക്കുക എന്നതാണ്. വാഗ്ദാന പൂർത്തീകരണത്തിന്റെ ഉപകരണവും മനുഷ്യവംശത്തിന്റെ പുനസൃഷ്ടിയിൽ രണ്ടാം ഹവ്വായുമായാണ് അവൾ നിൽക്കുന്നത്. അവഗണിക്കപ്പെട്ടവളോ ഉപേക്ഷിക്കപ്പെട്ടവളോ അല്ല മറിയം, അവൾ തന്റെ അനുഗ്രഹീതമായ ഉദരഫലം വഴി മഹത്വീകൃതയായ സ്ത്രീയാണ്.

### ദൈവമഹത്വത്തിന്റെ സാക്ഷിയും വഴിയൊരുക്കുന്നവളും

കാനായിലും കാൽവരിയിലും യേശുവിന്റെ അമ്മയുടെ സാന്നിധ്യത്തെ ഓർത്തെടുക്കുന്ന വത്സലശിഷ്യൻ ഈ രണ്ട് സ്ഥലങ്ങളിലും അവൾക്ക് കൽപിച്ച് നൽകുന്ന ഭാഗധേയം എന്തായിരിക്കും? ഈ രണ്ട് വിവരണങ്ങളുടെയും കേന്ദ്ര ആശയം യേശുവിന്റെ മഹത്വം വെളിപ്പെട്ടു എന്നാണ്. അപ്പോൾ മറിയമോ? അവൾ ഒന്നാമതായി, ദൈവമഹത്വം വെളിപ്പെട്ടതിന് സാക്ഷിയാണ്; രണ്ടാമതായി, വെളിപാടിന് വഴിയൊരുക്കുന്നവളാണ്.

മറിയത്തിന്റെ മാദ്ധ്യസ്ഥ ശക്തിയുടെ ഉദാഹരണമായി കാനായിലെ അവളുടെ ഇടപെടലിനെ, 'അവർക്ക് വീഞ്ഞില്ല' എന്ന വാക്കുകളെ, വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ കാനായിലെ അത്ഭുതത്തിന്റെ കേന്ദ്ര ആശയം "യേശു തന്റെ മഹത്വം വെളിപ്പെടുത്തി" (2:11) എന്നതിലായ തിനാലും മൂന്നാം ദിവസം എന്ന കൃത്യമായ സമയസൂചന നൽകുന്നതിനാലും (2:1) ഈ വിവരണത്തിന് പുറപ്പാട്

പുസ്തകം 19:16–22:1–26 ഭാഗവുമായി സാമ്യം ഉണ്ടെന്ന് വ്യാഖ്യാനമുണ്ട്. പുറപ്പാട് പുസ്തകം 19–20 അധ്യായങ്ങൾ ഇസ്രായേൽ ജനം ഈജിപ്തിൽ നിന്ന് പുറപ്പെട്ടതിന്റെ മൂന്നാം മാസം മൂന്നാം ദിവസം സീനായ് മലമുകളിൽ നടന്ന ദൈവാവിഷ്കാരത്തിന്റെ വിവരണമാണ്. മൂന്നാം ദിവസം സീനായ്മലയിൽ ഇറങ്ങിവന്ന, ഇസ്രായേൽ ജനത്തിന് വെളിപെട്ട അതേ ദൈവ മഹത്വമാണ് മൂന്നാം ദിവസം ഗലീലിയിലെ കാനായിലും വെളിപ്പെട്ടത്. ചരിത്രത്തിൽ ആവർത്തിക്കുന്ന *തെയോഫനി* – ദൈവാവിഷ്ക്കാരം. ഇങ്ങനെ ചിന്തിക്കുമ്പോളാണ് കാനായിലെ മറിയത്തിന്റെ ഭാഗധേയത്തിന് പുതിയ ഒരർത്ഥം ലഭിക്കുന്നത്. സീനായ് മരുഭൂമിയിൽ യഹോവയുടെ മഹത്വം വെളിപ്പെടുന്നതിന് മദ്ധ്യസ്ഥനായി നിന്നതും ജനത്തെ ഒരുക്കിയതും മോശയായിരുന്നെങ്കിൽ (ദൈവത്തെ കാണുന്നതിനായി മോശ ജനത്തെ പാളയത്തിനു പുറത്തേക്ക് നയിച്ചു; പുറ. 19:17), ദൈവത്തിന്റെ വാക്കുകൾ 10 കൽപ്പനകൾ ജീവിത നിയമമായി അവർക്ക് നൽകിയത് മോശയിലൂടെയാണെങ്കിൽ, കാനായിൽ ദൈവപുത്രൻ തന്റെ മഹത്വം വെളിപ്പെടുത്തിയപ്പോൾ, അവിടെ സന്നിഹിതയായ അവന്റെ അമ്മയുടെയും ദൗത്യം ഇതുതന്നെയാണ്. 'അവർക്ക് വീഞ്ഞില്ല' എന്ന വാക്കിലൂടെ ദൈവത്തോട് ഇറങ്ങിവരാൻ മഹത്വം വെളിപ്പെടുത്താൻ അവൾ ആവശ്യപ്പെടുന്നു. 'അവൻ പറയുന്നതുപോലെ ചെയ്യുവിൻ' എന്ന വാക്കുകൾ "ദൈവത്തിന്റെ പ്രമാണങ്ങൾ അനുസരിക്കാൻ അനുശാസിക്കുന്ന മോശയ്ക്കു തുല്യമായ പ്രവർത്തിയാണ്. മറിയത്തിന്റെ ഭാഗധേയം മോശയുടേതിനുതുല്യം" ദൈവമഹത്വത്തിന്റെ വെളിപാടിന് അവൾ വഴി ഒരുക്കുന്നവളാണ്; മഹത്വത്തിന്റെ സാക്ഷികളാകാൻ ശിഷ്യരെ സജ്ജരാക്കുന്നവളാണ്. മോശയെപ്പോലെ ദൈവമഹത്വത്തിന്റെ വെളിപാടിന് മധ്യവർത്തിയാണവൾ.

: നസ്രത്തിലെ യേശു ദൈവപുത്രനാണെന്ന് ആദ്യം വിശ്വസിച്ചവൾ മറിയമാണ്. ശിഷ്യർ യേശുവിൽ വിശ്വസിക്കുന്നത് അവൻ പ്രവർത്തിച്ച ഏറ്റവും വലിയ അടയാളമായ ഉത്ഥാനത്തിനു സാക്ഷികളായശേഷമായിരുന്നെങ്കിൽ, വത്സല ശിഷ്യൻ അവതരിപ്പിക്കുന്ന മറിയം, അടയാളങ്ങൾ പ്രവർത്തിക്കുന്നതിനും മുമ്പേ അവനിൽ വിശ്വസിച്ചവളാണ്. 'കാണാതെ വിശ്വസിച്ച ഭാഗ്യവതി'യാണ് മറിയം. തന്റെ മകന് കിണറ്റിലെ വെള്ളത്തിന്റെമേൽ അധികാരമുണ്ടെന്ന അവളുടെ വിശ്വാസത്തിന്റെ തെളിവാണ് പരിചാരകരോടുള്ള വാക്കുകൾ "അവൻ പറയുന്നതുപോലെ ചെയ്യുവിൻ" (യോഹ. 2:6).

സ്ത്രീയെ എനിക്കും നിനക്കുമെന്ത് എന്ന വാക്കുകളിലൂടെ, യേശുവിൽ വിശ്വസിക്കുന്നവൾ എന്ന സ്ഥാനം അവന്റെ അമ്മ എന്നതിലും,

ശിഷ്യത്വം എന്നത് മാതൃത്വത്തിനും ഉപരിയാണന്ന് യേശു തന്റെ അമ്മയെ ഓർമ്മിപ്പിക്കുകയാണ് എന്നാണ് വി. അഗസ്റ്റിൻ വ്യാഖ്യാനിക്കുന്നത്. അതായത് മാംസരക്തങ്ങൾക്കുപരിയാണ് ആത്മാവിൽ രൂപപ്പെടുന്ന പവിത്രമായ ആത്മീയ ബന്ധം എന്ന് സാരം.

: കുരിശിൽ ചുവട്ടിൽ നിന്ന യേശുവിന്റെ അമ്മ, വീണ്ടെടുക്കപ്പെട്ട, പുരാതന സർപ്പത്തെ ജയിച്ച, മനുഷ്യവംശത്തിലെ രണ്ടാം ഹവ്വയാണ്. യേശുവിൽ വിശ്വസിച്ച ഇസ്രായേലിന്റെ പ്രതിനിധിയാണവൾ.

: കാൽവരിക്കും കുരിശിലെ സഹനങ്ങൾക്കും തകർക്കാൻപറ്റാത്ത പരാജയപ്പെടുത്താൻ കഴിയാത്ത വിശ്വാസികളുടെ പ്രതീകമാണ് കുരിശിൽ ചുവട്ടിലെ മറിയം. ഭീകര മതമർദ്ദനങ്ങളുടെ പീഢനഭൂമിയിൽ, കണ്ണീരും കഷ്ടതയും നിറഞ്ഞ ആദിമസഭയ്ക്ക് സുവിശേഷകൻ നൽകുന്ന റോൾ മോഡലാണവൾ. നസ്രായന്റെ കുരിശിന്റെ ചുവട്ടിൽ നിൽക്കുന്നവരാണ് യഥാർത്ഥ ക്രിസ്തുശിഷ്യർ എന്ന സൂചനയും പീഢനങ്ങളുടെ നടുവിൽ സ്ഥൈര്യത്തോടെ നിൽക്കാനുള്ള വെല്ലുവിളിയുമാണ് പീഡിതസഭയ്ക്ക് കാൽവരിയിലെ മറിയം നൽകുന്നത്.

: തിന്മ ജൈത്രയാത്ര നടത്തുമ്പോഴും വിജയഭേരി മുഴക്കുമ്പോഴും ക്രൂശിതന്റെ കൂടെ തകരാത്ത വിശ്വാസവും തളരാത്ത പ്രത്യാശയുമായി നിൽക്കുന്നവർക്കുള്ള മാതൃകയാണവൾ.

: കാൽവരി മറിയത്തിന്റെ വിശ്വമാതൃത്വത്തിന്റെ ജന്മഗൃഹമാണ്. നസ്രത്തിലെ യേശുവിന്റെ അമ്മ എന്ന പരിമിതിയിൽനിന്ന് യേശുവിന്റെ ശിഷ്യരുടെ അമ്മ എന്ന വിശാലതയിലേക്ക് അവളുടെ മാതൃത്വവും രക്തസബന്ധത്തിന്റെ പരിമിതിയിൽ നിന്ന് സ്നേഹത്തിലും വിശ്വാസത്തിലും രൂപപ്പെടുന്ന ബന്ധത്തിന്റെ വിശാലതയിലേക്ക് യേശുവിന്റെ കുടുംബവും വളർന്ന മണ്ണാണ് കാൽവരി. കുരിശിന്റെ ചുവട്ടിലാണ് വിശ്വമാതാവായി മറിയം അവരോധിക്കപ്പെടുന്നത്.

## ഒരു കാലിക വായന

തീർച്ചയായും വായിച്ചിരിക്കേണ്ട പുസ്തകങ്ങളിലൊന്നാണ് പോൾ വല്ലേലിയുടെ 'Pope Francis Untying the Knots' എന്ന പുസ്തകം. ഈശോസഭാ വൈദികനായിരുന്ന അർജ്ജന്റീനക്കാരൻ ജോർജ് മാരിയോ ബെർഗോളിയോ ഫ്രാൻസിസ് ഒന്നാമൻ പാപ്പയായി മാറിയതിൽ മറിയത്തിന്റെ ഇടപെടലിന്റെ അത്ഭുതകരമായ ഒരു വിവരണമുണ്ടതിൽ. പതിനൊന്നാം മണിക്കൂറിലാണ് (ഏതാണ്ട് അമ്പത് വയസിൽ) മറിയത്തെ അദ്ദേഹം തന്റെ ജീവിതത്തിൽ മുറുകിയ കെട്ടുകളഴിക്കാനുള്ള നിയോഗം ഏൽപിക്കുന്നത്. പിന്നീട് 27 വർഷങ്ങൾ... അത്ഭുതാവഹമായിരുന്നു ആ സഹയാത്രയുടെ പരിണിതഫലം.

1986 ലാണ് ഫാ. ജോർജ് മാരിയോ ബെർഗോളിയോ ജർമ്മനിയിലെ ഔസ്ബുർഗിനടുത്തുള്ള പാം എന്ന ചെറു പട്ടണത്തിലെ സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽ എ.ഡി. 1700ൽ പ്രതിഷ്ഠിച്ച 'Mary Untier of Knots' എന്ന വിഖ്യാത ചിത്രത്തിനു മുമ്പിൽ എത്തുന്നത്. 18–ാം നൂറ്റാണ്ടിൽ ജോർജ് ഷ്മിറ്റ്നർ എന്ന ചിത്രകാരൻ വരച്ച ഈ ചിത്രത്തിന്റെ പ്രസക്തി ആധുനിക ലോകത്തിന് മുമ്പിൽ അവതരിപ്പിച്ചത് ഈ വൈദികനാണ്. മറിയത്തിന്റെ ഈ ചിത്രത്തിനുമുമ്പിൽ (കെരൂബുകളുടെ നടുവിൽ നിൽക്കുന്ന മഹത്വപൂർണ്ണയായ മറിയം, നീണ്ട ഒരു വെളുത്ത ചരടിന്റെ കുരുക്കുകൾ അഴിക്കുന്നു, രണ്ട് മാലാഖമാർ അവളെ സഹായിക്കുന്നു; അവളുടെ പാദങ്ങളാവട്ടെ പുരാതന സർപ്പത്തിന്റെ തല ചവിട്ടിയരയ്ക്കുന്നു. ഇതാണ് 'Mary untier of Knots' എന്ന ചിത്രം ആഖ്യാനം ചെയ്യുന്നത്.) പ്രാർത്ഥനാപൂർവ്വം നിന്ന ഫാ. ജോർജ് ബർഗോളിയോ, 27 വർഷങ്ങൾക്കിപ്പുറം സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ബാൽക്കണിയിൽ, ദൈവത്തിലും തന്നിലും സഹോദരങ്ങളിലും അഗാധമായ വിശ്വാസവും ശരണവും പുലർത്തുന്ന ആത്മവിശ്വാസത്തിന്റെ ആൾരൂപമായി നിൽക്കുന്നതിനെപ്പറ്റി സ്വപ്നം കാണാൻ പോലും സാധിക്കാത്തവിധം വ്യത്യസ്ഥനായിരുന്നു. കെട്ടുകൾ അഴിക്കുന്ന പരിശുദ്ധ മറിയത്തെ നിസ്സഹായതയും പരാജയവും ഇഴചേർന്ന സങ്കീർണ്ണതയുടെ കുരുക്കുമുറുക്കിയ അയാളുടെ ജീവിതത്തിന് ആവശ്യമായിരുന്നു. അർജന്റീനയിലെ ഈശോ സഭയുടെ പ്രൊവിൻഷ്യൽ എന്ന പദവിയിൽ ഏതാണ്ട് പരാജിതനായാണ് അധികാരികൾ ജോർജ് ബർഗോളിയോയെ ജർമ്മനിയിലേക്ക് ഉപരിപഠനം എന്ന വ്യാജേന സ്ഥലം മാറ്റുന്നത്. തന്റെ നേതൃത്വത്തിൽ സഭയിൽ വന്ന വിഭജനങ്ങളുടെ വിടവ് നികത്താനും പ്രതിസന്ധികളുടെ കുരുക്കുകൾ അഴിക്കാനും കഴിയാതെ പരാജിതനായി സ്ഥാനം മാറ്റപ്പെട്ട മനുഷ്യൻ. 'Mary Untier of Knots' എന്ന അത്ഭുതചിത്രം അദ്ദേഹത്തിന്റെ ജീവിതത്തോട് ഭാവാത്മകമായി സംസാരിച്ചു; പുതിയ പ്രതീക്ഷകളുണർത്തി. മടക്കയാത്രയിൽ ഈ ചിത്രത്തിന്റെ കോപ്പികൾ അദ്ദേഹം കൂടെക്കരുതി. അധികനാൾ കഴിയുംമുമ്പ് അദ്ദേഹം അർജന്റീനയിൽ തിരികെ എത്തി താൻ നിയോഗിക്കപ്പെട്ട ഇടങ്ങളിൽ ആ ചിത്രം അദ്ദേഹം

പ്രചരിപ്പിച്ചു. അനേക ദേവാലയങ്ങളിൽ ഈ ചിത്രം പ്രതിഷ്ഠിച്ചു. ജീവിതത്തിന്റെ സങ്കീർണ്ണ പ്രശ്നങ്ങളുടെ കുരുക്ക് തനിയെ അഴിക്കാൻ കെൽപ്പില്ലാത്ത നിസ്സാഹയരായ മനുഷ്യർ മറിയത്തിന്റെ മുമ്പിൽ സഹായം തേടി; ഒറിജിനലിനേക്കാൾ അതിന്റെ കോപ്പികൾക്ക് പ്രസിദ്ധി ലഭിച്ചു.

ഇനി ഈ ചിത്രത്തിന്റെ ഉത്ഭവത്തിലേക്ക് വരാം. 1610 ലാണ് കഥ തുടങ്ങുന്നത്. ബൊവേറിയയിലെ ഒരു പ്രഭു, ഫോക്സ് ഗ്യാങ്ങ് ലെങ്മാന്റൽ. അയാളുടെ ഭാര്യ സോഫിയയുമായുള്ള ദാമ്പത്യജീവിതത്തിലെ പ്രതിസന്ധികൾ പങ്കുവയ്ക്കാനും പരിഹാരം തേടാനുമായി ഫാ. ജേക്കബ് റെം എന്ന ഈശോ സഭാ വൈദികന്റെ അടുത്ത് എത്തി. ഏതാണ്ട് വിവാഹമോചനത്തിന്റെ വക്കിലെത്തിയ തങ്ങളുടെ ദാമ്പത്യജിവിത പ്രശ്നങ്ങൾക്ക് ഉപദേശവും പരിഹാരവുമാണ് അയാൾ പ്രതീക്ഷിച്ചത്. ഫാ. റെം ഫോക്സ് ഗ്യാങ്ങ് പ്രഭുവിനോട് പറഞ്ഞു അടുത്താഴ്ച്ച നിങ്ങളുടെ ഭാര്യയെയും കൂട്ടി വരണം, വരുമ്പോൾ നിങ്ങളുടെ വിവാഹ റിബണും കൊണ്ടുവരണം. ഇതു പറയുമ്പോൾ ഫാ. റെമ്മിന്റെ മനസിൽ സഭാപിതാവായ വി. ഇരണേവൂസിന്റെ വിഖ്യാതമായ വാക്കുകളായിരുന്നു: "മറിയം തന്റെ അഗാധമായ അനുസരണം വഴി ഹവ്വാ മനുഷ്യവംശത്തിന്റ മേൽ അവളുടെ അനുസരണക്കേടിനാൽ വരുത്തിയ കെട്ടുകൾ അഴിച്ചു." ഫാ. റെം പ്രഭുവിന്റെയും ഭാര്യയുടെയും ജീവിതത്തിൽ വന്നുചേർന്ന കുരുക്കുകൾ അഴിയാൻ 'കുരുക്കുകൾ അഴിക്കുന്ന'(Untier of Knots) മറിയത്തിന്റെ മാധ്യസ്ഥ്യം തേടി. തന്റെ ആഴമായ വിശ്വാസത്തോടെ ആ ദമ്പതിമാർക്കുവേണ്ടി അദ്ദേഹം പ്രാർത്ഥിച്ചു. അവരുടെ വിവാഹറിബ്ബൺ വീണ്ടും ആശീർവദിച്ചു. "I raise up the bond of marriage that all knot be loose and resolved by the interssion of Mary the Untier", ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥന. അവരുടെ കുടുംബം അനുഗ്രഹിക്കപ്പെട്ടു. ദാമ്പത്യജീവിതത്തിലുണ്ടായ പൊരുത്തക്കേടുകളുടെ കെട്ടുകളഴിഞ്ഞു. എതാണ്ട് 90 വർഷങ്ങൾ കഴിഞ്ഞ് 1700ൽ അവരുടെ ചെറുമകൻ ഉപകാരണ സ്മരണയായി വരപ്പിച്ചതാണ് 'Mary the Untier of Knots' എന്ന അത്ഭുത ചിത്രം.

ഈ ചിത്രത്തിന്റെ മുമ്പിൽ ജീവിതത്തിന്റെ നിരവധി സങ്കീർണ്ണ പ്രശ്നങ്ങളുടെയും ബലഹീനതകളുടെയും കുരുക്കുകളുമായാണ് ഏതാണ്ട് 50നടുത്ത് പ്രായം വരുന്ന ആ വൈദികൻ നിന്നത്, നിശബ്ദനായി അയാൾ മറിയത്തെ തന്റെ ജീവിതത്തിന്റെ കുരുക്കുകളിലേക്ക് ക്ഷണിച്ചു... പിന്നീടുള്ള 27 വർഷങ്ങൾ ഒരു പുതിയ മനുഷ്യന്റെ ജീവിത കഥയാണ് ലോകം കണ്ടത്. അതിന്റെ ഏറ്റവും സമ്മോഹന മുഹൂർത്തമാണ് ഫ്രാൻസിസ് ഒന്നാമൻ പാപ്പയായി സെന്റ് പീറ്റേഴ്സിന്റെ ബാൽക്കണിയിൽ ഈ മനുഷ്യൻ പ്രത്യക്ഷപ്പെട്ട നിമിഷം... മറിയം ആ ജിവിതത്തിലേക്ക് കടന്നുവന്നു; അവൾക്കുമുമ്പിൽ പ്രതിസന്ധികളുടെയും ബലഹീനതകളുടെയും കുരുക്കുകൾ അഴിഞ്ഞു; ദക്ഷിണാർദ്ധ ഗോളത്തിൽനിന്നുള്ള ആദ്യപാപ്പാ, ഈശോസഭയിൽ നിന്നുള്ള ആദ്യപാപ്പ, അസീസിയിലെ വിശുദ്ധനായ നിസ്വൻ ഫ്രാൻസിസിന്റെ പേര് സ്വീകരിച്ച ആദ്യപാപ്പ, ചരിത്രം വഴി മാറി... മറിയത്തെ കൂടെ വിളിച്ച നിമിഷം മുതൽ.

# 27

## ഓർമ്മകളുടെ മനുഷ്യൻ

ജ്വലിക്കുന്ന ഓർമ്മകളുടെ സമൃദ്ധിയിൽ നസ്രായന്റെ ജീവിതത്തെ പുനരാഖ്യാനം ചെയ്തതാണ് നാലാമത്തെ സുവിശേഷം. മാംസം ധരിച്ച ദൈവവചനത്തെക്കുറിച്ച്, നസ്രത്തിലെ യേശുവിനെക്കുറിച്ചുള്ള, ഓർമ്മകൾ സ്നേഹത്തിന്റെ സാന്ദ്രതയുള്ള വാക്കുകളായി പകർത്തിയ മനുഷ്യൻ സ്വയം പരിചയപ്പെടുത്തുന്നത് 'യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ' എന്നുമാത്രമാണ്. സ്വന്തം അസ്ഥിത്വത്തിന്റെ വ്യതിരിക്തത അയാൾ കണ്ടെത്തിയത് യേശു തന്നെ സ്നേഹിച്ചിരുന്നു എന്നതിൽ മാത്രമാണെന്നത് കൗതുകകരമായിതോന്നും. പക്ഷേ ആ സ്നേഹാനുഭവമായിരിക്കണം അയാളുടെ ഹൃദയത്തിൽ നിന്നുതിർന്ന വാക്കുകൾക്ക് വായനക്കാരന്റെ ഹൃദയത്തിൽ ഒട്ടിപ്പിടിക്കുന്ന സ്നേഹത്തിന്റെ വല്ലാത്ത ഒരു പശിമ സമ്മാനിച്ചത്. സ്നേഹം അയാളുടെ വാക്കുകളെ അനശ്വരമാക്കിമാറ്റി. നസ്രായനെക്കുറിച്ച് മരണമില്ലാത്ത ഓർമ്മകളാണ് അഗാധ സ്നേഹത്തിൽ പൊതിഞ്ഞ് അയാൾ കരുതിവയ്ക്കുന്നത്.

**യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ (ദ ബിലവഡ് ഡിസൈപ്പിൾ)**

ആരാണ് യേശു സ്നേഹിച്ചിരുന്ന ഈ ശിഷ്യൻ? അയാളുടെ പേരെന്താണ്? നാലാമത്തെ സുവിശേഷത്തിന്റെ ഗ്രന്ഥകാരനും യേശു സ്നേഹിച്ചിരുന്ന ശിഷ്യനും സെബദിയുടെ പുത്രനും പന്ത്രണ്ടിലൊരുവനുമായ യോഹന്നാനാണ് എന്നതാണ് പുരാതനമായ സഭയുടെ പാരമ്പര്യവും വിശ്വാസവും. എന്നാൽ ആധുനിക ബൈബിൾ വ്യാഖ്യാതാക്കളുടെ ഇടയിൽ ഇതിനു ഭിന്നാഭിപ്രായങ്ങൾ ഉണ്ടെങ്കിലും റുഡോൾഫ് ഷനാക്കൻബർഗ്, റെയ്മണ്ട് ബ്രൗൺ തുടങ്ങിയ പ്രഗത്ഭരായ

വ്യാഖ്യാതാക്കൾ സഭയുടെ പാരമ്പര്യത്തോട് ചേർന്ന് വത്സല ശിഷ്യൻ സെബദിപുത്രനായ യോഹന്നാനാണ് എന്നാണ് അഭിപ്രായപ്പെടുന്നത്. ഈ ഗ്രന്ഥത്തിൽ സ്വീകരിച്ചിരിക്കുന്ന നിലപാടും ഇതുതന്നെയാണ്. കാരണം ആധുനികരായ പല വ്യാഖ്യാതാക്കളും അവരുടെ ബുദ്ധി പ്രകർഷം പ്രകടമാക്കാൻ പല സിദ്ധാന്തങ്ങളും അവതരിപ്പിക്കുന്നുണ്ടെങ്കിലും വേദപുസ്തകം ഒരു വിശ്വാസത്തിന്റെ പുസ്തകം എന്ന നിലയിൽ ആദിമ സഭയുടെ വിശ്വാസ പാരമ്പര്യമാണ് ഏറ്റവും ശ്രേഷ്ഠമായത്. എ.ഡി. ഒന്ന് - രണ്ട് നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന സ്മിർണ്ണായിലെ മെത്രാൻ വി. പോളിക്കാർപ്പ്, ലിയോൻസിലെ മെത്രാൻ വി. ഇരണേവൂസ് (എ.ഡി. 130-200), അന്ത്യോക്യായിലെ മെത്രാൻ വി. ഇഗ്നേഷ്യസ്, ഹിരാപ്പോളിസിലെ വി. പാപ്പിയാസ്, കാർത്തേജിലെ വി. തെർത്തുല്യൻ ഇങ്ങനെ ആദിമസഭയിലെ അതിവിശുദ്ധരായ പിതാക്കന്മാരുടെ ജീവനുള്ള സാക്ഷ്യമാണ് യേശു സ്നേഹിച്ചിരുന്ന ശിഷ്യനും സെബദിയുടെ പുത്രനായ യോഹന്നാനും ഒരാളാണെന്നും; നാലാമത്തെ സുവിശേഷത്തിന്റെ ഗ്രന്ഥകാരൻ ഇതേ യോഹന്നാൻ തന്നെയാണെന്നും; എഫേസോസിൽ വച്ച് എ.ഡി. 95-100 കാലഘട്ടത്തിൽ അദ്ദേഹം സുവിശേഷരചന നടത്തിയത് എന്നും. അതായത്, നാലാമത്തെ സുവിശേഷം രചിച്ചത് സെബദി പുത്രനായ യോഹന്നാനാണ് എന്നത് ആദിമസഭയിലെ അവിതർക്കമായ വസ്തുതയായിരുന്നു എന്ന് ചുരുക്കം.

**സെബദിപുത്രനായ യോഹന്നാൻ**

ഗലീലികടൽത്തീരത്തുവച്ച് യേശുവിനെ അനുഗമിച്ചു ആദ്യശിഷ്യൻമാരിൽ ഒരാളാണ് യോഹന്നാനും സഹോദരൻ യാക്കോബും. ഇവർ യേശുവിന്റെ അമ്മയായ മറിയത്തിന്റെ സഹോദരി സലോമിയുടെയും തിബേരിയാസിലെ മുക്കുവൻ സെബദിയുടെയും മകനാണെന്നും യേശുവിന്റെ അർധസഹോദരങ്ങളാണെന്നും ആദിമ സഭയുടെ പാരമ്പര്യമുണ്ട്. വി. യോഹന്നാനെക്കുറിച്ചുള്ള  പാരമ്പര്യം പറയുന്നത്. എ.ഡി. 66-70 യഹൂദ വിപ്ലവ (യഹൂദ ചരിത്രകാരനായ ഫ്‌ളാവിയൂസ് ജോസഫിന്റെ 'ദി ജൂവിഷ് വാർ' എന്ന പുസ്തകം ഈ വിഷയം വിശദമായി പ്രദിപാദിക്കുന്നുണ്ട്) കാലത്ത് ഇവർ ജറുസലേമിൽ തങ്ങിയെന്നും അതിനുശേഷം എഫേസൂസിലേക്ക് (ഇന്നത്തെ തുർക്കിയിൽ) പോയി അവിടെ താമസിച്ചു എന്നുമാണ് പൊതുവായ പാരമ്പര്യം. യോഹന്നാൻ എ.ഡി. 49-ൽ തന്നെ എഫേസോസിലേക്കുപോയി എന്നും പറയുന്നവരുണ്ട്. റോമൻ ചക്രവർത്തിയായിരുന്ന നീറോ (എ.ഡി. 56-68) യോഹന്നാനെ വിചാരണക്കായി റോമിലേക്ക് കൊണ്ടുപോയെന്ന് പറയുന്ന മറ്റൊരു പാരമ്പര്യവുമുണ്ട്.

ഡൊമിഷ്യൻ ചക്രവർത്തിയാണ് യോഹന്നാനോട് ഏറ്റവും ക്രൂരമായി പെരുമാറിയത്. സഭാപിതാവായ തെർതുല്യന്റെ ഭാഷ്യപ്രകാരം, ഡൊമിഷ്യൻ യോഹന്നാനെ മരണ ശിക്ഷയ്ക്കു വിധിക്കുകയും ആദ്യം യോഹന്നാന് മാരക വിഷം നിറച്ച പാനീയം കുടിക്കാൻ കൊടുത്തു, എന്നാൽ വിഷത്തിന് അദ്ദേഹത്തെ കൊല്ലാൻ കഴിഞ്ഞില്ല, പിന്നീട് തിളച്ച എണ്ണയിൽ അരവരെ മുക്കിയെങ്കിലും അതിലും മരണപ്പെടാതിരുന്ന യോഹന്നാനെ ഡൊമിഷ്യൻ പാത്മോസ് ദ്വീപിലേക്ക് നാട് കടത്തി എന്നുമാണ്. പാത്മോസിലെ തടവുകാലത്താണ് അദ്ദേഹം വെളിപാട് പുസ്തകം രചിക്കുന്നത്. പിന്നീട് ഡൊമിഷ്യന്റെ മരണശേഷം (എ.ഡി. 95) യോഹന്നാൻ സ്വതന്ത്രനാക്കപ്പെടുകയും എഫേസോസിൽ തിരിച്ചെത്തുകയും ചെയ്തു. എ.ഡി. 100-ൽ എഫേസോസിൽ വച്ച് തികഞ്ഞ വാർദ്ധ്യക്യത്തിൽ അദ്ദേഹം മരിച്ചു എന്നുമാണ് പാരമ്പര്യം പറയുന്നത്. വി. ഇരണേവൂസ് സാക്ഷ്യപ്പെടുത്തുന്നത്, ട്രാജൻ റോമൻ ചക്രവർത്തിയായിരിക്കുമ്പോൾ (എ.ഡി. 98-നു ശേഷം) യോഹന്നാൻ മരിച്ചു എന്നാണ്. 'ക്രോണിക്കോൺ പാസ്കാല' എന്ന പുരാതന രേഖ യോഹന്നാൻ പാത്മോസിലേക്ക് നാടുകടത്തപ്പെടുന്നതിനു മുമ്പ് 9 വർഷം എഫേസോസിലും, 15 വർഷം പാത്മോസ് ദ്വീപിൽ അടിമത്വത്തിലും, പ്രവാസശേഷം 26 വർഷം എഫേസോസിലും ജീവിച്ച് ട്രാജന്റെ 7-ാം ഭരണവർഷം നൂറ് വയസും 7 മാസവും പ്രായമുള്ളപ്പോൾ മരിച്ചു എന്നാണ് വ്യക്തമാക്കുന്നത്. വി. പോളികാർപ്പ് (170), വി. പപ്പിയാസ് (164) എന്നിവരും യോഹന്നാൻ നൂറാം വയസിൽ മരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുന്നുണ്ട്. എഫേസോസിൽ തിരിച്ചെത്തി 96-100 കാലഘട്ടത്തിലായിരിക്കണം സുവിശേഷ രചന പൂർത്തിയാക്കിയത്. യോഹന്നാന്റെ സുവിശേഷം രചിക്കപ്പെടുന്നതിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് യേശുവിനെക്കുറിച്ചുള്ള സത്യം അവതരിപ്പിക്കുക, അറിയിക്കുക എന്നതാണ്. യോഹന്നാന്റെ അഭാവത്തിൽ എഫേസോസിലും ഏഷ്യാമൈനറിൽ അദ്ദേഹം രൂപംകൊടുത്ത സഭകളിലും പടർന്ന ഗ്നോസ്റ്റിസിസം, ഡൊസെറ്റിസിസം തുടങ്ങിയ പാഷണ്ഡതകൾക്കും, ഇംപിരിയൽ കൾട്ടിനും, മതമർദ്ദനത്തോടുള്ള ഭീതിയ്ക്കും, സ്നാപക യോഹന്നാന്റെ സെക്റ്റിനും, യഹൂദ അപ്രമാദിത്വ വാദങ്ങൾക്കും എതിരായുള്ള പ്രഘോഷണമാണ് യോഹന്നാന്റെ സുവിശേഷം. യേശുവിനെക്കുറിച്ചുള്ള സത്യം അറിയിക്കുക എന്നത് സുവിശേഷകന്റെ പ്രഥമ ലക്ഷ്യമായിരുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ സത്യം (*അലത്തേയിയാ*) എന്ന വാക്കിന് നൽകുന്ന പ്രത്യേക പ്രാധാന്യം ഇവിടെ ശ്രദ്ധിക്കേണ്ടതാണ്. സമാന്തര സുവിശേഷങ്ങളെ നസ്രത്തിലെ യേശുവിന്റെ ജീവചരിത്രത്തിന്റെ ആഖ്യാനം (narration) എന്നു വിളിക്കാമെ

ങ്കിൽ യോഹന്നാന്റെ സുവിശേഷം നസ്രത്തിലെ യേശുവിന്റെ ജീവചരിത്രത്തിന്റെ വ്യാഖ്യാനം (interpretation) ആണെന്നുപറയാം. സഭാചരിത്രകാരനായ കേസറിയായിലെ വി. എവുസേബിയൂസ്, യോഹന്നാന്റെ സുവിശേഷത്തെ വിശേഷിപ്പിച്ചത് *എവഗേലിയോൺ പ്നെവുമാറ്റികോൺ* - ആത്മീയ സുവിശേഷം എന്നാണ്. ഉന്നതമായ ഈ ആത്മീയ ദർശനം കൊണ്ടാണ് യോഹന്നാന്റെ പ്രതീകമായി പരുന്തിനെ (eagle) ചിത്രീകരിച്ചിരിക്കുന്നതും.

ആറ് ഭാഗങ്ങളിലാണ് യോഹന്നാന്റെ സുവിശേഷത്തിൽ യേശു സ്നേഹിച്ചിരുന്ന ശിഷ്യനെക്കുറിച്ചുള്ള പ്രതിപാദ്യം കണ്ടെത്താനാകുന്നത്. ഈ ഭാഗങ്ങളിൽ എല്ലാം യേശുവുമായുള്ള അയാളുടെ ആത്മബന്ധത്തിന്റെ അഗാധത തെളിഞ്ഞ് നിൽപുണ്ട് താനും (യോഹ. 13:23 –26, 19:26–27, 19:35, 20:2–10, 21:1–7, 21:24). ആരാണ് യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ? അയാളുടെ പ്രത്യേകത എന്തായിരുന്നു? സെബദിയുടെ പുത്രനായ യോഹന്നാന് എന്തുകൊണ്ടാണ് നസ്രത്തിലെ യേശുവിനെ ഇത്ര വ്യത്യസ്ഥമായും ഹൃദ്യമായും വായിച്ചെടുക്കാനും വ്യാഖ്യാനിക്കാനും കഴിഞ്ഞത്? എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം ഈ വചനഭാഗങ്ങളിൽ സുവ്യക്തമാണ്.

**യേശുവിന്റെ വക്ഷസ്സിൽ ചാരിക്കിടന്നവൻ**

“യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ അവന്റെ വക്ഷസ്സിലേക്ക് ചാരിക്കിടന്നിരുന്നു” (13:23). അന്ത്യ അത്താഴത്തിൽ തന്റെ സ്ഥാനം എവിടെയായിരുന്നു എന്നതിന് യോഹന്നാൻ നൽകുന്ന ഉത്തരമാണിത്. അയാൾ ഗുരുവിന്റെ ഹൃദയത്തോട് ചേർന്ന്, ഗുരു ഹൃദയത്തിന്റെ ചൂടും മിടിപ്പുമറിഞ്ഞായിരുന്നു അന്ത്യ അത്താഴം കഴിച്ചത്. പിന്നീട് നസ്രത്തിലെ യേശുവിനെ യോഹന്നാൻ അനുധാവനം ചെയ്തത് ഈ അനുഭവത്തിന്റെ വെളിച്ചത്തിലാണ്. അന്ത്യ അത്താഴമേശയിൽ അയാൾ യേശുവിൽനിന്ന് സ്വീകരിച്ചത് അവൻ മുറിച്ച് നൽകിയ അപ്പം മാത്രമായിരുന്നില്ല, അവൻ വിളമ്പിയ സ്നേഹം കൂടിയായിരുന്നു. ഒരു പക്ഷേ, ലേഖനങ്ങളിൽ ‘‘ദൈവം സ്നേഹമാണെന്ന്’’ പ്രഖ്യാപിക്കാൻ യോഹന്നാന് സാധിച്ചതും, തന്റെ അന്ത്യനിമിഷങ്ങളിൽപോലും “കുഞ്ഞുമക്കളെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിനെന്ന്” ആവർത്തിക്കാനിടയായതും ഗുരുവിന്റെ സ്നേഹം ഭക്ഷിച്ചതിന്റെ ബലത്തിലായിരിക്കണം. യേശുവിൽ വിശ്വസിക്കുന്നവർക്ക് യോഹന്നാൻ നൽകുന്ന സന്ദേശമാണിത്; ശിഷ്യൻ ഗുരുവിന്റെ സ്നേഹം ഭക്ഷിക്കുന്നവനാകണം. പരീക്ഷണങ്ങളുടെ പീഡാനുഭവ യാത്രകളിലും സഹനത്തിന്റെ കാൽവരികളിലും കൂടെ നിൽക്കാനുള്ള ഊർജ്ജം ലഭിക്കുന്നത് ഈ സ്നേഹത്തിന്റെ ഭക്ഷിക്കലിൽ നിന്നാണ്.

### കുരിശിന്റെ അരികെ നിന്നവൻ

സെഹിയോനിലെ വിരുന്നു ശാലയിൽ മാത്രം ഗുരുവിനോട് ഒട്ടി നിന്നവനായിരുന്നില്ല യോഹന്നാൻ. കാൽവരിയിലെ ക്രൂശിതന്റെ കരളുപിളർക്കുന്ന സഹനനിമിഷത്തിലും അയാൾ അരികിലുണ്ടായിരുന്നു. “യേശു തന്റെ അമ്മയും താൻ സ്നേഹിച്ചിരുന്ന ശിഷ്യനും അടുത്തു നിൽക്കുന്നത് കണ്ട് പറഞ്ഞു” (19:26) എന്ന വിവരണം ഇതിന്റെ ഉത്തമ ദൃഷ്ടാന്തമാണ്. മറ്റ് ശിഷ്യന്മാരെല്ലാം ഭയന്ന് ഓടിപ്പോയിട്ടും കാൽവരിയുടെ ഭീകര സഹനത്തിൽ പിടയുന്ന ക്രൂശിതന്റെ പക്ഷംചേർന്ന് ആക്രോശങ്ങളുടെയും ശത്രുക്കളുടെ പരിഹാസച്ചിരിയുടെയും നടുവിൽ നസ്രായന്റെ അമ്മയെ ചേർത്തുപിടിച്ച് നിൽക്കാനുള്ള ആത്മബലം യോഹന്നാന് എങ്ങനെയാണ് ലഭിച്ചിട്ടുണ്ടാവുക? സമവീക്ഷണ സുവിശേഷങ്ങൾ വിവരിക്കുന്നതിൻ പ്രകാരം ചെറിയൊരു തിരസ്കാരത്തിൽപോലും തളരുകയും ക്ഷുഭിതമാവുകയും ചെയ്യുന്നതായിരുന്നു അയാളുടെ യൗവനം; സമരിയക്കാരുടെ തിരസ്കാരത്തിൽ മനംനൊന്ത് ആകാശത്തുനിന്ന് അഗ്നി ഇറങ്ങിവന്ന് അവരെ നശിപ്പിക്കട്ടെ എന്ന് ശപിക്കാനാഗ്രഹിക്കുന്നത് ഉദാഹരണമാണ് (മർക്കോ. 9:38, ലൂക്കാ 9:54).

മുകളിൽ ഉന്നയിച്ച ചോദ്യത്തിന് സുവിശേഷം തരുന്ന ഉത്തരം “അയാൾ അത്താഴസമയത്ത് യേശുവിന്റെ വക്ഷസ്സിൽ ചാരിക്കിടന്നു” എന്നതു മാത്രമാണ്. അതായത് യോഹന്നാൻ യേശുവിന്റെ സ്നേഹം ഭക്ഷിച്ചു. അതിന്റെ ബലത്തിലാണ് കുരിശിനരികിൽ അയാൾ ക്രൂശിതന്റെ അമ്മയെ ചേർത്തുപിടിച്ച് നിന്നത്. തിന്മ വിജയഭേരി മുഴക്കിയ, സകല പ്രതീക്ഷകളും നഷ്ടപ്പെട്ടു എന്നു തോന്നുന്ന ഭീകര സഹനത്തിന്റെ നിമിഷത്തിലും കുരിശിന്റെ അരികെ നിൽക്കാൻ കഴിയണമെങ്കിൽ നസ്രായന്റെ ഹൃദയത്തോട് ചേർന്നിരിക്കണം; അവന്റെ സ്നേഹം ഭക്ഷിക്കണം. വത്സല ശിഷ്യനും മറ്റ് ശിഷ്യരും തമ്മിലുള്ള വ്യത്യാസം ഇതുതന്നെയാണ്. പന്ത്രണ്ട്പേരും യേശുവിന്റെ ശരീരം ഭക്ഷിച്ചവരായിരുന്നു, ഒരാളൊഴിച്ച് പതിനൊന്ന്പേരും ഓരോ രീതിയിൽ ഇടറിവീണു, അയാൾ മാത്രം പിടിച്ചുനിന്നു അവസാനംവരെ. കാരണം, അയാൾ മാത്രമേ സെഹിയോൻ ശാലയിൽ മുറിച്ച അപ്പത്തിനൊപ്പം വിളമ്പിയ നസ്രായന്റെ അഗാധസ്നേഹം ഭക്ഷിച്ചിരുന്നുള്ളൂ. വർത്തമാനകാലത്ത് ക്രൈസ്തവ സമൂഹത്തിന്റെ പരാജയവും നല്ലൊരളവുവരെ ഇതുതന്നെയാണ്; നസ്രായന്റെ ശരീരം ഭക്ഷിക്കുന്നു, പക്ഷേ അവന്റെ സ്നേഹം സ്വീകരിക്കുന്നില്ല. ഫലമോ, സാക്ഷ്യത്തിന്റെ വേദികളിൽ ശിഷ്യർ അതിദയനീയമായി പരാജയപ്പെടുന്നു.

### നസ്രായന്റെ പിളർക്കപ്പെട്ട വിലാപ്പുറം കണ്ടവൻ

പടയാളികളിൽ ഒരുവൻ കുത്തിതുറന്ന നസ്രായന്റെ വിലാപ്പുറവും അവിടെ നിന്നൊഴുകിയ രക്തവും വെള്ളവും കണ്ടയാൾ എന്നാണ് യോഹന്നാൻ സ്വയം സാക്ഷ്യപ്പെടുത്തുന്നത് (19:34-35). ഏത് അർത്ഥത്തിലാണ് ഈ സാക്ഷ്യത്തെ വായനക്കാരൻ മനസിലാക്കേണ്ടത്? ഇതിന് ചരിത്ര പശ്ചാത്തലത്തിലുള്ള (historical) വ്യാഖ്യാനവും തികച്ചും ദൈവശാസ്ത്രപരവുമായ (theological) വ്യാഖ്യാനവുമുണ്ട്. ചരിത്രപശ്ചാത്തലത്തിൽ രക്തവും വെള്ളവും യേശുവിന്റെ പാർശ്വത്തിൽ നിന്ന് പുറപ്പെട്ടു എന്നത് വ്യാഖ്യാനിക്കുമ്പോൾ, വത്സലശിഷ്യന്റെ ഈ സാക്ഷ്യം യോഹന്നാന്റെ സുവിശേഷത്തിന്റെ ആമുഖത്തിൽ സ്ഥാപിച്ച വാക്കുകളുടെ ആവർത്തനമായി മനസിലാക്കണം; "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു അവന്റെ മഹത്വം നാം ദർശിച്ചു" (യോഹ. 1:14). യേശുവിന്റെ സമ്പൂർണ്ണ മനുഷ്യത്വത്തിന്റെ പ്രഘോഷണമാണിത്. ഇതു വായിക്കുമ്പോൾ ഇതിനു മുമ്പ് പരാമർശിച്ചിട്ടുള്ള ഡോസെറ്റിക് പാഷണ്ഡതയുടെ ചരിത്രപശ്ചാത്തലത്തിൽവേണം ഈ വാചകത്തെ മനസിലാക്കാനും വ്യാഖ്യാനിക്കാനും; അതായത്, നസ്രത്തിലെ യേശുവിന്റെ മാനുഷികഭാവം യാഥാർത്ഥ്യമല്ലെന്നും വചനം യഥാർത്ഥത്തിൽ മാംസമായിത്തീർന്നതല്ല മറിച്ച് കാണപ്പെട്ടതാണെന്നും കുരിശു മരണം ഒരു മായാക്കാഴ്ചയാണെന്നുമുള്ള അബദ്ധപ്രബോധനത്തെ ഖണ്ഡിക്കുക എന്ന ചരിത്ര ദൗത്യമാണ് യേശുവിന്റെ ജീവിതത്തിനും മരണത്തിനും ഉത്ഥാനത്തിനും ദൃക്സാക്ഷി എന്ന നിലയിൽ വത്സല ശിഷ്യൻ നിർവ്വഹിക്കുന്നത്. യേശു പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമാണ്. അവിടുത്തെ മനുഷ്യാവതാരം, പീഢാസഹനം, മരണം, ഉത്ഥാനം എന്നിവയെല്ലാം സാക്ഷാൽ സംഭവിച്ചവയാണ് എന്ന സത്യത്തിന്റെ പ്രഘോഷണമാണ് കുരിശിൽ ചുവട്ടിൽനിന്ന് യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നത്. യേശുവിന്റെ മനുഷ്യാവതാരവും മരണവും മായാക്കാഴ്ച്ചയിരുന്നു (കാണപ്പെടുക - *dokesis*) എന്ന ഡൊസെറ്റിക് പാഷണ്ഡതയാൽ സ്വാധീനിക്കപ്പെട്ടതുകൊണ്ടാണ് മുഹമ്മദ് ഖുറാനിൽ യേശു കുരിശിൽ മരിച്ചിട്ടില്ല എന്നും അവന്റെ മരണം മായാക്കാഴ്ചയായിരുന്നു എന്നും എഴുതിയത് (സൂറത്ത് 4:157-158).

വത്സലശിഷ്യന്റെ ഈ സാക്ഷ്യത്തിന് നൽകാവുന്ന രണ്ടാമതൊരു ദൈവാശാസ്ത്ര വ്യാഖ്യാനം: രക്തം യഹൂദ പശ്ചാത്തലത്തിൽ പാപമോചനത്തിന്റെ പ്രതീകമാണ്. കുഞ്ഞാടിന്റെയും കാളക്കിടാങ്ങളുടെയും

രക്തമാണ് പഴയനിയമ ജനതയ്ക്കുവേണ്ടി പാപപ്പരിഹാരമായത്. അതോടൊപ്പം ലേവ്യരുടെ പുസ്തകം ആവർത്തിച്ചു പറയുന്നു, രക്തത്തിൽ ജീവനുണ്ട്. അപ്പോൾ രക്തം യഹൂദ പശ്ചാത്തലത്തിൽ പാപമോചനത്തിന്റെയും ജീവന്റെയും പ്രതീകമാണ്. യേശുവിന്റെ വിലാവിൽ നിന്ന് രക്തം പുറപ്പെട്ടു എന്ന സാക്ഷ്യം യഹൂദ പശ്ചാത്തലത്തിൽ മനസിലാക്കുമ്പോൾ അവന്റെ മരണത്തിലൂടെ ലഭ്യമായ പാപമോചനത്തേയും ജീവന്റെ സമൃദ്ധിയേയുമാണ് സൂചിപ്പിക്കുന്നത്. "ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (1:29,36) എന്ന സ്നാപകന്റെ സാക്ഷ്യവും, "തന്നിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു" (3:15) എന്ന യേശുവിന്റെ പ്രവചനാത്മകമായ വാക്കുകളും ഇവിടെ അർത്ഥപൂർണ്ണമായി അവർത്തിക്കപ്പെടുന്നുണ്ട്. ജലമാകട്ടെ ആത്മാവിന്റെയും വചനത്തിന്റെയും പ്രതീകവും (7:39). കുരിശിൻചുവട്ടിൽ നിന്ന് യേശുവിന്റെ മുറിവിൽ നിന്ന് രക്തവും വെള്ളവും പുറപ്പെട്ടു എന്ന സാക്ഷ്യപ്പെടുത്തുമ്പോൾ, വത്സലശിഷ്യൻ യേശുവിന്റെ മരണത്തിനും അതിലൂടെ മനുഷ്യവംശത്തിനു കൈവന്ന പാപമോചനത്തിനും ജീവന്റെ സമൃദ്ധിക്കും ആത്മാഭിഷേകത്തിനും സാക്ഷിയും പ്രഘോഷകനുമായി മാറുന്നു.

ഇനി തികച്ചും വൈദ്യശാസ്ത്രത്തിന്റെ യുക്തിബോധത്തിൽ വത്സല ശിഷ്യന്റെ സാക്ഷ്യത്തെ സമീപിക്കുക, രണ്ട് സാധ്യതകളാണ് ആധുനിക വൈദ്യശാസ്ത്രം രക്തവും വെള്ളവും പുറപ്പെടാനുള്ളതായി പറയുന്നത്. ഒന്ന് കുന്തം പിളർന്നത് യേശുവിന്റെ ഹൃദയമാണെന്നും ഹൃദയത്തിൽ നിന്നുള്ള രക്തം, ഹൃദയ ധമനികളിലെ ദ്രവത്തോട് കലർന്ന് (Pre Cardial Sac) പുറപ്പെട്ടതാണ് എന്ന നിഗമനവും; രണ്ടാമത്, പടയാളി, കുത്തിതുറന്നത് യേശുവിന്റെ ശ്വാസകോശമാണെന്നും നീണ്ട മർദ്ദനത്തിന്റെയും പീഢകളുടെയും ഫലമായി യേശുവിന്റെ ശ്വാസകോശത്തിനു ചുറ്റുമുള്ള ഭാഗത്ത് (Pleural area), നീർക്കെട്ട് രൂപപ്പെട്ടു എന്നും (Pleural effusion), പടയാളി കുന്തംകൊണ്ട് പിളർന്നപ്പോൾ ശ്വാസകോശത്തിൽ നിന്നുള്ള രക്തവും അതിന് ചുറ്റുമുള്ള pleural area യിൽ നിന്നുള്ള വെള്ളവും കലർന്നു പുറപ്പെട്ടു എന്നതുമാണ്. ഇവിടെ വൈദ്യശാസ്ത്രം എന്ത് നിഗമനം നടത്തുന്നു എന്നതിലല്ല, മറിച്ച് നസ്രത്തിലെ യേശു സത്യമായും മനുഷ്യനായിരുന്നു എന്നതും അവിടുത്തെ മരണം യഥാർത്ഥമായിരുന്നു എന്ന് ഭാവി തലമുറകളെ അറിയിക്കാനുള്ള സുവിശേഷകന്റെ ശ്രമത്തിനാണ് നാം പ്രാധാന്യം നൽകേണ്ടത്.

### ഉത്ഥിനെ തിരിച്ചറിയുന്നവൻ

"യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ പത്രോസിനോട് പറഞ്ഞു, അത് കർത്താവാണ്" (21:7). തിബേരിയസ് കടലിൽ മീൻപിടുത്തത്തി ലേർപ്പെട്ട ശിഷ്യർക്ക് ഉത്ഥിതൻ നൽകിയ അത്ഭുതകരമായ മീൻപിടു ത്തത്തിന്റെ പശ്ചാത്തലത്തിലാണ് ഈ വത്സലശിഷ്യന്റെ ഈ തിരിച്ച റിവിന്റെ പ്രഘോഷണം. ഒരു രാത്രിമുഴുവൻ നീണ്ട അധ്വാനത്തിന്റെ, അലച്ചിലിന്റെ ക്ഷീണവും പ്രഭാതത്തിലെ മീനിന്റെ സമൃദ്ധിയും അയാ ളുടെ പശ്ചാത്തലമാണ്. എന്നിട്ടും അലച്ചിലിന്റെയും സമൃദ്ധിയുടെയും നടുവിലും അയാൾക്ക് യേശുവിനെ തിരിച്ചറിയാനാകുന്നു എന്നതാണ് ഇവിടുത്തെ പാഠം. ജീവിത തീരങ്ങളിൽവന്ന് നിൽക്കുന്ന ഉത്ഥിതനെ അയാളുടെ സ്നേഹം തിരിച്ചറിയുന്നു. സ്നേഹം ഭക്ഷിക്കുന്നവർക്ക് ഏത് സാഹചര്യത്തിലും അവനെ തിരിച്ചറിയാൻകഴിയും എന്ന മനോ ഹരസന്ദേശമാണ് തിബേരിയസ് തീരത്തെ തണുത്തപ്രഭാതത്തിൽ നടന്ന ഗുരുശിഷ്യ സമാഗമത്തിന്റെ ഈ സുന്ദര വിവരണം വായന ക്കാർക്ക് നൽകുന്നത്. രാത്രിയുടെ പാഴായ അദ്ധ്വാനത്തിന്റെ നഷ്ട ബോധവും പ്രഭാതത്തിലെ മീനിന്റെ സമൃദ്ധിയും പ്രതിനിധാനം ചെയ്യു ന്നത് ജീവിതത്തിന്റെ രണ്ട് അവസ്ഥകളെയാണ്; സമൃദ്ധിയും കഷ്ട തയും. ഇതിൽ രണ്ടിലും യേശുവിനെ കാണാനും തിരിച്ചറിയാൻ കഴി യുന്നു എന്നതാണ് പ്രാധാന്യം.

### പ്രത്യാഗമനത്തിന്റെ പ്രത്യാശ നൽകുന്നവൻ

യേശുവിന്റെ രണ്ടാംവരവിന്റെ പ്രത്യാശ നൽകുന്ന സുവിശേഷ കൻമാരിൽ ഏറ്റവും ശ്രദ്ധേയൻ യോഹന്നാനാണ്. "ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടികൊണ്ട് പോകും" (യോഹ. 14:3,28), "ഞാൻ വീണ്ടും വരുന്നതുവരെ ഇവൻ ജീവിച്ചിരിക്കണമെങ്കിൽ നിനക്കെന്ത്" (21:23) എന്നീ വചനങ്ങൾ ശക്തമായി വായനക്കാർക്ക് നൽകുന്നത് 'പ്രത്യാഗമനത്തിന്റെ പ്രത്യാശ'യാണ്. വത്സല ശിഷ്യന്റെ ഓർമ്മക്കുറി പ്പുകൾ ചരിത്രാതീത കാലത്ത് ആരംഭിച്ച് ("ആദിയിൽ വചനമുണ്ടാ യിരുന്നു" - 1:1) സമയത്തിന്റെ അനന്തതയെ (വീണ്ടുംവരവിനെ - 21:23) ലക്ഷ്യം വച്ച് അവസാനിക്കുന്നത് ശ്രദ്ധേയമാണ്. 'ആദിക്കും അന്ത്യത്തിനും' ഇടയിലുള്ള വിവരണമായിട്ടാണ് ഇവയെ കാണേണ്ട ത്. ചരിത്രത്തിൽ മനുഷ്യന്റെ കാലനിർണ്ണയങ്ങളുടെ ഒരു നിയത ബിന്ദു വിൽ ചരിത്രത്തിനും കാലത്തിനും അതീതനായവൻ സമയത്തിലേക്കും കാലത്തിലേക്കും ഇറങ്ങിവന്നു. കാലത്തിന്റെയും ചരിത്രത്തിന്റെയും അവസാന ബിന്ദുവിൽ അവൻ വീണ്ടുംവരും അവൻ ആദിയും അന്ത്യ വുമായതുകൊണ്ട് (വെളി. 21:6). ശിഷ്യത്വം യോഹന്നാന്റെ ഭാഷ്യത്തിൽ

ഈ പ്രത്യാഗമനത്തിന്റെ പ്രത്യാശയിലുള്ള അനുധാവനവും സമർപ്പണവുമാണ്.

"യേശു വരുന്നതുവരെ വത്സലശിഷ്യൻ മരിക്കുകയില്ല എന്ന സംസാരം സഹോദരരുടെ ഇടയിലുണ്ടായി" എന്ന വാക്കുകൾക്ക് യേശുവിന്റെ വചനത്തിന്റെ ശരിയായ ധ്വനി മനസിലാക്കാതെ വ്യാഖ്യാനിച്ചു എന്നതിനൊപ്പം ഒരു ചരിത്രപരമായ സാംഗത്യംകൂടിയുണ്ട്. യോഹന്നാനെ സ്പർശിക്കാൻ മരണത്തിനാകില്ല, എന്ന സംസാരത്തിനു കാരണം, രണ്ട് തവണ മരണവക്ത്രത്തെ അയാൾ അതിജീവിച്ച ചരിത്രവസ്തുതകൂടി കാരണമാകാം എന്നതാവണം. ആദ്യം വിഷകോപ്പയേയും പിന്നീട് തിളയ്ക്കുന്ന എണ്ണയേയും അതിജീവിച്ച ശിഷ്യൻ യേശുവിന്റെ വരവുവരെ മരണത്തെ അതിജീവിക്കും എന്ന ധാരണയാകും ശിഷ്യരുടെ ഇടയിൽ ഇങ്ങനെ ഒരു സംസാരം പ്രചരിക്കാൻ കാരണമായത്.

**ഉപസംഹാരം**

നസ്രത്തിലെ യേശു എന്ന വ്യക്തിയെ ഒരു ആശയമോ ശക്തിയോ ആയി കണ്ടുതുടങ്ങിയ വിശ്വാസത്തിന്റെ മൂന്നാം തലമുറയിൽ ജീവിച്ച ഏക അപ്പസ്തോലനായിരുന്നു യോഹന്നാൻ. ആദിമസഭയുടെ റഫറൻസ് ഗ്രന്ഥം എന്ന് അയാളെ വിശേഷിപ്പിക്കാം എന്ന് തോന്നുന്നു. ഞായറാഴ്ച്ച ആചരണങ്ങളിൽ ആവേശത്തോടെ അയാൾ സ്വാഗതം ചെയ്യപ്പെട്ടിരുന്നു. കർത്താവിന്റെ കൂടെ നടന്ന, അവനെ കണ്ട, അവിടുത്തെ കാലത്ത് ജീവിച്ച ഏക വ്യക്തി അയാൾ മാത്രമായിരുന്നല്ലോ. ഞങ്ങളോട് കർത്താവിനെപ്പറ്റി പറയുക എന്ന സഭാകൂട്ടായ്മകളുടെ ആവശ്യത്തിനുമുൻപിൽ മിഴിപൂട്ടിയിരുന്ന് മനസ്സിനെ ഓർമ്മയുടെ ശാദ്വലങ്ങളിൽ മേയാൻവിട്ട് അയാൾ പറഞ്ഞിരുന്നത് സ്നേഹം എന്നു മാത്രമായിരുന്നത്രേ! മാംസം ധരിച്ച സ്നേഹത്തിന്റെ ഹൃദയസ്പന്ദനം അനുഭവിച്ച മനുഷ്യന് ഇതല്ലാതെ മറ്റെന്താണ് പറയാനാവുക. അതുകൊണ്ട് യോഹന്നാന്റെ സുവിശേഷത്തെ 'സ്നേഹത്തിന്റെ ഓർമ്മിക്കപ്പെടൽ' എന്നു വിളിക്കാം. ഈ പുസ്തകത്തിന് 'മെമ്മറീസ് ഓഫ് ദ ബിലവിഡ് ഡിസൈപ്പിൾ' എന്ന് ബോധപൂർവ്വം പേര് നൽകിയതും അതുകൊണ്ടുതന്നെയാണ്. ഒരാളെ ഓർമ്മിക്കുക എന്ന് പറയുന്നതിന്റെ അർത്ഥമെന്താണ്? അയാൾക്കുവേണ്ടി ബോധമണ്ഡലങ്ങളിൽ ഇത്തിരി ഇടം സൂക്ഷിക്കുക എന്നല്ലേ! യോഹന്നാന്റെ സുവിശേഷം വായനക്കാരെ ക്ഷണിക്കുന്നതും ഇതേ ആശയത്തിലേക്കാണ്; യേശുവിനുവേണ്ടി പ്രജ്ഞയിൽ ഒരിടം സൂക്ഷിക്കാൻതന്നെ.

# ഗ്രന്ഥസൂചിക


*1. Biblical Sources*

*ALANDK - BLACK M- MATRTINI C.M- METZGER B.M-WIKGRENA.eds; The Greek New Testament, Deutsche Biblegesellschaft, Stuttgart 1994[4].*

*ELLIGER K - RUDOLF W. eds; Biblia Hebraica Stuttgartensia, Deutsche Biblegesellsschaft, Stuttgart 1977.*

*NESTLE et.alii,eds; Novum Testamentum Graece, DeutscheBibelgesellschaft, Stuttgart 1993[27].*

***2. Ancient Sources***

*AUGUSTINE, Homilies on the Gospel of John 1-40, Hill E. trans. New York Ny 2009, 36, 1.*

*JOSEPHUS; Jewish Antiquities, vol.5, THACKERY H.J-MARCUS R; trans; Harvard*

***3. Exegetical Tools***

*BALZH- SCHNEIDER G. eds; Exegetical Dictionary of the New Testament, vols. 1-3*

*= Exegestisches Worterbuch zum Neuen Testament, Kohlhammer, Stuttgart, 1978-1983, Eerdmans, Grand Rapids, MI 1990-1993.*

*BLASS F - Debruner A; A Greek Grammer of the New Testament and Early Christian Literature, Chicago Iniversity Press, Chicago IL 1961.*

*BOTTERWECK J. G-RINGGREN H- FABRY H.J. eds; Theological Dictionary of the Old Testament, vols. 1-15 =Theologisches Worterbuch zum Alten Testament, Kohlhammer, Stuttgart 1972-1995, Eerdmans, Grand Rapids, MI 1977-2006.*

*KITTEL G - Friedrich G.eds; Theological Dictionary of the New Testament, Vols. 1-11, Eerdmans, Grand Rapids, MI 1964-1985.*

*RENN S. D, ed; EXPOSITORY DICTIONARY OF BIBLE WORDS: WORD STIDIES FOR KEY ENGLISH BIBLE WORDS BASED ON THE HEBREW AND GREEK TEXTS, Hendrickson, Peabody, MA 2005.*

*SILVA M.rev.ed; New International Dictionary of New Testament Theology and Exegesis, vols. 1-5, Zondervan, Grand Rapids, MI2014[2].*

*VAN GEMEREN ILLIEM A.G. ed; The New International Dictionary of Old Testament Theology and Exegesis, Zondervan, Grand Rapids, MI 1997.*

***4. Commentaries***

*BARRETT C. K; The Gospel According to John: An Introduction with Commentary and Notes the Greek Text, SPCK, London 1978[2].*

*BAZZI C; vangelo di Giovanni: Testo e commento, Piemme, Casale Monferrato 2000.*

*BEASLEY R- MURRAY G; John, Word Biblical Commentary, vol. 36, Thomas Nelson, Nashville, TN 1999[2].*

*Bernard J.H; A Critical and Exegetical Commentary, on the Gospel According to John, T&T Clark, Edinburgh 1976.*

*Brodie T.L; The Gospel According to John: A Literary and Theological Commentary, Oxford University Press, New York Ny 1993.*

*Brown R.E. The Gospel According to John (i-xii), The Anchor Bible, Doubleday, Garden City, NY 1966.*

*................, The Gospel According to John (xii-xxi), The Anchor Bible, Doubleday, Garden City, NY 1970.*

*Bruner F.D; The Gospel of John:A Commentary, Eerdmans, Grand Rapids, MI 2012.*

*Bultmann R; Das Evangelium des Johannes, Vandenhoeck & Ruprexht, Gottingen 1964 (The Gospel of John: A Commentary, R. Beasley -G. Murray, trans; Basil Blackwell, Oxford 1971).*

*Carson D.A; The Gospel According to John, Eerdmans, Grand Rapids, MI 1991.*

*Hoskyns E. C; The Fourth Gospel F.N. Davey, ed; Faber & Faber, London 1947.*

*Keener C.S; The Gospel of John: A Commentary, vol.2, Hendrickson, Peabody, MA 2005.*

*Kostenberger A.J. John, Baker Exegetical Commentary on the New Testament, Baker Academic, Grand Rapids, MI 2004.*

*Lindars B; The Gospel of John, New Century Bible Commentary, Eerdmans, Grand Rapids, MI 1986.*

*Michaels R. J; The Gospel of John: The New International Commentary on New Testament, Eerdmans, Grand Rapids MI 2010.*

*Moloney F.J; The Gospel of John, Sacra Pagina, vol. 4, D. J. Harrington, ed; The Liturgical Press, Collegeville, MN 1998.*

*................, The Gospel of John: Text and context, Brill, Leiden 2005.*

*Morris L; The Gospel Accordding to John; The New International Commntaru on the New Testament, Eerdmans, Grand Rapids, MI 1995.*

*Sanders J.N; The Gospel According to John, Black's New Testament Commentaries, Adam and Charles Black, London 1968.*

*Schnackenburg R; Das Johannes Evangelium, vol. 1, Herder, Freiburg 1965 (The Gospel According to St. John, vol. 1, K. Smith, trans; Crossroad, New York NY 1982).*

*................, Das Johannes Evangelium, vol.2, Herder, Freiburg 1971 (The Gospel According to St. John, vol.2, Hastings C-McDonagh F- Smith D-Foley R, trans; Burns and Oats, London 1980).*

*................, Das Johannes Evangelium, vol.3, Herder, Freiburg 1976 (The Gospel According to St. John, vol. 3, Smith D-Kon G. A, trans; Crossroad, Stibbe M.W. John's Gospel,Rutledge, New York NY 1994.*

*................, John, Sheffield Academic Press, Sheffield 1996.*

*Thielman F; Ephesians, Baker Exegetical Commentary on the New Testament, Baker Academic, Grand Rapids, MI 2010.*

*Westcott B.F. The Gopel According to St. John: The Authorised Version with Introduction and notes, Eerdmans, Grand Rapids, MI 1981.*